# കേരള നിയമസഭാ നടപടികൾ

## പതിനാലാം  കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2018 ഡിസംബർ 5, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 174 - നമ്പർ 7

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 5, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

42/21

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവുംനിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...41

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...41
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...92

**II അടിയന്തരപ്രമേയം**

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ
(ചർച്ചയ്ക്കെടുത്തു) ...474

**III ശ്രദ്ധ ക്ഷണിക്കൽ**

1. കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

—ശ്രീ. ആർ. രാമചന്ദ്രൻ ...475

2. സംവരണം ഏർപ്പെടുത്തൽ

—ശ്രീ. ടി. എ. അഹമ്മദ് കബീർ ...479

**IV സബ്മിഷൻ**

1. മാലിന്യ നിക്ഷേപം തടയൽ

—ശ്രീ. പി. ടി. തോമസ് ...484

2. രാഖേഷിന്റെ ആത്മഹത്യ

—ശ്രീ. എം. വിൻസെന്റ് ...486

3. വെള്ളം ലഭ്യമാക്കൽ

—ശ്രീ. അനിൽ അക്കര ...487

4. വൃദ്ധജനങ്ങളുടെ സംരക്ഷണം

—ശ്രീ. സജി ചെറിയാൻ ...489

5. പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനം

—ശ്രീമതി ഇ. എസ്. ബിജിമോൾ ...493

*പേജ്*

6. പുതിയ ബാർ തുറന്നത് സംബന്ധിച്ച്

—ശ്രീ. എ. പി. അനിൽ കുമാർ ...495

7. ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദനം

—ശ്രീ. ഡി. കെ. മുരളി ...497

8. കെട്ടിട നമ്പർ ലഭ്യമാക്കൽ

—ശ്രീ. സി. മമ്മൂട്ടി ...501

**V മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 236(5) അനുസരിച്ചുള്ള കടലാസുകൾ ...503

**VI റിപ്പോർട്ട് സമർപ്പണം**

1. 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ...509
2. 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ...509
3. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ട് മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ ...509
4. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ...509

**VII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ ...509

(ii) 2018- ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ ...509

**VIII ക്രമപ്രശ്നം**

ഭേദഗതികളുടെ ഭരണഘടനാ സാധുത

– ശ്രീ. എം. ഉമ്മർ ...510

| | | പേജ് |
|---|---|---|
| | **റൂളിംഗ്** | ...513 |
| IX | **അടിയന്തരപ്രമേയ ചർച്ച** | |
| | പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ | ...550 |
| X | **നിയമനിർമ്മാണകാര്യം (തുടർച്ച)** | |
| | **അനുബന്ധം** | ...640 |

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 5, ബുധൻ*

വാല്യം 174] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭയുടെ 2018 ഡിസംബർ മാസം 5-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിയമസഭാ കവാടത്തിനുമുന്നിൽ സത്യാഗ്രഹമിരിക്കുന്ന അംഗങ്ങൾക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ടും പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ....... ചോദ്യം നമ്പർ *151.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ,...

മി. സ്പീക്കർ: എന്താണ്? എല്ലാ ദിവസവും ചോദ്യോത്തരവേളയിൽ പ്രതിപക്ഷനേതാവിന് സംസാരിക്കണമോ?

ശ്രീ. രമേശ് ചെന്നിത്തല: ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. പാറക്കൽ അബ്ദുല്ല, ഡോ. എൻ. ജയരാജ് എന്നീ മൂന്ന് എം.എൽ.എ.-മാർ ഇവിടെ സത്യാഗ്രഹമിരിക്കുന്ന കാര്യം അങ്ങേയ്ക്കറിയാം. ഇന്നലെ അങ്ങും മുഖ്യമന്ത്രിയും ശ്രീ. ഇ. പി. ജയരാജനും അവരെ സന്ദർശിക്കുകയും ചെയ്തു. നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യണമെന്നുള്ളതുകൊണ്ടാണ് അവർ സത്യാഗ്രഹം കിടക്കുന്ന സമയത്തും ഞങ്ങൾ സഭാനടപടികളുമായി സഹകരിക്കാൻ

തീരുമാനിച്ചത്. സ്പീക്കർ എന്ന നിലയിൽ എല്ലാ അംഗങ്ങളോടും അങ്ങേയ്ക്ക് തുല്യ ഉത്തരവാദിത്വമാണുള്ളത്. മൂന്ന് എം.എൽ.എ.-മാർ സത്യാഗ്രഹം കിടക്കുന്നതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് സർക്കാരുമായി ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: സഭയ്ക്കുമുന്നിൽ സാമാജികർ നടത്തുന്ന സത്യാഗ്രഹം അവസാനിപ്പിക്കാൻ എന്ത് ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഇന്നലെ ഞാൻ അങ്ങയോട് തന്നെ സംസാരിക്കുകയുണ്ടായി. അങ്ങയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇനിയും ശ്രമിക്കാവുന്നതാണ്.

*151-ാം നമ്പർ ചോദ്യവുമായി *171-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിനായി ശ്രീ. വി. കെ. സി. മമ്മത് കോയ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

## വനിത - ശിശു വികസന വകുപ്പ് നടപ്പാക്കുന്ന മുഖ്യപദ്ധതികൾ

1(*151) ശ്രീ. എസ്. ശർമ്മ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച വനിത-ശിശു വികസന വകുപ്പ് നടപ്പാക്കുന്ന മുഖ്യപദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഒറ്റയ്ക്ക് നഗരങ്ങളിലെത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി തങ്ങാൻ ഇടം ഒരുക്കുന്ന എന്റെ കൂട് പദ്ധതിയുടെ വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതി ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി പ്രാവർത്തികമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കാനായുള്ള കൈത്താങ്ങ് പദ്ധതി വിശദമാക്കാമോ;

(ഡി) ഔർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ, ശരണബാല്യം, അങ്കണവാടികൾ വഴിയുള്ള പോഷക പൂർണപദ്ധതി തുടങ്ങിയവ കാര്യക്ഷമമായി നടപ്പിലാക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):സർ,

(എ) 1. വനിതാ-ശിശുവികസന വകുപ്പ്

1. അങ്കണവാടി സർവ്വീസസ് (ജനറൽ)
2. സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS)
3. നിർഭയ
4. പ്രധാൻമന്ത്രി മാതൃവന്ദന യോജന
5. അനുപൂരക പോഷകാഹാര പദ്ധതി (SNP)
6. സ്വാധാർഗ്രഹ്
7. ഉജ്ജ്വല
8. മഹിളാ ശാക്തീകേന്ദ്ര (MSK)
9. ആക്രമങ്ങളിൽ നിന്നും രക്ഷപ്പെടുന്നവർക്കുള്ള ആശ്വാസനിധി
10. സഹായ ഹസ്തം
11. നാഷണൽ ക്രഷ് സ്കീം
12. ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ
13. നാഷണൽ ന്യൂട്രീഷൻ മിഷ്യൻ
14. ശിശു സൗഹൃദ ടോയ്‌ലെറ്റുകളുടെ നിർമ്മാണം
15. അങ്കണവാടികൾക്ക് കുടിവെള്ള സംവിധാനം
16. അങ്കണവാടികളുടെ നവീകരണം
17. SOS മോഡൽ ഹോം
18. ആധാർ എൻറോൾമെന്റ് കിറ്റ് പ്രൊക്യൂർമെന്റ്
19. തേജോമയ ഹോം
20. ഇന്റഗ്രേറ്റഡ് കെയർ സെന്റർ
21. ഹോം ഫോർ മെന്റൽ ഹെൽത്ത്

22. ബാലനിധി
23. കൈത്താങ്ങ് പദ്ധതി
24. മംഗല്യ പദ്ധതി (വിധവാ പുനർവിവാഹ ധനസഹായ പദ്ധതി)
25. അഭയകിരണം
26. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം
27. കാവൽ പദ്ധതി
28. വൊക്കേഷൻ ഫോസ്റ്റർകെയർ പദ്ധതി
29. സ്പോൺസർഷിപ്പ് പ്രോഗ്രാം
30. വിജ്ഞാന ദീപ്തി
31. ഉജ്ജ്വല ബാല്യം.

II. <u>വനിതാ വികസന കോർപ്പറേഷൻ</u>

- 24 X7 മണിക്കൂറും പ്രവർത്തിക്കുന്ന വിമൻ ഹെൽപ്പ് ലൈൻ മിത്ര '181'
- സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം വിവിധ ജില്ലകളിൽ വനിതാ മിത്ര കേന്ദ്രം (വനിതാ ഹോസ്റ്റലുകൾ)
- യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനായി ഷീ ലോഡ്ജ് പദ്ധതി.
- വനിതകൾക്കുവേണ്ടിയുള്ള സംരംഭകത്വ പരിശീലന പരിപാടി.
- അഭ്യസ്തവിദ്യരായ സ്ത്രീകളെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്ന 'റീച്ച്' എന്ന ഫിനിഷിംഗ് സ്കൂൾ.
- സ്വയംതൊഴിൽ വായ്പാ പദ്ധതികൾ
- ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ്
- വിമൻസ് കോളേജുകളിൽ വിമൻസ് സെൽ
- സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ, നാപ്കിൻ ഡിസ്ട്രോയർ വിതരണം.
- ഷീ ടോയ്‌ലെറ്റ്

- വിധവകൾക്കുള്ള സംരംഭകത്വ വികസന പരിപാടി
- ഷീ ടാക്സി പദ്ധതി.
- ആദിവാസി വനിതാ ക്ഷേമം മുൻനിർത്തി 'വനമിത്ര' പദ്ധതി.

III. വിമൻസ് കമ്മീഷൻ

1. കമ്മീഷനിൽ ലഭിക്കുന്ന സ്ത്രീകളുടെ പരാതികൾ കാലതാമസം കൂടാതെയും അപേക്ഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാതെയും തീർപ്പാക്കുന്നതിന് ജില്ലകൾ തോറും അദാലത്തുകൾ നടത്തുന്നു.
2. സ്ത്രീകളുടെ ബോധവൽക്കരണം ലക്ഷ്യമാക്കി സെമിനാർ/ വർക്ക്ഷോപ്പ്/നിയമബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംസ്ഥാന/ജില്ലാ, സബ് ജില്ലാതലങ്ങളിൽ നടത്തുന്നു.
3. സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാവശ്യമായ നിയമപരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് ശിപാർശ സമർപ്പിക്കുകയും സ്ത്രീകളെ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളുടെ നടപ്പാക്കൽ അവലോകനം ചെയ്ത് ഭേദഗതികൾ/ ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുന്നു.
4. സ്ത്രീകളെ സംബന്ധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ സംബന്ധിച്ച് ഗവേഷണ പഠനങ്ങൾ നടത്തുകയും സർക്കാരിന് ശിപാർശ സമർപ്പിക്കുകയും ചെയ്യുന്നു.
5. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ജാഗ്രതാസമിതിയിലെ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.
6. സ്ത്രീകളുടെ അവകാശങ്ങളും നിയമങ്ങളും പ്രതിപാദിക്കുന്ന സ്ത്രീശക്തി പ്രസിദ്ധീകരണം എല്ലാ 4 മാസത്തിലൊരിക്കലും പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
7. പിതൃത്വം തർക്കവിഷയമാകുന്ന കേസ്സുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നു.
8. കുടുംബപ്രശ്നങ്ങൾ/വേർപിരിയൽ ഒഴിവാക്കുന്നതിലേയ്ക്കായി ഫാമിലി കൗൺസിലിംഗ് നൽകിവരുന്നു.

9. ഹൈസ്കൂൾ/കോളേജ് തലത്തിൽ ലിംഗബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും, ലഹരി മരുന്നിന്റെ ദൂഷ്യഫലങ്ങൾ, വിവാഹധൂർത്ത്, സ്ത്രീധന വ്യവസ്ഥ, മൊബൈൽ ഫോൺ ദുരുപയോഗം തുടങ്ങി അവരെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഉപദേശവും മാർഗ്ഗദർശനവും നൽകുന്നു.

10. പത്ര-ദൃശ്യ മാധ്യമങ്ങളിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നതിനെതിരെ നടപടിയെടുക്കുന്നു.

11. സ്ത്രീകളുടെ അവകാശങ്ങൾ സംബന്ധിക്കുന്ന വിവിധങ്ങളായ നിയമങ്ങളിൽ അറിവു നൽകുന്നതിനായി ബുക്ക് ലെറ്റ്/ബ്രോഷർ എന്നിവ പ്രസിദ്ധീകരിച്ച് സൗജന്യമായി വിതരണം ചെയ്യുക, സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൗൺസിലിംഗും നിയമോപദേശവും ഫോൺ മുഖാന്തരവും നൽകുക, വനിതാ സന്നദ്ധ സംഘടനകൾക്ക് അംഗീകാരം നൽകി അവരുടെ പ്രവർത്തനം വിപുലീകരിക്കുക എന്നിവയും ചെയ്തുവരുന്നു.

12. വിവാഹത്തിന് തയ്യാറെടുക്കുന്നവർക്കായി വിവാഹപൂർവ്വ കൗൺസിലിംഗ് നൽകുന്നു.

13. വയനാട്ടിൽ അവിവാഹിതരായ ആദിവാസി അമ്മമാർക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും/ സംരക്ഷിക്കുന്നതിനും വേണ്ട നിയമസഹായം സൗജന്യമായി നൽകുകയും, പിതൃത്വം നിർണ്ണയിക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിയമസഹായം നൽകുകയും ചെയ്യുന്നു.

14. കേരള വനിതാ കമ്മീഷൻ സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുമായും/വനിതാ സംഘടനകളുമായും മുഖാമുഖം പരിപാടികൾ സംഘടിപ്പിക്കുന്നു.

15. സെമിനാർ, ശില്പശാല, മത്സരം, ഘോഷയാത്ര, തെരുവുനാടകം, എക്സിബിഷൻ എന്നിവ ഉൾക്കൊള്ളിച്ച് Special Awareness Campaign വനിതാ ദിനം പോലെയുള്ള പ്രത്യേക ദിനങ്ങളിൽ സംഘടിപ്പിക്കുന്നു.

കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന ചികിത്സാപദ്ധതികൾ ചുവടെ പ്പറയുന്നവയാണ്.

1. <u>താലോലം പദ്ധതി</u>

ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൽസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്. ഇത്തരത്തിലുള്ള കുട്ടികളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യം അനുവദിക്കുന്നതിനായി കൗൺസിലർമാരുടെ സേവനവും ബന്ധപ്പെട്ട ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ചുവടെപ്പറയുന്ന 18 ആശുപത്രികളിലൂടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
2. എസ്.സി.റ്റി.ഐ.എം.എസ്.റ്റി., തിരുവനന്തപുരം
3. എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം
4. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
5. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
6. ഐ.സി.എച്ച്. കോട്ടയം
7. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
8. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
9. ഗവൺമെന്റ് മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ
10. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
11. ഐ.എം.സി.എച്ച്., കോഴിക്കോട്
12. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം

13. അക്കാദമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കണ്ണൂർ

14. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ

15. ജില്ലാ ആശുപത്രി, ആലുവ

16. ICCONS, തിരുവനന്തപുരം

17. ICCONS, ഷൊർണ്ണൂർ

18. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി.

ഈ പദ്ധതിയിലൂടെ നാളിതുവരെ 14948 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

2. ക്യാൻസർ സുരക്ഷാ പദ്ധതി

18 വയസ്സുവരെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ ക്യാൻസർ ബാധിതരായ കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെയാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നത്. ഇത്തരത്തിലുള്ള കുട്ടികളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യം അനുവദിക്കുന്നതിനായി കൗൺസിലർമാരുടെ സേവനവും ബന്ധപ്പെട്ട ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിലൂടെ 6360 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

ക്യാൻസർ സുരക്ഷ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
3. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്
5. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ
6. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
7. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം

8. ഐ.സി.എച്ച്. കോട്ടയം
9. കെ.സി.എച്ച്.സി., പരിയാരം
10. ഗവൺമെന്റ് ജനറൽ ആശുപത്രി, എറണാകുളം
11. ഗവൺമെന്റ് മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ
12. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം.

3. ശ്രുതിതരംഗം പദ്ധതി

സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

ശ്രുതിതരംഗം പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്:

1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ദ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.
2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.
3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.
4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കുട്ടികളെ കോക്ലിയർ ഇംപ്ലാന്റേഷന് ശിപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.
5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടുനിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.

6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

7. ചുവടെപ്പറയുന്ന സർക്കാർ/പ്രൈവറ്റ് ആശുപത്രികൾ മുഖേനയാണ് ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തി നൽകുന്നത്:

1. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
2. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
3. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
4. കിംസ് ആശുപത്രി, തിരുവനന്തപുരം
5. ഡോ. നൗഷാദ്സ് ഇ.എൻ.റ്റി. ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ, എറണാകുളം
6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം
7. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ
8. അസെന്റ് ഇ.എൻ.റ്റി. ആശുപത്രി, പെരിന്തൽമണ്ണ
9. ഡോ. മനോജ്സ് സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ കോഴിക്കോട്
10. മിംമ്സ് ആശുപത്രി, കോഴിക്കോട്

ടി പദ്ധതി പ്രകാരം നാളിതുവരെ 870 സർജറികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4. <u>ധ്വനി പദ്ധതി</u>

ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് സ്വന്തം ചെലവിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

1. ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികളായിരിക്കണം.
2. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം

3. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം. 2 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള കുടുംബമാണെങ്കിൽ സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ തുക കേരള സാമൂഹ്യസുരക്ഷാ മിഷനിൽ ലഭ്യമാക്കുന്ന പക്ഷം കേരള സാമൂഹ്യസുരക്ഷാ മിഷൻ അപ്ഗ്രേഡ് ചെയ്യുന്ന നിരക്കിൽ സ്പീച്ച് പ്രോസ്സർ വാങ്ങി നൽകുന്നതാണ്.
4. കേരളത്തിലുള്ള കുട്ടികളായിരിക്കണം
5. കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച ശേഷം സംസാര ശേഷി ലഭ്യമായ കുട്ടികളായിരിക്കണം. നിലവിൽ ഉപയോഗിക്കുന്ന സ്പീച്ച് പ്രോസസ്സർ നന്നായി സൂക്ഷിച്ചവരായിരിക്കണം.
6. ബന്ധപ്പെട്ട ആശുപത്രികളിലെ വിദഗ്ദ്ധർ കുട്ടികളെ സ്പീച്ച് പ്രോസ്സർ അപ്ഗ്രേഡേഷനായി ശിപാർശ ചെയ്തിട്ടുണ്ടായിരിക്കണം.
7. ധ്വനി പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

ടി പദ്ധതിയിലൂടെ 72 കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

5. <u>മിഠായി</u>

സംസ്ഥാനത്ത് ടൈപ്പ് 1 പ്രമേഹ രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് മിഠായി. ടി പദ്ധതിയിൽ കുട്ടികൾക്ക് നൽകുന്നത് വേദനയുളവാക്കാത്തതും എളുപ്പം ഉപയോഗിക്കുവാൻ പറ്റുന്നവയുമായ ആധുനിക പെൻ (Ultra short acting, long acting analogues) ഇൻസുലിനാണ്. ടി പദ്ധതിയിലേയ്ക്ക് 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് www.mittayi.org എന്ന website online ആയി രജിസ്ട്രേഷൻ നടത്തുവാൻ കഴിയുന്നതാണ്. ഇത്തരത്തിൽ ആദ്യഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്ന 300 കുട്ടികളെയാണ് ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താവായി തെരഞ്ഞെടുക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഡയബറ്റിക്ക് ക്ലിനിക്കുകൾ സ്ഥാപിച്ച് അതിന്റെ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ കൂടി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കുട്ടികളിൽ ആകെ 238 പേർക്ക് ഇതുവരെ സഹായം നൽകിയിട്ടുണ്ട്.

6. വീ-കെയർ

കേരള സാമൂഹ്യസുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യ മാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിന് തീരെ നിവൃത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സമാഹരിക്കുന്ന തുക സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ചികിത്സ, സാമ്പത്തിക സഹായം, ജീവനോപാധി കണ്ടെത്തുവാനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു.

അതീവഗുരുതര രോഗം ബാധിച്ച 81 കുട്ടികളുടെ ചികിത്സയ്ക്കായി 6316949 രൂപ വീ-കെയർ പദ്ധതിയിലൂടെ ചെലവഴിച്ചിട്ടുണ്ട്.

(ബി) തലസ്ഥാനത്ത് നിരാലംബരായി എത്തിച്ചേരുന്ന സ്ത്രീകൾക്കും കൂടെയുള്ള 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും രാത്രികാലം (വൈകുന്നേരം 5 മണിമുതൽ അടുത്ത ദിവസം രാവിലെ 7 മണിവരെ) സുരക്ഷിതമായ വിശ്രമം തികച്ചും സൗജന്യമായി നൽകുന്ന പദ്ധതിയാണ് എന്റെ കൂട്. പ്രസ്തുത പദ്ധതി 2018 നവംബർ 8-ാം തീയതി തിരുവനന്തപുരം പട്ടണത്തിൽ തമ്പാനൂർ ബസ് ടെർമിനലിലെ 8-ാം നിലയിൽ പ്രവർത്തനം ആരംഭിച്ചു. നിലവിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി ഈ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

(സി) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടിയെന്ന നിലയിൽ ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാ പ്രധാൻ ഏജന്റുമാർ, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി ഓരോ ജില്ലയിലെയും തെരഞ്ഞെടുത്ത 5 പഞ്ചായത്തുകളിലെ 5 വാർഡ് തെരഞ്ഞെടുത്ത് കൈത്താങ്ങ് പദ്ധതി നടപ്പിലാക്കുന്നു. ഓരോ വാർഡിലെയും ശിഥില കുടുംബങ്ങൾ, പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള കുടുംബങ്ങൾ,

മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗമുള്ള കുടുംബങ്ങൾ എന്നിവ കണ്ടെത്തി ഈ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനുള്ള ഇടപെടലുകൾ ഈ പദ്ധതിവഴി സ്വീകരിച്ചുവരുന്നു.

(ഡി) ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ, ശരണബാല്യം, അങ്കണവാടികൾ വഴിയുള്ള അനുപൂരക പോഷകാഹാര പദ്ധതി എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ചെയ്തുവരുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC)</u>

ഗുരുതരമായ വിവിധ സ്വഭാവ-വൈകാരിക-മാനസിക-ആരോഗ്യ-പഠന പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് ORC പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന സൈക്കോളജിസ്റ്റുമാരുടെ സേവനം ഉറപ്പാക്കുന്നു. സ്കൂൾ തലത്തിൽ കുട്ടികൾക്കായി ORC സ്മാർട്ട് ക്യാമ്പുകളും തുടർ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ ടി പദ്ധതിയുടെ ഭാഗമായി രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു. ടി പദ്ധതി നടപ്പിലാക്കി വരുന്ന 304 സ്കൂളുകളിലെ 12317-ഓളം അധ്യാപകരെ പരിശീലിപ്പിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ORC പദ്ധതി വ്യാപിപ്പിക്കാൻ പുതുതായി തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സ്കൂളിലും കോർ ടീം രൂപീകരിക്കുകയും ടി കോർടീം അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തു.

<u>ശരണബാല്യം</u>

വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ബാലവേല, ബാലഭിക്ഷാടനം, ബാലചൂഷണം എന്നിവ തടയുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് ശരണബാല്യം. ബാലവേല, ബാലഭിക്ഷാടനം, തെരുവ് ബാല്യം എന്നീ വിഷയങ്ങളെക്കുറിച്ചും ശരണ ബാല്യം പദ്ധതിയുടെ ഉദ്ദേശ്യത്തെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനായി IEC വസ്തുക്കൾ രൂപകൽപ്പന ചെയ്തു.

ജില്ലയിലെ 10 പ്രധാന കേന്ദ്രങ്ങളിൽ തമിഴ്, തെലുങ്ക്, കന്നട, മലയാളം എന്നീ ഭാഷകളിൽ ബോർഡുകൾ സ്ഥാപിക്കുകയും ടി ബോർഡുകളിൽ ബാലവേല, ബാലഭിക്ഷാടനം എന്നിവ കണ്ടെത്തിയാൽ അറിയിക്കേണ്ട പ്രധാന ഫോൺ നമ്പരുകൾ, അഡ്രസ്സുകൾ എന്നിവ ഉൾപ്പെടുത്തുകയും ചെയ്തു. പൊതുസ്ഥലങ്ങളിലും വാഹനങ്ങളിലും മറ്റിടങ്ങളിലും പതിപ്പിക്കുന്നതിനായി ശരണബാല്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളിച്ച് പല ഭാഷകളിൽ തയ്യാറാക്കിയ സ്റ്റിക്കറുകൾ ശബരിമല കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തന സമയത്ത്

ഉപയോഗിച്ചു. 6 പേർ അടങ്ങിയ ചൈൽഡ് റെസ്ക്യൂ ഓഫീസർമാർക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ശരണബാല്യം പ്രോജക്ടിന്റെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ തയ്യാറാക്കുന്നതിനുള്ള വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും ചെയ്തു. 65-ലേറെ കുട്ടികളെ മോചിപ്പിക്കാൻ ശരണബാല്യം പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. 5 ജില്ലകളിൽ നടപ്പാക്കിയിരുന്ന പദ്ധതി ഇപ്പോൾ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

അനുപൂരക പോഷകാഹാര പദ്ധതി

6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ, ഗുരുതര പോഷക കുറവുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള കലോറി, പ്രോട്ടീൻ അളവുകൾക്ക് അനുസൃതമായി ഈ പദ്ധതിപ്രകാരം പോഷകാഹാരം നൽകിവരുന്നു. ഓരോ അങ്കണവാടി പരിധിയിൽവരുന്ന ഭവനങ്ങൾ അങ്കണവാടി വർക്കർ/സൂപ്പർവൈസർ സന്ദർശിച്ച് ഗുണഭോക്താക്കളെ കണ്ടെത്തി അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യിക്കുന്നു. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സും P&LM (Pregnant Lactating Mothers) വിഭാഗത്തിന് കടല, പയർ, ഗോതമ്പ് എന്നിവയും THR (Take Home Ration) ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് മോണിംഗ് സ്നാക്സ്, ഉച്ചഭക്ഷണം, ജനറൽ ഫീഡിംഗ്, എന്നിവ ഉറപ്പുവരുത്തുന്നു. 2 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് വേണ്ട അനുബന്ധ ആഹാരം, ഭക്ഷണം നൽകേണ്ട രീതി എന്നിവ സംബന്ധിച്ച ബ്രോഷറുകൾ അച്ചടിക്കുകയും ആയത് ഭവന സന്ദർശനവേളകളിൽ അമ്മമാർക്ക് വിതരണം ചെയ്യുകയും ബോധവൽക്കരണം നൽകുകയും ചെയ്യുന്നു.

## സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ

2. (*171) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തലസ്ഥാനത്തെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും താമസ സൗകര്യവും ഭക്ഷണവും സൗജന്യമായി നൽകുന്നതിനുള്ള എന്റെ കൂട് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിവിധ മാനസിക-ശാരീരിക പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് അഭയം നൽകുന്നതിനായി ആരംഭിച്ച തണൽ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) വിവിധ ക്ഷേമസ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളുടെ പുനരധിവാസ ത്തിനായി ബാലനിധി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി നിരവധി നൂതന പദ്ധതികൾ സാമൂഹ്യനീതി വനിതാ-ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*

(ബി) തലസ്ഥാനത്ത് നിരാലംബരായി എത്തിച്ചേരുന്ന സ്ത്രീകൾക്കും കൂടെയുള്ള 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും രാത്രികാലം (വൈകുന്നേരം 5 മണിമുതൽ അടുത്ത ദിവസം രാവിലെ 7 മണിവരെ) സുരക്ഷിതമായ വിശ്രമം തികച്ചും സൗജന്യമായി നൽകുന്ന പദ്ധതിയാണ് എന്റെ കൂട്. പ്രസ്തുത പദ്ധതി 2018 നവംബർ 8-ാം തീയതി തിരുവനന്തപുരം പട്ടണത്തിൽ തമ്പാനൂർ ബസ് ടെർമിനലിലെ 8-ാം നിലയിൽ പ്രവർത്തനമാരംഭിച്ചു. നിലവിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. ആ പദ്ധതി നന്നായി പ്രവർത്തിച്ചുവരുന്നുണ്ട്. എട്ട് മാസത്തിനുള്ളിൽ 384 പേർ അഭയം തേടിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയെക്കുറിച്ച് നല്ല അഭിപ്രായവും രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമേണ മറ്റ് ജില്ലകളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാവുന്നതാണ്.

(സി) കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നൂതന സംരംഭമാണ് " തണൽ - കുട്ടികളുടെ അഭയകേന്ദ്രം" . സമൂഹത്തിൽ വിഷമസന്ധികളിൽ ഏർപ്പെടുന്ന ഏതൊരു കുട്ടിക്കും സഹായത്തിനായി 'തണൽ' 1517 ടോൾ ഫ്രീ നമ്പറിലേക്ക് വിളിക്കാം. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും 'തണൽ' ജില്ലാ സെന്ററിലെ സന്നദ്ധ പ്രവർത്തകർ വഴി സേവനം ഉറപ്പാക്കിയിട്ടുണ്ട്. കുട്ടികൾ അനുഭവിക്കുന്ന വിവിധ തരത്തിലുള്ള പീഡനങ്ങൾ, ബാലവേല, ബാലഭിക്ഷാടനം,

* അനുബന്ധമായി വച്ചിട്ടുണ്ട്.

മയക്ക് മരുന്നുകളുടെയും ലഹരിപദാർത്ഥങ്ങളുടെയും ഉപയോഗം, കുട്ടികളിൽ കണ്ടുവരുന്ന ഭയം, നിരാശ, വെപ്രാളം, വിഷാദരോഗങ്ങൾ, പഠനത്തിൽ താൽപ്പര്യമില്ലായ്മ, മുതിർന്നവരോടുള്ള പെരുമാറ്റ രീതിയിലെ അസ്വാഭാവികത തുടങ്ങി കുട്ടിയെ ബാധിക്കുന്ന എല്ലാ പ്രതിസന്ധി വിഷയങ്ങളിലും 'തണൽ' സന്നദ്ധ പ്രവർത്തകർ അടിയന്തര സഹായം ലഭ്യമാക്കും. തെരുവിൽ അലയുന്ന കുട്ടികൾ, മാതാപിതാക്കൾ ഉപേക്ഷിക്കുന്ന കുട്ടികൾ, തട്ടിക്കൊണ്ടുപോകപ്പെടുന്ന കുട്ടികൾ എന്നിവരെ കണ്ടെത്തി പുനരധിവസിപ്പിക്കുക, പഠന വൈകല്യമുള്ള കുട്ടികൾ, ഭിന്നശേഷിയുള്ള കുട്ടികൾ, കലാ-കായിക മികവ് പുലർത്തുന്ന കുട്ടികൾ തുടങ്ങി എല്ലാ മേഖലകളിലും 'തണൽ' കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരു തണലായി, താങ്ങായി വർത്തിക്കും. കുട്ടികൾക്കും രക്ഷിതാക്കൾക്കും മറ്റുള്ളവർക്കും തണലിന്റെ ടോൾഫ്രീ നമ്പരായ 1517-ലേയ്ക്ക് വിളിച്ച് വിവരങ്ങൾ പറയാം. 24 മണിക്കൂറും സഹായഹസ്തവുമായി 'തണൽ' പ്രവർത്തകർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നാളിതുവരെ 1517-ലൂടെ 14,000 കാളുകൾ വന്നിട്ടുണ്ട്. അവയിൽ 99 ശതമാനം പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി പൊതുജന പങ്കാളിത്തത്തോടുകൂടി സംയോജിത ശിശുസംരക്ഷണ പദ്ധതി മുഖേന നടപ്പിലാക്കുന്ന ധനസഹായ പദ്ധതിയാണ് ബാലനിധി. 1-11-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 730/2017/സാ.നീ.വ. തീയതി പ്രകാരം സംസ്ഥാനത്ത് ബാലനിധി രൂപീകരിച്ച് ഉത്തരവായി. സംസ്ഥാനത്തെ പൂർണ്ണമായും ബാലസൗഹൃദമാക്കി മാറ്റുക, കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, കുട്ടികളുടെ അവകാശങ്ങൾ എന്നിവ ഉറപ്പുവരുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. വളരെ ഉപകാരപ്രദമായ പദ്ധതിയാണിത്. ഇതിൽ നിക്ഷേപിച്ചാൽ കേരളത്തിലെ പാവപ്പെട്ട കുട്ടികളുടെ ജീവിതം കരുപിടിപ്പിക്കാൻ ഉതകുമെന്നുള്ളതാണ്. നല്ല മനസ്സുള്ള ആളുകൾ ബാലനിധിയിൽ നിക്ഷേപിക്കേണ്ടതായിട്ടുണ്ട്. ഫിലിം മേളകൾ നടക്കുമ്പോൾ അതിന്റെയൊരു വിഹിതം ബാലനിധിയിലേയ്ക്ക് തരുന്നതായി കാണാറുണ്ട്. ചില പരിപാടികളുടെ അത്തരത്തിലുള്ള ഗുണഫലം ബാലനിധിയിലേയ്ക്ക് തരാറുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം സഹായ ഹസ്തം, ഉജ്ജ്വല, തോജോമയ ഹോം തുടങ്ങി പുതിയതായി ഒട്ടേറെ പദ്ധതികളാണ് ഓരോ സ്കീമിലും തുടങ്ങിയിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിയിലുൾപ്പെടുത്തി 4 കുട്ടികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, കുട്ടികൾ അനുഭവിക്കുന്ന പീഡനങ്ങൾ, ബാലവേല, ബാലഭിക്ഷാടനം, മയക്ക്/ലഹരി മരുന്നുകളുടെ ഉപയോഗം, ഓട്ടിസം, ഭയം, വെപ്രാളം, പെരുമാറ്റരീതിയിലെ അസ്വാഭാവികത, മാനസിക-ശാരീരിക വൈകല്യങ്ങൾ തുടങ്ങി കുട്ടികളെ ബാധിക്കുന്ന ഏറ്റവും ഗൗരവതരമായ പ്രശ്നങ്ങൾക്ക് മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി കുറേയേറെ ആശ്വാസ നടപടികൾ സ്വീകരിക്കുന്നതായി പ്രധാന ചോദ്യത്തിന്റെ ഉത്തരമായി വ്യക്തമാക്കിയിട്ടുണ്ട്. തണൽ പദ്ധതിയുടെ പ്രയോജനം ജില്ലാ കേന്ദ്രത്തെ അടിസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ജില്ലാ കേന്ദ്രങ്ങളിലേയ്ക്കെത്തി, കാര്യങ്ങൾ അറിഞ്ഞുവരുമ്പോഴേയ്ക്കും കുറേയേറെ സമയം എടുക്കുമെന്നുള്ളതും മാനസിക വൈകല്യം സംഭവിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങളാണിതെന്നുള്ളതും കണക്കിലെടുത്ത് ഇപ്പോൾ ജില്ലാ കേന്ദ്രത്തിൽ നൽകിവരുന്ന സേവനം താലൂക്ക് കേന്ദ്രങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :സർ, തണലിന്റെ സേവനം കൂടുതൽ വ്യാപിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ഇതിനായി 1517 എന്ന നമ്പരിലേയ്ക്ക് അവർക്ക് വിളിക്കാവുന്നതാണ്. ഇപ്പോൾത്തന്നെ ഐ.സി.ഡി.എസ്. പ്രോജക്ടുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള കുറേകാര്യങ്ങൾ താഴെത്തട്ടിൽ നടക്കുന്നുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ടിട്ടുള്ള സ്ക്വാഡുകൾ കുട്ടികളുടെ പ്രശ്നങ്ങൾ, കുടുംബ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, കുറേക്കൂടി വികേന്ദ്രീകൃതമായി തണലിന്റെ പ്രവർത്തനം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തരസഹായം എത്തിക്കുന്നതിനുവേണ്ടി ആശ്വാസ നിധി രൂപീകരിക്കുമെന്ന് ഗവൺമെന്റ് ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. ആ പദ്ധതിയുടെ നടത്തിപ്പ് ഏത് രൂപത്തിൽ, എവിടെ വരെയായി, അത് രൂപീകരിച്ചിട്ടുണ്ടോ, എങ്കിൽ അതുകൊണ്ട് കൈവരിക്കാൻ കഴിഞ്ഞ നേട്ടം എന്നിവ വിശദീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആശ്വാസ നിധി രൂപീകരിക്കുകയും അതിൽനിന്നും സഹായം നൽകിയിട്ടുമുണ്ട്. ആശ്വാസ നിധിയിൽനിന്നും സഹായം കൊടുത്തതിന്റെ കണക്ക് ശേഖരിച്ചതിനുശേഷം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്. ആശ്വാസ നിധിയിലൂടെ പീഡനത്തിന് വിധേയരാകുന്ന സ്ത്രീകൾക്ക് സഹായമെത്തിക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതുവഴി അവരുടെ വിവിധങ്ങളായ പ്രശ്നങ്ങളും ക്ഷേമവും ഉറപ്പുവരുത്തുന്നതിന് വളരെയധികം സഹായകരമായിട്ടുണ്ട്. മാത്രമല്ല സർക്കാരിന്റെ എല്ലാ കാര്യങ്ങളിലും ഒരു സ്ത്രീപക്ഷ നിലപാട് നമുക്ക് കാണാൻ കഴിയും. സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടി 16% തുക ബഡ്ജറ്റിൽ നീക്കിവച്ചു. പോലീസ് വകുപ്പിൽ സ്ത്രീകൾക്കുവേണ്ടി പ്രത്യേക ബറ്റാലിയൻ രൂപീകരിക്കുകയും ഫയർ ഫോഴ്സിൽ യുവതികൾക്ക് കൂടുതൽ നിയമനം നൽകാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതുപോലെ സ്ത്രീകളുടെ ശാക്തീകരണത്തിനുവേണ്ടി കുടുംബശ്രീ പ്രസ്ഥാനമാരംഭിച്ചതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50% റിസർവേഷൻ ഏർപ്പെടുത്തിയതും എൽ.ഡി.എഫ് സർക്കാരാണ്. സ്ത്രീകൾക്കും കുട്ടികൾക്കും ധാരാളം സഹായങ്ങൾ ചെയ്യുന്ന അങ്കണവാടികൾ ദുർബ്ബലമാക്കാനും സ്വകാര്യവൽക്കരിക്കാനും അവയ്ക്കുള്ള സഹായം വെട്ടിക്കുറയ്ക്കാനും കേന്ദ്ര ഗവൺമെന്റ് ഒരുക്കങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളെ കൂടുതൽ ശക്തമാക്കാനും അവയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കുട്ടികളെയും സ്ത്രീകളെയും രക്ഷിതാക്കളെയും അങ്കണവാടികളിലേയ്ക്ക് ആകർഷിക്കാനുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്? അതുപോലെ അങ്കണവാടി ടീച്ചർമാർ, വർക്കർമാർ എന്നിവരുടെ പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളുമുണ്ട്. മറ്റൊരു കാര്യം, മദർ പ്രോജക്ടുകൾക്കുള്ള അത്രയും ജീവനക്കാർ അഡീഷണൽ പ്രോജക്ടുകൾക്കില്ല. അഡീഷണൽ പ്രോജക്ടിൽ ഒരു ക്ലാർക്ക് മാത്രമാണുള്ളത്. അതും ഇതിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. ഈ വക കാര്യങ്ങളിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അങ്കണവാടികൾക്ക് അനുവദിക്കുന്ന തുക കേന്ദ്രഗവൺമെന്റ് വെട്ടിക്കുറച്ചിട്ടുണ്ട്. സി.ഡി.പി.ഒ.(ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ)-മാർ, സൂപ്പർവൈസർമാർ, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് ശമ്പളം കൊടുക്കാനുള്ള തുകയുടെ അനുപാതം നേരത്തെ 60:40 ആയിരുന്നത് ഇപ്പോൾ 25:75 ആയി കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചിരിക്കുകയാണ്. അങ്ങനെ വെട്ടിക്കുറച്ചതിന്റെ ഫലമായി 139 കോടി രൂപയുടെ അധികബാദ്ധ്യത വന്നിട്ടുണ്ടെന്നുള്ളതാണ് പ്രത്യേകിച്ച് ചൂണ്ടിക്കാണിക്കാനുള്ളത്. എന്നാൽ അങ്കണവാടികളുടെ മറ്റുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അങ്കണവാടികളെ കൂടുതൽ പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ഒരു പ്രീ സ്കൂൾ

നിലവാരത്തിലേയ്ക്ക് അങ്കണവാടികളെ പരിഷ്കരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയാണ്. ആരോഗ്യ മേഖലയിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിയതുപോലെ അങ്കണവാടികളുടെ പശ്ചാത്തല സൗകര്യത്തിലും കുട്ടികളുടെ പഠനരീതിയിലും സ്വഭാവരൂപീകരണത്തിലും ചില മാറ്റങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള സമ്പൂർണ്ണമായ ഒരു സ്കീം ഏകദേശം തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. ഇത് ജനുവരി മാസത്തോടുകൂടി പ്രഖ്യാപിക്കാൻ സാധിക്കും. കേരളത്തിലെ അങ്കണവാടികളിൽ വലിയതോതിലുള്ള പരിഷ്കരണം നടത്തിക്കൊണ്ട് കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയും അവർ സ്കൂൾ തലത്തിൽ എത്തുന്നതിനുമുമ്പേ ആർജ്ജിക്കേണ്ട എല്ലാ കാര്യങ്ങളിലും വലിയ മാറ്റം വരുത്തിക്കൊണ്ടുള്ള ഒരു മൊഡ്യൂളും പശ്ചാത്തല സൗകര്യത്തിന് ഒരു മാസ്റ്റർ പ്ലാനും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുമ്പോൾ വമ്പിച്ച മാറ്റമാണ് കേരളത്തിലെ അങ്കണവാടികളിൽ ഉണ്ടാകുകയെന്നതാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ 500 രൂപയായിരുന്നത് ഈ ഗവൺമെന്റ് വന്നതോടുകൂടി 1000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മുമ്പ് പതിനായിരം രൂപ അവർക്ക് കൊടുക്കുമെന്ന പ്രഖ്യാപനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൊടുക്കണമെന്നാണ് അന്ന് പറഞ്ഞിരുന്നത്. മിക്കവാറും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടാത്തതിനാൽ അവർക്ക് കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അത് പൂർണ്ണമായും ഗവൺമെന്റ് കൊടുക്കാമെന്ന് തീരുമാനിച്ച്, അത് കൃത്യമായി അവർക്ക് കൊടുക്കാൻ കഴിഞ്ഞതിൽ വലിയ ആശ്വാസമുണ്ടായിട്ടുണ്ട്. പുതിയ പരിഷ്കരണം വരുമ്പോൾ അങ്കണവാടി മേഖലയിൽ വമ്പിച്ച മാറ്റമാണ് ഉണ്ടാകുക. സാമ്പത്തിക ആനുകൂല്യവും കൊടുത്തിട്ടുണ്ട്. മറ്റ് തരത്തിലുള്ള പരിഷ്കരണവും അങ്കണവാടി മേഖലയിൽ നടക്കുകയാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, ചുരുങ്ങിയ കാലം കൊണ്ട് ഒട്ടനവധി അംഗീകാരങ്ങളും ദേശീയ പുരസ്കാരങ്ങളും നേടിയിട്ടുള്ള ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പിന് വളരെയധികം അഭിനന്ദനങ്ങൾ ഞാൻ ഈ വേളയിൽ അർപ്പിക്കുകയാണ്. ആറ് വയസ്സുവരെയുള്ള കുട്ടികളുടെ വളർച്ചയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി ഒട്ടേറെ പദ്ധതികൾ ഇവിടെ ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരം സൗകര്യങ്ങളെല്ലാം ചെയ്തുകൊടുത്തിട്ടും അങ്കണവാടികളിൽ കുട്ടികൾ കുറഞ്ഞുവരുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇപ്പോൾ സാധാരണക്കാരുടെ കുടുംബങ്ങളിൽ നിന്നുപോലും രണ്ട് വയസ്സാകുമ്പോഴേക്കും പ്ലേ സ്കൂളിലും എൽ.കെ.ജി.-യിലും ചേർത്ത് പഠിപ്പിക്കുന്നതിലാണ് രക്ഷകർത്താക്കൾക്ക് താൽപര്യം. ഇതിലൊക്കെ മാറ്റം

വരുത്താനും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തി പുതിയ രീതിശാസ്ത്രം അദ്ധ്യാപകർക്ക് പറഞ്ഞുകൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; അതിൽ ആകൃഷ്ടരായി കൂടുതൽ കുഞ്ഞുങ്ങളെ അങ്കണവാടികളിലേയ്ക്ക് വരുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? മറ്റൊരു കാര്യം, ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ ഇപ്പോൾ കൂടുതൽ ഫലവത്തായി വരികയാണ്. അതിന് ഉപോൽബലകമായി കിടത്തി ചികിത്സയ്ക്കുള്ള സൗകര്യങ്ങൾകൂടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്താനുള്ള ശ്രമം ആരംഭിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് അങ്കണവാടികൾ പരിഷ്കരിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞതാണ്. ഒരു പ്രത്യേക മിഷനായി നടത്തുന്നതുപോലെതന്നെ അങ്കണവാടി പരിഷ്കരണം ഏറ്റെടുക്കുകയാണ്. അങ്കണവാടികളിൽ കുട്ടികൾ കുറയുന്നുവെന്നത് വസ്തുതയാണ്. നേരത്തെ ഗവൺമെന്റ് സ്കൂളുകളിലും അങ്ങനെയായിരുന്നല്ലോ. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഗവൺമെന്റ് സ്കൂളുകളിൽ ഇപ്പോൾ കുട്ടികൾ ധാരാളം വരാൻ തുടങ്ങി. അതിൽനിന്നും മനസ്സിലാക്കേണ്ടത്, പശ്ചാത്തല സൗകര്യവും അവിടെ നടക്കുന്ന പ്രക്രിയകളും ജനകീയമാക്കി, കൂടുതൽ ആനുകാലികവും ആധുനികവുമായി മാറിയാൽ മാത്രമേ അവിടെ ആളുകൾ കുട്ടികളെ കൊണ്ടുവരികയുള്ളൂ. അതുകൊണ്ടാണ് പഠനപ്രക്രിയയുടെ മൊഡ്യൂൾ പരിഷ്കരിക്കുന്നതും പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തുന്നതും. അത് പൂർത്തിയായി പ്രഖ്യാപിക്കുമ്പോൾ ആളുകൾക്ക് നന്നായി മനസ്സിലാക്കാൻ സാധിക്കും. ആ മാറ്റം വരുമ്പോൾ ആളുകൾ തീർച്ചയായും അങ്കണവാടികളിലേക്ക് തന്നെ അവരുടെ കുട്ടികളെ കൊണ്ടുവരും. മോണ്ടിസോറി, ജോഡോഗ്യാൻ മെത്തേഡുകളുടെ ഭാഗമായിട്ടുള്ള അംശങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആധുനികരീതിയാണ് അങ്കണവാടിയിൽ കൊണ്ടുവരുന്നത്. ശ്രീ. ജെയിംസ് മാത്യുവിന്റെ മണ്ഡലത്തിൽ ജോഡോഗ്യാൻ മെത്തേഡിൽ നടത്തിയ പരീക്ഷണം വളരെ ഗുണകരമായിരുന്നു. പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സയല്ല വേണ്ടത്. കാലാകാലങ്ങളായി തെറ്റിദ്ധരിച്ചുപോയതാണ്. ഇതൊരു പോളിസിയാണ്. രോഗത്തിന്റെ പ്രിവൻഷൻ, എൻ.സി.ഡി. കൺട്രോൾ, ഇൻഫെക്ഷൻ ഡിസീസ് കൺട്രോൾ എന്നിവയും ഇൻഡിവിഡ്വൽ അറ്റൻഷൻ ഓരോരുത്തർക്കും കിട്ടുന്ന രീതിയിലുള്ള ക്രമീകരണവുമാണ് കുടുംബാരോഗ്യകേന്ദ്രങ്ങളിൽ വരുത്തുന്നത്. അവിടെ കിടത്തി ചികിത്സയല്ല, അതിനേക്കാൾ വലിയ കാര്യമാണ് നടക്കുന്നത്. കിടത്തി ചികിത്സ സെക്കൻഡറിതലം മുതൽ മുകളിലോട്ടുള്ള ആശുപത്രികളിലാണ് നടത്തുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, വിധവകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായ പദ്ധതിയാണ് 'സഹായ ഹസ്തം'. ഈ പദ്ധതിപ്രകാരം ഒറ്റത്തവണ സഹായമായി എത്ര രൂപ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ? അതുപോലെതന്നെ സാധുക്കളായ വിധവകളുടെ പുനർവിവാഹത്തിന് ധനസഹായം അനുവദിക്കാൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വിധവകൾക്കായി ഈ സർക്കാർ വന്നതിനുശേഷം നല്ല രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. വനിതാവികസന കോർപ്പറേഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ ഗവൺമെന്റ് തുടങ്ങിയിട്ടുള്ള പദ്ധതിയാണ് 'സഹായ ഹസ്തം'. ഇത് വിധവകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള ധനസഹായമാണ്. പുതുതായി രൂപംകൊടുത്ത പദ്ധതിയെന്ന നിലയിൽ മുപ്പതിനായിരം രൂപയാണ് ഇപ്പോൾ ഒരാൾക്ക് കൊടുക്കുന്നത്. വ്യക്തി എന്നുള്ള നിലയിലും സംഘം ചേർന്ന് ഒരു ഗ്രൂപ്പ് എന്നുള്ള നിലയിലും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള സഹായധനമാണിത്. സഹായം മാത്രമല്ല സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് കൊടുത്തുകൊണ്ട് തൊഴിലിലേയ്ക്ക് കടക്കാനുള്ള സഹായവും ചെയ്യുന്നു. ഈ പദ്ധതി പ്രഖ്യാപിച്ച് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അത് കൊടുക്കാൻ തുടങ്ങുന്നേയുള്ളൂ. ഈ വരുന്ന ജനുവരിയോടുകൂടി കൊടുക്കാൻ സാധിക്കും.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, അങ്കണവാടികളിൽ ഗുണകരമായ മാറ്റങ്ങൾ വരാൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിലൂടെ മനസ്സിലാക്കാൻ സാധിച്ചു. നമ്മുടെ നാട്ടിൽ ധാരാളം അങ്കണവാടികളുണ്ട്. എന്നാൽ സ്വന്തമായി സ്ഥലമില്ലാത്തതുകൊണ്ട് ചില അങ്കണവാടികൾ ശോചനീയാവസ്ഥയിലാണ്. പലപ്പോഴും അവിടത്തെ ടീച്ചറുടെയും ആയയുടെയും ജോലി നഷ്ടപ്പെടാതിരിക്കാൻവേണ്ടി അവരോട് സൗഹാർദ്ദമുള്ളവർ അഞ്ചോ ആറോ കുട്ടികളെ അയയ്ക്കുന്നതുകൊണ്ടുമാത്രം നിലനിൽക്കുന്ന അങ്കണവാടികളുണ്ട്. അങ്കണവാടികൾക്ക് സ്ഥലം വാങ്ങാൻ എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗിക്കാൻ സാധിക്കില്ല. പഞ്ചായത്തുകൾക്ക് ഒറ്റയ്ക്ക് വാങ്ങാൻ ബുദ്ധിമുട്ടുണ്ട്. കെട്ടിടം ജനപ്രതിനിധികൾതന്നെ നിർമ്മിച്ചുകൊടുക്കുന്നുണ്ട്. ഇങ്ങനെയുള്ള അങ്കണവാടികൾക്ക് മൂന്ന് സെന്റ് മുതൽ അഞ്ച് സെന്റ് വരെ സ്ഥലം വാങ്ങി നൽകാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? അതിനുവേണ്ടിയിട്ടുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്കണവാടികൾക്ക് വളരെ പരിമിതമായ സ്ഥലമേയുള്ളൂവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. കുട്ടികൾക്ക് കളിക്കാനുള്ള സ്ഥലം ഒരുക്കണമെങ്കിൽ രണ്ട് സെന്റ് സ്ഥലം മതിയാകില്ല. ചുരുങ്ങിയത് പത്ത് സെന്റ് സ്ഥലമെങ്കിലും വേണം. അങ്കണവാടികളിൽ ചെറിയ കുട്ടികളാണ് വരേണ്ടത് എന്നുള്ളതുകൊണ്ട് ബഹുനില കെട്ടിടങ്ങളായി നിർമ്മിക്കാനും കഴിയില്ല. മിക്കവാറും അങ്കണവാടികൾക്ക് രണ്ടും മൂന്നും സെന്റ് സ്ഥലമാണുള്ളത്. ഇതൊരു വലിയ പ്രശ്നമായി ഗവൺമെന്റിന്റെ മുമ്പിലുണ്ട്. പത്ത് സെന്റ് സ്ഥലമെങ്കിലുമുള്ളിടത്താണ് ഞാൻ നേരത്തെ പറഞ്ഞ പദ്ധതികൾ ആദ്യം തുടങ്ങാനുദ്ദേശിക്കുന്നത്. കാരണം, നമ്മുടെ മാസ്റ്റർപ്ലാൻ അനുസരിച്ച് ചെയ്യുന്നതിന് പത്ത് സെന്റ് സ്ഥലമെങ്കിലും ആവശ്യമാണ്. എന്നാൽ സ്ഥലം വാങ്ങാനാവശ്യമായ ഫണ്ട് വകുപ്പിന്റെ കൈവശമില്ല. അങ്ങനെയൊരു ഓർഡർ ഇറക്കാനും കഴിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇക്കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നതാണ്. ഇപ്പോൾ ധാരാളം കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി സി.എസ്.ആർ. ഫണ്ടും നല്ലവരായ നാട്ടുകാരുടെ സംഭാവനയുമൊക്കെ ലഭിക്കുന്നുണ്ട്. അപൂർവ്വമായിട്ടാണെങ്കിലും പത്ത് സെന്റ് സ്ഥലം സംഭാവനയായി ലഭിച്ച സന്ദർഭമുണ്ടായിട്ടുണ്ട്. ഇപ്പോഴും അങ്ങനെ ലഭിക്കുന്നുണ്ട്. അത് പ്രോത്സാഹിപ്പിച്ചുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും സഹായങ്ങൾ സ്വീകരിച്ചുകൊണ്ടും നാട്ടിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടും ഇപ്പോൾ ഒരു ശ്രമം നടത്താൻ സാധിക്കും. വകുപ്പിനെ സംബന്ധിച്ചിടത്തോളം ഭൂമി വാങ്ങാനുള്ള ഓർഡർ പുറപ്പെടുവിക്കാൻ നിർവ്വാഹമില്ല. എങ്കിലും വനിതാ-ശിശുവികസന വകുപ്പ് പത്ത് സെന്റ് സ്ഥലമെങ്കിലും കണ്ടെത്താനുള്ള പ്രയത്നത്തിലാണ്.

ശ്രീമതി യു. പ്രതിഭ: സർ, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമത്തിനായി വ്യത്യസ്തങ്ങളായ നിരവധി പദ്ധതികളാണ് വനിതാക്ഷേമ വകുപ്പ് ആരംഭിച്ചിട്ടുള്ളത്. അതിൽ ഏറ്റവും ശ്രദ്ധേയമായ 'ശരണബാല്യം, അമ്മയും കുഞ്ഞും, ഷീ ലോഡ്ജ്, എന്റെ കൂട് എന്നീ പദ്ധതികളെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് 'എന്റെ കൂട്'. രാത്രികാലങ്ങളിൽ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും സുരക്ഷിതമായ വാസസ്ഥലമെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി തുടങ്ങിയിട്ടുള്ളത്. അതിന് പ്രത്യേക അഭിനന്ദനം അറിയിക്കുകയാണ്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നഗരഹൃദയങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങളുണ്ട്. ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ, നഗരഹൃദയത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലമായി 4200-ഉം 4800-ഉം സ്ക്വയർഫീറ്റ് വീതമുള്ള രണ്ട് കെട്ടിടങ്ങൾ അടച്ചിട്ട നിലയിലാണ്. അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് അധികം പണച്ചെലവില്ലാതെ 'എന്റെ കൂട് പദ്ധതി നടപ്പാക്കാനുള്ള നിർദ്ദേശം വകുപ്പിൽനിന്ന് നൽകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലും 'എന്റെ കൂട്' പദ്ധതി ആരംഭിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്ന സമയത്ത് ചില കാര്യങ്ങളൊക്കെ നോക്കേണ്ടതായിട്ടുണ്ട്. സുരക്ഷിതത്വം ഒരു പ്രധാന ഘടകമാണ്. ധാരാളം ജീവനക്കാരെ ഇതിനായി നിയോഗിക്കാൻ സാധിക്കില്ല. തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ ഈ പദ്ധതി ആരംഭിച്ചതുകൊണ്ട് സുരക്ഷയൊരുക്കാൻ വളരെ എളുപ്പമാണ്. അതുപോലെ സുരക്ഷയൊരുക്കാൻ സൗകര്യപ്രദമായ സ്ഥലമാണ് കണ്ടെത്തേണ്ടത്. ഏതായാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്ഥലം സൗകര്യപ്രദമാണെങ്കിൽ അവിടെ 'എന്റെ കൂട്' പദ്ധതി ആരംഭിക്കുന്ന കാര്യം പരിശോധിക്കാം.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനിതകൾക്കും കുട്ടികൾക്കും പ്രത്യേകമായി ഒരു വകുപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്നത് വളരെ അഭിനന്ദനാർഹമായ കാര്യമാണ്. അട്ടപ്പാടി, വയനാട്, ഇടുക്കി പോലെയുള്ള ജില്ലകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾ ആശുപത്രികളിൽ പോകാൻ കൂട്ടാക്കുന്നില്ല. അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൗൺസിലിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വനിതാ-ശിശുവികസന വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് ഒരു പദ്ധതി ഇപ്പോൾത്തന്നെ തുടങ്ങിയിട്ടുണ്ട്. എസ്.ടി. വിഭാഗത്തിൽപ്പെട്ട ആളുകൾ പാർക്കുന്ന പ്രദേശങ്ങളിൽനിന്നു ആശാ വർക്കർമാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകി ഗർഭിണികളെ പരിചരിക്കുന്നതിനും ആശുപത്രിയിലെത്തിക്കുന്നതിനും ആദിവാസി സ്ത്രീകളുടെ എല്ലാ ആരോഗ്യ-മാനസിക പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും 'ഊരുമിത്രം ആശ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടായി വയനാട് ജില്ലയിൽ തുടങ്ങിയ പദ്ധതി ഇപ്പോൾ കണ്ണൂർ ജില്ലയിലെ ആറളത്തും തുടങ്ങിയിട്ടുണ്ട്. അതുപോലെ അട്ടപ്പാടിയിൽ ഇനി തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ട്. പദ്ധതിയുടെ തുടക്കത്തിൽത്തന്നെ നല്ല പ്രതികരണമാണുണ്ടാകുന്നത്. ആരോഗ്യ വകുപ്പുംകൂടി ബന്ധപ്പെട്ടുകൊണ്ടാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സ്ത്രീ സംരക്ഷണം പോലെയാണ് സ്ത്രീ സുരക്ഷിതത്വവും. കൊച്ചുകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പോക്സോ നിയമമുണ്ട്. അതനുസരിച്ച് കുറേ കാര്യങ്ങളും നടക്കുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് മാധ്യമങ്ങളിൽ ധാരാളം

വാർത്തകൾ വരുന്നുണ്ട്. വിഷ്വൽ ചാനലുകളിലും ക്രൈം ന്യൂസിലുമെല്ലാം റിപ്പോർട്ട് ചെയ്യുന്ന കേസ്സുകളിൽ മഹാഭൂരിപക്ഷവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളാണ്. WIT (Woman Investigation Team) എന്ന പേരിൽ ഒരു ഇൻവെസ്റ്റിഗേഷൻ ടീമിനെ നേരത്തെ തീരുമാനിച്ചിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ ടീമിന്റെ പ്രവർത്തനം എങ്ങനെയാണ്? ഒരു കേസിലും ആ ടീമിനെ നിയോഗിച്ചതായി കാണുന്നില്ല. സ്ത്രീ ഉദ്യോഗസ്ഥരോടാണെങ്കിൽ പെൺകുട്ടികൾ അവരുടെ കാര്യങ്ങൾ സ്വാതന്ത്ര്യത്തോടെ തുറന്നുപറയും. അങ്ങനെയൊരു നിലപാടുണ്ടായിരുന്നത് എന്തുകൊണ്ടാണ് നിർത്തിവച്ചത്? അങ്ങേയ്ക്ക് നേരിട്ട് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇക്കാര്യത്തിൽ ഇടപെടാൻ സാധിക്കും. അതുകൊണ്ട് സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കാൻ വുമൻ ഇൻവെസ്റ്റിഗേഷൻ ടീം പോലെയുള്ള ഒരു സംവിധാനമുണ്ടാക്കുന്നതിന് തയ്യാറാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരം കാണുന്നതിനുവേണ്ടി 'മിത്ര 181' എന്ന ടോൾ ഫ്രീ നമ്പർ കൊടുത്തുകൊണ്ട് കഴിഞ്ഞവർഷം ഒരു ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. അതുവഴി ലക്ഷക്കണക്കിന് കോളുകൾ ഇപ്പോൾത്തന്നെ വന്നുകഴിഞ്ഞു. അതിലൂടെ ലഭിക്കുന്ന വിവരങ്ങൾ നിർഭയ ഹോമിൽ എത്തിക്കേണ്ടതാണെങ്കിൽ അവിടെയും പോലീസുമായി ബന്ധപ്പെട്ടതാണെങ്കിൽ അങ്ങനെയും വേറെ ഏതെങ്കിലും തരത്തിലുള്ള കൗൺസിലിംഗ് കൊടുക്കേണ്ടതാണെങ്കിൽ ആ രീതിയിലും പ്രശ്നങ്ങൾ വിശകലനം ചെയ്ത് ബന്ധപ്പെട്ട ഓരോ കേന്ദ്രത്തിലും കൊടുത്ത് പരിഹരിച്ചു കൊണ്ടിരിക്കുകയാണ്. അതുപോലെ നിർഭയ ഹോമിൽ താമസിക്കുന്ന കുട്ടികൾക്കുവേണ്ടി രണ്ടുമൂന്ന് പുതിയ പദ്ധതികൾ സർക്കാർ തുടങ്ങിയിട്ടുണ്ട്. അതിലൊന്നാണ് 'തേജോമയ' പദ്ധതി. ഐ.എ.എസ്.-നും എൽ.എൽ.ബി.-ക്കും പോകാൻ ആഗ്രഹിക്കുന്ന പ്രഗത്ഭരായ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിന് തേജോമയ ഹോമിലേയ്ക്ക് മാറ്റിപ്പാർപ്പിച്ച് പ്രത്യേകം പരിശീലനം കൊടുക്കുന്ന തരത്തിലാണ് 'തേജോമയ പദ്ധതി' ആരംഭിച്ചിട്ടുള്ളത്. സമയക്കുറവുകൊണ്ട് മറ്റുള്ള പദ്ധതികളെക്കുറിച്ച് വിശദീകരിക്കുന്നില്ല. പോലീസിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. പോലീസിൽ വനിതാ ബറ്റാലിയൻ തുടങ്ങിയിട്ടുണ്ട്. സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ വളരെ പെട്ടെന്നുതന്നെ

കുറ്റവാളികളെ അറസ്റ്റുചെയ്യുന്ന രീതിയിൽ പോലീസിന്റെ ഇൻവെസ്റ്റിഗേഷൻ ശക്തിപ്പെട്ടിട്ടുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ടുതന്നെ വനിതാ-ശിശുവികസന വകുപ്പിന് ആശ്വാസമുണ്ട്. കുറ്റകൃത്യങ്ങളില്ലാതായിട്ടുണ്ടെന്ന് പറയുന്നില്ല. ഇപ്പോഴും കുറ്റകൃത്യങ്ങൾ നടക്കുന്നുണ്ടെങ്കിലും വളരെ പെട്ടെന്നുതന്നെ ആക്ഷനെടുക്കുന്നതുകൊണ്ട് ഇത്തരം കുറ്റകൃത്യങ്ങൾക്ക് അല്പം ശമനമുണ്ടായിട്ടുണ്ട്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, മാതൃ-ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിൽ നല്ല പ്രവർത്തനം നടത്തുന്നവരാണ് ആശാ വർക്കർമാർ. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അവരുടെ ഓണറേറിയം നാമമാത്രമായിട്ടെങ്കിലും വർദ്ധിപ്പിച്ചത്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് കുറേയേറെ നിർദ്ദേശങ്ങളടങ്ങിയ പുതിയ സർക്കുലർ ഇറക്കിയതിനാൽ ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് ജോലി ചെയ്യുന്നതിന് ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. അവർ ചെയ്യുന്ന ജോലിക്കനുസരിച്ചുള്ള ഓണറേറിയം ഇപ്പോഴും ലഭ്യമാകുന്നില്ല. ആശാ വർക്കാർമാരെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി കരുതി അവരെ പരമാവധി സഹായിക്കാൻ കഴിയത്തക്കനിലയിൽ അവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ആശാ വർക്കർമാർക്ക് നാമമാത്രമായ വർദ്ധനവാണുണ്ടായതെന്ന് പറയുന്നത് ശരിയല്ല. അവർക്ക് ജീവിക്കാനാവശ്യമായ വരുമാനമുണ്ടാക്കിക്കൊടുക്കുന്ന രീതിയിൽ വർദ്ധനവുണ്ടായില്ലെന്നുള്ളത് ശരിയാണ്. അവർക്ക് 1000 രൂപയായിരുന്നു ഓണറേറിയമായി പ്രഖ്യാപിച്ചിരുന്നത്. പലപ്പോഴും അത് കിട്ടാറില്ല. കാരണം, ഉത്തരേന്ത്യൻ മാനദണ്ഡമനുസരിച്ചായിരുന്നു ഇൻസെന്റീവ് കൊടുത്തിരുന്നത്. ഒരു ഗർഭിണിയായ സ്ത്രീയെ ആശുപത്രിയിലെത്തിച്ചാൽ 100 രൂപയാണ്. കേരളത്തെ സംബന്ധിച്ച് ഗർഭിണികളെ ആശാ വർക്കർമാർ ആശുപത്രിയിലെത്തിക്കേണ്ട കാര്യമില്ല. അതുകൊണ്ട് അവർക്ക് ആ പണം കിട്ടാനും വഴിയില്ല. അതുകൊണ്ട് അങ്ങനെയുള്ള മാനദണ്ഡങ്ങളൊക്കെ മാറ്റി ഓണറേറിയത്തിൽ പ്രകടമായ വർദ്ധനവാണുണ്ടാക്കിയത്. ആശാ വർക്കർമാരുടെ ഓണറേറിയം 1000 രൂപയിൽനിന്ന് 4000 രൂപയാക്കി വർദ്ധിപ്പിച്ചു. രണ്ട് വർഷത്തിനിടയിൽ അതൊരു നാമമാത്രമായ വർദ്ധനവാണെന്ന് തോന്നുന്നില്ല. ഇൻസെന്റീവിന്റെ കാര്യത്തിൽ കേരളത്തിന്റെ സാഹചര്യത്തിനനുസരിച്ച് ആശാ വർക്കർമാർ ചെയ്യേണ്ട ഡ്യൂട്ടിയിൽ വ്യക്തമായ രൂപരേഖ തയ്യാറാക്കാനുള്ള തീരുമാനമെടുക്കുകയും നന്നായി വർക്ക് ചെയ്യുന്ന ആശാ വർക്കർമാർക്ക് 6000-ത്തിനും 7000-ത്തിനുമിടയിൽ ഇൻസെന്റീവ് കിട്ടാൻ സാദ്ധ്യതയുള്ള

രീതിയിലാക്കിയിട്ടുമുണ്ട്. ഇൻസെന്റീവ് എല്ലാവർക്കും ഒരുപോലെയല്ല ലഭിക്കുന്നത്. ഈ മാനദണ്ഡമനുസരിച്ച് നന്നായി വർക്ക് ചെയ്യുന്ന ആളുകൾക്ക് 6000 രൂപയ്ക്കു മുകളിൽ ഇൻസെന്റീവ് ലഭിക്കാൻ സാധിക്കുന്ന രീതി ഇപ്പോൾ വന്നിട്ടുണ്ട്. ആശാ വർക്കർമാരെ പരിശീലിപ്പിച്ച് ആരോഗ്യ വകുപ്പിന്റെ ഭാഗമാക്കി നിർത്തി അവരുടെ പ്രവൃത്തിയിൽ കുറേക്കൂടി നല്ല മാനദണ്ഡമുണ്ടാക്കിക്കൊണ്ട് മുന്നോട്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നമ്മുടെ നാട്ടിൽ ജെ.ജെ.ആക്ട് പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ നിലവിലുണ്ട്. പക്ഷേ ഇപ്പോൾ ആ കമ്മിറ്റികളുടെ കാലാവധി അവസാനിച്ചിരിക്കുകയാണ്. ക്വാസി ജുഡീഷ്യൽ ഏജൻസിയാണ് ഇപ്പോൾ കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയും കേൾക്കുകയുമൊക്കെ ചെയ്യുന്നത്. ക്വാസി ജുഡീഷ്യൽ ഏജൻസി കൃത്യമായ രൂപത്തിലല്ല നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റി പെട്ടെന്ന് രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? അതോടൊപ്പം പോക്സോ കോടതികൾ ഇന്ന് നിലവിലില്ല. 5 വയസ്സാകുന്ന ഒരു കുട്ടി പീഡനം ഏൽക്കേണ്ടിവരുമ്പോൾ, ഇന്നത്തെ ജുഡീഷ്യൽ സംവിധാനമനുസരിച്ച് അഞ്ചോ ആറോ വർഷം കഴിഞ്ഞാണ് ആ കുട്ടികൾ കോടതി മുമ്പാകെ എത്തുന്നത്. അതുകൊണ്ട് കുട്ടികളിൽ വല്ലാത്ത ഒരു സൈക്കോളജിക്കൽ ഡിസാസ്റ്ററിംഗ് നടക്കുകയാണ്. അത് പരിഹരിക്കാനാവശ്യമായ പോക്സോ കോടതികൾ എല്ലാ ജില്ലാതലങ്ങളിലും നിർമ്മിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സി.ഡബ്ല്യു.സി.യുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ജില്ലാതലത്തിൽ സി.ഡബ്ല്യു.സി. രൂപീകരിക്കാൻ പ്രയാസമുണ്ടായിരുന്നു. കാരണം കോടതിയിൽ കേസ്സ് നിലനിന്നിരുന്നു. ഇപ്പോൾ ആ കേസ്സുകളെല്ലാംതന്നെ കോടതികളിൽനിന്നും ഒഴിവായിട്ടുണ്ട്. സി.ഡബ്ല്യു.സി. രൂപീകരിക്കുന്നതിനാവശ്യമായിട്ടുള്ള സെർജൻ സെലക്ട് കമ്മിറ്റി രൂപീകരിക്കുന്നതിനുവേണ്ടി അതിന്റെ ചെയർമാനായി ജസ്റ്റീസ് ശ്രീ. കെ. മോഹനെ നിശ്ചയിച്ചിട്ടുണ്ട്. ഇപ്പോൾ അതിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. വളരെപ്പെട്ടെന്നുതന്നെ സി.ഡബ്ല്യു.സി.-കൾ രൂപീകരിക്കുവാൻ സാധിക്കും. അവ വന്നുകഴിഞ്ഞാൽ ഈ പ്രവർത്തനങ്ങൾക്ക് നല്ല ഫലമുണ്ടാകും. ഇപ്പോൾ ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ വളരെ നല്ല പ്രവർത്തനങ്ങൾ നടത്തിത്തുടങ്ങിയിട്ടുണ്ട്. പുതിയ ബാലാവകാശ കമ്മീഷൻ വന്നതിനുശേഷം വളരെ നല്ല നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

പോക്സോ കോടതികളുടെ കാര്യം ശരിയാണ്. നമുക്ക് അത്യന്താധുനികമായിട്ടുള്ള പോക്സോ കോടതികൾ ജില്ലകളിൽ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് എറണാകുളം ജില്ലയിൽ ഒരു ആധുനിക ലോകോത്തര നിലവാരത്തിലുള്ള പോക്സോ കോടതി നിർമ്മിക്കുവാനായിട്ടുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അവിടെ കുട്ടികളെ തെളിവെടുക്കുന്നതെല്ലാം ശാസ്ത്രീയമായ രീതിയിൽ ആയിരിക്കും. അതിന്റെ മാസ്റ്റർപ്ലാൻ ഏകദേശം തയ്യാറായിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങുകയാണ്. അത് ഇന്റർനാഷണൽ ലെവലിലുള്ള കുട്ടികളുടെ കോടതി ആയിരിക്കണമെന്നാണ് കരുതുന്നത്. അതിന്റെ നടപടിക്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഇപ്പോൾ നടന്നുവരുന്ന പ്രക്ഷോഭ സമരങ്ങളിൽ കുട്ടികളെ കവചമാക്കുന്ന ഒരു പുതിയ തന്ത്രം ഉയർന്നു വന്നിരിക്കുകയാണ്. ശബരിമല സമരത്തിൽ നമ്മളത് കാണുകയുണ്ടായി. കുട്ടികൾക്കു നേരെയുള്ള ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, തീർച്ചയായിട്ടും ജെ.ജെ. ആക്ടും ബാലാവകാശ നിയമങ്ങളുമെല്ലാം ഉണ്ടാക്കുന്നത് കുട്ടികളെ ഇതുപോലുള്ള കാര്യങ്ങൾക്ക് പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ അവരെ ബുദ്ധിമുട്ടിക്കുകയോ ചെയ്യാതിരിക്കുന്നതിനുവേണ്ടിയാണ്. പക്ഷേ, ഭക്തിയുടെ കാര്യം വരുമ്പോൾ ഇതെല്ലാം ആളുകൾ മറ്റ് രീതിയിലാണല്ലോ പ്രചരിപ്പിക്കുന്നത്. കുട്ടികളെ കവചമാക്കുന്ന രീതി വന്നാൽ അതിനനുസരിച്ച് നടപടിയെടുക്കേണ്ടതായി തന്നെ വരും. പക്ഷേ ഭക്തരായി വരുന്ന കുട്ടികൾ അവരുടെ രക്ഷിതാക്കളുടെ കൂടെ വരുന്നതാണ്. നേരത്തെ ഞാൻ പറഞ്ഞ 'ശരണബാല്യം' പദ്ധതി യഥാർത്ഥത്തിൽ ശബരിമല പരിസരത്ത് കണ്ട ചില ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ഞങ്ങൾ തുടങ്ങിയതാണ്. അതായത് കുട്ടികളെ മറ്റ് സംസ്ഥാനത്ത് നിന്നും കൊണ്ടുവന്ന് മാലയും വളകളുമൊക്കെ വിൽക്കുന്നതിന് നടത്തിക്കുക; അവർ വൈകുന്നേരം വരെ നടന്ന് ഇതെല്ലാം വിൽക്കുക; എന്നിട്ട് ഏതെങ്കിലും ഒരു ടെന്റിൽ പ്രായമുള്ള ആളുകളോടൊപ്പം തന്നെ കഴിയുക. ചിലപ്പോൾ അവർ ബന്ധുക്കളൊന്നും ആയിരിക്കില്ല. അങ്ങനെ കുട്ടികൾ പലതരത്തിലുമുള്ള പീഡനത്തിന് വിധേയരാകുകയാണ്. 'ശരണബാല്യം' പദ്ധതി പത്തനംതിട്ട ജില്ലയിലാണ് ആദ്യം പ്രഖ്യാപിച്ചത്. ആദ്യവർഷം തന്നെ 35 കുട്ടികളെ അപകടകരമായ സാഹചര്യത്തിൽ നിന്ന് മോചിപ്പിക്കുവാൻ സാധിച്ചു. അപ്പോൾ കുട്ടികളെ ഏത് കാര്യത്തിനായാലും ഷീൽഡ് ആക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കില്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ കുട്ടികൾക്ക് നേരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. ഇതിനോടൊപ്പം തന്നെ കുട്ടികളെ കരുവാക്കിക്കൊണ്ട് ധാരാളം അശ്ലീല സൈറ്റുകൾ നിലവിലുണ്ട്. അത് നിരോധിക്കുമെന്ന് കേന്ദ്രസർക്കാർ ആവർത്തിച്ച് പറയുന്നുണ്ടെങ്കിലും നടപടികളുണ്ടാകുന്നില്ല. ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതോടൊപ്പം തന്നെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളിൽ അറസ്റ്റ് നടക്കുന്നുണ്ടാകാം; പക്ഷേ, നിയമനടപടികൾ അനന്തമായി നീണ്ടുപോകുകയാണ്. ഇത് വേഗത്തിലാക്കാൻ ഗവൺമെന്റ് എന്ത് ചെയ്യാനാണുദ്ദേശിക്കുന്നത് ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ആഭ്യന്തര വകുപ്പ് ഇതിൽ നല്ല ശ്രദ്ധ ചെലുത്തുന്നുണ്ട്. കേസിന്റെ ഇൻവെസ്റ്റിഗേഷൻ വേഗത്തിലാക്കുന്നതിനും കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനും കാലതാമസമുണ്ടാകരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെതന്നെ നിർദ്ദേശമുണ്ട്. ആ രീതിയിൽ കാര്യങ്ങൾ കുറേക്കൂടി വേഗത്തിലായിട്ടുണ്ടെന്ന് തന്നെയാണ് കാണുവാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അശ്ലീല സൈറ്റുകളുടെ കാര്യം വലിയ പ്രശ്നം തന്നെയാണ്. കുട്ടികളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പോൺ സൈറ്റുകൾ ധാരാളമായി വരുന്നു. പക്ഷേ ഇപ്പോൾ അതിനും ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. ഞങ്ങളുടെ ശ്രദ്ധയിൽ വരുന്ന ഇത്തരം കാര്യങ്ങളിൽ സൈബർ വകുപ്പിന്റെ ഇടപെടൽകൂടി നടത്തുന്നുണ്ട്. ആ രീതിയിൽ പോലീസ് ഡിപ്പാർട്ടുമെന്റ് ഇക്കാര്യത്തിൽ ശക്തമായി ഇടപെടുന്നുണ്ട്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, പൊതു സ്ഥലങ്ങളിൽ ടോയ്‌ലറ്റ് ഇല്ലാത്തത് നമ്മുടെ നാട്ടിലെ സ്ത്രീകളും പെൺകുട്ടികളും അനുഭവിക്കുന്ന ഏറ്റവും വലിയൊരു പ്രശ്നമാണ്. പ്രത്യേകിച്ച് നമ്മുടെ സ്ത്രീകൾ രാവിലെ മുതൽ വൈകുന്നേരംവരെ ജോലിക്കോ അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്കോ പോയിക്കഴിഞ്ഞാൽ വൈകുന്നേരം വരെ പലപ്പോഴും ഇത് ഹോൾഡ് ചെയ്യേണ്ട ഒരു സാഹചര്യമുണ്ട്. അതുകൊണ്ടുതന്നെ യൂറിനറി, കിഡ്നി പ്രോബ്ലങ്ങൾ ധാരാളമായി വരുന്നുണ്ട്. പിരീഡ്സ് സമയത്ത് ഹൈജീനിക്കായിട്ട കാര്യങ്ങൾ ചെയ്യുവാൻ കഴിയുന്ന സാഹചര്യം പോലുമില്ല. അതുകൊണ്ട് പബ്ലിക് ടോയ്‌ലറ്റ് എൻഷ്വർ ചെയ്യുവാൻ പറ്റുന്ന തരത്തിലുള്ള എന്തെങ്കിലും പോളിസിയോ പ്രോഗ്രാമോ ഉണ്ടാകുമോ?

<u>മി. സ്പീക്കർ</u>: ഈ ചോദ്യവുമായി ബന്ധപ്പെട്ട ബില്ലാണിന്ന് ഇവിടെ വരുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വനിതാ-ശിശു വികസന വകുപ്പിന്റെ ഭാഗമായി വനിതാ വികസന കോർപ്പറേഷൻ പൊതുസ്ഥലത്തും സ്കൂളുകളിലുമെല്ലാംതന്നെ ഷീ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്നുണ്ട്. അതിന്റെ മെയിന്റനൻസ് ഒരു പ്രധാന പ്രശ്നമാണ്. അത് ഓട്ടോമാറ്റിക്കായി വൃത്തിയാകുമെങ്കിലും ഇടയ്ക്കിടെ ഹൈജീനിക്കാക്കിയില്ലെങ്കിൽ പ്രശ്നം വരും. അതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വലിയ പങ്കാളിത്തം ആവശ്യമാണ്. ചിലയിടങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഇടപെട്ട് നഗരങ്ങളിലും മറ്റും ഇത്തരത്തിലുള്ള പബ്ലിക് ടോയ്‌ലറ്റ് സ്ത്രീകൾക്ക് പ്രത്യേകിച്ച് നിർമ്മിക്കുന്നുണ്ട്. അതൊരു വലിയ വിഷയമായി തന്നെ എടുക്കേണ്ടതാണ്. വിവിധ വകുപ്പുകളുടെ സംയോജനത്തോടുകൂടി പബ്ലിക് ടോയ്‌ലെറ്റുകൾ ഫലപ്രദമായി നിർമ്മിക്കുന്നതിന് നാം നടപടി സ്വീകരിച്ചേ മതിയാകൂ.

## പൊതുവിതരണരംഗം കാര്യക്ഷമമാക്കുന്നതിന് നടപടി

3 (*152) ശ്രീമതി സി. കെ. ആശ:

ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പൊതുവിതരണരംഗം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുമ്പോഴുണ്ടാകാവുന്ന ന്യൂനതകൾ ചൂണ്ടിക്കാട്ടുന്നതിനും ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുമുള്ള സംവിധാനം കാര്യക്ഷമമാണോയെന്ന് അറിയിക്കുമോ;

(ഡി) നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഭക്ഷ്യ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണം കാര്യക്ഷമമാക്കുന്നതിനായി അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി, ആതറൈസ്ഡ് ഏജൻസി (സപ്ലൈകോ) മുഖേന സ്റ്റോക്ക് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടന്നുവരുന്നു, ഇ-പോസ് സംവിധാനം ഏർപ്പെടുത്തി, പരാതി പരിഹാര സംവിധാനത്തിന് ജില്ലാതലത്തിൽ ഡി.ജി.ആർ.ഒ.-മാരായി എ.ഡി.എം.മാരെ നിയമിച്ചു, സംസ്ഥാന ഭക്ഷ്യ കമ്മീഷനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ നിയമിച്ചു. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി ആരംഭിച്ചു, ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ലെ വകുപ്പ് 40 പ്രകാരം സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 പ്രസിദ്ധീകരിച്ചു. പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി. തുടർച്ചയായ പുനരവലോകനം നടത്തുന്നതിന് കേരള സർവ്വകലാശാലയെ ചുമതലപ്പെടുത്തി. റേഷൻ കാർഡ് സംബന്ധമായ അപേക്ഷകളെല്ലാം ഓൺലൈനായി സ്വീകരിച്ച് കാർഡ് വിതരണം നടന്നുവരുന്നു. ഭക്ഷ്യധാന്യം വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നതുവരെയുള്ള കാര്യങ്ങൾ ട്രാൻസ്പരൻസി പോർട്ടലിലൂടെ ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭക്ഷ്യ കമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നതിന് നടപടികൾ ആരംഭിച്ചു. മൊത്തത്തിൽ പൊതുവിതരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ഈ നടപടികൾ കൊണ്ട് കഴിയുന്നതാണ്.

(ബി&സി) ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സമ്പൂർണ്ണമായി നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി മാറിയിട്ടുണ്ട്. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ റേഷൻ കടകൾ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്തുവരികയും ചെയ്യുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 7-1-2017-ലെ 1/17 സർക്കുലർ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പു വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ 1966-ലെ കേരളാ റേഷനിംഗ് ഓർഡർ, 1955-ലെ അവശ്യസാധന നിയമം എന്നിവ അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

റേഷൻ കടകളിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധനാ വേളയിൽ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിന് പുറമേ ഉപഭോക്താക്കളുടെ പ്രതിമാസ റേഷൻ വിഹിതം സംബന്ധിക്കുന്ന വിവരങ്ങൾ എസ്.എം.എസ്. ആയി അറിയിക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്നതുവരെയുള്ള കാര്യങ്ങൾ ട്രാൻസ്പരൻസി പോർട്ടൽ വഴി ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്.

(ഡി) ഉണ്ട്. എൻ.എഫ്.എസ്.എ. മേനംകുളം/മാവേലിക്കര തുടങ്ങിയ ഗോഡൗണുകളിലെ ചാർജുള്ള ഓഫീസർമാരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. സർക്കാർ തലത്തിലും വകുപ്പ് വിജിലൻസ് തലത്തിലും പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) ഭക്ഷ്യവകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പൊതു വിതരണ വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം വളരെ ശക്തമാണ്. ഫർക്കയിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ, താലൂക്കിൽ താലൂക്ക് സപ്ലൈ ഓഫീസർമാർ, ജില്ലയിൽ ജില്ലാ സപ്ലൈ ഓഫീസർമാർ, രണ്ടു മേഖലകളിലായി ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, സംസ്ഥാനത്ത് റേഷനിംഗ് കൺട്രോളർ എന്നിങ്ങനെയാണ് വകുപ്പിലെ പരിശോധനാ സംവിധാനത്തിന്റെ രീതി. കൂടാതെ ഓണം പോലുള്ള ഉത്സവ സമയങ്ങളിൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ പരിശോധനാ വിഭാഗങ്ങൾ രൂപീകരിച്ച് കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ട്. ഇ-പോസ് മുഖാന്തരം റേഷൻവിതരണം ആരംഭിച്ചപ്പോൾ ഓരോ മാസവും സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ഓരോ റേഷൻകട വീതം തെരഞ്ഞെടുത്ത് ടി കടയിലെ കാർഡുടമകളെ നേരിൽക്കണ്ട് മൊഴി രേഖപ്പെടുത്തി ആയതിൻപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഫലമായി എട്ട് റേഷൻ കടകളുടെ അംഗീകാരം കമ്മീഷണറേറ്റ് തലത്തിൽ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. ജില്ലകളിൽ 155 റേഷൻ കടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 54 |
| കൊല്ലം | 31 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 8 |
| കോട്ടയം | 7 |
| ഇടുക്കി | 3 |
| എറണാകുളം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 8 |
| മലപ്പുറം | 11 |
| കോഴിക്കോട് | 14 |
| വയനാട് | 0 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 0 |

കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ഡെപ്യൂട്ടി കൺട്രോളർമാർ വരെയുള്ള ഉദ്യോഗസ്ഥരുടെ യാത്രാ ഡയറി കൃത്യമായി അവലോകനം ചെയ്ത് തുടർനടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവശ്യസാധനങ്ങൾക്ക് വിലവർദ്ധനവുണ്ടാകാത്ത രീതിയിൽ കമ്പോളത്തിൽ ഇടപെടാൻ അങ്ങേയ്ക്ക് സാധിച്ചതിന് ഞാൻ പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. എന്റെ ചോദ്യം, സിവിൽ സപ്ലൈസിനുവേണ്ടി ആട്ട തയ്യാറാക്കുന്നതിന്റെ ഒരു പരസ്യ വീഡിയോ പുറത്തിറങ്ങിയശേഷം അതിന്റെ ഗുണനിലവാരത്തെപ്പറ്റി ഉപഭോക്താക്കളിൽ നല്ലൊരു അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. അതിനുശേഷം ആട്ടയ്ക്ക് നല്ല ഡിമാന്റാണുള്ളത്. എന്നാൽ ഡിമാന്റിനനുസരിച്ച് സപ്ലൈ ഇല്ലാത്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാവർക്കും ആവശ്യത്തിനനുസരിച്ച് ആട്ട ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, നോൺ പ്രയോറിറ്റി വിഭാഗത്തിലെ കാർഡുടമകൾക്ക് മാത്രമാണ് ആട്ട ഇപ്പോൾ വിതരണം ചെയ്തുവരുന്നത്. അവർക്കായി അലോട്ട് ചെയ്തിട്ടുള്ള ഗോതമ്പ് മാത്രമാണ് ഇപ്പോൾ ആട്ടയ്ക്കുവേണ്ടി നാം വിനിയോഗിക്കുന്നത്. ഈ നടപടികളിലൂടെ കൂടുതൽ ആവശ്യക്കാർ ഇപ്പോൾ മുന്നോട്ടു വരുന്നതുകൊണ്ട് വിതരണം ചെയ്യുന്ന ആട്ട തികയാതെ വരുന്നുണ്ട്. അതുകൂടി പരിഗണിച്ച് ആട്ടയുടെ ഉല്പാദനം വർദ്ധിപ്പിക്കാനാവശ്യമായ കാര്യങ്ങളെക്കുറിച്ച് ആലോചിച്ചുവരുന്നു.

<u>ശ്രീമതി സി. കെ. ആശ:</u> സർ, ഭക്ഷ്യസുരക്ഷാ പദ്ധതി വിജയിപ്പിക്കാൻ നിർവ്വഹണ ഏജൻസിയായ റേഷൻകടക്കാരുടെ സഹായം ആവശ്യമാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; അതിനെപ്പറ്റി വിശദീകരിക്കാമോ? അതോടൊപ്പം തന്നെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് വഴി ഗൃഹോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സാധ്യതയുണ്ടോ; അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിവന്ന സന്ദർഭത്തിൽ റേഷൻ വ്യാപാരികളുടെ പ്രശ്നം വളരെ ഗൗരവതരമായി അവർ ഉന്നയിക്കുകയുണ്ടായി. അവർക്ക് നേരത്തെ ലഭിച്ചുകൊണ്ടിരുന്ന വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നുവെന്നതാണ് ഉന്നയിച്ചുപോരുന്ന പ്രധാനപ്പെട്ട ഒരു വിഷയം. ആ വിഷയത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവത്തോടുകൂടി ആലോചിക്കുകയും ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ നേരിട്ട് പങ്കെടുത്ത് അവർക്കുവേണ്ടി ഒരു പാക്കേജ് തയ്യാറാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. അത് നടപ്പിലാക്കിയപ്പോൾ ചില പോരായ്മകളുണ്ടായതിനാൽ അവകൂടി പരിഹരിച്ചുകൊണ്ട് ഇപ്പോൾ പുതിയൊരു പാക്കേജ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികൾക്ക് മാന്യമായ വേതനം ലഭിക്കത്തക്കവിധത്തിലുള്ള ഒരു പാക്കേജിനാണ് ഇപ്പോൾ രൂപം കൊടുത്തിട്ടുള്ളത്. ആ വിഷയത്തിൽ വളരെ നല്ല പ്രതികരണമുണ്ടായി നന്നായി മുന്നോട്ടുപോകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, 2013-ൽ പ്രഖ്യാപിക്കപ്പെട്ട ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കാനുള്ള ഭാരം വന്നുചേർന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനാണ്. എന്നിട്ടും ഈ ഗവൺമെന്റ് സാമൂഹ്യമായ ഉത്തരവാദിത്വം വളരെ സജീവമായി നടപ്പിലാക്കുകയും അത് വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തതിനെ അഭിനന്ദിക്കുകയാണ്. അതോടൊപ്പം റേഷൻ കാർഡ് സംവിധാനവും

ഏതാണ്ട് ശാസ്ത്രീയമായി നടപ്പിലാക്കുകയാണ്. ലൈഫ് പോലുള്ള പദ്ധതികൾ വരുമ്പോൾ ഒരു റേഷൻ കാർഡിന് ഒരു വീട് എന്ന സംവിധാനം വരുന്നുണ്ട്. അതുപോലെ ആനുകൂല്യങ്ങളും മറ്റും റേഷൻ കാർഡുമായി ബന്ധപ്പെട്ട് നിൽക്കുന്നതായതുകൊണ്ട് അദാലത്ത് പോലുള്ള സംവിധാനം ഏർപ്പെടുത്തി റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കെല്ലാം റേഷൻ കാർഡ് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, റേഷൻ കാർഡ് പുതുക്കി നൽകേണ്ടത് ഓരോ 5 വർഷം കൂടുമ്പോഴായിരുന്നു. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് പുതിയ റേഷൻ കാർഡ് വിതരണമാരംഭിച്ചത്. 80 ലക്ഷം റേഷൻകാർഡ് ആദ്യം വിതരണം ചെയ്തു. ബൈഫർക്കേറ്റ് ചെയ്ത് പുതിയ കുടുംബങ്ങളായി മാറിത്താമസിക്കുന്നവർക്കുള്ള റേഷൻകാർഡും കഴിഞ്ഞ നാലുവർഷമായി കൊടുക്കുന്നില്ലായിരുന്നു. ആ സാഹചര്യം കൂടി കണക്കിലെടുത്ത് നമ്മൾ അപേക്ഷ സ്വീകരിക്കുകയും ഇതുവരെ 15,21,952 അപേക്ഷകൾ ലഭിക്കുകയും ചെയ്തു. അതിൽ 11,95,000 അപേക്ഷകളും പുതിയ റേഷൻ കാർഡിനുവേണ്ടിയുള്ളതായിരുന്നു. അതിൽ ഏതാണ്ട് ആറര ലക്ഷത്തോളം (45%) കാർഡുകൾ ഇപ്പോൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി കാർഡുകളും അതാത് താലൂക്കിൽത്തന്നെ വേഗത്തിൽ വിതരണം ചെയ്യാനുള്ള നടപടികളെടുത്തിട്ടുണ്ട്. ഈ ഡിസംബർ മാസംകൊണ്ട് പരിപൂർണ്ണമായി റേഷൻകാർഡ് വിതരണം ചെയ്യണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിപോലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് വേണ്ടിവരുന്നവർക്ക് പ്രത്യേക പരിഗണന കൊടുത്ത് റേഷൻ കാർഡ് കൊടുക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, അതിഭീകരമായ പ്രളയദുരന്തത്തെത്തുടർന്ന് സൗജന്യറേഷൻ വിതരണം ചെയ്ത നടപടിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ അന്ന് നൽകിയ ഭക്ഷ്യവസ്തുക്കളുടെ വില നൽകണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ യു.ഡി.എഫ്., ബി.ജെ.പി.-യോടൊപ്പമാണോ എന്നുകൂടി ഞാൻ ഈ അവസരത്തിൽ ചോദിക്കുകയാണ്?

മി. സ്പീക്കർ: ഇതാണോ ചോദ്യം? ഇതിന് മന്ത്രി എങ്ങനെ മറുപടി പറയും?

ശ്രീ. ഇ. കെ. വിജയൻ: സർ, യു.ഡി.എഫ്.-നോട് അല്ല ചോദിച്ചത്? അക്കാര്യത്തിൽ യു.ഡി.എഫ് എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ യെന്നാണ്?

ശ്രീ. പി. തിലോത്തമൻ: സർ, നമുക്ക് പ്രളയകാലത്ത് കേന്ദ്രം അനുവദിച്ചത് 89,540 ടൺ അരിയും 12,000 കിലോ ലിറ്റർ മണ്ണെണ്ണയുമാണ്. ആ അരിക്ക് പ്രത്യേകമായ ഒരു വില, എം.എസ്.പി. ഡിറൈവ്ഡ് റേറ്റ് ഈടാക്കുമെന്നാണ് അതിന്റെ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. അനുവദിച്ച ധാന്യം സൗജന്യമായി നൽകണമെന്നഭ്യർത്ഥിച്ച് മുഖ്യമന്ത്രി വീണ്ടും പ്രധാനമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. എന്നാൽ ആ ഉത്തരവ് അതുപോലെതന്നെ നിലനിൽക്കുകയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഭക്ഷ്യസുരക്ഷയോടൊപ്പം ആരോഗ്യത്തിനും ശുചിത്വത്തിനും അതീവ ശ്രദ്ധ ചെലുത്തുന്ന സർക്കാരാണ് നമ്മുടേത്. റേഷൻ കടകൾക്ക് പുതിയ കാലഘട്ടത്തിൽ കാതലായ മാറ്റം വരുത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ റേഷൻ കടകളും ഹൈടെക് എന്നരീതിയിലുള്ള നടപടികൾക്കായി നാം ചിന്തിക്കേണ്ടതുണ്ട്. സ്ത്രീ വിവേചനത്തെക്കുറിച്ച് വ്യാപകമായ ചർച്ച നടത്തുന്ന ഈ സാഹചര്യത്തിൽ മിതമായ നിരക്കിൽ പൊതുവിതരണ സംവിധാനം വഴി നാപ്കിനുകൾ, ശുദ്ധമായ വെളിച്ചെണ്ണ എന്നിവ ലഭ്യമാക്കാനുള്ള പുതിയ രീതികൾ തുടരാൻ എന്തെങ്കിലും ആലോചന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, കേരളത്തിലെ 14,435 റേഷൻ കടകളാണ് നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിലെ ഏറ്റവും പ്രധാന കണ്ണികൾ. അവയുടെ നവീകരണം, വൈവിദ്ധ്യവൽക്കരണം എന്നിവ ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. അതിന്റെയടിസ്ഥാനത്തിൽ റേഷൻ കടകൾ നവീകരിക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകുകയും അവശ്യസാധനങ്ങളെല്ലാം ലഭ്യമാക്കാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുകയും ബഹുമാന്യനായ മുഖ്യമന്ത്രി അതിന്റെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ നടത്തുകയും ചെയ്തു. അത് വ്യാപകമായി നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. റേഷൻ കടകൾ ജനങ്ങൾ എപ്പോഴും ആശ്രയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പൊതുവിതരണ കണ്ണിയെന്ന നിലയിൽ ആ ശൃംഖലയെ കൂടുതൽ ശക്തമാക്കാനും നവീകരിക്കാനും വൈവിദ്ധ്യവൽക്കരിക്കാനും ഏറ്റവും സുതാര്യമായ പൊതുവിതരണക്രമം നടപ്പാക്കുന്നതിലൂടെ മുന്നോട്ട് കൊണ്ടുപോകാനുമാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ സ്വീകരിച്ച് ഓൺലൈനായി വിതരണം ചെയ്തു കൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ എല്ലാ താലൂക്ക് - സപ്ലൈ ഓഫീസുകളിലും നിരവധി അപേക്ഷകൾ ഇപ്പോഴും കെട്ടിക്കിടക്കുകയാണ്. ഈ

അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുണ്ടാക്കി റേഷൻകാർഡ് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ? മറ്റൊരു പ്രധാനപ്പെട്ട കാര്യം, പ്രവാസികൾ നമ്മുടെ രാജ്യത്തിന്റെ നട്ടെല്ലാണ്. അവരിൽ മഹാഭൂരിപക്ഷം പേരും തുച്ഛമായ വേതനത്തിന് അവിടെ ജോലി ചെയ്ത് കിട്ടുന്ന വരുമാനം വീട്ടിലേയ്ക്ക് അയയ്ക്കുന്നവരാണ്. അവർക്ക് റേഷൻ നിഷേധിക്കുന്ന ഒരു സമീപനം ഇപ്പോൾ കണ്ടുവരുന്നു. ഒരു പ്രവാസി കുടുംബനാഥനെന്നുള്ള ഒറ്റക്കാരണം പറഞ്ഞുകൊണ്ട് ആ കുടുംബത്തിന് റേഷൻ സാധനങ്ങൾ തടഞ്ഞുവച്ച സാഹചര്യമുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എൻ.ആർ.കെ.യ്ക്കുകൂടി റേഷൻ സാധനങ്ങൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, ലഭിച്ച അപേക്ഷകൾ പ്രോസസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. സമയബന്ധിതമായി റേഷൻകാർഡ് കൊടുത്ത് തീർക്കാനും അതിൽ കുറവ് ചെയ്യേണ്ടതും കൂട്ടിച്ചേർക്കേണ്ടതുമായ കാര്യങ്ങൾ കൂടി വേഗത്തിൽ തീർക്കാനുമാവശ്യമായ എല്ലാ ക്രമീകരണങ്ങളും വരുത്തിയിട്ടുണ്ട്. ഈ ഡിസംബർ മാസത്തോടുകൂടി എല്ലാം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആദ്യം മാനുവലായി അപേക്ഷ ക്ഷണിച്ചിരുന്ന സമയത്ത് 7 ലക്ഷം അപേക്ഷകൾ താലൂക്ക് - സപ്ലൈ ഓഫീസുകളിൽ കിട്ടി. പിന്നീടാണ് ഓൺലൈനായി അപേക്ഷ സ്വീകരിക്കാൻ തുടങ്ങിയത്. രണ്ടുംകൂടി ചേർന്നാണ് 12 ലക്ഷത്തിലധികം അപേക്ഷകൾ ഇപ്പോൾ ലഭിച്ചത്. അതാണ് ഇപ്പോൾ പ്രോസസ്സ് ചെയ്തു വരുന്നത്. ഭക്ഷ്യവകുപ്പിന് വളരെ ലിമിറ്റഡായിട്ടുള്ള ഉദ്യോഗസ്ഥ ന്മാരാണുള്ളത്. അവരെക്കൊണ്ട് പരമാവധി ജോലി ചെയ്യിപ്പിച്ചു കൊണ്ടിരിക്കുകയാണ്. വരുന്ന ഡിസംബർ മാസം കൊണ്ട് പൂർത്തിയാക്കണമെന്നുള്ള അടിസ്ഥാനത്തിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. അങ്ങ് പറഞ്ഞ, പ്രവാസികളായിട്ടുള്ള എൻ.ആർ.കെ രേഖപ്പെടുത്തിയ ആളുകളുടെ റേഷൻ കൊടുക്കാൻ കഴിയില്ല. എന്നാൽ പ്രവാസി ജീവിതം കഴിഞ്ഞ് തിരിച്ചെത്തുന്നവർ പ്രത്യേക അപേക്ഷ കൊടുത്താൽ അവർക്ക് റേഷൻ കിട്ടാനുള്ള സംവിധാനങ്ങൾ ഒരുക്കും. പ്രവാസിയായ ഒരാൾ ഇവിടെ കാണുകയില്ല, അദ്ദേഹത്തിനെന്തിനാണ് റേഷൻ കൊടുക്കുന്നത്. പ്രവാസജീവിതം അവസാനിപ്പിച്ച് ഇവിടെ വന്ന് താമസിക്കുകയാണെന്ന് പറഞ്ഞ് അപേക്ഷ കൊടുത്താൽ അദ്ദേഹത്തെ ഉൾപ്പെടുത്തും. എൻ.ആർ.കെ.-യിൽ ആ വ്യക്തിക്ക് മാത്രമാണ് റേഷൻ കുറവ് ചെയ്യുന്നത്.

<u>ശ്രീ. ബി. സത്യൻ:</u> സർ, റേഷൻ കാർഡിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി ഇപ്പോൾ ഓൺലൈൻ സിസ്റ്റം തുടർന്നുവരുന്നത് നല്ലതുതന്നെയാണ്. ഗുരുതരമായ രോഗം ബാധിച്ചവർക്കും സർജറി പോലുള്ള

ചികിത്സ ആവശ്യമുള്ളവർക്കും റേഷൻ കാർഡ് അത്യാവശ്യമാണ്. ഇപ്പോൾ പുതിയതായി അപേക്ഷിക്കുന്നവർക്ക് എ.പി.എൽ. കാർഡ് നൽകുന്നതുകൊണ്ട് ചികിത്സ ആവശ്യമുള്ളവർക്ക് ഇത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. താലൂക്കടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ തരംതിരിച്ച് നൽകുമ്പോൾ ഗുണഭോക്താക്കളെ വ്യക്തമായി മനസ്സിലാക്കി അവർക്ക് ബെനിഫിറ്റ് കിട്ടത്തക്ക നിലയിൽ റേഷൻ കാർഡ് നൽകാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, രണ്ട് മുൻഗണനാ പട്ടികയിലെ ആളുകളാണ് പുതുതായി അപേക്ഷിക്കുന്ന കാർഡിൽ ഉൾപ്പെടുന്നതെങ്കിൽ പുതിയതായി റേഷൻ കാർഡ് നൽകുമ്പോൾ അവരുടെ കാർഡ് മുൻഗണനാ കാർഡായിരിക്കും. എന്നാൽ മറ്റു വിഭാഗത്തിൽനിന്നും വരുന്നവരാണെങ്കിൽ അവർക്ക് അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കാർഡ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ സംസ്ഥാനത്ത് 1,54,00,000 പേർക്കേ മുൻഗണനാ പട്ടികയിൽ സ്ഥാനമുള്ളൂ. മുൻഗണനാ പട്ടികയിൽ വേക്കൻസി വന്നാൽ മാത്രമേ പുതിയ കുടുംബത്തെ അതിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച, ഗുരുതരമായ അസുഖം ബാധിച്ചവരുടെയും ചികിത്സാ സൗകര്യം ലഭിക്കേണ്ടവരുടെയും അപേക്ഷകൾ പ്രത്യേകമായി പരിഗണിച്ച് അവർക്ക് പ്രയോറിറ്റി കാർഡ് നൽകാനുള്ള സംവിധാനം ഏർപ്പാട് ചെയ്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പല സ്ഥലങ്ങളിലും റേഷൻ കാർഡുകൾ കിട്ടുന്നില്ലെന്ന പരാതി നിലനിൽക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ? സൗജന്യ അരി എന്നുള്ളത് ഒരു രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ വീണ്ടും അരിയുടെയും ഭക്ഷ്യധാന്യങ്ങളുടെയും വില വർദ്ധിപ്പിക്കുന്നതായി മനസ്സിലാക്കുന്നു. സാധാരണ പാവപ്പെട്ടവരാണ് റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നത്. അവരുടെ തലയിൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുന്ന ഈ നടപടി പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, റേഷൻ കാർഡിനുള്ള അപേക്ഷകൾ പ്രോസസ്സ് ചെയ്ത് 45 ശതമാനം റേഷൻ കാർഡുകളും ഇപ്പോൾ ഇഷ്യൂ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കാർഡുകൾ താമസംവിനാ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എ.എ.വൈ. ഒഴിച്ച് ബാക്കിയുള്ള എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഒരു കിലോ അരിക്കും ഒരു കിലോ ഗോതമ്പിനും ഒരു രൂപ പ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ

വേതന പാക്കേജ് പുനർനിർണ്ണയിക്കേണ്ട ഘട്ടം വന്നപ്പോൾ വലിയൊരു ബാധ്യത സംസ്ഥാന സർക്കാരിന് ഏറ്റെടുക്കേണ്ടി വന്നു. ഇന്നത്തെ സാഹചര്യത്തിൽ ആ ബാധ്യത സർക്കാരിന് ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ അരിക്കും ഗോതമ്പിനും ഒരു രൂപവീതം ഈടാക്കുകയാണ് ചെയ്തത്. തന്നെയുമല്ല, ട്രാൻസ്പോർട്ടിംഗ് രംഗത്തുൾപ്പെടെ വലിയ ബാധ്യതയാണ് സർക്കാരിന് വരുന്നത്. റേഷൻ പൊതുവിതരണവുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ നൽകിയിരുന്നതിനേക്കാൾ ഇരട്ടിയിലധികം തുകയുടെ ബാധ്യതയാണ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന് ഏറ്റെടുക്കേണ്ടിവരുന്നത്. അതിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭിക്കുന്നുമുണ്ട്. നമുക്ക് അലോട്ട് ചെയ്യപ്പെടുന്ന അരിയിലും ഗോതമ്പിലും മണ്ണെണ്ണയിലും കൂടിയാണ് മുമ്പ് ഈ ചെലവുകളെല്ലാം വഹിച്ചുകൊണ്ടിരുന്നത്. എന്നുപറഞ്ഞാൽ ജനങ്ങൾക്ക് കുറഞ്ഞ അളവിലാണ് സാധനങ്ങൾ നൽകിയിരുന്നത്. ഇപ്പോൾ ഇ-പോസ് മെഷീനെ weighing machine-നുമായി ബന്ധപ്പെടുത്തി കൃത്യമായ തൂക്കത്തിൽ സാധനങ്ങൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ പോകുകയാണ്. ഇതിലൂടെ ജനങ്ങൾക്ക് പൂർണ്ണമായ അളവിൽ ധാന്യം ലഭിക്കും. അത്രയും സുതാര്യമായ സംവിധാനങ്ങളാണ് റേഷൻ വിതരണവുമായി ബന്ധപ്പെട്ട് സർക്കാർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, പ്രളയകാലത്ത് റേഷൻ കടകളിൽ വെള്ളം കയറി ലെഡ്ജർ, കമ്പ്യൂട്ടർ തുടങ്ങിയവയെല്ലാം നശിച്ചുപോയിട്ടും അവിടെയുള്ളവർക്ക് കൈവിരൽ പതിപ്പിച്ച് റേഷൻ നൽകാൻ ഉത്തരവിട്ട ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും അതിന് നിർദ്ദേശം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് പണം ഈടാക്കിയിട്ടും പ്രളയ പ്രദേശങ്ങളിൽ അഞ്ച് കിലോ അരി സൗജന്യമായി വിതരണം ചെയ്ത നടപടി അഭിനന്ദനാർഹമാണ്. ബി.പി.എൽ./എ.പി.എൽ. കാർഡ് സംബന്ധിച്ച് ചില പ്രഖ്യാപനങ്ങൾ നടന്നിരുന്നു. അതുപ്രകാരം എത്ര എ.പി.എൽ. കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്; എത്ര എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്; ബി.പി.എൽ. കാർഡിനർഹരായ ആളുകൾ ഇപ്പോഴും എ.പി.എൽ. കാർഡിൽ തുടരുകയാണ്. അവരെക്കൂടി മുൻഗണനാ പട്ടികയിൽ കൊണ്ടുവരുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഇതുവരെ 2,54,186 കാർഡുകളുടെ സ്റ്റാറ്റസ് ചെയ്ഞ്ച് ചെയ്തിട്ടുണ്ട്. അർഹതയില്ലാത്ത ഇത്രയും ആളുകളെ കണ്ടെത്തി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ 34,000 കാർഡുകൾ കൂടി സറണ്ടർ ചെയ്തിട്ടുണ്ട്. 1,34,000 പേരാണ് വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്.

അതിപ്പോൾ 1,00,000 ആയി ചുരുങ്ങി. എത്രയുംവേഗം അത്രയും ആളുകളെക്കൂടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അർഹതയില്ലാത്ത കുറെപേർ ഇനിയുമുണ്ട്. അവരെ ഒഴിവാക്കിക്കൊണ്ടാണ് നടപടികൾ സ്വീകരിക്കുന്നത്. എത്രയുംവേഗം അത് പൂർത്തീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനായി വൈവിദ്ധ്യവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിച്ചത്. 2001-2006 കാലഘട്ടത്തിൽ കേരളത്തിലെ തെരഞ്ഞെടുത്ത നിരവധി റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് സാധാരണക്കാരന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ആ നടപടികൾ ഇപ്പോൾ തുടർന്നുപോകുന്നുണ്ടോ; അതോ അവസാനിപ്പിച്ചോ?

ശ്രീ. പി. തിലോത്തമൻ: സർ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു റേഷൻ കടകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തിരുന്നില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, 2001-06 കാലഘട്ടത്തിൽ റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തിരുന്നു.

ശ്രീ. പി. തിലോത്തമൻ: സർ, പഴയകാലത്ത് നിലനിന്നിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു റേഷൻ കടകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന സമ്പ്രദായം നിലനിന്നിരുന്നില്ല. ......ബഹളം..... എന്നാൽ ആ നടപടി ഇപ്പോൾ ആരംഭിക്കാൻ പോകുകയാണ്. ആ പരിപാടിയുടെ ഉദ്ഘാടനം ബഹുമാന്യനായ മുഖ്യമന്ത്രി നടത്തുകയുണ്ടായി. വ്യാപകമായി ആ തീരുമാനം നടപ്പിലാക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ പരിപാടിയുടെ ഉദ്ഘാടനം മാത്രമേ നടന്നിട്ടുള്ളൂ.

ശ്രീ. പി. തിലോത്തമൻ: സർ, അത് എത്രയുംവേഗം നടപ്പിലാക്കുന്നതാണ്. അങ്ങ് പ്രയാസപ്പെടേണ്ട; ഞങ്ങൾ നടത്താം.

ശ്രീ. കെ. രാജൻ: സർ, കേന്ദ്രസർക്കാർ പണം തരാതെ പ്രളയാനന്തര കേരളത്തെ നല്ലതുപോലെ ബുദ്ധിമുട്ടിച്ചിട്ടും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നല്ലതുപോലെ ഇടപെടാൻ കഴിഞ്ഞ ബഹുമാനപ്പെട്ട സഖാവ് പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റിനും റവന്യൂ വകുപ്പുമന്ത്രിക്കും കൃഷിവകുപ്പുമന്ത്രിക്കും സിവിൽ

സപ്ലൈസ് വകുപ്പുമന്ത്രിക്കും ഞാൻ അഭിനന്ദനമർപ്പിക്കുകയാണ്. പ്രളയാനന്തര കേരളത്തിനുവേണ്ടി സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയ പരിശ്രമങ്ങൾ എന്തൊക്കെയാണെന്ന് സൂചിപ്പിക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, പ്രളയ പ്രദേശങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് ഭക്ഷ്യവസ്തുക്കൾ എത്തിക്കുക എന്നതാണ് ഗവൺമെന്റ് സിവിൽ സപ്ലൈസ് വകുപ്പിനെ ഏൽപ്പിച്ച ആദ്യ ചുമതല. അത് എല്ലായിടത്തും ഭംഗിയായി നടത്തി. അതിനുശേഷം ഗവൺമെന്റ് നിശ്ചയിച്ച പ്രകാരമുള്ള പാക്കേജ് കൃത്യമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചു. അവസാനം നിശ്ചയിച്ച പാക്കേജ് പ്രകാരമുള്ള പാക്കറ്റ് ഉൽപ്പന്നങ്ങൾ ഇപ്പോൾ വിതരണം ചെയ്തു കൊണ്ടിരിക്കുകയാണ്. അതാണ് സിവിൽ സപ്ലൈസ് വകുപ്പ് ആ രംഗത്ത് നടത്തിയത്.

ശ്രീ. അൻവർ സാദത്ത്: സർ, കാർഡ് ഉടമകളുടെ thump impression എടുത്താണ് റേഷൻ കടകളിൽനിന്നും അരി വിതരണം ചെയ്യുന്നത്. പലപ്പോഴായി സിസ്റ്റം ജാമാകുന്നുണ്ട്. ആഴ്ചയിലെ അവസാനത്തെ ദിവസമാകുമ്പോൾ സിസ്റ്റം ജാമായി കാർഡുടമകൾക്ക് അരി നൽകാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. അതിനെന്താണ് പ്രതിവിധിയുള്ളത്? അതോടൊപ്പംതന്നെ ബി.പി.എൽ. കാർഡ് ഇന്ന് അർഹതപ്പെട്ടവർക്ക് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതുകാരണം ഒരുപാടാളുകൾ ചികിത്സയ്ക്കും മറ്റുമായി വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അതിന് എന്ത് പരിഹാരം കാണാൻ സാധിക്കും?

ശ്രീ. പി. തിലോത്തമൻ: സർ, ഇ-പോസ് മെഷീന്റെ തകരാറല്ല സെർവറിന്റെയും നെറ്റ് കണക്ടിവിറ്റിയുടെയും പ്രശ്നങ്ങളായിരുന്നു അഭിമുഖീകരിക്കപ്പെട്ടത്. എന്നാൽ മുഴുവൻ ഡേറ്റയും പുതിയ സെർവറിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ആ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സുഗമമായി റേഷൻ വിതരണം നടക്കുകയാണ്. മുൻഗണനാ പട്ടികയിൽ സ്ഥാനം പിടിക്കേണ്ടവരുടെ കാര്യമാണ് നേരത്തെയുള്ള ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്. ഇനി വെയിറ്റിംഗ് ലിസ്റ്റിൽ അവശേഷിക്കുന്ന 1,00,000 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിവച്ച മുൻഗണനാ പട്ടികപ്രകാരമുള്ള കുഴപ്പങ്ങൾ കൊണ്ടാണ് ഇതെല്ലാം സംഭവിച്ചത്. ഞങ്ങൾ ആ സങ്കീർണ്ണതകളൊക്കെ പരിഹരിച്ചു വരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രളയശേഷമുള്ള പുനർനിർമ്മാണത്തിന് മാസ്റ്റർപ്ലാൻ

4(*153) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയശേഷമുള്ള പുനർനിർമ്മാണത്തിന് വിശാലമായ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനപക്ഷത്ത് നിന്നുള്ള ഒരു വികസന പരിപ്രേക്ഷ്യത്തെ അടിസ്ഥാനമാക്കിയാണോ പ്രസ്തുത മാസ്റ്റർപ്ലാൻ എന്ന് അറിയിക്കാമോ; വിശദമാക്കുമോ;

(സി) പുനർനിർമ്മാണ പ്രവർത്തനത്തിൽ സക്രിയവും പരിസ്ഥിതി സൗഹൃദവുമായ ഒരു ഭൂവിനിയോഗ പദ്ധതി നടപ്പിൽ വരുത്തുമോ; വ്യക്തമാക്കുമോ;

(ഡി) പുനർനിർമ്മാണത്തിന് ലോകത്തെ വിവിധ ഭാഗങ്ങളിലെ പുനർനിർമ്മാണ അനുഭവങ്ങൾ, സംസ്ഥാനത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള വിദഗ്ദ്ധർ എന്നിവരുടെ നിർദ്ദേശങ്ങൾ എന്നിവ കണക്കിലെടുക്കുമോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) ഉണ്ട്. പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative- RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O.(P) No. 16/2018/ P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ ജനപക്ഷത്തു നിന്നുള്ള വികസന പരിപ്രേക്ഷ്യം അടിസ്ഥാനമാക്കിയുള്ള പുനർനിർമ്മാണമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) പുനർനിർമ്മാണ പ്രവർത്തനത്തിൽ സക്രിയവും പരിസ്ഥിതി സൗഹൃദവുമായ ഒരു ഭൂവിനിയോഗ പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. ഗണ്യമായ തോതിൽ പരിസ്ഥിതി സംരക്ഷണ-പ്രകൃതി സൗഹൃദ ഇടപെടലുകൾ ആവശ്യമായ വികസന പദ്ധതികൾ താഴെ പറയുന്നവയാണ്:-

(1) കുട്ടനാടിന്റെയും പുഴയോരങ്ങളുടെയും പാരിസ്ഥിതിക ദുർബ്ബല മേഖലകളുടെയും സംരക്ഷണം

(2) രൂക്ഷമായ കടലാക്രമണത്തിനും മനുഷ്യവാസ കേന്ദ്രങ്ങളുടെ നഷ്ടത്തിനും സാധ്യതയുള്ള തീരപ്രദേശങ്ങളുടെ സംരക്ഷണം

(3) ജലശേഖരങ്ങളുടെ സംരക്ഷണത്തിനും പരിപോഷണത്തിനും സുസ്ഥിര ഉപയോഗത്തിനുമുള്ള പ്രവർത്തനങ്ങൾ, കനാലുകളുടെ നീരൊഴുക്കുശേഷി ഉയർത്തലും പ്രളയസാദ്ധ്യത കുറയ്ക്കലും ഉൾപ്പെടെ.

(4) മണ്ണിടിച്ചിൽ സാധ്യത ഒഴിവാക്കുന്നതിനും സംഭവിച്ച ഇടങ്ങളുടെ വീണ്ടെടുപ്പിനുമുള്ള നടപടികൾ, വയനാട്ടിലേയും ഇടുക്കിയിലേയും മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യതയുള്ള പ്രദേശങ്ങളുടെ പരിസ്ഥിതി സൗഹൃദ-സുസ്ഥിര വികസനവും ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്ന് ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നൂതന വികസനാശയങ്ങളുടെ സമാഹരണത്തിനും വികസനത്തിനുമായി താഴെപ്പറയുന്ന പ്രവർത്തന പദ്ധതിയാണ് RKI മുന്നോട്ട് വയ്ക്കുന്നത്.

(1) <u>വികസന സെമിനാറുകൾ:</u> മേഖലാ, പ്രാദേശിക തലങ്ങളിലായി അച്ചടി-ദൃശ്യ മാധ്യമങ്ങളുമായി ചേർന്ന് വികസന സെമിനാറുകൾ നടത്തുന്നതാണ്. ദുരിത ബാധിത ജില്ലകളിൽ, അതാതിടത്തെ സംസ്ഥാന നിയമസഭയിലെയും കേന്ദ്ര പാർലമെന്റിലെയും തെരഞ്ഞെടുത്ത ജനപ്രതിനിധികളുടെ നേതൃത്വത്തിൽ മെച്ചപ്പെട്ട പുനർനിർമ്മാണ ആശയങ്ങളുടെ രൂപീകരണത്തിനായി അർത്ഥ പൂർണ്ണമായ സംവാദങ്ങൾ നടത്തണം. ഇങ്ങനെ രൂപീകരിക്കപ്പെടുന്ന ആശയങ്ങൾ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ വിശദമായി പരിശോധിച്ച് പ്രോജക്ട് ആശയങ്ങളായി മാറ്റുന്ന നടപടി RKI സെക്രട്ടേറിയറ്റാണ് നിർവ്വഹിക്കുക. തുടർന്ന് അവ നിർവ്വഹണ സാധ്യമായ പദ്ധതികളായി വികസിക്കപ്പെടും. വളരെ ആകർഷകമായ ഒരു നൂതനാശയം, ഒരു പ്രോജക്ട് രൂപത്തിലേക്ക് എളുപ്പത്തിൽ മാറ്റാനാകാതെ വരുന്ന അവസരത്തിൽ, പ്രസ്തുത ആശയത്തിന്റെ നിർവ്വഹണാത്മകത ഉറപ്പാക്കുന്നതിന് ആവശ്യമായ സാധ്യതാ പഠനങ്ങളും ഏറ്റെടുക്കുന്നതാണ്.

(2) <u>ആശയരൂപീകരണം:</u> സവിശേഷ മേഖലകളുമായി ബന്ധപ്പെട്ടും പുനർ നിർമ്മാണ ആശയങ്ങളെക്കുറിച്ചും പ്രത്യേകമായ ഹാക്കത്തോണുകൾ

സംഘടിപ്പിക്കുന്നതാണ്. ഇവ പ്രധാനമായും സംസ്ഥാനത്തിനു പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ധരായ കേരളീയരിൽ നിന്നുള്ള വികസന നിർദ്ദേശങ്ങളുടെ സമാഹരണം ലക്ഷ്യമാക്കിയായിരിക്കും.

(3) ആശയ വിനിമയം: തങ്ങളുടെ പ്രദേശത്തെ പുനർനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നൂതന ആശയങ്ങൾ രൂപീകരിക്കാനും സംവദിക്കാനുമായി സ്കൂൾ/കോളേജ് തലങ്ങളിൽ അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കും.

(4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തുന്ന പദ്ധതികൾ: ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നതും പ്രസ്തുത മേഖലയുടെ പൊതു ആവശ്യമായതുമായ രണ്ടോ മൂന്നോ മുഖ്യ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ ജില്ലാ പഞ്ചായത്തുകളും മുനിസിപ്പൽ കോർപ്പറേഷനുകളും രൂപീകരിക്കുന്നതാണ്.

(5) സർക്കാർ വകുപ്പുകൾ കണ്ടെത്തുന്ന പദ്ധതികൾ: ജല അതോറിറ്റി, ജലസേചന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയവരോട് അവരുടെ വാർഷിക പദ്ധതി ബഡ്ജറ്റിന് ഉപരിയായി, സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് പൊതുവേ ദൃശ്യവും ഗുണാത്മകവുമായ മാറ്റമുണ്ടാക്കാവുന്നതും ദുരന്തസാദ്ധ്യതയുള്ള പ്രദേശങ്ങൾക്കു കരുത്തുള്ള സഹായസംവിധാനം ആകാവുന്നതുമായി നിർണ്ണായക പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

ആശയരൂപീകരണ ഹാക്കത്തോണുകളുടെ നടത്തിപ്പ്, നവീനാശയ കൈമാറ്റങ്ങൾക്കുള്ള വേദി, പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കൽ, പദ്ധതി പരിശോധനകളും അംഗീകാരങ്ങളും എന്നിവയൊക്കെ കൈകാര്യം ചെയ്യാനുള്ള ഓൺലൈൻ സംവിധാനം താമസംവിനാ തയ്യാറാക്കി പ്രവർത്തനക്ഷമമാക്കും.

മേൽപ്പറഞ്ഞ ഓൺലൈൻ സംവിധാനത്തിന്റെ ഭാഗമായി നിർവ്വഹണത്തിനായി നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളുടെ ഗുണഭോക്തൃ സ്വീകാര്യത അറിയുന്നതിനായുള്ള ഇ-പോളിംഗ് സംവിധാനം ലഭ്യമാക്കും. RKI-ലെ എല്ലാ പദ്ധതികളും ഉപദേശക സമിതിയുടെയും മന്ത്രിതല സമിതിയുടെയും അംഗീകാരത്തിനു സമർപ്പിക്കുന്നതിനു മുമ്പായി ഒന്നോ രണ്ടോ ആഴ്ച പദ്ധതി കൂട്ടാളികളുടെ അഭിപ്രായങ്ങൾക്കായി പ്രസ്തുത ഓൺലൈൻ സംവിധാനത്തിൽ അപ്‌ലോഡ് ചെയ്യും. പോർട്ടൽ വഴി ലഭ്യമാക്കുന്ന വിവിധ നിർദ്ദേശങ്ങൾക്ക് ഇത്തരത്തിൽ തത്പര കൂട്ടാളികളുടെ സ്വീകാര്യതകൂടി കണ്ടെത്തി പരിഗണിക്കുന്നത് പദ്ധതി തെരഞ്ഞെടുപ്പിന്റെ നീതിയുക്തതയും കരുത്തും വർദ്ധിപ്പിക്കുന്ന നടപടിയാകും.

## ഹരിത കേരളം പദ്ധതി

5(*154) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയിൽപ്പെടുത്തി തോടുകളും നദികളും ശുചീകരിക്കുവാൻ പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിയ്ക്കും ജലഗതാഗതത്തിനും വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന തോടുകളിലെ പോള നീക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പോള നീക്കുന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ കാര്യത്തിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്.

(ബി) നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന-കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുകായെന്ന ലക്ഷ്യത്തോടുകൂടി തോടുകളും നദികളും ജനകീയ പങ്കാളിത്തത്തോടെ ശുചീകരിച്ചു വരുന്നു. ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള സാങ്കേതിക-സാമ്പത്തിക സഹായം ജലസേചന വകുപ്പ് നൽകി വരുന്നു. എല്ലാ ജില്ലകളിലും പുതിയതായി ഒരു പുഴയെങ്കിലും ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജനകീയമായി പുനരുജ്ജീവിപ്പിച്ച തോടുകളും പുഴകളും സ്ഥായിയായി നിലനിർത്തുന്ന തിനാവശ്യമായ സംരക്ഷണ പ്രവൃത്തികൾ സംബന്ധിച്ച് ഹരിത കേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ശുചിയാക്കിയ ജല സ്രോതസ്സുകൾ വീണ്ടും മലിനമാകാതിരിക്കുന്നതിന് ഭൂരിപക്ഷം സ്ഥലങ്ങളിലും ജനകീയ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

(സി) ശുചീകരണം നടത്തിയ പുഴകളിലും തോടുകളിലും പോളയടക്കം നീക്കി ശുചീകരിച്ചിട്ടുണ്ട്. തോടുകളിലെ പോള നീക്കം ചെയ്യുന്നതിനായി പോളവാരൽ യന്ത്രം ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിന്റെ പക്കലുണ്ട്. സംസ്ഥാന ടൂറിസം വകുപ്പിന്റെ ധനസഹായത്തോടുകൂടി ജലസേചന വകുപ്പിൽ പോളവാരൽ യന്ത്രം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം**

6(*155) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകിയ ഗൾഫ് പ്രവാസികൾ തൊഴിൽ നഷ്ടഭീതി നേരിടുന്ന സാഹചര്യത്തിൽ മടങ്ങി വരാൻ നിർബന്ധിതരാകുന്നവരെ സഹായിക്കാനും പുനരധിവാസ ത്തിനുമായി ആവിഷ്കരിക്കുന്ന പദ്ധതികൾ അറിയിക്കാമോ; മറ്റു വിദേശ രാജ്യങ്ങളിലേയ്ക്കുള്ള തൊഴിൽ സാധ്യതകൾ പരിശോധിക്കാൻ ഒഡെപെകിന്റെ പ്രവർത്തനം വിപുലീകരിക്കുമോ;

(ബി) നോർക്ക റൂട്ട്സും പ്രവാസിക്ഷേമ ബോർഡും നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; പ്രവാസി പ്രൊട്ടക്ഷൻ ഹൗസിംഗ് വില്ലേജ്, ഡിവിഡന്റ് പെൻഷൻ മുതലായവ നടപ്പാക്കാൻ പ്രവാസി ക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാര ശ്രമം നടത്താനായി രൂപീകരിച്ച ലോക കേരള സഭയുടെ പ്രവർത്തനം പ്രാവർത്തികമാക്കുന്നതിനായി സെക്രട്ടേറിയറ്റ് രൂപീകരിച്ചോ; വിശദാംശം അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഗൾഫ് രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസി മലയാളികൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി

ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 30 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്.

മറ്റ് വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ പരിശോധിക്കാൻ ഒഡെപെക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി യു.കെ, അയർലണ്ട് എന്നീ രാജ്യങ്ങളിലേയ്ക്ക് നഴ്സുമാരുടെ നിയമനത്തിനായി അതത് രാജ്യങ്ങളിലെ റിക്രൂട്ട്മെന്റ് ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) വിദേശ മലയാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി നോർക്ക-റൂട്ട്സ് മുഖേന താഴെ പറയുന്ന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു:

1. സാന്ത്വന
2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)
3. തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി
4. പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
5. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണം
6. ഓൺലൈൻ രജിസ്ട്രേഷനും ഡാറ്റാബേസ് രൂപീകരണവും
7. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
8. പ്രവാസി നിയമസഹായം
9. എൻ.ബി.എഫ്.സി. (നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ)
10. സ്വപ്ന സാഫല്യം
11. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
12. പൊതുമാപ്പ്
13. വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്
14. നോർക്ക ഫെയർ

പ്രവാസികളുടെ സമഗ്രമായ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം എന്നിവയും അർഹതയുണ്ട്. കൂടാതെ പ്രവാസികൾക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് പ്രവാസി ഡിവിഡന്റ് പെൻഷൻ, സ്വന്തമായി വീടില്ലാത്തവർക്ക് പ്രൊട്ടക്റ്റഡ് ഹൗസിംഗ് വില്ലേജ് എന്നീ പുതിയ പദ്ധതികളും സർക്കാർ പരിഗണിച്ചു വരുന്നു.

(സി) 31-7-2018-ലെ സ.ഉ. (കൈ) നമ്പർ 2/2018/നോർക്ക നമ്പർ പ്രകാരം താഴെകാണുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ലോകകേരള സഭാ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്:

1. ചീഫ് സെക്രട്ടറി (സെക്രട്ടറി, ലോക കേരള സഭ)
2. പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ് (ജനറൽ കൺവീനർ)
3. സെക്രട്ടറി, കേരള നിയമസഭ
4. നോർക്ക റൂട്ട്സിലെ മൂന്ന് വൈസ് ചെയർമാൻമാർ
5. ചെയർമാൻ, കേരള പ്രവാസി ക്ഷേമനിധി ബോർഡ്
6. ശ്രീ. കെ.എൻ ഹരിലാൽ, മെമ്പർ, പ്ലാനിംഗ് ബോർഡ്
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള പ്രവാസി ക്ഷേമനിധി ബോർഡ്

### സപ്ലൈകോ നടത്തിവരുന്ന മാർക്കറ്റ് ഇടപെടൽ

7(*156) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ഉണ്ണി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നയത്തിന്റെ ഫലമായുണ്ടാകുന്ന അനിയന്ത്രിതമായ ഇന്ധന വിലവർദ്ധനവ് അവശ്യവസ്തുക്കളുടെ വിലവർദ്ധനവിന് വഴിവയ്ക്കാതിരിക്കാനായി സപ്ലൈകോ നടത്തിവരുന്ന മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നെൽകൃഷിയിലുണ്ടായ വ്യാപകമായ നാശം മാർക്കറ്റിൽ അരി വിലയുടെ വർദ്ധനവിന് കാരണമാകാതിരിക്കാൻ സപ്ലൈകോ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം വിശദമാക്കാമോ ; അതിന്റെയടിസ്ഥാനത്തിൽ അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും വില പിടിച്ചുനിർത്തുന്നതിനും നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ഡി) ഹോട്ടൽ ഭക്ഷണത്തിന് അമിത വില ഈടാക്കുന്നത് തടയാൻ നടപടിയെടുക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) സപ്ലൈകോയുടെ കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി വഴി 14 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉൽപന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായി മുൻവർഷം അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിച്ച് അവശ്യസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിച്ചു വരുന്നു.

(ബി) അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപനശാലകളിലൂടെ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവയും അതോടൊപ്പം പൊതുവിപണിയിലേതിനേക്കാൾ വിലകുറച്ച് എല്ലാ ഇനം അരികളും സബ്സിഡി ഇല്ലാതെയും അളവ് നിയന്ത്രണമില്ലാതെയും വിൽപ്പന നടത്തിവരുന്നു. ഓയിൽ പാം ഇൻഡ്യ നിയന്ത്രണത്തിലുള്ള 2 മോഡേൺ റൈസ് മില്ലുകൾ ഉത്പാദിപ്പിക്കുന്ന നല്ലയിനം കുത്തരി കുറഞ്ഞ വിലയ്ക്ക് സപ്ലൈകോ വിപണനശാലകൾ വഴി വിതരണം ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന

വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം 14 ജില്ലകളിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി പൊതു വിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നു. കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കുവാൻ പി.ആർ.എസ്. (പാഡി റസീപ്റ്റ് ഷീറ്റ്) ലോൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ 15 ബാങ്കുകളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. നിലവിൽ 25.30 രൂപ/കി.ഗ്രാം നിരക്കിൽ സംഭരണവില നൽകുന്നു.

(സി) പൊതുവിപണിയിലെ അവശ്യ ഭക്ഷ്യ സാധനങ്ങളുടെ വില നേരത്തെയുള്ള വിലകളുമായി താരതമ്യം ചെയ്ത് വിലക്കയറ്റം തടയാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് പ്രൈസ് മോണിറ്ററിംഗ് സെൽ നിർദ്ദേശം നൽകുന്നു. വില നിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കേരഫെഡ്, ഹോർട്ടികോർപ്പ് മുതലായവയ്ക്ക് നിർദ്ദശം നൽകുകയും വിലക്കയറ്റം തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് ഉപദേശം നൽകുകയും ചെയ്യുകവഴി അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സാധിക്കുന്നു.

(ഡി) ഹോട്ടൽ ഭക്ഷണ സാധനങ്ങളുടെ വില ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് അറിയാൻ ഹോട്ടലുകൾ പരിശോധിക്കുകയും വില വിവര പട്ടിക പ്രദർശിപ്പിക്കാതെ നിയമ ലംഘനം നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ ശബരിമല മണ്ഡല മകരവിളക്കു കാലത്തു മുഴുവൻ ശബരിമല, പമ്പ, ഇടത്താവളങ്ങൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് പരിസരങ്ങൾ എന്നിവിടങ്ങളിൽ 6 ഭാഷയിലും ഹോട്ടലുകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകി അതും നടപ്പിലാക്കി വരുന്നു.

**പ്രളയംമൂലം കനത്ത ആഘാതമേൽക്കേണ്ടിവന്ന മേഖലകൾ**

8 (*157) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം കനത്ത ആഘാതമേൽക്കേണ്ടിവന്ന മേഖലകൾ ഏതെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വ്യവസായ വാണിജ്യ മേഖലകളിലെയും കാർഷിക മേഖലയിലെയും കനത്ത നഷ്ടത്തിന്റെ പ്രത്യാഘാതം ഏതൊക്കെ രീതിയിൽ ആണെന്ന് വ്യക്തമാക്കുമോ;

(സി) വ്യോമയാന മേഖലയിൽ പ്രത്യേകിച്ച് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിനുണ്ടായ നഷ്ടം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) പ്രളയംമൂലം വിവിധ മേഖകളിലുണ്ടായ തിരിച്ചടി ബാങ്കിംഗ് മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രളയത്തിൽ ജീവനോപാധികൾ നഷ്ടമായവർക്ക് പ്രത്യേക പാക്കേജ് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) 2018 ആഗസ്റ്റ് മാസം 8-ാം തീയതി മുതൽ അതിരൂക്ഷമായി സംസ്ഥാനത്തെ ഗ്രസിച്ച പ്രളയത്തിൽ സമസ്ത മേഖലകളും ബാധിക്കപ്പെട്ടിട്ടുണ്ട്. വെള്ളപ്പൊക്കത്തിലും ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലിലുംപെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. നിരവധി പേർ മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാര സ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ദുരന്തത്തിനിരയായി. 13 ജില്ലകളെ ഏറിയും കുറഞ്ഞും ഇത് ബാധിച്ചിട്ടുണ്ട്.

(ബി) വ്യവസായ വാണിജ്യ മേഖലകളെയും കാർഷിക മേഖലയേയും പ്രളയം അതീവ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590-ൽപ്പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടമുണ്ടായിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തുനഷ്ടവും 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 47.61 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. കൈത്തറി വ്യവസായ മേഖലയിൽ 8 ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രളയം സാരമായി ബാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റോക്ക് മെഷീനുകൾ, ഇലക്ട്രിക് സാധനങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രളയം നിമിത്തം ഏകദേശം 39.60 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

കാർഷികമേഖലയിൽ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

(സി) പ്രളയത്തിൽ വ്യോമയാന മേഖലയും സാരമായി ബാധിക്കപ്പെട്ടു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് 364 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. വിമാനത്താവളത്തിലെ വിവിധ മേഖലകൾ പൂർവ്വസ്ഥിതിയിലാക്കുവാനുള്ള നടപടിക്രമങ്ങളും പ്രവർത്തനങ്ങളും കേടുപാടുകളുടെ നിവാരണ പ്രക്രിയകളും നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ നാശനഷ്ടങ്ങളുടെ കണക്ക് നിജപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

(ഡി) പ്രളയംമൂലം വിവിധ മേഖലകളിലുണ്ടായ തിരിച്ചടി ബാങ്കുകളുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പ്രളയ ദുരിതാശ്വാസ നടപടികളുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള മൊറട്ടോറിയം, വായ്പാ പുനഃക്രമീകരണം എന്നിവമൂലം വായ്പാ തിരിച്ചടവ് വൈകുന്ന സാഹചര്യമുള്ളതിനാൽ ബാങ്കുകളുടെ ധനചംക്രമണ നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്.

(ഇ) പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20-ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനർനിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകുന്നതുമായ പദ്ധതി പ്രകാരം സ്റ്റാർട്ടപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ട് ഘട്ടമായാണ് സഹായം നൽകുന്നത്. സ്ഥിര ആസ്തികൾ സ്ഥാപിക്കുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് 15% മുതൽ 30% വരെ പരമാവധി 20/30 ലക്ഷം എന്ന നിരക്കിൽ സഹായം നൽകുന്നതാണ്. അർഹതപ്പെട്ട തുകയുടെ 50% ആദ്യം നൽകുകയും സ്ഥാപനം പുനർനിർമ്മിച്ചശേഷം ബാക്കി തുക നൽകുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ദുരന്തബാധിത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾവഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയിളവ് 3 വർഷത്തേയ്ക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നതാണ് ഒരു പദ്ധതി.

കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചുവടെ ചേർക്കുന്ന പ്രത്യേക ധനസഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

ഹ്രസ്വകാല വായ്പാ പദ്ധതികൾ

9% പലിശയ്ക്ക് 3 കോടി രൂപ ഹ്രസ്വകാല വായ്പ നൽകും. ഹ്രസ്വകാല വായ്പയുടെ തിരിച്ചടവ് കാലാവധി 3 വർഷമായി ഉയർത്തിയിട്ടുണ്ട്.

പ്രളയബാധിത സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും നടപടികൾക്കുമുള്ള ഫീസ് ഒഴിവാക്കിയിട്ടുണ്ട്.

നിശ്ചിതകാല വായ്പ

പ്രളയബാധിത സ്ഥലങ്ങളിൽ നിശ്ചിതകാല വായ്പാ പദ്ധതിയുടെ പലിശ നിരക്കിൽ 1% വരെ ഇളവ് നൽകുകയും നിലവിലെ ഏറ്റവും കുറഞ്ഞ പലിശയായ 9.75 ശതമാനത്തിൽ കൂടാത്ത വിധവുമാണ് ഇത് നടപ്പിലാക്കുക.

നിലവിലെ സംരംഭകർക്ക്

നിലവിലെ സാമ്പത്തിക സഹായം സ്വീകരിച്ച സംരംഭകർക്ക് ഒരു വർഷത്തെ പിഴപ്പലിശ ഒഴിവാക്കുകയും ആവശ്യകത പരിശോധിച്ച് ഒരു വർഷംവരെ മൊറട്ടോറിയവും വായ്പാ തിരിച്ചടവ് കാലാവധി പുതുക്കി നിശ്ചയിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

നിലവിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രത്യേക പാക്കേജ് അനുവദിക്കുന്ന കാര്യം ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

**വിഴിഞ്ഞം പദ്ധതി**

9 (*158) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുഘട്ടങ്ങളായി നിർമ്മാണം പൂർത്തീകരിക്കാൻ വിഭാവനം ചെയ്തിട്ടുള്ള വിഴിഞ്ഞം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതിക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളായ റെയിൽ, റോഡ് കണക്ടിവിറ്റി സാധ്യമാക്കുന്നതിന് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതിക്കായും മറ്റ് അനുബന്ധ പദ്ധതിക്കായും ഭൂമി നൽകിയവരുടെ പുനരധിവാസത്തിനായി ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്നും പദ്ധതിമൂലം ജീവനോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകിയിരുന്നോ എന്നും അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ വിവിധ ഘടകങ്ങളുടെ നിലവിലെ പുരോഗതി താഴെ കൊടുക്കുന്നു:

| | |
|---|---|
| പുലിമുട്ട് നിർമ്മാണം | 3100 മീറ്ററിൽ 565 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചു. പുലിമുട്ടിൽ ഉപയോഗിക്കുന്നതിന് 8500 അക്രോപോഡുകളുടെ നിർമ്മാണവും പൂർത്തിയാക്കി. |
| ഡ്രെഡ്ജിംഗ് റിക്ലമേഷൻ | ഏകദേശം 7 ദശലക്ഷം മണ്ണ് ഡ്രെഡ്ജ് ചെയ്ത് 53 ഹെക്ടർ കടൽ നികത്തേണ്ടതിൽ 40% പൂർത്തീകരിച്ചു. |
| ബെർത്ത് നിർമ്മാണം | 800 മീറ്റർ നീളത്തിലുള്ള ബെർത്ത് നിർമ്മിക്കുന്നതിനുള്ള 615 പൈലുകളിൽ 465 പൈലുകൾ സ്ഥാപിച്ചുകഴിഞ്ഞു. |
| യാർഡ് നിർമ്മാണം | റിക്ലമേഷൻ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടെയ്നർ യാർഡും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുന്നതാണ്. |
| തുറമുഖത്തിനാവശ്യമായ യന്ത്രോ പകരണങ്ങളുടെ നിർമ്മാണവും സ്ഥാപിക്കലും | അദാനി കമ്പനി നൽകിയ കരാറുകളുടെ അടിസ്ഥാനത്തിൽ 4 ടഗ് ബോട്ടുകൾ, 8 ക്രെയിനുകൾ, 24 യാർഡ് ക്രെയിനുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| സൗകര്യങ്ങൾ, സ്റ്റോറേജ്, കെട്ടിടങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| പുതിയ മത്സ്യബന്ധന തുറമുഖം | Detailed Project Report ലഭിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(ബി)

| | |
|---|---|
| റോഡ് കണക്ടിവിറ്റി | ദേശീയപാത 66-മായി തുറമുഖത്തെ ബന്ധിപ്പിക്കുന്ന നാലുവരിപ്പാതയാക്കാനാവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറി. കണക്ഷൻ പോയിന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് National Highway Authority of India-യുമായി ചർച്ചകൾ നടന്നുവരുന്നു. |
| റെയിൽ കണക്ടിവിറ്റി | കൊങ്കൺ റെയിൽവേ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടുകയും അവർ സമർപ്പിച്ച കരട് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുമായി ഫീസിബിലിറ്റി ചർച്ചകൾ നടത്തിവരുന്നു. |

(സി) ഭൂമി വിട്ടുനൽകിയവരുടെ പുനരധിവാസത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്.

(1) ഉഭയകക്ഷി സമ്മതപ്രകാരം നിശ്ചയിച്ച വിലയ്ക്ക് പുറമേ, കച്ചവടാവശ്യത്തിനോ താമസത്തിനോ ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് PWD നിശ്ചയിച്ച വിലയേക്കാൾ 50% വർദ്ധനവ് വരുത്തി (3 ലക്ഷം രൂപയിൽ കുറയാതെ) നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(2) വീടുകൾ നഷ്ടപ്പെട്ടവർക്ക് 5 സെന്റ് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. അവർക്ക് 6 മാസത്തെ ജീവനോപാധി നഷ്ടവും 6 മാസത്തെ വാടകയും നൽകി.

ജീവനോപാധി നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി RDO അദ്ധ്യക്ഷനായ Livelihood Impact Appraisal Committee-യും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള Appeal Committee-യും നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശമായ മുല്ലൂർ, കോട്ടപ്പുറം അടിമലത്തുറ മേഖലകളിലെ കരമടി, ചിപ്പി മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതുവരെ 1072 മത്സ്യത്തൊഴിലാളികൾക്കായി 57.82 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ച് നൽകി. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തുനിന്ന് പുറപ്പെടുന്ന യന്ത്രവൽകൃത യാനങ്ങളിലുള്ള 1288 തൊഴിലാളികൾക്ക് 6.56 കോടി രൂപയുടെ മണ്ണെണ്ണയും സ്വയംസഹായ സംഘങ്ങൾക്ക് 6 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനുള്ള ഏതാണ്ട് 18,000 അപേക്ഷകൾ പരിശോധനയ്ക്കായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ പരിഗണനയ്ക്ക് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആയതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

## കോഴിക്കോട്-തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി

10 (*159) ഡോ. എം. കെ. മുനീർ :

ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൽ തീരുമാനമെടുത്തിട്ടുണ്ടോ; ഈ പദ്ധതികൾ എന്നത്തേക്ക് നടപ്പിലാകുമെന്ന് അറിയിക്കുമോ;

(സി) ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും സാമ്പത്തിക സഹായവും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) 2017 ആഗസ്റ്റ് മാസം കേന്ദ്രസർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതിരേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു.

(ബി) പുതുക്കിയ ഡി.പി.ആർ. പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് താമസിയാതെ സംസ്ഥാന മന്ത്രിസഭ പരിഗണിക്കുകയും ആവശ്യമായ തുടർനടപടികളെക്കുറിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്.

(സി) പദ്ധതി റിപ്പോർട്ടുകൾക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചശേഷം കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

## ഭിന്നശേഷി ജില്ലാതല മിഷനുകൾ

11 (*160) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷി വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കാനായി ഭിന്നശേഷി ജില്ലാതല മിഷനുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം ചുമതലകളാണ് പ്രസ്തുത ജില്ലാതല മിഷനുകളിൽ നിക്ഷിപ്തമാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രധാനമായും കേരള സർക്കാരിന്റെ "ബാരിയർ ഫ്രീ കേരള" പദ്ധതി, കേന്ദ്ര സർക്കാർ പദ്ധതിയായ "അക്സസബിൾ ഇന്ത്യ ക്യാമ്പെയിൻ" എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കണ്ണൂർ ജില്ലയെ പൂർണ്ണമായും ബാരിയർ ഫ്രീയായി പ്രഖ്യാപിച്ചിട്ടുണ്ട്. വയനാട്, മലപ്പുറം ജില്ലകൾ ബാരിയർ ഫ്രീയാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. 'അക്സസബിൾ ഇന്ത്യ ക്യാമ്പെയിൻ' പദ്ധതി പ്രകാരം തിരുവനന്തപുരം നഗരത്തിലെ 28 സർക്കാർ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി കേന്ദ്രസർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

- നിലവിൽ കോർപ്പറേഷന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മാത്രമാണ് ഓഫീസുകളുള്ളത്. 2017-18 സാമ്പത്തിക വർഷം 4 ജില്ലകളിൽ റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നടപടികൾ പൂർത്തിയായി വരുന്നു.

- ഭിന്നശേഷിക്കാരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് (സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/സഹകരണ മേഖല) വാഹന/ ഉപകരണങ്ങൾ വാങ്ങുന്നതിനായി 7 വർഷ തിരിച്ചടവ് കാലാവധിയിൽ പരമാവധി 5 ലക്ഷം രൂപവരെ വാഹന വായ്പയായി അനുവദിക്കുന്ന കാര്യം.

- കോർപ്പറേഷൻവഴി നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികൾക്കുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായും വിപുലമായും നടപ്പിലാക്കും.

- ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി നാമമാത്ര പലിശ നിരക്കിൽ 25 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു. ടി വായ്പ കൂടുതൽ പേരിൽ എത്തിക്കുന്നതിനായി ജില്ലകൾതോറും വായ്പാമേളകൾ സംഘടിപ്പിക്കുന്ന കാര്യം.

- "ആശ്വാസം" എന്ന പേരിൽ സ്വയംതൊഴിൽ പദ്ധതിക്കായി വായ്പയെടുക്കുന്നതിന് ഈടുവെയ്ക്കാൻ മാർഗ്ഗമില്ലാത്തവർക്കായി 25,000 രൂപ ധനസഹായമായി നൽകുന്നതും ചെറുകിട സ്വയം തൊഴിൽ നടത്തുന്നതിനുള്ള ട്രെയിനിംഗ് നൽകുന്നതും.

- എൻ.എച്ച്.എഫ്.ഡി.സി. സഹായത്തോടെ പരമാവധി ഭിന്നശേഷിക്കാരായ യുവസംരംഭകർക്ക് സ്വയംതൊഴിൽ പരിശീലനം വിവിധ അംഗീകൃത ഏജൻസികൾ മുഖാന്തരം നടപ്പിലാക്കുന്ന കാര്യം.

- ഭിന്നശേഷിക്കാർക്കാവശ്യമായ സഹായോപകരണങ്ങൾ ഏറ്റവും ഗുണനിലവാരത്തിലും മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിലും ലഭ്യമാക്കുന്നതിന് റീജിയണൽ ഓഫീസുകൾ കേന്ദ്രീകരിച്ചുകൊണ്ട് "ഉപകരണ ഷോറൂമുകൾ" ആരംഭിക്കുന്ന കാര്യം.
- കൃത്രിമ കൈകാലുകളും അളവെടുത്ത് നിർമ്മിക്കുന്ന മറ്റ് ഉപകരണങ്ങളും നിർമ്മിക്കുന്നതിനായി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം.

സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായി സ്ഥിരം ജോബ്പോർട്ടൽ ആരംഭിച്ച് കൃത്യമായ ഇടവേളകളിൽ ജോബ്ഫെയറുകൾ സംഘടിപ്പിക്കുന്ന കാര്യം.

## ശബരിമല യുവതി പ്രവേശം

12(*161) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതി പ്രവേശം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ യുവതി പ്രവേശം സാധ്യമാക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി ഹെലികോപ്റ്ററിലൂടെയുള്ള നിരീക്ഷണം ഉൾപ്പെടെയുള്ള സംവിധാനം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിനായി ഹെലികോപ്റ്റർ വാടകയ്ക്ക് എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിലും പമ്പയിലും വിന്യസിക്കുന്ന പോലീസുകാരുടെ താമസ സൗകര്യത്തിനും വിശ്രമത്തിനും നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ അതിനായി അധിക സംവിധാനം ഒരുക്കണമെന്ന് ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങൾ ഒരുക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിലെത്തുന്ന എല്ലാ ഭക്തജനങ്ങൾക്കും സുരക്ഷിതമായി ദർശനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. സുരക്ഷയുടെ ഭാഗമായി മുൻവർഷങ്ങളിൽ ചെയ്തുവരുന്നതുപോലെ നാവിക സേനയുടെയും വായു സേനയുടെയും സഹായത്തോടെ ആകാശ നിരീക്ഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ഡി) പോലീസ് ഉദ്യോഗസ്ഥർക്ക് മതിയായ താമസ വിശ്രമ സൗകര്യം, കുടിവെള്ളം, മെസ് ഹാൾ, ആവശ്യമായ ശുചിമുറികൾ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. ഇവ മെച്ചപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ശബരിമല തീർത്ഥാടകർക്കുള്ള നിയന്ത്രണങ്ങൾ**

13(*162) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകരുടെ മേൽ ഓരോ ദിവസവും പോലീസ് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ഈ വർഷത്തെ മണ്ഡലകാലത്തെ തീർത്ഥാടകർക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നത് വസ്തുതയാണോ;

(ബി) ഏതൊക്കെ നിയന്ത്രണങ്ങളാണ് പോലീസ് നിലയ്ക്കലും പമ്പയിലും സന്നിധാനത്തും ഏർപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത നിയന്ത്രണങ്ങൾ നീക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇരുമുടിക്കെട്ടുമായി എത്തുന്ന ഭക്തരെ പോലീസ് തടയുന്നതും സന്നിധാനത്ത് നാമജപം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതുമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഡി) മാളികപ്പുറത്ത് ഡ്യൂട്ടിയിലുള്ള പോലീസുകാർ ബൂട്ട് ധരിച്ച് പ്രവേശിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ശബരിമലയിൽ പോലീസ് രാജ് ഏർപ്പെടുത്തി അവിടെ എത്തുന്ന ഭക്തരുടെ എണ്ണം കുറയ്ക്കുന്നതിനും അതിലൂടെ ശബരിമലയെ തകർക്കുന്നതിനും ഇടയാക്കുന്നതായി ആക്ഷേപമുള്ള നടപടികളിൽ നിന്നും സർക്കാർ പിൻവാങ്ങുമോ എന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) തീർത്ഥാടകരുടെ സുരക്ഷയ്ക്കും സുഗമമായ തീർത്ഥാടനത്തിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ തീർത്ഥാടകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രളയാനന്തരം പമ്പയിലുണ്ടായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം നിലയ്ക്കൽ, ശബരിമലയുടെ അടിസ്ഥാന ക്യാമ്പായതിനെത്തുടർന്ന് പമ്പയിലേയ്ക്കുള്ള അയ്യപ്പഭക്തരുടെ വാഹനങ്ങൾക്ക് നിലയ്ക്കൽവരെ മാത്രമേ പ്രവേശനം അനുവദിച്ചിട്ടുള്ളൂ. ഭക്തരുടെ വാഹനങ്ങൾ നിലയ്ക്കലിലെ പാർക്കിംഗ് മേഖലയിൽ പാർക്ക് ചെയ്തശേഷം അവിടെനിന്നും കെ.എസ്.ആർ.ടി.സി. ബസ്സിൽ ഭക്തരെ എത്തിക്കുന്നതിനായിട്ടുള്ള ക്രമീകരണങ്ങൾ കെ.എസ്.ആർ.ടി.സി.-യും ദേവസ്വം ബോർഡും പോലീസുമായി ചേർന്ന് ഏർപ്പെടുത്തിയിട്ടുണ്ട്.

ശബരിമലയിൽ ഭക്തരുടെ സുഗമമായ ദർശനത്തിനായി പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായ സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ശബരിമല സന്നിധാനത്ത് തീർത്ഥാടകരെന്ന വ്യാജേന നടത്തുന്ന സമരപരിപാടികൾ നിയന്ത്രിക്കുന്നതിനും വിശ്വാസികൾക്ക് സംരക്ഷണം നൽകുന്നതിനും മതിയായ പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംശയകരമായ സാഹചര്യത്തിൽ കാണുന്നവരെ നിരീക്ഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ശബരിമലയിൽ പോലീസ് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ നീക്കണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടില്ല.

(സി) ഇല്ല. എന്നാൽ യഥാർത്ഥ അയ്യപ്പഭക്തന്മാരെന്ന നടിച്ച് ശബരിമലയിൽ ഇരുമുടിക്കെട്ടുമായി എത്തി സ്ത്രീകളെ തടഞ്ഞതിനും സംഘർഷഭരിതമായ അന്തരീക്ഷം സൃഷ്ടിച്ച് സമാധാന ലംഘനത്തിലേർപ്പെട്ടവരെയും പോലീസിന്റെ നിയമപരമായ നിർദ്ദേശം പാലിക്കാതിരുന്ന അക്രമികളായ ആൾക്കാരെയും അറസ്റ്റ് ചെയ്ത് നീക്കം ചെയ്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശബരിമല സംരക്ഷിക്കുന്നതിനും ഭക്തരുടെ സുരക്ഷയ്ക്കും സുഗമമായ തീർത്ഥാടനത്തിനുമാണ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

## സർഫാസി നിയമം

14(*163) ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പ കെണിയിൽ കുടുങ്ങിയ അനേകം കർഷകരും പാവപ്പെട്ടവരും സർഫാസി നിയമത്തിന്റെ പിടിയിൽ അകപ്പെട്ട് ജപ്തിയും കുടിയിറക്ക് ഭീഷണിയും നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാങ്കിന്റെ ജപ്തി നടപടിക്കെതിരെ എറണാകുളം മാനാത്ത് പാടത്തെ പ്രീതാഷാജി നടത്തിയ ചെറുത്ത് നില്പ് സമരത്തിന്റെ അടിസ്ഥാനത്തിൽ ഇവരെ കുടിയിറക്കുന്നത് തടയാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(സി) വലിയ പ്രതിസന്ധിയിൽ കൂടി കടന്നുപോകുന്ന വയനാട്ടിലെ ആയിരക്കണക്കിന് കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയമത്തിലെ 30 (ഐ) വകുപ്പ് പ്രകാരം കൃഷിഭൂമി ജപ്തി ചെയ്യുവാൻ പാടില്ലായെന്ന നിബന്ധന മറികടന്ന് കൃഷിഭൂമി പോലും ജപ്തിക്ക് വിധേയമാക്കുന്ന സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഇടപെടൽ നടത്തി കർഷകരെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാങ്കിന്റെ ജപ്തി നടപടിക്കെതിരെ എറണാകുളം മാനാത്ത് പാടത്തെ പ്രീതാഷാജി സമർപ്പിച്ച നിവേദനത്തിന്മേൽ ബന്ധപ്പെട്ട ബാങ്ക് സമർപ്പിച്ച റിപ്പോർട്ടിൽ റിക്കവറി നടപടികൾ പൂർണ്ണമായും നിയമപരമായ നടപടി ക്രമങ്ങൾ പാലിച്ചുതന്നെയാണ് നടത്തിയതെന്നും റിക്കവറി നടപടികൾ പൂർത്തീകരിക്കുന്നതിനായി ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലിനെ (DRT) സമീപിച്ചതിനെത്തുടർന്ന് ലഭിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ജപ്തി നടത്തിയിട്ടുള്ളതെന്നും അറിയിച്ചിരുന്നു. തുടർന്ന് ബന്ധപ്പെട്ട എല്ലാവരുമായി നിരവധി തവണ ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും ചർച്ച നടത്തിയെങ്കിലും ഒത്തുതീർപ്പ് വ്യവസ്ഥകളൊന്നും ഇരുപക്ഷവും അംഗീകരിച്ചിരുന്നില്ല.

ഇതിനിടയിൽ ടി ഭൂമി ലേലത്തിൽ പിടിച്ച ശ്രീ. രതീഷ് എന്നയാൾ താൻ ലേലത്തിൽ പിടിച്ച ഭൂമി കൈവശത്തിലനുഭവിക്കുവാൻ എതിർ കക്ഷികൾ അനുവദിക്കുന്നില്ലെന്ന് കാണിച്ച് ഫയൽ ചെയ്ത WP(C)30651/2017 നമ്പർ കേസിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കിയില്ല എന്നുകാണിച്ച് ജില്ലാ പോലീസ് മേധാവിക്കെതിരായി കോടതിയലക്ഷ്യത്തിന് കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു.

അപ്രകാരമിരിക്കെ CCC-681/2018 നമ്പർ കോടതിയലക്ഷ്യ കേസിൽ ജപ്തി ചെയ്ത വീടൊഴിഞ്ഞ് താക്കോൽ കൈമാറാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടുള്ളതുമാണ്.

(സി&ഡി) വയനാട്ടിലെ ആയിരക്കണക്കിന് കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. കർഷകരുടെ നിലവിലെ അവസ്ഥ പരിഗണിച്ച് വയനാട് ജില്ലയിൽ കർഷകർക്കെതിരെ കുടിയിറക്ക് നടപടികളോ, ജപ്തി നടപടികളോ സർക്കാർ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചിട്ടില്ലാത്തതുമാണ്. സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വിവിധ വായ്പകൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

പരാമർശ സർഫാസി നിയമം കേന്ദ്ര സർക്കാരിന്റേതാകയാലും കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി കൊണ്ടുവന്ന ഒരു സുപ്രധാന നിയമ നിർമ്മാണമാകയാലും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതിയുണ്ട്. എന്നിരുന്നാലും പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കിവരുന്നതിലുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. ഇതിന്റെകൂടി പശ്ചാത്തലത്തിലാണ് സർഫാസി നിയമത്തിലെ പരിധിയിൽനിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ലെ പ്രമേയം മുഖേന ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ടുള്ളത്. ടി പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട്

20-11-2017-ന് ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കുറേക്കൂടി ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ബാങ്കുകളോടും സംസ്ഥാനതല ബാങ്കിംഗ് സമിതിയോടും ആവശ്യപ്പെടാറുണ്ട്. 21-6-2018-ൽ ചേർന്ന സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട് മുഖ്യമന്ത്രിതന്നെ ഇക്കാര്യം പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. സർഫാസി നിയമത്തിന്റെ 31(ഐ) വകുപ്പ് നിലനിൽക്കെ വയനാട് ജില്ലയിലെ കർഷകർക്കെതിരെ ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ വിഷയം ബാങ്ക് അധികൃതരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## 'സ്വാശ്രയ' പദ്ധതി

15(*164) ശ്രീ. കെ. ആൻസലൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സജി ചെറിയാൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ അമ്മമാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 'സ്വാശ്രയ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ കണ്ടെത്താൻ എത്ര രൂപയാണ് ധനസഹായം നൽകുന്നത്; വെളിപ്പെടുത്തുമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി എല്ലാ ജില്ലകളിലും സ്വാശ്രയ സമിതി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്.

(ബി) 'സ്വാശ്രയ' പദ്ധതി പ്രകാരം സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി ഒറ്റത്തവണ ധനസഹായമായി 35,000 രൂപയാണ് നൽകുന്നത്.

(സി) ഈ പദ്ധതി 2017-18-ൽ ആരംഭിച്ചിട്ടുള്ളതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 101 പേർക്കായി 35.35 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ജില്ലാതല സ്വാശ്രയ കമ്മിറ്റി രൂപീകരിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 49,00,000 രൂപ (നാൽപ്പത്തി ഒൻപത് ലക്ഷം രൂപ മാത്രം)-യുടെ ഭരണാനുമതി നൽകുകയും 101 പേർക്കായി 35.35 ലക്ഷം രൂപ ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 73,50,000 രൂപ ( എഴുപത്തിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)-യുടെ ഭരണാനുമതി നൽകുകയും ആയതിൽനിന്നും 49,00,000 (നാൽപ്പത്തി ഒൻപത് ലക്ഷം രൂപ മാത്രം) 14 ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് (3,50,000 രൂപ വീതം) ഒന്നാംഘട്ടമായി അനുവദിച്ച് നൽകിയിട്ടുമുണ്ട്.

## കുട്ടികളുടെ രോഗചികിത്സയ്ക്ക് സഹായം

16(*165) ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ രോഗ ചികിത്സയ്ക്കുവേണ്ടി സർക്കാർ ധനസഹായം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ഈ സഹായം നൽകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കും ഈ സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്. കുട്ടികളുടെ രോഗ ചികിത്സയ്ക്ക് ധനസഹായം നൽകുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, അവകാശങ്ങൾ എന്നിവ ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ വനിതാ-ശിശുവികസന വകുപ്പ് സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി പൊതുജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന ധനസഹായ പദ്ധതിയായ ബാലനിധിയിൽനിന്നും കുട്ടികളുടെ ചികിത്സാ ചെലവുകൾക്കും ധനസഹായം നൽകാറുണ്ട്. കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി കുട്ടികളുടെ ചികിത്സാ സഹായത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

ആരോഗ്യ വകുപ്പിലെ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ പദ്ധതി മുഖേന സർക്കാരിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മൂന്ന് ലക്ഷത്തിൽ താഴെ വരുമാന പരിധിയുള്ള രോഗികളായ കുട്ടികൾക്കും മുതിർന്നവർക്കും ധനസഹായം അനുവദിച്ചു വരുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ചികിത്സാ സഹായ പദ്ധതി സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി&ഡി) ക്യാൻസർ സുരക്ഷ, താലോലം, മിഠായി എന്നീ പദ്ധതികളിലൂടെയുള്ള ചികിത്സ സ്വകാര്യ ആശുപത്രികളിലൂടെ നൽകുന്നില്ല. ശ്രുതിതരംഗം, ധ്വനി എന്നീ പദ്ധതികളിലൂടെ ആനുകൂല്യം സ്വകാര്യ ആശുപത്രികളിലൂടെയും ലഭ്യമാണ്. സ്വകാര്യ ആശുപത്രികളിൽ ഇതിനുവേണ്ടി വരുന്ന സർജന്റെ ഫീസ് ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ജീവൻ രക്ഷാ പ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം തികച്ചും സൗജന്യമായി സർക്കാർ ആശുപത്രികൾ മുഖേന നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് 'ആരോഗ്യ കിരണം'. സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത ജീവൻ രക്ഷാ പ്രാധാന്യമുള്ള ചികിത്സകൾക്ക് വേണ്ടിയുള്ള ധനസഹായം സർക്കാർ ഉത്തരവ് പ്രകാരം മാത്രം സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് ആർ.ബി.എസ്.കെ. (രാഷ്ട്രീയ ബാലസ്വാസ്ഥ്യ കാര്യക്രമം) പദ്ധതിയിലൂടെ ഗുണഫലം ലഭ്യമല്ല. ജന്മനാലുള്ള ഹൃദ്രോഗ ചികിത്സ ഹൃദ്യം പദ്ധതി വഴി ലഭ്യമാക്കുന്നു. " ഹൃദ്യം" പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

**പമ്പയിലും സന്നിധാനത്തും ന്യായവില ഹോട്ടലുകൾ**

17(*166) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനകാലത്ത് ഭക്തജനങ്ങളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി ഭക്ഷ്യ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) തീർത്ഥാടന കാലത്ത് പമ്പയിലും സന്നിധാനത്തും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ന്യായവില ഹോട്ടലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷന് പമ്പയിലും സന്നിധാനത്തും സ്വന്തമായി ഭൂമിയുണ്ടോയെന്ന് അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ശബരിമല തീർത്ഥാടനകാലത്ത് ഭക്തജനങ്ങളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ശബരിമല സന്നിധാനത്തും, പമ്പ, നിലയ്ക്കൽ ഉൾപ്പെടെ പത്തനംതിട്ട ജില്ലയിലെ ഇതര ഭാഗങ്ങളിലെ ഹോട്ടലുകളിലും മറ്റ് ഭക്ഷണശാലകളിലും വിൽക്കേണ്ട വെജിറ്റേറിയൻ ഭക്ഷണ സാധനങ്ങളുടെ വില ജില്ലാ കളക്ടർമാർ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇത് ആറ് ഭാഷകളിൽ അച്ചടിച്ച് എല്ലാ ഹോട്ടലുകളിലും പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം ഹോട്ടലുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഭക്ഷണ സാധനത്തിന്റെ വിലവിവരം വലിയ ബാനറുകളിലും കട്ടൗട്ടുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഭക്ഷണ സാധനങ്ങൾക്ക് നിശ്ചയിച്ച വിലയിലും അധികമായി വാങ്ങി തീർത്ഥാടകരെ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ഊർജ്ജിത പരിശോധനകൾ നടത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിലെ പരിശോധനാ

ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്ക്വാഡുകൾ സന്നിധാനത്തും പമ്പയിലും നിലയ്ക്കലും പ്രവർത്തിക്കുന്നു. ഇതിനുപുറമെ പത്തനംതിട്ട ജില്ലയിലെ ഇതര ഭാഗങ്ങളിൽ പരിശോധനയ്ക്കായി ഒരു ഔട്ടർ പമ്പാ സ്ക്വാഡും വകുപ്പിലെ അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ശബരിമല മണ്ഡല-മകര വിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട് സംസ്ഥാന-അന്തർ സംസ്ഥാന തീർത്ഥാടകർ ധാരാളമായി വരാൻ സാധ്യതയുള്ള ഇടുക്കി,കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ ഹോട്ടലുകളിലും ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിച്ച് പൊതുജനങ്ങൾ കാണുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്നും തീർത്ഥാടകർ കടന്നുവരാൻ സാധ്യതയുള്ള മറ്റ് ജില്ലകളിലെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ വില പൊതുജനങ്ങൾ കാണുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്നും അത് കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും അതാത് ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റവന്യൂ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.

(ബി) പമ്പയിലും സന്നിധാനത്തും തീർത്ഥാടന കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഹോട്ടലുകൾ ആരംഭിക്കുന്നതിന് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് പമ്പയിലും സന്നിധാനത്തും സ്വന്തമായി ഭൂമിയില്ല.

**ശബരിമലയിൽ ഏർപ്പെടുത്തിയിട്ടുള്ള നിരോധനാജ്ഞ**

18 (*167) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഏർപ്പെടുത്തിയിട്ടുള്ള നിരോധനാജ്ഞ 2018 നവംബർ 26 വരെ നീട്ടുവാൻ തീരുമാനിച്ചത് ഏതു സാഹചര്യത്തിലാണ്;

(ബി) ശബരിമലയിൽ എത്തുന്ന ഭക്തർക്ക് ദർശനം നടത്തുന്നതിൽ യാതൊരു അസൗകര്യവും പോലീസ് സൃഷ്ടിക്കാൻ പാടില്ല എന്ന ഹൈക്കോടതി വിധിയുടെ ലംഘനമാണ് നിരോധനാജ്ഞ നീട്ടാനുള്ള സർക്കാരിന്റെ തീരുമാനം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശബരിമലയിലെ വലിയ നടപ്പന്തലിൽ വിരിവയ്ക്കാൻ ഭക്തരെ അനുവദിക്കണം എന്ന ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ നടപ്പാക്കാത്തതിന് കാരണമെന്താണ്;

(ഡി) വലിയ നടപ്പന്തലിൽ വിരിവയ്ക്കാൻ അനുവദിക്കാത്തത് കാരണം, ട്രാക്ടറുകൾ നിരന്തരം കടന്നുപോകുന്ന മാളികപ്പുറത്തെ വിരിപ്പന്തൽ ഉപയോഗിക്കുന്നത് അപകട സാധ്യത ഉളവാക്കുന്നതല്ലേ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശബരിമലയിൽ ഉണ്ടായ ക്രമസമാധാന പ്രശ്നങ്ങളെ സംബന്ധിച്ച് പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റും സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റ് നിരോധനാജ്ഞ നീട്ടിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിരോധനാജ്ഞയിൽനിന്നും ഭക്തരെ ഒഴിവാക്കിയിട്ടുണ്ട്. നിരോധനാജ്ഞമൂലം ഭക്തർക്ക് ദർശനത്തിന് യാതൊരുവിധ തടസ്സവും ഉണ്ടാകുന്നില്ല.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) അത്തരം ഒരു സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൊച്ചി സ്മാർട്ട് സിറ്റി

19(*168) ശ്രീ. എം. മുകേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സാങ്കേതികവിദ്യ സമൂഹ പുരോഗതിക്ക് എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തിവരുന്ന ഇടപെടലുകളുടെ ഫലമായി ആകർഷിക്കാൻ സാധ്യമായ നിക്ഷേപവും സൃഷ്ടിക്കാൻ കഴിഞ്ഞ തൊഴിലും സംബന്ധിച്ചുള്ള വിശദാംശം അറിയിക്കാമോ;

(ബി) മുൻ സർക്കാർ വിദേശ സ്വകാര്യ കമ്പനിക്ക് ദാനമായി നൽകാൻ ശ്രമിച്ച ഇൻഫോ പാർക്കിൽ സൃഷ്ടിക്കാൻ കഴിഞ്ഞ തൊഴിലെത്രയെന്ന് അറിയിക്കാമോ; കൊച്ചി സ്മാർട്ട് സിറ്റി നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) ഐ.ടി. മേഖലയിൽ രണ്ടരലക്ഷം തൊഴിൽ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; ഹൈപവർ ഐ.ടി. കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഡിജിറ്റൽ സാങ്കേതികവിദ്യ സമൂഹ പുരോഗതിക്ക് എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തിവരുന്ന ഇടപെടലുകളുടെ ഫലമായി സംസ്ഥാന സർക്കാരിന് ഗവൺമെന്റ് ഐ.ടി പാർക്കുകളിലെ വിവിധ പദ്ധതികളിലെ 764 കമ്പനികളിലൂടെ പാർക്കുകൾ നേരിട്ടും കമ്പനികൾ വഴിയും ഏകദേശം 7502 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 93350 നേരിട്ടുള്ള തൊഴിലവസരവും ലഭ്യമായിട്ടുണ്ട്.

നിലവിലുള്ള നേരിട്ടുള്ള തൊഴിലവസരവും നിക്ഷേപങ്ങളും:

| ഐ.ടി. പാർക്കുകൾ | കമ്പനികൾ | നിക്ഷേപങ്ങൾ (ഏകദേശം) | തൊഴിലവസരങ്ങൾ (ഏകദേശം) |
|---|---|---|---|
| ടെക്നോപാർക്ക് | 400 | 5000 Cr | 58,000 |
| ഇൻഫോപാർക്ക് | 350 | 2500 Cr | 35000 |
| സൈബർപാർക്ക് | 14 | 2 Cr | 350 |

നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രതീക്ഷിക്കുന്ന നേരിട്ടുള്ള തൊഴിലവസരങ്ങളും നിക്ഷേപങ്ങളും:

| ഐ.ടി. പാർക്കുകൾ | കമ്പനികൾ | നിക്ഷേപങ്ങൾ (ഏകദേശം) | തൊഴിലവസരങ്ങൾ ഏകദേശം) |
|---|---|---|---|
| ടെക്നോപാർക്ക് | 13 | 4000 Cr | 50,000 |
| ഇൻഫോ പാർക്ക് | 6 | 840 Cr | 23000 |
| സൈബർ പാർക്ക് | 33 | 8 Cr | 600 |

കൊച്ചി സ്മാർട്ട് സിറ്റിയുടെ പൂർത്തീകരിച്ച 6.5 ലക്ഷം ച.അടി ഐ.ടി. കെട്ടിടത്തിൽ ഏകദേശം 3000-ൽപ്പരം ജീവനക്കാർ 35-ൽപ്പരം ഐ.ടി. കമ്പനികളിലായി പ്രവർത്തിക്കുന്നുണ്ട്.

(ബി) മുൻ സർക്കാർ വിദേശ സ്വകാര്യ കമ്പനിക്ക് ദാനമായി നൽകാൻ ശ്രമിച്ച ഇൻഫോപാർക്ക് എന്ന വിഷയത്തെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. ഇൻഫോപാർക്കിൽ നാളിതുവരെ 35000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ഏകദേശം 55 ലക്ഷത്തോളം ച. അടി വിസ്തീർണ്ണമുള്ള രണ്ടാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കോ-ഡെവലപ്പേഴ്സിന്റെ ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2021-ഓടുകൂടി പ്രവർത്തന ക്ഷമമാകുമെന്ന് പ്രതീക്ഷിക്ഷിക്കുന്നു.

സ്മാർട്ട് സിറ്റി പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായുള്ള 7 കി.മീ നാലുവരി പാത, ഡ്രെയിനേജ് സിസ്റ്റം, യൂട്ടിലിറ്റി ട്രെൻഞ്ചുകൾ, സബ് സ്റ്റേഷനുകൾ, പാലം, ജല സംഭരണി മുതലായവ പൂർത്തീകരിച്ചിട്ടുണ്ട്.

സ്മാർട്ട് സിറ്റി ടൗൺഷിപ്പിന്റെ ഭാഗമായ വിദ്യാഭ്യാസ മന്ദിരത്തിന്റെ ഫെയിസ് 1 നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഡിജിറ്റൽ സാങ്കേതികവിദ്യാ സമൂഹ പുരോഗതിക്ക് എന്ന ലക്ഷ്യത്തോടെ കൂടുതൽ വ്യവസായസംരംഭങ്ങൾക്കായി ലോകോത്തര നിലവാരത്തിലുള്ള കൂടുതൽ പശ്ചാത്തല സൗകര്യ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 120 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ (ടെക്നോപാർക്ക് 97 ലക്ഷം ച.അടി, ഇൻഫോപാർക്ക് 20 ലക്ഷം ച.അടി, സൈബർപാർക്ക് 3 ലക്ഷം ച.അടി) ഇതിനോടകം സൃഷ്ടിക്കുകയും 91.5 ലക്ഷം ച.അടി (ടെക്നോപാർക്ക് 62 ലക്ഷം ച.അടി, ഇൻഫോപാർക്ക് 29 ലക്ഷം ച.അടി, സൈബർപാർക്ക് 50000 ച.അടി) നിർമ്മാണ പ്രവർത്തനങ്ങൾ പാർക്കുകളുടെ വിവിധ പദ്ധതികളിലായി പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ലോകോത്തര ഐ.ടി. സംരംഭങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ ആദ്യത്തെ ആഗോള സമ്മേളനമായ ഹാഷ് ഫ്യൂച്ചറും അതുമായി ബന്ധപ്പെട്ടുള്ള ഗ്ലോബൽ കണക്ട് മീറ്റിംഗുകളും വഴി പുതിയതായി വ്യവസായം ആരംഭിക്കുവാനായി ദേശീയവും അന്തർദേശീയവുമായ കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര കമ്പനികളും ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും സംയുക്തമായുള്ള പ്രവർത്തനങ്ങൾ, എയർ ബസ്, സിസ്കോ, ഗൂഗിൾ തുടങ്ങിയ കമ്പനികളുടെ വിവിധ നൈപുണ്യ വികസന പരിപാടികൾ, സ്റ്റാർട്ട് അപ്പ്/ഐ.ടി. മിഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ വഴി നൂതന സാങ്കേതിക വിദ്യകൾ ആസ്പദമാക്കി പ്രവർത്തിക്കാൻ താൽപ്പര്യപ്പെടുന്ന ഐ.ടി. സംരംഭങ്ങൾക്ക് അനുയോജ്യമായ മാനവശേഷി റിസോഴ്സസ് ലഭ്യമാക്കുന്നതിനുള്ള അവസരങ്ങളൊരുക്കുന്നുണ്ട്.

## പോലീസ് നവീകരണം

20 (*169) ശ്രീ. കെ. ബാബു :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ നയംമൂലം ദുർബലപ്പെട്ട പോലീസ് സേനയെ നവീകരിച്ച് ശാക്തീകരിക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പോലീസ് കാര്യക്ഷമത വീണ്ടെടുത്തതിന്റെ ഫലമായി കുറ്റകൃത്യങ്ങൾക്ക് കുറവ് വരികയും രണ്ടുവർഷമായി കുറ്റാന്വേഷണത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം നേടുകയും ചെയ്ത സാഹചര്യത്തിൽ, ഈ നേട്ടം കൂടുതൽ മുന്നോട്ട് പോകാനായുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(സി) സർക്കാർ നയത്തിന് അനുസൃതമായി ജനസേവകരായി മാറാൻ വിമുഖത കാണിച്ച് മനുഷ്യാവകാശ ധ്വംസകരാകുന്ന അപൂർവ്വം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം പോലീസ് ഉദ്യോഗസ്ഥരെ നിക്ഷിപ്ത താൽപ്പര്യത്തോടെ ജാതിമതാടിസ്ഥാനത്തിൽ നവമാധ്യമങ്ങളിലൂടെയും അല്ലാതെയും അവഹേളിക്കുന്നവർക്കെതിരെ കൂടി കർശന നടപടിയെടുക്കാൻ തയ്യാറാകുമോയെന്നറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) പോലീസ് സേനയെ നവീകരിച്ച് ശാക്തീകരിക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് സംസ്ഥാന പോലീസിന്റെ പ്രവർത്തനങ്ങൾ ഉയർത്തുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും പരിപാടികളും സൂക്ഷ്മതയോടും ജാഗ്രതയോടും നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റമറ്റ രീതിയിലുള്ള കുറ്റാന്വേഷണവും പരാതിക്കിട നൽകാത്തവിധമുള്ള ക്രമസമാധാന പരിപാലനവും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) പൊതുജനങ്ങളുടെ മനുഷ്യാവകാശങ്ങളും സുരക്ഷയും ഉറപ്പു വരുത്തുന്നതിനായി ആത്മാർത്ഥതയോടുകൂടി ഡ്യൂട്ടി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നവമാധ്യമങ്ങളിലൂടെയും അല്ലാതെയും അവഹേളിക്കുന്നവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോലീസ് സേനയിലെ വിഭാഗീയ പ്രവർത്തനങ്ങൾ

21(*170) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാരാജാസ് കോളേജിലെ എസ്.എഫ്.ഐ. നേതാവ് അഭിമന്യു കൊലചെയ്യപ്പെട്ട കേസ്സിൽ പ്രതികളെ കണ്ടെത്താൻ നടത്തിയ തിരച്ചിലിന്റെ വിവരങ്ങൾ പോലീസുദ്യോഗസ്ഥർ തന്നെ ചോർത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) അഭിമന്യു കുത്തേറ്റ് വീണ കാര്യം കൊച്ചിയിലെ ടൗൺ സൗത്ത്, സെൻട്രൽ, ടൗൺ നോർത്ത്, കടവന്ത്ര എന്നീ പോലീസ് സ്റ്റേഷനുകളിൽ അറിഞ്ഞിട്ടും പ്രതികരിക്കുവാൻ പോലീസ് അരമണിക്കൂറിലേറെ വൈകിയതായ ആക്ഷേപം അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഷനുകളിലെ പോലീസുദ്യോഗസ്ഥർ ആരെങ്കിലും കൊല നടന്ന ദിവസം മുൻകൂട്ടി അറിയിക്കാതെ അവധി എടുത്തതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം വിഭാഗീയ പ്രവർത്തനങ്ങൾ മുളയിലേ നുള്ളുന്നതിനും പോലീസ് സേനയെ ജനങ്ങളുടെ രക്ഷകരായി മാറ്റുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കണ്ടെത്തിയിട്ടില്ല.

(ബി) വൈകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊല നടന്ന ദിവസം മുൻകൂട്ടി അറിയിക്കാതെ പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ അവധി എടുത്തിട്ടില്ല.

(ഡി) സംസ്ഥാന പോലീസ് സേന ഒരേ മനസ്സോടെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന ചുമതല കാര്യക്ഷമമായി നിർവ്വഹിച്ചു വരുന്നുണ്ട്. ഇതിനായി മേലുദ്യോഗസ്ഥർ പോലീസ് സ്റ്റേഷനുകൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ഇതിനുപുറമെ പോലീസ് ഉദ്യോഗസ്ഥർക്ക് കേസ്സുകളുടെ അന്വേഷണത്തിനും പൊതുജനങ്ങളോട് പെരുമാറുന്നത് സംബന്ധിച്ചും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുണ്ട്. അതനുസരിച്ചാണ് പോലീസ് പ്രവർത്തിച്ചു വരുന്നത്. വീഴ്ചകളുണ്ടാകുമ്പോൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുമുണ്ട്.

## മാതൃശിശു മരണനിരക്ക്

22(*172) ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാതൃശിശു മരണനിരക്ക് ഏകദേശം വികസിത രാജ്യങ്ങളുടെ നിലവാരത്തിലേയ്ക്ക് എത്തിക്കാൻ സാധിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ കൈവരിച്ച നേട്ടം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യവും അതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും അറിയിക്കുമോ ;

(ബി) മാതൃശിശു മരണനിരക്ക് കുറയ്ക്കാനായി ആശുപത്രിയിൽ നടക്കുന്ന പ്രസവങ്ങൾ പ്രോത്സാഹിപ്പിക്കാനായുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ആശുപത്രിയിൽ നടക്കുന്ന പ്രസവങ്ങളിൽ സിസേറിയൻ നിരക്ക് വളരെയധികം (42 ശതമാനം) ആണെന്നതു കണക്കിലെടുത്ത് പ്രസവ സൗകര്യത്തിനായി കൂടുതലും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്താനായി സർക്കാർ ആശുപത്രികളുടെ സൗകര്യം വിപുലപ്പെടുത്താൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) ശൈശവ രോഗങ്ങൾ യഥാസമയം കണ്ടെത്തി ചികിത്സിച്ച് ഭേദമാക്കുന്നതിനായി പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; ആശാകിരണം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) കേരളത്തിലെ മാതൃമരണ നിരക്ക് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞതാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി മാതൃമരണ നിരക്ക് കുറച്ചുകൊണ്ട് വരുവാൻ കഴിഞ്ഞു. കേരളത്തിലെ മാതൃമരണ നിരക്ക് ഇന്ത്യയിലെ ശരാശരി മാതൃമരണ നിരക്കിനേക്കാൾ കുറവാണ്. ഇതു സംബന്ധിച്ച പദ്ധതികളെപ്പറ്റിയുള്ള വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

സംസ്ഥാനത്തെ ശിശുമരണനിരക്ക് 6 ലേയ്ക്ക് താഴ്ത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നാഷണൽ ഹെൽത്ത് മിഷൻ വഴി നൂതനമായ ശൈശവ ആരോഗ്യപരിപാടികളായ "ശലഭം - കോംപ്രഹെൻസീവ് ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം, ഹൃദ്യം" തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതുസംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ 99% പ്രസവങ്ങളും ആശുപത്രികളിലാണ് നടക്കുന്നത്. ഈ പ്രസവങ്ങൾ സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലുമാണ് നടക്കുന്നത്. സർക്കാർ ആശുപത്രികളിൽ JSSK (ജനനി ശിശു സുരക്ഷാ കാര്യക്രം) നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം സർക്കാർ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങളും സിസേറിയൻ പ്രസവങ്ങളും സൗജന്യമാണ്. JSY (ജനനി സുരക്ഷാ യോജന) പദ്ധതിയും സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു.

സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ മെഡിക്കൽ ഉപകരണങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുതിയതായി ആവിഷ്കരിച്ച് പദ്ധതിയാണ് 'ലക്ഷ്യ'. മാതൃശിശു മരണ നിരക്ക് കുറയ്ക്കുക, അതോടൊപ്പം ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) നാഷണൽ ഹെൽത്ത് മിഷൻ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ പ്രസവമുറി നവീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. സർക്കാർ ആശുപത്രികളിൽ കൂടുതൽ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) വഴി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ആശുപത്രി ജീവനക്കാർക്ക് കൂടുതൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നവജാത ശിശുക്കളിലെ മെറ്റബോളിക് രോഗങ്ങൾ നേരത്തെതന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനായി "ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം" നടപ്പിലാക്കി വരുന്നു.

നവജാത ശിശുക്കളിലെ ശ്രവണ വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ J.S.S.K. പദ്ധതി പ്രകാരം ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്കു സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകിവരുന്നു.

R.B.S.K., ആരോഗ്യകിരണം എന്നീ പദ്ധതികൾ വഴി 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകി വരുന്നു.

ആശ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് ആശാകിരണം. ആശാകിരണം പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉന്നത നിലവാരത്തിലുള്ള ആതുരസേവന സ്ഥാപനങ്ങൾ

23(*173) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ഉൾപ്പെടെ ത്രിതലങ്ങളിലുള്ള ആതുരസേവന സ്ഥാപനങ്ങൾ ഉന്നതനിലവാരത്തിലുള്ളവയാക്കിമാറ്റി സ്വകാര്യ ആശുപത്രികളുടെ മേലുള്ള അശ്രിതത്വം കുറയ്ക്കുന്നതിന് കിഫ്ബി വഴിയും അല്ലാതെയും നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആശുപത്രികളുടെ സൗകര്യം ഉയർത്തുന്നതോടൊപ്പം തന്നെ നൽകുന്ന സേവന നിലവാരം ഉയർത്തുന്നതിനായി സൂപ്പർ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെ പുതുതായി സൃഷ്ടിച്ച തസ്തികകളും ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നിയമിച്ച മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരുടെ എണ്ണവും അറിയിക്കാമോ;

(സി) ഗുണനിലവാരത്തിനും പ്രവർത്തന മികവിനും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നൽകുന്ന നാഷണൽ ക്വാളിറ്റി അഷ്വറൻസ് സർട്ടിഫിക്കേഷൻ സംസ്ഥാനത്തെ എത്ര സർക്കാർ ആശുപത്രികൾക്ക് നേടാനായി; സംസ്ഥാന സർക്കാർ നിർണ്ണയിച്ചിട്ടുള്ള കാഷ് (കേരള അക്രെഡിറ്റേഷൻ സ്റ്റാന്റേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) നിലവാരം എത്ര ആശുപത്രികൾ കൈവരിച്ചെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) ആരോഗ്യമേഖലയിൽ നൂതന സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള സമഗ്രവികസനം നടപ്പിലാക്കുന്നത് പ്രധാനമായും സംസ്ഥാന പദ്ധതി വിഹിതം മുഖേനയാണ്. ഇതിനുപുറമെ കേന്ദ്ര സഹായം, കിഫ്ബി, മറ്റുള്ള ധനസഹായങ്ങൾ എന്നിവ വഴിയും ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതുവഴി രോഗികൾക്ക് മികച്ച രീതിയിൽ ചികിത്സ നൽകുവാനും ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുവാനും സാധിക്കുന്നു.

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, വയനാട് മെഡിക്കൽ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി M/s. ഇൻകൽ (INKEL) ലിമിറ്റഡിനെയും കോട്ടയം, കോന്നി മെഡിക്കൽ കോളേജുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ M/s. HITES-നെയും ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേയ്ക്ക് 4 കോടി രൂപ വീതം ചെലവഴിച്ച് CT സിമുലേറ്റർ വാങ്ങുന്നതിനും കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് 2 കോടി രൂപയ്ക്ക് എം.ആർ.ഐ. സ്കാനറും 3.30 കോടി രൂപയ്ക്ക് DSA മെഷീൻ വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് 1.60 കോടി രൂപ ചെലവഴിച്ച് സി.ടി. സ്കാനർ വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. മോളിക്കുലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി (Molecular Diagnotic Facility) ക്രമീകരിക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിന് 1.20 കോടി രൂപയ്ക്കും ഈ സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനത്തിനായി "രോഗീസൗഹൃദ ആശുപത്രി ചുറ്റുപാട് സ്ഥാപിക്കൽ (Creation of Patient Friendly Hospital Environment)" എന്ന പദ്ധതിക്ക് 51.8184 കോടി രൂപയുടെ ഭരണാനുമതി 22-3-2017-ലെ സ.ഉ.(സാധാ) നമ്പർ 773/2017/ആ.കു.വ. പ്രകാരം നൽകിയിരുന്നു. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 12.92 കോടി രൂപ NHM-ന് കൈമാറിയിട്ടുണ്ട്. 'മെഡിക്കൽ കോളേജുകളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും, വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും' എന്ന പദ്ധതിക്കായി 11.86 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, എറണാകുളം മെഡിക്കൽ കോളേജുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കാണ് ഈ തുക അനുവദിച്ചിരിക്കുന്നത്.

കിഫ്ബി മുഖേന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട 10 ആശുപത്രികളിൽ കാത്ത് ലാബ് യൂണിറ്റും, 44 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും ആരംഭിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും അടിസ്ഥാന ഭൗതിക സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിച്ച് സേവനം മെച്ചപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 503 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും അവിടങ്ങളിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരികയുമാണ്.

ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമായി ചുവടെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ, കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരുപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, ശ്വാസ്, ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ ലഭ്യമാക്കി വരുന്നു.

സംസ്ഥാനത്തെ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകേണ്ടുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും നിലവാരം നിർണ്ണയിക്കുന്നതിനായി അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും വ്യവസ്ഥ ചെയ്തുകൊണ്ട് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് വിജ്ഞാപനം ചെയ്തു. ആയതിന്റെ കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലായി 1777 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ/പാരാ മെഡിക്കൽ വിഭാഗങ്ങളിലായി 1961 ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിൽ വിഭാവന ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പിൽ ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി സൂപ്പർ സ്പെഷ്യാലിറ്റി, മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ 2142 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച തസ്തികകൾ ഉൾപ്പെടെ ആകെ 4470 മെഡിക്കൽ /പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ ഇതിനോടകം 14 സർക്കാർ ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് ഇതുവരെ 38 ആശുപത്രികൾക്കാണ് കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) പദവി ലഭിച്ചിട്ടുള്ളത്.

**എയർ ആംബുലൻസ് സംവിധാനം**

24(*174) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കീഴിൽ എയർ ആംബുലൻസ് സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് എയർ ആംബുലൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വിദൂര സ്ഥലങ്ങളിലെ ആശുപത്രികളിൽ രോഗികളെ അടിയന്തരമായി എത്തിക്കേണ്ട സാഹചര്യങ്ങളിൽ നിലവിൽ സ്വീകരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) ഇല്ല.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്തിനകത്തു രോഗികളെ റോഡ് മാർഗ്ഗം ആംബുലൻസ് വഴിയാണ് ട്രാൻസ്പോർട്ട് ചെയ്യുന്നത്. ആംബുലൻസ് സർവ്വീസ് സുഗമമാക്കാൻ പോലീസ് ഡിപ്പാർട്ട്മെന്റ് ഗ്രീൻ കോറിഡോർ ഏർപ്പെടുത്താറുണ്ട്.

## ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച നിയമം

25(*175) ശ്രീ. കെ. എൻ. എ. ഖാദർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാസ്സാക്കിയ 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നിയമ പ്രകാരമുള്ള വ്യവസ്ഥകൾ സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൻപ്രകാരമുള്ള ഏതൊക്കെ വ്യവസ്ഥകൾ ഇതിനോടകം നടപ്പാക്കി കഴിഞ്ഞെന്നും ഇനി നടപ്പിലാക്കാനുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്നും അറിയിക്കുമോ; കാലതാമസം കൂടാതെ മറ്റു വ്യവസ്ഥകൾ കൂടി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് 40% വൈകല്യമുള്ള അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ തന്നെ ജോലി ചെയ്യാമെന്ന വ്യവസ്ഥ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇപ്രകാരം പുതുക്കി നിശ്ചയിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ; ഇതിൽ പഴയ മാനദണ്ഡം തന്നെ തുടരാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ;

(സി) 2016 -ലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നിയമ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലും അംഗപരിമിതർക്കായി പരാതിപരിഹാര ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന അംഗപരിമിതക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ സർക്കുലറിന്മേൽ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇപ്രകാരം ഉത്തരവ് നൽകുമ്പോൾ ആയതിൽ സർക്കാർ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്താൻ നടപടിയുണ്ടാകുമോ;

(ഡി) അംഗപരിമിതർക്കായുള്ള സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ പുറപ്പെടുവിക്കുമ്പോൾ ആയത് സർക്കാർ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അംഗപരിമിതർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി അംഗപരിമിതക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, ദൃശ്യമാധ്യമങ്ങൾ വഴിയുള്ള പ്രചരണം തുടങ്ങിയവ നടത്തിവരുന്നു. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചവയുടെയും ഇനി നടപടി സ്വീകരിക്കേണ്ടവയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 25-2-2017-ലെ സ.ഉ.(പി)നമ്പർ 3/2017/ഉ.ഭ.പ.വ. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 11-ൽ പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ/പരിരക്ഷിക്കപ്പെട്ടവരോ) ആയ വിഭാഗങ്ങൾ നിശ്ചയിച്ചുകൊണ്ടും പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. പ്രത്യേക മുൻഗണനാ വിഭാഗങ്ങളുടെ ലിസ്റ്റിൽ അംഗപരിമിതരായ ജീവനക്കാരെ മൂന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പരിരക്ഷിക്കപ്പെട്ട വിഭാഗങ്ങൾക്കായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിൽ യോഗ്യരായിട്ടുള്ള എല്ലാ ജീവനക്കാർക്കും നിയമനം ലഭിക്കുന്നതിനുവേണ്ടിയാണ് പ്രത്യേക സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുള്ളത്.

(സി&ഡി) ആക്ടിലെ സെക്ഷൻ 23 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ എല്ലാ ഓഫീസുകളിലും 'ഗ്രീവൻസ് റിഡ്രസ്സിൽ ഓഫീസറെ' നിയോഗിച്ചിട്ടുണ്ട്. '2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് ' പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലും അംഗപരിമിതർക്കായി പരാതി പരിഹാര ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ആക്ടിലെ സെക്ഷൻ 2 (k) പ്രകാരം ഗവൺമെന്റ് എസ്റ്റാബ്ലിഷ്മെന്റുകളിൽ പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാരിന്റെ ഭരണ മികവിന് ദേശീയ തലത്തിൽ അംഗീകാരം

26(*176) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഭരണമികവിന് ദേശീയ തലത്തിൽ അംഗീകാരം നേടാൻ സാധ്യമായതിന്റെ പശ്ചാത്തലത്തിൽ അഴിമതിമുക്ത കേരളമെന്ന പ്രഖ്യാപിത ലക്ഷ്യം നേടാനായി നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സിവിൽ സർവ്വീസ് കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷമുള്ള പി.എസ്.സി. നിയമനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) സർക്കാർ സേവനങ്ങൾ അതിവേഗം ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) സിവിൽ സർവ്വീസ് അഴിമതി മുക്തവും കാര്യക്ഷമവും ജനസൗഹൃദവുമാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ആകസ്മിക പരിശോധനകൾ നടത്തിവരുന്നുണ്ട്. പരിശോധനയിൽ ഓഫീസ് പ്രവർത്തനം സംബന്ധിച്ച ക്രമക്കേടുകളോ പോരായ്മകളോ കണ്ടെത്തുന്നപക്ഷം ആയവ പരിഹരിക്കുന്നതിന് കർശന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ബോധപൂർവ്വമായ ക്രമക്കേടുകളിന്മേൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾക്ക് ശിപാർശ ചെയ്യുന്നതടക്കമുള്ള പ്രവർത്തനങ്ങൾ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ നടത്തിവരുന്നുണ്ട്.

ഭരണ നിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേയ്ക്കായി ഇ-ഫയൽ സമ്പ്രദായം ഏർപ്പെടുത്തുകയും ഫയലുകളുടെ തീർപ്പ് ഉന്നത ഉദ്യോഗസ്ഥൻ മാസംതോറും അവലോകനം ചെയ്തുകൊണ്ട് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. നിയമ വകുപ്പിൽ ഒരു ഇന്റേണൽ ഓഡിറ്റ് വിംഗ്, വകുപ്പിന്റെ ചെലവുകൾ സംബന്ധിച്ച് പരിശോധന നടത്തിവരുന്നുണ്ട്.

(ബി) ഭരണ നിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേയ്ക്കായി ഇ-ഫയൽ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്തുവാനും വികസിപ്പിക്കുവാനും ഭരണമികവിലേയ്ക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനുമായി പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന എല്ലാ സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകിവരുന്നു.

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനം വേഗത്തിലാക്കുന്നതിനും എല്ലാ ഉദ്യോഗസ്ഥർക്കും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിലുള്ള ഇൻഹൗസ് ട്രെയിനിംഗ് സെന്റർ മുഖേന വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു. പി.എസ്.സി. മുഖേന നിയമനം നടത്തുന്ന വകുപ്പുകളിൽ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സംസ്ഥാനത്തെ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിച്ച് വിവിധ റാങ്ക്പട്ടികകളിൽ നിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ഉദ്യോഗം ലഭ്യമാകുന്നതിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ചെയ്തുവരുന്നുണ്ട്. ഇത്തരത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനായി വിവിധ സർക്കാർ ഓഫീസുകളിൽ പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 ഒക്ടോബർ വരെ 85,621 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിയേറ്റിൽ 1-1-2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും/വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1-നകവും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ ഡിസംബർ 31-നകവും സ്ഥാപിച്ച് നടപ്പിൽ വരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി എല്ലാ ജീവനക്കാരും നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 18-8-2016-ലെ സർക്കുലർ നമ്പർ 7318/AR13(2)/16/P&ARD പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നൽകണമെന്ന നിർദ്ദേശം സംബന്ധിച്ച് 27-11-2017-ലെ സർക്കുലർ നമ്പർ 353/എ.ആർ13(2)/2017/ ഉ.ഭ.പ.വ.. , പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് നിൽക്കുന്ന സ്ഥലപ്പേര്, പിൻകോഡ്, ഫോൺ നം., സാക്ഷ്യപ്പെടുത്തിയ/ പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പിനും തസ്തികയ്ക്കും താഴെ ഇ-മെയിൽ ഐഡിയും ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്ന 22-2-2018-ലെ സർക്കുലർ നമ്പർ 7289/എ.ആർ13(2)/16/ ഉ.ഭ.പ.വ. പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവർത്തിസമയം ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുന്നതിനുള്ള കർശന നിർദ്ദേശം സംബന്ധിച്ച് 18-5-2018-ലെ നമ്പർ 112/ എ.ആർ13(2)/18/ ഉ.ഭ.പ.വ. പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുജനങ്ങളുടെ പരാതികൾ പരിഗണിക്കുന്നതും പരിഹരിക്കുന്നതും സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ 8-11-2018-ലെ സർക്കുലർ നമ്പർ 203/എ.ആർ13(2)/18/ഉ.ഭ.പ.വ. തീയതി, പുറപ്പെടുവിച്ചിട്ടുണ്ട്.

ജനസൗഹൃദ സിവിൽ സർവ്വീസ് കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ അടിയന്തര സാഹചര്യത്തിലൊഴികെ ഔദ്യോഗികഭാഷയായി മലയാളംതന്നെ ഉപയോഗിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017 മെയ് 1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗിക ഭാഷ മലയാളമായിരിക്കണം എന്ന് നിർബന്ധമാക്കിക്കൊണ്ട് ഭരണഭാഷാ പ്രഖ്യാപനം നടത്തുകയുണ്ടായി. പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി 26-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 6/2017 ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ഔദ്യോഗികഭാഷ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നുണ്ടോയെന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും സർക്കാർ ഓഫീസുകളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് പരിശോധനകൾ നടത്തുകയും പരിശോധനകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ഓഫീസുകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ഉദ്യോഗസ്ഥരുടെ ഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ തലത്തിൽ അവബോധ പരിപാടി സംഘടിപ്പിക്കുന്നുണ്ട്.

(സി) ഇ-ഗവേണൻസിന്റെ ഭാഗമായി സർക്കാർ സേവനങ്ങൾ അതിവേഗം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (എസ്. എസ്. ഡി. ജി.), ഇ-ഡിസ്ട്രിക്ട് തുടങ്ങി വിവിധങ്ങളായ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുക എന്ന ആശയം മുൻനിർത്തിയാണ് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ പദ്ധതി വികസിപ്പിച്ചിട്ടുള്ളത്. സാധാരണ പൗരന് ആവശ്യമായ അപേക്ഷാ ഫോറങ്ങൾ ഇതിലൂടെ ഡൗൺലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കാനുള്ള സൗകര്യം ലഭ്യമാണ്. വിവിധ സർക്കാർ ഉത്തരവുകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട അപേക്ഷകളുടെ തൽസ്ഥിതിയും ഇതുവഴി ലഭ്യമാണ്. കൂടാതെ, ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി വിവിധ ആവശ്യങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തി അപേക്ഷകന് ലഭ്യമാക്കുന്നു. ജാതി, വരുമാന, നേറ്റിവിറ്റി, ഡൊമിസൈൽ തുടങ്ങി വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾക്ക് പുറമേ പുതുതായി നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് കൂടി ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിവിധ സർക്കാർ സേവനങ്ങൾ മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുക എന്നതാണ് 'എം-ഗവേണൻസ് ' പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. ഇതിനായി 'എം-കേരളം' എന്ന മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഇത് Play Store-ൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

27(*177) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ആധുനീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്മാർട്ട് പോലീസ് സ്റ്റേഷനുകളുടെ സവിശേഷതകൾ അറിയിക്കാമോ;

(ബി) സാങ്കേതിക മികവിലും ആശയവിനിമയ രംഗത്തും കേരള പോലീസിനെ നവീകരിക്കാൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ് ;

(സി) പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ക്രമസമാധാന ചുമതലയും കുറ്റാന്വേഷണവും വേർതിരിക്കാനും കൂടുതൽ സബ് ഡിവിഷനുകൾ ആരംഭിക്കാനുമുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ

(ഡി) സ്ത്രീ സുരക്ഷയ്ക്കും വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും നടപ്പാക്കിവരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഈ വർഷത്തെ വാർഷിക പദ്ധതി പ്രകാരം 100 പോലീസ് സ്റ്റേഷനുകൾ തിരഞ്ഞെടുത്ത് SMART (S-Sensitive & Strict, M-Modern & Mobility, A-Alert & Accountable, R-Reliable & Responsive and T-Trained & Techno Savvy) ആക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷൻ ആക്കി മാറ്റുന്നതിലൂടെ പോലീസിന്റെ കാര്യക്ഷമത വർദ്ധിക്കുകയും സി.സി.ടി.എൻ.എസ്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യൽ, iAPS സംവിധാനം, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഇ-മെയിൽ സംവിധാനം, പരാതികൾ സ്വീകരിക്കുന്നതിനും മറ്റും വെബ് പോർട്ടൽ സംവിധാനം, ആധുനിക ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസേഷൻ എന്നീ സൗകര്യങ്ങൾ ഈ സ്റ്റേഷനുകളിൽ ലഭ്യമാകുന്നുണ്ട്.

(ബി) സാങ്കേതിക മികവിലും ആശയവിനിമയ രംഗത്തും കേരള പോലീസിനെ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും രക്ഷ, Know Your Police Station ആപ്ലിക്കേഷൻ, ട്രയൽ മോണിറ്ററിംഗ് ആപ്ലിക്കേഷൻ, വുമൺ സേഫ്റ്റി & എമർജൻസി റെസ്പോൺസ്, ഡയൽ 100, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആപ്ലിക്കേഷൻ, വിർച്വൽ പോലീസ് ഗൈഡ് ഫോർ പോലീസ് സർവ്വീസ്, തുണ, ശബരിമല ദർശനത്തിനായി വിർച്വൽ ക്യൂ സിസ്റ്റം തുടങ്ങിയ മൊബൈൽ/വെബ് ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്.

ഫോൺ കോളുകൾ, എസ്. എം. എസ്., ഡാറ്റാ സർവ്വീസ് എന്നിവ നിയമപരമായി intercept ചെയ്യുന്നതിലേയ്ക്കായി സെൻട്രൽ മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനസജ്ജമായി വരുന്നു. നിലവിൽ അനലോഗ് സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ അത്യന്താധുനിക സാങ്കേതികവിദ്യയിലൂന്നിയുള്ള ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 21-10-2017-ലെ സ.ഉ.(കൈ)നമ്പർ 211/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം ക്രമസമാധാന പരിപാലനവും കേസ്സന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. നിലവിൽ 7 പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പ്രവർത്തിച്ചുവരുന്നവരുൾപ്പെടെ ആകെ 203 പോലീസ് സ്റ്റേഷനുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്. തുടർന്ന് 268 പോലീസ് സ്റ്റേഷനുകളിൽ കൂടി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുവാൻ 29-09-2018-ലെ സ.ഉ.(കൈ)നം.150/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പോലീസ് സബ് ഡിവിഷനുകളുടെ എണ്ണം കൂട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുവാൻ പിങ്ക് പട്രോൾ സംസ്ഥാനത്തെ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് റൂറൽ, വയനാട് ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

2018-19 വാർഷിക പദ്ധതിയിൽ ജൻഡർ അവേർനസ് & ജൻഡർ ഫ്രണ്ട്‌ലി ഇൻഫ്രാസ്ട്രക്ചർ സ്കീമിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും സെൽഫ് ഡിഫൻസ് പ്രോഗ്രാം & ട്രെയിനിംഗ്, ഫാമിലി & വുമൺ കൗൺസിലിംഗ് സെന്റർ, പിങ്ക് കൺട്രോൾ റൂം, വാഹനങ്ങൾ, നിർഭയ വോളണ്ടിയർമാർക്ക് പ്രതിഫലം തുടങ്ങിയവയ്ക്കായി 31-7-2018-ലെ സ.ഉ.(സാധാ)നമ്പർ 2240/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം 620 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17-4-2018 തീയതിയിലെ സ.ഉ.(കൈ)നമ്പർ 68/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിക്കുകയും ഇതിൽ ഒരു വനിതാ കമാൻഡോ പ്ലാറ്റൂണിന്റെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**റേഷൻ ആനുകൂല്യങ്ങൾ**

28(*178) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുവാൻ വേണ്ടി ഒന്നരക്കൊല്ലം സപ്ലൈ ഓഫീസിൽ കയറിയിറങ്ങി മനംനൊന്ത് വയോധികൻ ജീവനൊടുക്കാൻ ശ്രമിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സപ്ലൈ ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിനും ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വന്നിട്ടുള്ള സപ്ലൈ ഓഫീസിൽനിന്നും റേഷൻ കാർഡുകൾ ലഭിക്കുന്നതിന് മാസങ്ങൾ കാത്തിരിക്കേണ്ട അവസ്ഥ മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കൂടുതൽ വേഗത്തിലും

മെച്ചപ്പെട്ടതുമായ സേവനങ്ങൾ പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ, പൊതുവിതരണ വകുപ്പിന് കീഴിലുള്ള സ്വകാര്യ വാടക കെട്ടിടങ്ങളിൽ അല്ലാതെ പ്രവർത്തിച്ചുവരുന്ന 32 താലൂക്ക് സപ്ലൈ ഓഫീസുകൾ, മലപ്പുറം ഒഴികെയുള്ള ജില്ലാ സപ്ലൈ ഓഫീസുകൾ, കോഴിക്കോട്, ഉത്തരമേഖല, ഡെപ്യൂട്ടി കൺട്രോളറുടെ ഓഫീസ്, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് എന്നിവ ഫ്രണ്ട് ഓഫീസ് സൗകര്യത്തോടുകൂടി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിലും നടപ്പുസാമ്പത്തിക വർഷത്തിൽ 26-11-2018 വരെയും 666.2 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിനും മറ്റ് അക്രെഡിറ്റഡ് ഏജൻസികൾക്കുമായി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഓഫീസുകളിൽ കോഴിക്കോട്, പത്തനംതിട്ട ജില്ലാ സപ്ലൈ ഓഫീസുകളിലും മണ്ണാർക്കാട്, ചിറ്റൂർ, തിരുവല്ല, മല്ലപ്പള്ളി എന്നീ താലൂക്ക് സപ്ലൈ ഓഫീസുകളിലും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഓഫീസുകളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. റേഷൻകാർഡ് സംബന്ധമായ അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുന്നതുകൂടാതെ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടികൾ താഴെപ്പറയും പ്രകാരം ലഘൂകരിച്ചിട്ടുണ്ട്.

- എൻ.പി.എൻ. എസ്. കാർഡ് മാത്രം ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റിനുപകരം വരുമാനം സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകിയാൽ മതിയാകും.

- പഞ്ചായത്ത് ഓഫീസുകളിൽ നിന്നും ഹാജരാക്കിക്കൊണ്ടിരുന്ന താമസം തെളിയിക്കുന്നതിനുള്ള (റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്) രേഖകൾക്ക് പകരം ഇലക്ട്രിസിറ്റി ബിൽ, വാട്ടർ ബിൽ, ലാൻഡ് ഫോൺ ബിൽ, എൽ. പി. ജി. വൗച്ചർ/ബിൽ, ദേശസാത്കൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്സ്ബുക്കിന്റെ പകർപ്പ്, ആധാർകാർഡ്, ഇലക്ഷൻ ഐ. ഡി. പകർപ്പ്, സാധുവായ വാടക കരാർ എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മതിയാകും.

- ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർ ജനപ്രതിനിധികളുടെ ശിപാർശ കത്തിനുപകരം ആധാർകാർഡ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും. മേൽ നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കാൻ സഹായകരമാണ്.

(സി) റേഷൻ കാർഡുകൾ സംബന്ധിച്ച എല്ലാ അപേക്ഷകളും 25-6-2018 മുതൽ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം പുതിയ റേഷൻ ഗുണഭോക്തൃ പട്ടിക തയ്യാറാക്കലിന്റെയും പുതിയ റേഷൻ കാർഡുകൾ ഏവർക്കും നൽകുന്നതിന്റെയും ഭാഗമായി കഴിഞ്ഞ 4 വർഷമായി (2014 മുതൽ) അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിച്ച അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. അതുകൊണ്ടുണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കൂടുതൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ, സി-ഡിറ്റ്, അക്ഷയ എന്നിവ വഴി വിനിയോഗിച്ച് താലൂക്ക് ആസ്ഥാനങ്ങളിൽതന്നെ കാർഡുകൾ പ്രിന്റ് ചെയ്തെടുത്ത് വിതരണം നടത്തിവരുന്നു. ഇങ്ങനെ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ നൽകേണ്ട കാർഡുകളുടെ വിതരണം ഏതാണ്ട് പൂർത്തിയായിട്ടുമുണ്ട്. കൂടാതെ, റേഷൻ കാർഡ് പ്രിന്റ് എടുക്കുന്നതിനുവേണ്ടി ഏകദേശം 150 പ്രിന്ററും 80 ലാമിനേഷൻ മെഷീനും ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. നിലവിൽ കാർഡ് വിതരണം സുഗമമായി നടന്നുവരികയാണ്.

**ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായം**

29(*179) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയോട് പടവെട്ടിയ കേരളത്തിന് കേന്ദ്രത്തിൽനിന്നും ധനസഹായ പാക്കേജ് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദേശീയ ദുരന്ത പ്രതികരണനിധി (എൻ.ഡി.ആർ.എഫ്)-യിൽ നിന്ന് പ്രളയ ദുരന്തത്തിൽപ്പെട്ട സംസ്ഥാനത്തിന് സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാന ദുരന്ത പ്രതികരണനിധി (എസ്.ഡി.ആർ.എഫ്)-ൽ സംസ്ഥാനത്തിന് മുൻകൂറായി കേന്ദ്ര വിഹിതം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന്റെ പേരിൽ മുൻവർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച കേന്ദ്രസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ)&(ബി) ഇല്ല. കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ (NDRF) നിലവിലെ മാനദണ്ഡപ്രകാരം 5616.7 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും 600 കോടി രൂപ അടിയന്തര സഹായമായി അനുവദിച്ചിട്ടുണ്ട്. കൂടുതൽ കേന്ദ്ര സഹായം ലഭിക്കുമെന്നാണ് നാട് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ കേന്ദ്രം വിഹിതം 75%, സംസ്ഥാനം 25% എന്ന തോതിലാണ് എല്ലാ സാമ്പത്തിക വർഷവും തുക വകയിരുത്തുന്നത്. 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം മുൻകൂറായി 2015-16 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ കേന്ദ്രം അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

2015-16 - 138.75 കോടി

2016-17 - 145.50 കോടി

2017-18 - 153.00 കോടി

2018-19 - 160.50 കോടി

14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം 1-4-2018 മുതലുള്ള മുൻകാല പ്രാബല്യത്തോടെ കേന്ദ്ര വിഹിതം 90% ആയി വർദ്ധിപ്പിച്ചിട്ടുള്ളതായി 10-9-2018-ലെ എഫ്.18(1)/2018/എഫ്.സി.ഡി. നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) 2011-12 മുതൽ ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് കേന്ദ്രം അടിയന്തരസഹായമായി ലഭ്യമാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2011-12 (വെള്ളപ്പൊക്കം) | - | 109.69 കോടി |
| 2012-13 (വെള്ളപ്പൊക്കം) | - | 15.96 കോടി |
| 2012 [വരൾച്ച(ഖാരിഫ്)] | - | 18.31 കോടി |
| 2012 [വരൾച്ച(റാബി)] | - | 61.74 കോടി |
| 2014 (മൺസൂൺ) | - | 2 കോടി |
| 2016-17 (വരൾച്ച) | - | 31.72 കോടി |
| 2017 (ഓഖി) | - | 111.7 കോടി |
| 2018 (വെള്ളപ്പൊക്കം) | - | 600 കോടി |

## സപ്ലൈകോ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

30(*180) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. കെ. എൻ. എ ഖാദർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഓണച്ചന്തകളിലൂടെ വിറ്റഴിച്ച ഭക്ഷ്യധാന്യങ്ങളിൽ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന രാസവസ്തുക്കൾ അടങ്ങിയിരുന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ ഭക്ഷ്യ വസ്തുക്കളിലാണ് മായം കണ്ടെത്തിയതെന്നും ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യവും വിശദമാക്കുമോ; ഇവ വിതരണം ചെയ്ത കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വാങ്ങുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിൽ എന്ത് സംവിധാനമാണ് സപ്ലൈകോയ്ക്ക് ഉള്ളതെന്നും ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും അറിയിക്കാമോ;

(ഡി) ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ കർശന നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ&ബി) 2018 ഓണക്കാലത്ത് ഫുഡ് സേഫ്റ്റി വകുപ്പ് നടത്തിയ പരിശോധനയിൽ 07 ഡിപ്പോകളിൽനിന്നും ശേഖരിച്ച മല്ലിയിൽ അനുവദനീയമായ അളവിലും കൂടുതൽ സൾഫർ ഡയോക്സൈഡിന്റെ അംശവും കോട്ടയം ഡിപ്പോയിൽനിന്നും ശേഖരിച്ച മുളകിൽ എത്തിയോണിന്റെ അംശവും കണ്ടെത്തിയിരുന്നു. മല്ലി വിതരണം നടത്തിയ 07 വിതരണക്കാർക്കെതിരെയുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഡിപ്പോ മാനേജർമാരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. മുളകും മല്ലിയും സപ്ലൈകോ/FSSAI (Food Safety Standards Authority of India) മാനദണ്ഡങ്ങൾ പാലിക്കുന്നതായി ഫിസിക്കൽ അനാലിസിസിൽ കണ്ടെത്തുകയും സാധനങ്ങൾ സ്വീകരിക്കുകയുമായിരുന്നു. എന്നാൽ കെമിക്കൽ അനാലിസിസിലാണ് ക്രമക്കേട് കണ്ടെത്തിയത്. മുളക് വിതരണം നടത്തിയ വിതരണക്കാരനെതിരെ കോട്ടയം അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി നടപടി എടുത്തിട്ടുണ്ട്. ടി വിതരണക്കാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിനാൽ വകുപ്പുതല നടപടി പൂർത്തിയായിട്ടില്ല.

(സി&ഡി) ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയും NFSA (National Food Security Act) ഗോഡൗണുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ച ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയും അതാത് ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പുവരുത്തുവാൻ പരിശോധന നടത്തിയതിനുശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സപ്ലൈകോ ഓട്ട്ലെറ്റുകൾ വഴി വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുകയും ആവശ്യമെങ്കിൽ ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും NABL (National Accreditaion Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും പരിശോധിച്ച് ഉറപ്പുവരുത്തുന്നു. കാലാകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തുന്ന ഗുണനിലവാര പരിശോധന മാനദണ്ഡങ്ങൾ ഉൾക്കൊണ്ട് ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സീറോ ടോളറൻസ് ടു കറപ്ഷൻ

1 (1946) ശ്രീ. കെ. ദാസൻ :
ശ്രീ. പി. വി. അൻവർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന ലക്ഷ്യം നേടുന്നതിനായി സർക്കാർ വകുപ്പുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ അഴിമതി സൂചിക തയ്യാറാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) അഴിമതി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ഡി) സർക്കാർ ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ എന്തെല്ലാം സാധ്യതകളാണ് പ്രയോജനപ്പെടുത്തി വരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന ലക്ഷ്യം നേടുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ ഏകദേശം എല്ലാ വകുപ്പുകളിലും വിജിലൻസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരെ സംബന്ധിക്കുന്ന അഴിമതി ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിലും സോഴ്സ് റിപ്പോർട്ടുകളിലും ആവശ്യമായവയിൽ മിന്നൽ പരിശോധന, പ്രാഥമികാന്വേഷണം എന്നിവ നടത്തി ക്രമക്കേടുകൾ കണ്ടെത്തുന്ന അന്വേഷണങ്ങളിൽ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾക്ക് വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ആവശ്യമായവയിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്യുന്നു.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ അഴിമതി സൂചിക തയ്യാറാക്കുന്നില്ല.

(സി) അഴിമതി വിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി വിജിലൻസിനെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനും അഴിമതി കുറച്ചുകൊണ്ടുവരുന്നതിനുമായി ദൃശ്യമാധ്യമങ്ങൾ വഴിയും എഫ്.എം. ചാനൽ വഴിയും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. എല്ലാ വർഷവും അഴിമതി വിരുദ്ധവാരാചരണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നടത്തുകയും ഇതിന്റെ ഭാഗമായി സെമിനാറുകൾ, മറ്റു ചർച്ചകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ബുക്ക്‌ലെറ്റുകൾ, പാംലെറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചും ബോധവൽക്കരണം നടത്തുന്നു.

(ഡി) സർക്കാർ ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിന് മിക്ക വകുപ്പുകളിലും ഫയൽ നീക്കം ഇലക്ട്രോണിക് മാധ്യമത്തിലൂടെ ആക്കിയിട്ടുണ്ട്. ഈ സംവിധാനത്തിൽ പൊതുജനങ്ങൾക്ക് അവർ സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ സംബന്ധിച്ച വിവരം യഥാസമയം മനസ്സിലാക്കാൻ സാധിക്കുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഫയൽ നീക്കത്തിനായി ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (iAPS) ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ്സന്വേഷണം കൂടുതൽ

കാര്യക്ഷമമാക്കുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്തു സൂക്ഷിക്കുന്നതിനായി D-SPACE എന്ന ആർക്കൈവ് സംവിധാനം ആരംഭിക്കുന്നുണ്ട്. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിനായി സി.ഒ.ബി. മെസ്സേജ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## ആവിഷ്കാര സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റം

2 (1947) ശ്രീ. വി. ഡി.സതീശൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. അനിൽ അക്കര :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവിഷ്കാര സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റം വ്യാപകമാകുന്നതും കഥാകൃത്തുക്കളെയും കുടുംബാംഗങ്ങളെയും നവമാധ്യമങ്ങളിലൂടെ അവഹേളിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും വർദ്ധിച്ചുവരുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മാതൃഭൂമി വാരികയിൽ പ്രസിദ്ധീകരിച്ച മീശയെന്ന നോവൽ പ്രസിദ്ധീകരണം നിർത്തി വയ്ക്കുവാൻ പ്രസ്തുത നോവലിന്റെ കർത്താവിനെ നിർബന്ധിതനാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള രചിച്ച കാറൽമാർക്സിന്റെ ജീവചരിത്രത്തെ വിമർശിച്ച് ലേഖനം പ്രസിദ്ധപ്പെടുത്തിയതിന്റെ പേരിൽ ലൈബ്രറി കൗൺസിലിന്റെ ഗ്രന്ഥാലോകം മാസികയുടെ പത്രാധിപർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ആവിഷ്കാര സ്വാതന്ത്ര്യത്തിൻ മേലുള്ള കടന്നുകയറ്റമല്ലേ; വിശദീകരിക്കുമോ;

(ഡി) എങ്കിൽ എഴുത്തുകാരുടെയും പത്രാധിപന്മാരുടെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന് കൂച്ച് വിലങ്ങിടുന്ന നടപടികൾ അവസാനിപ്പിക്കുവാൻ എന്ത് ഇടപെടലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്. ഇത്തരം പരാതികളിന്മേൽ ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെയും, ജില്ലാ സൈബർ സെല്ലുകളുടെയും സേവനം ലഭ്യമാക്കി കുറ്റകൃത്യങ്ങൾ നടത്തുന്നവരുടെ പേരു വിവരങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾ മുഖേന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മാതൃഭൂമി വാരികയിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ മീശ എന്ന നോവൽ പ്രതിഷേധത്തെത്തുടർന്ന് നോവലിസ്റ്റ് തന്നെ പിൻവലിക്കുകയായിരുന്നു.

(സി) സ്വദേശാഭിമാനിയുടെ കൃതിയെക്കുറിച്ച് ഗ്രന്ഥലോകത്തിൽ സ്വാഭാവികമായും വിമർശിച്ചും അനുകൂലിച്ചും ഉള്ളതായ ലേഖനങ്ങളാണ് പ്രസിദ്ധീകരിച്ചത്. ഇത് മാസികയുടെ നിഷ്പക്ഷമായ രീതിയാണ്. ഇതിന്റെ പേരിൽ പത്രാധിപർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. ഗ്രന്ഥലോകം പത്രാധിപർ വ്യക്തിപരമായ കാരണങ്ങളാൽ സ്ഥാനമൊഴിഞ്ഞതാണ്.

(ഡി) എഴുത്തുകാരുടെയും പത്രാധിപന്മാരുടെയും ആവിഷ്കാര സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രീതിയിൽ ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## ഹർത്താൽമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

3 (1948) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുന്നറിയിപ്പില്ലാതെ ഹർത്താൽ നടത്തുന്നതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018 നവംബർ 17-ന് ബി.ജെ.പി. ആഹ്വാനം ചെയ്ത ഹർത്താൽ ശബരിമല തീർത്ഥാടകരെയും യാത്രക്കാരെയും വളരെയധികം ബുദ്ധിമുട്ടിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) അടിക്കടിയുണ്ടാകുന്ന ഹർത്താലുകൾ കാർഷിക വ്യാവസായിക മേഖലയിൽ വരുത്തിവയ്ക്കുന്നനഷ്ടം സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ഡി) വിവിധ രാഷ്ട്രീയ കക്ഷികളുടെ യോഗം വിളിച്ചുചേർത്ത് മുന്നറിയിപ്പില്ലാതെ ഹർത്താലുകൾ നടത്തുന്നത് അവസാനിപ്പിക്കുന്ന കാര്യം ചർച്ച ചെയ്യുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ സംവിധാനം ഉപയോഗിച്ച് അപ്രകാരം ഒരു വിവരശേഖരണം നടത്തിയിട്ടില്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

**സർക്കാർ പരസ്യങ്ങൾ**

4 (1949) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെയായി സർക്കാർ പരസ്യങ്ങൾക്കായി ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രിന്റഡ് മീഡിയയ്ക്ക് എത്ര രൂപ പരസ്യ ഇനത്തിൽ നൽകി; വിഷ്വൽ മീഡിയക്ക് എത്ര രൂപ പരസ്യയിനത്തിൽ നൽകി; മറ്റു രീതിയിലുള്ള പരസ്യത്തിന് എത്ര രൂപ നൽകിയെന്ന് വിശദമാക്കാമോ;

(സി) ഇക്കാലയളവിൽ ഓരോ പത്രത്തിനും നൽകിയ പരസ്യത്തിന്റെ തുക പ്രത്യേകമായി അറിയിക്കാമോ;

(ഡി) പ്രളയംമൂലം സർക്കാർ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെയായി സർക്കാർ പരസ്യങ്ങൾക്കായി ടെണ്ടർ പരസ്യയിനത്തിലെ മുൻകാല കുടിശ്ശികയായ 8,19,23,479 രൂപ (എട്ടുകോടി പത്തൊൻപതുലക്ഷത്തി ഇരുപത്തിമൂവായിരത്തി നാനൂറ്റി എഴുപത്തിഒൻപതു രൂപ മാത്രം) ഉൾപ്പെടെ ആകെ 22,64,58,156 രൂപ (ഇരുപത്തിരണ്ടു കോടി അറുപത്തിനാലു ലക്ഷത്തി അൻപത്തി എട്ടായിരത്തി ഒരുനൂറ്റി അൻപത്തിആറു രൂപ മാത്രം) നൽകിയിട്ടുണ്ട്.

(ബി) പ്രിന്റഡ് മീഡിയയ്ക്ക് 18,85,72,912 രൂപയും (പതിനെട്ടുകോടി എൺപത്തി അഞ്ചു ലക്ഷത്തി എഴുപത്തിരണ്ടായിരത്തി തൊള്ളായിരത്തി പന്ത്രണ്ടുരൂപ മാത്രം) വിഷ്വൽ മീഡിയയ്ക്ക് 1,20,57,377 രൂപയും (ഒരു കോടി ഇരുപതു ലക്ഷത്തി അൻപത്തി ഏഴായിരത്തി മൂന്നൂറ്റി എഴുപത്തി ഏഴു രൂപ മാത്രം).

മറ്റു രീതിയിലുള്ള പരസ്യങ്ങൾക്ക് 2,68,27,867 രൂപയും (രണ്ടു കോടി അൻപത്തി എട്ടു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എണ്ണൂറ്റി അറുപത്തി ഏഴു രൂപ മാത്രം)പരസ്യയിനത്തിൽ നൽകിയിട്ടുണ്ട്.

(സി) അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(ഡി) പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

**സംസ്ഥാനത്തിന് ഭരണനിർവ്വഹണ മികവിനുള്ള അംഗീകാരം**

5 (1950) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ മേഖലയിലെ നേട്ടങ്ങൾ പരിഗണിച്ചാണ് സംസ്ഥാനത്തിന് ഭരണ നിർവ്വഹണ മികവിന് ദേശീയതലത്തിൽ തുടർച്ചയായി പ്രഥമസ്ഥാനം ലഭിച്ചതെന്ന് വിശദമാക്കാമോ;

(ബി) നവലിബറലിസമെന്ന കമ്പോളാധിപത്യ വ്യവസ്ഥയെ ചെറുത്ത് വികസനം സാധ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നവകേരള മിഷനുകളുടെ പുരോഗതി അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങളോടുള്ള കേന്ദ്ര സർക്കാരിന്റെ സമീപനം സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിന് പ്രതിബന്ധം സൃഷ്ടിക്കാനിടയുണ്ടോ;

(ഡി) സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം സാധ്യമാക്കുന്നതോടൊപ്പം സ്ത്രീകളുടേയും കുട്ടികളുടേയും ദുർബ്ബല ജനവിഭാഗങ്ങളുടേയും സുരക്ഷയും സമഗ്ര സാമൂഹ്യ പുരോഗതിയും കൈവരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സെക്രട്ടേറിയറ്റിൽ ഫയൽ നീക്കം വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ

6 (1952) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഫയൽ നീക്കം വേഗത്തിൽ നടക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ന്യായമായ കാരണങ്ങൾ ഇല്ലാതെ ഫയൽ വെച്ച് താമസിപ്പിക്കുന്നത് പരിശോധിക്കാൻ നിലവിൽ സംവിധാനമുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തപാൽ കൈപ്പറ്റി 5 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കണമെന്ന് സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ ഖണ്ഡിക 151-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുടിശ്ശിക വരുന്ന ഫയൽ/തപാലിന്റെ വിശദാംശങ്ങൾ മേലുദ്യോഗസ്ഥനെ എല്ലാ മാസാദ്യവും അറിയിക്കണമെന്ന് ഖണ്ഡിക 152-ലും വ്യവസ്ഥയുണ്ട്. സമയാസമയങ്ങളിൽ പേഴ്സണൽ രജിസ്റ്റർ പരിശോധിച്ച് തപാലുകളിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സെക്ഷൻ ഓഫീസർമാർ ഉറപ്പാക്കണമെന്ന് സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ ഖണ്ഡിക 218-ൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, ഒരു അസിസ്റ്റന്റിന്റെ അഭാവത്തിൽ മറ്റ് അസിസ്റ്റന്റുമാരുടെ സഹായത്തോടെ തപാലുകളിൽ നടപടി സെക്ഷൻ ഓഫീസർ സ്വീകരിക്കണമെന്ന് ഖണ്ഡിക 10-ലും വ്യവസ്ഥയുണ്ട്. 24-2-2003-ലെ സ.ഉ (എം.എസ്) നം. 3/2003/ഉ.ഭ.പ.വ പ്രകാരം സുപ്രധാനമായ വിഷയങ്ങളിൽ സെക്ഷൻ ഓഫീസർ മുതൽ അന്തിമ തീരുമാനം എടുക്കുന്ന ഉദ്യോഗസ്ഥൻ/മന്ത്രി വരെയുള്ള ഉദ്യോഗസ്ഥ ശ്രേണി പരമാവധി 2 തട്ടിൽ കൂടുതൽ ഉണ്ടാകാൻ പാടില്ലായെന്നും സെക്ഷൻ ഓഫീസർ മുതൽ സെക്രട്ടറി/മന്ത്രി വരെ ഫയൽ കൈമാറുന്നതിന് 10 ദിവസത്തെ സമയപരിധി കല്പിച്ചുകൊണ്ടും ഉപദേശക വകുപ്പുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ഭരണ വകുപ്പുകൾക്ക് ഉപദേശം നൽകണമെന്ന് നിഷ്കർഷിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഫയൽ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ ഒരുദ്യോഗസ്ഥന്റെ അഭാവത്തിൽ അതേ ഡിപ്പാർട്ടുമെന്റിലെ ഒരേ കാറ്റഗറി/പോസ്റ്റിലെ മറ്റൊരുദ്യോഗസ്ഥനെ ലിങ്ക് ഓഫീസറായി അതത് വകുപ്പിലെ സെക്രട്ടറിമാർക്ക് നിയോഗിക്കാവുന്നതാണെന്ന് 3-6-17-ലെ സ.ഉ.(എം.എസ്.) നമ്പർ 14/2017/ ഉ.ഭ.പ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. മന്ത്രിമാർ പങ്കെടുക്കുന്ന മീറ്റിംഗുകളിലെ തീരുമാനങ്ങൾ

നടപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചുകൊണ്ട് 24-7-18-ലെ റൂൾസ് 2/94/2018 ഉ.ഭ.പ.വ. നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഇ-ഗവേണൻസിന്റെ ഭാഗമായി രൂപപ്പെടുന്ന നൂതന ഭരണ സംവിധാനങ്ങൾക്ക് അനുസൃതമായി മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചുകൊണ്ട് ഉത്തരവുകളും പരിപത്രങ്ങളും പുറപ്പെടുവിച്ചുകൊണ്ട് ഫയൽ നീക്കം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

## 1949-ലെ കവനന്റ് പ്രകാരം സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായം

7 (1953) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1949-ലെ കവനന്റ് പ്രകാരം സംസ്ഥാന സർക്കാർ ഇപ്പോഴും തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ശ്രീ പണ്ടാരവക ഫണ്ടിലേയ്ക്കും വർഷാവർഷം സാമ്പത്തിക സഹായം നൽകുന്നുണ്ടോ; എങ്കിൽ പ്രതിവർഷം എത്ര രൂപയാണ് നല്കിവരുന്നത്;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കവനന്റിൽ നിർദ്ദേശിക്കുന്ന തുക തന്നെയാണൊ ഇപ്പോഴും നല്കി വരുന്നത്;

(ഡി) മുൻകാലങ്ങളിൽ എപ്പോഴെങ്കിലും പ്രസ്തുത തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) ദേവസ്വം ബോർഡിന്റെ സഞ്ചിതനിധിയിൽ നിന്നും സർക്കാർ ഏതെങ്കിലും സാഹചര്യത്തിൽ വായ്പയോ സഹായമോ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് 80 ലക്ഷം രൂപയും ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിന് 20 ലക്ഷം രൂപയുമാണ് ഇപ്പോൾ പ്രതിവർഷം നൽകിവരുന്നത്.

(ബി) മേൽ തുക വർദ്ധിപ്പിക്കുന്നതിനുള്ള ബഡ്ജറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) അല്ല. കാലികമായ വർദ്ധനവാണ് അനുവദിക്കുന്നത്.

(ഡി) 15 വർഷങ്ങൾക്ക് മുമ്പാണ് ഇപ്പോൾ നൽകി വരുന്ന തുക വർദ്ധിപ്പിച്ചിട്ടുള്ളത്. കവനന്റ് പ്രകാരമുള്ള തുകയായ 46,50,000 യാണ് ഇപ്പോൾ 1 കോടിയായി വർദ്ധിപ്പിച്ചത്.

(ഇ) സ്വീകരിച്ചിട്ടില്ല.

**എം.എൽ.എ.-മാർ നൽകുന്ന പെറ്റീഷനുകൾ**

8 (1954) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർ നൽകുന്ന പെറ്റീഷനുകൾ അടിയന്തരമായി തീർപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ കാലയളവിൽ ചില ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ നിർദ്ദേശം പാലിക്കാൻ സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്കും ബാധ്യതയുണ്ടോ; എങ്കിൽ കെ.എസ്.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങൾ ഇക്കാര്യങ്ങളിൽ കാലതാമസം വരുത്തുന്നത് ഗൗരവമായി കാണുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾക്കും കത്തുകൾക്കും പ്രത്യേക പരിഗണന നൽകി യഥാസമയം മറുപടി നൽകി വരുന്നുണ്ട്. പാർലമെന്റംഗങ്ങളിൽനിന്നും നിയമസഭാ സാമാജികരിൽനിന്നും ലഭിക്കുന്ന നിവേദനങ്ങൾക്ക്/കത്തുകൾക്ക് ശ്രദ്ധാപൂർവ്വമായ പരിഗണനനൽകി അവയ്ക്ക് കഴിവതും 10 ദിവസങ്ങൾക്കകം വ്യക്തവും സമഗ്രവുമായി മറുപടി നൽകണമെന്നും ഇത്തരം കത്തുകൾ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായി നൽകണമെന്നും പ്രസ്തുത കത്തുകളിലും/നിവേദനങ്ങളിലും സ്വീകരിക്കപ്പെടുന്ന നടപടികൾ സംബന്ധിച്ച് നിയമസഭാംഗങ്ങളെ അറിയിക്കണമെന്നും 30-5-2002-ലെ 5913/ഉപസി3/2002/ഉ.ഭ.പ.വ., 19-2-2005-ലെ 14948/ഉപസി.3/04/ഉ.ഭ.പ.വ., 8-4-2009-ലെ 16160/ഉ.പ.സി.3/2008/ഉ.ഭ.പ.വ., 10-7-2002-ലെ 11783/ ഉ.പ.സി.3/12/ഉ.ഭ.പ.വ. എന്നീ പരിപത്രങ്ങൾ മുഖേന സർക്കാർ കർശന

നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാദേശിക പ്രാധാന്യമുള്ള കാര്യങ്ങളുടെ വിവരങ്ങളും സ്ഥിതി വിവരകണക്കുകളും എം.പി.-മാരും എം.എൽ.എ.-മാരും ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉടൻ ലഭ്യമായിട്ടുള്ളതും രഹസ്യ സ്വഭാവമില്ലാത്തതുമായ വിവരങ്ങൾ അവർക്ക് അടിയന്തരമായി നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കൾ

9 (1956) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് നിലവിൽ എത്ര ഉപദേഷ്ടാക്കളുണ്ട്; ആരൊക്കെയാണെന്നുള്ള വിശദാംശം നൽകുമോ;

(ബി) നാളിതുവരെ ഉപദേഷ്ടാക്കളിൽ ഓരോരുത്തർക്കും ശമ്പളയിനത്തിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ;

(സി) ഉപദേഷ്ടാക്കൾക്ക് ആർക്കെങ്കിലും സർക്കാർ വാഹനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഉപദേഷ്ടാക്കളുടെ വാഹനത്തിന് പെട്രോൾ, ഡീസൽ ഇനത്തിൽ നാളിതുവരെ ചെലവായ തുക എത്രയാണെന്നറിയിക്കാമോ?

### ഉത്തരം

(എ) അഞ്ച്

1. ശ്രീ. രമൺ ശ്രീവാസ്തവ
2. ശ്രീ. എം. ചന്ദ്രദത്തൻ
3. ഡോ. എൻ. കെ. ജയകുമാർ
4. ശ്രീ. ജോൺ ബ്രിട്ടാസ്
5. ശ്രീ. പ്രഭാകരവർമ്മ എന്നിവരാണ്.

(ബി) ഉപദേഷ്ടാക്കളായ ഡോ. എൻ. കെ. ജയകുമാറിന് ശമ്പളയിനത്തിൽ ഒക്ടോബർ 2018 വരെ 31,09,923 രൂപയും ശ്രീ. എൻ. പ്രഭാകര വർമ്മയ്ക്ക് ഒക്ടോബർ 2018 വരെ 31,42,430 രൂപയും ശമ്പളയിനത്തിൽ ചെലവായിട്ടുണ്ട്.

മറ്റ് ഉപദേഷ്ടാക്കളെ പ്രതിഫലം കൂടാതെ സേവനമനുഷ്ഠിക്കാമെന്ന വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്.

(സി) ശ്രീ. ജോൺ ബ്രിട്ടാസ് ഒഴികെയുള്ളവർക്ക് ഓഫീസ് ആവശ്യത്തിന് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉപദേഷ്ടാക്കളുടെ വാഹനത്തിന് ഇന്ധന ചെലവിനത്തിൽ നാളിതുവരെ 14,68,957 രൂപ ചെലവായിട്ടുണ്ട്.

## പി.എസ്.സി. -യെ മറികടന്ന് നിയമനം

10 (1957) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണത്തിലുള്ള പല സ്ഥാപനങ്ങളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും പല തസ്തികകളിലും പി.എസ്.സി. -യെ മറികടന്ന് നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി.-ക്ക് നിയമനം വിട്ട പ്രസ്തുത സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാകാത്തതിനാലാണ് നിയമനം പി.എസ്.സി. വഴി നടത്താൻ കഴിയാത്തതെന്നത് വസ്തുതയാണോ;

(സി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് സ്പെഷ്യൽ റൂൾസ് ഇല്ലാത്ത കാരണത്താൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ സാധിക്കാത്തതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരണം പൂർത്തിയാകാത്ത സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴി നടത്തുവാൻ കഴിയില്ല. സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയാത്ത തസ്തികകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

നിയമനം പി.എസ്.സി. -ക്ക് വിട്ട സ്ഥാപനങ്ങളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് അടിയന്തരമായി സ്പെഷ്യൽ റൂൾസ് രൂപീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ്

11 (1958) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ ആയി മന്ത്രി ബന്ധു കൂടിയായ കെ.ടി.അദീബിനെ നിയമിക്കുവാൻ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് വരുത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചത് മന്ത്രിസഭ കൂടി ആയതിനാൽ പ്രസ്തുത യോഗ്യതയിൽ മാറ്റം വരുത്തേണ്ടത് ക്യാബിനറ്റ് കൂടി തന്നെ ആവണം എന്ന ന്യൂനപക്ഷ വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശം അവഗണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അടിയന്തര സാഹചര്യം വ്യക്തമാക്കുമോ;

(സി) യോഗ്യതയിൽ മാറ്റം വരുത്തി ഇറക്കിയ ഉത്തരവിൽ മുഖ്യമന്ത്രിയുടെ അനുവാദത്തെപ്പറ്റി പരാമർശമുണ്ടായിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. കോർപ്പറേഷനിലെ വിവിധ തസ്തികകളിലേയ്ക്കുള്ള യോഗ്യതകൾ നിശ്ചയിച്ചത് മന്ത്രിസഭായോഗത്തിന്റെ തീരുമാനപ്രകാരമായിരുന്നില്ല.

(സി) ഇല്ല. ഉത്തരവുകളിൽ ഇത്തരം പരാമർശങ്ങൾ നൽകാറില്ല.

## പൊതുപണം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ നിയമനങ്ങൾ

12 (1959) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പൊതുപണം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നടക്കുന്ന സ്ഥിരം, താൽക്കാലിക, കരാർ നിയമനങ്ങൾ പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലാതെ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തിക

13 (1960) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിൽ കെ.ടി. അദീബിന്റെ നിയമനവുമായി ബന്ധപ്പെട്ടുള്ള ഫയൽ (നമ്പർ 6581/2018/GAD)- ന്റെ വിശദവിവരങ്ങളും പകർപ്പും ലഭ്യമാക്കുമോ?

ഉത്തരം

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നതതല നിയമനങ്ങളിലെ സുതാര്യത

14 (1961) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ മേൽ തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ നിയമനം സംബന്ധിച്ചാണ് ആക്ഷേപം ഉണ്ടായതെന്നും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മേല്പറഞ്ഞ നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പ് വരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

## ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തുന്നതിനായി 15-10-2016-ലെ സ.ഉ. (പി) 45/2016/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി പബ്ലിക് എന്റർപ്രൈസസ്സ് സെലക്ഷൻ ബോർഡ് 13-12-2018-ലെ സ.ഉ. (കൈ) 30/2018/ പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം പുനർരൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയി ശ്രീ. ടി. എഫ്. സേവ്യറിന്റെ നിയമനം സംബന്ധിച്ച് വിജിലൻസ് സത്വരാന്വേഷണം നടത്തി പരാതി സാധൂകരിക്കാവുന്ന തെളിവുകളില്ലാത്തതിനാൽ തുടർനടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന നിയമനങ്ങൾക്കെതിരെ ലഭിച്ച പരാതികളിൽ വിജിലൻസ് സത്വരാന്വേഷണം നടത്തിയിട്ടുണ്ട്.

1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്സിൽ ശ്രീ. പി. കെ. സുധീറിന്റെ എം.ഡി. തസ്തികയിലെ നിയമനം.
2. കണ്ണൂർ കേരള ക്ലെയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിൽ ശ്രീമതി ദീപ്തിയുടെ ജനറൽ മാനേജർ തസ്തികയിലെ നിയമനം.
3. സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വനിതാ വികസന കോർപ്പറേഷനിൽ ശ്രീമതി വി. സി. ബിന്ദുവിന്റെ എം.ഡി. തസ്തികയിലെ നിയമനം.
4. സിഡ്കോയിൽ ശ്രീ. കെ. ബി. ജയകുമാറിന്റെ എം.ഡി. തസ്തികയിലെ നിയമനം.

5. കണ്ണൂരിലെ കേരള ക്ലെയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിൽ ശ്രീ. അശോക് കുമാറിന്റെ എം.ഡി. തസ്തികയിലെ നിയമനം.

6. കുണ്ടറ കേരള സിറാമിക്സ് ലിമിറ്റഡിൽ ശ്രീ. സതീശന്റെ എം.ഡി. തസ്തികയിലെ നിയമനം.

7. ചവറയിലുള്ള കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ ശ്രീ. റോയ് കുര്യന്റെ എം.ഡി. തസ്തികയിലെ നിയമനം.

പ്രസ്തുത സത്വരാന്വേഷണത്തെ തുടർന്ന് കെ.എസ്.ഐ.ഇ. മാനേജിംഗ് ഡയറക്ടർ ആയി ശ്രീ. പി. കെ. സുധീറിനെ നിയമിച്ചതിലെ അഴിമതി സംബന്ധിച്ച് ഒരു വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി 29-9-2017-ലെ ഉത്തരവ് പ്രകാരം പ്രസ്തുത കേസ്സന്റെ FIR റദ്ദ് ചെയ്യുകയും ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് 6-11-2017-ന് കേസ്സ് അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടി കേസിന്റെ തുടർനടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. കേസ്സിന്റെ FIR കോടതി റദ്ദാക്കിയതിനാൽ മേൽ സൂചിപ്പിച്ച മറ്റ് നിയമനങ്ങൾ സംബന്ധിച്ച സത്വരാന്വേഷണ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർ നടപടികൾ ആവശ്യമില്ലായെന്ന് 14-1-2019-ന് സർക്കാരിനെ വിജിലൻസ് അറിയിക്കുകയുണ്ടായി.

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിൽ സൗത്ത് ഇൻഡ്യൻ ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിലെ സീനിയർ മാനേജർ ആയ ശ്രീ. അദീബ് കെ. ടി.-യെ നിയമിക്കുകയും എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ 48-ാമത് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. കെ. ടി. അദീബിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും ടിയാന്റെ ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്ത് 16-11-2018-ലെ സ.ഉ. (സാധാ) നമ്പർ 7481/2018/പൊഭവ ഉത്തരവ് പ്രകാരം അദ്ദേഹത്തെ മാതൃസ്ഥാപനത്തിലേക്ക് തിരിച്ചയയ്ക്കുകയുമുണ്ടായി.

(ഡി) സംസ്ഥാന സർക്കാരിനുകീഴിൽ പബ്ലിക് എന്റർപ്രൈസ്സ് സെലക്ഷൻ ബോർഡ് പുനർരൂപീകരിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സംവരണ ഒഴിവുകൾ

15 (T* 1962) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ മാത്രം വിവിധ വകുപ്പുകളിലായി 2017 ഡിസംബർ വരെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാരുടെ 2,268 സംവരണ ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നുണ്ടോ;വ്യക്തമാക്കാമോ;

(ബി) ജില്ലാതലത്തിലുള്ള കണക്കുകൾ കൂടി പരിശോധിച്ചാൽ നികത്തപ്പെടാത്ത ഒഴിവുകളുടെ എണ്ണം ഇനിയും ഗണ്യമായി വർദ്ധിക്കുമോ; വിശദമാക്കുമോ;

(സി) ഓരോ മാസവും പത്താം തീയതിക്കകം ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യുകയും ഇത് നികത്താൻ നടപടി എടുക്കുകയും ചെയ്യണമെന്ന് ചട്ടം നിർദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഈ വിധം ഒഴിവുകൾ നികത്തപ്പെടാത്തതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

## സംസ്ഥാനത്ത് നിയമന നിരോധനം

16 (1963) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമന നിരോധനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും 2018 മാർച്ച് മാസത്തിനു ശേഷം എത്ര പേർക്ക് നിയമനം നൽകി എന്നറിയിക്കാമോ;

(സി) പ്രസ്തുത ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും കൂടുതൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 480 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 8 |
| 2 | കൊല്ലം | 48 |
| 3 | ആലപ്പുഴ | 37 |
| 4 | പത്തനംതിട്ട | 37 |
| 5 | കോട്ടയം | 23 |
| 6 | ഇടുക്കി | 18 |
| 7 | എറണാകുളം | 44 |
| 8 | തൃശ്ശൂർ | 64 |
| 9 | പാലക്കാട് | 26 |
| 10 | മലപ്പുറം | 26 |
| 11 | കോഴിക്കോട് | 41 |
| 12 | വയനാട് | 14 |
| 13 | കണ്ണൂർ | 30 |
| 14 | കാസർഗോഡ് | 79 |
| | ആകെ | 480 |

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുതലവന്മാർക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു.

**ആശ്രിത നിയമനം**

17 (1964) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എത്ര അപേക്ഷകർക്ക് ആശ്രിത നിയമനം പ്രകാരം ജോലി നൽകി എന്ന് അറിയിക്കാമോ;

(ബി) ആശ്രിത നിയമനം ലഭിക്കുന്നതിനായുള്ള എത്ര അപേക്ഷകളിന്മേൽ നടപടികൾ പൂർത്തിയായെന്നും നടപടികൾ പൂർത്തീകരിക്കാനുള്ള എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും അവർക്ക് എപ്പോൾ ജോലി നൽകാൻ കഴിയുമെന്നും അറിയിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ആശ്രിത നിയമനം**

18 (1965) ശ്രീ. വി. എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് മർദ്ദനത്തിൽ കൊലചെയ്യപ്പെട്ടവരുടെ ആശ്രിതരിൽ എത്ര പേർക്ക് ഈ സർക്കാർ ജോലി നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം ഈ സർക്കാർ എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട്; അവരുടെ പേര് വിവരം, തസ്തിക എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഇ-ഓഫീസ് സംവിധാനം**

19 (1966) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതുമൂലം ഭരണരംഗത്ത് ഉണ്ടായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, 14 കളക്ടറേറ്റുകൾ, 15 സബ് കളക്ടറേറ്റുകൾ, 2 താലൂക്ക് ഓഫീസുകൾ, ഒരു വില്ലേജ് ഓഫീസ്, 39 ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകൾ എന്നിവിടങ്ങളിൽ ഇതിനോടകം ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതുവഴി ഓൺലൈനായി ഏത് സമയത്തും ഫയലുകൾ കൈകാര്യം ചെയ്യുവാൻ സാധിക്കുകയും അതുവഴി ഫയൽ നീക്കം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും പൊതുജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും സാധിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

**ജെം പോർട്ടൽ**

20 (1967) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ വാഹനങ്ങൾ, മെഷീനുകൾ, സാധനങ്ങൾ തുടങ്ങിയവ വാങ്ങുന്നത് കൂടുതലും ജെം (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) പോർട്ടൽ വഴിയാക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എല്ലാ സർക്കാർ സ്ഥാപനങ്ങളും പ്രസ്തുത സാധനങ്ങൾ വാങ്ങുമ്പോൾ സാമ്പത്തിക ലാഭം ഉണ്ടാകുന്നതിന് ജെം പോർട്ടലിൽ ലഭ്യമായവ പ്രസ്തുത പോർട്ടലിലൂടെ തന്നെ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 19.3 പ്രകാരം വാങ്ങൽ രീതി തീരുമാനിക്കുന്നതിനുള്ള വിവേചനാധികാരം പർച്ചേസിംഗ് അതോറിറ്റിക്കുണ്ട്. ജെം മുഖാന്തരമോ നിലവിലെ നിയമ പ്രകാരമുള്ള മറ്റേതെങ്കിലും രീതിയിലോ പർച്ചേസിംഗ് അതോറിറ്റിക്ക് വാഹനങ്ങൾ, മെഷീനുകൾ, സാധനങ്ങൾ തുടങ്ങിയവ വാങ്ങാവുന്നതാണ്.

**വിദേശത്ത് ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർ**

21 (1969) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥരിൽ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് വകുപ്പിൽ നിന്നാണ് കൂടുതൽ ഉദ്യോഗസ്ഥർ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ;

(സി) ഇങ്ങനെ വിദേശത്ത് ജോലി ചെയ്യുന്നവർക്ക് അഞ്ച് വർഷത്തെ അവധിക്ക് ശേഷവും വിദേശത്ത് ജോലിയിൽ തുടരുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഉദ്യോഗസ്ഥർക്ക് അവധിയിൽ വിദേശത്ത് ജോലി ചെയ്യുവാൻ നിലവിലുള്ള വ്യവസ്ഥകൾ എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിദേശത്ത് ജോലി ചെയ്യുന്നതിന് സർക്കാർ ഉദ്യോഗസ്ഥർക്ക് അവധി അനുവദിക്കുന്നത് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, അനുബന്ധം XII A ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ്. കേരള സർവ്വീസ് ചട്ടങ്ങളിലെ പ്രസക്ത ഭാഗം 11-4-2012-ലെ സ.ഉ.(അ)നമ്പർ 217/12/ധനം സ.ഉ(അ) നമ്പർ 245/12/ധനം. 27-4-2012-ലെ സ.ഉ.(അ)നമ്പർ 529/13/ധനം തീയതി 22-10-2013, 16-7-2015-ലെ സർക്കുലർ നമ്പർ 66/15/ധനം, 13-8-2015-ലെ സ.ഉ.(അ)നമ്പർ 359/15/ധനം.എന്നിവ ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

**സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം**

22 (1970) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിലാണ് ജീവനക്കാർക്ക് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) മുഴുവൻ സർക്കാർ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഭരണ നവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എല്ലാ സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണം ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലും സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ബയോമെട്രിക് ഫിംഗർ പ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പിലാക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കഴിയുന്നത്ര വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

## സുപ്രീംകോടതി വിധിക്കെതിരെ പ്രതിഷേധിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ

23 (1971) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വീസ് റൂൾ അനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും മതസംഘടനകളിലും രാഷ്ട്രീയ പാർട്ടികളിലും ചേർന്ന് പ്രവർത്തിക്കുവാൻ കഴിയുമോ;

(ബി) ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വിധി നിലനിൽക്കെ ആചാരലംഘനത്തിന്റെ പേരു പറഞ്ഞ് പ്രതിഷേധിക്കുന്നവരുടെ കൂട്ടത്തിൽ ചില സർക്കാർ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നു എന്ന മാധ്യമ വാർത്തകളിൽ വാസ്തവം ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 67, 67A എന്നിവ പ്രകാരം ഏതൊരു സർക്കാർ ജീവനക്കാരനും ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ അല്ലെങ്കിൽ രാഷ്ട്രീയത്തിൽ പങ്കെടുക്കുന്ന ഏതെങ്കിലും സംഘടനയിലോ അംഗമാകുവാനോ മറ്റു രീതിയിൽ അവരുമായി സഹകരിക്കുവാനോ അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിലോ പ്രവർത്തനത്തിലോ പങ്കെടുക്കുവാനോ പാടില്ലായെന്നും മത സാമുദായിക സംഘടനകളുടെയും അപ്രകാരമുള്ള ട്രസ്റ്റുകളുടേയും സൊസൈറ്റികളുടേയും ഔദ്യോഗിക ഭാരവാഹിത്വം വഹിക്കുവാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## അവധിയെടുത്ത് വിദേശ രാജ്യങ്ങളിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥർ

24 (1972) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ പ്രവേശിച്ചശേഷം അവധി എടുത്ത് വിദേശരാജ്യങ്ങളിൽ ജോലി നോക്കുന്ന പോലീസ്/ആരോഗ്യ/വിദ്യാഭ്യാസ വകുപ്പുകളിൽ നിന്നുള്ളവരുടെ എണ്ണം എത്രയാണ്; വെളിപ്പെടുത്തുമോ;

(ബി) ഇത്തരക്കാർ ലീവ് കഴിയാറാകുന്ന സമയമാകുമ്പോൾ നാട്ടിലെത്തി ലീവ് കാലങ്ങളോളം ദീർഘിപ്പിച്ച് പെൻഷൻ പറ്റാവുന്ന സമയമാകുംവരെ വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിലെത്തി ജോലിയിൽ പുനഃപ്രവേശനം നടത്തി പെൻഷനാവുന്ന രീതിക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് കാര്യക്ഷമമായി നടപ്പാക്കി സർക്കാർ ജീവനക്കാരുടെ സേവനം കഴിവതും സംസ്ഥാനത്തിനകത്ത് ഉപയോഗപ്രദമാക്കാൻ നടപടിയെടുക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## സെക്രട്ടേറിയറ്റിലെ തീർപ്പാക്കാത്ത ഫയലുകൾ

25 (1973) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2018 ഒക്ടോബർ 31-ാം തീയതി വരെ എത്ര ഫയലുകൾ തീർപ്പാക്കാൻ മിച്ചം ഉണ്ടായിരുന്നു;വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഫയലുകൾ തീർപ്പാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഫയലുകളിൽ തീരുമാനമുണ്ടാകാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കി വയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയായ E-Office സംവിധാനത്തിലൂടെ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു.

**സർക്കാർ ഓഫീസുകളിലെ പഞ്ചിംഗ്**

26 (1974) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം വകുപ്പുകളിലാണ് പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്; ഏതെല്ലാം വകുപ്പുകളിൽ പഞ്ചിംഗിനെ സ്പാർക്ക് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ.

(സി) പഞ്ചിംഗ് ഏർപ്പെടുത്തിയ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർ നിലയും ജോലിയിലുള്ള കാര്യക്ഷമതയും വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ പുതുതായി ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) മറ്റെല്ലാ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലും സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും 2018 ഒക്ടോബർ 31-നകം പഞ്ചിംഗ് ഏർപ്പെടുത്തണമെന്ന് നിർദ്ദേശം നല്കി ഉത്തരവ് ഇറക്കിയിരുന്നോ; പകർപ്പ് ലഭ്യമാക്കുമോ; എങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മറ്റേതെല്ലാം ഓഫീസുകളിൽ പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി എല്ലാ ജീവനക്കാരും നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
- സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നൽകണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.
- സർക്കാർ ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് നിൽക്കുന്ന സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ, സാക്ഷ്യപ്പെടുത്തിയ/പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പിനും തസ്തികയ്ക്കും താഴെ ഇ-മെയിൽ ഐഡിയും ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.
- സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവൃത്തി സമയം ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുന്നതിനുള്ള കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.
- പൊതുജനങ്ങളുടെ പരാതികൾ പരിഗണിക്കുന്നതും പരിഹരിക്കുന്നതും സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
- ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്തുവാനും വികസിപ്പിക്കുവാനും ഭരണമികവിലേയ്ക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനുമായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകി വരുന്നു.

(ബി) നിലവിൽ സെക്രട്ടേറിയറ്റിൽ മാത്രമാണ് സ്പാർക്കുമായി പഞ്ചിംഗ് സംവിധാനം ബന്ധിപ്പിച്ചിട്ടുള്ളത്. മറ്റ് ഓഫീസുകളിൽ ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സെക്രട്ടേറിയറ്റിൽ 1-1-2018 മുതലാണ് സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം കർശനമായി നടപ്പിലാക്കിത്തുടങ്ങിയത്. ആയതിന്റെ അടിസ്ഥാനത്തിൽ ഹാജർ നിലയും കാര്യക്ഷമതയും വർദ്ധിച്ചിട്ടുണ്ട്.

(ഡി) എല്ലാ സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണം ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് ഫിംഗർ പ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പിലാക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ&എഫ്) അതെ, പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. ഓരോ ഓഫീസുകളിലേയും ആവശ്യകതയ്ക്ക് അനുസരിച്ച് മെഷീനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച കാര്യങ്ങളിലും മറ്റ് സാങ്കേതിക കാര്യങ്ങളിലും തീരുമാനം കൈക്കൊണ്ടുകൊണ്ട് പൂർണ്ണതോതിൽ ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള കേഡർ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ**

27 (1975) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ കേഡറിൽ ജോലി ചെയ്യുന്ന മറ്റ് സംസ്ഥാനങ്ങളിലെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് എത്രാം തരം വരെയുള്ള പ്രാദേശിക ഭാഷാ വിദ്യാഭ്യാസം വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പ്രാദേശിക ഭാഷയിൽ അടിസ്ഥാന പരീക്ഷ പാസ്സാകാത്ത ഇത്തരം ഉദ്യോഗസ്ഥർ എത്ര പേർ ഉണ്ട്;

(സി) ഈ അടിസ്ഥാന യോഗ്യത നേടാത്ത ഏതെങ്കിലും ഉദ്യോഗസ്ഥർ ഇപ്പോൾ കേരള കേഡറിൽ ജോലി ചെയ്യുന്നുണ്ടോ; ഇവർ ഏതെങ്കിലും തരത്തിലുള്ള പ്രത്യേകാനുമതിയോടെയാണോ ജോലിചെയ്യുന്നത്;

(ഡി) പ്രാദേശിക ഭാഷയിൽ അടിസ്ഥാന യോഗ്യത നേടാത്ത ഉദ്യോഗസ്ഥർക്ക് ഉദ്യോഗക്കയറ്റം നൽകുവാൻ നിയമമുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഇ) സർവ്വീസിൽ പ്രവേശിച്ചതിനുശേഷം എത്ര കാലയളവിനുള്ളിൽ മലയാളം പരിജ്ഞാനം നേടിയിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരള കേഡറിൽ ജോലി ചെയ്യുന്ന മറ്റു സംസ്ഥാനങ്ങളിലെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വകുപ്പുതല പരീക്ഷകളോടൊപ്പം മലയാളം ഭാഷാ പരീക്ഷയിൽ (ലോവർ & ഹയർ)യോഗ്യത നേടണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(ബി) പ്രാദേശിക ഭാഷാ പരീക്ഷ പാസ്സാകാത്തവരായി ഐ.എ.എസിൽ 14 ഉദ്യോഗസ്ഥരും ഐ.പി.എസ്.-ലും ഐ.എഫ്.എസ്.-ലും 12 വീതം ഉദ്യോഗസ്ഥരുമാണുള്ളത്.

(സി) ഉണ്ട്. പ്രാദേശിക ഭാഷയിൽ യോഗ്യത നേടിയിട്ടില്ലായെന്ന കാരണത്താൽ സർവ്വീസിൽ തുടരുന്നതിന് തടസ്സമില്ല.

(ഡി) പ്രാദേശിക ഭാഷയിൽ അടിസ്ഥാന യോഗ്യത നേടാത്ത ഉദ്യോഗസ്ഥർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് തടസ്സമില്ല. എന്നാൽ പ്രാദേശിക ഭാഷയിൽ യോഗ്യത നേടിയശേഷം മാത്രമേ സീനിയർ സ്കെയിൽ തസ്തികയിൽ ഇൻക്രിമെന്റ് അനുവദിക്കുകയുള്ളൂ.

(ഇ) സർവ്വീസിൽ പ്രവേശിച്ചതിനുശേഷം മലയാള ഭാഷയിൽ യോഗ്യത നേടുന്നതിനുള്ള സമയപരിധി നിഷ്കർഷിച്ചിട്ടില്ല.

**സർഫാസി, സിബിൽ നിയമങ്ങൾ**

28 (T*1976) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർഫാസി, സിബിൽ എന്നീ നിയമങ്ങൾ ബാങ്ക് വായ്പകൾക്ക് എന്നുമുതലാണ് ബാധകമാക്കി തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ വായ്പകൾ, കാർഷിക വായ്പകൾ എന്നിവയ്ക്ക് സർഫാസി ആക്ട് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സർഫാസി, സിബിൽ നിയമങ്ങൾമൂലം ജനങ്ങളുടെ കിടപ്പാടം നഷ്ടപ്പെടുന്ന വിവരം കേന്ദ്ര സർക്കാരിനെയോ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലോ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സർഫാസി ആക്ട് നിലവിൽ വന്നത് 2002-ലാണ്. 2003 മുതൽ ബാങ്കുകൾ സിബിലിന് വായ്പ വിവരങ്ങൾ കൈമാറി വരുന്നു.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വിദ്യാഭ്യാസ വായ്പകൾ, കാർഷിക വായ്പകൾ എന്നിവയ്ക്ക് സർഫാസി ആക്ട് ബാധകമാക്കിയിട്ടുണ്ട്. വായ്പയ്ക്ക് ഈടായി നൽകിയിട്ടുള്ള കാർഷിക ഭൂമിയെ സർഫാസി നിയമപരിധിയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്.

(സി) സർഫാസി നിയമത്തിലെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടുമുള്ളവരെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ച് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് 20-11-2017-ന് കേന്ദ്ര ധനമന്ത്രാലയത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ കുറേക്കൂടി ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ബാങ്കുകളോടും സംസ്ഥാനതല ബാങ്കിംഗ് സമിതിയോടും ആവശ്യപ്പെടാറുണ്ട്. 21-6-2018-ൽ ചേർന്ന സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട് മുഖ്യമന്ത്രി തന്നെ ഇക്കാര്യം പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്.

**നവകേരള നിർമ്മാണം**

29 (1977) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് വേണ്ടിവരുന്നത്; ഈ തുക എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഈ തുക ഉപയോഗപ്പെടുത്തി ഏതൊക്കെ മേഖലകളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരളത്തിന്റെ പുനർനിർമ്മാണത്തിനായി PDNA (Post Disaster Need Assessment) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. സംസ്ഥാന വിഹിതം, ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവ സമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര സർക്കാർ പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ, സ്പെഷ്യൽ ലോട്ടറി, എക്സൈസ് ഡ്യൂട്ടി വർദ്ധനവ് വരുത്തൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയാണ് തുക സമാഹരിക്കാൻ ലക്ഷ്യമിടുന്നത്.

(ബി) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യ തൊഴിലാളികളുടെ പുനരധിവാസം എന്നിവയും കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ, തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

**ബാങ്കുകൾ ഈടാക്കിയിട്ടുള്ള പിഴപ്പലിശ**

30 (T* 1978) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭവും പ്രളയക്കെടുതിയുംമൂലം സംസ്ഥാനത്തെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും പല ബാങ്കുകളും ഈ കാലയളവിലെ കുടിശ്ശികകൾക്ക് പിഴപ്പലിശ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കർഷകരിൽ നിന്ന് അനധികൃതമായി ബാങ്കുകൾ ഈടാക്കിയിട്ടുള്ള പിഴപ്പലിശ തുക കർഷകർക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭവും പ്രളയക്കെടുതിയുംമൂലം സംസ്ഥാനത്തെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മൊറട്ടോറിയം കാലയളവിലെ കുടിശ്ശികകൾക്ക് സഹകരണ ബാങ്കുകൾ പിഴപ്പലിശ

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് സഹകരണ സംഘം രജിസ്ട്രാറും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ അനധികൃതമായി പിഴപ്പലിശ ഈടാക്കുന്നതായി SLBC-യുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് എസ്.എൽ.ബി.സി. കൺവീനറും അറിയിച്ചിട്ടുണ്ട്.

(ബി) ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ അനധികൃതമായി പിഴപ്പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം SLBC-യുടെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ ബന്ധപ്പെട്ട ബാങ്കുകൾക്ക് അവ തിരികെ കൊടുക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്ന് എസ്.എൽ.ബി.സി. കൺവീനർ അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ കൃഷി ഓഫീസറോട് ഉടൻ തന്നെ ബാങ്കുകളുമായി ബന്ധപ്പെട്ട് ലേല നടപടികളിന്മേൽ ലഭ്യമായ പരാതി സംബന്ധിച്ച വിഷയം ചർച്ച ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായും ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗങ്ങളിൽ പ്രസ്തുത വിഷയം അടിയന്തിര പ്രാധാന്യം നൽകി ചർച്ച ചെയ്യണമെന്ന നിർദ്ദേശം നൽകിയതായും കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക് കത്തുന്നതുമൂലമുള്ള മലിനീകരണം

31 (T*1979) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ മൺവിളയിൽ ഫാമിലി പ്ലാസ്റ്റിക്കിൽ അടുത്തിടെ ഉണ്ടായ തീപിടിത്തത്തിൽ പ്ലാസ്റ്റിക് കത്തിയുണ്ടായ വിഷപ്പുക ധാരാളമാൾക്കാർ ശ്വസിക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ കച്ചവട സ്ഥാപനങ്ങൾ കച്ചവടാനുബന്ധമായി വരുന്ന പ്ലാസ്റ്റിക് വേസ്റ്റുകൾ അധികവും രാത്രി സമയമായാൽ അവരവരുടെ കോമ്പൗണ്ടിനുള്ളിൽ പ്രത്യേകം സജ്ജീകരിച്ച ഇടങ്ങളിൽ ഇട്ട് കത്തിച്ച് നഗരാന്തരീക്ഷം ആകെ വിഷപ്പുകയാൽ മലിനമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഹൈക്കോടതി പോലും നിരോധിച്ച വൻ മലിനീകരണം ഉണ്ടാക്കുന്ന ഈ പ്രവൃത്തി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വൻകിട വ്യാപാര സ്ഥാപനങ്ങളുടേതാകയാൽ ഇത്തരക്കാരുടെ പ്രസ്തുത പ്രവൃത്തി ഉദ്യോഗസ്ഥർ പലപ്പോഴും കണ്ടില്ലെന്ന് നടിച്ച് നടപടി എടുക്കാതെ ഇതിനനുവാദം നൽകുന്നത് ഗൗരവമായി കാണുമോ;വ്യക്തമാക്കുമോ;

(സി) അപകടങ്ങൾ സംഭവിക്കുംവരെ ഇതിനെതിരെ നടപടി എടുക്കാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഫലപ്രദമായി പ്രവർത്തിക്കാത്തത് ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ;

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) വൻകിട വ്യാപാര സ്ഥാപനങ്ങൾ എങ്ങനെയാണ് അവരുടെ പ്ലാസ്റ്റിക് വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നതെന്ന് നാളിതുവരെ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ്; ഇത്തരക്കാർക്കെതിരെ നടപടി എടുക്കുന്നത് ഒഴിവാക്കുന്നതിനാണ് പരിശോധന നടത്താത്തതെന്ന റിപ്പോർട്ടുകളിൽ എന്തെങ്കിലും കഴമ്പുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) എങ്കിൽ ഇത്തരത്തിലുള്ള മലിനീകരണത്തിൽ നിന്ന് നാടിനെയും നാട്ടുകാരെയും രക്ഷിക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നടപടിക്ക് തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കച്ചവട സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ വൃത്തിയാക്കി വേർതിരിച്ച് അംഗീകൃത മാലിന്യം കൈകാര്യ/നിർമ്മാർജ്ജനം ചെയ്യുന്ന അംഗീകൃത സെന്ററിലേയ്ക്ക് എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശസ്ഥാപനങ്ങൾ മുഖേന മെറ്റീരിയൽ കളക്ഷൻ സംവിധാനങ്ങൾ വിവിധ സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ നിന്ന് ഇവ അംഗീകൃത റീ-സൈക്ലിംഗ് യൂണിറ്റിലേയ്ക്കോ റോഡ് ടാറിംഗിനായോ ക്ലീൻ കേരള കമ്പനി മുഖേന നൽകിവരുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൻ കീഴിൽ വരുന്ന കച്ചവട സ്ഥാപനങ്ങൾക്ക് പ്ലാസ്റ്റിക്ക് വേസ്റ്റ് അംഗീകൃത റീ-സൈക്ലേഴ്സിന് കൈമാറണമെന്നും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം നിർമ്മാർജ്ജനം ചെയ്യണമെന്ന നിബന്ധനയോടെയാണ് പ്രവർത്തനാനുമതി നൽകുന്നത്. പരിശോധനാവേളയിൽ തുറസ്സായ സ്ഥലത്ത് പ്ലാസ്റ്റിക് കത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും അത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ നടപടിയെടുക്കുകയും ചെയ്തു വരുന്നു.

(സി) 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വില്പനയും മറ്റും നിരോധനമുണ്ട്. ടി ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ പരിശോധനയും പിഴ ഈടാക്കലും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) കച്ചവട സ്ഥാപനങ്ങളിൽ നിന്നുണ്ടാകുന്ന പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ വൃത്തിയാക്കി വേർതിരിച്ച് അംഗീകൃത മാലിന്യം കൈകാര്യം/നിർമ്മാർജ്ജന സെന്ററിലേയ്ക്ക് മെറ്റീരിയിൽ കളക്ഷൻ ഫെസിലിറ്റികളിൽ എത്തിക്കുന്നതിനുള്ള

സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ നിന്ന് ഇവ അംഗീകൃത റീ-സൈക്ലിംഗ് യൂണിറ്റിലേയ്ക്കോ, റോഡ് ടാറിംഗിനായോ ക്ലീൻ കേരള കമ്പനി മുഖേന നൽകി വരുന്നു. പ്ലാസ്റ്റിക്ക് മലിനീകരണം തടയുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിച്ചു വരുന്നു.

(ഇ) മലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ, ആയത് നിയന്ത്രിക്കുന്നതിനായി പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു.

## കെ.എ.എസ്-ൽ പട്ടികവിഭാഗ സംവരണ വ്യവസ്ഥ

32 (1980) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. സ്കീം രണ്ടിലും, സ്കീം മൂന്നിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകാതിരിക്കുന്നത് ഏത് നിയമം/ചട്ടപ്രകാരമാണ്; ആയത് വിശദമാക്കാമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് അവകാശം നൽകുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 16 (4)(എ) -യ്ക്ക് വിധേയമായി കെ.എസ്.&എസ്.എസ്.ആർ നാളിതുവരെയും ഭേദഗതി ചെയ്യാത്തത് എന്തു കൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) കെ.എ.എസ്.-ൽ സംവരണ വ്യവസ്ഥ ഇല്ലാത്തതു സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെയോ സമുദായ സംഘടനകളുടെയോ ഒരു യോഗം വിളിച്ച് കാര്യങ്ങൾ വിശദമാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്&എസ്.എസ്.ആർ. ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമാണ്. എന്നാൽ കെ.എ.എസ്.-ൽ Stream II, III എന്നിവയിലേയ്ക്കുള്ള നിയമനങ്ങൾ ബൈ ട്രാൻസ്ഫർ (തസ്തികമാറ്റം) മുഖേനയാണ്. തസ്തികമാറ്റം മുഖേനയുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമല്ല.

(ബി) ഏതൊരു സർവ്വീസിലേയും ഏതൊരു കാറ്റഗറിയിലേയും നിശ്ചിത എണ്ണം തസ്തികകൾ റിസർവ് ചെയ്ത് പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗക്കാരിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നേരിട്ട് നിയമനം നടത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ്സ് റൂൾസ് ഭാഗം II ചട്ടം 17 A-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽചട്ടം നിലനിൽക്കുന്നതിനായി ഭരണഘടനയുടെ ആർട്ടിക്കിൾ 16(4) (എ)യ്ക്ക് വിധേയമായി കെ.എസ്.&എസ്.എസ്.ആർ.-ൽ പ്രത്യേക ഭേദഗതി വരുത്തേണ്ട സാഹചര്യമില്ല.

(സി) ഇല്ല.

## ഭരണപരിഷ്കാര കമ്മീഷന്റെ വാഹനങ്ങൾ

33 (1981) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷന് എത്ര വാഹനങ്ങളുണ്ടെന്നും ആരൊക്കെയാണ് ഈ വാഹനങ്ങൾ ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ എന്ത് തുക ചെലവാക്കി;

(സി) വാഹനങ്ങളുടെ പെട്രോൾ, ഡീസൽ ഇനത്തിൽ നാളിതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ?

### ഉത്തരം

(എ - സി) ഭരണപരിഷ്കാര കമ്മീഷന് സ്വന്തമായി വാഹനങ്ങളില്ല. എന്നാൽ കമ്മീഷൻ ചെയർമാന്റേയും മെമ്പർ സെക്രട്ടറിയുടെയും ഉപയോഗത്തിനായി വിനോദസഞ്ചാര വകുപ്പിൽ നിന്നും ഓരോ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഭരണപരിഷ്കാര കമ്മീഷന്റെ മെമ്പർ ശ്രീ. സി.പി. നായർ, പാർട്-ടൈം മെമ്പർ ശ്രീമതി നീലാ ഗംഗാധരൻ എന്നിവരുടെ ഔദ്യോഗിക യാത്രകൾക്ക് അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് വിനോദസഞ്ചാര വകുപ്പിൽനിന്നും വാഹനങ്ങൾ അനുവദിക്കുന്നുണ്ട്. കൂടാതെ ഭരണപരിഷ്കാര കമ്മീഷന്റെ ഓഫീസ് ആവശ്യങ്ങൾക്കായി രണ്ട് വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നുണ്ട്. വാഹനങ്ങളുടെ പെട്രോൾ, ഡീസൽ ഇനത്തിൽ തുകയൊന്നും കമ്മീഷൻ ചെലവഴിച്ചിട്ടില്ല.

## പി.എസ്.സി. വഴിയുള്ള നിയമനം

34 (1982) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-10-2018 വരെ വിവിധ വകുപ്പുകളിലായി പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 85621 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**ഹയർ സെക്കണ്ടറി സ്കൂൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

35 (1983) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (എക്കണോമിക്സ്) തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് (എസ്.സി./എസ്.റ്റി.) കാറ്റഗറി നമ്പർ(357/16) പ്രകാരം പുറത്തിറങ്ങിയ ലിസ്റ്റിൽ ഉൾപ്പെട്ട എത്ര പേർക്ക് നിയമനം ലഭ്യമാവും എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റ് പ്രകാരം നിലവിൽ എത്ര പേർക്ക് നിയമനം ലഭിക്കുമെന്നാണ് കരുതുന്നത് ; നിലവിലുള്ള ഒഴിവുകളിൽ അഡ്വൈസ് മെമ്മോ എന്നയയ്ക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) റിപ്പോർട്ട് ചെയ്യപ്പെട്ട 5 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ച വരുന്നു.

**പി.എസ്.സി. വഴിയുള്ള നിയമനം**

36 (1984) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി നിയമനം നല്കിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-10-2018 വരെ 85621 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്ത് പി.എസ്.സി. വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൽക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം എല്ലാ വകുപ്പുകളിലും ദ്രുത പരിശോധനയും നടത്തിവരുന്നു.

## പി.എസ്.സി. മുഖേന നടത്തിയ നിയമനങ്ങൾ

37 (1985) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പി.എസ്.സി. മുഖേന നടത്തിയ നിയമനങ്ങളിൽ എത്ര എണ്ണം പുതിയ തസ്തികകളിലാണെന്ന് അറിയിക്കാമോ;

(ബി) പൊതുമേഖലയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-10-2018 വരെ 85621 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിൽ പുതിയ തസ്തികകളിൽ നടത്തിയ നിയമനം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പി.എസ്.സി. നിയമന യോഗ്യതയിൽ മാറ്റം

38 (1986) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി. ഒരു തസ്തികയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ച്, പരീക്ഷ നടത്തിയതിനുശേഷം നിയമന യോഗ്യതയിൽ മാറ്റംവരുത്തുന്നതിന് സാധിക്കുമോ; എങ്കിൽ എതൊക്കെ സാഹചര്യങ്ങളിൽ എന്നും വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ഒരു തസ്തികയുടെ തെരഞ്ഞെടുപ്പിലേയ്ക്കായി പി.എസ്.സി. അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തിയതിനുശേഷം യോഗ്യതയിൽ മാറ്റം വരുത്തുന്നതിനു സാധിക്കും. നിയമസഭാ സമിതികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിലോ കോടതികളുടെ ഉത്തരവുകൾ പ്രകാരമോ സർക്കാരിന് യോഗ്യതകളിൽ മാറ്റം വരുത്തുന്നത് അനിവാര്യമാണെന്ന് ബോദ്ധ്യമാകുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ തസ്തികകളുടെ യോഗ്യതകളിൽ സർക്കാർ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. പി.എസ്.സി. അപേക്ഷ ക്ഷണിച്ചതിനുശേഷം ഒരു തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തിയാൽ ആ ഉത്തരവിനു മുൻപുണ്ടായ ഒഴിവുകൾ പഴയ യോഗ്യതയുടെ അടിസ്ഥാനത്തിലും അതിനുശേഷം അറിയിക്കുന്ന ഒഴിവുകൾ പുതുക്കിയ യോഗ്യതയുടെ അടിസ്ഥാനത്തിലും പുതിയ വിജ്ഞാപനം ക്ഷണിച്ച് പരീക്ഷ നടത്തി നിയമനം നടത്തുവാൻ കഴിയും.

## സർവ്വകലാശാലകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത നടപടി

39 (1987) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണവകുപ്പിൽനിന്നും 10-8-2018-ൽ പുറപ്പെടുവിച്ച AdvC3/149/18/P&ARD സർക്കുലർ പ്രകാരം 1-9-2018-ന് മുൻപായി വിവിധ വകുപ്പുകളിലെ മുൻകൂർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിരുന്നതനുസരിച്ച് എല്ലാ വകുപ്പ് മേധാവികളും മുൻകൂർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) കേരള, എം.ജി, കാലിക്കറ്റ് എന്നീ സർവ്വകലാശാലകളിലെ ഒഴിവുകൾ പ്രസ്തുത തീയതിക്ക് മുൻപായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ട സർവ്വകലാശാല അധികാരികൾക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിവിധ വകുപ്പുകളിൽ പരിശോധന നടത്തി വരുന്നു.

(ബി) കണ്ണൂർ സർവ്വകലാശാല, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും 2019 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റു സർവ്വകലാശാലകൾ പ്രതീക്ഷിത ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇക്കാര്യത്തിൽ എല്ലാ ഭരണ വകുപ്പുകൾക്കും സർവ്വകലാശാലകൾക്കും വീണ്ടും നിർദ്ദേശം നൽകുന്നതാണ്.

## സർക്കാർ ഉദ്യോഗത്തിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി

40 (1988) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരുദ്യോഗത്തിന് അപേക്ഷിക്കാവുന്ന പ്രായപരിധി 36 വയസ്സിൽ നിന്നും ഉയർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഇല്ല. നിലവിലെ പ്രായപരിധിതന്നെ തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്.

## എൽ.പി./യു.പി. റാങ്ക് ലിസ്റ്റ്

41 (1989) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.പി./യു.പി. സ്കൂൾ ടീച്ചർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കാമോ ;

(ബി) ആലപ്പുഴ ജില്ലയിൽ എൽ.പി./യു.പി. സ്കൂൾ ടീച്ചർ റാങ്ക് ലിസ്റ്റ് നിവിലുണ്ടോ എന്നും പുതിയ ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കും എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എൽ.പി./യു.പി. സ്കൂൾ ടീച്ചർമാരുടെ നിലവിലുള്ള ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളും ജില്ല തിരിച്ച് താഴെ ചേർക്കുന്നു:

| ജില്ല | എൽ.പി.എസ്.എ./ യു.പി.എസ്.എ.ജില്ല തിരിച്ചുള്ള ഒഴിവുകൾ | | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ | |
|---|---|---|---|---|
| | എൽ.പി. എസ്.എ | യു.പി. എസ്.എ | എൽ.പി. എസ്.എ | യു.പി. എസ്.എ |
| തിരുവനന്തപുരം | 550 | 232 | 321 | 187 |
| കൊല്ലം | 461 | 139 | 345 | 127 |
| പത്തനംതിട്ട | 228 | 53 | 210 | 49 |
| ആലപ്പുഴ | 174 | 70 | 122 | 53 |
| കോട്ടയം | 165 | 43 | 131 | 32 |
| ഇടുക്കി | 134 | 64 | 98 | 48 |
| എറണാകുളം | 195 | 121 | 180 | 105 |
| തൃശ്ശൂർ | 185 | 113 | 158 | 83 |
| പാലക്കാട് | 327 | 213 | 308 | 197 |
| മലപ്പുറം | 1070 | 373 | 1050 | 360 |
| കോഴിക്കോട് | 351 | 151 | 318 | 100 |
| വയനാട് | 175 | 102 | 170 | 99 |
| കണ്ണൂർ | 216 | 126 | 170 | 105 |
| കാസർഗോഡ് | 448 | 247 | 438 | 244 |
| ആകെ | 4679 | 2047 | 4019 | 1789 |

(ബി) ആലപ്പുഴ ജില്ലയിൽ എൽ.പി./യു.പി. സ്കൂൾ ടീച്ചറുടെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) തസ്തികയിലെ ഒഴിവുകൾ

42 (1990) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി.-യുടെ റൊട്ടേഷൻ അനുസരിച്ച് എസ്.ഐ.യു.സി. ക്രിസ്ത്യൻ നാടാർ വിഭാഗത്തിൽപ്പെട്ട ആദ്യ ഉദ്യോഗാർത്ഥിക്ക് പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കാൻ എത്ര ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യണമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 27 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെയും പെൻഡിംഗ് ടേണുകളുടെയും അടിസ്ഥാനത്തിലാണ് റൊട്ടേഷൻ തയ്യാറാക്കുന്നത്. റൊട്ടേഷൻ ചാർട്ട് പ്രകാരം 38-ാമത്തെ ടേണാണ് SIUC.N വിഭാഗത്തിന്റേത്. നിയമനം ലഭിക്കാൻ എത്ര ഒഴിവുകൾ വേണ്ടിവരുമെന്ന് മുൻകൂട്ടി നിർണ്ണയിക്കാനാവില്ല.

## കമ്പനി, കോർപ്പറേഷൻ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

43 (1991) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കമ്പനി, കോർപ്പറേഷനുകളിലേയ്ക്കുള്ള ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ, അസിസ്റ്റന്റ് തസ്തികകളിലെ നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് പി.എസ്.സി. എഴുത്തുപരീക്ഷ നടത്തിയിരുന്നോ; എങ്കിൽ എന്നാണ് എന്നറിയിക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) 5-8-2018-ന് ഒ.എം.ആർ പരീക്ഷ നടത്തിയിരുന്നു.

(സി) റാങ്ക് പട്ടിക അടിയന്തരമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## ഇടുക്കി ജില്ലയിൽ വികലാംഗർക്കുള്ള എൽ.ഡി. ക്ലാർക്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

44 (1992) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വികലാംഗർക്കുള്ള എൽ.ഡി. ക്ലർക്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 258/12) നിന്ന് ഇതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി തീരുംമുമ്പ് എത്രപേർക്ക് നിയമനം ലഭ്യമാക്കാൻ സാധിക്കും;വ്യക്തമാക്കാമോ?

ഉത്തരം

(എ) 16 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 6-7-2019-ൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികയിൽ 12 ഉദ്യോഗാർത്ഥികൾ അവശേഷിക്കുന്നുണ്ട്. കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്

45 (1993) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-11-201-ന് കേരള പി.എസ്.സി. നടത്തിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. വിജ്ഞാപന പ്രകാരം ഈ തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാമായിരുന്നു;

(ഇ) പി.എസ്.സി. വിജ്ഞാപന പ്രകാരമുള്ള യോഗ്യതയില്ലാത്തവരെയും ഉൾപ്പെടുത്തി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഇല്ല. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് റാങ്ക് പട്ടിക പി.എസ്.സി. പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) 1. SSLC

2. Sanitary Inspectors Certificate of Bombay or Madras

OR

Health Inspectors Certificate of Thiruvananthapuram Medical College

OR

Sanitary Inspectors Certificate of All India Institute of Local Self Government Bombay

OR

The Certificate in Sanitary Inspectors course awarded by the National Council for Rural Higher Education

OR

Sanitory Inspectors Training course conducted by Rural Institute, Thavanur

Note:- KS &SSR Part II Rule 10(a) (ii) is applicable for selection to this post

(ഇ) വിജ്ഞാപന പ്രകാരമുള്ള യോഗ്യതയുടെ തത്തുല്യ യോഗ്യതയുള്ളവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. 20-12-2017-ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിജ്ഞാപന പ്രകാരമുള്ള യോഗ്യതയുള്ളവരെ മാത്രം ഉൾപ്പെടുത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാൻ ഉത്തരവായിരുന്നു. എന്നാൽ 26-02-2018-ൽ ബഹു. ഹൈക്കോടതി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് സ്റ്റേ ചെയ്തു. അതിനാൽ ബഹു. ഹൈക്കോടതിയുടെ അന്തിമവിധി വരുന്നതുവരെ ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ പി.എസ്.സി. നിർത്തിവച്ചിരിക്കുകയാണ്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

46 (1994) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 665/2012 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ പാലക്കാട് ജില്ലയിലെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്നറിയിക്കാമോ;

(സി) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമന അഡ്വൈസ് നൽകാൻ ബാക്കിയുള്ള എത്ര ഒഴിവുകളുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ) 23-2-2017-ന് നിലവിൽ വന്നു.

(ബി) 22 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവിലേയ്ക്കും പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷനിലേക്ക് പി.എസ്.സി. സാധ്യതാ പട്ടിക

47 (1995) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി നമ്പർ 561/2014 പ്രകാരം ബിവറേജസ് കോർപ്പറേഷനിലേക്ക് എൽ.ഡി.ക്ലാർക്ക് നിയമനത്തിനായി പരീക്ഷ നടത്തിയത് എന്നാണ്;

(ബി) പ്രസ്തുത പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 22-10-2016- ന് പരീക്ഷ നടത്തി.

(ബി & സി) സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ പ്രമാണ പരിശോധനകൂടി പൂർത്തിയാക്കിയതിനുശേഷം അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

## അസിസ്റ്റന്റ് സർജൻ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

48 (1996) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 547/2014-ലെ നിലവിലുള്ള ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ/ ക്യാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്ന തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും എൻ.സി.എ ആയി ഉടലെടുത്ത എൽ.സി./എ.ഐ. വിഭാഗക്കാരുടെ ടേണുകളിലേയ്ക്ക് എത്ര ഒഴിവുകളാണ് നികത്തുവാനായി നിലനിൽക്കുന്നത്;

(ബി) ഈ വിഭാഗങ്ങളിലേയ്ക്കുള്ള എൻ.സി.എ. വിജ്ഞാപനം പുറപ്പെടുവിക്കുവാൻ തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുക;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്താനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എൽ.സി./എ.ഐ. വിഭാഗക്കാരുടെ 12 ടേണുകൾ നികത്തുവാനായി നിലനിൽക്കുന്നുണ്ട്.

(ബി & സി) എൽ.സി./എ.ഐ. വിഭാഗങ്ങൾക്കുള്ള 12 എൻ.സി.എ. ഒഴിവുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി പി.എസ്.സി. സ്വീകരിച്ചു വരുന്നു.

## സംസ്ഥാന സിവിൽ സർവ്വീസിൽ ചട്ടവിരുദ്ധ നിയമനം

49 (1998) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ ചട്ടവിരുദ്ധമായും നിയമവിരുദ്ധമായും യോഗ്യതകൾ നേടിയ ആളുകൾ നിയമനം തരപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നിയമവിരുദ്ധമായ മാർഗ്ഗത്തിലൂടെ നിയമബിരുദം കരസ്ഥമാക്കിയ ഉദ്യോഗസ്ഥൻ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടിയാൻ റെഗുലറായി നിയമപഠനവും അതേസമയം തന്നെ സർക്കാർ ജോലിയും ചെയ്തിരുന്നതായി പരാതി ഉണ്ടായിരുന്നോ; ആ പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(സി) വ്യാജമായി ബിരുദം തരപ്പെടുത്തിയ ഉദ്യോഗസ്ഥന് അണ്ടർസെക്രട്ടറിയായി ഉദ്യോഗക്കയറ്റം നൽകിയ നടപടികളെക്കുറിച്ചും അതിന് പിന്നിലെ ഗൂഢാലോചനയെക്കുറിച്ചും വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറിക്ക് 23-7-2018-ന് പരാതി ലഭിച്ചിട്ടുണ്ടോ; ഈ പരാതിയിന്മേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ഡി) സർക്കാർ പണം തട്ടിയെടുക്കൽ, വ്യാജരേഖ ചമയ്ക്കൽ, വഞ്ചന, ചതി തുടങ്ങിയ ഗുരുതരമായ ക്രിമിനൽ കുറ്റങ്ങൾ ചെയ്ത നിയമ വകുപ്പിലെ ഈ ഉദ്യോഗസ്ഥൻ സർവ്വീസിൽ തുടരുന്നത് തന്നെ കളങ്കമാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ വിവരം സിവിൽ സർവ്വീസിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയെ അറിയിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) സർക്കാർ സർവ്വീസിനുതന്നെ അപമാനവും കളങ്കവുമാണെന്ന് പി.എസ്.സി. ചൂണ്ടിക്കാണിച്ച ഒരു ഉദ്യോഗസ്ഥനെ മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് തീരുമാനമെടുത്ത ഫയലിൽ നിയമവകുപ്പ് മന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും അറിവോടെയാണോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്; ഈ ഫയൽ സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യണമെന്ന് നിയമ വകുപ്പ് മന്ത്രി നൽകിയ നിർദ്ദേശം പാലിക്കാതെ ഉത്തരവിറക്കിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ക്രമപ്രകാരമല്ലാതെ സർവ്വീസിൽ പ്രവേശിച്ചവരെ കണ്ടെത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ഓഫീസുകളിൽ പരിശോധന നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് ലഭ്യമായ ഒരു പരാതിയിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസിൽ ഒരു സത്വരാന്വേഷണവും നടന്നുവരുന്നു.

(സി) ലഭിച്ച പരാതി പരിശോധിച്ചുവരുന്നു.

(ഡി) പരാതി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്ഥാനക്കയറ്റം സംബന്ധിച്ച ഫയലിൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കണ്ടശേഷമാണ് തീരുമാനമെടുത്തത്. സ്ഥാനക്കയറ്റം നൽകി നിയമിച്ച ഫയലിൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടില്ല.

## ആശ്രിത നിയമനം

50 (1999) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) നിലവിൽ അപേക്ഷ സമർപ്പിച്ച് ജോലി ലഭിക്കാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ നിയമം അനുസരിച്ച് എത്ര ശതമാനം ഒഴിവുകളാണ് ആശ്രിത നിയമനത്തിന് നീക്കിവച്ചിട്ടുള്ളത്?

ഉത്തരം

(എ) വിവിധ വകുപ്പുകളിൽ ആകെ ഉണ്ടാകുന്ന ഒഴിവുകളിലെ നിശ്ചിത ശതമാനം ആശ്രിത നിയമനത്തിനായി സമയബന്ധിതമായിത്തന്നെ സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും കൃത്യമായ ഇടവേളകളിൽ വകുപ്പ് അദ്ധ്യക്ഷന്മാർക്ക് ഓർമ്മപ്പെടുത്തലുകൾ നൽകാറുമുണ്ട്. ആകെ ഒഴിവുകളിലെ നിശ്ചിത ശതമാനം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് ടി പദ്ധതി പ്രകാരം നിയമനം നൽകിവരുന്നു.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 31-5-2006-ലെ സ.ഉ. (പി) 151/2006 പ്രകാരം വർഷം തോറും എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, പ്യൂൺ തസ്തികകളിലെ നിയമനത്തിന്റെ 5%-വും സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് എന്നിവിടങ്ങളിലുണ്ടാകുന്ന അസിസ്റ്റന്റ് ഗ്രേഡ്-II തസ്തിക (ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തിക ഉൾപ്പെടെ) യുടെ 5%, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഓഡിറ്റർ ഗ്രേഡ്-II തസ്തികയുടെ 5%, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളുടെ 5%, എൽ.ഡി.കംപൈലർ തസ്തികയുടെ 5%, പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡർ എന്നീ തസ്തികകളുടെ 10% എന്നിങ്ങനെയാണ് ആശ്രിത നിയമനത്തിന് നീക്കി വച്ചിരിക്കുന്നത്.

## നരേന്ദ്രൻ കമ്മീഷൻ

51 (2000) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംവരണ വിഭാഗങ്ങൾക്ക് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ ഉണ്ടാകുന്ന നഷ്ടം കണ്ടെത്തുന്നതിനും അവരുടെ സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്തുന്നതിനും കുറവ് ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും നിയോഗിച്ച നരേന്ദ്രൻ കമ്മീഷന്റെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഒന്നാം ഗസറ്റഡ് തസ്തിക മുതൽ മുകളിലേയ്ക്ക് സംവരണ വിഭാഗം ജീവനക്കാരുടെ എണ്ണം എടുത്തിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ഓരോ വകുപ്പ് തിരിച്ച്, തസ്തിക തിരിച്ച് വിശദാംശം നൽകുമോ; ആയത് മൊത്തം ജീവനക്കാരുടെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;

(സി) കാലാകാലങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് ഉന്നത തസ്തികകളിൽ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ഡി) കെ.എ.എസ്. നടപ്പിലാക്കുമ്പോഴും രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണം ഒഴിവാക്കുന്നതുമൂലം ഉണ്ടാകുന്ന സംവരണ വിഭാഗ ജീവനക്കാരുടെ പ്രാതിനിധ്യകുറവ് എങ്ങനെ നികത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം പിന്നാക്ക വിഭാഗങ്ങൾക്കും സംവരണം ഉണ്ടായിരുന്നിട്ടുപോലും അർഹിക്കുന്ന പ്രാതിനിധ്യം സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രിത സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും ലഭ്യമായിട്ടില്ലെന്നതായിരുന്നു നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ കാതലായ കണ്ടെത്തൽ.

പിന്നാക്ക വിഭാഗങ്ങൾക്ക് നീക്കിവയ്ക്കപ്പെട്ട ഉദ്യോഗങ്ങൾ അവർക്കുതന്നെ ലഭ്യമാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് നിയമന ചട്ടങ്ങളിൽ 2-2-2006-ലെ സ.ഉ(പി) നമ്പർ 08/2006/പ.ജ.പ.വ.വി.വ. പ്രകാരം ഭേദഗതി വരുത്തി. സർക്കാർ കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രവേശനത്തിന് 20% സംവരണം പിന്നാക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തി.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ NCA (No Candidates Available) എന്ന നിലയിൽ വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

(ഡി) കെ.എസ്. ആന്റ് എസ്.എസ്.ആർ. ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമാണ്.

**ഐ.ടി പാർക്കുകൾ**

52 (2001) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആസ്ഥാനങ്ങളിൽ ഐ.ടി.പാർക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് ഐ.ടി. സ്റ്റാർട്ട് അപ്പ് ആരംഭിക്കാൻ സാമ്പത്തിക പിന്തുണ നൽകാനായി പൊതുജന നിക്ഷേപ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, ചേർത്തല, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഐ.ടി. പാർക്കുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റു ജില്ലകളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഐ.ടി. സ്റ്റാർട്ട് അപ്പ് ആരംഭിക്കാൻ സാമ്പത്തിക പിന്തുണ നൽകാനായി പൊതുജന നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല. എന്നാൽ മികച്ച ആശയങ്ങളെ വിപണന ഉല്പന്നങ്ങളാക്കി മാറ്റുന്നതിനായി രണ്ട് ലക്ഷം രൂപ വരെ ഐഡിയ ഗ്രാന്റും ഏഴ് ലക്ഷം രൂപ വരെ പ്രോഡക്റ്റൈസേഷൻ ഗ്രാന്റും പന്ത്രണ്ട് ലക്ഷം രൂപ വരെ സ്കെയിൽ അപ്പ് ഗ്രാന്റും നൽകി വരുന്ന പദ്ധതി നിലവിലുണ്ട്. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും ഐ.ടി വ്യവസായം വികസിപ്പിച്ച് യുവതീ-യുവാക്കൾക്ക് കൂടുതൽ ജോലി സാധ്യത ലഭ്യമാക്കുക/സ്വയം പര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ Ites/BPO എന്നീ കമ്പനികളുടെ സഹകരണത്തോടെ ആരംഭിച്ച 'ടെക്നോലോഡ്ജ് ' പദ്ധതിയും നിലവിലുണ്ട്.

**അക്ഷയ കേന്ദ്രങ്ങൾ**

53 (2002) <u>ശ്രീ. അൻവർ സാദത്ത് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതുവഴി പുതിയ സേവനങ്ങൾ നൽകുന്നതിനും ആലോചനയുണ്ടോ;

(ബി) അക്ഷയ കേന്ദ്രങ്ങൾക്ക് ബ്രാന്റിംഗ് സംവിധാനം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) അക്ഷയയുടെ ലോഗോയും മറ്റും ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യാജ കേന്ദ്രങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം കേന്ദ്രങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഉണ്ട്. അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ ജനസൗഹാർദ്ദ പരമാക്കുന്നതിലേയ്ക്കായി അംഗീകൃത സർവ്വീസ് ചാർജ്ജ് മാത്രം ഈടാക്കുന്നതിനും രസീത് നൽകുന്നതിനും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ കാലികമായി പരിഷ്കരിച്ചിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി നടപടിയെടുക്കുകയും ചെയ്തുവരുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന കൂടുതൽ സേവനങ്ങൾ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. 2013-നുശേഷം ആരംഭിച്ച അക്ഷയ ഇ-കേന്ദ്രങ്ങൾ പൂർണ്ണമായും ബ്രാൻഡ് ചെയ്തവയാണ്. എല്ലാ അക്ഷയ കേന്ദ്രങ്ങളും ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അക്ഷയ കേന്ദ്രങ്ങളുടെ ലോഗോയും സേവനങ്ങളും പ്രദർശിപ്പിച്ച് വ്യാജ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമ പ്രകാരമുള്ള രജിസ്ട്രേഷനുകൾ ഇല്ലാതെ അക്ഷയ കേന്ദ്രങ്ങളാണെന്ന് തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്ന ഓൺലൈൻ കേന്ദ്രങ്ങൾ നിർത്തലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജനസേവന കേന്ദ്രങ്ങൾ എന്ന പേരിൽ വ്യാപകമായി ഓൺലൈൻ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് തടയുന്നതിലേയ്ക്കായി പുതിയ ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അനധികൃത കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുലോഗിനിലൂടെ പൗരന്മാർക്ക് ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വാണിജ്യാടിസ്ഥാനത്തിൽ ഓൺലൈൻ കേന്ദ്രങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേയ്ക്കായി ഒരു രജിസ്റ്റേർഡ് യൂസർക്ക് ഒരുമാസം ലഭിക്കുന്ന പരമാവധി സർട്ടിഫിക്കറ്റുകളുടെ എണ്ണം 5 ആയി നിജപ്പെടുത്തുന്നതിനും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിന് OTP സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളുടെ ലോഗിൻ ക്രഡൻഷ്യൽസ് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേയ്ക്കായി എല്ലാ അക്ഷയ കേന്ദ്രങ്ങളുടേയും നെറ്റ്‌വർക്ക് കണക്ഷൻ FTTH സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**തിരുനാരായണപുരം പട്ടികജാതി കോളനിയിൽ അക്ഷയകേന്ദ്രം**

54 (2003) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ അങ്കമാലി ബ്ലോക്കിൽപ്പെട്ട തിരുനാരായണപുരം പട്ടികജാതി കോളനിയിൽ അക്ഷയകേന്ദ്രം തുടങ്ങുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

എറണാകുളം ജില്ലയിൽ അങ്കമാലി ബ്ലോക്കിൽപ്പെട്ട കാഞ്ഞൂർ പഞ്ചായത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിൽ അക്ഷയകേന്ദ്രം

ആരംഭിക്കുന്നതിന് 4-9-2015-ലെ G.O.(MS)No.36/2015/ITD നമ്പർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം 2015-ൽ അപേക്ഷ ക്ഷണിച്ച് 1-3-2018-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഒരാൾ മാത്രമാണുണ്ടായിരുന്നത്. അക്ഷയ കേന്ദ്രം സജ്ജീകരിക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകിയെങ്കിലും കേന്ദ്രം സജ്ജീകരിക്കുകയോ അക്ഷയ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത ലൊക്കേഷൻ ഒഴിവുള്ള ലൊക്കേഷനുകളിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

## സി.സി.ടി.വി. ക്യാമറകൾ

55 (2004) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര നിരീക്ഷണ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഏതെല്ലാം പോയിന്റുകളിലാണ് ഇവയുള്ളതെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏത് ഫണ്ട് ഉപയോഗിച്ച് എത്ര വർഷം മുമ്പാണ ഇവ സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം എത്ര പ്രാവശ്യം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്നും അതിനുള്ള ചെലവ് എത്രയാണെന്നും ഈ ചെലവ് വഹിച്ചതാരാണെന്നും വ്യക്തമാക്കാമോ;

(ഡി) ഏത് ഏജൻസിയാണ് നിരീഷണ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) നിരീക്ഷണ സി.സി.ടി.വി. ക്യാമറകൾ ഇപ്പോൾ പ്രവർത്തന ക്ഷമമാണോ എന്നും അല്ലെങ്കിൽ എത്രകാലമായി എവിടെയെല്ലാം പ്രവർത്തിക്കുന്നില്ലെന്നും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 95 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ | - | 35 |
| കാസർഗോഡ് പോലീസ് സ്റ്റേഷൻ | - | 38 |
| വിദ്യാനഗർ പോലീസ് സ്റ്റേഷൻ | - | 12 |

| | | |
|---|---|---|
| മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ | - | 3 |
| ബേക്കൽ പോലീസ് സ്റ്റേഷൻ | - | 4 |
| കുമ്പള പോലീസ് സ്റ്റേഷൻ | - | 3 |

(ബി) M&E Fund ഉപയോഗിച്ച് 12-2-2014-ലെ വർക്ക് ഓർഡർ പ്രകാരം 82 ക്യാമറകളും എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 13 ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. 2014 മുതൽ 2016 വരെയുള്ള കാലയളവിലാണ് ജില്ലയിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചത്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കെൽട്രോൺ മുഖേനയാണ് ക്യാമറകൾ സ്ഥാപിച്ചത്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

## നവകേരള പുനർനിർമ്മാണ പ്രക്രിയയിലെ മുൻഗണന

56 (2005) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന് ശേഷമുള്ള നവകേരള പുനർനിർമ്മാണ പ്രക്രിയയിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് മുൻഗണന നൽകുന്നതെന്ന് വിശദീകരിക്കാമോ;

(ബി) കിഫ്ബി പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം പുനർനിർമ്മാണ പ്രക്രിയയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കിഫ്ബിയിലൂടെ 5 വർഷം കൊണ്ട് ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക നവകേരള പുനർനിർമ്മാണ പ്രക്രിയയ്ക്കുവേണ്ടി മാറ്റിവയ്ക്കുവാൻ കഴിഞ്ഞാൽ നിലവിൽ ഫണ്ട് ശേഖരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാൻ സാധിക്കുകയില്ലെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O.(P) No.16/2018/P&EA. ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ,

മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയും കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക വാണിജ്യ നഗര കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകൾക്കും പ്രത്യേക പദ്ധതികൾ, തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. പുനരുദ്ധാരണ-പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക ആർ.കെ.ഐ. സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ. വി.വേണു ഐ.എ.എസിനെ ഇതിനോടകം നിയമിച്ചിട്ടുണ്ട്.

(ബി) കിഫ്ബി പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം മാറ്റാൻ ഇതുവരെ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ കിഫ്ബി ഫണ്ടിംഗ് വഴി നടപ്പിലാക്കുന്നതിനായി ഏകദേശം 50,000 കോടി രൂപയിൽക്കവിഞ്ഞ പദ്ധതികൾ സമർപ്പിക്കപ്പെട്ടു കഴിഞ്ഞു. ഇതിൽ 2018 ഒക്ടോബർ വരെ 39,707,73 കോടി രൂപയുടെ 466 പദ്ധതികൾ അംഗീകരിക്കുകയും അവയിൽ 5522.6 കോടി രൂപയുടെ 176 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7791.05 കോടി രൂപയുടെ 225 പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ ഭൂരിപക്ഷവും കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനത്തിന് അത്യന്താപേക്ഷിതമായതിനാൽ മാറ്റിവയ്ക്കാൻ കഴിയാത്തവയാണ്. കിഫ്ബി ഫണ്ടിംഗ് വഴി നടപ്പിലാക്കുന്ന വൻകിട പദ്ധതികൾ പലതും പുനർനിർമ്മാണ പ്രക്രിയയ്ക്ക് ഉപകരിക്കുമെന്ന് കരുതുന്നു.

**ദുരിതാശ്വാസ നിധിയിൽ സമാഹരിച്ച തുക**

57 (2006) <u>ശ്രീ. അനൂപ് ജേക്കബ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽപ്പെട്ടവരെ സഹായിക്കുന്നതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഘടനകൾ/പ്രവാസികൾ എന്നിവർ എത്ര രൂപ നൽകി; മറ്റ് സംസ്ഥാനങ്ങൾ, സംസ്ഥാനത്തെ പൊതുജനങ്ങൾ, സർക്കാർ ജീവനക്കാർ എന്നിവരിൽ നിന്നും എത്ര രൂപ സമാഹരിച്ചു;

(ബി) ലഭ്യമായ തുകയിൽ എത്ര രൂപ വിവിധ ജില്ലകളിലായി ചെലവഴിച്ചുവെന്ന് അറിയിക്കുമോ; ഓരോ ജില്ലയിലും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 1-12-2018 വരെ 2831.59 കോടി രൂപ സംഭാവനയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലഭിച്ച സംഭാവന തുകകൾ സർക്കാർ ജീവനക്കാരുടേത് ഒഴിച്ച് പ്രത്യേക വിഭാഗങ്ങളാക്കി തരംതിരിച്ച് ക്രോഡീകരിച്ചിട്ടില്ല. ഇതിൽ സർക്കാർ ജീവനക്കാരിൽ നിന്നും 1-12-2018 വരെ 514.43 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വിവിധ ജില്ലകൾക്ക് 1-12-2018 വരെ താഴെപ്പറയും പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 1,75,52,200 (1.76 കോടി) |
| കൊല്ലം | 4,34,74,600 (4.35 കോടി) |
| പത്തനംതിട്ട | 32,76,26,600 (32.76 കോടി) |
| ആലപ്പുഴ | 103,13,39,000 (103.13 കോടി) |
| കോട്ടയം | 53,80,36,000 (53.80 കോടി) |
| ഇടുക്കി | 99,69,10,200 (99.69 കോടി) |
| എറണാകുളം | 119,93,77,600 (119.94 കോടി) |
| തൃശ്ശൂർ | 84,18,60,800 (84.19 കോടി) |
| പാലക്കാട് | 95,16,89,900 (95.17 കോടി) |
| മലപ്പുറം | 25,18,50,200 (25.19 കോടി) |
| കോഴിക്കോട് | 15,31,93,800 (15.32 കോടി) |
| വയനാട് | 50,02,30,500 (50.02 കോടി) |
| കണ്ണൂർ | 18,16,600 |
| കാസർഗോഡ് | 80,600 |
| ആകെ | 685.50 കോടി |

## റീബിൽഡ് കേരള പദ്ധതികൾ

58 (2007) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരള പുനർനിർമ്മിതിയായ 'റീ ബിൽഡ് കേരള' പദ്ധതി വിഭാവനം ചെയ്യുന്നതെന്താണെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും സാമ്പത്തിക സമാഹരണത്തിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നിർമ്മാണ-നിർവ്വഹണ കാലയളവ് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative -RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O.(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റ് പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയും കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവി കേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. സംസ്ഥാന വിഹിതം, ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവസമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര ഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ, സ്പെഷ്യൽ ലോട്ടറി, എക്സൈസ് ഡ്യൂട്ടി വർദ്ധനവ് വരുത്തൽ തുടങ്ങിയവയും ഉൾപ്പെടുന്നു.

(സി) പദ്ധതി പൂർത്തീകരിക്കാൻ 2 മുതൽ 3 വർഷംവരെ വേണ്ടിവരുമെന്നാണ് കരുതുന്നത്.

## മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകൽ

59 (2009) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുവാൻ വ്യക്തികളും സംഘടനകളും രാഷ്ട്രീയ പാർട്ടികളും സന്നദ്ധത അറിയിച്ചിട്ടുണ്ടോ ;

(ബി) സന്നദ്ധത അറിയിച്ചവരുടെയും അവർ നിർമ്മിച്ചു നൽകുന്ന വീടുകളുടെയും വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുമോ ;എങ്കിൽ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത വാസഗൃഹങ്ങളുടെ പണികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) റീ-ബിൽഡ് കേരള മൊബൈൽ ആപ്പ് വഴി സന്നദ്ധ പ്രവർത്തകർ മുഖേന ശേഖരിച്ച വിവരം പ്രകാരം പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 15220 വീടുകളും 75%-ൽ അധികം നാശനഷ്ടം സംഭവിച്ച 1953 വീടുകളും വസ്തുവുൾപ്പെടെ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്കുള്ള 817 വീടുമുൾപ്പെടെ ആകെ 17990 വീടുകൾ പുനർനിർമ്മിക്കേണ്ടതുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 27-11-2018-ലെ കണക്കുപ്രകാരം ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ പരിശോധന പൂർത്തിയാക്കി 13016 വീടുകളുടെ പുനർനിർമ്മാണത്തിന് റവന്യൂ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ പരിശോധന പൂർത്തിയാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു. 8072 പേർ 4 ലക്ഷം രൂപയുടെ സർക്കാർ സഹായം സ്വീകരിച്ച് സ്വന്തമായി വീടുകൾ നിർമ്മിക്കാൻ സന്നദ്ധമായിട്ടുണ്ട്. 2000 കുടുംബങ്ങൾക്ക് സ്പോൺസർഷിപ്പ് മുഖേന വീടുനിർമ്മിച്ച് നൽകാനാവുമെന്ന് കണക്കാക്കിയിട്ടുണ്ട്. സ്പോൺസർഷിപ്പ് വഴി വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

## പ്രളയ ദുരിതാശ്വാസനിധി സമാഹരണവുമായി ബന്ധപ്പെട്ട് വിദേശരാജ്യ സന്ദർശനം

60 (2011) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസനിധി സമാഹരണം ലക്ഷ്യമിട്ട് മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശ രാജ്യങ്ങൾ സന്ദർശിക്കുവാൻ തീരുമാനം എടുത്തിരുന്നുവോ;

(ബി) ഏതൊക്കെ രാജ്യങ്ങൾ സന്ദർശിക്കുവാനാണ് തീരുമാനിച്ചിരിരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) വിദേശ രാജ്യ സന്ദർശനത്തിന് കേന്ദ്രസർക്കാർ അനുമതി നിഷേധിച്ചിരുന്നുവോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ചില മന്ത്രിമാരെ ക്ഷണിച്ചത് രജിസ്ട്രേഷനില്ലാത്ത കടലാസ് സംഘടനകളാണെന്നത് വസ്തുതയാണോ; എങ്കിൽ ഏതൊക്കെ സംഘടനയുടെ ക്ഷണമാണ് ഇത്തരത്തിൽ ലഭിച്ചത്;

(ഇ) വിദേശ മലയാളികളിൽ നിന്നും സംഘടനകളിൽ നിന്നും എത്ര കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്;

(എഫ്) മന്ത്രിമാരുടെ സന്ദർശനമില്ലാതെ തന്നെ വിദേശ മലയാളികളും സംഘടനകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2018 ആഗസ്റ്റ് മാസത്തിനുശേഷം എത്ര തുകയാണ് സംഭാവനയായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനം എടുത്തിരുന്നു.

(ബി) യു.എ.ഇ, സൗദി അറേബ്യ, ഒമാൻ, ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, സിങ്കപ്പൂർ, മലേഷ്യ, ആസ്ട്രേലിയ, ന്യൂസിലാന്റ്, യുണൈറ്റഡ് കിങ്ഡം, ജർമ്മനി. ആസ്ട്രിയ, ഇറ്റലി, സ്വിറ്റ്സർലന്റ്, ദി നെതർലാന്റ്സ്, യു.എസ്.എ, കാനഡ, ശ്രീലങ്ക, മാലദ്വീപ് എന്നീ രാജ്യങ്ങൾ സന്ദർശിക്കുവാനാണ് തീരുമാനിച്ചിരുന്നത്.

(സി) മുഖ്യമന്ത്രി ഒഴികെയുള്ള മറ്റു മന്ത്രിമാർക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയം യാത്രാനുമതി നൽകിയിരുന്നില്ല.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിൽ വിദേശ മലയാളികളുടെയും സംഘടനകളുടെയും സഹകരണം തേടുകയായിരുന്നു വിദേശ യാത്രയിലൂടെ ഉദ്ദേശിച്ചത്.

(എഫ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ആഗസ്റ്റ് മാസത്തിനുശേഷം മൊത്തം 2046.59 കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ വിദേശ മലയാളികളിൽനിന്നും സംഘടനകളിൽനിന്നും ലഭ്യമായ സംഭാവന തുക പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

**നവകേരള നിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന തുടർ പ്രവർത്തനങ്ങൾ**

61 (2012) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരള നിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന തുടർ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ട ഉപദേശകസമിതി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി ബഡ്ജറ്റ് വിഹിതം പുനഃക്രമീകരിക്കൽ, വായ്പാപരിധി ഉയർത്തി അധികഫണ്ട് ലഭ്യമാക്കൽ, കേന്ദ്ര വിഹിതം, ലോക ബാങ്ക്, എ.ഡി.ബി. വഴിയുള്ള സഹായം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, ജപ്പാൻ ഏജൻസി സഹായം, നബാർഡ്, ഹഡ്കോ വായ്പ എന്നിവ ക്രോഡീകരിച്ച് എത്ര തുകയുടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പുനർനിർമ്മാണത്തിന് ലോക ബാങ്ക് കേരളത്തിന് എന്തെല്ലാം പ്രത്യേക പരിഗണന നല്കിയിട്ടുണ്ട് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O.(P) No.16/2018/P&EA. ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യ

തൊഴിലാളികളുടെ പുനരധിവാസം എന്നിവയും കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക വാണിജ്യ നഗര കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകൾക്കും പ്രത്യേക പദ്ധതികൾ, തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. പുനരുദ്ധാരണ-പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക ആർ.കെ.ഐ. സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ.വി.വേണു ഐ.എ.എസ്.-നെ ഇതിനോടകം നിയമിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ ഉപദേശകസമിതി 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ആദ്യയോഗം 22-10-2018 തീയതിയിലും രണ്ടാമത്തെ യോഗം 13-11-2018 തീയതിയിലും നടന്നു. യോഗ നടപടികളുടെ കുറിപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) 31,000 കോടി രൂപയുടെ പുനർനിർമ്മാണ ആവശ്യമാണ് യു.എൻ ഏജൻസികൾ കണക്കാക്കിയിട്ടുള്ളത്. പ്രളയബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണ പുനർനിർമ്മാണ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

- കുട്ടനാട് പ്രദേശ വികസനം
- പുഴകളുടേയും പാരിസ്ഥിതിക ദുർബ്ബല പ്രദേശങ്ങളുടേയും സംരക്ഷണം
- രൂക്ഷമായ കടലാക്രമണത്തിനും മനുഷ്യവാസകേന്ദ്രങ്ങളുടെ നഷ്ടത്തിനും സാദ്ധ്യതയുള്ള തീരപ്രദേശങ്ങളുടെ സംരക്ഷണം
- കനാലുകളുടെ നീരൊഴുക്കുശേഷി ഉയർത്തലും പ്രളയസാദ്ധ്യത കുറയ്ക്കലും ഉൾപ്പെടെ ജലശേഖരങ്ങളുടെ സംരക്ഷണവും പരിപോഷണത്തിലും സുസ്ഥിര ഉപയോഗത്തിനുമുള്ള പ്രവർത്തനങ്ങൾ
- മണ്ണിടിച്ചിൽ സാദ്ധ്യത ഒഴിവാക്കുന്നതിനും മണ്ണിടിച്ചിലുണ്ടായ ഇടങ്ങളുടെ വീണ്ടെടുപ്പിനുമുള്ള നടപടികൾ, വയനാട്ടിലും ഇടുക്കിയിലും മണ്ണിടിച്ചിലിനും ഉരുൾപ്പൊട്ടലിനും സാദ്ധ്യതയുള്ള പ്രദേശങ്ങളുടെ പരിസ്ഥിത സൗഹൃദ-സുരക്ഷിത വികസനവും ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും ആളുകളെ മാറ്റിപാർപ്പിക്കുന്നതിനും ഉൾപ്പെടെയുള്ള നടപടികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- മുഖ്യവാണിജ്യ കേന്ദ്രമെന്ന നിലയ്ക്ക് കൊച്ചിയുടെ സമഗ്ര വികസനം.
- പ്രധാന മെട്രോ നഗരങ്ങളായ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളുടെ സമഗ്ര പശ്ചാത്തല സൗകര്യവികസന പദ്ധതികൾ
- പതിനാല് ജില്ലകളിലും മാതൃകാ പദ്ധതികൾ
- പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി തീരദേശ മത്സ്യത്തൊഴിലാളി മേഖലകളുടെ സമഗ്ര പുനരധിവാസ വികസന പദ്ധതികൾ.

(ഡി) ലോക ബാങ്ക് കേരളത്തിന് നൽകാനുദ്ദേശിക്കുന്ന സഹായത്തിന്റെ വിശദാംശം ലഭ്യമായിട്ടില്ല.

## പ്രളയം പരിസ്ഥിതിയിലേൽപ്പിച്ച ആഘാതങ്ങൾ

62 (2013) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം പരിസ്ഥിതിയിലേൽപ്പിച്ച ആഘാതങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രളയംമൂലം എന്തെല്ലാം പാരിസ്ഥിതിക മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്നും പരിസ്ഥിതിയെ പൂർവ്വസ്ഥിതിയിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രളയം പരിസ്ഥിതിക്കേൽപ്പിച്ച ആഘാതങ്ങളെക്കുറിച്ച് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ പഠനം നടത്തി വരുന്നു.

(ബി) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രളയബാധിതമായതിന്റെ അനന്തരഫലമായി ഗുരുതരമായ മാലിന്യ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. വർദ്ധിച്ച തോതിൽ ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ഉണ്ടാകുകയും അവ നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങൾ നേരിട്ട പ്രധാന പ്രശ്നങ്ങളിലൊന്നായിരുന്നു കുടിവെള്ളക്ഷാമം.

പ്രളയത്തെത്തുടർന്ന് ജലസ്രോതസ്സുകളെല്ലാംതന്നെ മലിനപ്പെട്ട അവസ്ഥയിലായിരുന്നു. ആയതിനാൽ കുടിവെള്ളത്തിന്റെ ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ഏകദേശം 40,000 ത്തോളം കിണർജല സാമ്പിളുകളുടെ ഗുണനിലവാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർണ്ണയിച്ച്, ശുദ്ധീകരണം ആവശ്യമായ കിണറുകളിൽ അവ നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകി വരുന്നു. കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയ കിണറുകൾ അണുവിമുക്തമാക്കുവാൻ വേണ്ട നിർദ്ദേശവും നൽകിവരുന്നു.

സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ മേഖലയ്ക്ക് എല്ലാ തലത്തിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കേണ്ടതാണെന്ന് 19-9-2018-ലെ സ.ഉ. 2462/2018/ LSGD ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ പാരിസ്ഥിതികം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയാനന്തര പുനരുജ്ജീവന പ്രവർത്തനങ്ങൾ ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നു.

തദ്ദേശീയ കാലാവസ്ഥാ വ്യതിയാന സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന് അനുകൂലമായ പുതിയ കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട സാമ്പത്തിക സഹായവും ചെയ്തു വരുന്നു.

## പ്രളയ സമയത്ത് കൃഷി പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ കാർഷിക കടങ്ങൾ

63 (T* 2014) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയ സമയത്ത് കൃഷി പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പ്രളയസമയത്ത് കൃഷി പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. എന്നാൽ സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത് കൃഷിയിറക്കിയ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി സഹകരണ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സ്ഥാപനങ്ങളിൽനിന്ന് അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് സഹകരണസംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ പ്രകാരം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നതെന്നും സഹകരണസംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2018 ആഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അർഹമായ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം, പുനക്രമീകരണം, അധിക വായ്പ, പിഴപ്പലിശയും കൂട്ടുപലിശയും ഒഴിവാക്കൽ എന്നിവ ഈ നടപടികളുടെ ഭാഗമാണ്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbckerala.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കാർഷിക വായ്പകൾ എഴുതിത്തള്ളുന്നത് ഈ നടപടികളുടെ ഭാഗമല്ലെന്ന് എസ്.എൽ.ബി.സി. കൺവീനർ അറിയിച്ചിട്ടുണ്ട്.

പ്രളയം ബാധിച്ച ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ ഓവർ ഡ്യൂ ആയിട്ടില്ലെങ്കിൽ പുനക്രമീകരിക്കാൻ പ്രളയാനന്തരം കൂടിയ പ്രത്യേക യോഗത്തിൽ എസ്.എൽ.ബി.സി. തീരുമാനമെടുത്തിട്ടുണ്ട്. മൊറട്ടോറിയം പിരീഡ് കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശമാത്രം ഈടാക്കാനും തിരിച്ചടയ്ക്കാനുള്ള തുക തവണകളായി അഞ്ചുവർഷംകൊണ്ട് അടച്ചുതീർക്കുന്ന രീതിയിൽ ക്രമീകരിക്കാനും എസ്.എൽ.ബി.സി. തീരുമാനമെടുത്തിട്ടുണ്ട്. കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

## പ്രളയത്തെത്തുടർന്നുണ്ടായ പുനരധിവാസവും പുനർനിർമ്മാണവും

64 (2015) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കണ്ട സമാനതകളില്ലാത്ത പ്രളയത്തെ തുടർന്നുണ്ടായ പുനരധിവാസവും പുനർനിർമ്മാണവും വിജയകരമായി നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു രൂപത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഏകോപനം നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O.(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റ് പൊതുകെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയും കൂടാതെ പരിസ്ഥിതി സംരക്ഷിച്ചു കൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽത്തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽനിന്നുള്ള ജനങ്ങളുടൈ മാറ്റിപ്പാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, 14 ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനമാണ് കേരള പുനർനിർമ്മാണ പദ്ധതിയിലൂടെ നടത്താൻ ഉദ്ദേശിക്കുന്നത്.

RKI നിർവ്വഹണത്തിനും മേൽനോട്ടത്തിനുമുള്ള വകുപ്പുതല ക്രമീകരണം താഴെപ്പറയും പ്രകാരമാണ്.

RKI-യുടെ കീഴിൽ ഏറ്റെടുക്കുന്ന വിവിധ പദ്ധതി പാക്കേജുകൾ ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളും വഴിയാകും നടപ്പാക്കപ്പെടുക. ഇവയിൽ ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ വകുപ്പുകൾക്കോ അവയുടെ ഏജൻസികൾക്കോ നേരിട്ട് നടത്താനാകും. മറ്റ് ചില നിർമ്മാണ പാക്കേജുകൾ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കേണ്ട പദ്ധതികളാണെന്ന് വരികിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് എസ്.പി.വി. രൂപീകരിച്ച് നടപ്പാക്കാവുന്നതുമാണ്.

ഓരോ വകുപ്പുതല സമിതിയിലും ചെയർപേഴ്സണായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുണ്ടാകും. പുറമേ വകുപ്പ് മേധാവിയും നിർവ്വഹണ ഏജൻസി (ഉണ്ടെങ്കിൽ) മേധാവിയും ചീഫ് എഞ്ചിനീയറും പ്ലാനിംഗ്/ഇൻഫ്രാസ്ട്രക്ച്ചർ ചുമതലക്കാരായ രണ്ട് ഓഫീസർമാർ അഥവാ ബന്ധപ്പെട്ട വകുപ്പിലെ രണ്ടോ മൂന്നോ ചീഫ് എഞ്ചിനീയർമാർ, പ്രസ്തുത കാറ്റഗറിയിലുൾപ്പെടുന്നവരില്ലെങ്കിൽ വകുപ്പുതലത്തിൽ നിർദ്ദേശിക്കുന്ന സീനിയർ ഓഫീസർമാർ എന്നിവരാണ് ഉണ്ടാവുക. വകുപ്പുതല സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്:

1. വകുപ്പ് സെക്രട്ടറി

2. വകുപ്പ് മേധാവി/ഇതിനായി നാമനിർദ്ദേശം ചെയ്യുന്ന ചീഫ് എഞ്ചിനീയർ

3. ബന്ധപ്പെട്ട വകുപ്പിലെ പ്ലാനിംഗ്/ഇൻഫ്രാസ്ട്രക്ച്ചർ ചുമതലക്കാരായ രണ്ട് ഓഫീസർമാർ അഥവാ വകുപ്പിന് കീഴിലുള്ള രണ്ടോ അധികമോ ചീഫ് എഞ്ചിനീയർമാർ അതുമല്ലെങ്കിൽ വകുപ്പുതലത്തിൽ നിർദ്ദേശിക്കുന്ന സീനിയർ ഓഫീസർമാർ

മറ്റ് ഏതെങ്കിലും വകുപ്പ് RKI-യുമായി പദ്ധതി നിർവ്വഹണത്തിന് കൂട്ടുചേരുന്നുണ്ടെങ്കിൽ അവിടെയും മേൽപ്പറഞ്ഞ ഘടനയിലുള്ള വകുപ്പുതല സമിതി രൂപീകരിക്കുന്നതാണ്. അംഗീകൃത പദ്ധതികളുടെ നിർവ്വഹണവും മേൽനോട്ടവും ഏകോപനവും നടത്തുന്നതിനായി RKI നിർവ്വഹണ സമിതിയുമായി ചേർന്ന് പ്രവർത്തിക്കുകയാണ് വകുപ്പുതല സമിതിയുടെ ധർമ്മം.

## പ്രളയാനന്തര നവകേരള നിർമ്മാണം

65 (2016) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരള നിർമ്മാണത്തിന് എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് ലോക ബാങ്കും ഐക്യരാഷ്ട്രസഭയും കണക്കാക്കിയി ട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രളയാനന്തര പുനർനിർമ്മാണത്തിനായി വിദേശ രാജ്യങ്ങളിൽ പോയി എത്ര ഫണ്ട് സമാഹരിക്കുവാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നതെന്നും ഇതിനായുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണത്തിനായി ദേശീയ ദുരന്ത ലഘൂകരണ നിധിയിൽ നിന്നും എത്ര കോടി രൂപ സംസ്ഥാനം ആവശ്യപ്പെട്ടു; ആയതിൽ നാളിതുവരെ എത്ര തുക നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നവകേരള നിർമ്മാണത്തിനായി കൂടുതൽ കടമെടുക്കാൻ സംസ്ഥാനത്തെ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ എന്ത് നടപടി സ്വീകരിച്ചു; ആവശ്യം അംഗീകരിച്ചാൽ ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ വായ്പ എടുക്കുവാൻ സംസ്ഥാനത്തിന് കഴിയുമായിരുന്നു; വിശദാംശം നൽകുമോ;

(ഇ) നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ലോകബാങ്കിൽ നിന്നും സംസ്ഥാനം എത്ര കോടി രൂപയുടെ വായ്പ ആവശ്യപ്പെട്ടിട്ടുണ്ട്; ആയതിൽ എത്ര കോടി രൂപ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(എഫ്) പ്രളയാനന്തരം നവകേരള നിർമ്മാണത്തിന് സഹായം നൽകുന്ന കാര്യത്തിൽ ഗുരുതര അലംഭാവമാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തോട് കാട്ടുന്നതെന്ന വസ്തുത കേരളീയരെ അറിയിക്കാൻ എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയാനന്തര നവകേരള നിർമ്മാണത്തിന് 31000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായാണ് യു.എൻ. ഏജൻസികൾ കണക്കാക്കിയിട്ടുള്ളത്.

(ബി - എഫ്) വിവരം ശേഖരിച്ചുവരുന്നു.

**പ്രളയാനന്തര പുനർനിർമ്മാണങ്ങൾക്ക് ലോകബാങ്ക് ധനസഹായം**

66 (2017) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ ലോക ബാങ്കുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ലോകബാങ്ക് പ്രതിനിധികൾ മുന്നോട്ട് വച്ചത്; പ്രസ്തുത നിർദ്ദേശങ്ങളോടുള്ള സർക്കാരിന്റെ നിലപാട് എന്താണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചർച്ചയിൽ എത്ര കോടി രൂപയുടെ ധനസഹായമാണ് ലോക ബാങ്ക് വാഗ്ദാനം ചെയ്തത് എന്ന് അറിയിക്കുമോ;

(സി) ലോക ബാങ്ക് സഹായം ലഭിക്കുന്ന പക്ഷം ആയത് സ്വീകരിച്ച് ഏതൊക്കെ മേഖലകളിൽ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോക ബാങ്ക്, എ.ഡി.ബി. പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. വായ്പ തുക, പലിശ നിരക്ക് എന്നിവ സംബന്ധിച്ച് തീരുമാനങ്ങളൊന്നുമായിട്ടില്ല. നിലവിൽ ലോകബാങ്ക്

സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോക ബാങ്കിനോട് ശിപാർശ ചെയ്തിട്ടുണ്ട്. ലോക ബാങ്ക്, എ.ഡി.ബി. ഉൾപ്പെടെയുള്ള വിവിധ സ്രോതസ്സുകളിൽനിന്നും സമാഹരിക്കാനുദ്ദേശിക്കുന്ന ഫണ്ടുകൾ പി.ഡബ്ല്യു.ഡി. റോഡുകൾ, എൽ.എസ്.ജി.ഐ. റോഡുകൾ & സാനിട്ടേഷൻ, വാട്ടർ സപ്ലൈ, ഫ്ലഡ് പ്രൊട്ടക്ഷൻ & ഇറിഗേഷൻ, കോസ്റ്റൽ പ്രൊട്ടക്ഷൻ & റീ-സെറ്റിൽമെന്റ്, പബ്ലിക് ബിൽഡിംഗുകൾ, ആരോഗ്യം, ബയോഡൈവേർസിറ്റി & നാച്വറൽ എൻവയോൺമെന്റ് എന്നീ മേഖലകളിൽ ചെലവഴിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**യാത്രാനുമതി നിഷേധിച്ച സാഹചര്യത്തിന് പകരമുള്ള സംവിധാനം**

67 (2018) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തര കേരളത്തിന്റെ നിർമ്മിതിക്കായി പ്രവാസികളിൽ നിന്നും സഹായം സ്വീകരിക്കുന്നതിന് സംസ്ഥാന മന്ത്രിമാർക്ക് യാത്രാനുമതി നിഷേധിച്ച സാഹചര്യത്തിൽ ഇതിനായി പകരം എന്ത് സംവിധാനം ഏർപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

ഇക്കാര്യത്തിൽ വിവിധ രാജ്യങ്ങളിലെ പ്രവാസി മലയാളി സംഘടനകളുമായി ബന്ധപ്പെട്ടിട്ടുണ്ട്. റീബിൽഡ് കേരള ക്രൗഡ് ഫണ്ടിംഗിന്റെ ഭാഗമായും റിലീഫ് ഫണ്ടിലേയ്ക്ക് നേരിട്ടും സഹായങ്ങൾ എത്തിക്കാവുന്നതാണ്.

**പ്രളയ ധനസഹായം**

68 (2019) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയധനസഹായം കാര്യക്ഷമവും അഴിമതി രഹിതവുമായി നടപ്പാക്കാനും സഹായം ലഭ്യമാകേണ്ടവർക്ക് മാത്രം ലഭ്യമാക്കാനുള്ള ഫലപ്രദമായ നടപടികൾക്കും അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരെയും വ്യക്തികളെയും സ്ഥാപനങ്ങളെയും കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാനുമായി സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) പ്രളയ ദുരിതമനുഭവിച്ചവർക്ക് സർക്കാർ നൽകിയ അടിയന്തര സഹായങ്ങൾ എന്തെല്ലാം; ഇത് അനധികൃതമായും വ്യാജ അപേക്ഷയിന്മേലും എത്ര അനർഹർ വാങ്ങിയതായി കണ്ടെത്തി; ഇതിൽ എത്ര പേർ തുക തിരിച്ചടച്ചു; തിരിച്ചടയ്ക്കാത്തവർ എത്ര; പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർ എത്ര; ഇവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) അനർഹമായി സഹായത്തുക വാങ്ങി നാളിതുവരെ തിരിച്ചടയ്ക്കാത്തവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ CEO-യെയും(ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണ വകുപ്പ്/ADM), CEO-യുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ കളക്ടറേയും സമീപിക്കാവുന്നതാണ്. 10,000 രൂപ ലഭിച്ച എല്ലാവരുടെയും വിവരം അതാത് ജില്ലകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശ വകുപ്പ് ഓവർസിയർ/എഞ്ചിനീയർമാർ അംഗീകരിക്കുന്ന വീടിന്റെ കെട്ടിട നഷ്ടത്തിന്റെ (structural damage) തോത് ഉപരി പരിശോധനയ്ക്കുശേഷം അംഗീകരിക്കുന്നത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്. വിവരശേഖരണത്തിൽ തർക്കം ഉണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടറേയും സമീപിക്കാവുന്നതാണ്.

(ബി&സി) ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന വ്യത്യാസം ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. ദുരിതാശ്വാസ ക്യാമ്പിൽനിന്നും മടങ്ങുമ്പോൾ 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ലഭ്യമാക്കിയിരുന്നു. ഇതിനുപുറമെ ഡിസംബർ 31 വരെ ദുരന്ത ബാധിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകിവരുന്നു. പ്ലാന്റേഷൻ മേഖലയിലെ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ അരി നൽകുവാൻ തീരുമാനിച്ചു.

ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.

പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.

ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു.

വീടുകൾക്കുണ്ടായ നാശനഷ്ടങ്ങളുടെ വിവരശേഖരണം നടത്തി നാശനഷ്ടത്തിന്റെ തോത് കണക്കാക്കി ധനസഹായം അനുവദിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

അനർഹമായി ദുരിതാശ്വാസ സഹായം കൈപ്പറ്റിയവരെ സംബന്ധിച്ച വിവരങ്ങൾ ജില്ലാതലത്തിൽ ശേഖരിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## പ്രളയത്തിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് തീരസേനയിൽ ജോലി

69 (2020) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)പ്രളയത്തിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് തീരസേനയിൽ ജോലി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്രപേർക്ക് അതനുസരിച്ച് നിയമനം നൽകിയിട്ടുണ്ട്;

(ബി) ജോലി നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പത്താംക്ലാസ് അടിസ്ഥാന യോഗ്യതയായതുകൊണ്ട് നിരവധി മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പ്രളയത്തിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യ തൊഴിലാളികൾക്ക് തീരസേനയിൽ ജോലി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

**ദുരന്തങ്ങളുടെ പേരിൽ പൊതുജനങ്ങളിൽനിന്നും പിരിച്ചെടുത്ത തുക**

70 (2021) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി സംസ്ഥാനത്ത്/രാജ്യത്ത് ഉണ്ടായ ദുരന്തങ്ങളുടെ പേരിൽ എത്ര തവണ സർക്കാരിന്റെ നേതൃത്വത്തിലോ/അതിന്റെ ഏജൻസികൾ മുഖാന്തരമോ മേൽനോട്ടത്തിലോ പൊതുജനങ്ങളിൽ നിന്നും പണമുൾപ്പെടെയുള്ള മാർഗ്ഗങ്ങളിൽ സഹായം സ്വീകരിച്ചു എന്നും ഏതെല്ലാം ഘട്ടങ്ങളിലെന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഓരോ തവണയും ഓരോ ആവശ്യങ്ങൾക്കായി പിരിഞ്ഞ് കിട്ടിയ തുക ഉൾപ്പെടെയുള്ള വകയുടെ കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ പൊതുജനങ്ങളിൽനിന്നും പിരിച്ചെടുത്ത തുക സർക്കാരോ/സർക്കാർ ഏജൻസികളോ തുക സൂക്ഷിക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പൊതുമേഖല/സ്വകാര്യ/ സഹകരണ ബാങ്കുകളിലാണെന്ന് വെളിപ്പെടുത്തുമോ; അക്കൗണ്ടുകളുടെ പേരു വിവരവും ഓരോ അവസരത്തിൽ ആകെ പിരിച്ചെടുത്ത തുക, അതിൽ നിന്ന് ചെലവഴിച്ചത്, ബാക്കി നിലവിലുള്ള തുക എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ;

ഉത്തരം

(എ-സി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് 30-11-2018 വരെ 108,59,59,181 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇതിൽ 39,52,57,111 രൂപ സർക്കാർ ജീവനക്കാരിൽനിന്ന് സ്പെഷ്യൽ TSB അക്കൗണ്ടായ A/c No. 799011400003321-ൽ ലഭിച്ച തുകയാണ്. ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് നാളിതുവരെ 110,91,12,639 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 30-11-2018 2793.48 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ തുകയിൽ 490.06 കോടി രൂപ സർക്കാർ ജീവനക്കാരിൽനിന്ന്

ലഭിച്ചതാണ്. ഈ തുക വരവ് ചെയ്യുന്നത് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സ്പെഷ്യൽ TSB A/c No. 799011400004798 എന്ന അക്കൗണ്ടിലാണ്. ആകെ കിട്ടിയ തുകയിൽനിന്ന് 28-11-2018 വരെ 685,50,38,600 രൂപ വിവിധ ജില്ലകൾക്ക് പ്രളയവുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സംഭാവന ലഭിച്ച തുകയ്ക്ക് പുറമെ 2,31,53,458 രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പ്രസ്തുത ആവശ്യത്തിലേയ്ക്ക് ചെലവഴിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ലഭ്യമാക്കുന്നതിലേയ്ക്ക് ആരംഭിച്ച ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* T.P. അക്കൗണ്ട് നമ്പർ 0080 എന്ന മുഖ്യഅക്കൗണ്ടിലേയ്ക്ക് മാറ്റിയശേഷമാണ് തുക ചെലവാക്കുന്നത്.

## പ്രളയക്കെടുതി നേരിടുന്നതിന് ധനസഹായം

71 (2022) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രളയക്കെടുതിയിൽപ്പെട്ട ജനങ്ങൾ എത്ര, കൃഷിനാശം എത്ര, തകർന്ന പാലങ്ങൾ എത്ര, തകർന്ന പൊതുമരാമത്തുറോഡുകൾ എത്ര,പഞ്ചായത്തുറോഡുകൾ എത്ര; ഇവയിലൂടെ സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്ര കോടി എന്നും വ്യക്തമാക്കുമോ;

(ബി) പ്രളയക്കെടുതിയിൽപ്പെട്ട മരാമത്തുറോഡുകൾ, പഞ്ചായത്തുറോഡുകൾ, ജലവിതരണം, കാർഷിക അടിസ്ഥാനസൗകര്യം, തീരസംരക്ഷണം, സർക്കാർ കെട്ടിടങ്ങളുടെ പുനർനിർമ്മാണം, ആരോഗ്യമേഖല, പ്രകൃതിസംരക്ഷണം, വീടുതകർന്നവരുടെ പുനരധിവാസം എന്നിവയ്ക്കായുള്ള പുനർനിർമ്മാണ ചെലവ് എത്ര എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) അന്താരാഷ്ട്ര ഏജൻസിയായ കെ.പി.എം.ജി.യും ലോകബാങ്കും ഏഷ്യൻ വികസന ബാങ്കും പുനർനിർമ്മാണത്തിനുവേണ്ടി കണക്കാക്കിയ തുക എത്ര; ഇതിൽ വീടുകളുടെ പുനർനിർമ്മാണം, കടകൾ, കൃഷിവിളകൾ, ജീവനോപാധികൾ എന്നിവയ്ക്ക് കണക്കാക്കിയ നഷ്ടം എത്ര എന്നും സംസ്ഥാന സർക്കാർ അംഗീകരിച്ച തുക എത്ര എന്നും ഇതിനായി കേന്ദ്ര സർക്കാരിനോട് ധനസ്സമാഹരണത്തിന് അനുമതി ആവശ്യപ്പെട്ടത് എന്ന് എന്നും തുടർനടപടി എന്ത് എന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ &ബി) ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസെസ്സ്മെന്റ് (Post Disaster Need Assessment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി 31,000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് PDNA റിപ്പോർട്ട് കണക്കാക്കുന്നത്. പ്രസ്തുത റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അനുബന്ധം-1 ആയി ചേർക്കുന്നു*.

(സി) ലോക ബാങ്കിന്റെ JRDN റിപ്പോർട്ട് പ്രകാരം ആകെ 24,893 കോടി രൂപയാണ് പുനർനിർമ്മാണത്തിനായി ആവശ്യം. ലോക ബാങ്ക് റിപ്പോർട്ടിന്റെ ശീർഷക പിരിവ് അനുബന്ധം-2 ആയി ചേർക്കുന്നു*

സംസ്ഥാനത്തിന് വായ്പ വാങ്ങാനുള്ള പരിധി മൂന്നുശതമാനത്തിൽനിന്ന് നാലര ശതമാനമായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടു. നബാർഡിൽനിന്ന് 2500 കോടി രൂപയുടെ വായ്പ അനുവദിക്കണമെന്നും ലോക ബാങ്ക്, എ.ഡി.ബി. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു. വിവിധ വകുപ്പുകൾ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം 10 ശതമാനം വർദ്ധിപ്പിക്കണമെന്ന ആവശ്യവും മുന്നോട്ടുവച്ചിരുന്നു. കേരളത്തെ സഹായിക്കാൻ സെസ് ഏർപ്പെടുത്തണമെന്ന് കേന്ദ്ര ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടു. ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616 കോടി രൂപയുടെ പുനരധിവാസ ധനസഹായമാണ്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടി രൂപയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്. ഇതുകൂടാതെ, പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. സൗജന്യമായി അരിയും മണ്ണെണ്ണയും നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും 600 കോടി രൂപ നൽകി. അരിയും മണ്ണെണ്ണയും 265.74 കോടി രൂപ സംസ്ഥാനത്തിന് നൽകുന്ന ദുരന്ത പ്രതികരണ നിധിയിൽനിന്നും വില ഈടാക്കും എന്ന വ്യവസ്ഥയോടെ നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമവികസന മന്ത്രാലയം അധികമായി 50 തൊഴിൽ ദിനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ദുരന്ത ബാധിത പ്രദേശത്തെ സ്വകാര്യ മേഖലയിലെ Micro, Small and Medium Enterprises

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(MSME) സ്ഥാപനങ്ങളുടെ നാശനഷ്ട ആഘാതം ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം നിലവിലെ കടം MSME സ്ഥാപനങ്ങൾക്ക് പുനർക്രമീകരിക്കുകയും പ്രവർത്തനം പുനരാരംഭിക്കുവാൻ പുതുതായി കടം നൽകുവാനും വേണ്ട നടപടി സ്വീകരിക്കുവാൻ കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാന അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി പരിശോധിച്ച് കേന്ദ്ര ഫിനാൻസ് വകുപ്പിന് നിർദ്ദേശം നൽകുകയും ഈ നിർദ്ദേശം പരിഗണിച്ച് കേന്ദ്ര ഫിനാൻസ് വകുപ്പ് രാജ്യത്തെ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

72 (2023) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ സഹായത്തിനായുള്ള അപേക്ഷകളിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളിൽ ആവശ്യമായ പരിശോധന നടത്താതെ ചെറിയ തുക അനുവദിച്ച് അപേക്ഷ കളക്ടറേറ്റുകളിൽ തന്നെ തീർപ്പ് കല്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സാ ചെലവിനും ആനുപാതികമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മതിയായ രേഖകൾ പരിശോധിച്ച് 10,000 രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 10,000 രൂപയിൽ കൂടുതൽ ധനസഹായം ആവശ്യമുള്ളവ ജില്ലാ കളക്ടർ വ്യക്തമായ ശിപാർശ സഹിതം സർക്കാരിലേക്ക് അയയ്ക്കുന്നുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച സംഭാവന

73 (T*2024) ശ്രീ. കെ. എൻ.എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകിയ വ്യക്തികൾക്കും മറ്റു സ്ഥാപനങ്ങൾക്കും രസീത് നൽകിയിട്ടുണ്ടോ; രസീതുകൾ നൽകുന്നതിൽ കാലതാസമുണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈയിനത്തിൽ ലഭിച്ച ചെക്കുകൾ ക്ലിയർ ചെയ്യുന്ന വേളയിൽ വണ്ടിച്ചെക്കുകൾ ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; ഈ തുക ലഭിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രളയത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച കൊണ്ടിരിക്കുന്ന തുകയുടെ പ്രതിമാസ ശരാശരി കണക്ക് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സി.എം.ഡി.ആർ.എഫ്. പോർട്ടൽവഴി തന്നെ ഓൺലൈനായി രസീത് നൽകിയിട്ടുണ്ട്. മറ്റും വിവിധ തരത്തിൽ സംഭാവന നൽകിയവർക്ക് രസീത് നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. നെഫ്റ്റ്, ആർ.ടി.ജി.എസ്. തുടങ്ങിയ രീതികളിൽ സംഭാവന നൽകിയിട്ടുള്ളവരുടെ പേരുവിവരങ്ങളും മറ്റും പ്രത്യേകമായി ബാങ്കുകളിൽനിന്നും ലഭിക്കാത്തതിനാൽ അത്തരം കേസ്സുകളിൽ രസീതുകൾ നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ബാങ്കുകളും മറ്റ് പേയ്മെന്റ് ഗേറ്റ്‌വേകളുമായി ബന്ധപ്പെട്ട പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

രസീതുകൾ ലഭിച്ചിട്ടില്ലെന്ന് പരാതി ലഭിച്ചാൽ അത് പരിഹരിക്കുന്നതിനുള്ള സത്വരനടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 32.66 കോടി രൂപയോളം വരുന്ന 395 ചെക്കുകൾ/ഡ്രാഫ്റ്റുകളും വിവിധ കാരണങ്ങളാൽ ക്ലിയർ ചെയ്യാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ചെക്കുകളും/ഡ്രാഫ്റ്റുകളും പിഴവുകൾ പരിഹരിക്കുന്നതിലേയ്ക്ക് ബന്ധപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും തിരികെ അയച്ച് കൊടുത്തിട്ടുണ്ട്.

(സി) പ്രളയത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പ്രതിമാസ ശരാശരിയായി ആഗസ്റ്റ് മാസം 746.89 കോടിയും സെപ്റ്റംബർ മാസം 859.8 കോടിയും ഒക്ടോബർ മാസം 789.77 കോടി രൂപയും നവംബർ മാസം 402.02 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

**കേന്ദ്രസർക്കാരിന്റെ തീരുമാനം**

74 (2025) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തര കേരളത്തിന്റെ പുനഃസൃഷ്ടിക്കായി വിദേശ സഹായം സ്വീകരിക്കരുതെന്ന കേന്ദ്രസർക്കാർ തീരുമാനം പുനഃപ്പരിശോധിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രം അംഗീകരിക്കുന്നതിന് വേണ്ടിയുള്ള സമ്മർദ്ദം തുടർന്നും നടത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.

**പ്രളയ ദുരിതാശ്വാസത്തിനുള്ള വിദേശ ധനസമാഹരണം**

75 (2026) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതാശ്വാസത്തിനുള്ള ധനസമാഹരണം ലക്ഷ്യമാക്കി മന്ത്രിമാർ നടത്തുവാൻ നിശ്ചയിച്ചിരുന്ന വിദേശയാത്രയിൽ അവരെ അനുഗമിക്കുന്നതിന് ഉദ്യോഗസ്ഥരെ നിശ്ചയിച്ചിരുന്നോ;

(ബി) എങ്കിൽ മുഖ്യമന്ത്രിയേയും, മറ്റ് മന്ത്രിമാരെയും അനുഗമിക്കുവാൻ നിശ്ചയിച്ചിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ;

(സി) മുഖ്യമന്ത്രിക്ക് വിദേശയാത്രയ്ക്ക് അനുമതി ലഭിച്ചത് ഏതെങ്കിലും നിബന്ധനയുടെ അടിസ്ഥാനത്തിലാണോ; എങ്കിൽ എന്തൊക്കെ നിബന്ധനകളാണ് കേന്ദ്രസർക്കാർ നൽകിയതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത നിബന്ധനകൾ പൂർണ്ണമായും പാലിച്ചാണോ മുഖ്യമന്ത്രി വിദേശത്ത് നിന്നും പ്രളയ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവനകൾ ശേഖരിച്ചത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിശ്ചയിച്ചിരുന്നു.

(ബി) മുഖ്യമന്ത്രിയേയും മറ്റ് മന്ത്രിമാരെയും വിദേശ രാജ്യങ്ങളിൽ അനുഗമിക്കുവാൻ തീരുമാനിച്ചിരുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) യു.എ.ഇ. സർക്കാരിനോട് ധനസഹായമോ മറ്റ് രീതിയിലുള്ള സഹായമോ അഭ്യർത്ഥിക്കരുതെന്നും ഇത്തരം സഹായ വാഗ്ദാനമുണ്ടായാൽ കേന്ദ്ര സർക്കാരിനെ അറിയിക്കണമെന്നും അല്ലാതെ സ്വീകരിക്കരുതെന്നും നിബന്ധന വച്ചിട്ടുണ്ട്.

(ഡി) അതെ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പുനർനിർമ്മാണത്തിനായുള്ള ക്രൗഡ് ഫണ്ടിംഗ്

76 (T*2027) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ക്രൗഡ് ഫണ്ടിംഗ് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ക്രൗഡ് ഫണ്ടിംഗ് പോർട്ടലിൽ വ്യക്തികൾ, സ്ഥാപനങ്ങൾ, മറ്റ് കൂട്ടായ്മകൾ എന്നിവർക്ക് പദ്ധതികൾ തെരഞ്ഞെടുത്ത് സംഭാവനകൾ നൽകുന്നതിനുള്ള അവസരം ലഭ്യമാണോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പോർട്ടലിൽ പദ്ധതികൾ തെരഞ്ഞെടുത്ത് സംഭാവന നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പുരോഗതിയും തുക ചെലവഴിക്കുന്ന വിധവും തുക നൽകുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനും/സ്പോൺസർ ചെയ്യുന്നതിനും കേടുപാടുകൾ പറ്റിയ വീടുകൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, ടൗൺഷിപ്പുകൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും വിവിധ കമ്പനികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ തുടങ്ങിയവരിൽനിന്നും ശിപാർശകൾ ലഭിച്ചുവരുന്നുണ്ട്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികൾ, വ്യക്തിഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ.-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഒരു ക്രൗഡ് ഫണ്ടിംഗ് മോഡൽ ചട്ടക്കൂട് തയ്യാറാക്കുകയും ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ലഭ്യമാണ്.

(സി) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ക്രൗഡ് ഫണ്ടിംഗ് സംവിധാനം rebuild.kerala.gov.in എന്ന വെബ്സൈറ്റിലാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത വെബ്സൈറ്റിലെ നിയുക്ത ഓപ്ഷനുകൾവഴി വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ മറ്റ് കൂട്ടായ്മകൾക്കോ വിവിധ ജില്ലകളിലെ വിവിധ വില്ലേജുകളിൽപ്പെട്ട പുനർനിർമ്മാണ സംരംഭങ്ങൾ തെരഞ്ഞെടുത്ത് സംഭാവനകൾ നൽകാവുന്നതാണ്.

(ഡി) സർക്കാരോ അംഗീകൃത ഏജൻസികളോ പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതനുസരിച്ച് പദ്ധതിയുടെ ഓരോ ഘട്ടത്തിലും സ്വീകരിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് നിരീക്ഷിക്കുവാൻ കഴിയുന്നതാണ്.

## നാഷണൽ ഡിസാസ്റ്റർ റിലീഫ് ഫണ്ട് (NDRF)

77 (2028) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ നാശനഷ്ടം അതിജീവിക്കുന്നതിന് നാഷണൽ ഡിസാസ്റ്റർ റിലീഫ് ഫണ്ട് മുഖേന കേന്ദ്രത്തിൽ നിന്നും ഇതുവരെ എത്ര കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്;

(ബി) ആകെ എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളത്;

(സി) കേരളത്തിന് മതിയായ തോതിൽ ധനസഹായം അനുവദിക്കാത്തത് കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണനയാണ് എന്ന് മാധ്യമങ്ങളിൽ വാർത്ത വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എൻ.ഡി.ആർ.എഫ്. ഫണ്ടിൽ നിന്നും കൂടുതൽ ധനസഹായം ലഭിക്കുന്നതിന് വീണ്ടും കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽനിന്ന് 600 കോടി രൂപയുടെ അടിയന്തര സഹായം ലഭിച്ചിട്ടുണ്ട്.

(ബി) ഐക്യരാഷ്ട്രസഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസെസ്സ്മെന്റ് (Post Disaster Need Assessment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് കേരള സർക്കാർ കണക്കാക്കിയ നഷ്ടം 5616 കോടി രൂപയുടെതാണ്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഗജ ചുഴലിക്കാറ്റ്**

78 (2029) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 നവംബർ 16-ന് നമ്മുടെ സംസ്ഥാനത്തുകൂടി കടന്നുപോയ 'ഗജ' ചുഴലിക്കാറ്റിൽ, തൈക്കാട്ടുശ്ശേരി പഞ്ചായത്തിലും ചേർത്തല താലൂക്കിലെ വിവിധ പ്രദേശങ്ങളിലും ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഡിസാസ്റ്റർ മാനേജ്മെന്റ് ധനസഹായ മാനദണ്ഡപ്രകാരം, ധനസഹായം അനുവദിക്കാൻ കഴിയാത്ത നിരവധി ആഞ്ഞിലി, പ്ലാവ്, പുളി തുടങ്ങി ഗൃഹനിർമ്മാണത്തിനാവശ്യമായ തടി മരങ്ങളും, തണൽ മരങ്ങളും നഷ്ടപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും സംഭവിച്ച നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; ആയതിൽ എപ്രകാരമാണ് നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) കേന്ദ്രമാനദണ്ഡപ്രകാരം ധനസഹായം ലഭ്യമാക്കുവാൻ കഴിയാത്ത ഇനങ്ങളിൽ പ്രത്യേക ധനസഹായം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; ഇത് സംബന്ധിച്ച് ഉത്തരവ് ഉടനെ നൽകുമോ?

ഉത്തരം

(എ) ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽനിന്നും ലഭ്യമായ കണക്കുകൾ അനുസരിച്ച് 16-11-2018-ന് ആഞ്ഞടിച്ച 'ഗജ' ചുഴലിക്കാറ്റിന്റെ ഫലമായി ആലപ്പുഴ ജില്ലയിലെ അരൂർ ഉൾപ്പെടുന്ന 9 വില്ലേജുകളിൽ വ്യാപക നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 11 വീടുകൾ പൂർണ്ണമായും 369 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. മരങ്ങളും മറ്റും വീണ് വീടുകൾ, സ്ഥാപനങ്ങൾ, വൈദ്യുതി പോസ്റ്റുകൾ, കൃഷി, മത്സ്യബന്ധനോപകരണങ്ങൾ മുതലായവയും നശിച്ചിട്ടുണ്ട്. തൈക്കാട്ടുശ്ശേരി പഞ്ചായത്തിലാണ് ഏറ്റവുമധികം നഷ്ടമുണ്ടായിട്ടുള്ളത്. തൈക്കാട്ടുശ്ശേരി ഉൾപ്പെടെ ചേർത്തല താലൂക്കിൽ 1,32,70,000 രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. വീടുകൾക്കുണ്ടായ നാശനഷ്ടം കണക്കാക്കി ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം ഇത്തരം നാശനഷ്ടങ്ങൾക്ക് സഹായം അനുവദിക്കാൻ വ്യവസ്ഥയില്ലാത്ത സ്ഥിതിയുണ്ട്.

(ഡി) ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

## സി.എം.ഡി.ആർ.എഫ്.-ൽനിന്നും ആനുകൂല്യം

79 (2030) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-10-2018 വരെ സി.എം.ഡി.ആർ.എഫ്-ൽ നിന്നും ആനുകൂല്യമായി എത്ര തുക എത്രപേർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-10-2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആനുകൂല്യമായി 939436 പേർക്ക് 865,70,39,868 രൂപ നൽകിയിട്ടുണ്ട്.

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തിരുവനന്തപുരം | 24970 | 68,46,40,108 |
| കൊല്ലം | 42953 | 60,83,96,004 |
| പത്തനംതിട്ട | 67580 | 51,96,30,100 |
| ആലപ്പുഴ | 198120 | 142,33,20,000 |
| കോട്ടയം | 101913 | 77,53,87,727 |
| ഇടുക്കി | 21918 | 19,97,45,835 |
| എറണാകുളം | 186173 | 146,65,54,200 |
| തൃശ്ശൂർ | 155907 | 114,95,99,400 |
| പാലക്കാട് | 21349 | 32,43,92,451 |
| മലപ്പുറം | 51629 | 46,44,58,451 |
| കോഴിക്കോട് | 32070 | 42,32,78,696 |
| വയനാട് | 14399 | 12,51,86,700 |
| കണ്ണൂർ | 9498 | 29,08,17,032 |
| കാസർഗോഡ് | 10957 | 20,16,33,164 |
| ആകെ | 939436 | 865,70,39,868 |

## ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

80 (2031) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ എം.എൽ.എ.- മാർ അടക്കമുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

ഇല്ല. കേന്ദ്ര സർക്കാരിന്റെ ദുരന്ത നിവാരണ നിയമം 2005 മാനദണ്ഡപ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ എം.എൽ.എ.-മാരെ ഉൾപ്പെടുത്താൻ വ്യവസ്ഥയില്ല.

## നാദാപുരം മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്ന് നൽകിയ തുക

81(2032) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാദാപുരം മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപയുടെ ധനസഹായം വിതരണം ചെയ്തു; വിശദമാക്കുമോ;

(ബി) നാദാപുരം മണ്ഡലത്തിൽ വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എം.എൽ.എ. മുഖാന്തിരം നൽകിയ അപേക്ഷകളിന്മേൽ പല വില്ലേജുകളും യഥാസമയം റിപ്പോർട്ട് അയയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നാദാപുരം മണ്ഡലത്തിലെ എടച്ചേരി, തൂണേരി, കാവിലുംപാറ തുടങ്ങിയ വില്ലേജുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള അപേക്ഷകളിൻമേലുള്ള റിപ്പോർട്ട് അയയ്ക്കാതെ കാലവിളംബം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കി പാവപ്പെട്ട രോഗികൾക്ക് നിഷേധിക്കപ്പെടുന്ന ചികിത്സാസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മണ്ഡലം/ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കാറില്ല.

(സി-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് കഴിയുന്നതും വേഗം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

82(T*2033) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2018 നവംബർ 30 വരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ചെക്കായും ഡ്രാഫ്റ്റായും ഓൺലൈനായും ക്യാഷായും കിട്ടിയ തുക തരം തിരിച്ച് വ്യക്തമാക്കാമോ;

(സി) വിദേശരാജ്യങ്ങൾ, ഇതരസംസ്ഥാനങ്ങൾ, സംസ്ഥാനത്തെ 14 ജില്ലകൾ തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ലഭിച്ച തുക തരംതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇത് വരെ ലഭിച്ച തുകയിൽ നിന്ന് ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര രൂപ വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) ലഭിച്ച ചെക്കുകളും ഡ്രാഫ്റ്റുകളും മാറിയോ എന്നും ഇല്ലെങ്കിൽ മാറാനുള്ള ചെക്കുകളും ഡ്രാഫ്റ്റുകളും ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; ചെക്കുകൾ 'ഡിസ്ഹോണർ' ആയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) പ്രളയദുരന്തത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2018 നവംബർ 30 വരെ 2797.67 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(ബി) ചെക്ക്, ഡ്രാഫ്റ്റ്, ക്യാഷ് എന്നീ വകയിൽ 2537.22 കോടി രൂപയും ഓൺലൈനായി 260.45 കോടി രൂപയുമാണ്.

(സി) പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ സംഭാവന ലഭിച്ച വിവരങ്ങൾ തരംതിരിച്ച് ക്രോഡീകരിച്ചിട്ടില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അടിയന്തര സഹായമായി 457,23,43,200 രൂപയും വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനുള്ള ധനസഹായമായി 228,19,95,400 രൂപയും ചികിത്സാ ധനസഹായമായി 7,00,000 രൂപയും വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 30-11-2018 വരെ ലഭ്യമായതും ബാങ്കിൽ സമർപ്പിച്ചതുമായ 7.46 കോടി രൂപയോളം വരുന്ന ചെക്കുകളിലും ഡ്രാഫ്റ്റുകളിലുമായി 395 എണ്ണം (3.26 കോടി രൂപയോളം) ചെക്കുകളും ഡ്രാഫ്റ്റുകളും ഡിസ്ഹോണർ ആയിട്ടുണ്ട്. ഈ ചെക്കുകളുടെയും ഡ്രാഫ്റ്റുകളുടെയും വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികളെയും സ്ഥാപനങ്ങളെയും കത്ത് മുഖേന അറിയിച്ചിട്ടുള്ളതും ഇത് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് സഹായം

83 (2034) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം അനുവദിച്ചിട്ടുണ്ട് എന്നതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആകെ അനുവദിച്ച തുകയുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വില്ലേജ് തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം

84 (2035) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ മമ്പാട് പൊങ്ങല്ലൂരിൽ 4-6-2018-ന് നടന്ന വാഹനാപകടത്തിൽ കുടുംബനാഥൻ ഉൾപ്പെടെ ആറ് പേർ മരണപ്പെട്ട അലി അക്ബറിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പരമാവധി സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് നിലമ്പൂർ എം.എൽ.എ. നൽകിയ നിവേദനം പരിഗണിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് അനുവദിച്ചത്; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മലപ്പുറം ജില്ലയിലെ മമ്പാട് പൊങ്ങല്ലൂരിൽ 4-6-2018-ന് നടന്ന വാഹനാപകടത്തിൽ കുടുംബനാഥൻ ഉൾപ്പെടെ ആറുപേർ മരണപ്പെട്ട അലി അക്ബറിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 3-12-2018-ലെ സ.ഉ. (സാധാ) നമ്പർ 4997/2018/റവ, സ.ഉ. (സാധാ) നമ്പർ 4998/2018/റവ. പ്രകാരം ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട് (ആകെ 6 ലക്ഷം).

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാസഹായം

85 (2036) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വളരെ വേഗം ധനസഹായം ലഭിക്കുന്നുവെങ്കിലും തുടർ ചികിൽസ ആവശ്യമായിട്ടുള്ള ഗുരുതര രോഗികൾക്ക് നിശ്ചിത ഇടവേളകളിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകളിൽ റേഷൻ കാർഡിലെ വരുമാന വെളിപ്പെടുത്തൽ മാത്രം മതിയാകുമോ; വിശദമാക്കുമോ;

(സി) രോഗി മരണപ്പെടുന്ന സാഹചര്യത്തിൽ ധനസഹായം ലഭിക്കാൻ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അപേക്ഷയിൽ നോമിനിയുടെ പേരുകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഡയാലിസിസ് ആവശ്യമായ രോഗികൾക്ക് മാസം തോറും ധനസഹായം ലഭിക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും കഴിയുന്നത്ര വേഗത്തിൽത്തന്നെ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മാരകമായ അസുഖങ്ങൾക്ക് ചികിത്സ വേണ്ടിവരികയും ആ അസുഖങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ മാത്രമായി ചികിത്സ ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ചികിത്സാ ചെലവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും നിലവിലെ മാനദണ്ഡ പ്രകാരം നൽകുന്ന മിനിമം തുകയിൽനിന്നും ഒരാൾക്ക് പരമാവധി മൂന്നുലക്ഷം രൂപവരെ അനുവദിക്കാറുണ്ട്. ഗുരുതരമായ രോഗങ്ങൾക്ക് ഒരിക്കൽ ധനസഹായം അനുവദിച്ച് കഴിഞ്ഞശേഷം രണ്ടുവർഷം കഴിഞ്ഞ് വീണ്ടും അപേക്ഷിക്കാവുന്നതാണ്. എന്നാൽ തികച്ചും അർഹമെന്ന് തോന്നുന്ന കേസ്സുകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേലുള്ള റിപ്പോർട്ടിൽ വാർഷിക വരുമാനം എത്രയെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(സി&ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചശേഷം അപേക്ഷകൻ മരണപ്പെടുകയാണെങ്കിൽ അനുവദിക്കപ്പെടുന്ന തുക അപേക്ഷകന്റെ ആശ്രിതർക്ക് നൽകുന്നതാണ്. രോഗിക്ക് അപേക്ഷിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുവെങ്കിൽ ആശ്രിതർക്ക് രോഗിക്കുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

(ഇ) വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രതിമാസം 1100 രൂപ സമാശ്വാസം പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായം

86 (2037) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ രോഗികൾകൾക്കും കുടുംബത്തിനും വളരെ ആശ്വാസമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം ഗുണഭോക്താവിന്റെ കൈയ്യിലെത്താനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില്ലേജ്, താലൂക്ക്, കളക്ടറേറ്റുകളിൽ ഇപ്പോഴുണ്ടാകുന്ന കാലദൈർഘ്യം കുറച്ച് പദ്ധതിയുടെ ഗുണം കൂടുതൽ വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഫയലുകളിന്മേൽ അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള

സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. അപേക്ഷയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങളുടെയും ബാങ്ക് അക്കൗണ്ട് അടക്കമുള്ള രേഖകളുടെയും സത്യസന്ധതയും ആധികാരികതയും അന്വേഷണം നടത്തി ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ ആയത് അപേക്ഷകനുമായി ബന്ധപ്പെട്ട് തിരുത്തി സമർപ്പിക്കുന്നതിനും തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മതിയായ രേഖകൾ പരിശോധിച്ച് 10,000 രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

87(2038) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ അപേക്ഷകളിൽ അനുവദിക്കേണ്ട തുക എത്രയെന്ന് നിശ്ചയിക്കുന്നതിന് വ്യക്തവും കൃത്യവുമായ വ്യവസ്ഥകൾ /ചട്ടങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ സമാനമായ തുക സഹായം ലഭിക്കേണ്ട വ്യക്തികൾക്ക് വ്യത്യസ്ത തുക നൽകുന്നത് വഴി വിവേചനം നിലനിൽക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപേക്ഷ സ്വീകരിക്കാതെ എത്ര പേർക്ക് ഔട്ട് ഓഫ് അജണ്ടയായി പണവും ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്; അവരുടെ പേര് വിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) മാരകരോഗങ്ങൾക്ക് ചികിത്സാ ധനസഹായം, അപകട മരണങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്ക് ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വീടുകൾക്കും ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും തീപിടുത്തത്തിൽ നാശനഷ്ടമുണ്ടായാൽ ധനസഹായം, കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം തുടങ്ങിയവയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പ്രധാനമായും നൽകിവരുന്നത്. ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള അപേക്ഷകന്റെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. അപകട മരണങ്ങൾക്ക് ഇരയായവരുടെ

ആശ്രിതർക്ക് ഒരു ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. തീപിടുത്തത്തിൽ നാശനഷ്ടമുണ്ടായിട്ടുള്ളവർക്ക് 15000 രൂപവരെ ധനസഹായം നൽകിവരുന്നു. ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സാ ചെലവിനും ആനുപാതികമായി ധനസഹായം അനുവദിച്ചുവരുന്നു. മാരകമായ അസുഖങ്ങൾക്ക് ചികിത്സ വേണ്ടിവരികയും ആ അസുഖങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ മാത്രമായി ചികിത്സ ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ചികിത്സാ ചെലവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും നിലവിലെ മാനദണ്ഡ പ്രകാരം നൽകുന്ന മിനിമം തുകയിൽനിന്നും ഒരാൾക്ക് പരമാവധി മൂന്നുലക്ഷം രൂപവരെ അനുവദിക്കാറുണ്ട്. ഗുരുതരമായ രോഗങ്ങൾക്ക് ഒരിക്കൽ ധനസഹായം അനുവദിച്ച് കഴിഞ്ഞശേഷം രണ്ടുവർഷം കഴിഞ്ഞ് വീണ്ടും അപേക്ഷിക്കാവുന്നതാണ്. ഒരേ രോഗം ബാധിച്ച രണ്ട് അപേക്ഷകളിൽ രോഗത്തിന്റെ വ്യാപ്തി വ്യത്യസ്തമാകുന്ന പക്ഷം തുക വ്യത്യാസപ്പെടാവുന്നതാണ്. എന്നാൽ തികച്ചും അർഹമെന്ന് തോന്നുന്ന കേസ്സുകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്.

(സി) ദുരന്തപൂർണ്ണമായ സംഭവങ്ങളിലും സത്വര നടപടി ആവശ്യവുമായ കേസ്സുകളിൽ നിശ്ചിത അപേക്ഷ സ്വീകരിക്കാതെതന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ക്യാബിനറ്റ് തീരുമാന പ്രകാരം അനുവദിക്കുന്നുണ്ട്.

## പ്രളയക്കെടുതിക്ക് നഷ്ടപരിഹാരം

88 (2039) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കണക്കനുസരിച്ച് പ്രളയം എത്ര തുകയുടെ നഷ്ടം സംസ്ഥാനത്തുണ്ടാക്കി ; ആയത് ലോക ബാങ്ക് സർവ്വേ പ്രകാരം എത്ര ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കണക്കുകൾ പ്രകാരം പ്രളയം എറണാകുളം ജില്ലയിലുണ്ടാക്കിയ നാശനഷ്ടങ്ങൾ എത്ര തുകയുടെ എന്നും വ്യക്തമാക്കാമോ;

(സി) യു.എ.ഇ. ഭരണാധികാരി ഉൾപ്പെടെ ഏതെല്ലാം വിദേശരാജ്യങ്ങൾ/ ഏജൻസികൾ/മറ്റുള്ളവരാണ് സഹായം നൽകാൻ തയ്യാറായിരിക്കുന്നത്; എത്ര തുകയുടെസഹായം; ഇതു വാങ്ങിയെടുക്കുന്നതിൽ കേന്ദ്ര സർക്കാർ എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തി; അതു വഴി സംസ്ഥാനത്തിന് ലഭിക്കാമായിരുന്ന എത്ര തുകയുടെ നഷ്ടം സംഭവിച്ചു; വ്യക്തമാക്കാമോ;

(ഡി) പ്രളയക്കെടുതിയും നാശനഷ്ടങ്ങളും പഠിക്കാൻ കേന്ദ്ര സംഘം എന്നാണ് എത്തിയത്; ഇവർ എപ്പോൾ റിപ്പോർട്ട് നൽകി; എത്ര തുകയുടെ നാശനഷ്ടമാണവർ തിട്ടപ്പെടുത്തിയത്; നാളിതുവരെ എത്ര തുക നൽകി; വ്യക്തമാക്കുമോ;

(ഇ) പുനർനിർമ്മാണങ്ങൾക്കായി വിദേശത്ത് പണിയെടുക്കുന്ന പ്രവാസികളും അയൽ സംസ്ഥാന ഭരണാധികാരികളുമായി എത്ര തുകയുടെ സഹായം നാളിതുവരെ ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തു തകർന്ന സ്കൂളുകളുടെയും വീടുകളുടെയും പുനർനിർമ്മാണത്തിന് മുൻതുക്കം നൽകി എന്തു നടപടികളാണ് അടിയന്തരമായി സ്വീകരിച്ചു വരുന്നത് എന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് കേരള സർക്കാർ കണക്കാക്കിയ നഷ്ടം 5616 കോടി രൂപയുടെതാണ്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടിയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്. ലോക ബാങ്കിന്റെ പ്രളയ പുനർനിർമ്മാണ ആവശ്യകതാ അവലോകനത്തിൽ നാശനഷ്ട തോത് നൽകിയിട്ടില്ല. ലോക ബാങ്കിന്റെ അവലോകനത്തിൽ പുനർനിർമ്മിതിക്കായി 24,893 കോടി രൂപ ആവശ്യമാണ്.

(ബി) ലോകബാങ്കിന്റെ പ്രളയ പുനർനിർമ്മാണ ആവശ്യകതാ അവലോകനത്തിൽ എല്ലാ പ്രവർത്തന മേഖലയുടെയും നാശനഷ്ടം ജില്ല തിരിച്ച് ലഭ്യമല്ല.

(സി) ദേശീയ ദുരന്ത ലഘൂകരണ പദ്ധതിയുടെ Sub-section 9.1, 9.2-ൽ പരാമർശിക്കുന്ന നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാരിന് നേരിട്ട് വിദേശ സർക്കാരുകളുടെയോ ബഹുരാഷ്ട്ര ഏജൻസികളുടെയോ ഐക്യരാഷ്ട്രസഭയുടെ ഏജൻസികളുടെയോ സഹായം സ്വീകരിക്കുവാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിന്റെ അനുമതി ഇതിലേയ്ക്ക് ആവശ്യമാണ്.

(ഡി) കേന്ദ്രസംഘം പ്രളയക്കെടുതിയും നാശനഷ്ടങ്ങളും വിലയിരുത്താനായി രണ്ടുഘട്ടങ്ങളിലായിട്ടാണ് എത്തിയത്. ആദ്യത്തെ സന്ദർശനം ആഗസ്റ്റ് 7 മുതൽ 11 വരെയും രണ്ടാമത്തേത് സെപ്റ്റംബർ 20 മുതൽ 24 വരെയുമാണ്. കേന്ദ്രസംഘം സംസ്ഥാന സർക്കാരിന് ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളൊന്നും നൽകാറില്ല. ദേശീയ ദുരന്ത പ്രതികരണനിധിയിൽനിന്നും 2018-ലെ പ്രളയത്തിനായി 600 കോടി രൂപയാണ് അടിയന്തര സഹായമായി നൽകിയിരിക്കുന്നത്.

(ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധീയിലേയ്ക്ക് പ്രവാസികളിൽനിന്നും (441 പേർ) 33,21,03,695 രൂപ 29-11-2018 വരെ ലഭ്യമായിട്ടുണ്ട്. അയൽസംസ്ഥാനങ്ങൾ (10 എണ്ണം) 111 കോടി രൂപ നൽകിയിട്ടുണ്ട്.

(എഫ്) പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന്, 2018 പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75 ശതമാനത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണത്തിന് പരമാവധി 4 ലക്ഷം രൂപവരെ അനുവദിക്കുന്നു. വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കുതലത്തിൽ വിളിച്ച് ചേർക്കുവാനും വിശദമായി വിവിധ ഭവനനിർമ്മാണ സാധ്യതകൾ വിശദീകരിച്ച് നൽകുവാനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിൽ സ്കൂൾ സുരക്ഷാ ക്ലബ്ബുകളുടെ ശാക്തീകരണം നടപ്പിലാക്കിവരുന്നു. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള തകർച്ച നേരിട്ട സ്കൂളുകളുടെ അടിയന്തര താൽക്കാലിക പുനർനിർമ്മാണത്തിനായി 2 ലക്ഷം രൂപവരെ നൽകാവുന്നതാണ്. സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ 5 സ്കൂളുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ പുനർനിർമ്മാണത്തിനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദുരിതാശ്വാസനിധിയിൽ സംഭാവന ചെയ്ത രാഷ്ട്രീയ പാർട്ടികൾ**

89 (2040) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി കാലഘട്ടത്തിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പണം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓഖി ദുരന്തത്തിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളാണ് ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സുനാമി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 37.50 കോടി രൂപയാണ് സംഭാവനയായി CMDRF-ലേയ്ക്ക് ലഭിച്ചത്. സംഭാവനയായി കിട്ടിയ തുകകൾ പ്രത്യേക വിഭാഗങ്ങളായി ക്രോഡീകരിച്ചിട്ടില്ല.

(ബി) ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട 29-11-2018 വരെ Rs.108,59,59,181 രൂപ (Rs.108.59 Cr) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾ നൽകിയ സംഭാവനകൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

## ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സയ്ക്കുവേണ്ടി അനുവദിക്കുന്ന ധനസഹായം

90 (2041) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സയ്ക്കുവേണ്ടി അനുവദിക്കുന്ന ധനസഹായം വളരെ പരിമിതമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം ചികിത്സയ്ക്കുവേണ്ടി അനുവദിക്കുന്ന തുക ആവശ്യത്തിന് ആനുപാതികമായി വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ&ബി) രോഗത്തിന്റെ തീവ്രതയും ചികിത്സാ ചെലവിനും ആനുപാതികമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മാരകമായ അസുഖങ്ങൾക്ക് ചികിത്സ വേണ്ടിവരികയും ആ അസുഖങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ മാത്രമായി ചികിത്സ ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ചികിത്സാ ചെലവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും നിലവിലെ മാനദണ്ഡ പ്രകാരം നൽകുന്ന മിനിമം തുകയിൽനിന്നും ഒരാൾക്ക് പരമാവധി മൂന്നുലക്ഷം രൂപവരെ അനുവദിക്കാറുണ്ട്. 3,00,000 രൂപയിൽ കൂടുതൽ അനുവദിക്കണമെങ്കിൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ്. ഗുരുതരമായ രോഗങ്ങൾക്ക് ഒരിക്കൽ ധനസഹായം അനുവദിച്ച് കഴിഞ്ഞശേഷം രണ്ടുവർഷം കഴിഞ്ഞ് വീണ്ടും അപേക്ഷിക്കാവുന്നതാണ്. എന്നാൽ തികച്ചും അർഹമെന്ന് തോന്നുന്ന കേസ്സുകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്.

## പ്രളയക്കെടുതിയിലകപ്പെട്ട ജനങ്ങൾക്കുള്ള ധനസഹായം

91 (2042) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിലകപ്പെട്ട ജനങ്ങൾക്ക് 10,000 രൂപ പ്രകാരമുള്ള ധനസഹായം നൽകുമെന്ന് പ്രഖ്യാപിച്ചതനുസരിച്ച് ദീർഘ ദിവസങ്ങൾ ക്യാമ്പിൽ കഴിഞ്ഞിട്ടും പണം ലഭിക്കാതിരുന്നതിനെ തുടർന്ന് ചേർത്തല തഹസിൽദാർക്കും ആലപ്പുഴ ജില്ലാകളക്ടർക്കും അപ്പീൽ നൽകിയിട്ടുള്ള എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അർഹതപ്പെട്ടവരെ വിട്ടുപോയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം, കോട്ടാത്തുരുത്ത്, പാണാവള്ളി, തൈക്കാട്ടുശ്ശേരി തുടങ്ങിയ പഞ്ചായത്തുകളിലെ ജനങ്ങളിൽ അർഹതപ്പെട്ടവർക്ക് ധനസഹായം ലഭിക്കാത്തതിനെക്കുറിച്ച് പ്രത്യേകം പരിഗണിക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയാനന്തര അടിയന്തര സർക്കാർ ധനസഹായമായ 10,000 രൂപ ലഭിക്കുന്നതിനായി ചേർത്തല താലൂക്കിൽ 20179 അപ്പീൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 8164 പേർക്ക് ഇതിനോടകം ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 12015 അപേക്ഷകളിൽ 4500 പേർക്ക് അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കളക്ടറേറ്റിൽ ലഭിച്ച 183 അപ്പീൽ അപേക്ഷകളിലും തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി& സി) ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും (ഡെപ്യൂട്ടി കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ്/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്), ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ തീരുമാനത്തിൽ പരാതിയുള്ളവരുടെ പരാതി പരിഗണിക്കുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാകളക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ദുരിതാശ്വാസ പ്രവർത്തനത്തിന് കുട്ടനാടൻ മാതൃക**

92 (2043) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ പ്രവർത്തനത്തിന് കുട്ടനാടൻ മാതൃക സൃഷ്ടിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എന്തൊക്കെ കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നത്;

(സി) 2018 ആഗസ്റ്റ് ചേർന്ന ഉന്നതതല അവലോകന യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തത്; ഇതിൽ ഏതൊക്കെ കാര്യങ്ങൾ ഇതിനകം നടപ്പിലാക്കി;

(ഡി) ഇക്കാര്യത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചു; ഇതിൽ കേന്ദ്രസഹായമായി ലഭിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കുട്ടനാടൻ മേഖലയിൽ പ്രളയജലം ഒഴുകി മാറുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് തോട്ടപ്പള്ളി സ്പിൽവേ ലീഡിംഗ് ചാനലും എ.സി. കനാലുമാണ്. ഈ രണ്ടുമാർഗ്ഗങ്ങളിലൂടെയും പ്രളയ ജലം വളരെ വേഗത്തിൽ ഒഴുകി മാറുന്നതിനുവേണ്ടി എടുക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനുള്ള പഠനം നടത്തുന്നതിനായി 27-10-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രളയക്കെടുതികൾ വിലയിരുത്തിയ ഐക്യരാഷ്ട്രസഭ സംഘം കുട്ടനാടൻ മേഖല പ്രത്യേക പരിഗണന അർഹിക്കുന്നുവെന്നും ഈ മേഖലയിലെ ജലവിഭവ പരിപാലനം പ്രത്യേക ശ്രദ്ധയോടെ നടത്തണമെന്നും അവരുടെ പ്രളയാനന്തര പുനർനിർമ്മാണ ആവശ്യകതാ അവലോകനത്തിൽ പരാമർശിക്കുന്നുണ്ട്.

(സി&ഡി) 2018 ഓഗസ്റ്റ് 5-ന് ആലപ്പുഴയിൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനമെടുത്തു:

- എ.സി. കനാലുകളുടെ 2-ഉം 3-ഉം റീച്ചുകളുടെ നിർമ്മാണം.
- തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലുകളുടെയും നവീകരണം
- കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും 420 കിലോമീറ്റർ ചാനലുകളും തോടുകളും നവീകരിച്ച് ജലനിർഗ്ഗമനം സുഗമമാക്കുക.
- കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ ജലനിർഗ്ഗമനത്തിനും ജലഗതാഗതത്തിനും തടസ്സമായി നിലകൊള്ളുന്ന പാലങ്ങളുടെയും അനുബന്ധ നിർമ്മിതികളുടെയും നവീകരണം
- പാടശേഖരങ്ങളുടെ പുനർ ബണ്ട് നിർമ്മാണം

ഈ പദ്ധതികൾ നവകേരള നിർമ്മിതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**ദുരന്തനിവാരണ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി**

93 (2044) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തനിവാരണ സംവിധാനത്തിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ദുരന്തനിവാരണ സേനയുടെ ഒരു ബറ്റാലിയൻ സംസ്ഥാനത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് നിവേദനം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള ദുരന്തങ്ങൾ ഏതെല്ലാം പ്രദേശങ്ങളിൽ ഉണ്ടാകുന്ന അല്ലെങ്കിൽ ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന തരത്തിലുള്ള ദുരന്ത നിവാരണ രേഖ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പാലങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ എന്നീ പുതിയ പദ്ധതികൾ വരുമ്പോൾ അതിൽ ദുരന്ത നിവാരണം ഒരു ഘടകമാകുന്നത് പരിഗണിക്കുമോ;

(ഇ) ദുരന്ത നിവാരണ ആസൂത്രണത്തിന്റെ ഭാഗമായി വ്യക്തികൾ, ബഹുജന സംഘടനകൾ,സ്ഥാപനങ്ങൾ,മാധ്യമങ്ങൾ എന്നിവരെയെല്ലാം പങ്കാളികളാക്കുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തേക്കാൾ ഈ കാലഘട്ടത്തിൽ ആവശ്യമെന്ന് കണ്ട് ഇന്ത്യ ഉൾപ്പെടെ ലോകരാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേയ്ക്കായി അംഗീകരിച്ച രൂപരേഖയിൽനിന്നും പാഠം ഉൾക്കൊണ്ട്, തൃശ്ശൂരിൽ അഗ്നി രക്ഷാസേനയുടെ പരിശീലന കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടെ ആപ്ത മിത്ര എന്ന പ്രോജക്ട്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ഈ പ്രോജക്ടിൽ 50 സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇവരുടെ സേവനം ഗജ ചുഴലിക്കാറ്റിന്റെ ആഘാതം നേരിട്ട അരൂർ മണ്ഡലത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് തുടർച്ചയായി 150 പേരുടെ പരിശീലനം നടത്തിവരുന്നു.

സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ ചാപ്റ്റർ 5.3 പ്രകാരം ദുരന്ത ലഘൂകരണ വിർച്വൽ കേഡർ സൃഷ്ടിച്ചിട്ടുണ്ട്. ലാന്റ് റവന്യൂ വകുപ്പിലെ വിർച്വൽ കേഡർ ഉദ്യോഗസ്ഥരുടെ പരിശീലനം ഡിസംബർ 14-ന് ആരംഭിക്കും. സുശക്തമായ ആശയവിനിമയ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ നൽകുവാനുള്ള നടപടി സ്വീകരിച്ചു. ആദ്യഘട്ടമായി വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകി. അതാത് ദുരന്തങ്ങൾ പ്രവചിക്കുവാൻ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കേന്ദ്ര ഏജൻസികളിൽനിന്നും ലഭിക്കുന്ന മുന്നറിയിപ്പ് പൊതുജനങ്ങൾക്ക് പ്രാദേശികമായി മാത്രം ചുരുക്കി എസ്.എം.എസ്. നൽകുവാൻ Location Based Messaging System എന്ന സാങ്കേതികവിദ്യ

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള ഇ-മെയിൽ, WhatsApp, Twitter, Facebook, Mobile SMS, Land Phone, Fax, VSAT Terminal എന്നീ സംവിധാനങ്ങൾക്ക് പുറമേയാണ് ഇത്. കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കുവാൻ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നത് ഉചിതമാണോയെന്ന് പരീക്ഷിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ ഉൾക്കടലിൽ തീരസംരക്ഷണ സേനയുടെ കപ്പലിൽ 200 കിലോമീറ്റർ ഉള്ളിൽ 5 ദിവസം സഞ്ചരിച്ച് നടത്തിയ പരീക്ഷണം വിജയകരമായതിനാൽ ടി സംവിധാനം തുടർച്ചയായി പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്.

കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദുരന്ത സാധ്യതകൂടി കണക്കിലെടുത്തുള്ള ഭൂവിനിയോഗ പദ്ധതി തയ്യാറാക്കുവാൻ ആസൂത്രണ വകുപ്പിന് ഉപയോഗപ്പെടുന്ന രീതിയിൽ വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രളയ അടയാളപ്പെടുത്തൽ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിന്റെ ഉയരം ഉൾപ്പെടെ തയ്യാറാക്കുവാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കുവാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. പ്രാദേശിക അടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ മുമ്പ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തിവരുന്നു. United Nations Development Programme, United Environment Programme എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ 7 ജില്ലകളിലും സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കി. ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വീടുകൾ നഷ്ടപ്പെടുന്നവർക്ക് നൽകുന്ന അടിസ്ഥാന ദുരിതാശ്വാസം (Minimum Relief Code) പ്രഖ്യാപിച്ചു. റിസർവ് ബാങ്ക് മാനദണ്ഡപ്രകാരം ദുരന്ത ബാധിത പ്രദേശത്തെ സ്വകാര്യ മേഖലയിലെ Micro, Small and Medium Enterprises

(MSME) സ്ഥാപനങ്ങളുടെ നാശനഷ്ട ആഘാതം ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം നിലവിലെ കടം MSME സ്ഥാപനങ്ങൾക്ക് പുനർക്രമീകരിക്കുകയും പ്രവർത്തനം പുനരാരംഭിക്കുവാൻ പുതുതായി കടം നൽകുവാനും ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 13 പ്രകാരം വേണ്ട നടപടി സ്വീകരിക്കുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാന അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം പരിശോധിച്ച് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നൽകിയ നിർദ്ദേശ പ്രകാരം, കേന്ദ്ര ഫിനാൻസ് വകുപ്പ് രാജ്യത്തെ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ദുരന്ത ലഘൂകരണത്തിനായി 12 ഇന ഉപലക്ഷ്യങ്ങളിൽ ഊന്നിയുള്ള 27 പദ്ധതികളിലായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ദേശീയ ദുരന്തനിവാരണ സേനയുടെ ഒരു റീജിയണൽ സെന്റർ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുവാനുള്ള വ്യക്തമായ മാർഗ്ഗരേഖ ദേശീയ ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ രേഖ അനുസരിച്ചാണ് സംസ്ഥാന/ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ സംസ്ഥാനത്ത് തയ്യാറാക്കിയിട്ടുള്ളത്. വ്യത്യസ്ത ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ വ്യക്തമായി സംസ്ഥാന അതോറിറ്റി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ഈ ഭൂപടങ്ങൾ അതോറിറ്റിയുടെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. പ്രധാന അംഗീകൃത ദുരന്തങ്ങൾ ബാധിക്കുവാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ അതാത് ദുരന്തങ്ങൾ ലഘൂകരിക്കുവാനുള്ള നിർദ്ദേശങ്ങളും ഈ പദ്ധതികളിൽ ലഭ്യമാണ്.

(ഡി) പാലങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ എന്നീ പുതിയ പദ്ധതികൾ വരുമ്പോൾ അതിൽ ദുരന്തനിവാരണം ഒരു ഘടകമാകുന്നത് പരിഗണിക്കണമെന്ന് 2016-ൽ പ്രസിദ്ധീകരിച്ച ദുരന്ത ലഘൂകരണ പദ്ധതിയിൽ വ്യക്തമായ നിർദ്ദേശം ആസൂത്രണ ബോർഡിനും പൊതുമരാമത്ത് വകുപ്പിനും നൽകിയിട്ടുണ്ട്. ഇത്തരം ഭൗതിക സൗകര്യ പദ്ധതികൾ നടപ്പാക്കുന്നതിന് മുമ്പ് ദുരന്ത സാധ്യത പരിഗണിക്കുവാൻ ആവശ്യമായ ചെക്ക് ലിസ്റ്റും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ദുരന്ത നിവാരണ നിയമവും ദുരന്ത ലഘൂകരണ പദ്ധതിയും അനുസരിച്ച് വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാരേതര സംഘടനകൾ, മാധ്യമങ്ങൾ എന്നിവർക്ക് ദുരന്ത ലഘൂകരണത്തിൽ അവരവരുടേതായ ഉത്തരവാദിത്തമുണ്ട്. ഈ ഉത്തരവാദിത്തം നിർവ്വഹിക്കുവാൻ ഇവർ ബാധ്യസ്ഥരാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

94 (2045) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരകേരളത്തിന്റെ വികസനത്തിന് ആക്കം കൂട്ടുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ഉദ്ഘാടനത്തോടെ വാണിജ്യ സർവ്വീസിന് സജ്ജമായിട്ടുണ്ടോ; എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; സംസ്ഥാനത്തെ ഏറ്റവും വലിയ വിമാനത്താവളമാക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ള തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിമാനത്താവളം ആരംഭിക്കുന്നതിന് തുടക്കമിട്ടതെന്നാണ്;

(ബി) വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; റെയിൽ കണക്ടിവിറ്റിക്കായി പദ്ധതിയുണ്ടോ;

(സി) എരുമേലി വിമാനത്താവളം, വയനാട്ടിലും കാസർഗോഡും എയർസ്ട്രിപ്പ് തുടങ്ങിയ പദ്ധതികൾ പരിഗണനയിലുണ്ടോ;

(ഡി) സംസ്ഥാനം സ്ഥലം ഏറ്റെടുത്തു നൽകി എയർപോർട്ട് അതോറിറ്റി വികസനം നടത്തിയ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിൽ നിന്നും പിന്മാറാൻ ആവശ്യപ്പെടുമോ?

### ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം വാണിജ്യാടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിന് പൂർണ്ണമായും സജ്ജമായിട്ടുണ്ട്. ചുവടെ പറയുന്ന സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്.

സെൽഫ് ബാഗേജ് ഡ്രോപ്പ് കൗണ്ടേർസ്, 24 ചെക്ക് ഇൻ കൗണ്ടേഴ്സ്, 16 എസ്കലേറ്റേഴ്സ്, അറൈവലിനും ഡിപ്പാർച്ചറിനും 16 ഇമിഗ്രേഷൻ കൗണ്ടേഴ്സ്, 4 ഇ-വിസ കൗണ്ടേഴ്സ്, 6 എയറോ ബ്രിഡ്ജസ്, 2 ഫയർ സ്റ്റേഷൻ, 20 പാർക്കിംഗ് ബേയുമായി ഏപ്രൺ, 700 കാറുകൾക്കും 200 ടാക്സികൾക്കും 25 ബസ്സുകൾക്കുമായി പാർക്കിംഗ് സ്പേസ്, സുസജ്ജമായ ബി.പി.എസി.എൽ.-ന്റെ ഫ്യുവൽ ഫാം, സി.ടി. മെഷീനൊപ്പമുള്ള ഇൻലൈൻ എക്സ്റേ.

റൺവേയുടെ നീളം 4000 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം താമസിയാതെതന്നെ ആരംഭിക്കുന്നതിലൂടെ കേരളത്തിലെ ഏറ്റവും വലിയ വിമാനത്താവളമായി മാറാൻ കണ്ണൂർ അന്താരാഷ്ട്ര വിമാനാത്താവളത്തിന് കഴിയും.

1998-ലാണ് വിമാനത്താവളത്തിന്റെ പ്രാരംഭ പ്രവർത്തനം തുടങ്ങിയത്.

(ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന രീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് 30-12-2017-ലെ സ.ഉ. (കൈ) നമ്പർ 74/2017/പൊ.മ.വ. പ്രകാരം അംഗീകാരം നൽകി. പ്രസ്തുത പാക്കേജിൽ ഉൾപ്പെട്ടതും കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയതുമായ 4 റോഡുകൾ, നാലുവരിപ്പാതയായി നിർമ്മിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ, രണ്ട് ഘട്ടമായി (ആദ്യഘട്ടത്തിൽ രണ്ടുവരിപ്പാതയായും അടുത്ത ഘട്ടത്തിൽ നാലുവരിപ്പാതയായും) വികസിപ്പിക്കുന്നതിന് 25-6-2018-ലെ സ.ഉ. (കൈ) നമ്പർ 23/ 2018/പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിൽ ഉൾപ്പെട്ട 6 റോഡുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തലശ്ശേരി-കൊടുവള്ളി-മമ്പറം-അഞ്ചരക്കണ്ടി-മട്ടന്നൂർ എയർപോർട്ട് റോഡ് (24.50 കി.മീ.)

നിലവിൽ ഈ റോഡ് രണ്ടുവരിപ്പാതയിൽ ഡി.ബി.എം. ഉപരിതലത്തോടു കൂടിയുള്ളതാണ്. പ്രസ്തുത റോഡ് 24 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള അലൈൻമെന്റ് തീരുമാനമാകുകയും ആയത് പ്രകാരം ഭൂമിയുടെ അതിർത്തി നിർണ്ണയവും കെട്ടിടങ്ങളുടെയും മറ്റും കണക്കെടുപ്പും പുരോഗതിയിലാണ്. പ്രസ്തുത റോഡിൽനിന്ന് തലശ്ശേരി മാഹി ബൈപ്പാസിലേയ്ക്ക് പ്രവേശനം സാധ്യമാകുന്ന വിധത്തിൽ സർവ്വീസ് റോഡുകൾ നിർമ്മിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

2. കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്-പാനൂർ-പൂക്കോട് കൂത്തുപറമ്പ്-മട്ടന്നൂർ റോഡ് (53.15 കി.മീ.)

ഈ പ്രവൃത്തിയുടെ കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെയുള്ള ഭാഗം കോഴിക്കോട് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്നതും നിലവിൽ

ബി.എം.&ബി.സി. ചെയ്ത രണ്ടുവരിപ്പാതയുമാണ്. ആയത് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള ഭാഗം കണ്ണൂർ നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്നതാണ്. ഇതിന്റെ കരട് അലൈൻമെന്റ് തയ്യാറായിട്ടുണ്ട്. ഇതിൽ പെരിങ്ങത്തൂർ മുതൽ കൂത്തുപറമ്പ് വരെയുള്ള ഭാഗം ബി.എം.&ബി.സി. ചെയ്ത ഉപരിതലത്തോടുകൂടിയുള്ള രണ്ടുവരിപ്പാതയാണ്. പ്രസ്തുത റോഡ് നാലുവരിപ്പാത യാക്കുന്നതിനുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിനുള്ള സർവ്വേ നടപടികൾ 2018 ഡിസംബർ 31 ഓടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

3. <u>മാനന്തവാടി-ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം- മട്ടന്നൂർ റോഡ് (63.50 കി.മീ.)</u>

വനപ്രദേശം ഒഴികെയുള്ള 'മാനന്തവാടി-ബോയ്സ് ടൗൺ- പേരാവൂർ - ശിവപുരം- മട്ടന്നൂർ റോഡ് ' കിഫ്ബിയിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനാണ് 30-12-2017-ലെ സ.ഉ.(കൈ) നമ്പർ 74/2017/ പൊ.മ.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത റോഡിന്റെ മാനന്തവാടി മുതൽ അമ്പായത്തോട് വരെയുള്ള ഭാഗം വയനാട് നിരത്ത് വിഭാഗത്തിന്റെ കീഴിലും അമ്പായത്തോട് മുതൽ മട്ടന്നൂർ വരെയുള്ള ഭാഗം കണ്ണൂർ നിരത്ത് വിഭാഗത്തിന്റെ കീഴിലുമാണ്. പ്രസ്തുത റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിനുള്ള സർവ്വേ നടപടികൾ 2018 ഡിസംബർ 31 ഓടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

4. & 5. <u>കൂട്ടുപുഴപാലം - ഇരിട്ടി- മട്ടന്നൂർ - വായന്തോട് റോഡ് (32.00 കി.മീ.) & മേലെ ചൊവ്വ-ചാലോട്- വായന്തോട്- മട്ടന്നൂർ- എയർപോർട്ട് റോഡ് (26.30 കി.മീ.)</u>

കേന്ദ്ര സർക്കാർ നിലവിൽ രണ്ടുവരിയിൽ ദേശീയപാതയായി വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയ കണ്ണൂർ (ചൊവ്വ)- വിരാജ്പെട്ട് റോഡിന്റെ ഭാഗമാണ് പ്രസ്തുത 2 റോഡുകൾ. ഇവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

6. തളിപ്പറമ്പ - ചെറക്കള- നണിശ്ശേരിക്കടവ് പാലം- മയ്യിൽ- ചാലോട് റോഡ് (27.20 കി.മീ.)

പ്രസ്തുത റോഡ് രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് നിലവിൽ നാലുവരിപ്പാതയായി വികസിപ്പിക്കേണ്ട ആവശ്യകതയില്ലെന്നും നിലവിൽ സാമ്പത്തികാനുമതി ലഭിച്ച കിഫ്ബി പ്രവൃത്തി പൂർത്തിയാക്കിയാൽ മതിയാകുമെന്നും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

(സി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും സാധ്യതാ പഠനം നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും Louis Berger Consulting Pvt. Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും പ്രസ്തുത കൺസൾട്ടന്റുമായി കെ.എസ്.ഐ.ഡി.സി. ധാരണാപത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും പ്രാരംഭ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ടൂറിസത്തിന്റെ സമഗ്രമായ വികസനം മുൻനിർത്തി 8 മുതൽ 10 സീറ്റുള്ള ഒറ്റ എഞ്ചിൻ വിമാനങ്ങൾ (Airvan) ഉപയോഗിച്ച് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ചെറുവിമാന സർവ്വീസുകൾ നടത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ആശ്രാമം മൈതാനം (കൊല്ലം), മൂന്നാർ, തേക്കടി (ഇടുക്കി), കൽപ്പറ്റ (വയനാട്), ബേക്കൽ (കാസർഗോഡ്), ഗുരുവായൂർ (തൃശ്ശൂർ), പാലക്കാട്, ആലപ്പുഴ ബീച്ച് (ആലപ്പുഴ), വർക്കല (തിരുവനന്തപുരം), കുമരകം (കോട്ടയം) എന്നീ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ്/ഹെലിപോർട്ട് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഏകദേശം 1400 മീറ്റർ ദൈർഘ്യമുള്ള റൺവേ മതിയാകും. ചെറുവിമാനങ്ങൾ സർവ്വീസിനായി ഉപയോഗിക്കുന്നതിനാൽ പരിപാലന ചെലവും യാത്രാനിരക്കും കുറവായിരിക്കും.

(ഡി) സംസ്ഥാനം സ്ഥലം ഏറ്റെടുത്ത് നൽകി വികസനം നടത്തിയ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിൽനിന്നും പിന്മാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്.

## ശബരിമല വിമാനത്താവളം

95 (2046) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവളം നിർമ്മാണവുമായി ബന്ധപ്പെട്ട് വിദേശ കമ്പനിയായ ഹാരിസൺസ് കൈവശം വച്ചിരുന്ന 38000 ഏക്കർ സ്ഥലം ഏറ്റെടുക്കുവാൻ സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) ശബരിമല വിമാനത്താവളം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടുന്നത് ഇപ്രകാരം ഏറ്റെടുത്ത സ്ഥലത്താണോയെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തോട്ട ഉടമകൾക്കാണെന്ന് കോടതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) ചെറുവള്ളി എസ്റ്റേറ്റ് നഷ്ടപരിഹാരം കൊടുത്ത് ഏറ്റെടുക്കുവാനാണോ ഉദ്ദേശിക്കുന്നത്; എങ്കിൽ, ഒരിക്കൽ ഏറ്റെടുത്ത സ്ഥലം എപ്രകാരമാണ് നഷ്ടപരിഹാരം കൊടുത്ത് വീണ്ടും ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി അവരിൽനിന്ന് ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ തുടങ്ങിയവർക്കെതിരെ കേരള ഭൂസംരക്ഷണ നിയമം 1957 സെക്ഷൻ 15 പ്രകാരം നടപടിയെടുക്കുന്നതിന് നിയമിതനായ സ്പെഷ്യൽ ഓഫീസർ HML ഉം മറ്റ് കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ അനധികൃതമായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഏറ്റെടുക്കുന്നതിനായി ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി. നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിനായി പരിഗണിക്കുന്ന ചെറുവള്ളി എസ്റ്റേറ്റും അപ്രകാരം ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ ഇറക്കിയ ഉത്തരവിൽപ്പെട്ട ഭൂമിയാകുന്നു.

(സി) ഇല്ല. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ടി കമ്പനികളും (HML, Boyce, Cheruvally (GFA), Riya, TR... മറ്റുള്ളവരും ഫയൽ ചെയ്ത WP(C) 33122/ 2014-ഉം മറ്റ് ബന്ധപ്പെട്ട റിട്ട് ഹർജികളിൽ 11-04-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധിയിൽ ടി കമ്പനികളുടെ ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ ഇറക്കിയ ഉത്തരവും റദ്ദുചെയ്യുകയുണ്ടായി. കെ.എൽ.സി. നിയമപ്രകാരം നിയോഗിക്കപ്പെട്ട സ്പെഷ്യൽ

ഓഫീസർക്ക് ഒറ്റയടിക്ക് കമ്പനികളുടെ കൈവശമുള്ള രേഖകൾ അസാധുവാക്കി പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ അധികാരമില്ല എന്നാണ് കോടതി വിധിച്ചിരിക്കുന്നത് പ്രസ്തുത വിധിയിൽ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച കാര്യങ്ങൾ ഡിവിഷൻ ബെഞ്ച് പരിഗണിച്ചിട്ടില്ല എന്നുമാത്രമേ ഹാരിസൺ അടക്കമുള്ള കമ്പനികൾക്ക് ഭൂമിയുടെ ഉടമസ്ഥത ഉള്ളതായി കോടതി കണ്ടെത്തിയിട്ടില്ലാത്തതുമാകുന്നു. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനായി പരാതിക്കാരായ കമ്പനികൾ കോടതിയെ സമീപിക്കേണ്ടതില്ലെന്നും ടി വിഷയത്തിൽ സർക്കാരിന്റെ അധികാരപ്പെട്ട കേന്ദ്രങ്ങൾക്ക് ആവശ്യമായ വ്യവസ്ഥാപിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് സർക്കാരിന് സിവിൽ കോടതിയിൽ സമീപിക്കാവുന്നതാണെന്നും പ്രസ്തുത വിധിയിൽ പരാമർശിച്ചിരുന്നു. ഈ വിധിക്കെതിരെ ഫയൽ ചെയ്ത അപ്പീലുകൾ 17-9-2018-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളുകയുണ്ടായി.

(സി) തർക്ക വിഷയമായ ഭൂമി ആയതിനാൽ ഭൂമി വിലയ്ക്കുവാങ്ങുന്നത് സംബന്ധിച്ച വിഷയം നിലവിൽ ഉദിക്കുന്നില്ല.

**എരുമേലി വിമാനത്താവളം**

96 (2047) <u>ശ്രീ. പി. സി. ജോർജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന്റെ ഭാഗമായി എരുമേലി വിമാനത്താവളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) എരുമേലി വിമാനത്താവളവുമായി ബന്ധപ്പെട്ട് നടത്തിയ പഠന റിപ്പോർട്ടുകളിൽ എടുത്ത തീരുമാനം വിശദമാക്കുമോ;

(സി) പ്രസ്തുത വിമാനത്താവളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ രാഷ്ട്രീയപാർട്ടികളുടെ സർവ്വകക്ഷിയോഗം നടത്തുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്ന്; വ്യക്തമാക്കുമോ?

ഉത്തരം

(എ& ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം

നൽകുകയും സാധ്യതാ പഠനം നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ(കെ.എസ്.ഐ.ഡി.സി.)ചുമതലപ്പെടുത്തുകയുമുണ്ടായി. തുടർന്ന് ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ശ്രമിക്കുന്നത്. ഇതിലേയ്ക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അടിയന്തരമായി ലഭ്യമാക്കുന്നതിന് കൺസൾട്ടന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കും.

(സി) ഇല്ല.

**കടൽ റൺവേ പദ്ധതി**

97 (2048) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ അടുത്ത നൂറ് വർഷത്തെ വികസനം മുൻനിർത്തി കടൽ റൺവേ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ; ഏത് ഏജൻസിയാണ് ഇത് സംബന്ധിച്ച പ്രാഥമിക രൂപരേഖ സമർപ്പിച്ചത്; പ്രസ്തുത രൂപരേഖയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് ആകെ എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; വിശദമാക്കുമോ;

(ഡി) തീരദേശത്തെ ജനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും കുടുംബങ്ങളുടെ ജീവനോപാധികളെ ബാധിക്കാതെ പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

## എയർസ്ട്രിപ്പുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി

98 (2049) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയർസ്ട്രിപ്പുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് എയർസ്ട്രിപ്പുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ഇത്തരം എയർസ്ട്രിപ്പുകൾ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ടൂറിസത്തിന്റെ സമഗ്രമായ വികസനം മുൻനിർത്തി 8 മുതൽ 10 സീറ്റുള്ള ഒറ്റ എഞ്ചിൻ വിമാനങ്ങൾ (Airvan) ഉപയോഗിച്ച് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ചെറുവിമാന സർവ്വീസുകൾ നടത്തുന്നതിനാണ് വിഭാവന ചെയ്യുന്നത്. ആശ്രാമം മൈതാനം (കൊല്ലം), മൂന്നാർ, തേക്കടി (ഇടുക്കി), കൽപ്പറ്റ (വയനാട്), ബേക്കൽ (കാസർഗോഡ്), ഗുരുവായൂർ (തൃശ്ശൂർ), പാലക്കാട്, ആലപ്പുഴ ബീച്ച് (ആലപ്പുഴ), വർക്കല (തിരുവനന്തപുരം), കുമരകം (കോട്ടയം) എന്നീ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ്/ഹെലിപോർട്ട് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഏകദേശം 1400 മീറ്റർ ദൈർഘ്യമുള്ള റൺവേ മതിയാകും. ചെറുവിമാനങ്ങൾ സർവ്വീസിനായി ഉപയോഗിക്കുന്നതിനാൽ പരിപാലന ചെലവും യാത്രാനിരക്കും കുറവായിരിക്കും. സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഇത് സഹായകമാകും.

## ലൈറ്റ് മെട്രോ പദ്ധതി

99 (2050) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധിച്ച് നിയോഗിച്ച വകുപ്പ് മേധാവികളുടെ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ എന്ത് തുക ചെലവ് വരും; പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 ആഗസ്റ്റ് മാസം കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ. പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് താമസിയാതെ സംസ്ഥാന മന്ത്രിസഭ പരിഗണിക്കുകയും ആവശ്യമായ തുടർനടപടികളെക്കുറിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്.

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ വിശദ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതിയുടെ നിരീക്ഷണങ്ങളുടെ സംക്ഷിതരൂപം താഴെപ്പറയുന്നു:

1. നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതികൾ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ പൊതു ഗതാഗത സംവിധാനങ്ങളിൽ കാതലായ മാറ്റംവരുത്തുന്നതിന് ശേഷിയുള്ളതാണ്. പ്രസ്തുത നഗരങ്ങളിലുള്ള ജനങ്ങൾക്ക് സമയബന്ധിതവും ചെലവ് ചുരുങ്ങിയതും പരിസ്ഥിതി സൗഹാർദ്ദപരവും സുഖപ്രദവും സുരക്ഷിതവുമായ യാത്രയ്ക്കുള്ള അവസരം ഇതുവഴി ലഭ്യമാകുന്നതാണ്. ചുരുങ്ങിയത് 50 വർഷത്തേയ്ക്കെങ്കിലുമുള്ള ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായ ഒരു ഗതാഗത സംവിധാനമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

2. ആദ്യവർഷങ്ങളിൽ യാത്രക്കാരുടെ എണ്ണം പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിനേക്കാൾ ഗണ്യമായി കുറവായിരിക്കും എന്നാണ് സമിതിയുടെ വിലയിരുത്തൽ. രാജ്യത്തെ സമാനമായ മറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ലൈറ്റ് മെട്രോകൾ പ്രവർത്തനസജ്ജമായശേഷം പ്രതീക്ഷിക്കാവുന്ന വിവിധ സാഹചര്യങ്ങൾ കമ്മിറ്റി

കണക്കിലെടുത്തിട്ടുണ്ട്. ലൈറ്റ് മെട്രോ പ്രവർത്തനം ആരംഭിച്ച് ആദ്യ 7-8 വർഷ കാലയളവിലായി കോഴിക്കോട് 101 കോടി രൂപയും തിരുവനന്തപുരത്ത് 143 കോടി രൂപയും സർക്കാരിന്റെ ഭാഗത്തുനിന്ന് അധിക ധനസഹായമായി വേണ്ടിവരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. രണ്ട് പദ്ധതികളും പൂർത്തിയായതിനുശേഷം 8-9 വർഷംകൊണ്ട് നടത്തിപ്പിനാവശ്യമായ വരുമാനം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. പദ്ധതി പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായി 5 വർഷംകൊണ്ട് 2187 കോടി രൂപയാണ് (സ്ഥലമെടുപ്പ് ഉൾപ്പെടെ) ലഭ്യമാക്കേണ്ടത്.

4. പദ്ധതി വിഹിതത്തിന് പുറമെ ഏകദേശം 3783 കോടി രൂപ വായ്പയും അതിന്മേലുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. വായ്പ തിരിച്ചടയ്ക്കുന്നതിനായി ഏഴ് മുതൽ പത്ത് വർഷം വരെയുള്ള മൊറട്ടോറിയം ഉൾപ്പെടെ 30 വർഷത്തെ കാലയളവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലൈറ്റ് മെട്രോ നടത്തിപ്പിൽനിന്നുള്ള വരുമാനം വായ്പ തിരിച്ചടയ്ക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഇത് ഏതാണ്ട് പൂർണ്ണമായും സർക്കാർ വഹിക്കേണ്ടിവരും.

5. പുതുക്കിയ പദ്ധതിരേഖ കേന്ദ്രസർക്കാരിന്റെ പുതിയ മെട്രോ നയപ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നതായാണ് കാണുന്നത്. എന്നാൽ പദ്ധതിയുടെ സാങ്കേതിക വശങ്ങളും ഇനംതിരിച്ചുള്ള ചെലവ് സംബന്ധിച്ചും കമ്മിറ്റി വിശദമായ പരിശോധന നടത്തിയിട്ടില്ല.

6. Value Capture Finance (VCF)-നായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ മെട്രോപാതയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള നികുതിയും ഭൂമിയുടെ രജിസ്ട്രേഷൻ നിരക്കും വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ ഉൾപ്പെടുന്നു. ഇത് തത്വത്തിൽ അംഗീകരിക്കാവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ ശിപാർശകൾ നടപ്പിലാക്കുന്നതിന് മുൻപ് നിരക്ക് വർദ്ധനയുടെ തോത് നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് വിശദമായ പഠനം നടത്തേണ്ടത് ആവശ്യമാണ്.

7. മെട്രോ പാതയിൽ കെട്ടിട നിർമ്മാണത്തിനായുള്ള Floor Area Ratio (FAR) 4 ആയി വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയമങ്ങളിലും (KMBR), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ നിയമങ്ങളിലും (KPBR), ഇതിനോടകംതന്നെ മിക്ക വിഭാഗം കെട്ടിടങ്ങളുടെയും FAR 4 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ആകെ ചെലവ് 4673 കോടി രൂപയാണ്. പദ്ധതി പൂർത്തീകരിക്കാനെടുക്കുന്ന കാലയളവ് 5 വർഷമാണ്. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ആകെ ചെലവ് 2773 കോടി രൂപയാണ്. പദ്ധതി പൂർത്തീകരിക്കാനെടുക്കുന്ന കാലയളവ് 4 വർഷമാണ്.

**തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി**

100(2051) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഡൽഹി മെട്രോ കോർപ്പറേഷൻ സമർപ്പിച്ച രൂപരേഖയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആകെ ചെലവ് എത്ര കോടി രൂപയായിരുന്നു;

(സി) ഡി.എം.ആർ.സി. സമർപ്പിച്ച പദ്ധതി റിപ്പോർട്ട്, പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഐ.എ.എസ് ഉദ്യോഗസ്ഥരുടെ ഒരു സമിതിയെ നിയമിച്ചിരുന്നോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.എം.ആർ.സി. സമർപ്പിച്ച റിപ്പോർട്ടിൽ അടിസ്ഥാനപരമായ എന്തൊക്കെ മാറ്റങ്ങളാണ് ഉദ്യോഗസ്ഥരുടെ സമിതി നിർദ്ദേശിച്ചത്; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ വന്നിട്ടുള്ള കാലതാമസംമൂലം പദ്ധതി ചെലവിൽ എന്ത് വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(ഇ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയുടെ അന്തിമ റിപ്പോർട്ട് കേന്ദ്രത്തിന് അടിയന്തരമായി സമർപ്പിച്ച് അനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 2017 ആഗസ്റ്റ് മാസം കേന്ദ്രസർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ. പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ

സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് താമസിയാതെ സംസ്ഥാന മന്ത്രിസഭ പരിഗണിക്കുകയും ആവശ്യമായ തുടർനടപടികളെക്കുറിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്.

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഡി.എം.ആർ.സി. സമർപ്പിച്ച പദ്ധതി റിപ്പോർട്ട് പ്രകാരം തിരുവനന്തപുരത്ത് പദ്ധതി പൂർത്തിയാക്കുമ്പോൾ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 4673 കോടി രൂപയും കോഴിക്കോട് ലൈറ്റ് മെട്രോയ്ക്ക് 2773 കോടി രൂപയുമാണ്.

(സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയുടെ പുതുക്കിയ പദ്ധതി രേഖ (ഡി.പി.ആർ.) 2017 ഡിസംബറിൽ ഡി.എം.ആർ.സി.-ക്ക് സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ. പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സമിതി ഡി.എം.ആർ.സി.-യുടെ റിപ്പോർട്ടിന്മേൽ മാറ്റങ്ങളൊന്നും നിർദ്ദേശിച്ചിട്ടില്ല. ആദ്യവർഷങ്ങളിൽ പ്രതീക്ഷിക്കുന്ന വരുമാനത്തിലും യാത്രക്കാരുടെ എണ്ണത്തിലും ഗണ്യമായ കുറവുണ്ടാകാൻ സാധ്യതയുണ്ടെന്ന നിരീക്ഷണമാണ് സമിതി നടത്തിയിട്ടുള്ളത്. ഇതുമൂലം സർക്കാരിന്മേൽ ഉണ്ടാകുന്ന അധിക ബാധ്യതയെക്കുറിച്ചും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

(ഡി) പദ്ധതി അടങ്കൽ തുക 6728 കോടി രൂപയിൽനിന്ന് 7446 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധനവിന്റെ ഒരു ഭാഗം രൂപകൽപ്പനയിലുള്ള മാറ്റങ്ങൾമൂലം ഉണ്ടായിട്ടുള്ളതാണ്.

(ഇ) പദ്ധതി റിപ്പോർട്ടുകൾക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

**തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ**

101 (T* 2052) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും പുരോഗതിയും വ്യക്തമാക്കാമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാകാനുള്ള കടമ്പകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിലെ മേൽപ്പാലനിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ; ഇവയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2017 ആഗസ്റ്റ് മാസം കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതിരേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ. പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് താമസിയാതെ സംസ്ഥാന മന്ത്രിസഭ പരിഗണിക്കുകയും ആവശ്യമായ തുടർനടപടികളെക്കുറിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്.

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പുതുക്കിയ കേന്ദ്ര മെട്രോ റെയിൽ നയത്തിനനുസൃമായി മാറ്റങ്ങൾ വരുത്തി പുതുക്കിയ പദ്ധതിരേഖ നിലവിൽ കേരള സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരത്തിനുശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായശേഷം പദ്ധതി യാഥാർത്ഥ്യമാകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീകാര്യം ജംഗ്ഷനിൽ മേൽപ്പാല നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സാമൂഹികാഘാത പഠനം പൂർത്തിയായിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള തുടർനടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

ഉള്ളൂർ മേൽപ്പാലത്തിനുള്ള അന്തിമ രൂപരേഖ അംഗീകരിക്കുകയും തുടർന്ന് 2017 ഡിസംബറിൽ സ്ഥലമെടുപ്പിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു. സാമൂഹികാഘാത പഠനം താമസിയാതെ പൂർത്തിയാകും. അതിനുശേഷം മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടം മേൽപ്പാലത്തിനുള്ള പുതുക്കിയ രൂപരേഖ (പ്ലാമൂട് വരെ ദീർഘിപ്പിച്ചുകൊണ്ടുള്ള) അംഗീകരിക്കുകയും 2018 ആഗസ്റ്റിൽ സ്ഥലമെടുപ്പിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

**അന്തർ സംസ്ഥാന നദീജല വിഷയം**

102 (T*2053) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദീജല വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ ഉപദേശം നൽകുന്നതിനുള്ള സേന രൂപീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ ഘടനയും നിലവിലുള്ള അംഗങ്ങളേയും സംബന്ധിച്ചുള്ള വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത സേനയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദ വിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ കേരളത്തിന്റെ താൽപ്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനുവേണ്ടി ഭരണപരവും നിയമപരവുമായ എല്ലാ സാധ്യതകളും സംസ്ഥാനം ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിന് പ്രധാനമായും

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ജലം ലഭിക്കുന്ന പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് കരാർ പ്രകാരം ലഭിക്കേണ്ട ജലം സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങളിൽ കേരളം ശക്തമായ വാദമുഖങ്ങൾ ഉയർത്തി കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന് അവകാശപ്പെട്ട ജലവിഹിതം പരാമവധി നേടിയെടുക്കുകയും ചെയ്തുവരുന്നു. ഇതിനുപുറമെ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിന് കേരള വൈദ്യുതി ബോർഡും ജലസേചന വകുപ്പും തമിഴ്നാടുമായി ഉഭയകക്ഷി ചർച്ചയടക്കമുള്ള ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. തുടർന്നും ഇത്തരം കാര്യക്ഷമമായ ഇടപെടലുകൾ ആവശ്യമായ ഘട്ടത്തിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

അന്തർസംസ്ഥാന നദീജല വിഷയത്തിൽ സുപ്രീം കോടതിയിലും ഹൈക്കോടതിയിലുമുള്ള നിലവിലുള്ള കേസ്സുകൾ, വിദഗ്ദ്ധ അഭിഭാഷകരെ ചുമതലപ്പെടുത്തി കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഫലപ്രദമായി നടത്തിവരുന്നു. ഇതുകൂടാതെ 5-5-2008-ലെ G.O.(Rt) No. 456/2008/WRD പ്രകാരം കേരള സംസ്ഥാനത്തിന്റെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേയ്ക്ക് അനധികൃതമായി കടത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ ജലസേചന വകുപ്പിൽ ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ. വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് നദീതടങ്ങളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും നിയോഗിക്കപ്പെട്ടിട്ടുള്ള സംവിധാനം നിലവിലുണ്ട്. ഈ ഉദ്യോഗസ്ഥർ എല്ലാ മാസവും ഇൻസ്പെക്ഷൻ നടത്തി നൽകുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് യഥാസമയം സർക്കാരിന് സമർപ്പിച്ചുവരുന്നു. ഇപ്രകാരം വിജിലൻസ് ഓഫീസർമാരുടെ ഭാഗത്തുനിന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വീഴ്ചകൾ ഉണ്ടാകാതെയിരിക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിൽനിന്ന് അനധികൃതമായി ജലം കൊണ്ടുപോകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടാൽ സർക്കാർ ഈ വിവരം ബന്ധപ്പെട്ട സംസ്ഥാനങ്ങളെ അറിയിക്കുകയും അത് തടയുവാനുള്ള തുടർനടപടികളും എടുത്തുവരുന്നുണ്ട്.

(ബി-ഡി) അന്തർസംസ്ഥാന നദീജല വിഷയത്തിൽ ഉപദേശം നൽകുന്നതിനുള്ള സേനയൊന്നും രൂപീകരിച്ചിട്ടില്ല. എന്നാൽ 9-6-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 501/2017/ജ.വി.വ. പ്രകാരം അന്തർ സംസ്ഥാന നദീജല തർക്കങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വേഗത്തിലും കൃത്യമായും തീരുമാനം എടുക്കുന്നതിന് സർക്കാരിനാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുന്നതിനായി ശ്രീ. വി. ജെ. കുര്യൻ ഐ.എ.എസ്. (റിട്ട)

ചെയർമാനായും ഇറിഗേഷൻ വകുപ്പിലേയും വൈദ്യുതി വകുപ്പിലേയും വിരമിച്ച ചീഫ് എഞ്ചിനീയർമാരും ഇറിഗേഷൻ വകുപ്പിലെ ചീഫ് എഞ്ചിനീയറായ ശ്രീ. ടി. ജെ. സെൻ എന്നിവർ അംഗങ്ങളുമായ ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ ഉപദേശക സമിതി നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും അന്തർസംസ്ഥാന നദീജല തർക്കങ്ങളുമായുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ സർക്കാരിനെ അറിയിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത ഉപദേശക സമിതിയുടെ മൂന്ന് യോഗങ്ങൾ ഇതുവരെ കൂടിയിട്ടുണ്ട്. അതിൽ പ്രധാനമായും പറമ്പിക്കുളം-ആളിയാർ പദ്ധതി കാവേരി, മുല്ലപ്പെരിയാർ എന്നീ വിഷയങ്ങളിൽ സർക്കാരിന് ഉചിതമായ ഉപദേശങ്ങൾ നൽകിയിട്ടുണ്ട്.

## അന്തർ സംസ്ഥാന നദികളുടെ നിയന്ത്രണത്തിനായി നദീതട പരിപാലന ബിൽ

103 (2054) ശ്രീ. ഐ .സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അന്തർസംസ്ഥാന നദികളുടെ നിയന്ത്രണം ഏറ്റെടുക്കുന്നത് ലക്ഷ്യമാക്കി നദീതട പരിപാലന ബിൽ കൊണ്ടുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിയമം പ്രാബല്യത്തിൽ വന്നാൽ സംസ്ഥാന താല്പര്യങ്ങളെ എപ്രകാരമാണ് ബാധിക്കുകയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച കരട് ബില്ലിന്മേൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന നദികളുടെ നിയന്ത്രണത്തിനും വികസനത്തിനുംവേണ്ടിയും റിവർബേസിൻ അതോറിറ്റി സ്ഥാപിക്കുവാൻ ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ തയ്യാറാക്കിയതാണ് കരട് നദീതട പരിപാലന ബിൽ 2018 (Draft River Basin Management Bill). ഈ നിയമം പ്രാബല്യത്തിൽ വന്നാൽ സംസ്ഥാന താൽപ്പര്യങ്ങളെ എപ്രകാരമാണ് ബാധിക്കുകയെന്ന വിഷയത്തിൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്.

(സി) ഇതുസംബന്ധിച്ച കരട് ബില്ലിന്മേൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. കരട് ബില്ലിലെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

## സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കുന്നതിന് സോഷ്യൽ മീഡിയ

104 (2055) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയയിലൂടെ സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(ബി) 2017-ലെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് ഇത്തരത്തിൽ സോഷ്യൽ മീഡിയയിലൂടെ പ്രചരണം നടത്തിയതിന് മാത്രം എത്ര തുക ചെലവഴിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രളയത്തിന് ശേഷം ഇത്തരത്തിൽ സോഷ്യൽ മീഡിയ വഴി സർക്കാർ നേട്ടങ്ങൾ പ്രചരിപ്പിച്ചതിന് എത്ര തുക അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; ഇനി ഈ ഇനത്തിൽ എത്ര തുക നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 68,57,538 രൂപ (അറുപത്തി എട്ട് ലക്ഷത്തി അൻപത്തി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം).

(ബി) 17,70,000 രൂപ (പതിനേഴ് ലക്ഷത്തി എഴുപതിനായിരം രൂപ).

(സി) തുക അനുവദിച്ചിട്ടില്ല.

## സർക്കാർ ഉത്തരവുകൾ വിവര-പൊതുജന-വിവര സമ്പർക്ക വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കൽ

105 (2056) ശ്രീ. ഇ. കെ വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവുകൾ വിവര -പൊതുജന -വിവര സമ്പർക്ക വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇ - ഓഫീസുകൾ വഴി അംഗീകരിക്കുന്ന സർക്കാർ ഉത്തരവുകൾ ഇ-ഓഫീസിന്റെ വിവര -പൊതുജന - വിവര സമ്പർക്ക വകുപ്പിന്റെ വെബ് സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം ഉത്തരവുകൾ എം.എൽ.എ.-മാരുടെ ഇ-മെയിലിൽ ലഭ്യമാക്കാൻ പ്രസ്തുത വകുപ്പിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല. സർക്കാർ ഉത്തരവുകൾ സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും http://eoffice.kerala.gov.in-ലും ലഭ്യമാണ്.

(സി) ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന എല്ലാ സർക്കാർ ഉത്തരവുകളും അവ അംഗീകരിച്ചയുടനെതന്നെ http://eoffice.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധമാകുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. യൂസർ ഐ.ഡി.-യും പാസ്‌വേർഡും ഇല്ലാതെതന്നെ പൊതുജനങ്ങൾക്ക് ഉത്തരവുകളുടെ പകർപ്പുകൾ പ്രസ്തുത വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

(ഡി) സർക്കാർ ഉത്തരവുകൾ www.kerala.gov.in എന്ന വെബ്പോർട്ടലിൽ നിന്നും http://eoffice.kerala.gov.in എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

**സൗദി അറേബ്യയിൽ വിദ്യാഭ്യാസ മേഖലയിൽ സ്വദേശിവൽക്കരണം**

106 (2057) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ വിദ്യാഭ്യാസ മേഖലയിൽ സ്വദേശിവൽക്കരണം ശക്തമാക്കുന്നതിനുള്ള നടപടി ആരംഭിച്ചത് അവിടെ ജോലി ചെയ്യുന്ന മലയാളികളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സൗദി അറേബ്യയിലെ വിദ്യാഭ്യാസ മേഖലയിൽ എത്ര മലയാളികൾ നിലവിൽ ജോലി ചെയ്യുന്നുണ്ട് എന്നത് സംബന്ധിച്ച കണക്ക് നോർക്ക വകുപ്പിന്റെ കൈവശമുണ്ടോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സൗദി അറേബ്യയിൽ വിദ്യാഭ്യാസ മേഖലയിൽ സ്വദേശിവൽക്കരണം ശക്തമാക്കുന്നതിനുള്ള നടപടി ആരംഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച സ്ഥിതിവിവര കണക്ക് ലഭ്യമല്ല.

**വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന പ്രവാസികൾ**

107 (2058) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്ന പ്രവാസികളായ കേരളീയരുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിന് നൽകി വരുന്ന സർക്കാർ സഹായങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രവാസികളായ കേരളീയരുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിന് ആവശ്യമായ വിമാനയാത്രാ കൂലി സർക്കാർ വഹിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ടി തുക വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) വിമാനത്താവളങ്ങളിൽ എത്തിക്കുന്ന മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനാവശ്യമായ ആംബുലൻസ് സർവ്വീസും മറ്റ് ചെലവുകളും സർക്കാർ വഹിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽവച്ച് പ്രവാസികൾ മരണപ്പെടുന്ന വിവരം ബന്ധുക്കളിൽനിന്നോ വിദേശ മലയാളി അസോസിയേഷനുകളിൽനിന്നോ ലഭിച്ചാലുടൻ അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസി/ഇന്ത്യൻ കോൺസുലേറ്റുകളുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) വിദേശത്തുവച്ച് മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം നാട്ടിലെത്തിച്ചതിനുശേഷം വിമാനയാത്രാക്കൂലിയായി ചെലവാക്കിയ തുക റീ-ഇമ്പേഴ്സ് ചെയ്ത് നൽകുന്ന 'കാരുണ്യം' പദ്ധതി നിലവിലുണ്ട്. മരണമടഞ്ഞ പ്രവാസിക്കോ ബന്ധുക്കൾക്കോ മറ്റൊരു ധനാഗമമാർഗ്ഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രമേ ഈ സഹായം നൽകുകയുള്ളൂ. വിദേശത്തുനിന്ന് മൃതദേഹം എത്തിക്കുന്നതിനുള്ള ചെലവ് ഇന്ത്യൻ എംബസിയോ സ്പോൺസറോ വഹിക്കാത്ത സാഹചര്യത്തിൽ പരമാവധി 50,000 രൂപയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും മൃതദേഹം എത്തിക്കുന്നതിന് പരമാവധി 15,000 രൂപയുമാണ് റീ-ഇമ്പേഴ്സ് ചെയ്ത് നൽകുന്നത്.

(സി) വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽനിന്നും മരണപ്പെട്ട ആളിന്റെ വീട്ടിലേയ്ക്ക് സൗജന്യമായി എത്തിക്കുന്നതിനായി നോർക്ക ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി സഹകരിച്ച് എമർജൻസി ആംബുലൻസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

**പ്രവാസി ക്ഷേമം**

108 (2059) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമം സംബന്ധിച്ച പ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള സ്ഥിതിവിവര കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രവാസികൾ ഏറ്റവും കൂടുതലുള്ള മലപ്പുറം ജില്ലയിൽ പ്രവാസി ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രവാസി ക്ഷേമത്തിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എല്ലാംതന്നെ സംസ്ഥാന തലത്തിലാണ് നടപ്പാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. മലപ്പുറം ജില്ലയിൽ പ്രവാസികളുടെ എണ്ണം കൂടുതലായതിനാൽ ആനുപാതികമായി ഗുണഭോക്താക്കളുടെ എണ്ണവും കൂടുതലാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ഒരു ലെയ്സൺ ഓഫീസ് മലപ്പുറം ജില്ലയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**കുറയുന്ന വിദേശ കുടിയേറ്റം**

109 (2060) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ സർവ്വേ റിപ്പോർട്ട് പ്രകാരം വിദേശ കുടിയേറ്റം കുറയുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രവാസികളുടെ എണ്ണം 11.5 ശതമാനം കുറഞ്ഞെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(സി) കുടിയേറ്റം കുറയുവാനുള്ള പ്രധാന കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുടിയേറ്റം കുറഞ്ഞുവഴി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998 മുതൽ 2018 വരെയുള്ള സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ സർവ്വേ റിപ്പോർട്ട് പ്രകാരം വിദേശ കുടിയേറ്റത്തിൽ 13.5% കുറവുണ്ടായിട്ടുണ്ട്.

(ബി) സുരക്ഷിതവും നിയമപരവും ചെലവ് കുറഞ്ഞതുമായ കുടിയേറ്റം ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം, വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നീ വിഷയങ്ങളിൽ കാര്യക്ഷമമായി സർക്കാർ ഇടപെടുന്നതിന് പുറമേ നോർക്ക റൂട്ട്സ് വഴിയുള്ള റിക്രൂട്ട്മെന്റിന് സാധ്യമായ എല്ലാ മാർഗ്ഗങ്ങളും തേടുന്നുണ്ട്.

(സി) കുടിയേറ്റം കുറയുവാൻ പ്രധാനമായും 5 കാരണങ്ങളാണുള്ളത്.

1. ജനസംഖ്യാപരമായ പരിവർത്തനം കാരണം യുവതലമുറയുടെ എണ്ണത്തിലുണ്ടായ കുറവ്
2. ഗൾഫ് മേഖലയിലുണ്ടായ വേതനക്കുറവ്
3. കേരളത്തിലുണ്ടായ വേതന വർദ്ധനവ്
4. എണ്ണവിലയിലുണ്ടായ കുറവ് ഗൾഫ് സമ്പദ് വ്യവസ്ഥയിലുണ്ടാക്കിയ തിരിച്ചടി
5. ഗൾഫ് നാടുകളിലെ സ്വദേശിവൽക്കരണം

മേൽപ്പറഞ്ഞിരിക്കുന്ന കാരണങ്ങളൊന്നുംതന്നെ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതല്ല. എന്നിരുന്നാലും സുരക്ഷിതവും നിയമപരവുമായ വിദേശ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക-റൂട്ട്സിന്റെ റിക്രൂട്ട്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം സർക്കാർ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രവാസികളുടെ വിദേശ നിക്ഷേപം ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ വിദേശ കുടിയേറ്റം കുറയുന്നത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്നു എന്നത് വസ്തുതയാണ്. എന്നാൽ മുൻവർഷങ്ങളെക്കാൾ കുടിയേറ്റത്തിന്റെ ശതമാനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും പ്രവാസികളുടെ നിക്ഷേപത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

## എമിഗ്രേഷൻ ഫീസ്

110 (2061) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസികൾ എമിഗ്രേഷൻ ഫീസായി എയർപോർട്ടിൽ അടച്ച തുക തിരികെ ലഭ്യമാകാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ.ആർ.ഐ. കമ്മീഷനിൽ ലഭിച്ച ഇത്തരത്തിലൊരു പരാതി പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്.

## പ്രവാസികൾക്കായുള്ള സുരക്ഷിത വരുമാന നിക്ഷേപ പദ്ധതി

111 (2062) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി സർക്കാർ സുരക്ഷിത നിക്ഷേപ വരുമാന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ നിക്ഷേപത്തിനുള്ള പലിശ നിരക്ക് വ്യക്തമാക്കാമോ; പലിശ ഏതെല്ലാം ഏജൻസിയാണ് നൽകുന്നത് എന്നറിയിക്കാമോ; നിക്ഷേപം നടത്തി എത്ര വർഷം കഴിഞ്ഞാണ് ഡിവിഡന്റ് ലഭിക്കുക; വ്യക്തമാക്കുമോ;

(സി) നിക്ഷേപത്തിനുള്ള പരമാവധി തുക എത്രയെന്ന് വ്യക്തമാക്കാമോ; പലിശയിൽ വ്യതിയാനം ഉണ്ടാകാൻ സാധ്യതയുണ്ടോ?

ഉത്തരം

(എ) 'പ്രവാസി ഡിവിഡന്റ് പദ്ധതി' എന്ന പേരിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവാസികൾക്കായി ഒരു സുരക്ഷിത നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) പദ്ധതിയുടെ വ്യവസ്ഥകൾ നിശ്ചയിച്ച് സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## നോർക്കയിലേയ്ക്കുള്ള ഓഫീസ് അറ്റൻഡന്റ് നിയമനം

112 (2063) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയിലേയ്ക്ക് ഓഫീസ് അറ്റൻഡന്റ് നിയമനത്തിനായി റാങ്ക് ലിസ്റ്റ് / പൊസിഷൻ ലിസ്റ്റ് നിലവിലുണ്ടോ; എന്നാണ് ലിസ്റ്റ് നിലവിൽ വന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുക;

(സി) തടസങ്ങളില്ലെങ്കിൽ എന്നത്തേയ്ക്ക് നിയമനം നടത്തുവാൻ കഴിയും; അറിയിക്കുമോ;

(ഡി) പൊസിഷൻ ലിസ്റ്റ്/റാങ്ക് ലിസ്റ്റ് വന്നതിന് ശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ മുഖ്യമന്ത്രി കണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നോർക്കയിലേയ്ക്ക് ഓഫീസ് അറ്റൻഡന്റ് നിയമനത്തിനായി റാങ്ക് ലിസ്റ്റ്/പൊസിഷൻ ലിസ്റ്റ് നിലവിൽ ഇല്ല.

(ബി & സി) ബാധകമല്ല.

(ഡി) ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നടത്തിയിട്ടില്ല.

**ലോക കേരളസഭ**

113 (2064) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയ്ക്ക് പ്രത്യേക സെക്രട്ടേറിയറ്റ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെക്രട്ടേറിയറ്റിന്റെ ചുമതലകൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിനായി അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഒന്നാം ലോക കേരളസഭയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-7-2018-ലെ സ.ഉ.(കൈ) നമ്പർ 02/2018/നോർക്ക സർക്കാർ ഉത്തരവ് പ്രകാരം ലോക കേരളസഭയ്ക്ക് ഒരു പ്രത്യേക സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ലോക കേരളസഭയുടെ സംഘാടനം, ഏഴ് വിഷയ മേഖലാ കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സമഗ്രമായി പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുക, എൻ.ആർ.ഐ. കലോത്സവങ്ങളുടെ സംഘാടനം, ലോക കേരളസഭയോട് അനുബന്ധിച്ചും അല്ലാതെയുമുള്ള കലാ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം, ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരം കാണുകയും ചെയ്യുക എന്നിവയാണ് ലോക കേരളസഭാ സെക്രട്ടേറിയറ്റിന്റെ ചുമതലകൾ.

(സി) ലോക കേരളസഭാ സെക്രട്ടേറിയറ്റിനായി നിലവിൽ സ്ഥിരം തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. സെക്രട്ടേറിയറ്റിന്റെ സുഗമമായ പ്രവർത്തനത്തിനായി കരാറടിസ്ഥാനത്തിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

(ഡി) ലോക കേരളസഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന തീരുമാനങ്ങളിൽ മുഖ്യമായത് ലോക കേരളസഭാ സെക്രട്ടേറിയറ്റ് രൂപീകരിക്കുക, ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ്.

പ്രഥമലോക കേരളസഭയുടെ തീരുമാനങ്ങൾ പ്രാവർത്തികമാക്കുവാൻ വേണ്ടി 23-4-2018-ലെ സ.ഉ. (സാധാ) നമ്പർ 290/2018/നോർക്ക പ്രകാരം ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. അതത് കമ്മിറ്റികൾ യോഗം ചേരുകയും ശിപാർശകൾ സമർപ്പിക്കുകയും ചെയ്തു. ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻമാരുടെ രണ്ട് യോഗങ്ങൾ 28-6-2018, 30-9-2018 എന്നീ തീയതികളിലായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ടി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിക്കുന്ന ശിപാർശകൾ നടപ്പിലാക്കുന്നതിനും മറ്റ് അനുബന്ധ വിഷയങ്ങൾക്കുമായി 31-7-2018-ലെ സ.ഉ. (കൈ) നമ്പർ 02/2018/നോർക്ക സർക്കാർ ഉത്തരവ് പ്രകാരം ലോക കേരളസഭാ സെക്രട്ടേറിയറ്റ് രൂപീകരിച്ചു. പ്രസ്തുത സെക്രട്ടേറിയറ്റിന്റെ ആദ്യയോഗം 30-9-2018-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും പ്രായോഗികക്ഷമത, ഫണ്ട് ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി ഏഴ് വിഷയമേഖല സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശിപാർശകൾ പരിശോധിച്ച് അവശ്യം നടപ്പിലാക്കേണ്ട പദ്ധതികൾ തീരുമാനിക്കുവാൻ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിച്ച് അടുത്ത യോഗത്തിൽ സമർപ്പിക്കുവാൻ തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശയിന്മേൽ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 15-11-2018-ൽ ഒരു അവലോകനം നടത്തി, ശിപാർശകളുടെ പ്രായോഗികവശം പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുന്നതിനുള്ള കാര്യങ്ങൾ ആലോചിച്ചുവരുന്നു.

**പോലീസ് സേന നവീകരണം**

114 (2065) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പോലീസ് സേനയെ ആധുനിക വത്കരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പോലീസ് ഉദ്യോഗസ്ഥരായ ചില ആളുകൾ നടത്തുന്ന അക്രമവും അഴിമതിയും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) പോലീസ് ഉദ്യോഗസ്ഥരായ ചിലരുടെ മാഫിയ ബന്ധവും മാസപ്പടിയും സമ്പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി കേസ്സുകളിൽപ്പെട്ട എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നല്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) പോലീസ് സേനയിൽ അഴിമതിയും ക്രിമിനൽ സ്വഭാവത്തോടു കൂടിയുള്ള പ്രവർത്തനങ്ങളും ഇല്ലാതാക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി ആവശ്യമായ പരിശീലന പരിപാടികൾ പോലീസ് ഉദ്യോഗസ്ഥർക്കായി നടത്തിവരുന്നുണ്ട്. ഇതിനുപുറമേ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സ്പെഷ്യൽ ബ്രാഞ്ചിന്റെ സേവനം ഉപയോഗപ്പെടുത്തി നിരീക്ഷിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ അഴിമതിയിൽ പങ്കാളികളാകുകയോ, ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടതായോ ഏതെങ്കിലും സാമൂഹ്യവിരുദ്ധ ശക്തികളുമായി ബന്ധമുള്ളതായോ അറിവായാൽ ടിയാനെതിരെ കർശനമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

115 (2066) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സാധാരണ ജനങ്ങൾക്ക് ഏത് സമയത്തും ഭയം കൂടാതെ കടന്നുചെല്ലാവുന്ന രീതിയിൽ പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജനമൈത്രി പോലീസ് സംവിധാനം മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ടോ;

(ഡി) പൊതുജനങ്ങളോട് അപമര്യാദയായി പെരുമാറുകയും അനാവശ്യമായി ബലപ്രയോഗം നടത്തുകയും ചെയ്യുന്ന ചുരുക്കം ചില പോലീസ് ഉദ്യോഗസ്ഥരുടെ പ്രവൃത്തികൾ പോലീസ് സേനയ്ക്ക് ആകെ കളങ്കം വരുത്തുന്ന സാഹചര്യത്തിൽ ഇത്തരം പോലീസുകാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും ഇവർക്ക് ഇത് സംബന്ധിച്ച് ആവശ്യമായ ബോധവത്കരണം നൽകുവാനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണത്തിനുമായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

21-10-2017-ലെ സ.ഉ. (കൈ) നമ്പർ 211/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം ക്രമസമാധാന പരിപാലനവും കേസ്സന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17-4-2018-ലെ സ.ഉ.(കൈ) നമ്പർ 68/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ നടത്തിവന്നിരുന്ന ട്രാഫിക് കേസ്സുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി 14-7-2018-ലെ സ.ഉ. (കൈ) നമ്പർ 116/2018/ആഭ്യന്തരം പ്രകാരം പുനർനാമകരണം ചെയ്തിട്ടുണ്ട്.

സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുവാൻ "പിങ്ക് പട്രോൾ" സംസ്ഥാനത്തെ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് റൂറൽ, വയനാട് ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം 170 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി& സി) സാധാരണ ജനങ്ങൾക്ക് ഏതുസമയവും കടന്നു ചെല്ലുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും റിസപ്ഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേഷനിൽ വരുന്നവരുടെ പരാതി സ്വീകരിക്കുന്നതിനും മറ്റുമായി ഒരു ഉദ്യോഗസ്ഥനെ പി.ആർ.ഒ. ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ജനമൈത്രി പോലീസ് പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.

(ഡി) പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സ്പെഷ്യൽ ബ്രാഞ്ചിന്റെ സേവനം ഉപയോഗപ്പെടുത്തി നിരീക്ഷിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

**സംസ്ഥാന പോലീസ് സേനയ്ക്ക് ലഭിച്ച അംഗീകാരങ്ങളും പുരസ്കാരങ്ങളും**

116 (2067) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ പ്രവർത്തനമികവിനുള്ള അംഗീകാരമായി ലഭിച്ച ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ ഏതെല്ലാം;വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ കൊടുക്കുന്ന ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ കേരള പോലീസ് സേനയുടെ പ്രവർത്തന മികവിനുള്ള അംഗീകാരമായി ലഭിച്ചിട്ടുണ്ട്.

1. UMI (Urban Mobility India) Award-2017 for excellence in Urban Transport.
2. SKOCH Governance Award-2018.
3. DSCI Award (Data Security Council of India)2017.
4. സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018-ലെ FICCI Smart Policing Award. (കേരളാ പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന്).
5. Security Watch India (SWI) Innovation and Excellence Awards 2016-ൽ "Innovative use of Technology in Cyber Security" എന്ന വിഭാഗത്തിൽ കേരളാ പോലീസ് സേനയുടെ ഭാഗമായ സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

6. എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയത്തിൽനിന്നും ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയതിന് എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം.
7. രാജ്യത്തെ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളിൽ ഒന്നായി കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.
8. ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ (2016 നവംബർ) (ഡിജിറ്റൽ ഇന്ത്യ തീം) കേരള പവലിയൻ ഗോൾഡ് മെഡൽ കരസ്ഥമാക്കി. അതിൽ കേരള പോലീസ് പവലിയൻ Best Exhibitor അവാർഡിന് അർഹമായി.
9. അറുപതാമത് ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ (2016 ഡിസംബർ) കേരള പോലീസ് സേനയിൽപ്പെട്ടവർക്ക് കമ്പ്യൂട്ടർ പരിജ്ഞാന വിഭാഗത്തിൽ മെഡലുകൾ.
10. സി.സി.റ്റി.എൻ.എസ്. പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018-ൽ (സി.സി.റ്റി.എൻ.എസ് ബെസ്റ്റ് പ്രാക്ടീസ്, സക്സ്സ് സ്റ്റോറി എന്നീ വിഭാഗത്തിൽ) കേരളാ പോലീസിലെ നാല് ഉദ്യോഗസ്ഥർക്ക് എം.എച്ച്.എ./എൻ.സി.ആർ.ബി. പുരസ്കാരങ്ങൾ.
11. കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് ISO 9001:2015 പദവി.

## പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരെ പ്രചാരണങ്ങൾ നടത്തുന്നവർക്കെതിരെയുള്ള കേസ്സുകൾ

117 (2068) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങളെയും രോഗ പ്രതിരോധ മരുന്നുകൾ, കുത്തിവയ്പുകൾ എന്നിവയ്ക്കെതിരെ പ്രവർത്തനം നടത്തുകയും ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുന്ന പ്രചാരണങ്ങൾ നടത്തുകയും ചെയ്തതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 73 പേർക്കെതിരെ 15 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**മാവോയിസ്റ്റ് ഭീഷണി**

118 (2069) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന മേഖലയിൽ എവിടെയെങ്കിലും മാവോയിസ്റ്റുകളുടെ സാന്നിധ്യം ഉള്ളതായി സ്ഥിരീകരിച്ചിട്ടുണ്ടോ;

(ബി) വയനാട് മേപ്പാടിയിൽ മാവോയിസ്റ്റുകൾ ഇതര സംസ്ഥാന തൊഴിലാളികളെ ബന്ദികളാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന വർക്കുണ്ടാകുന്ന മാവോയിസ്റ്റ് ഭീഷണി ഒഴിവാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ വനമേഖലയിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മാവോയിസ്റ്റുകൾ അടക്കമുള്ള ഇടതുപക്ഷ തീവ്രവാദികളുടെ പ്രവർത്തനം നേരിടുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനം വിലയിരുത്തുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു യൂണിഫൈഡ് കമാൻഡ് രൂപീകരിച്ചിട്ടുണ്ട്.

2. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നേരിടുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലും വനാതിർത്തിയിലും നിവസിക്കുന്ന ആദിവാസി വിഭാഗങ്ങളിൽനിന്ന് മാത്രം യുവതീ-യുവാക്കളെ പബ്ലിക് സർവ്വീസ്

കമ്മീഷൻ മുഖേന കണ്ടെത്തി 75 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

3. മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ അതിൽനിന്നും പിന്തിരിപ്പിച്ച് കീഴടങ്ങുന്നതിലേയ്ക്കായി കീഴടങ്ങൽ പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

4. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരും പട്രോളിംഗ് നടത്തിവരുന്നു.

5. ഇടതുപക്ഷ തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അറസ്റ്റ് ചെയ്യുകയും അവരുടെമേൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

6. ആദിവാസി മേഖലകളിൽ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

7. മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽ ഇത്തരക്കാരെ അമർച്ച ചെയ്യുന്നതിനായി KATS (കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ്) ആരംഭിച്ചിട്ടുള്ളതും തുടർച്ചയായി വനമേഖലകളിലും മറ്റും പട്രോളിംഗ് നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

## കുറ്റകൃത്യങ്ങൾ ചെറുക്കുന്നതിന് നിരീക്ഷണ ക്യാമറകൾ

119 (2070) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരീക്ഷണ ക്യാമറകൾ വിന്യസിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിന് ശേഷം പുതിയതായി എത്ര നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു; ഇതിനായി എത്ര തുക ചെലവായി വിശദാംശം വെളിപ്പെടുത്തുമോ;

(സി) കുറ്റകൃത്യങ്ങൾ ചെറുക്കുന്നതിന് നീരീക്ഷണ ക്യാമറകളെ എങ്ങനെയാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രധാന സിറ്റികൾ, തലസ്ഥാന നഗരം, ജില്ലാ ആസ്ഥാനങ്ങൾ, മന്ത്രിമാർ, വി.ഐ.പി.-കൾ എന്നിവരുടെ ഓഫീസ്/വാസസ്ഥലങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകൾ, തന്ത്ര പ്രധാനമായ കേന്ദ്രങ്ങൾ. കൂടാതെ ജനസാന്ദ്രതയും വാഹനപ്പെരുപ്പവും അനുഭവപ്പെടുന്ന നഗരങ്ങളിൽ ട്രാഫിക് നിയന്ത്രണ നിരീക്ഷണങ്ങൾ എന്നിവയുടെ പ്രാധാന്യം മാനദണ്ഡമാക്കിയാണ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നത്.

(ബി) 72 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. 5,06,29,998 രൂപ (അഞ്ചുകോടി ആറ് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ചെലവായിട്ടുണ്ട്. ഇത് കൂടാതെ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾ, വ്യാപാരി വ്യവസായി ഏകോപന സമിതി പോലുള്ള സംഘടനകൾ മുഖേന നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുവരുന്നു.

(സി) കുറ്റകൃത്യങ്ങൾ നടക്കുന്ന സ്ഥലത്തെ നിരീക്ഷണ ക്യാമറകൾ റെക്കോർഡ് ചെയ്യുന്നത് പരിശോധിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ഇത് കുറ്റകൃത്യങ്ങൾ കുറയുന്നതിനും കാരണമാകുന്നുണ്ട്. കൂടാതെ ഹൈവേകളിലും മറ്റും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതുമൂലം നിയമലംഘനം നടത്തുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനും ഇതുമൂലം വാഹന അപകടം കുറയ്ക്കുന്നതിനും സഹായകരമാണ്.

**ശബരിമല സംഘർഷ കേസ്സുകൾ**

120 (2071) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമലയിൽ ഉണ്ടായിട്ടുള്ള സംഘർഷങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും അവയിൽ എത്ര ആർ.എസ്.എസ്. പ്രവർത്തകരെ പ്രതി ചേർത്തിട്ടുണ്ട് എന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ശബരിമലയിൽ ഉണ്ടായിട്ടുള്ള സംഘർഷങ്ങളുമായി ബന്ധപ്പെട്ട് 2-12-2018 14.00 മണിവരെ 64 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലെ പ്രതികളുടെ സംഘടന തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

**ശബരിമല യുവതീ പ്രവേശനം**

121 (2072) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ പകർപ്പ് എന്നാണ് സർക്കാരിന് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിധിയുടെ പകർപ്പ് ലഭിക്കുന്നതിന് മുമ്പ് അഞ്ഞൂറ് വനിതാ പോലീസുകാരെ ശബരിമലയിൽ വിന്യസിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥരുടെ ഇത്തരത്തിലുള്ള അമിതാവേശം ശബരിമല പ്രശ്നം വഷളാക്കുന്നതിനും അവിടുത്തെ ക്രമസമാധാനം തകരാറിലാക്കുന്നതിനും കാരണമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) വിധിന്യായം സുപ്രീം കോടതിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച അന്നേ ദിവസംതന്നെ ലഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദ്യോഗസ്ഥർ അമിതാവേശം കാട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വർഗ്ഗീയ ചേരിതിരിവും മതസ്പർദ്ധയും വളർത്തുന്ന നീക്കങ്ങൾ**

122 (2073) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഗ്ഗീയ ചേരിതിരിവുണ്ടാക്കുന്നതിനും മതസ്പർദ്ധ വളർത്തുന്നതിനും ചില കേന്ദ്രങ്ങൾ നടത്തുന്ന നീക്കങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ശബരിമലയിൽ സ്ത്രീപ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധി വന്നതിന് ശേഷം വർഗ്ഗീയ വികാരം ആളിക്കത്തിക്കുന്നതിനും അതിൽ നിന്ന് രാഷ്ട്രീയനേട്ടം കൊയ്യുന്നതിനുമായി പ്രവർത്തനം നടത്തുന്ന സംഘടനകളെ ഏതൊക്കെ തരത്തിൽ പ്രതിരോധിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ വർഗ്ഗീയകലാപം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ തടയുന്നതിനും ഇതിനെപ്പറ്റി പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്നതിനും സർക്കാർ തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വർഗ്ഗീയ ചേരിതിരിവും മതസ്പർദ്ധയും ഉണ്ടാക്കുന്നതായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഇടയുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

(ബി) വർഗ്ഗീയ വികാരം ആളിക്കത്തിച്ച് അതിൽനിന്ന് രാഷ്ട്രീയ നേട്ടം കൈവരിക്കാനും സമാധാനാന്തരീക്ഷത്തിന് ഭംഗം വരുത്തുവാനും ശ്രമിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള സാമുദായിക മൈത്രി നിലനിർത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് വർഗ്ഗീയ ലഹളയുൾപ്പെടെയുള്ള സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും നേരിടുന്നതിനുമായി സർക്കാർ പ്രധാനമായും പിന്തുടരുന്നത്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം എല്ലാ ജില്ലാ ഭരണാധികാരികളും ഓരോ ജില്ലയിലെയും വർഗ്ഗീയ സംഘർഷങ്ങൾക്ക് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സാമുദായിക സംഘർഷ സാധ്യതാ പ്രദേശങ്ങളിൽ വർഗ്ഗീയ സംഘർഷ സാധ്യതകൾ മുൻകൂട്ടിക്കണ്ട് അവ തടയുന്നതിനാവശ്യമായ നടപടിക്രമങ്ങൾ തയ്യാറാക്കി ആവശ്യമായ പോലീസ് സേനയെ വിന്യസിക്കുകയാണ് ചെയ്യുന്നത്. സമൂഹമാധ്യമങ്ങളും ഇന്റലിജൻസ് വിഭാഗം ശേഖരിക്കുന്ന വിവരങ്ങളും വിശകലനം ചെയ്ത് ജില്ലാ മജിസ്ട്രേറ്റിന്റെയും പോലീസ് സൂപ്രണ്ടിന്റെയും നേതൃത്വത്തിൽ ഓരോ മാസവും അവലോകനയോഗം നടത്തി മതസൗഹാർദ്ദം വളർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള സമാധാന കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരം മതസൗഹാർദ്ദ യോഗങ്ങളുടെ ത്രൈമാസ റിപ്പോർട്ടുകൾ ജില്ലാ ഭരണാധികാരികൾ അവലോകനത്തിനായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. മേൽവിവരിച്ച നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിനായി വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ സാമുദായിക സംഘർഷങ്ങൾ തടയുന്നതിനായി പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്ന വിവിധ പരിപാടികൾ നിലവിൽ സംഘടിപ്പിച്ച് വരുന്നുണ്ട്.

## ശബരിമലയിലെ പോലീസ് അതിക്രമങ്ങൾ

123 (2074) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഒക്ടോബർ, നവംബർ മാസങ്ങളിലെ ശബരിമല തീർത്ഥാടന കാലത്ത് സന്നിധാനത്തും പമ്പയിലും നിലയ്ക്കലിനും പരിസരങ്ങളിലും നടന്ന പോലീസ് ക്രൂരതകൾക്കും മനുഷ്യാവകാശധ്വംസനങ്ങൾക്കും ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ;

(ബി) ഭക്തരുടെ വാഹനങ്ങൾ അടിച്ചു തകർത്ത പോലീസുകാരുടെ പേരിൽ എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പോലീസ് അതിക്രമങ്ങളെ തുടർന്ന് ഉണ്ടായ സംഘർഷങ്ങളിൽ എത്ര ഭക്തർക്ക് എതിരെ കേസെടുത്തു; എത്രപേരെ കേസെടുത്ത് ജയിലിൽ അടച്ചു; ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുത്തവർ എത്ര;

(ഡി) ശബരിമലയിലും പരിസരത്തും വിന്യസിച്ചിരിയ്ക്കുന്ന പോലീസുകാരുടെ ചെലവ് സർക്കാർ വഹിയ്ക്കുമോ അതോ ശബരിമല വരുമാനത്തിൽ നിന്ന് വഹിക്കുമോ;

(ഇ) കഴിഞ്ഞ വർഷം ഇതേ സീസണുകളിൽ പോലീസിനെ വിന്യസിച്ചതുമായി ബന്ധപ്പെട്ട് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരം നടപടികൾ സ്വീകരിക്കത്തക്ക സാഹചര്യം നിലവിലില്ല.

(ബി) 5-11-2018-ലെ WP(C) No.35061/2018-മേലുള്ള ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെയും സംസ്ഥാന പോലീസ് മേധാവിയുടെ 29-10-2018-ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ടി വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് കൊച്ചി റെയ്ഞ്ച് ഐ.ജി.പി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പോലീസ് അതിക്രമം നടന്നിട്ടില്ല. ശബരിമലയിൽ ഭക്തർക്കെതിരെ കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ഭക്തരുടെ പരാതിയിന്മേൽ കേസ്സെടുത്തിട്ടുണ്ട്.

(ഡി) പോലീസുകാരുടെ ചെലവുകൾ പൂർണ്ണമായും സർക്കാരാണ് വഹിക്കുന്നത്.

(ഇ) ശബരിമല തീർത്ഥാടന കാലത്തെ പോലീസ് വിന്യാസം ക്രമസമാധാനപാലനവുമായി ബന്ധപ്പെട്ട ചുമതലയായതിനാൽ സുരക്ഷാ ജോലിക്കായി വിന്യസിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും ഉൾപ്പെടെയുള്ള ചെലവുകൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

### ശബരിമലയിലെ യുവതീ പ്രവേശനം

124 (2075) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി പുറപ്പെടുവിച്ച വിധി ലംഘിക്കുവാൻ പ്രേരണ നൽകുന്ന വിധത്തിൽ ആർ.എസ്.എസ്, ബി.ജെ.പി. നേതാക്കൾ നടത്തുന്ന പ്രസ്താവനകളും മലചവിട്ടാൻ വരുന്ന 10-നും 50-നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീ ഭക്തരെ തടയും എന്ന ചില കോൺഗ്രസ് നേതാക്കളുടെ പ്രസ്താവനകളും നിയമവാഴ്ചയോടും ഭരണഘടനാ മൂല്യങ്ങളോടുമുള്ള വെല്ലുവിളി ആണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഭരണഘടനയെയും സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ വിധിയെയും അവഹേളിക്കുന്ന തരത്തിൽ പ്രസ്താവന നടത്തിയ ആർ.എസ്.എസ്, ബി.ജെ.പി, കോൺഗ്രസ് നേതാക്കൾക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

### ശബരിമലയിലെ പോലീസ് നടപടികൾ

125 (2076) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഡ്യൂട്ടി ചെയ്യുന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥർ ജനപ്രതിനിധികളോടും പൊതു പ്രവർത്തകരോടും അപമര്യാദയോടും മോശമായും പെരുമാറുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; അതിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ശബരിമലയിൽ ഇപ്പോൾ മണ്ഡല മകരവിളക്ക് ഉത്സവം പ്രമാണിച്ച് ഒന്നാം ഘട്ടത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയമിച്ചിട്ടുണ്ടെന്ന്

വിശദമാക്കാമോ; കഴിഞ്ഞ വർഷം ഇതേസമയം ഒന്നാം ഘട്ടത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു എന്ന് വിശദമാക്കുമോ;

(സി) ശബരിമല മണ്ഡല മകരവിളക്കുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര അയ്യപ്പ ഭക്തരെ നാമജപം നടത്തിയതിന്റെ പേരിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്; അവരുടെ പേരിൽ ചുമത്തിയ വകുപ്പുകൾ ഏതൊക്കെയാണ്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു വിശദമാക്കുമോ;

(ഡി) ശബരിമലയിൽ നിന്നും നിലയ്ക്കൽ നിന്നും ഈ മണ്ഡലകാലത്ത് അറസ്റ്റ് ചെയ്തിട്ട് ഇതുവരെ ജാമ്യം ലഭിക്കാത്ത എത്ര അയ്യപ്പഭക്തർ ഉണ്ട്; എന്തുകൊണ്ട് ജാമ്യം ലഭിച്ചില്ല എന്നും അവരുടെ പേരിൽ ഉള്ള കേസ്സുകൾ എന്തൊക്കെയാണ് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബഹു. സുപ്രീംകോടതിയുടെ ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ടുണ്ടായ വിധിക്കുശേഷം ഈ വർഷത്തെ മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് തീർത്ഥാടകരുടെ സുരക്ഷയ്ക്കും സുഗമവുമായ ദർശനത്തിനുമായി ഒന്നാംഘട്ടത്തിൽ 3450 പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. 2017-18 ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഒന്നാം ഘട്ടത്തിൽ 1535 പോലീസ് ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിരുന്നത്.

(സി) ശബരിമല മണ്ഡല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് നാമജപം നടത്തിയതിന്റെ പേരിൽ അയപ്പ ഭക്തർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയോ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ല.

(ഡി) ശബരിമല, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽനിന്നും ഈ മണ്ഡലകാലത്ത് അയ്യപ്പഭക്തരായ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

**ശബരിമലയിലെ കർശന നിയന്ത്രണങ്ങൾ**

126 (2077) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ പോലീസിന്റെ കർശനനിയന്ത്രണങ്ങൾ അയ്യപ്പ ഭക്തന്മാരുടെ എണ്ണത്തിൽ വലിയ കുറവുണ്ടാകാൻ ഇടയാക്കിയിട്ടുണ്ട് എന്നത് വസ്തുതയാണോ ;

(ബി) ശബരിമലയിലെ പോലീസിന്റെ നടപടികൾ കാരണം നിരവധി ഇതരസംസ്ഥാന അയ്യപ്പ ഭക്തന്മാർ ദർശനം നടത്താൻ സാധിക്കാതെ മടങ്ങിപ്പോയതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന്റെ പേരിൽ അയ്യപ്പഭക്തന്മാരെ പീഡിപ്പിക്കുന്നത് ശരിയായ നടപടിയല്ല എന്ന ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത് സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

**ശബരിമലയിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന വനിതാ പോലീസുകാർ**

127(2078) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ ചിത്തിര ആട്ടവിശേഷത്തിന് 2018 നവംബർ 5,6 തീയതികളിൽ സന്നിധാനത്ത് വനിതാ പോലീസുകാരെ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നോ;

(ബി) പ്രസ്തുത വനിതാ പോലീസുകാർ 50 വയസ്സ് കഴിഞ്ഞവരായിരുന്നോ; എങ്കിൽ അതിനുള്ള കാരണം എന്താണ്;

(സി) ശബരിമലയിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന വനിതാ പോലീസുകാരുടെ പ്രായം 50 വയസ്സ് കഴിഞ്ഞിരുന്നുവെന്നും രേഖകൾ പരിശോധിച്ച് അവരുടെ പ്രായം താൻ ഉറപ്പാക്കിയെന്നും ആർ.എസ്.എസ്. നേതാവ് പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടായതായി കരുതുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നു.

(ബി) അതെ. അയ്യപ്പഭക്തർക്ക് സുഗമവും സുരക്ഷിതവുമായ ദർശനം

നടത്താനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസിനെ വിന്യസിച്ചതിനോടൊപ്പം ദീർഘകാല സർവ്വീസുള്ളവരും പരിചയ സമ്പന്നരുമായ വനിതാ പോലീസ് ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുള്ളതാണ്.

(സി & ഡി) ദൃശ്യ - മാധ്യമങ്ങളിലൂടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും വസ്തുതാപരമായി ശരിയല്ല.

**ശബരിമലയിൽ ഭീകരാന്തരീക്ഷം**

128(2079) ശ്രീ. എം. വിൻസെന്റ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെത്തിയ അയ്യപ്പഭക്തരെ ഭീകരർക്ക് സമാനമായി പോലീസ് കണക്കാക്കുന്നു എന്ന വ്യാപക പരാതി ഗൗരവത്തോടെ കാണുന്നുണ്ടോയെന്നറിയിക്കുമോ ;

(ബി) മക്കയ്ക്ക് ശേഷം ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ ഭക്തർ സന്ദർശനം നടത്തുന്ന ശബരിമലയിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന നടപടിയല്ലേ പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയപ്പെടുകയും പോലീസ് രാജ് ഏർപ്പെടുത്തുകയും ചെയ്യതോടെ പുണ്യഭൂമിയെ കലാപ ഭൂമിയാക്കുകയാണ് സർക്കാരും ബി.ജെ.പി.-യും ചെയ്തിരിക്കുന്നത്എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) നിലയ്ക്കൽ മുതൽ സന്നിധാനം വരെ കുടിവെള്ളവും ഭക്ഷണവും പോലും ലഭ്യമല്ല എന്ന കേരള ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശബരിമല ക്ഷേത്രത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്നതിനും തീർത്ഥാടകർക്ക് സുഗമവും സുരക്ഷിതവുമായ ദർശനത്തിനുള്ള സൗകര്യം ഒരുക്കുകയെന്ന ചുമതലയാണ് പോലീസ് നിർവ്വഹിക്കുന്നത്. അയ്യപ്പഭക്തരോട് വളരെ സൗമ്യവും മാന്യവുമായ സമീപനമാണ് പോലീസ് സ്വീകരിച്ചുവരുന്നത്.

(സി) അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശബരിമലയിലെത്തുന്ന ഭക്തർക്ക് യാതൊരു പ്രയാസവും കൂടാതെ ദർശനം നടത്തുവാനുള്ള ക്രമീകരണങ്ങൾ മാത്രമാണ് പോലീസ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) നിലയ്ക്കൽ മുതൽ സന്നിധാനംവരെ കുടിവെള്ളവും ഭക്ഷണവും കൃത്യമായി ലഭ്യമാക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**സന്നിധാനത്തെ നിയന്ത്രണങ്ങൾ**

129 (2080) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ പോലീസ് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെതിരെ കേരള ഹൈക്കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അയ്യപ്പ ഭക്തന്മാർ രാത്രിയിൽ നെയ്യഭിഷേകത്തിനായി സന്നിധാനത്ത് തങ്ങാൻ പാടില്ലെന്നും ദർശനം കഴിഞ്ഞാലുടൻ തിരിച്ചു പോകണമെന്നുമുള്ള പോലീസിന്റെ നിബന്ധന മതാചാരങ്ങൾ അനുഷ്ഠിക്കാനുള്ള വ്യക്തിയുടെ അവകാശത്തിന്റെ ലംഘനമായി കോടതി നിരീക്ഷിച്ചിട്ടുണ്ടോ;

(സി) ആചാരങ്ങൾ അനുഷ്ഠിക്കുന്നതിന് അയ്യപ്പ ഭക്തന്മാർക്ക് യാതൊരു തടസ്സവും പോലീസ് സൃഷ്ടിക്കാൻ പാടില്ല എന്ന കോടതിയുടെ പരാമർശം നടപ്പിലിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശബരിമലയിൽ ഭക്തർക്ക് പോലീസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുവെന്ന് ആവലാതിപ്പെട്ടും ശബരിമലയിലും അനുബന്ധ പ്രദേശങ്ങളിലും നടപ്പിലാക്കിയിട്ടുള്ള ക്രിമിനൽ നടപടി ചട്ടം 144 പ്രകാരമുള്ള ഉത്തരവിനെ ചോദ്യം ചെയ്തും സമർപ്പിക്കപ്പെട്ട 37645/2018-ഉം അനുബന്ധ റിട്ട് ഹർജികളും ബഹുമാനപ്പെട്ട ഹൈക്കോടതി 21-11-2018-ന് പരിഗണിക്കുകയും ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ ഉത്തരവിൽ പോലീസിനെതിരായി വിപരീത പരാമർശങ്ങൾ ഒന്നുംതന്നെയില്ല.

മറ്റൊരു കൂട്ടം റിട്ട് ഹർജികളിൽ 27-11-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 16-11-2018-ൽ മണ്ഡലകാലത്ത് നട തുടന്ന ദിവസം അന്നദാനം 11.00 മണിക്ക് നിർത്തണമെന്നും അപ്പം, അരവണ കൗണ്ടർ 11.00 മണിക്ക് അടയ്ക്കണമെന്നും സന്നിധാനത്തെ മുറികളുടെ താക്കോലുകൾ പോലീസിനെ ഏൽപ്പിക്കണമെന്നുമുള്ള 16-11-2018-ലെ പോലീസ് നിർദ്ദേശങ്ങളെ 27-11-2018-ലെ ടി ഉത്തരവിൽ കോടതി വിമർശിച്ചു. പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിച്ച 16-11-2018-ൽത്തന്നെ പോലിസ് അവ പിൻവലിച്ചതുകൊണ്ട് കൂടുതലായി ഈ വിഷയം പരിഗണിക്കേണ്ടതില്ലെന്ന് കോടതി തീരുമാനിച്ചു. പോലീസ് ആക്ട് സെക്ഷൻ 83 പ്രകാരം സർക്കാർ വിജ്ഞാപനത്തിലൂടെ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ പാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാനല്ലാതെ പോലീസിന് ഏകപക്ഷീയമായി നിയന്ത്രണങ്ങൾ പുറപ്പെടുവിക്കാൻ കഴിയില്ലെന്ന് ടി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ക്രമസമാധാനപാലനത്തിനും തിരക്ക് നിയന്ത്രിക്കുന്നതിനും സുരക്ഷാ കാര്യങ്ങൾക്കും ആവശ്യമായ നിയന്ത്രണങ്ങൾ പോലീസിന് നടത്താമെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ശബരിമലയിൽ ആചാരങ്ങൾ അനുഷ്ഠിക്കുന്നതിന് അയ്യപ്പഭക്തൻമാർക്ക് പോലീസിന്റെ ഭാഗത്തുനിന്നും യാതൊരുവിധ തടസ്സവും സൃഷ്ടിച്ചിട്ടില്ല. ദർശനത്തിനായി എത്തുന്ന എല്ലാ അയ്യപ്പഭക്തൻമാർക്കും സുഗമമായി ദർശനവും മറ്റും നടത്തുന്നതിനുവേണ്ടി എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

## പോലീസ് സേനയുടെ കാര്യക്ഷമമായ പ്രവർത്തനം

130 (2082) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിൽ ശാസ്ത്രീയമായി അന്വേഷണം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ പോലീസ് സേനയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എത്രമാത്രം സഹായകരമായി എന്ന് വെളിപ്പെടുത്തുമോ;

(സി) രാഷ്ട്രീയമായ ഇടപെടലുകൾ പോലീസിന്റെ അന്വേഷണങ്ങളെ കാര്യമായി ബാധിക്കുന്നുവെന്നതും അവർക്ക് നിഷ്പക്ഷമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ലായെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ആധുനിക സംവിധാനങ്ങളും, പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരും ഉണ്ടായിട്ടും നെയ്യാറ്റിൻകരയിൽ യുവാവിന്റെ കൊലപാതകത്തിൽ പ്രതിയായ ഡിവൈ.എസ്.പി., 9 ദിവസം ഒളിവിൽ കഴിയുന്നതിനും പിന്നീട് കല്ലമ്പലത്തെ സ്വന്തം വസതിയിൽ എത്തി ആത്മഹത്യ ചെയ്യുന്നതിനും ഇടയാക്കിയ സാഹചര്യം പോലീസിന്റെ പരാജയത്തെയല്ലേ സൂചിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ പോലീസ് സ്റ്റേഷനുപുറമെ കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ പൊലീസ് സ്റ്റേഷനുകൾ ആരംഭിച്ചുത്തരവായിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ജില്ലാ സൈബർ സെല്ലുകൾ, എഫ്.എസ്.എൽ., സൈബർഡോം തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. കൂടാതെ സി-ഡാക്ക് വികസിപ്പിച്ച Cyber Check Suit, Winlift, True Imager, Simextractor, Mobile Check Suit, Net Force Suit, Encase എന്നീ സൈബർ ഫോറൻസിക് ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ ടൂളുകൾ ഉപയോഗിക്കുന്നതിന് സൈബർ സെല്ലുകളിലെ പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി സി-ഡാക്കിൽനിന്നും പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ നേരിട്ടെത്താതെ വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ THUNA, ജനസൗഹൃദ മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവയും പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാലശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തര സഹായങ്ങൾ ലഭ്യമാക്കുക തുടങ്ങിയ ഉദ്ദേശ്യത്തോടെ Pink Police Patrolling സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ Crime and Criminal Trading Network Systems, Child Friendly Police Station, എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകൾ എന്നീ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പോലീസ് ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ചുമതല നൽകിയിട്ടുള്ളതിന്റെ ഫലമായി കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ നിയമപരമായ അവബോധം, നൂതന സാങ്കേതിക വിദ്യയെക്കുറിച്ചുള്ള അറിവ്, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം എന്നിവയ്ക്കായി പോലീസുദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ജനമൈത്രി പോലീസ് സംവിധാനം സംസ്ഥാനത്തെ

എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിക്കുകയും പോലീസ് സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങൾക്ക് വേണ്ട സഹായം ലഭ്യമാക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു പോലീസ് ഉദ്യോഗസ്ഥനെ പി.ആർ.ഒ. ആയി നിയമിച്ചിട്ടുള്ളതുമാണ്. സൈബർ സെല്ലുകളുടെ പ്രവർത്തനവും സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് നൽകിവരുന്ന പരിശീലനങ്ങളും പോലീസ് സേനയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വളരെയധികം സഹായകമാണ്. കാലാകാലങ്ങളിൽ പോലീസ് വകുപ്പിൽ നടത്തിവരുന്ന ആധുനികവൽക്കരണം പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകമായിട്ടുള്ളതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) സനൽകുമാറിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്സിലെ ഒന്നാം പ്രതിയായ DySP ഹരികുമാർ കൃത്യ സ്ഥലത്തുനിന്നും ടിയാന്റെ കാറിൽ രണ്ടാം പ്രതി ബിനുകുമാറുമൊത്ത് ഒളിവിൽ പോകുകയും മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്തതിനുശേഷം രണ്ട് പുതിയ സിം കാർഡുകൾ സംഘടിപ്പിക്കുകയും തമിഴ്നാട്, കർണ്ണാടക, മധുര, മംഗലാപുരം, മൂകാംബിക തുടങ്ങിയ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും സഞ്ചരിച്ച സ്ഥലങ്ങളിൽ റൂമുകളൊന്നുമെടുക്കാതെ കാറിൽത്തന്നെ ഇടറോഡുകളിലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലുമൊതുക്കി താമസിച്ചു വന്നിരുന്നതുമാണ്. ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുവാൻ ശ്രമിച്ചെങ്കിലും ശാസ്ത്രീയ കുറ്റാന്വേഷണത്തെ സംബന്ധിച്ച് വ്യക്തമായി ബോധ്യമുള്ള പ്രതി വേണ്ട മുൻകരുതൽ എടുത്തിരുന്നു. ടിയാന്റെ സഹായികളായ മൂന്നും നാലും പ്രതികളെ അറസ്റ്റ് ചെയ്യുകയും ടിയാൻ മൊബൈൽ ഫോണിൽ ബന്ധപ്പെടാൻ സാധ്യതയുള്ള ആൾക്കാരെ ഒന്നൊന്നായി കണ്ടുപിടിച്ചും ടിയാന്റെ കല്ലമ്പലത്തുള്ള വീട്ടിലും കുടുംബവീടായ കല്ലറയിലുള്ള കതിരുവിളയിലും നിരന്തരം പൊലീസ് നിരീക്ഷണം നടത്തി ഊർജ്ജിതമായി അന്വേഷണം നടത്തി വരവേയാണ് ബോധപൂർവ്വം ആരുടെയും ശ്രദ്ധയിൽപ്പെടാതെ 12-11-2018-ന് രാത്രി കല്ലമ്പലത്തുള്ള ടിയാന്റെ പൂട്ടിക്കിടന്ന വീട്ടുപരിസരത്തെത്തി വിറകുപുരയിൽ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്തത്. ഇക്കാര്യത്തിൽ പോലീസിന് ഒരു പരാജയവും സംഭവിച്ചിട്ടില്ല.

## പോലീസ് സേനയിൽ എസ്.ഐ. നിയമനം

131 (2083) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പോലീസ് സ്റ്റേഷനുകളുണ്ടെന്നും അവ ഏതെല്ലാം വിഭാഗത്തിലുള്ളവയാണെന്നും ഓരോ പോലീസ് സ്റ്റേഷനുകളിലുമായി ആകെ എത്ര എസ്.ഐ.-മാർ ജോലി നോക്കി വരുന്നുവെന്നും അറിയിക്കുമോ;

(ബി) ഇതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നിയമിക്കപ്പെട്ട എസ്.ഐ.-മാരുടെ എണ്ണം എത്രയാണ്; പുതുതായി പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച് ട്രെയിനിംഗ് പൂർത്തിയാക്കിയവർ എത്രയാണ്; എത്രപേർ നിലവിലുള്ള പോലീസ് സേനയിൽ നിന്ന് സ്ഥാനക്കയറ്റത്തിലൂടെ നിയമിക്കപ്പെട്ടു;

(സി) കേരളത്തിലുള്ള പോലീസ് സ്റ്റേഷനുകളിലും ക്യാമ്പുകളിലുമുൾപ്പെടെ ആകെ എത്ര എസ്.ഐ.-മാരുടെ അനുവദിക്കപ്പെട്ട പോസ്റ്റ് നിലവിലുണ്ട്; ഇതിൽ കൂടുതൽ എസ്.ഐ.-മാരെ നിലവിൽ നിയമിച്ചിട്ടുണ്ടോ;

(ഡി) പോലീസ് സംഘടനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ഒഴിവുകൾ പരിഗണിക്കാതെ എസ്.ഐ.-മാരെ നിയമിച്ചതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടിയിലൂടെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരണം നൽകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ആകെ 479 ലോക്കൽ പോലീസ് സ്റ്റേഷനുകളുണ്ട്. ഇവ കൂടാതെ റെയിൽവേ പോലീസ് സ്റ്റേഷൻ - 13, വനിതാ പോലീസ് സ്റ്റേഷൻ-10, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ-1, ക്രൈംബ്രാഞ്ച് സി.ഐ.ഡി. പോലീസ് സ്റ്റേഷൻ-01, കോസ്റ്റൽ പോലീസ് സ്റ്റേഷൻ -18 എന്നിവകൂടി നിലവിലുണ്ട്. പന്തീരങ്കാവ്, ഉടുമ്പഞ്ചോല, മട്ടന്നൂർ എയർപോർട്ട്, ഇലവുംതിട്ട എന്നിവിടങ്ങളിലായി പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഉദ്ഘാടനം താമസംവിന നടക്കുന്നതാണ്. എല്ലാ ജില്ലകളിലുമായി 938 സബ് ഇൻസ്പെക്ടർ (കെ.സി.പി.കേഡർ) ജോലി നോക്കിവരുന്നു.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എസ്.ഐ.-മാർക്കുപുറമെ നേരിട്ടും പ്രൊമോഷൻ മുഖേനയും നിയമിച്ച 141 എസ്.ഐ ട്രെയിനികൾക്കും 30 വനിതാ എസ്.ഐ.ട്രെയിനികൾക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 141 എസ്.ഐ. ട്രെയിനികളിൽ 113 പേരും 30 വനിതാ എസ്.ഐ.ട്രെയിനികളിൽ 19 പേരും ഇപ്പോൾ കേരളാ പോലീസ് അക്കാദമിയിൽ ട്രെയിനിംഗിലാണ്. എ.എസ്.ഐ.-മാരിൽ നിന്നും ആർക്കുംതന്നെ എസ്.ഐ.മാരായി സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(സി) കേരള പോലീസ് സേനയിലെ കെ.സി.പി. കേഡറിലെ (സായുധ സേന വിഭാഗം ഒഴികെ) എസ്.ഐ.മാരുടെ അംഗബലം 2232 ആണ്. ഇതിൽ കൂടുതൽ എസ്.ഐ.-മാരെ നിയമിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പോലീസിലെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ്

132 (2084) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് വകുപ്പിൽ നിലവിൽ എത്ര പോലീസ് ജില്ലകൾ, ബറ്റാലിയനുകൾ, മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് ഇവ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഇവയിൽ ഓരോ വിഭാഗത്തിലെയും ഉദ്യോഗസ്ഥരുടെ തസ്തികകൾ പോലീസ് ജില്ലകൾ തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) മോട്ടോർ ട്രാൻസ്പോർട്ട് വിങ്ങിൽ ഓരോ പോലീസ് ജില്ലയിലുമുള്ള തസ്തികകൾ, ഹെഡ് ക്വാർട്ടേഴ്സിൽ ഉള്ള തസ്തികകൾ, ഡിവൈ.എസ്.പി., എസ്.പി. തസ്തികകൾ ഇവ എത്രയാണെന്ന് വിശദമാക്കുമോ;

(സി) 2010-ന് മുമ്പ് ടി വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് എസ്.പി.-മാരുടെ എത്ര തസ്തികയാണ് ഉണ്ടായിരുന്നത്; നിലവിൽ എത്ര എസ്.പി.-മാരുടെ തസ്തികയാണ് ഉള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ എസ്.ഐ. മുതൽ എസ്.പി. വരെയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 19 പോലീസ് ജില്ലകൾ, 11 ബറ്റാലിയനുകൾ, 36 മോട്ടോർ ട്രാൻസ്പോർട്ട് വിംഗുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇവയിൽ ഓരോ വിഭാഗത്തിലെയും ഉദ്യോഗസ്ഥരുടെ തസ്തികകൾ പോലീസ് ജില്ലകൾ തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2010-ന് മുമ്പും നിലവിലും മോട്ടോർ ട്രാൻസ്പോർട്ട് എസ്.പി.-മാരുടെ രണ്ട് തസ്തികകളാണുള്ളത്.

എസ്.പി. (എം.റ്റി), പി.എച്ച്.ക്യൂ - 1

എസ്.പി. (എം.റ്റി) & ടെക്നിക്കൽ സ്റ്റഡീസ് കേരള പോലീസ് അക്കാഡമി - 1

(ഡി) നിലവിലുണ്ട്. ആയത് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ക്രൈംബ്രാഞ്ച് പുനഃസംഘടന

133 (2085) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈംബ്രാഞ്ചിനെ റവന്യൂ ജില്ലാടിസ്ഥാനത്തിൽ എസ്.പി.മാർക്ക് ചുമതല നൽകി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പുനഃസംഘടന നടത്തുന്നതിന് മുമ്പ് ഇതു സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള പുനഃസംഘടന ക്രൈംബ്രാഞ്ചിന് ഏതു വിധത്തിൽ ഗുണകരമാകുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സർക്കാർ ഉത്തരവ് 11-10-2018-ലെ (എം.എസ്.)നമ്പർ 162/18/ ആഭ്യന്തരം പ്രകാരം റവന്യൂ ജില്ലാടിസ്ഥാനത്തിൽ പോലീസ് സൂപ്രണ്ടുമാർക്ക് ചുമതല നൽകി ക്രൈംബ്രാഞ്ച് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകളുടെ അധിക ചുമതല യഥാക്രമം കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാർക്കാണ് നൽകിയിട്ടുള്ളത്.

(ബി) ലോ & ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കും. ഇതിനായി പോലീസിൽ പ്രത്യേക സംവിധാനം ഉണ്ടാക്കും. പോലീസ് ആധുനികവൽക്കരിക്കും എന്ന സർക്കാർ വാഗ്ദാനം പാലിച്ചുകൊണ്ടുള്ള തീരുമാനമാണ് ക്രൈംബ്രാഞ്ച് പുനഃസംഘടന. ഇതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്ന ക്രമസമാധാന പരിപാലനം, കുറ്റകൃത്യങ്ങളിൽ മുഖം നോക്കാതെയും ജാഗ്രതയോടെയുള്ള അന്വേഷണരീതി, ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുംവിധം ശാസ്ത്രീയ മാർഗങ്ങളിലൂടെയുള്ള തെളിവ് ശേഖരണം, ഉയർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അന്വേഷണ സംഘങ്ങൾ രൂപീകരിക്കാനുള്ള സൗകര്യം എന്നിവ സാധ്യമാകും.

(സി) പുനഃസംഘടിപ്പിക്കുന്നതിനുമുമ്പ് ഒരു ജില്ലയിലെ പോലീസ് സൂപ്രണ്ടിന് രണ്ടും അതിലധികവും ജില്ലകളുടെ ചുമതല ഉണ്ടായിരുന്നു. കേസ്സുകളുടെ അന്വേഷണത്തിന്റെ മേൽനോട്ടത്തിന് ആയത് ബുദ്ധിമുട്ടായിരുന്നു. പുനഃസംഘടന നടപ്പിലായതിനുശേഷം എസ്.പി.-ക്ക് ഒരു ജില്ലയുടെ മാത്രം ചുമതല നൽകിയതോടെ അന്വേഷണങ്ങളുടെ മേൽനോട്ടം കൂടുതൽ കാര്യക്ഷമമായി

നിർവ്വഹിക്കാൻ കഴിയുന്നു. കൂടാതെ പ്രമാദമായ കേസ്സുകൾ അന്വേഷിക്കുന്നതിന് ഓരോ പോലീസ് സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആസ്ഥാനമാക്കി രണ്ടും എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ ആസ്ഥാനമാക്കി ഒന്നു വീതവും സെൻട്രൽ യൂണിറ്റുകൾ രൂപീകരിച്ചിട്ടുള്ളത് കേസ്സ് അന്വേഷണത്തിന് കൂടുതൽ സഹായകരമാണ്.

## നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് വിഭാഗം

134 (2086) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് വിഭാഗം ആരംഭിക്കുന്നതിന് എം.എൽ.എ.-യുടെ ഉപരി കത്തോടെ നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര താലൂക്കിലെ ഏക സർക്കാർ പെൺപള്ളിക്കൂടം എന്ന നിലയിൽ 2019 അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ;

(സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഏതെങ്കിലും സ്കൂളിൽ നിന്നും സ്റ്റുഡന്റ് പോലീസ് വിഭാഗത്തെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ പകരം ഏതു സ്കൂളിൽ സ്റ്റുഡന്റ് പോലീസ് വിഭാഗം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ SPC അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുകയും അത് പരിശോധിച്ചപ്പോൾ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ടി സ്കൂളിൽ SPC അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഡോ.ജി.രാമചന്ദ്രൻ പബ്ലിക് സ്കൂളിൽ ഈ വർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നതിൽ സ്കൂൾ അധികൃതർ വിസമ്മതം അറിയിച്ചതിനാൽ പ്രസ്തുത സ്കൂളിൽ പദ്ധതി നിർത്തലാക്കുന്നത് സംബന്ധിച്ച് നടപടി തിരുവനന്തപുരം റൂറൽ ജില്ലാ ഉപദേശക സമിതി കൈക്കൊണ്ടുവരുന്നു. പകരമായി വേറെ ഒരു സ്കൂളിലും എസ്.പി.സി. പദ്ധതി അനുവദിച്ചിട്ടില്ല.

## സി.പി.എം. നേതാക്കളുടെ പേരിലുള്ള കേസ്സുകൾ

135 (2087) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.പി.എം. നേതാക്കളുടെ പേരിൽ തിരുവനന്തപുരം മ്യൂസിയം, കന്റോൺമെന്റ്, കണ്ണൂർ, തളിപ്പറമ്പ് പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിരുന്ന കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആരുടെയൊക്കെ പേരിലുള്ള കേസ്സുകളാണ് ഇപ്രകാരം പിൻവലിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷ കോടതി അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ പിൻവലിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) തിരുവനന്തപുരം മ്യൂസിയം/കന്റോൺമെന്റ്, കണ്ണൂർ, തളിപ്പറമ്പ് പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ 46 എണ്ണം പിൻവലിക്കുന്നതിനുള്ള അപേക്ഷകൾ കോടതി അംഗീകരിച്ചിട്ടുണ്ട്.

## ഫസൽ വധക്കേസ്സ്

136 (2088) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫസൽ വധക്കേസിൽ സി.ബി.ഐ. കോടതിയുടെ തീരുമാനപ്രകാരം നാടുകടത്തപ്പെട്ട കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ കാരായി രാജന്റെയും തലശ്ശേരി മുനിസിപ്പൽ കൗൺസിലർ കാരായി ചന്ദ്രശേഖരന്റെയും കേസ്സുമായി ബന്ധപ്പെട്ട് പുതിയ വെളിപ്പെടുത്തലുണ്ടായ സാഹചര്യത്തിൽ തുടരന്വേഷണം നടത്തുന്നത് പരിഗണനയിലുണ്ടോ ;

(ബി) മറ്റൊരു കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പ്രതികൾ തങ്ങളാണ് ഫസലിനെ കൊലപ്പെടുത്തിയതെന്ന് വെളിപ്പെടുത്തിയ സാഹചര്യത്തിൽ ഫസലിന്റെ കൊലപാതകത്തിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഫസൽ വധക്കേസ്സ് സി.ബി.ഐ.-യുടെ അന്വേഷണത്തിലായതിനാൽ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ടി കേസ്സിൽ തുടർ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന പോലീസിന് നിയമപരമായ തടസ്സങ്ങളുണ്ട്.

**രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്ക് പോലീസ് കാവൽ**

137 (2089) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണവും നിയമവാഴ്ചയും ഉറപ്പാക്കാൻ ഉത്തരവാദിത്വപ്പെട്ട പോലീസ് സേനയെ രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്ക് സ്ഥിരം കാവൽ ഏർപ്പെടുത്തുന്നതിന് നിയോഗിക്കാറുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ഏതൊക്കെ രാഷ്ട്രീയ പാർട്ടികളുടെ എത്ര ഓഫീസുകൾക്ക് വീതമാണ് പുതുതായി കാവൽ ഏർപ്പെടുത്തിയിരിക്കുന്നത്; എത്ര ഓഫീസുകൾക്ക് നിലവിലുള്ള പോലീസ് കാവൽ തുടർന്നു വരുന്നു; ഇതിനായി നിയോഗിച്ചിട്ടുള്ള ആകെ പോലീസ് സേനാംഗങ്ങളുടെ എണ്ണമെത്രയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇത്തരത്തിൽ പാർട്ടി ഓഫീസുകൾ, സ്മാരകങ്ങൾ, അനുബന്ധ ഇടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് എത്ര പോലീസുകാരെ ഉപയോഗിച്ചു; ഇതിനായി ആകെ എത്ര ഡ്യൂട്ടി (എണ്ണത്തിൽ) ഉപയോഗപ്പെടുത്തി; ഇതിനായി എന്ത് തുക ശമ്പളമുൾപ്പെടെ ചെലവാക്കി; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ& ബി) സ്ഥിരം കാവൽ ഏർപ്പെടുത്തുന്നതിന് നിയോഗിക്കാറില്ല. എന്നാൽ ചില സാഹചര്യങ്ങളിൽ ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്ക് കാവൽ ഏർപ്പെടുത്താറുണ്ട്. ഇതിനായി ശമ്പളത്തിന് പുറമെ പ്രത്യേക തുകകളൊന്നും ചെലവായിട്ടില്ല.

**ഗോസംരക്ഷകരുടെ കയ്യേറ്റവും അതിക്രമവും**

138 (T* 2091) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി ചെക്ക് പോസ്റ്റ് വഴി കേരളത്തിലേക്ക് വരുന്ന കന്നുകാലികളെ ഗോസംരക്ഷകർ എന്ന പേരിൽ തടഞ്ഞ് കയ്യേറ്റവും അതിക്രമവും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ ഇത്തരം സംഭവങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങളിൽ ചില ഉദ്യോഗസ്ഥർ അക്രമികൾക്ക് കൂട്ടുനിൽക്കുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) അപ്രകാരം പരാതികൾ ഉണ്ടായിട്ടില്ല.

**കരയോഗമന്ദിരങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾ**

139 (2092) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ കരയോഗമന്ദിരങ്ങൾക്കു നേരെ ആക്രമണങ്ങൾ നടത്തുകയും റീത്തുകൾ വയ്ക്കുകയും ചെയ്ത സംഭവങ്ങളിൽ പോലീസ് ഇതേവരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഇക്കാര്യത്തിൽ 7 കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

**സ്ത്രീകളെയും കുട്ടികളെയും കാണാതാകുന്ന സംഭവങ്ങൾ**

140 (2093) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളെയും കുട്ടികളെയും കാണാതാകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കാണാതാകുന്നവരെ കണ്ടെത്തുന്നതിന് സംസ്ഥാന തലത്തിൽ അന്വേഷണ സംഘം പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംഭവങ്ങൾ റിപ്പോർട്ടാകുന്ന സന്ദർഭങ്ങളിൽ ശരിയായ ദിശയിൽ അന്വേഷണം നടത്തി കേസ്സുകൾ ചാർജ് ചെയ്തുവരുന്നതിനാൽ എണ്ണം വർദ്ധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ത്രീകളെയും കുട്ടികളെയും കാണാതാകുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിലേയ്ക്കായി സംസ്ഥാനതലത്തിൽ ശ്രീമതി മെറിൻ ജോസഫ് ഐ.പി.എസ്.-നെ നോഡൽ ഓഫീസറായി ഒരു അന്വേഷണ സംഘം (SIT MM-1) സംഘടിപ്പിച്ചിട്ടുണ്ട്.

## പോക്സോ കേസ്സുകൾ

141 (2094) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന പോക്സോ കേസ്സുകളിൽ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം വളരെ കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(ബി) പോക്സോ കേസ്സുകളിൽ പരാതി കിട്ടി മൂന്ന് മാസത്തിനകം കുറ്റപത്രം നൽകണമെന്ന വ്യവസ്ഥ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ;

(സി) നിയമം നടപ്പാക്കുന്നതിലെ അപകാതകൾ ചൂണ്ടിക്കാട്ടി പോലീസ് പ്രായോഗിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ആറ് വർഷം മുമ്പുള്ള കേസ്സുകളിൽ പോലും കോടതികളിൽ തീരുമാനം ആകാതെ ഇരിക്കുന്ന സാഹചര്യത്തിൽ കുറ്റവാളികൾക്ക് ഇരയെ സമ്മർദ്ദത്തിലാക്കുന്നതിനും സാക്ഷികളെ കൂറുമാറ്റുന്നതിനും സാഹചര്യം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസ്സുകളുടെ വിചാരണ വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം കുറയുന്നതിനുകാരണം കൃത്യമായി വിലയിരുത്തുന്നതിന് കൂടുതൽ പരിശോധനകൾ ആവശ്യമാണ്.

(ബി) ഗൗരവമായി പരിഗണിക്കും. പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്ത് രണ്ട് മാസത്തിനകംതന്നെ കുറ്റപത്രം സമർപ്പിക്കണമെന്ന് നിയമ വ്യവസ്ഥയിലുണ്ട്.

(സി) ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽനിന്നും പുറപ്പെടുവിക്കുന്ന സർക്കുലറുകളിലെയും മറ്റും നിർദ്ദേശങ്ങൾ സമയബന്ധിതമായും കൃത്യമായും പാലിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്കും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിവരുന്നു.

(ഡി) എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ സെഷൻസ് കോടതികളെ പോക്സോ കേസ്സുകളുടെ വിചാരണ നടത്തുന്നതിനായി അധികാരപ്പെടുത്തിയിട്ടുണ്ട്.

**പോക്സോ കേസ്സുകൾ**

142 (2095) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ കേസ്സുകൾ വിചാരണ നടത്തി കുറ്റവാളികളെ ശിക്ഷിക്കുന്നതിൽ വലിയ കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ പോക്സോ കോടതികളുള്ളത്; കുട്ടികൾ പ്രതിയുമായി നേർക്കുനേർ കാണാത്ത ശിശുസൗഹൃദ കോടതികൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കേസ്സുകൾ കൃത്യമായി നിരീക്ഷിക്കാനും മൊഴിയെടുപ്പ്, വൈദ്യപരിശോധന എന്നിവ സുഗമമാക്കാനും ജില്ലാ ശിശുക്ഷേമസമിതിയുടെ മേൽനോട്ടത്തിൽ ജില്ലാ പോലീസ് ചീഫ്, ഡി.എം.ഒ., ചൈൽഡ് ലൈൻ അംഗം എന്നിവരെയും മറ്റും ഉൾപ്പെടുത്തി ഒരു സമിതിയെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ സെഷൻസ് കോടതികളെ പോക്സോ കേസ്സുകളുടെ വിചാരണ നടത്തുന്നതിനായി അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**പോക്സോ കേസ്സുകൾ**

143 (2096) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോക്സോ കേസ്സുകളുടെ എണ്ണം വർദ്ധിച്ച് വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018 വർഷത്തിൽ രജിസ്റ്റർ ചെയ്ത പോക്സോ കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിൽ നടപ്പുവർഷം രജിസ്റ്റർ ചെയ്ത പോക്സോ കേസ്സുകൾ പോലീസ് സ്റ്റേഷൻ തിരിച്ച് വിശദമാക്കാമോ;

(ഡി) പോക്സോ കേസ്സുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ അത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) റിപ്പോർട്ടു ചെയ്യപ്പെടുന്ന സംഭവങ്ങളിൽ കാര്യക്ഷമമായ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നിയമനടപടി ഉറപ്പാക്കുകയും ചെയ്യുന്നതിനാൽ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018 വർഷത്തിൽ (27-11-2018 വരെ) രജിസ്റ്റർ ചെയ്ത പോക്സോ കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്*.

(സി) മലപ്പുറം ജില്ലയിൽ നടപ്പുവർഷം 2018 (27-11-2018 വരെ) രജിസ്റ്റർ ചെയ്ത പോക്സോ കേസ്സുകൾ പോലീസ് സ്റ്റേഷൻ തിരിച്ച് അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

(ഡി) പോക്സോ നിയമത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി 14 ജില്ലകളിലും ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ നേതൃത്വത്തിൽ അങ്കണവാടി വർക്കർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ, കുടുംബശ്രീ പ്രവർത്തകർ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ, സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യപകർ എന്നിവർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസികൾക്കിടയിലുള്ള ശൈശവ വിവാഹങ്ങളും അതിലൂടെയുണ്ടാകുന്ന പോക്സോ കേസ്സുകളും തടയുന്നതിനായി ആദിവാസി മേഖലകളിൽ വ്യാപകമായ പ്രചരണങ്ങൾ സംഘടിപ്പിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു ഹ്രസ്വചിത്രം നിർമ്മിച്ച് പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

## പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ

144 (2097) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ സുരക്ഷയ്ക്കായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പോലീസ് സ്റ്റേഷനുകളിൽ ഇത്തരം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരായി നിയമിക്കുന്നതിന് നിശ്ചയിട്ടുള്ളതേത് തസ്തികയിലുള്ള ജീവനക്കാരെയാണ്; ഇവർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകി വരുന്നത്;

(സി) ബാലനീതി നിയമം നടപ്പിലാക്കുന്നതിന് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാ പോലീസ് സ്റ്റേഷനുകളിലും അസി. സബ് ഇൻസ്പെക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചൈൽഡ് വെൽഫെയർ ഓഫീസറായി നിയമിക്കണമെന്ന് ജുവനൈൽ ജസ്റ്റിസ് ആക്ടിലെ നിബന്ധന പ്രകാരം മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ ഒഴികെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. (മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കായിട്ടാണ് മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ രൂപീകരിച്ചിട്ടുള്ളത്).

(ബി) ഒരു അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഓഫീസറെയാണ് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറായി നിയമിക്കുന്നത്. ഇവർക്ക് പോക്സോ ആക്ട്, ജുവനൈൽ ജസ്റ്റിസ് ആക്ട്, ജെന്റർ അവയർനെസ്സ്, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിദഗ്ദ്ധരുടെ ക്ലാസുകൾ നൽകി വരുന്നുണ്ട്. കൂടാതെ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി തുടങ്ങിയ യൂണിറ്റുകൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലും ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരെ ഉൾപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു.

(സി) ബാലനീതി നിയമം നടപ്പിലാക്കുന്നതിനായി കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ സംബന്ധിച്ച് പരാതികൾ മുഖേനയും മറ്റ് മാർഗ്ഗങ്ങൾ മുഖേനയും വിവരങ്ങൾ ലഭ്യമാകുന്ന സമയം ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ഡിസ്ട്രിക്ട് ചൈൽഡ് ലൈൻ എന്നീ യൂണിറ്റുകളെയും പരാതിയുമായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറേയും ഏകോപിപ്പിച്ചുകൊണ്ട് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. കൂടാതെ മേലധികാരികളിൽനിന്നും വിവിധ കോടതികളിൽനിന്നും സമയാസമയം ലഭിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സ്കൂളുകളിലും മറ്റും ബാലനീതി നിയമത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിന് ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

## ഇതരസംസ്ഥാന തൊഴിലാളികൾ സൃഷ്ടിക്കുന്ന ആരോഗ്യ, ക്രമസമാധാന, സാമൂഹ്യ പ്രശ്നങ്ങൾ

145 (2098) ശ്രീ. എം. ഉമ്മർ :

ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ സൃഷ്ടിക്കുന്ന ആരോഗ്യ, ക്രമസമാധാന, സാമൂഹ്യ പ്രശ്നങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തൊഴിലാളികൾ ഉൾപ്പെട്ട കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾ സൃഷ്ടിക്കുന്ന ആരോഗ്യ, ക്രമസമാധാന, സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രസ്തുത മൂന്ന് വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നുവരുന്ന അതിഥി തൊഴിലാളികൾ കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവനയാണ് നൽകുന്നത്. ജീവിത സാഹചര്യങ്ങൾമൂലം നിത്യവൃത്തിക്കായി എത്തിച്ചേരുന്ന എല്ലാപേരും കുറ്റവാളികളല്ല. എല്ലാ സമൂഹങ്ങളിലുമെന്നപോലെ ചിലർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരായി പോലീസ് അന്വേഷണത്തിൽ ബോധ്യപ്പെടുന്നവർക്കെതിരെ നിയമപരമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

അതിഥി തൊഴിലാളികൾക്ക് സുരക്ഷിതമായി തൊഴിലെടുക്കുന്നതിനും സാമൂഹ്യ-ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇവരെ നിരീക്ഷിക്കുന്നതിനും വിവരം ശേഖരിക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. ജനമൈത്രി പോലീസ് സംവിധാനം ഉൾപ്പെടെ ഉപയോഗപ്പെടുത്തി അതിഥി തൊഴിലാളികളുടെ വിരലടയാളമടക്കമുള്ള വിവരങ്ങൾ മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ സൂക്ഷിച്ചുവരുന്നു.
2. ഇവരുടെ വിവരശേഖരണത്തിനായി 'ഇ-രേഖ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിച്ചിട്ടുണ്ട്.
3. അതിഥി തൊഴിലാളികൾ ജോലിക്കായി എത്തുമ്പോഴും വിട്ടുപോകുമ്പോഴും അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കണമെന്ന് തൊഴിൽദാതാക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജോലി സൗകര്യാർത്ഥം മാറിമാറി താമസിക്കുന്ന തൊഴിലാളികളുടെ വിവരശേഖരണത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.
4. ഇവർ മുൻകാലങ്ങളിൽ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണോ എന്നറിയുന്നതിനായുള്ള സംവിധാനം പോലീസ് ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം കണ്ടെത്തുന്നവരെ പ്രത്യേകം നിരീക്ഷിക്കുകയും ആവശ്യമെങ്കിൽ നിയമപരമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.
5. തൊഴിലിടങ്ങളിലും താമസസ്ഥലങ്ങളിലും സുരക്ഷയും ശുചിത്വവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ തൊഴിൽ-ആരോഗ്യ-തദ്ദേശ സ്വയംഭരണ വകുപ്പുകൾ മുഖേന സ്വീകരിച്ചുവരുന്നു.
6. ഇവരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ 'ആവാസ്'-ൽ നിരവധിപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**എ.ടി.എം. കേന്ദ്രീകരിച്ച് നടക്കുന്ന മോഷണശ്രമങ്ങൾ**

146 (2099) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ടി.എം. കേന്ദ്രീകരിച്ച് നടക്കുന്ന മോഷണ ശ്രമങ്ങൾ തടയുന്നതിന് പോലീസിന്റെ ഭാഗത്ത് നിന്നുള്ള സുരക്ഷാ ക്രമീകരണങ്ങൾ വിശദമാക്കുമോ;

(ബി) സുരക്ഷാ ജീവനക്കാർ ഇല്ലാത്ത എ.ടി.എം.-കളിൽ സുരക്ഷാ ജീവനക്കാരെ നിയമിക്കുന്നതിന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എ.ടി.എം. കേന്ദ്രീകരിച്ച് നടക്കുന്ന മോഷണശ്രമങ്ങൾ തടയുന്നതിന് പോലീസ് താഴെപ്പറയുന്ന സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കിവരുന്നു:

1. എ.ടി.എം.-കളും മറ്റു ധനകാര്യ സ്ഥാപനങ്ങളും ഉള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രാപകൽ ഭേദമന്യേ പോലീസ് പട്രോളിംഗും ബീറ്റും നിരന്തരമായി നടത്തിവരുന്നു.

2. എല്ലാ എ.ടി.എം.-കളിലും പോലീസ് പട്ടാ ബുക്കുകൾ വച്ചിട്ടുള്ളതും പ്രസ്തുത പട്ടാ ബുക്കുകളിൽ ബീറ്റ് ഡ്യൂട്ടിക്ക് പോകുന്ന പോലീസുദ്യോഗസ്ഥർ ഒപ്പിട്ടുവരുന്നതുമാണ്.

3. എ.ടി.എം.-കളുടെ അകത്തും പുറത്തും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ക്യാമറകൾ സർവ്വീസ് ചെയ്യുന്നതിനും ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. ഹൈവെ പോലീസ് ഉള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന എ.ടി.എം.-കളുടെ സുരക്ഷ ഹൈവെ പോലീസ് സന്ദർശിച്ച് ഉറപ്പുവരുത്തുന്നു.

5. അന്തർ സംസ്ഥാന മോഷണകേസ്സുകളിലും മറ്റും ഉൾപ്പെട്ടിട്ടുള്ളവരുടെ ലിസ്റ്റുകൾ തയ്യാറാക്കി പ്രസ്തുത ആളുകളുടെ ഇപ്പോഴത്തെ സ്ഥിതിവിവരം അന്വേഷിച്ചുവരുന്നു.

6. എ.ടി.എം. കൗണ്ടറുകൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് നഗരസഭ/പഞ്ചായത്ത്/ കെ.എസ്.ഇ.ബി അധികാരികൾക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സുരക്ഷാ ജീവനക്കാർ ഇല്ലാത്ത എ.ടി.എം.-കളിൽ സ്വന്തം നിലയിൽ സുരക്ഷ ഉറപ്പുവരുത്തണമെന്ന് ബാങ്കുകൾക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹൈവേ കവർച്ച സംഘങ്ങൾ**

147(2100) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈവേ കേന്ദ്രീകരിച്ച് കവർച്ച നടത്തുന്ന സംഘങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈവേ പട്രോളിംഗിന് പ്രത്യേക സ്ക്വാഡുകളെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്രപേരെ കസ്റ്റഡിയിലെടുത്തുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ ദേശീയ സംസ്ഥാന ഹൈവേകളിൽ പട്രോളിംഗ് ഡ്യൂട്ടിക്ക് മാത്രമായി ഹൈവേ പട്രോളിംഗ് വാഹനങ്ങളുണ്ട്. കൂടാതെ അതാത് പോലീസ് സ്റ്റേഷൻ പരിധികളിലുള്ള ഹൈവേകളിൽ പോലീസ് സ്റ്റേഷൻ പട്രോളിംഗ് വാഹനങ്ങളും സിറ്റി കേന്ദ്രീകരിച്ചുള്ള ഹൈവേകളിൽ സിറ്റി കൺട്രോൾ റൂം വാഹനങ്ങളും പട്രോളിംഗ് നടത്തിവരുന്നു.

(സി) 49 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 149 പേരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്.

**ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സ് പ്രതികളുടെ പരോൾ**

148 (2101) <u>ശ്രീ. സണ്ണി ജോസഫ് :</u>

<u>ശ്രീ. ഐ.സി.ബാലകൃഷ്ണൻ</u> :

<u>ശ്രീ. അനിൽ അക്കര</u> :

<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷ അനുഭവിക്കുന്ന പ്രതികളിൽ ഓരോരുത്തർക്കും ഇതുവരെ എത്ര ദിവസത്തെ സ്വാഭാവിക പരോളും അടിയന്തര പരോളും അനുവദിച്ചു; വിശദാംശം നൽകുമോ;

(ബി) ഇവരിൽ ഓരോരുത്തരേയും ആയുർവേദ ചികിത്സ ഉൾപ്പെടെയുള്ള ചികിത്സയുടെ പേരിൽ എത്രദിവസം ആശുപത്രികളിൽ അഡ്മിറ്റ് ചെയ്തു;

(സി) എത്ര ദിവസം വീതമാണ് ചികിത്സ നൽകിയത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊലക്കേസ്സ് പ്രതികളിൽ ആർക്കെങ്കിലും നൂറ് ദിവസത്തിൽ കൂടുതൽ പരോൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെന്നും അതിനുള്ള പ്രത്യേക കാരണമെന്തെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി)

| ക്രമ നമ്പർ | തടവുകാരന്റെ പേരും നമ്പരും | ആയുർവേദം | അലോപ്പതി | ആകെ |
|---|---|---|---|---|
| 1 | സി നമ്പർ 705 ടി. കെ. രജീഷ് | 46 ദിവസം | - | 46 ദിവസം |
| 2 | സി നമ്പർ 2490 കെ. സി. രാമചന്ദ്രൻ | 27 ദിവസം | 58 ദിവസം | 85 ദിവസം |
| 3 | സി നമ്പർ 2492 പി. കെ. കുഞ്ഞനന്തൻ | - | 46 ദിവസം | 46 ദിവസം |

(ഡി) അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

**എരഞ്ഞോണ അബ്ദുൾ കരീം വധക്കേസ്**

149 (2102) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീം വധക്കേസിൽ ക്രൈംബ്രാഞ്ച് പ്രതികളായി കണ്ടെത്തിയത് ആരെയെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇപ്പോൾ പ്രസ്തുത കേസ്സ് അന്വേഷണത്തിന് നേതൃത്വം നല്കുന്നത് ആരാണ്;

(ഡി) അബ്ദുൾ കരീമിന്റെ ശവശരീരത്തിനായുള്ള പ്രതികൾക്കൊപ്പമുള്ള തെരച്ചിലിനിടയിൽ മറ്റൊരാളുടെ അസ്ഥികൂടം കണ്ടെത്തിയിരുന്നുവോ;

(ഇ) എങ്കിൽ കണ്ടെത്തിയ ശരീരാവശിഷ്ടങ്ങളുമായി അബ്ദുൽ കരീം വധക്കേസ്സിലെ പ്രതികൾക്ക് ബന്ധമുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ കർണാടക പോലീസ് എന്തെങ്കിലും ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ജി) അബ്ദുൾ കരീം വധത്തിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവർക്കു പുറമെ പ്രതികൾക്ക് സഹായം ചെയ്ത മറ്റാരെയെങ്കിലും പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷണ സംഘം പരിശോധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ എരഞ്ഞോണ എന്ന സ്ഥലത്ത് അബ്ദുൾ കരീം എന്നയാളുടെ മരണവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ പ്രതികളായി കണ്ടെത്തിയവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. മിഥിരാജ് (S/o. അബ്ദുൾ കരീം)
2. ഫിർദൗസ് (S/o. അബ്ദുൾ കരീം)
3. മൈമൂന (W/o. അബ്ദുൾ കരീം)
4. മുഹമ്മദ് ഫായിസ് (S/o. മൊയ്ദീൻ ഹാജി)
5. റഫീഖ് (S/o. സെയ്ഫുദ്ദീൻ).

(ബി) കുറ്റപത്രം സമർപ്പിച്ചിട്ടില്ല. മരണപ്പെട്ടയാളുടെ മൃതശരീരം കണ്ടെത്തിയിട്ടില്ലാത്തതിനാൽ കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) നിലവിൽ കോഴിക്കോട് ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-1 ശ്രീ.ബിജു കെ.സ്റ്റീഫന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) പ്രതികളോടൊപ്പമുള്ള തിരച്ചിലിൽ കർണ്ണാടകയിൽനിന്നുള്ള കബനി കനാലിൽനിന്നും അബ്ദുൾ കരീമിന്റേതെന്നു സംശയിക്കുന്ന ശരീരാവശിഷ്ടങ്ങൾ കണ്ടെത്തുകയും പിന്നീട് ഡി.എൻ.എ പരിശോധനയിൽ അബ്ദുൾ കരീമിന്റേതല്ലെന്ന് വെളിവായിട്ടുള്ളതുമാണ്.

(ഇ) അന്വേഷണം നടത്തിയിട്ടുണ്ട്.

(എഫ്) നടത്തിയിട്ടുണ്ട്. കർണ്ണാടകയിലെ കബനി കനാലിൽനിന്നും കണ്ടെത്തിയ ശരീരാവശിഷ്ടം അബ്ദുൾകരീമിന്റേതല്ലെന്ന് ഡി.എൻ.എ. പരിശോധനയിൽ വ്യക്തമായതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കർണ്ണാടക പോലീസിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതും ആയതുപ്രകാരം ചാമരാജ് നഗർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ Crime No.251/16 u/s 302, 201 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(ജി) കേസ് അന്വേഷണാവസ്ഥയിലാണ്. കൂടുതൽ തെളിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊലക്കേസ് പ്രതികൾക്ക് സ്വീകരണം നൽകുന്ന പ്രവണത

150 (2103) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊലപാതകത്തിലും ഗൂഢാലോചനയിലും ബന്ധമുണ്ടെന്ന് കണ്ടെത്തി അറസ്റ്റ് ചെയ്യപ്പെടുന്ന പ്രതികൾ ജാമ്യം കിട്ടി പുറത്ത് വരുമ്പോൾ അവർക്ക് സ്വീകരണം നൽകുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവണതകൾ നിയമവ്യവസ്ഥയോടുള്ള വെല്ലുവിളിയാണോ എന്ന് വ്യക്തമാക്കുമോ ;

(ബി) പയ്യോളിയിലെ റ്റി. എസ്. മനോജ് വധക്കേസ്സിലെ പ്രതികൾക്ക് ജാമ്യം കിട്ടിയപ്പോൾ സി.പി.എം. കോഴിക്കോട് ജില്ലാ ആസ്ഥാനത്തും പയ്യോളിയിലും സ്വീകരണം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതി സ്ഥാനത്തുള്ളവരെ കുറ്റവിമുക്തരെന്ന രീതിയിൽ സ്വീകരണം നൽകുന്ന നടപടി നിയമവ്യവസ്ഥയോടുള്ള വെല്ലുവിളിയായതിനാൽ ഇത്തരം കാര്യങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇത്തരം സ്വീകരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

## ഹവാല ഇടപാട്

151 (2104) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം എം.എൽ.എ.-യുടെ മകനെയും മരുമകനെയും ഹവാല ഇടപാടിൽ വിദേശത്ത് അറസ്റ്റ് ചെയ്തതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) കുന്ദമംഗലം എം.എൽ.എ.-യുടെ മകന്റെയും മരുമകന്റെയും ഹവാല ഇടപാട് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ കൊടുവള്ളി സ്റ്റേഷനിൽ ലഭിച്ചിരുന്നോ;

(സി) പ്രസ്തുത പരാതിയിൽ പോലീസ് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) മേൽപ്രകാരം ബാധകമല്ല.

**ദുരൂഹ മരണങ്ങൾ**

152 (2105) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരൂഹ സാഹചര്യത്തിൽ ജനങ്ങൾ മരണപ്പെടുന്നതും, കൊലചെയ്യപ്പെടുന്നതുമായ സംഭവങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊടുപുഴ വണ്ണപ്പുറം, മുണ്ടയുടി കമ്പക്കാനം കാനാട്ട് കൃഷ്ണനെയും കുടുംബത്തിലെ മൂന്ന് പേരെയും കൊലപ്പെടുത്തിയ സംഭവത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(സി) മന്ത്രവാദം, ആഭിചാരം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങൾ കൂടുതൽ അടിമപ്പെടുന്നതും, ഇതുമൂലമുള്ള മരണങ്ങൾ ഉണ്ടാകുന്നതും തടയുന്നതിന് ഇക്കാര്യത്തിൽ കർശന നിയമനിർമ്മാണത്തിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദുരൂഹ സാഹചര്യത്തിൽ ജനങ്ങൾ മരണപ്പെടുന്നതും കൊലചെയ്യപ്പെടുന്നതുമായ സംഭവങ്ങളുമായി ബന്ധപ്പെട്ട് 2016-ൽ 3 കേസ്സുകളും 2017-ൽ 6 കേസ്സുകളും 2018-ൽ നാളിതുവരെ 4 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കാളിയാർ പോലീസ് സ്റ്റേഷൻ ക്രൈം 302/18-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. ഫോറൻസിക് പരിശോധന ഫലം ലഭിക്കുന്ന മുറയ്ക്ക് പ്രതികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കി ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിക്കുന്നതാണ്.

(സി) സർക്കാർ പരിശോധിച്ചുവരുന്നു.

**ഔദ്യോഗിക വാഹനം കത്തിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം**

153 (2106) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം കത്തിച്ചതുമായി ബന്ധപ്പെട്ട് വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം 832/2012 നമ്പരായി രജിസ്റ്റർ ചെയ്ത കേസ്സിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ആരാണ്;

(സി) അന്വേഷണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാപഞ്ചായത്ത് മുൻപ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം കത്തിച്ചതുമായി ബന്ധപ്പെട്ട് വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നം.832/12 ആയി രജിസ്റ്റർ ചെയ്ത കേസ്സ് തിരുവനന്തപുരം CBCID, OCW-1 827/CR/OCW-2012 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി സംഭവസ്ഥലത്തുനിന്നും ശേഖരിച്ച വസ്തുക്കൾ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കൃത്യത്തിൽ ഉൾപ്പെട്ടെന്ന് സംശയിക്കുന്നവരെ തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പോളിഗ്രാഫ് ടെസ്റ്റിന് വിധേയരാക്കിയിട്ടുണ്ട്.

(ബി&സി) നിലവിൽ സി.ബി.സി.ഐ.ഡി. ഡിറ്റക്ടീവ് ഇൻസ്പെക്ടർ ശ്രീ. എം. വിജു കുമാർ അന്വേഷണം നടത്തുന്നു. നിശ്ചിത സമയത്തിനുള്ളിൽ അന്വേഷണം പൂർത്തിയാകും എന്ന് പറയുവാൻ കഴിയുകയില്ല.

**പുഴകളിലും നദികളിലും മാലിന്യം നിക്ഷേപിക്കുന്ന സംഘങ്ങൾ**

154 (2107) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കൂസ് മാലിന്യം പുഴകളിലും നദികളിലും നിക്ഷേപിക്കുന്ന സംഘങ്ങൾ എറണാകുളത്ത് പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം പുഴകളിലും നദികളിലും മാലിന്യം നിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ എറണാകുളം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പോലീസ് പിടിച്ചെടുത്തിട്ടുണ്ട്; പ്രസ്തുത വാഹനങ്ങളുടെയും ഉടമകളുടെയും വിവരം ലഭ്യമാക്കാമോ;

(സി) ഇപ്രകാരം പിടിച്ചെടുത്ത വാഹനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ -സി) വിവരം ശേഖരിച്ചുവരുന്നു.

## പോലീസ് കംപ്ലെയിന്റ് അതോറിറ്റി

155 (2108) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് കംപ്ലെയിന്റ് അതോറിറ്റി മുമ്പാകെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ശിക്ഷാനടപടികൾക്ക് വിധേയരാകുന്ന ഉദ്യോഗസ്ഥർ പരാതി കൊടുക്കുന്ന വ്യക്തികൾക്കെതിരെ പ്രതികാര നടപടികൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ 1432 പരാതിയും ജില്ലാ പോലീസ് കംപ്ലെയിന്റ് അതോറിറ്റികളിൽ 1741 പരാതികളും ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന/ജില്ലാ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റികൾ കുറ്റക്കാരാണെന്ന് കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## നെയ്യാറ്റിൻകര സ്വദേശി സനൽകുമാർ കൊല്ലപ്പെട്ട സംഭവം

156 (2109) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സ്വദേശി സനൽകുമാർ കൊല്ലപ്പെട്ട സംഭവത്തിൽ ഒളിവിൽ പോയ മുഖ്യപ്രതി ഡിവൈ.എസ്.പി. ബി. ഹരികുമാറിനെ ആത്മഹത്യചെയ്ത നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ദുരൂഹതയുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഒളിവിൽ പോയ പ്രതിയുടെ വീട്ടിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട പോലീസ് നിരീക്ഷണം കാര്യക്ഷമമായിരുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ പോലീസിനുണ്ടായ കൃത്യവിലോപത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മരണത്തിൽ ദുരൂഹത ഉള്ളതായി ബോധ്യപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് കല്ലമ്പലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 1591/18 നമ്പർ കേസ്സ് ഇപ്പോൾ ആറ്റിങ്ങൽ ഡിവൈ.എസ്.പി. അന്വേഷിച്ചുവരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പോലീസുകാർക്കെതിരെയുള്ള ക്രിമിനൽ കേസ്സുകൾ**

157 (2110) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊലപാതകം, വധശ്രമം, ബലാൽസംഗം പോലുള്ള കുറ്റകൃത്യത്തിൽപ്പെട്ട പോലീസുദ്യോഗസ്ഥരിൽ എത്രപേർ സർവ്വീസിൽ തുടരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുദ്യോഗസ്ഥരെ സർവ്വീസിൽ നിലനിർത്തുന്നത് സംബന്ധിച്ച നയമെന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊലപാതകം, വധശ്രമം, ബലാൽസംഗം പോലുള്ള കുറ്റകൃത്യത്തിൽപ്പെട്ട പോലീസുദ്യോഗസ്ഥരിൽ സർവ്വീസിൽ തുടരുന്നവരുടെ റാങ്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| Crime Heads | സർവ്വീസിൽ തുടരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ റാങ്ക് തിരിച്ചുള്ള എണ്ണം |
|---|---|
| കൊലപാതകം | SI-1, CPO-4 (എല്ലാവരും സസ്പെൻഷനിൽ) |
| വധശ്രമം | SCPO-1, CPO-3 |
| ബലാൽസംഗം | DySP-1,<br>CI-1 (Under Suspension)<br>ASI-2 (One ASI under suspension)<br>SCPO-4 (Two SCPOs under suspension)<br>CPO-18 (Four CPOs under suspension,<br>1 CPO deserted) |

(ബി) ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നിയമപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കർശന നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത് നിയമപരമായി സർവ്വീസിൽനിന്നും പുറത്താക്കൽ ഉൾപ്പെടെയുള്ള നിർദ്ദാക്ഷിണ്യമായ സമീപനമാണ് ഈ സർക്കാർ അനുവർത്തിക്കുന്നത്.

## പാലക്കാട്-കോയമ്പത്തൂർ നാഷണൽ ഹൈവേയിലെ റോഡപകടങ്ങൾ

158 (2111) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കോയമ്പത്തൂർ നാഷണൽ ഹൈവേയിൽ രാത്രി കാലങ്ങളിൽ ഒട്ടനവധി റോഡപകടങ്ങൾ സംഭവിക്കുകയും അപകടത്തിന് കാരണമാകുന്ന വാഹനങ്ങൾ നിർത്താതെ പോകുന്നതുമായ സംഭവങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെയും കോയമ്പത്തൂർ ജില്ലാ പോലീസ് മേധാവിയുടെയും, സംയുക്ത നേതൃത്വത്തിൽ പ്രധാന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും രാത്രികാലങ്ങളിൽ പട്രോളിംഗ് സംവിധാനം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലക്കാട്-കോയമ്പത്തൂർ നാഷണൽ ഹൈവേയിൽ രാത്രി കാലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രധാന റോഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## സുരേഷിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്സ്

159 (2112) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷനിലെ 22-ാം ഡിവിഷനിൽ താമസിച്ചിരുന്ന പഴേക്കാട് പറമ്പിൽ ധനു മകൻ സുരേഷിന്റെ മരണവുമായി ബന്ധപ്പെട്ട് സിറ്റി ട്രാഫിക് വെസ്റ്റ് പോലീസ് സ്റ്റേഷൻ കൊച്ചി സിറ്റിയിൽ 4835/2014 -ാം ക്രൈം നമ്പരായി ഫയൽ ചെയ്ത കേസ്സിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഇയാളുടെ കുടുംബത്തിന് നഷ്ടപരിഹാര തുക ലഭ്യമാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിൽ കേസ്സ് നിലനിൽക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് കൊച്ചി സിറ്റി ട്രാഫിക് വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 4835/14 ആയി രജിസ്റ്റർ ചെയ്ത കേസ്സ് അന്വേഷണം പൂർത്തിയാക്കി, അപകടത്തിന് ഹേതുവായ വാഹനം കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ തെളിയാത്ത കേസ്സുകളുടെ പട്ടികയിൽപ്പെടുത്തി 15-9-2015-ലെ തീർച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട കൊച്ചി JFCM-II കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) സർക്കാർ തലത്തിൽ നഷ്ടപരിഹാരം അനുവദിച്ചിട്ടില്ല.

(സി) നിലവിൽ കേസ്സുള്ളതായി വിവരം ലഭിച്ചിട്ടില്ല.

## ആറ്റിങ്ങൽ ആസ്ഥാനമായി ട്രാഫിക് പോലീസ് സ്റ്റേഷൻ

160 (2113) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ അതിരൂക്ഷമായ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും പതിവായ ആറ്റിങ്ങൽ ആസ്ഥാനമായി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥല സൗകര്യം ലഭ്യമാക്കാമെന്ന നഗരസഭയുടെ ഉറപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) 14-7-2018-ലെ സ.ഉ.(കൈ)നമ്പർ 116/2018/ ആഭ്യന്തരം നമ്പർ പ്രകാരം സംസ്ഥാനത്തെ ട്രാഫിക് കേസ്സുകളുടെ അന്വേഷണ ചുമതല അതാത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ ആറ്റിങ്ങൽ ട്രാഫിക് യൂണിറ്റ് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റായി മാറുന്നതാണ്.

## സ്റ്റിക്കർ പതിച്ച വാഹനങ്ങളുടെ നിയമലംഘനം

161 (2114) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പ്രതിരോധ സേനാംഗങ്ങളുടെയും പി.എച്ച്.ക്യൂ.-വിന്റെയും സ്റ്റിക്കർ പതിപ്പിച്ച വാഹനങ്ങൾക്ക് റോഡ് നിയമങ്ങളിൽ ഏതെല്ലാം ഇനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട്;

(ബി) റോഡ് നിയമങ്ങളിൽ ഇളവ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(സി) ഇത്തരം സ്റ്റിക്കർ പതിച്ച വാഹനങ്ങളും POLICE എന്ന സ്റ്റിക്കർ പതിച്ച സ്വകാര്യ വാഹനങ്ങളും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നത് ട്രാഫിക് നിയമലംഘനങ്ങൾ പരിശോധിക്കാൻ നിയോഗിതരായവർ കണ്ടില്ലെന്ന് നടിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) റോഡ് നിയമങ്ങളിൽ ഇളവ് അനുവദിച്ചിട്ടില്ല.

(സി) POLICE എന്ന സ്റ്റിക്കർ പതിച്ച സ്വകാര്യവാഹനങ്ങൾ സംസ്ഥാനത്തെ നിരത്തിലോടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് വാഹനങ്ങളായാലും മറ്റിതര വകുപ്പുതല വാഹനങ്ങളായാലും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടികൾ സ്വീകരിച്ചുവരാറുണ്ട്.

## സൈബർ കുറ്റകൃത്യങ്ങൾ

162 (2115) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമൂഹ മാധ്യമങ്ങളുടെ വ്യാപകമായ ദുരുപയോഗം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ജീവനക്കാർ സമൂഹ മാധ്യമങ്ങളിലൂടെ സർക്കാർ നിലപാടുകളെ പരസ്യമായി വിമർശിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയത് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ സുരക്ഷിതമായി ഉപയോഗിക്കുന്നതിനും സോഷ്യൽ മീഡിയ സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യുന്നു എന്നതിനെ സംബന്ധിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സാമൂഹിക സാംസ്കാരിക സംഘടകളിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. കൂടാതെ സൈബർ ലോകത്തെ ചതിക്കുഴികളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മുഖേനയും പൊതുജനങ്ങൾക്ക് ജനമൈത്രി പോലീസ് സംവിധാനം മുഖേനയും അവബോധം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സർക്കാർ ജീവനക്കാർ സമൂഹമാധ്യമങ്ങളിലൂടെ സർക്കാർ നിലപാടുകൾ പരസ്യമായി വിമർശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമെ കൊച്ചി, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17-4-2018-ലെ സ.ഉ(കൈ)നമ്പർ 68/2018/ആഭ്യ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention against Women & Children പ്രോജക്ട് നടപ്പിലാക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൈബർ ഫോറൻസിക് ലാബ് ഉൾപ്പെടെ ഒരു ട്രെയിനിംഗ് സെന്റർ കേരള പോലീസ് അക്കാദമിയിൽ ആരംഭിക്കുന്നതിനായി സി-ഡാക്കിന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതും ആയത് തുടങ്ങുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

സൈബർ കുറ്റകൃത്യങ്ങളുടെ ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ജില്ലാ സൈബർ സെല്ലുകൾ, എഫ്.എസ്.എൽ, സൈബർഡോം തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. കൂടാതെ സി-ഡാക്ക് വികസിപ്പിച്ച Cyber Check Suit, Winlift, True Imager, Simextractor, Mobile Check suit, Net force suit, Encase എന്നീ സൈബർ ഫോറൻസിക് ഹാർഡ് വെയർ/ സോഫ്റ്റ്വെയർ ടൂളുകൾ ഉപയോഗിക്കുന്നതിന് സൈബർ സെല്ലുകളിലെ പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി സി-ഡാക്കിൽനിന്നും സമയാസമയങ്ങളിൽ പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

**സൈബർ ക്രൈമുകൾ**

163 (2116) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ ക്രൈമുകൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര സൈബർ ക്രൈമുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ തിരുവനന്തപുരത്ത് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention against Women & Children Project നടപ്പിലാക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങളുടെ ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ജില്ലാ സൈബർ സെല്ലുകൾ, എഫ്.എസ്.എൽ., സൈബർഡോം തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. കൂടാതെ സി-ഡാക്ക് വികസിപ്പിച്ച Cyber Check Suit, Winlift, True Imager, Simextractor, Mobile Check Suit, Net Force Suit, Encase എന്നീ സൈബർ ഫോറൻസിക് ഹാർഡ്‌വെയർ/ സോഫ്റ്റ്‌വെയർ ടൂളുകൾ ഉപയോഗിക്കുന്നതിന് സൈബർ സെല്ലുകളിലെ പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി സി-ഡാക്കിൽനിന്നും സമയാസമയങ്ങളിൽ പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

### മദ്യവില്പനയെ പ്രോത്സാഹിപ്പിക്കുന്ന ഫെയ്സ് ബുക്ക് കൂട്ടായ്മ

164 (T*2117) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലാസിലെ നുരയും പ്ലേറ്റിലെ കറിയും (ജി.എൻ.പി.സി.) എന്ന ഫെയ്സ് ബുക്ക് കൂട്ടായ്മ മദ്യവില്പനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത കൂട്ടായ്മയുടെ അഡ്മിനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) ജി.എൻ.പി.സി. ഗ്രൂപ്പിൽ എത്ര അഡ്മിനുകളുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത അഡ്മിനുകളിൽ പോലീസ് സേനയിലെ ആരെങ്കിലും ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഉത്തരം

(എ) ഗ്ലാസിലെ നരയും പ്ലേറ്റിലെ കറിയും എന്ന ഫെയ്സ് ബുക്ക് കൂട്ടായ്മ മദ്യവിൽപ്പനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റിയിൽ നേമം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1448/18 U/s 153 IPC & 15 (c) r/w 63 of Abkari Act & 78 of JJ Act പ്രകാരം കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) പരാതിക്ക് അടിസ്ഥാനമായതും അറസ്റ്റിനാവശ്യമായതുമായ തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്. ഇക്കാരണത്താൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) GNPC ഗ്രൂപ്പിന്റെ അഡ്മിനായി അജിത്ത് കുമാർ റ്റി.എൽ, S/o തുളസീദാസ്, TC 54/538, സരസ്, കാരയ്ക്കാമണ്ഡപം, നേമം എന്നയാളിനെ കൂടാതെ വേറെ ആരെങ്കിലും ഗ്രൂപ്പ് അഡ്മിനായി ഉണ്ടോയെന്ന് അറിയുന്നതിലേയ്ക്ക് തിരുവനന്തപുരം സിറ്റി സൈബർസെൽ മുഖാന്തരം ഫെയ്സ് ബുക്ക് അതോറിറ്റിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(ഡി) നാളിതുവരെ അന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർ ആരുംതന്നെ ഉൾപ്പെട്ടിട്ടുള്ളതായി വെളിവായിട്ടില്ല. അന്വേഷണം നടന്നുവരുന്നു.

## നവമാധ്യമങ്ങളിൽ അപകീർത്തികരമായ പോസ്റ്റ്

165 (2118) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ നവമാധ്യമങ്ങളിൽ പോസ്റ്റിട്ടതിന്റെ പേരിൽ ഈ വർഷം എത്ര പേർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രതിപക്ഷനേതാവിനെതിരെ നവമാധ്യമങ്ങളിൽ അപകീർത്തികരമായ പോസ്റ്റിട്ടതായ പരാതി 2018 ൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർ ഉണ്ടോ; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ വർഷത്തിൽ 67 പേർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രതിപക്ഷനേതാവിനെതിരെ അപകീർത്തികരമായ പോസ്റ്റിട്ട സിവിൽ പോലീസ് ഓഫീസർക്കെതിരെ വകുപ്പുതല അന്വേഷണം ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

**സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന മരണ ഗ്രൂപ്പുകൾ**

166(2119) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന മരണ ഗ്രൂപ്പുകൾക്കടിമകളായി യുവാക്കൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യത്തിൽ ഇത് ഇല്ലായ്മ ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ടോ; ഇത്തരത്തിലുള്ള സംഭവങ്ങൾ ഏതെല്ലാം ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) സമൂഹമാധ്യമങ്ങളിൽ ഇത്തരം ഗ്രൂപ്പുകൾ പ്രചരിക്കുന്നതും പ്രവർത്തിക്കുന്നതും നിരോധിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സമൂഹ മാധ്യമങ്ങളിലൂടെ ഡെത്ത് ഗ്രൂപ്പ് എന്ന പേരിലുള്ള ഒരു ആത്മഹത്യ ഗ്രൂപ്പ് പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അതിന്റെ പ്രവർത്തനം തടയുന്നതിനുമായി പോലീസ് ഇൻസ്പെക്ടർ ജനറൽ (ക്രൈംബ്രാഞ്ച്)-ന്റെ നേതൃത്വത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഡിവൈ.എസ്.പി. പോലീസ് ട്രെയിനിംഗ് കോളേജ് വൈസ് പ്രിൻസിപ്പാൾ, കോഴിക്കോട് ഐ.എസ്, എസ്.ബി.സി.ഐ.ഡി, ഡിവൈ.എസ്.പി. എന്നിവരടങ്ങുന്ന ഒരു ടീം രൂപീകരിച്ചിട്ടുള്ളതും ഈ ടീമിനെ സഹായിക്കുന്നതിനായി പോലീസിലെ ഐ.ടി. ചീഫ് ടെക്നിക്കൽ ഓഫീസർ ശ്രീ.ഭട്ടതിരിപ്പാടിന്റെയും സി-ഡാക്ക് (സൈബർ ഫോറൻസിക് ഡിവിഷൻ + സെക്യൂരിറ്റി ഡിവിഷൻ) എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) സൈബർ പോലീസ് സ്റ്റേഷനിലെ സൈബർ പട്രോളിംഗിലൂടെ ഇത്തരത്തിലുള്ള ഗ്രൂപ്പുകളുടെ പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. കൂടാതെ ഇത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിലേയ്ക്കായി പത്ര-ദൃശ്യ മാധ്യമങ്ങൾവഴി അറിയിപ്പുകൾ നൽകുകയും റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സംഘടനകൾ തുടങ്ങിയവ ആവശ്യപ്പെടുന്ന മുറയ്ക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരികയും ചെയ്യുന്നു.

**സർക്കിൾ ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ഓഫീസർമാരുടെ ചുമതല**

167 (2120) <u>ശ്രീ. എം. രാജഗോപാലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാന പാലനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഏതൊക്കെ സ്റ്റേഷനുകളിലാണ് സർക്കിൾ ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ഓഫീസർമാരുടെ ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇനിയും ഏതൊക്കെ സ്റ്റേഷനുകളിലാണ് സർക്കിൾ ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ഓഫീസർമാരുടെ ചുമതല നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 203 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.മാരായി നിയമിച്ചിട്ടുണ്ട്. ഏതൊക്കെ സ്റ്റേഷനുകളിലാണെന്നുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. കൂടാതെ 268 പോലീസ് സ്റ്റേഷനുകളിൽക്കൂടി ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിക്കുവാൻ 29-9-2018-ലെ G.O.(Ms)150/2018/Home പ്രകാരം ഉത്തരവായിട്ടുള്ളതും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്റ്റേഷനുകളിലാണ് സർക്കിൾ ഇൻസ്പെക്ടർമാർക്ക് എസ്.എച്ച്.ഒ.-മാരുടെ ചുമതല നൽകാനുള്ളതെന്ന വിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| Sl. No. | Police Station |
|---|---|
| 1 | Manjeshwar |
| 2 | Badiadka |
| 3 | Bedakam |
| 4 | Ambalathara |
| 5 | Chandera |
| 6 | Cheemeni |
| 7 | Chittarikkal |
| 8 | Rajapuram |

**പുതുപ്പാടി പഞ്ചായത്തിലെ അടിവാരത്ത് പോലീസ് സ്റ്റേഷൻ**

168 (2121) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുരത്തിലെ അപകടങ്ങൾ, ഗതാഗതക്കുരുക്ക്, ക്രമസമാധാനപ്രശ്നങ്ങൾ, മാവോയിസ്റ്റ് സാന്നിധ്യം എന്നിവയെല്ലാം ഉള്ള പുതുപ്പാടി പഞ്ചായത്തിലെ അടിവാരത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ദീർഘനാളായുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ- സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിവാരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവിതലത്തിൽ പരിശോധിച്ചുവരുന്നു.

**മാരായമുട്ടം പോലീസ് സ്റ്റേഷൻ**

169 (2122) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരായമുട്ടം പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് പോലീസുകാരില്ലാത്തത് കാരണം ദൈനംദിന പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ടുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ അംഗബലമില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഡിപ്ലോയ്മെന്റ് വഴി ക്രമീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുഴൽമന്ദം, ആലത്തൂർ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.**

170 (2123) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം, ആലത്തൂർ പോലീസ് സ്റ്റേഷനുകളിൽ 2017 വർഷം എത്ര എഫ്.ഐ.ആർ. വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഓരോ പോലീസ് സ്റ്റേഷനുകളിലും 2017-ൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-കളിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത് എത്രയെണ്ണം വീതമുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം, ആലത്തൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ 2017 വർഷത്തിൽ യഥാക്രമം 1212, 1432 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആലത്തൂർ പോലീസ് സ്റ്റേഷനിൽ 1304 കേസ്സുകളിലും കുഴൽമന്ദം പോലീസ് സ്റ്റേഷനിൽ 1136 കേസ്സുകളിലും കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. കേസ്സുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| Name of PS | Total FIR | Charge Sheeted | FR/FAD/UD | UI |
|---|---|---|---|---|
| Alathur | 1432 | 1304 | 124 | 4 |
| Kuzhalmannam | 1212 | 1136 | 70 | 6 |
| Total | 2644 | 2440+ | 194 | 10 |

## വട്ടവൻചാൽ പോലീസ് ഔട്ട് പോസ്റ്റ്

171 (2124) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന മേപ്പാടി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള വട്ടവൻചാൽ എന്ന സ്ഥലത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റ് തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ ആരംഭിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

വട്ടവൻചാൽ എന്ന സ്ഥലത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റ് തുടങ്ങുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കോതമംഗലം പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

172 (2125) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം പോലീസ് സ്റ്റേഷനിലും ട്രാഫിക് സ്റ്റേഷനിലുമായുള്ള എൺപതിൽ അധികം വരുന്ന ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ ഉണ്ടായിരുന്ന 16 LSQ (Lower Subordinate Quarters) പൊളിച്ചുമാറ്റുകയും USQ (Upper Subordinate Quarters) തീർത്തും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയും ആണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏകദേശം രണ്ടര ഏക്കറിലധികം വരുന്ന സ്ഥലം ഉള്ള ഇവിടെ പുതിയ പോലീസ് ക്വാർട്ടേഴ്സ് പണിയുന്നത് പരിഗണനയിലുണ്ടോ; ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) 2018-19 വർഷത്തെ ബഡ്ജറ്റിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഇതിനാവശ്യമായ മതിയായ ശിപാർശ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചുവരുന്നു.

## താജുദ്ദീൻ എന്ന പ്രവാസിയുടെ അറസ്റ്റ്

173 (2126) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കതിരൂർ പുല്യാട് സി.എച്ച്. നഗർ സ്വദേശി താജുദ്ദീൻ എന്ന പ്രവാസിയെ 2018 ജൂലൈ 10-ന് ചക്കരയ്ക്കൽ പോലീസ് കസ്റ്റഡിയിലെടുത്തിരുന്നോ; എങ്കിൽ ഏത് കേസ്സിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തത് എന്നറിയിക്കാമോ;

(ബി) എത്ര ദിവസം താജുദ്ദീൻ ജയിൽവാസം അനുഭവിക്കേണ്ടതായി വന്നു;

(സി) താജുദ്ദീൻ അറസ്റ്റ് ചെയ്യപ്പെട്ടത് തെറ്റായ ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് പോലീസ് പിന്നീട് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) നിരപരാധിയായ പ്രവാസിയെ കള്ളക്കേസ്സിൽ കുടുക്കി ജയിലിലടയ്ക്കുവാനുണ്ടായ സാഹചര്യം ഗൗരവമായി പരിഗണിച്ച് കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കസ്റ്റഡിയിലെടുത്തിരുന്നു. ചക്കരയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം. നം. 388/18 U/s 392 IPC നമ്പർ കേസ്സിലേയ്ക്കാണ് അറസ്റ്റ് ചെയ്തിരുന്നത്.

(ബി) 54 ദിവസം

(സി) കണ്ടെത്തിയിട്ടുണ്ട്.

(ഡി) ചക്കരയ്ക്കൽ പോലീസ് സ്റ്റേഷൻ എസ്.ഐ. ശ്രീ. ബിജു, എ.എസ്.ഐ. ഉണ്ണികൃഷ്ണൻ എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. എസ്.ഐ. ബിജുവിനെ കണ്ണൂർ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുമുണ്ട്.

## മലക്കപ്പാറയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം

174 (2127) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) ജീർണ്ണാവസ്ഥയിലായിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റിയ സ്ഥലത്ത് അടിയന്തരമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ റൂറൽ ജില്ലയിൽ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽനിന്നും ലഭ്യമായ 18 സെന്റ് ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

14-11-2018-ലെ സ.ഉ.(സാധാ)നമ്പർ 3328/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ആദ്യഘട്ടമെന്ന നിലയിൽ 33.350 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

**ഐ. എസ്. ആർ. ഒ. ചാരക്കേസ്സ്**

175 (2128) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്.ആർ.ഒ. ചാരക്കേസ്സുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് കോടതി എന്തെങ്കിലും വിധി പ്രസ്താവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത വിധി പ്രകാരമുള്ള തുക ഡോ. നമ്പി നാരായണന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഐ.എസ്.ആർ.ഒ. കേസ്സിൽ സി.ബി.ഐ. കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ നടപടി എടുക്കുന്ന വിഷയത്തിൽ മുൻ സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിലെ പുതുക്കിയ കോടതി വിധി പ്രകാരം എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രീ. നമ്പി നാരായണൻ ഫയൽ ചെയ്ത CIVIL APPEAL NOS.6637-6638 Of 2018 എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 14-9-2018-ൽ അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ. ചാരക്കേസ്സുമായി ബന്ധപ്പെട്ട് ശ്രീ. നമ്പി നാരായണന് 50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാനും ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ഗൂഢാലോചനയിലെ പങ്ക് അന്വേഷിക്കുന്നതിനായി

മുൻ സുപ്രീംകോടതി ജഡ്ജ് ഡി. കെ. ജയിൻ അദ്ധ്യക്ഷനായി മൂന്നംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിലെ അംഗങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമിക്കുന്ന ഓഫീസർമാരാകണമെന്നും വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) 1-10-2018-ലെ സ.ഉ.(എം.എസ്) നമ്പർ 152/2018/ ആഭ്യന്തരം നമ്പർ പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) സി.ബി.ഐ. കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയൊന്നുംതന്നെ എടുക്കുവാൻ കഴിയില്ലായെന്നായിരുന്നു മുൻ സർക്കാരിന്റെ നിലപാട്.

(ഡി) ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ഗൂഢാലോചന പങ്ക് അന്വേഷിക്കുവാൻ മുൻ സുപ്രീംകോടതി ജഡ്ജ് ഡി.കെ.ജയിൻ അദ്ധ്യക്ഷനായ മൂന്നംഗ സമിതിയിൽ സംസ്ഥാന സർക്കാർ പ്രതിനിധിയായി മുൻ അഡീഷണൽ ചീഫ് സെക്രട്ടറി വി.എസ്. സെന്തിലിനെ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിലെ നിയമസാധുത പരിശോധിക്കാൻ നിയമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഐ.എസ്.ആർ.ഒ. ചാരക്കേസ്സ്

176 (2129) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഐ.എസ്.ആർ.ഒ. ചാരക്കേസ്സുമായി ബന്ധപ്പെട്ട് ശ്രീ. നമ്പിനാരായണന് കോടതി നിർദ്ദേശ പ്രകാരം നൽകിയ നഷ്ട പരിഹാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഐ.എസ്.ആർ.ഒ. കേസിലെ ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ഗൂഢാലോചനയിലെ പങ്ക് അന്വേഷിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാർ പ്രതിനിധികളെ ഉൾപ്പെടുത്തി മുൻ സുപ്രീംകോടതി ജഡ്ജ് ഡി.കെ.ജയിൻ അദ്ധ്യക്ഷനായി മൂന്നംഗ കമ്മിറ്റിയെ നിയമിക്കുവാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പ്രതിനിധിയായി മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. വി. എസ്. സെന്തിലിനെ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിലെ നിയമ സാധുത പരിശോധിക്കാൻ നിയമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ നിരീക്ഷണ ക്യാമറകൾ

177 (2130) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും എത്ര നിരീക്ഷണ ക്യാമറകൾ വീതമുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പോലീസിന്റെ നിയന്ത്രണത്തിലുള്ള ക്യാമറകൾ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്യാമറകളുടെ മെയിന്റനൻസ് നടത്തുന്നത് ആരാണെന്നും മെയിന്റനൻസ് വ്യവസ്ഥകൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) എറണാകുളം സിറ്റി, റൂറൽ പോലീസ് ജില്ലകളിലെ സ്റ്റേഷൻ പരിധിയിലുള്ള നിരീക്ഷണ ക്യാമറകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) എറണാകുളം സിറ്റി, റൂറൽ പോലീസ് ജില്ലകളിൽ പോലീസിന്റെ നിയന്ത്രണത്തിലുള്ള ക്യാമറകളുടെ മെയിന്റനൻസ് കെൽട്രോൺ ആണ് നടത്തിവരുന്നത്. ഈ പോലീസ് ജില്ലകളിൽ സ്വകാര്യ വ്യക്തികളുടെയും ബാങ്കുകൾ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്താൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ അറ്റകുറ്റപ്പണികൾ അതാത് സ്ഥാപനങ്ങൾ/സംഘടനകളാണ് നടത്തുന്നത്.

## ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷൻ

178 (2131) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിക്ക് മുമ്പിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ ഏറ്റുമുട്ടൽ അന്വേഷിക്കുന്ന ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷൻ എത്ര കാലത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്; ഇതിനകം എത്ര മാസം പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടി നൽകുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത അന്വേഷണ കമ്മീഷന്റെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്താണ്;

(ഡി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിൽ ആറ് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. നാല് പ്രാവശ്യമായി 24 മാസം കമ്മീഷന്റെ കാലാവധി നീട്ടിനൽകിയിട്ടുണ്ട്. കമ്മീഷന്റെ നിലവിലെ കാലാവധി 13-5-2019-ൽ അവസാനിക്കും.

(സി) വരുത്തിയിട്ടുണ്ട്. അഡ്വക്കേറ്റ് ജോൺസൺ മാത്യു മാനയാനിയും കേരള ഹൈക്കോടതി അഡ്വക്കേറ്റ് അസോസിയേഷനും കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ മാറ്റംവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 40634/2017 എന്ന ഹർജിയിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 20-12-2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ മാറ്റം വരുത്തിയത്.

(ഡി) 29-11-2018 വരെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ആകെ 1,21,44,418 രൂപ (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി നാല്പത്തിനാലായിരത്തി നാനൂറ്റി പതിനെട്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്.

**ചെങ്ങന്നൂർ, മാന്നാർ സ്റ്റേഷനുകളിലെ വാഹനങ്ങൾ**

179 (2132) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴക്കം ചെന്ന ഔദ്യോഗിക വാഹനങ്ങൾ ഉള്ള പോലീസ് സ്റ്റേഷനുകളിൽ കൃത്യനിർവ്വഹണത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ, മാന്നാർ സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പഴയ വാഹനങ്ങൾക്ക് പകരം പുതിയ ഔദ്യോഗിക വാഹനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) ഇല്ല. ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ കെ.എൽ.01 സി.എച്ച്. 7022 ബൊലേറോ വാഹനവും കെ.എൽ. 01 ബി.കെ 5326 ടവേര വാഹനവും മാന്നാർ പോലീസ് സ്റ്റേഷനിൽ കെ.എൽ.01 ബി.ഡബ്ല്യൂ 5916, കെ.എൽ.01 ബി.ക്യൂ 1841 എന്നീ ബൊലേറോ വാഹനങ്ങളും നൽകിയിട്ടുണ്ട്.

**മഞ്ചേശ്വരത്ത് പ്രത്യേക മതത്തിൽപ്പെട്ടവർക്ക് മാത്രമായി കായിക മത്സരങ്ങൾ**

180 (2133) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്ത് ഒരു പ്രത്യേക മതത്തിൽപ്പെട്ടവർക്ക് മാത്രമായി കബഡി, ക്രിക്കറ്റ് മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതസൗഹാർദ്ദത്തിന് തുരങ്കം വച്ച് ചേരിതിരിവ് നടത്തി കലാപം ഉണ്ടാക്കാൻ ശ്രമിക്കുന്ന ഇത്തരക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിന് 29-11-2018-ന് മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 557/18 u/s 153 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**അഴിമതി നിരോധന നിയമപ്രകാരമുള്ള വിജിലൻസിന്റെ അന്വേഷണം**

181 (2134) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിരോധന നിയമപ്രകാരം വിജിലൻസിന്റെ അന്വേഷണം അധികാരപരിധി വിടാതിരിക്കുന്നതിനായി കേരള ഹൈക്കോടതി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ;

(സി) നയപരമോ ഭരണപരമോ ആയ തീരുമാനം അഴിമതി നിരോധന നിയമപരിധിയിൽ വരില്ലായെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ, വിജിലൻസ് നടത്തുന്ന ഏതെങ്കിലും അന്വേഷണം അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി.നമ്പർ (Crl)83/2017 കേസിൽ 2018 ഒക്ടോബർ 15-ാം തീയതിയിലെ ഉത്തരവിൽ ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ നയപരമായ തീരുമാനങ്ങളെയും ഭരണപരമായ നടപടികളെയും സംബന്ധിച്ച് അഴിമതി നിരോധന നിയമപ്രകാരമുള്ള അന്വേഷണം നടത്താൻ കഴിയില്ല. ഭരണപരമായ നടപടികളിലോ തീരുമാനങ്ങളിലോ ചുമതല നിർവ്വഹണത്തിലോ വ്യക്തിപരമായ അഴിമതിയോ കുറ്റകരമായ സ്വഭാവദൂഷ്യമോ അഴിമതി നിരോധന നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമോ വ്യക്തമാകുന്നതോ ആയ കാര്യങ്ങൾ പോലീസിനോ വിജിലൻസിനോ അന്വേഷണം നടത്താവുന്നതാണ്. ഇക്കാര്യങ്ങൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) നൽകിയിട്ടില്ല.

## ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ

182 (2136) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ നിയമനവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിക്ക് എതിരെ വിജിലൻസ് ഡയറക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) അന്വേഷണം ആരംഭിച്ചിട്ടില്ല എങ്കിൽ എന്ത് കാരണത്താലാണ് അന്വേഷണം ആരംഭിക്കാത്തത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണത്തിന് സർക്കാർ അനുമതി ആവശ്യമാണെങ്കിൽ അനുമതി നൽകാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ നിയമനവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിക്കും മറ്റു നാലുപേർക്കുമെതിരെ ആരോപണം ഉന്നയിച്ച് ശ്രീ. പി. കെ. ഫിറോസ്, ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് മുസ്ലീം യൂത്ത് ലീഗിന്റേതായി ലഭിച്ച ഇ-മെയിൽ പരാതി വിജിലൻസ് ഡയറക്ടറുടെ 28-11-2018-ലെ കത്ത് പ്രകാരം സർക്കാരിൽ 29-11-2018-ൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

## പട്ടാമ്പി പുലാമന്തോൾ റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട കേസ്സ്

183 (2137) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പുലാമന്തോൾ റോഡിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട കേസ്സിന്റെ ഇപ്പോഴുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ഈ കേസിൽ നിലവിൽ ആർക്കെതിരെയെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി പുലാമന്തോൾ റോഡ് നിർമ്മാണത്തിലെ അപാകതയുമായി ബന്ധപ്പെട്ട വിജിലൻസ് കേസിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്. വസ്തുതാ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## വിജിലൻസ് വകുപ്പ് ജനകീയമാക്കുന്നതിന് നടപടി

184 (2138) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ അഴിമതികൾ തടയാൻ ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും ജനകീയ മാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലായി 1751 മിന്നൽ പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സോഴ്സ് റിപ്പോർട്ടുകളും പരാതികളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ, ആരോഗ്യം, സിവിൽ സപ്ലൈസ്, രജിസ്ട്രേഷൻ, ട്രാൻസ്പോർട്ട്, ജലവകുപ്പ്, എക്സൈസ്, സെയിൽസ്ടാക്സ്, പി.ഡബ്ല്യു.ഡി. എന്നീ വകുപ്പുകളിൽ സംസ്ഥാനതലത്തിൽ മിന്നൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

988 പ്രാഥമിക അന്വേഷണങ്ങളും 456 സത്വരാന്വേഷണങ്ങളും 185 രഹസ്യാന്വേഷണങ്ങളും 213 വിജിലൻസ് എൻക്വയറികളും ഉത്തരാവുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. മേൽ അന്വേഷണങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും വകുപ്പുതല നടപടികൾ ശിപാർശ ചെയ്യുകയും അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ തെളിഞ്ഞിട്ടുള്ളവയിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്തുവരുന്നു. ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 476 അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (IAPS) ആരംഭിച്ചു.

2. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ്സ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

3. വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം ആരംഭിക്കുന്നുണ്ട്.

4. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിന് CCB മെസേജ് സംവിധാനം ആരംഭിക്കുന്നുണ്ട്.

5. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 16-12-2016-ലെ സ.ഉ.(എം.എസ്.)34/2016/വിജി നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചു.അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 12 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും വാങ്ങിച്ചു. കൂടാതെ 60 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിജിലൻസ് അന്വേഷണം/കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതവും കൃത്യതയോടും ലഭ്യമാക്കുന്നതിനായി നിലവിലുള്ള വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

6. അഴിമതി നിർമ്മാർജ്ജനത്തിനുവേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ബുക്ക് ലെറ്റുകളും പാംലെറ്റുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഡോക്യുമെന്ററി ഫിലിം നിർമ്മിച്ച് വിഷ്വൽ മീഡിയ വഴിയും എഫ്.എം.ചാനൽ വഴിയും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. സ്കൂൾ കോളേജ് തലങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി വിവിധ മൽസരങ്ങളും സെമിനാറുകളും സംഘടിപ്പിച്ചു.

7. പൊതുജനങ്ങൾക്ക് അഴിമതി സംബന്ധമായ പരാതികൾ നൽകുന്നതിനായി www.publicvig.in എന്ന വെബ്സൈറ്റ് സൗകര്യവും ടോൾഫ്രീ നമ്പരായ 1084 ഉം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ മറ്റ് അവബോധന പദ്ധതികളും ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഫലപ്രദമായി നടക്കുന്നുണ്ട്.

## കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ

185 (2139) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കോടതികൾക്കായി നാമമാത്രമായ തുകയാണ് വിനിയോഗിക്കുന്നതെന്ന സുപ്രീംകോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കോടതി കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) 2017-18 വർഷത്തിൽ ഇക്കാര്യത്തിനായി എന്ത് തുക വിനിയോഗിച്ചുവെന്ന് അറിയിക്കുമോ;

(ഡി) കോടതികളുടെ ഭൗതിക സൗകര്യങ്ങൾക്കായി സുപ്രീംകോടതി നൽകിയ സമഗ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) കോടതികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സമിതിയുണ്ടാക്കണമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി, ഡി & ഇ) സബോർഡിനേറ്റ് ജുഡീഷ്യറിക്കുവേണ്ടി നിലവിൽ സംസ്ഥാനത്തുള്ള 513 കോടതി സമുച്ചയങ്ങളിൽ 331 എണ്ണം ജുഡീഷ്യറിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും 140 എണ്ണംം സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും 42 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിച്ചുവരുന്നത്. ആയതിൽ സർക്കാർ ഉടമസ്ഥതയിലും വാടകക്കെട്ടിടങ്ങളിലുമായി പ്രവർത്തിച്ചു വരുന്ന കോടതികൾ ജുഡീഷ്യറിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിനായി പുതിയ കോടതികെട്ടിടങ്ങൾ പണിയുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തെ കുടുംബ കോടതി കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൗൺസിലിംഗ് റൂമുകൾ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക കാത്തിരിപ്പ് മുറികൾ എന്നിവയുൾപ്പെടുത്തി ഒരു ഏകീകൃത പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)1022/1989 ന്റെ 2-8-2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കോടതികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഒരു സമിതിയുണ്ടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) കൺവീനറായും ചീഫ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശിപാർശ ചെയ്ത ഒരു ഉദ്യോഗസ്ഥൻ എന്നിവരെ ഉൾപ്പെടുത്തി 20-8-2018-ലെ സ.ഉ.(സാധാ)നമ്പർ 4211/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കോടതി കോംപ്ലസുകളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി കേന്ദ്രവിഹിതം ഉൾപ്പെടെ 42.96 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

## കരുനാഗപ്പള്ളിയിൽ എം.എ.സി.ടി. കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി

186 (2140) <u>ശ്രീ. ആർ. രാമചന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെ കരുനാഗപ്പള്ളി സ്റ്റേഷൻ പരിധിയിലെ വാഹനാപകടങ്ങൾ സംബന്ധിച്ച വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ വാഹനാപകടങ്ങൾ സംബന്ധിച്ച കേസ്സുകൾ ഏത് കോടതിയിലാണ് ഫയൽ ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) എം.എ.സി.ടി. കോടതി സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളുടെ മുൻഗണനാ ലിസ്റ്റ് ഹൈക്കോടതി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കരുനാഗപ്പള്ളിയിൽ പ്രസ്തുത കോടതി സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ പദവി എത്രയെന്ന് വിശദീകരിക്കുമോ;

(ഡി) കൊല്ലം വഖഫ് കോടതി നിർത്തലാക്കിയപ്പോൾ അവിടെയുള്ള സ്റ്റാഫിനെ എങ്ങനെ പുനർവിന്യസിച്ചുവെന്നും പ്രസ്തുത ജീവനക്കാരെ ഉപയോഗിച്ച് കരുനാഗപ്പള്ളി എം.എ.സി.ടി. കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എം.എ.സി.ടി കോടതി സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളുടെ മുൻഗണനാ ലിസ്റ്റ് 17-4-2012-ലെ സ.ഉ.(സാധാ)നമ്പർ 1159/2012/ആഭ്യന്തരം ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി എം.എ.സി.ടി. കോടതി മേൽ ലിസ്റ്റിൽ എട്ടാമതാണ്.

(ഡി) കൊല്ലം വഖഫ് കോടതി അഥവാ അഡീഷണൽ ജില്ലാ കോടതി III-യുടെ പ്രവർത്തനം ഇന്നേ തീയതിവരേയ്ക്കും നിർത്തിവച്ചിട്ടില്ല.

## എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട കേസ്സുകൾക്ക് പ്രത്യേക കോടതി

187(2141) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട കേസ്സുകൾ പരിഗണിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പ്രത്യേക കോടതിയിൽ ഹൈക്കോടതി ശിപാർശ പ്രകാരമുള്ള എല്ലാ തസ്തികകളും അംഗീകരിച്ച് നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഇനിയും നിയമനം നടത്തേണ്ട തസ്തികകളിലേക്ക് നിയമനം നടത്തി പ്രത്യേക കോടതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട കേസ്സുകൾ പരിഗണിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പ്രത്യേക കോടതിയിൽ ഹൈക്കോടതി ശിപാർശ പ്രകാരമുള്ള 19 തസ്തികകളിൽ ജുഡീഷ്യൽ ഓഫീസറുടേതുൾപ്പെടെ 14 തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള കോടതികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പൊതുവായി പരിശോധിച്ചുവരികയാണ്.

**ക്രിമിനൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുന്ന ജീവനക്കാർ**

188 (2142) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുന്ന സർക്കാർ ജീവനക്കാരെ സർവ്വീസിൽ നിന്നും ഉടൻതന്നെ സസ്പെന്റ് ചെയ്യണമെന്ന് സർവ്വീസ് ചട്ടങ്ങളിൽ അനുശാസിക്കുന്നുണ്ടോ;

(ബി) ഉദയകുമാർ ഉരുട്ടി കൊലക്കേസിലെ സി.ബി.ഐ. കോടതി ശിക്ഷിച്ച ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥരെ എന്നാണ് സി.ബി.ഐ. കോടതി ശിക്ഷിച്ചത്; അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചത് എന്നാണ് ?

<u>ഉത്തരം</u>

(എ) Kerala Civil Service (Classification Control and Appeal Rule), ചട്ടം 18 പ്രകാരം ക്രിമിനൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുന്ന സർക്കാർ ജീവനക്കാരെ സർവ്വീസിൽനിന്നും ഡിസ്മിസ്സ് അല്ലെങ്കിൽ റിമൂവ് ചെയ്യുവാൻ ചട്ടം അനുശാസിക്കുന്നു. ജീവനക്കാരന്റെ ക്രിമിനൽ കുറ്റത്തെ സംബന്ധിച്ച് അന്വേഷണമോ വിചാരണയോ നേരിടുമ്പോഴോ അച്ചടക്ക നടപടി നിലനിൽക്കുമ്പോഴോ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യാവുന്നതാണ്.

(ബി) കാലതാമസം ഉണ്ടായിട്ടില്ല.

(സി) 25-7-2018-ലാണ് സി.ബി.ഐ കോടതി ശിക്ഷ വിധിച്ചത് ഇതേ തുടർന്ന് ജിതകുമാർ എ.എസ്.ഐ. ശ്രീകുമാർ, സി.പി.ഒ.റ്റി 1795 എന്നിവരെ 7-8-2018-ൽ സർവ്വീസിൽനിന്നും നീക്കംചെയ്തു. ശ്രീ. റ്റി. അജിത് കുമാർ,

ഡിവൈ.എസ്.പി.-യെ അച്ചടക്കനടപടിക്ക് വിധേയമായി സർവ്വീസിൽനിന്നും 22-10-2018-ൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. ഇ. കെ. സാബി, എസ്.പി. (റിട്ടയേർഡ്), ശ്രീ. ടി. കെ. ഹരിദാസ്, എസ്. പി (റിട്ടയേർഡ്), ശ്രീ. റ്റി. അജിത് കുമാർ, ഡിവൈ.എസ്.പി. എന്നിവർക്ക് 25-10-2018-ൽ അച്ചടക്ക നടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസും നൽകിയിട്ടുണ്ട്.

## അഗ്നിരക്ഷാ സേനയിൽ തസ്തിക ഏകീകരണം

189 (2143) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിരക്ഷാസേനയിലെ ഫയർമാൻ, ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ എന്നീ തസ്തികകൾ ഒറ്റ കേഡർ തസ്തിക ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ ; വിവരം ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ ചെയ്യുന്നതുമൂലം സേനയ്ക്ക് ലഭ്യമാകാവുന്ന പ്രയോജനങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു. അഗ്നിരക്ഷാ സേനയിൽ ഏകീകൃത റിക്രൂട്ട്മെന്റ് നടപ്പിലാക്കുന്നത് ജീവനക്കാരുടെ മനുഷ്യ വിഭവശേഷി കാര്യക്ഷമമായി പ്രയോജനപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തന്മൂലം ജനങ്ങൾക്ക് ലഭിക്കുന്ന സേവനം കൂടുതൽ മികവുറ്റതാക്കുന്നതിനും സഹായകമാണ്.

## അഗ്നിശമന വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപടി

190 (2144) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ദുരന്തമുഖത്ത് രക്ഷാപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് സംസ്ഥാനത്തെ ഫയർ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ദുരന്ത പ്രതികരണസേന (സിവിൽ ഡിഫൻസ് ഫോഴ്സ്) രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഏതെല്ലാം മേഖലയിലുള്ളവരെയാണ് പ്രസ്തുത സേനയിൽ അംഗങ്ങളാക്കുന്നതെന്നും എന്തെല്ലാം പരിശീലനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നൽകുന്നതെന്നും വിശദമാക്കാമോ;

(ഡി) അഗ്നിശമന വിഭാഗത്തിൽ സ്ത്രീകൾക്കായി പ്രത്യേക വിഭാഗം തുടങ്ങുന്നതിന്റെ ഭാഗമായി കൂടുതൽ വനിതകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 1962-ലെ ഫയർഫോഴ്സ് ആക്ട് പരിഷ്കരിക്കുന്നതിനും നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കൊയിലാണ്ടി, അരൂർ, നാട്ടിക എന്നിവിടങ്ങളിൽ 23 വീതം തസ്തികകളോടുകൂടി പുതിയ ഓരോ ഫയർ & റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. മുക്കം, ഏലൂർ, കണ്ണൂർ എന്നീ സ്റ്റേഷനുകൾക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചു.

വിയ്യൂർ കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ പുതുതായി 22 തസ്തികകളും ആസ്ഥാന കാര്യാലയത്തിൽ ഒരു ഫിനാൻസ് ഓഫീസർ, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളും സൃഷ്ടിച്ചു. കണ്ണൂർ ആസ്ഥാനമാക്കി 8 തസ്തികകൾ അനുവദിച്ചുകൊണ്ട് ഒരു പുതിയ ഡിവിഷണൽ ഓഫീസ് രൂപീകരിച്ചു.

അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട് ആകസ്മികമായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി വിവിധ കാറ്റഗറികളിൽപ്പെടുന്ന കെട്ടിടങ്ങളിൽ ഫയർ & റെസ്ക്യൂ വകുപ്പ് സുരക്ഷാ പരിശോധന സമയബന്ധിതമായി നടത്തി അപാകതകൾ പരിഹരിച്ചുവരുന്നു.

രണ്ട് ടേൺ ടേബിൾ ലാഡറുകൾ (Sky Lift) ഉൾപ്പെടെ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ഐ-ആപ്സ് നടപ്പിലാക്കുന്നതിന് ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കും റീജിയണൽ ഓഫീസുകളിലേയ്ക്കും ജില്ലാ ഓഫീസുകളിലേയ്ക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. സ്റ്റേഷനുകളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് സി-ഡിറ്റുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

EASE OF DOING BUSINESS നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫയർ എൻ.ഒ.സി. നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് KSIDC യുമായി ചേർന്ന് ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരികയാണ്.

(ബി&സി) ഉണ്ട്. ദുരന്തനിവാരണ രംഗത്ത് ജനങ്ങളെ കൂടുതലായി ഉൾപ്പെടുത്തി രക്ഷാപ്രവർത്തനങ്ങൾക്കായി സന്നദ്ധരാക്കാൻവേണ്ടി സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ഫോഴ്സ് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. പൊതുജനങ്ങൾക്ക് അഗ്നിശമന പ്രവർത്തനങ്ങളിലും രക്ഷാപ്രവർത്തനങ്ങളിലും പരിശീലനം നൽകുന്നതിനും വകുപ്പിന്റെ അഗ്നിശമനരക്ഷാ പ്രവർത്തനങ്ങളിൽ സേവന സന്നദ്ധതയുള്ള പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിലേയ്ക്കുമായി 123 അഗ്നിരക്ഷാ നിലയങ്ങളുടെ കീഴിൽ ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽനിന്ന് ഏറ്റവും കുറഞ്ഞത് 30 പേരെ വീതം കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർമാരായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് പരിശീലനം നൽകിവരുന്നു. തദ്ദേശീയരായ ആളുകളാകും ഇത്തരം വോളന്റിയർമാരായി ഉണ്ടാവുക എന്നതിനാൽ ഓരോസ്ഥലത്തും ഉണ്ടാവാൻ സാദ്ധ്യതയുള്ള ദുരന്തങ്ങൾ മുൻകൂട്ടികണ്ട് അതിനനുസൃതമായ രീതിയിൽ ഇവർക്ക് പരിശീലനം നൽകി സജ്ജരാക്കുവാൻ സാധിക്കുന്നു. സമൂഹത്തിലെ എല്ലാ മേഖലയിൽ നിന്നുള്ളവർക്കും സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കും സിവിൽ ഡിഫൻസ് വോളന്റിയർമാരായി പരിശീലനം നൽകാവുന്നതാണ്.

(ഡി) വകുപ്പിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി 100 ഫയർവുമൺ തസ്തിക പുതുതായി സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ടി തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരികയാണ്.

**അഗ്നിബാധ പ്രതിരോധിക്കുന്നതിന് സംവിധാനം**

191 (2145) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങളിൽ തീപിടിത്തവുമായി ബന്ധപ്പെട്ട നിരീക്ഷണ മുന്നറിയിപ്പ്, പ്രതിരോധ സംവിധാനങ്ങളുടെ അഭാവം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംവിധാനങ്ങൾ ഉണ്ടോയെന്നും അവ പ്രവർത്തനക്ഷമമാണോ എന്നും പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(സി) തിരുവനന്തപുരം മൺവിളയിലെ ഫാമിലി പ്ലാസ്റ്റിക്കിലുണ്ടായ അഗ്നിബാധയുടെ കാരണം കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത ഫാക്ടറിയിലെ അഗ്നിശമന പ്രതിരോധ സംവിധാനങ്ങൾ പ്രവർത്തനക്ഷമമായിരുന്നോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരം അപകടങ്ങൾ പ്രതിരോധിക്കുവാൻ ക്രിയാത്മകമായ എന്തെങ്കിലും നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫയർ & റെസ്ക്യൂ വകുപ്പ് ആനുകാലികമായി ഫയർ ആഡിറ്റ് നടത്തിവരുന്നു.

(സി) ഉണ്ട്. പ്രാഥമിക അന്വേഷണത്തിൽ ലൈറ്റർ ഉപയോഗിച്ച് തീ കത്തിച്ചതാണെന്ന് വെളിവായിട്ടുള്ളതാണ്. ടി സ്ഥാപനത്തിലെ അഗ്നിശമന പ്രതിരോധ സംവിധാനങ്ങൾ പ്രവർത്തനക്ഷമമായിരുന്നില്ല. കെട്ടിടത്തിന് അഗ്നിരക്ഷാ വകുപ്പിന്റെ അംഗീകാരം വാങ്ങിയിരുന്നില്ല. ഫയർ എക്സ്റ്റിംഗ്യൂഷൻ ഒഴികെ യാതൊരുവിധ സ്ഥിരം അഗ്നിശമന സംവിധാനങ്ങളും കെട്ടിടത്തിൽ സ്ഥാപിച്ചിരുന്നില്ല. വെറ്റ് റൈസർ സിസ്റ്റം, ഓട്ടോമാറ്റിക് സ്പ്രിംഗ്ലർ സിസ്റ്റം ഓട്ടോമാറ്റിക് ഡിറ്റക്ഷൻ & അലാറം സിസ്റ്റം, മാനുവൽ ഓപ്പറേറ്റഡ് ഇലക്ട്രോണിക് ഫയർ അലാം സിസ്റ്റം, യാർഡ് ഹൈഡ്രന്റ് എന്നിങ്ങനെയുള്ള സ്ഥിരം അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒന്നുംതന്നെ ടി സ്ഥാപനത്തിൽ ഏർപ്പെടുത്തിയിരുന്നില്ല. ഫാക്ടറീസ് ആക്ട് സെക്ഷൻ 38 പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ കെട്ടിടത്തിൽ ഏർപ്പെടുത്തിയിരുന്നില്ല.

(ഡി) ഫയർ ഓഡിറ്റ് നടത്തി പരിശോധനയിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ പരിഹരിക്കുവാൻ കെട്ടിട ഉടമസ്ഥർക്ക് കർശന നിർദ്ദേശം നൽകിവരുന്നു.

**സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകൾ**

192 (2146) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സദാസമയവും സജ്ജമായ സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) എത്ര സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിച്ചിരുന്നത്;

(സി) നിലവിലെ സാമ്പത്തിക പ്രതിസന്ധി ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം ജില്ലയിലെ ചാല, എറണാകുളം ജില്ലയിലെ ഹൈക്കോടതി ജംഗ്ഷൻ, കോഴിക്കോട് ജില്ലയിലെ മിഠായിത്തെരുവ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലവും സൗകര്യവും ലഭ്യമാകുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

(സി) ബാധിച്ചിട്ടില്ല.

**നേര്യമംഗലത്തെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

193 (2147) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം കോതമംഗല നിലയത്തിൽനിന്നും 20 കി.മീ.-ഉം കല്ലൂർകാട് നിലയത്തിൽ നിന്നും 25 കി.മീ.-ഉം ഇടുക്കി നിലയത്തിൽനിന്നും 47 കി.മീ.-ഉം മൂന്നാർ നിലയത്തിൽ നിന്നും 63 കി.മീ ഉം ദൂരത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിരവധി വ്യവസായ സ്ഥാപനങ്ങൾ, ഫാക്ടറികൾ, കെ.എസ്.ഇ.ബി, ലോവർപെരിയാർ ഡാം, കരിമണൽ പവർ ഹൗസ് തുടങ്ങിയവ പ്രസ്തുത സ്ഥലത്തിനടുത്ത് സ്ഥിതി ചെയ്യുന്നതും പ്രസ്തുത മേഖലയിൽ തുടർച്ചയായി മണ്ണിടിച്ചിലും ഉരുൾപൊട്ടലും സമീപ മേഖലകളിൽ കാട്ടുതീയും ഉണ്ടാകുന്ന സാഹചര്യത്തിലും നിലനിൽക്കുന്ന നേര്യമംഗലത്ത് ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കുന്ന മുൻഗണനാ പട്ടികയിൽ പ്രസ്തുത സ്ഥലത്തിന്റെ പ്രാധാന്യം പരിഗണിച്ച് നേര്യമംഗലം ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കെട്ടിടങ്ങളിലെ ഫയർ ആന്റ് റെസ്ക്യൂ സംവിധാനം

194 (2148) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ലാറ്റ് സമുച്ചയം ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന പരമാവധി ഉയരം എത്ര മീറ്റർ ആണ്; ഉയരം കൂടിയ കെട്ടിടങ്ങളിൽ എന്തൊക്കെ ഫയർ ആൻഡ് റെസ്ക്യൂ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ചട്ടപ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്; ഈ സംവിധാനങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് അറിയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഉയരം കൂടുന്നതിനനുസരിച്ച് കെട്ടിടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ആവശ്യമായ ആധുനിക സജ്ജീകരണങ്ങൾ ഫയർഫോഴ്സിന് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇത്തരം ആധുനിക സംവിധാനങ്ങൾ എല്ലാ ജില്ലാ കേന്ദ്രങ്ങളിലെ ഫയർ സ്റ്റേഷനുകളിലും ലഭ്യമാക്കിയിട്ടുണ്ടോ; അഗ്നി, പ്രകൃതിക്ഷോഭങ്ങൾ എന്നിവ നേരിടുന്നതിന് എല്ലാ ഫയർ സ്റ്റേഷനുകളിലും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഫ്ലാറ്റ് സമുച്ചയത്തിന് പരമാവധി ഉയരപരിധി നിശ്ചയിച്ചിട്ടില്ല. 16 മീറ്ററോ അതിൽ കൂടുതലോ ഉയരമുള്ള കെട്ടിടങ്ങളെ ഉയരം കൂടിയ കെട്ടിടം (High Rise Building) എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉയരം കൂടിയ കെട്ടിടങ്ങളിൽ വെറ്റ് റൈസർ സംവിധാനം, ഫയർ സ്പ്രിംഗ്ലർ സിസ്റ്റം, വാട്ടർ സ്റ്റോറേജ്, ഹോസ് റീൽ സംവിധാനം, ഓട്ടോമാറ്റിക് ഡിറ്റക്ഷൻ ആന്റ് അലാറം സിസ്റ്റം, മാനുവൽ ഫയൽ അലാറം എന്നീ സംവിധാനങ്ങളാണ് ഏർപ്പെടുത്തേണ്ടത്. ടി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് ഫയർ എൻ.ഒ.സി. നൽകാറുള്ളത്. എൻ.ഒ.സി. പുതുക്കുന്ന സമയത്ത് ഇക്കാര്യങ്ങൾ പാലിക്കുന്നുണ്ടോയെന്ന് വീണ്ടും പരിശോധന നടത്താറുണ്ട്.

(ബി) ഉയരം കൂടിയ കെട്ടിടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനാവശ്യമായ ടേൺ ടേബിൾ ലാഡർ (TTL) വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള സജ്ജീകരണങ്ങൾ കൊണ്ടാണ് ഇപ്പോൾ രക്ഷാപ്രവർത്തനം നടത്തിവരുന്നത്.

(സി) ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി അഗ്നി, പ്രകൃതിക്ഷോഭങ്ങൾ എന്നിവ നേരിടുന്നുണ്ട്. ഇവ നേരിടുന്നതിനും വകുപ്പിനെ ശാക്തീകരിക്കുന്നതിനും എല്ലാ ഫയർ സ്റ്റേഷനുകളിലും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫ്ലാറ്റുകളിൽ അഗ്നിസുരക്ഷാ സംവിധാനം

195 (2149) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉയരമേറിയ മിക്ക ഫ്ലാറ്റുകളിലും അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അഗ്നിശമനസേനയ്ക്ക് നിർദ്ദേശം നൽകുമോ;

(സി) ഉയർന്ന നിലകളിൽ അഗ്നിബാധ ഉണ്ടായാൽ തീ അണയ്ക്കുന്നതിന് ആവശ്യമായ ഉപകരണ സൗകര്യങ്ങൾ അഗ്നിശമനസേനയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ചില ഫ്ലാറ്റുകളിൽ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉയർന്ന നിലകളിൽ അഗ്നിബാധയുണ്ടായാൽ തീ അണയ്ക്കുന്നതിന് ആവശ്യമായ ടേൺ ടേബിൾ ലാഡർ (TTL) വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഫയർഫോഴ്സിന്റെ വാഹനങ്ങൾക്ക് കടന്നുചെല്ലാൻ കഴിയാത്ത ഫ്ലാറ്റുകൾ**

196 (2150) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കോർപ്പറേഷനിൽ എത്ര ഫ്ലാറ്റുകളും വില്ലകളും പ്രവർത്തിക്കുന്നുണ്ടെന്ന വിവരം അഗ്നിശമന വിഭാഗത്തിൽ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇവയിൽ ഫയർഫോഴ്സിന്റെ വാഹനങ്ങൾക്ക് കടന്നുചെല്ലാൻ കഴിയുന്നതും കഴിയാത്തതുമായവ എത്ര എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അടിയന്തര ഘട്ടങ്ങളിൽ ഫയർഫോഴ്സ് വാഹനങ്ങൾക്ക് എത്തിച്ചേരുന്നതിനുള്ള സൗകര്യം എല്ലായിടത്തും നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കൃത്യമായ വിവരം ലഭ്യമല്ല. കെ.എം.ബി.ആർ. പ്രകാരം കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുന്നതിന് മുന്നോടിയായി അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ ആവശ്യമുള്ള കെട്ടിടങ്ങളുടെ വിവരങ്ങളാണ് കോർപ്പറേഷൻ അഗ്നിശമന വിഭാഗത്തിന് നൽകുന്നത്.

(ബി & സി) ഫയർ എൻ.ഒ.സി. നൽകിയിട്ടുള്ള എല്ലാ കെട്ടിടങ്ങളിലേയ്ക്കും ഫയർഫോഴ്സ് വാഹനങ്ങൾക്ക് കടന്ന് ചെല്ലാവുന്നതാണ്. അത്തരം കെട്ടിടങ്ങൾക്ക് മാത്രമേ ഫയർ എൻ.ഒ.സി. നൽകുന്നുള്ളൂ.

**കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം**

197 (2151) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിന് യൂസർ ഏജൻസിയായ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്സ് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ആയതിലേക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടും അനുബന്ധ രേഖകളും പി.ഡബ്ല്യൂ.ഡി.-യിൽനിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ, ആയതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്നാണ് നടപടി സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആയത് ലഭിച്ചിട്ടില്ലെങ്കിൽ അവ വാങ്ങി നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനം നടന്നുവരുന്നു.

(ബി) യൂസർ ഏജൻസി എന്ന നിലയിൽ സ്ഥലം വകുപ്പിന് ലഭിക്കുന്നതിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി&ഡി) സ്റ്റേഷൻ കെട്ടിടത്തിന്റെ ഫ്ലോർ പ്ലാനുകൾ മാത്രം പൊതുമരാമത്ത് അധികൃതരിൽ നിന്നും വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

പ്രസ്തുത പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

## മുക്കം ഫയർ സ്റ്റേഷനിലേയ്ക്ക് സ്കൂബ വെഹിക്കിൾ

198 (2152) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂബ, ഡിങ്കി എന്നിവ അനുവദിച്ചെങ്കിലും അത് ഉപയോഗിക്കുന്നതിനുള്ള വാഹനമായ സ്കൂബ വെഹിക്കിൾ മുക്കം ഫയർ സ്റ്റേഷനിൽ ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുക്കം ഫയർ സ്റ്റേഷനിലേക്ക് സ്കൂബാ വെഹിക്കിൾ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വകുപ്പിൽ പുതിയ സ്കൂബാ വെഹിക്കിൾ ലഭ്യമാകുന്ന മുറയ്ക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ മുക്കം നിലയത്തിന് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**മലപ്പുറം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്സ് അസി. ഡിവിഷണൽ_ഓഫീസ്**

199 (2153) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്സ് അസി. ഡിവിഷണൽ ഓഫീസിലെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയം പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ജില്ലയിലെ ഫയർ സ്റ്റേഷനുകളിൽ പ്രത്യേകിച്ച് ജില്ല ആസ്ഥാനത്തുള്ള സ്റ്റേഷനിൽ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) മലപ്പുറം ഫയർ സ്റ്റേഷനോടനുബന്ധിച്ച് ജില്ലാ ഓഫീസിന് പുതിയ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പൊതുമരാമത്ത് പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ടോ;

(ഡി) മലപ്പുറം ഫയർ സ്റ്റേഷനിലേയ്ക്ക് സ്കൂബാ സൈറ്റ്, റബ്ബർ ഡിങ്കി, ഔട്ട് ബോർഡ് എഞ്ചിൻ എന്നിവ അനുവദിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതി ദുരന്തങ്ങൾ നേരിടാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ടി ഫയർ സ്റ്റേഷനിൽ ലഭ്യമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) മലപ്പുറം ജില്ലാ ഫയർ ഓഫീസിന് മലപ്പുറം ഫയർ സ്റ്റേഷൻ കോമ്പൗണ്ടിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) മലപ്പുറം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ 2017-ൽ ഒരു റബ്ബർ ഡിങ്കി വിത്ത് ഔട്ട് ബോർഡ് എഞ്ചിനും, 2018-ൽ 3 എണ്ണം സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ടും അനുവദിച്ചിട്ടുണ്ട്.

**നന്ദിയോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

200 (2154) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

വാമനപുരം മണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പാലോട് എന്ന സ്ഥലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സർവ്വേ നമ്പർ 1460-ലെ 34.5 സെന്റ് ഭൂമി (സർക്കാർ തരിശ് ഭൂമി) വകുപ്പിന് ലഭ്യമാക്കുന്നതിനായി ലാന്റ് റിക്വിസിഷൻ ഫോം ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

**മാനന്തവാടി ഫയർ റെസ്ക്യൂ സ്റ്റേഷൻ**

201 (2155) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ മഴക്കാലത്ത് സ്ഥിരമായി വെള്ളം കയറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനായി മാനന്തവാടിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാനന്തവാടി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വകുപ്പിന് സൗജന്യമായി സ്ഥലം കൈമാറി ലഭിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു.

**അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി**

202 (2156) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം, അടിസ്ഥാന സൗകര്യം, ഫണ്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## തീപിടിത്തം തടയുന്നതിന് സുരക്ഷാസംവിധാനം

203(2157) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീപിടിത്തം തടയുന്നതിന് സുരക്ഷാസംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഫയർഫോഴ്സ് തലസ്ഥാന നഗരിയിലെ വൻകിട സ്ഥാപനങ്ങൾക്കും, തിയേറ്ററുകൾക്കും ആശുപത്രികൾക്കും മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഫയർഫോഴ്സ് ഇത്തരം സ്ഥാപനങ്ങളിൽ നടത്തിയ ഫയർ ആഡിറ്റിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണ്;

(സി) സുരക്ഷാ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങൾക്കെതിരെ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നഗരത്തിൽ അടിക്കടി ഉണ്ടാകുന്ന തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ, ഫയർ ആഡിറ്റിൽ ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ അവ പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) സുരക്ഷാ ക്രമീകരണങ്ങളിൽ പാളിച്ചകൾ, അഗ്നിശമന സംവിധാനങ്ങളുടെ കുറവും കെട്ടിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന അഗ്നിസുരക്ഷ ഉപകരണങ്ങളുടെ മെയിന്റനൻസ് യഥാസമയം നടത്താത്തതുംമൂലം അവ പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥ തുടങ്ങിയ വസ്തുതകൾ കണ്ടെത്തിയിരുന്നു.

(സി&ഡി) സുരക്ഷാ ക്രമീകരണങ്ങളിൽ പാളിച്ച കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനയും നടന്നുവരുന്നു. ന്യൂനതകൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി വരുന്നു.

## ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

204 (2158) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലത്തിലും ഫയർ&റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ഫയർ & റസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണന ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ആവശ്യകത കണക്കിലെടുത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന നടപടികൾ നടന്നുവരികയാണ്.

(സി) ബാലുശ്ശേരിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ടി പനങ്ങാട് വില്ലേജിൽ റീസർവ്വേ നമ്പർ 53 ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം സൗജന്യമായി നൽകുന്നതാണെന്ന് പനങ്ങാട് ഗ്രാമപഞ്ചായത്ത് അറിയിച്ചതിൻ പ്രകാരം പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾക്കായി പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ഡയറക്ടർ ജനറൽ കത്ത് നൽകിയിട്ടുണ്ട്.

### കരുനാഗപ്പള്ളി ഫയർ സ്റ്റേഷന്റെ ശോച്യാവസ്ഥ

205 (2159) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഫയർസ്റ്റേഷന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവിടേയ്ക്ക് അനുവദിച്ചിട്ടുള്ള വാഹനങ്ങളുടെ നിലവിലെ അവസ്ഥയും കാലപ്പഴക്കവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫയർസ്റ്റേഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന തിനാവശ്യമായ പുതിയ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കരുനാഗപ്പള്ളി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആകെ 5 വാഹനങ്ങളുള്ളതിൽ 4 എണ്ണം പ്രവർത്തനക്ഷമമായവയും ഒരെണ്ണം പ്രവർത്തനരഹിതവുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാഹനവിവരം | മോഡൽ | അഭിപ്രായം |
|---|---|---|---|
| 1 | MTU KL-01-AX-9345 | TATA 2009 | പ്രവർത്തനക്ഷമം |
| 2 | MTU KL-01-AB-566 | TATA 2002 | പ്രവർത്തനക്ഷമം |
| 3 | MTU KL-01-B-7656 | TATA | പ്രവർത്തനരഹിതം |
| 4 | Water Lorry KL-01-B-7443 | TATA 1992 | പ്രവർത്തനക്ഷമം |
| 5 | Jeep Bolero KL-01-BS-7984 | Mahindra 2014 | പ്രവർത്തനക്ഷമം |

(സി) ഡെലിവറി ഹോസ് (സിന്തറ്റിക്) -16 എണ്ണം, ബ്രീത്തിംഗ് അപ്പാരറ്റസ് -ഒരെണ്ണം, ഡെലിവറി ഹോസ് (റബ്ബർ ലൈൻഡ്) - 10 എണ്ണം, റീ ചാർജ്ജബിൾ എൽ.ഇ.ഡി. സെർച്ച് ലൈറ്റ് - ഒരെണ്ണം, എൽ.ഇ.ഡി. ടോർച്ച് - 2 എണ്ണം, റെയിൻ കോട്ട് - 36 എണ്ണം, ഗംബൂട്ട് - 36 എണ്ണം, ഫയർമാൻ ഹെൽമറ്റ് - 37 എണ്ണം എന്നീ ഉപകരണങ്ങൾ കരുനാഗപ്പള്ളി നിലയത്തിൽ 2018-ൽ അനുവദിച്ചിട്ടുണ്ട്.

കൂടുതൽ വാഹനങ്ങളും ഉപകരണങ്ങളും വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി നിലയത്തിൽ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ജയിലുകളുടെ നവീകരണം

206 (2160) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ജയിലുകളിലെ സുരക്ഷ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ജയിൽ മ്യൂസിയം പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ഡി) ജയിലുകൾ കുറ്റവാളികളെ പാർപ്പിക്കുന്ന സ്ഥലം എന്നതിനുപകരം കുറ്റം ചെയ്തവരെ തെറ്റുകൾ തിരുത്തി നല്ല മനുഷ്യരായി മാറ്റുവാനുതകുന്നതരത്തിൽ മനഃപരിവർത്തനം ഉണ്ടാകുന്ന ഒരിടമായി തീർക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജയിലുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ജയിലുകളിലെ സുരക്ഷാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സി.സി.ടി.വി. നിരീക്ഷണ സംവിധാനം ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ, ജില്ലാ ജയിൽ മുട്ടം എന്നിവ ഒഴികെ മറ്റ് 52 ജയിലുകളിലും സ്ഥാപിച്ചിട്ടുണ്ട്. സെൻട്രൽ ജയിൽ, തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിൽ വൈദ്യുതിവേലി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടറും സ്ഥാപിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ജയിൽ മ്യൂസിയം സ്ഥാപിക്കുന്നത് പൊതുജനങ്ങൾക്ക് ജയിൽ അന്തരീക്ഷത്തെക്കുറിച്ച് അറിവ് കിട്ടുവാനും യുവാക്കളിൽ കുറ്റവാസന കുറയ്ക്കുന്നതിന് സഹായകരമാകുകയും ചെയ്യും. നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ജയിലുകളിലെ വസ്തുക്കളും രേഖകളും മറ്റും ശേഖരിച്ച് സംരക്ഷിക്കേണ്ടതുണ്ട്. കേരള സംസ്ഥാന പിറവിക്കുമുമ്പ് മൂന്ന് നാട്ടുരാജ്യങ്ങളിലായി സ്ഥിതി ചെയ്തിരുന്ന പൂജപ്പുര, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും കോഴിക്കോട് ജില്ലാ ജയിലിലും ചരിത്രത്തിന്റെ മറ്റെവിടെയും കാണാത്ത ശേഷിപ്പുകൾ ഉണ്ട്. ചരിത്ര പ്രാധാന്യമുള്ള വസ്തുക്കൾ സജ്ജീകരിച്ച് പ്രദർശിപ്പിക്കുന്നത് ടൂറിസ്റ്റുകൾക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്രദമാണ്. ജയിലുകൾ സംശുദ്ധീകരണ സാന്മാർഗ്ഗീകരണ കേന്ദ്രങ്ങൾ (Correctional Centres) ആണെന്നുള്ള ആധുനിക കാഴ്ചപ്പാടിനെക്കുറിച്ച് പൊതുസമൂഹത്തിന് അവബോധമുണ്ടാക്കുന്നതിനും അതുവഴി ജയിൽമോചിതരാകുന്ന തടവുകാരോടുള്ള പൊതുജനത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തി അവരെ സമൂഹത്തിൽ സ്വീകരിക്കുന്നതിനും ജയിൽ മ്യൂസിയം സ്ഥാപിക്കുന്നത് പ്രയോജനപ്രദമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ജയിലിൽ അടയ്ക്കപ്പെടുന്നതുകൊണ്ട് അന്തേവാസികളുടെ മനുഷ്യത്വം നഷ്ടപ്പെടുന്നില്ലായെന്നും സഞ്ചാരസ്വാതന്ത്ര്യം തൊഴിലിനുള്ള സ്വാതന്ത്ര്യം എന്നിവ ഒഴികെയുള്ള എല്ലാ മനുഷ്യാവകാശങ്ങൾക്കും അർഹതയുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് ആധുനിക ജയിലുകൾ വിവിധക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യംവച്ച് ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും അതുവഴി സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനുമുള്ള വിവിധ തൊഴിൽ പരിശീലന പരിപാടികൾ എല്ലാ വർഷവും തടവുകാരുടെ ക്ഷേമം പദ്ധതിയിൽ കീഴിൽ നടപ്പിലാക്കിവരുന്നു. തടവുകാരിൽ കുറ്റവാസന ഇല്ലാതാക്കുന്നതിനും മാനുഷിക മൂല്യങ്ങൾ വളർത്തിയെടുത്ത് പൊതുസമൂഹത്തിൽ ജീവിക്കുവാൻ പ്രാപ്തരാക്കുന്നതിന് ജയിലുകളിൽ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഇത്തരത്തിൽ പരിശീലനം നേടിയ തടവുകാർക്ക് ജയിൽ മോചനത്തിനുശേഷം ടി തൊഴിലാളികളെ ആശ്രയിച്ച് വരുമാനം കണ്ടെത്താവുന്നതും തദ്വാര അവരുടെ പുനരധിവാസം സുഗമമാകുന്നതുമാണ്. ഇതുകൂടാതെ തടവുകാരുടെ മനഃപരിവർത്തനത്തിനായി മതപരവും അല്ലാത്തതുമായ വിഷയങ്ങളിൽ സാന്മാർഗ്ഗീകരണബോധനം നടത്തിവരുന്നു. വിവിധ സന്നദ്ധസംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ്, വിനോദത്തിനുള്ള മറ്റ് ക്ഷേമപരിപാടികൾ എന്നിവ നിരന്തരം ജയിലുകളിൽ സംഘടിപ്പിച്ചുവരുന്നു. തടവുകാർക്ക് കൗൺസിലിംഗിന് സേവനം ലഭ്യമാക്കുന്നതിനായി പ്രധാനപ്പെട്ട ജയിലുകളിൽ വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. അന്തേവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി നിരക്ഷരരായ അന്തേവാസികൾക്ക് സാക്ഷരതാ ക്ലാസുകളും അതുപോലെ സാക്ഷരരായവർക്ക് ഉയർന്ന വിദ്യാഭ്യാസം നേടുന്നതിനുള്ള എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകി വരുന്നു. ജയിൽ ജീവിതത്തിന്റെ മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിനായി വിനോദ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ എല്ലാ ജയിലുകളിലും ലഭ്യമാക്കിയിട്ടുണ്ട്. അന്തേവാസികളിൽ വായനാശീലം വളർത്തുന്നതിന് ലൈബ്രറി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വർത്തമാന പത്രങ്ങളും ആധുനിക മാസികകളും അന്തേവാസികൾക്ക് സൗജന്യമായി നൽകി വരുന്നുണ്ട്. വിനോദോപാധിയെന്ന നിലയിൽ വിവിധ ജയിലുകളിൽ ടി.വി., എഫ്.എം. റേഡിയോ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

ജയിൽ ക്ഷേമ ദിനാഘോഷത്തിന്റെ ഭാഗമായി അന്തേവാസികളുടെ കലാകായിക മത്സരങ്ങളും സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

ശിക്ഷാതടവുകാർക്ക് അവരുടെ കുടുംബവും സമൂഹവുമായി നല്ല ബന്ധം നിലനിർത്തുന്നതിന് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് അവധികൾ നൽകിവരുന്നുണ്ട്. ജയിലിലെ നല്ല പെരുമാറ്റത്തിന് നിയമാനുസൃതമായ ശിക്ഷാ ഇളവ് നൽകിവരുന്നുണ്ട്. കൂടാതെ കുടുംബാംഗങ്ങളും ബന്ധുക്കളും വക്കീലുമായും ആശയവിനിമയം നടത്തുന്നതിന് ടെലഫോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ തടവുകാരെ കുറ്റവാസനയിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും നല്ല സ്വഭാവത്തിൽ കഴിയുന്നതിനും പ്രേരിപ്പിക്കുന്നതാണ്.

## ജയിലുകളുടെ സൗകര്യങ്ങൾ

207 (2161) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിൽതടവുകാരുടെ സൗകര്യങ്ങൾ ആധുനിക കാഴ്ചപ്പാടിന് അനുസരിച്ച് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ;

(ബി) കേരളത്തിലെ ജയിലുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ ഓരോ വർഷവും എത്ര തുക വീതം വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ജയിലുകളിലെ തടവുകാരുടെ ബാഹുല്യത്തിന് ഒരു പരിഹാരമെന്ന നിലയിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ചുകൊണ്ട് 5 പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ടി ജയിലുകൾ കൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ ജയിലുകളിൽ തടവുകാരുടെ ബാഹുല്യം മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുകയും എല്ലാ തടവുകാർക്കും സ്ഥലപരിമിതിയില്ലാതെ താമസിക്കുവാൻ കഴിയുന്നതുമാണ്. 60 വയസ്സിന് മുകളിൽ പ്രായമുള്ള തടവുകാർക്കും സ്ത്രീ തടവുകാർക്കും തുറന്ന ജയിലിലെ അന്തേവാസികൾക്കും കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി കട്ടിലുകൾ നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജയിലുകളിലെയും അടുക്കളകൾ നവീകരിച്ചിട്ടുമുണ്ട്.

കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുള്ള 3 സെൻട്രൽ ജയിലുകളിൽ തടവുകാരുടെ വസ്ത്രങ്ങൾ യഥാസമയം കഴുകി അണുവിമുക്തമാക്കി ഉണക്കി എടുക്കുന്നതിനായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ പവർ ലോൺട്രികൾ സ്ഥാപിക്കുകയും മറ്റ് രണ്ട് സെൻട്രൽ ജയിലുകളിലും പവർ ലോൺട്രികൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുമുണ്ട്. തടവുകാർക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിന് RO/UV പ്ലാന്റുകൾ തിരുവനന്തപുരം സെൻട്രൽ ജയിലിൽ

സ്ഥാപിക്കുകയും മറ്റ് രണ്ട് സെൻട്രൽ ജയിലുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശിക്ഷാ തടവുകാരുള്ള പ്രധാനപ്പെട്ട ജയിലുകളിൽ തടവുകാരെ വിവിധ തൊഴിലുകളിൽ നൈപുണ്യമുള്ളവരാക്കുന്നതിന് വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. അപ്രകാരം ജയിലുകളിൽനിന്നും വിവിധ തൊഴിലുകളിൽ പരിശീലനം ലഭിച്ച തടവുകാർക്ക് ജയിൽ മോചനത്തിന് ശേഷം ടി തൊഴിലുകളെ ആശ്രയിച്ച് വരുമാനം കണ്ടെത്താവുന്നതാണ്. അതുവഴി അവരുടെ സമൂഹത്തിലുള്ള പുനരധിവാസം എളുപ്പത്തിലാക്കുന്നതിന് സഹായകരമാവുന്നു.

തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിൽ മാനസികരോഗികളായ തടവുകാരെ പാർപ്പിക്കുന്നതിനായുള്ള ബ്ലോക്കിന്റെ നിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷത്തെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തടവുകാർക്ക് കേസ്സുകളിന്മേലുള്ള നിയമസഹായം ലഭിക്കുന്നതിന് എല്ലാ ജയിലുകളിലും ലീഗൽ എയ്ഡ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

2014 കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം തടവുകാരുടെ ഡയറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

തടവുകാരുടെ മനഃപരിവർത്തനത്തിനായി മതപരവുമായുള്ളതും മറ്റ് വിവിധ വിഷയങ്ങളിലും സാന്മാർഗ്ഗീക ബോധനം നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ്, വിനോദത്തിനുള്ള മറ്റ് ക്ഷേമപരിപാടികൾ എന്നിവ നിരന്തരം സംഘടിപ്പിച്ചുവരുന്നു. അന്തേവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി നിരക്ഷരരായ അന്തേവാസികൾക്ക് സാക്ഷരതാ ക്ലാസ്സുകളും അതുപോലെ സാക്ഷരരായവർക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുമുള്ള എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകിവരുന്നു. സാക്ഷരതാ മിഷനുമായി ചേർന്ന് നിരക്ഷരതാ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി തുല്യതാ ക്ലാസ്, കമ്പ്യൂട്ടർ ക്ലാസ് എന്നിവ നടത്തി വരുന്നു. വിവിധ ജയിലുകളിൽ ടി.വി., എഫ്.എം. റേഡിയോ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കുടുംബാംഗങ്ങളും ബന്ധുക്കളും വക്കീലന്മാരുമായി ആശയവിനിമയം നടത്തുന്നതിന് ടെലഫോൺ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നാദാപുരം മണ്ഡലത്തിൽ അനുവദിച്ച ജയിൽ

208 (2162) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ അനുവദിച്ച ജയിൽ മണ്ഡലത്തിലെ ഏത് ഗ്രാമ പഞ്ചായത്തിൽ ആരംഭിക്കാനാണ് ഉദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിന് എന്തൊക്കെ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പോലീസ് വകുപ്പിന് കീഴിലുള്ള വളയത്തുള്ള ഭൂമി ലഭ്യമാക്കി ജയിൽ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന സബ് ജയിൽ വളയം ഗ്രാമപഞ്ചായത്തിലാണ് ഉദ്ദേശിക്കുന്നത്.

(ബി & സി) നാദാപുരത്ത് സബ് ജയിൽ തുടങ്ങുന്നതിനായി കണ്ടെത്തിയ വളയം വില്ലേജ് പരിധിയിലുള്ള റീ സർവ്വേ 122/2 കേരള പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒരേക്കർ ഏഴ് സെന്റ് ഭൂമി ജയിൽ വകുപ്പിന് കൈമാറുന്നതിന്മേൽ സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായമാരാഞ്ഞിട്ടുണ്ട്.

## സർക്കാർ പ്രസ്സുകൾ

209 (2163) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ പ്ലാൻ ഫണ്ട് പ്രകാരം എത്ര രൂപയാണ് സർക്കാർ പ്രസ്സുകൾക്ക് അനുവദിച്ചത്; ഇതിൽ എത്ര രൂപ ചെലവാക്കി; 2016-17 വർഷത്തേയ്ക്ക് അനുവദിച്ചിരുന്ന തുകയ്ക്കുള്ള മുഴുവൻ യന്ത്രങ്ങളും വാങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കരിമ്പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ടോ;എങ്കിൽ ഇത്തരത്തിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ; എത്ര രൂപയ്ക്ക് വാങ്ങി; ഏതെല്ലാം യന്ത്രങ്ങളാണ് വാങ്ങിയത്;

(സി) ഫുള്ളി ഓട്ടോമാറ്റിക് സ്റ്റിച്ചിംഗ് മെഷീനുകൾ പൂർണ്ണമായും ഓട്ടോമാറ്റിക് ആയിട്ടാണോ പ്രവർത്തിക്കുന്നത്; നിലവിൽ സർക്കാർ പ്രസ്സുകളിലെ

ഓട്ടോമാറ്റിക് വയർ സ്റ്റിച്ചിംഗ് മെഷീനുകൾ ഗുണമേന്മയും ഉൽപ്പാദനക്ഷമതയും ഉള്ളതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) 2000 ജനുവരി മുതൽ സർക്കാർ പ്രസ്സുകളിലും തിരുവനന്തപുരത്തെ സെൻട്രൽ പ്രസ്സിലും ആശ്രിത നിയമനം വഴി ജോലി ലഭിച്ചവരുടെയും പി.എസ്.സി. വഴി നിയമനം ലഭിച്ചവരുടെയും വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഇ) തിരുവനന്തപുരത്തെ സർക്കാർ പ്രസ്സിൽ ആശ്രിത നിയമനം വഴി റൊട്ടേഷൻ തെറ്റിച്ച് നിയമനം നൽകിയതായ പരാതികളിൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻ ശീർഷകത്തിൽ 6 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അച്ചടി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. അതിൽ 591.5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. പ്രസ്തുത തുകയിൽ 3,33,44,267 രൂപ (മൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി നാല്പത്തി നാലായിരത്തി ഇരുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ മെഷീനുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇല്ല.

(സി) ഓട്ടോമാറ്റിക് ഹെവിഡ്യൂട്ടി സ്റ്റിച്ചിംഗ് മെഷീൻ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. ടി മെഷീൻ വിതരണം നടത്തിയ സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അച്ചടി വകുപ്പിൽ പി.എസ്.സി. മുഖേന 1221 പേരെയും ആശ്രിത നിയമനം മുഖേന 17 പേരെയും നിയമിച്ചിട്ടുണ്ട്.

(ഇ) അത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

**കനോലി കനാൽ**

210 (2164) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നഗരത്തിലെ കനോലി കനാൽ വീതി കൂട്ടി വികസിപ്പിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

കോഴിക്കോട് നഗരമദ്ധ്യത്തിലൂടെ കടന്നുപോകുന്ന 11.2 കി.മീ. ദൈർഘ്യമുള്ള എരഞ്ഞിക്കൽ-കല്ലായി കനാൽ എന്നറിയപ്പെടുന്ന കനോലി കനാലിന് നിലവിൽ 6.8 മീറ്റർ മുതൽ 20 മീറ്റർ വരെയാണ് വീതിയുള്ളത്. കനോലി കനാൽ പുനരുദ്ധാരണം നടത്തി വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായി വികസിപ്പിക്കുന്നതിലേയ്ക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ തന്നെ പ്രദേശവാസികളിൽനിന്നും കയ്യേറ്റക്കാരിൽ നിന്നും കടുത്ത പ്രതിഷേധമുണ്ടാവുകയും പലവിധ തടസ്സപ്പെടുത്തലുകൾ ഉണ്ടാകുകയും ചെയ്തു. ജന്നത്ത് നിസാ മുതൽ പേർ ബഹു. ഹൈക്കോടതി മുമ്പാകെ WP(C) No. 17387/2017 ആയി ഫയൽ ചെയ്ത റിട്ട് പെറ്റീഷന്റെ 27-07-2017-ലെ വിധിയിൽ ബഹു. ഹൈക്കോടതി അടിയന്തരമായി കനാൽ നിലവിലുള്ള വീതിയിൽ തന്നെ മാലിന്യമുക്തമാക്കി ആവശ്യമായ ആഴത്തിൽ എക്കൽ നീക്കം ചെയ്യുന്നതിന് ഉത്തരവായിരുന്നു. എന്നാൽ പ്രദേശവാസികളുടെയും കയ്യേറ്റക്കാരുടെയും എതിർപ്പ് കാരണവും, വിധിയുടെ അടിസ്ഥാനത്തിൽ നടത്തിയ പഠനത്തിൽ വീതി കൂട്ടാതെ ചെളി നീക്കം ചെയ്താൽ കനാലിന്റെ വശങ്ങൾ മുൻകാലങ്ങളിലെപ്പോലെ ഇടിയാൻ ഇടയാകുമെന്നും ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ഉൾനാടൻ ജലഗതാഗതപാത വികസനവുമായി ബന്ധപ്പെട്ട് സർക്കാർ വിളിച്ചുചേർത്ത യോഗങ്ങളിൽ കനോലി കനാലിന്റെ വികസനം, പുനരുദ്ധാരണം എന്നിവ നിരവധി തവണ ചർച്ച ചെയ്തിട്ടുണ്ട്. ജനസാന്ദ്രത കൂടുതലുള്ള ഭാഗമായതിനാൽ ഭൂമി ഏറ്റെടുക്കൽ പരമാവധി കുറയ്ക്കുന്നതിനായി കോഴിക്കോട് വഴിയുള്ള കനോലി കനാലിന്റെ വികസനം പത്തുമീറ്റർ വീതിയിൽ സാദ്ധ്യമാകുമോ എന്നത് ഉൾനാടൻ ജലഗതാഗത വകുപ്പും കേരള വാട്ടർ വേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ) ഉം സംയുക്തമായി പരിശോധിച്ചുവരുന്നു.

**കനോലി കനാൽ പുനരുദ്ധാരണം**

211 (2165) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് കനോലി കനാൽ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

2017 ആഗസ്റ്റ് മാസം കോഴിക്കോട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് കനോലി കനാലിന്റെ പുനരുദ്ധാരണത്തിനായുള്ള (action plan) പദ്ധതികൾക്ക് തുടക്കം കുറിച്ചത്. അനധികൃത ഡിസ്ചാർജ്ജുകൾ തടയുക, വികേന്ദ്രീകൃത സ്വീവേജ് സംസ്കരണ പ്ലാന്റുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക, വാണിജ്യ സ്ഥാപനങ്ങൾ, വീടുകൾ, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുണ്ടാവുന്ന ഖരദ്രവ മാലിന്യങ്ങൾ ശുദ്ധീകരിച്ച്/സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക, ചാലുകൾ കനാലിലേയ്ക്ക് ചേരുന്ന ഭാഗങ്ങളിൽ ഡിലേ പോണ്ട് സംവിധാനം ഏർപ്പെടുത്തുക, ചാലുകൾ ചേരുന്ന ജംഗ്ഷനിൽ ബാർ സ്ക്രീൻ/ഇന്റർ സെപ്റ്ററുകൾ ഏർപ്പെടുത്തുക, തോട് കൃത്യമായ സമയങ്ങളിൽ വൃത്തിയാക്കുക, കനാലിന് ഇരുവശവും വെർട്ടിക്കൽ സ്ക്രീൻ ഏർപ്പെടുത്തുക തുടങ്ങിയവയായിരുന്നു ആക്ഷൻ പ്ലാനിൽ ബോർഡിന്റെ പ്രധാന നിർദ്ദേശങ്ങൾ.

29-1-2018-ൽ കോർപ്പറേഷൻ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലയിലെ പ്രധാനപത്രങ്ങളിൽ കനോലി കനാലിലേയ്ക്ക് അനധികൃതമായി പാഴ്ജലം ഒഴുക്കിവിടുന്നത് സമയബന്ധിതമായി നിർത്തലാക്കുന്നതിന് പൊതുജനങ്ങൾക്ക് നോട്ടീസ് നൽകുവാൻ തീരുമാനിച്ചു. ജില്ലാ കളക്ടർ നിർദ്ദേശിച്ചതനുസരിച്ച് 27-4-2018-ന് മലിനീകരണ നിയന്ത്രണ ബോർഡ് പ്രവൃത്തി പദ്ധതിയുടെ വിശദാംശങ്ങൾ എം.എൽ.എ.-മാർക്ക് വേണ്ടി അവതരിപ്പിക്കുകയുണ്ടായി. ഈ മീറ്റിംഗിൽ വച്ച് വാണിജ്യ സമുച്ചയങ്ങൾ, വീടുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മലിനജലം പബ്ലിക് ഡ്രെയിനേജുകളിലൂടെ കനോലി കനാലിലേയ്ക്ക് എത്തിച്ചേരുന്നത് തടയുവാനായി എല്ലാ സ്ഥാപനങ്ങൾക്കും ഒരു പ്രിലിമിനറി വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് സിസ്റ്റം ഏർപ്പെടുത്തുവാൻ തീരുമാനമായി. ഓരോ വ്യവസായ സംരംഭകനും സ്വന്തമായി സമയബന്ധിതമായി മേൽപ്പറഞ്ഞ മലിനജല സംസ്കരണ സംവിധാനം ഒരുക്കുന്നതിനും കനോലി കനാലിലേയ്ക്ക് ശുദ്ധീകരിക്കാത്ത പാഴ് ജലം ഒഴുക്കി വിടുന്നത് നിർത്തുന്നതിനുമുള്ള പബ്ലിക് നോട്ടീസ് പത്രദ്വാരാ ജനങ്ങളെ അറിയിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികളെ ചുമതലപ്പെടുത്തുകയുണ്ടായി.

23-8-2018 തീയതിയിൽ ചേർന്ന ജില്ലാ കളക്ടറുടെ യോഗത്തിൽ കനോലി കനാൽ ഘട്ടം ഘട്ടമായി വൃത്തിയാക്കുന്നതിന് 'നിറവ് ' എന്ന എൻ.ജി.ഒ. സന്നദ്ധത അറിയിക്കുകയും ചെയ്തു. കൂടാതെ കനോലി കനാലിലേയ്ക്ക് ഖരമാലിന്യങ്ങൾ

പ്രവേശിക്കുന്നത് തടയുന്നതിനായി ഡ്രെയിനേജിന്റെ ഡിസ്ചാർജ് പോയിന്റുകളിൽ സ്ഥാപിക്കുന്നതിന് ഒരു സ്ക്രീൻ ഡിസൈൻ ചെയ്യുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിനെയും CWRDM ഉദ്യോഗസ്ഥരെയും കളക്ടർ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ഒരു സ്ക്രീൻ ഡിസൈൻ ചെയ്യുകയും ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിലെ കോരപ്പുഴയിൽ തുടങ്ങി കല്ലായി പുഴയിൽ അവസാനിക്കുന്ന 11.2 കിലോമീറ്റർ വരുന്ന കനോലി കനാൽ കോർപ്പറേഷന്റെയും ജില്ലാ ഭരണകൂടത്തിന്റെയും പൊതുജനങ്ങളുടെയും നിറവ് വേങ്ങേരിയുടെയും പങ്കാളിത്തത്തോടെ ആഗസ്റ്റ് 28-ന് ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഒക്ടോബർ അവസാനത്തോടുകൂടി ഇത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചശേഷം മലിനീകരണ നിയന്ത്രണ ബോർഡ് കനോലി കനാലിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 13 ജല സാമ്പിളുകൾ ശേഖരിക്കുകയും ബോർഡിന്റെ കോഴിക്കോട് റീജിയണൽ ലബോറട്ടറിയിൽ ഗുണനിലവാര പരിശോധനയ്ക്കായി നൽകുകയും ചെയ്തിട്ടുണ്ട്. സാമ്പിളുകളിലെ കീടനാശിനികൾ, മെർക്കുറി എന്നിവയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനായി സാമ്പിളുകൾ ബോർഡിന്റെ എറണാകുളം ലബോറട്ടറിയിലേയ്ക്കും അയച്ചിട്ടുണ്ട്.

1-11-2018 കഴിഞ്ഞ് സമയപരിധി നൽകിയതിന് ശേഷവും നിർദ്ദേശം ലംഘിക്കുന്ന വ്യവസായ സ്ഥാപനങ്ങളെയും വാസസ്ഥലങ്ങളെയും കണ്ടു പിടിക്കുന്നതിനായി പരിശോധനകൾ നടത്തുന്നതിനും 22-10-2018-ൽ മേയറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ബോർഡിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിയമലംഘനം അറിയിക്കുന്ന മുറയ്ക്ക് ഇവർക്കെതിരെ നിയമനടപടികൾ ബോർഡ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## കൊച്ചി വാട്ടർ മെട്രോ പദ്ധതി

212 (2166) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) വാട്ടർ മെട്രോ പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വാട്ടർ മെട്രോ പദ്ധതിക്കായുള്ള ബോട്ടുജെട്ടികളുടെ നിർമ്മാണത്തിനായി 35 ഇടങ്ങളിലും ബോട്ട് യാർഡ് നിർമ്മാണത്തിനായി ഒരിടത്തും ആവശ്യമായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതിക്കുവേണ്ടിയുള്ള പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ കേന്ദ്ര-പരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പദ്ധതി വ്യാപിച്ചുകിടക്കുന്ന കായൽ പ്രദേശങ്ങളിൽ ആഴമാപന (Bathymetry) സർവ്വേ, 21 പ്രദേശങ്ങളിൽ ജിയോടെക്നിക്കൽ സർവ്വേ, ഒന്നും രണ്ടും പാക്കേജുകൾക്കുള്ള ടോപ്പോഗ്രഫി സർവ്വേ എന്നിവ പൂർത്തിയായിക്കഴിഞ്ഞു. മൂന്നാമത്തെ പാക്കേജിൽ പ്രസ്തുത സർവ്വെ പൂർത്തിയാക്കേണ്ടതുണ്ട്. ബോട്ട് യാർഡുകളുടെ നിർമ്മാണത്തിനായുള്ള കരാറുകാരെ കണ്ടെത്തുന്നതിനും ബോട്ട് ടെർമിനലുകളിൽ നിന്നും ബോട്ടുകളിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള ഫ്ലോട്ടിംഗ് ജെട്ടികളുടെ നിർമ്മാണത്തിനും വേണ്ടിയുള്ള പ്രാഥമിക വിലയിരുത്തൽ സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. വൈറ്റില, ഏലൂർ, കണ്ടനാട് ടെർമിനലുകൾക്കുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു. അഞ്ച് ടെർമിനലുകൾക്കുള്ള ടെണ്ടറുകൾ KFW-ന്റെ പരിഗണനയിലാണ്. ശേഷിക്കുന്ന ടെർമിനലുകൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കൊച്ചി മെട്രോയുടെ കീഴിലുള്ള വാട്ടർ മെട്രോ പദ്ധതി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്ന മുറയ്ക്ക് 2019 സെപ്റ്റംബറോടുകൂടി പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

**കൊച്ചിയിലെ വാട്ടർ മെട്രോ പദ്ധതി**

213 (2167) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കുമോ;

(ബി) ബോട്ട് ജെട്ടികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജെട്ടികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാട്ടർ മെട്രോ പദ്ധതിക്കായുള്ള ബോട്ടുജെട്ടികളുടെ നിർമ്മാണത്തിനായി 35 ഇടങ്ങളിലും ബോട്ട് യാർഡ് നിർമ്മാണത്തിനായി ഒരിടത്തും ആവശ്യമായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതിക്കുവേണ്ടിയുള്ള പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ കേന്ദ്ര-പരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പദ്ധതി വ്യാപിച്ചുകിടക്കുന്ന കായൽ പ്രദേശങ്ങളിൽ ആഴമാപന (Bathymetry) സർവ്വേ, 21 പ്രദേശങ്ങളിൽ ജിയോടെക്നിക്കൽ സർവ്വേ, ഒന്നും രണ്ടും പാക്കേജുകൾക്കുള്ള ടോപ്പോഗ്രഫി സർവ്വേ എന്നിവ പൂർത്തിയായികഴിഞ്ഞു. മൂന്നാമത്തെ പാക്കേജിൽ പ്രസ്തുത സർവ്വേ പൂർത്തിയാക്കേണ്ടതുണ്ട്. ബോട്ട് യാർഡുകളുടെ നിർമ്മാണത്തിനായുള്ള കരാറുകാരെ കണ്ടെത്തുന്നതിനും ബോട്ട് ടെർമിനലുകളിൽ നിന്നും ബോട്ടുകളിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള ഫ്ലോട്ടിംഗ് ജെട്ടികളുടെ നിർമ്മാണത്തിനും വേണ്ടിയുള്ള പ്രാഥമിക വിലയിരുത്തൽ സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. വൈറ്റില, ഏരൂർ, കണ്ടനാട് ടെർമിനലുകൾക്കുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു. അഞ്ച് ടെർമിനലുകൾക്കുള്ള ടെണ്ടറുകൾ KFW ന്റെ പരിഗണനയിലാണ്. ശേഷിക്കുന്ന ടെർമിനലുകൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) വൈറ്റില, ഏരൂർ, കണ്ടനാട് ടെർമിനലുകൾക്കുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കികഴിഞ്ഞു. അഞ്ച് ടെർമിനലുകൾക്കുള്ള ടെണ്ടറുകൾ KFW-ന്റെ പരിശോധനയിലാണ്. ശേഷിക്കുന്ന ടെർമിനലുകൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) പദ്ധതിക്കുവേണ്ടിയുള്ള പാരിസ്ഥിതാകാനുമതി, കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

(ഡി) കൊച്ചി മെട്രോയുടെ കീഴിലുള്ള വാട്ടർ മെട്രോ പദ്ധതി, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്ന മുറയ്ക്ക് 2019 സെപ്റ്റംബറോടുകൂടി പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

**മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ നൽകുന്ന സ്കോളർഷിപ്പുകൾ**

214 (2168) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് 2014-15 മുതൽ മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ വഴി നൽകിവരുന്ന സ്കോളർഷിപ്പിന്റെ എണ്ണം വെട്ടിക്കുറക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം സ്കോളർഷിപ്പ് വിതരണത്തിന് എത്ര കോടി രൂപയാണ് കോർപ്പറേഷൻ ആവശ്യപ്പെട്ടതെന്നും അതിൽ എത്ര കോടി രൂപ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) 2017-ൽ എത്ര വിദ്യാർത്ഥികൾക്കാണ് ഹയർ സെക്കന്ററി തലത്തിൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്നതെന്നും ഈ വർഷം എത്രപേർക്കാണ് സ്കോളർഷിപ്പ് നൽകിയതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2018-19 സാമ്പത്തിക വർഷം സ്കോളർഷിപ്പിനായി 17 കോടി രൂപയാണ് ആവശ്യപ്പെട്ടത്. ആയതിൽ 13.60 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷം 15015 വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി തലത്തിൽ സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. നടപ്പുസാമ്പത്തിക വർഷത്തേയ്ക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടേയുള്ളൂ.

**ഐ.സി.പി.എസ്.-ന്റെ കീഴിലുള്ള കരാർ ജീവനക്കാർക്കുള്ള അവധികൾ**

215(2169) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.പി.എസ്.-ന്റെ കീഴിലുള്ള കരാർ ജീവനക്കാർക്ക് പ്രസവാവധി ഉൾപ്പെടെയുള്ള അവധികൾ അനുവദിച്ച് സർക്കാർ നിർദ്ദേശങ്ങൾ സർക്കുലറാക്കി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് ഈ അവധികൾ അനുവദിക്കാത്തതിന്റെ കാരണം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഐ.സി.പി.എസ്.-ന്റെ കീഴിലുള്ള കരാർ ജീവനക്കാർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസാവവധി അനുവദിച്ചുകൊണ്ട് സാമൂഹ്യനീതി ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഐ.സി.പി.എസ്.-ന്റെ കീഴിലുള്ള കരാർ ജീവനക്കാർക്ക് പ്രസവാവധി അനുവദിച്ച് നൽകുന്നുണ്ട്. വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലർമാർക്ക് ഓണറേറിയത്തോടുകൂടിയ പ്രസവാവധി അനുവദിക്കുന്ന കാര്യം, ബന്ധപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

### വിവിധ രോഗങ്ങളെ സംബന്ധിച്ച് ബോധവത്കരണം

216 (2170) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക, കരൾ, ഹൃദയസംബന്ധമായ രോഗങ്ങൾ, കാൻസർ തുടങ്ങിയവ കേരളത്തിൽ ക്രമാതീതമായി വർദ്ധിക്കുന്നത് സംബന്ധിച്ച് സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ എന്തെങ്കിലും തരത്തിൽ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരളത്തിൽ വർദ്ധിച്ച വരുന്ന വിവിധ രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി ജനങ്ങളെ ബോധവൽകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങളെക്കുറിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് 12000 ജനങ്ങളിൽ ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിൽ കേരളത്തിൽ മൂന്നിൽ ഒരാൾക്ക് രക്താദിമർദ്ദവും അഞ്ചിൽ ഒരാൾക്ക് പ്രമേഹവും ഉണ്ടെന്ന വെളിപ്പെടുത്തൽ നടത്തുകയുണ്ടായി. വൃക്ക, കരൾ, ഹൃദയസംബന്ധമായ രോഗങ്ങൾ, കാൻസർ എന്നിവയെക്കുറിച്ച് വിവിധ ഏജൻസികൾ ചെറുപഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ആധികാരികമായ പഠന റിപ്പോർട്ടുകൾ ആരോഗ്യവകുപ്പിന് ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് നിലവിലുള്ള ജീവിതശൈലീരോഗങ്ങളെക്കുറിച്ചും ഈ രോഗങ്ങളിലേയ്ക്ക് നയിക്കുന്ന റിസ്ക് ഫാക്ടേഴ്സിനെക്കുറിച്ചും ആധികാരികമായ ഒരു രേഖ തയ്യാറാക്കുന്നതിനുള്ള ബൃഹത് പദ്ധതി അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി എല്ലാ വിഭാഗം ജനങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് ആരോഗ്യ വകുപ്പിലെ ജീവനക്കാരിലൂടെ ഇ-ഹെൽത്ത് പദ്ധതിയുടെ സാങ്കേതിക സഹായത്തോടെ ആണ്

കിരൺ എന്ന പേരിൽ ഈ പഠനം നടത്തുന്നത്. ഇതിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്ലബ്ബുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ അർബുദ ബോധവത്കരണ ക്ലാസ്സുകൾ, അർബുദ രോഗം നേരത്തെ നിർണ്ണയിക്കാനുള്ള ക്യാമ്പുകൾ (Early Cancer Detection Camp) ആരോഗ്യ പ്രദർശനങ്ങൾ എന്നിവ പൊതുജനങ്ങൾക്കായി നടത്തിവരുന്നുണ്ട്. ആർദ്രം പദ്ധതിയുമായി ഭാഗമായി ഒരു പ്രദേശത്തെ എല്ലാ ജനങ്ങളുടെയും ജീവിതശൈലീ രോഗ നിർണ്ണയം നടത്തി പ്രാദേശികമായി ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി. ഇത് എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.

**കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ**

217 (2171) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊതുകുകൾ പരത്തുന്ന പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നത് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) കടുത്ത ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന വെസ്റ്റ് നൈൽ പനി കോഴിക്കോട് കണ്ടെത്തിയ സാഹചര്യത്തിൽ കൊതുക് നിർമ്മാർജ്ജനത്തിന് തീവ്ര പ്രവർത്തനം നടത്തുവാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ;

(സി) ഈ വർഷം ഡെങ്കിപ്പനി, മലേറിയ രോഗങ്ങൾ ബാധിച്ചവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018 ജൂലൈ മാസത്തിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഒരാൾക്ക് വെസ്റ്റ് നൈൽ വൈറസ് രോഗം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് കോഴിക്കോട് സോണൽ എന്റമോളജി ടീമിന്റെയും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെയും നേതൃത്വത്തിൽ രോഗനിരീക്ഷണം, കൊതുക് സർവ്വേ, കൂത്താടിനാശിനി സ്പ്രേയിംഗ്, ഫോഗിംഗ്, ഇന്റർസെക്ടറൽ യോഗം തുടങ്ങിയ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെയും കോർപ്പറേഷന്റെയും കൂടി സഹകരണത്തോടെ നടപ്പിലാക്കി. പുതുതായി ആർക്കും ഈ രോഗം റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഡെങ്കിപ്പനി, മലേറിയ എന്നീ രോഗങ്ങൾ ബാധിച്ചവരുടെ എണ്ണം 2017-നെ അപേക്ഷിച്ച് 2018-ൽ കുറവാണ്. 2017-ൽ 21993 പേർക്ക് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തപ്പോൾ 2018 നവംബർ 28 വരെ 3957 പേർക്ക് മാത്രമാണ് ഈ രോഗമുണ്ടായത്. 2017-ൽ 1192 പേർക്ക് മലമ്പനി റിപ്പോർട്ട് ചെയ്തപ്പോൾ 2018-ൽ നവംബർ 15 വരെ 815 പേർക്കാണ് ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത്.

**അവയവ ദാനം**

218 (2172) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനം നിരുൽസാഹപ്പെടുത്തുന്ന പ്രചരണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) അവയവദാതാവിനും സ്വീകർത്താവിനും ആരോഗ്യപരമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നിയമപരമായ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ മേഖലകളിൽ നിന്നുള്ള വിദഗ്ദ്ധർ അംഗങ്ങളായാണ് അവയവദാന ആതറൈസേഷൻ കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'മൃതസഞ്ജീവിനി' വഴി സംസ്ഥാനത്തുടനീളം ബോധവത്കരണ ക്ലാസുകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ള വർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരികയും ചെയ്യുന്നു. കൂടാതെ പ്രശസ്ത സിനിമാ താരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അവയവദാനത്തിനും മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും മുമ്പ് അവയവ ദാതാവിനേയും സ്വീകർത്താവിനേയും വിശദമായ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കാറുണ്ട്. അവയവദാതാവിന് അവയവം ദാനം ചെയ്യുന്നതിനുള്ള

ജീവശാസ്ത്രപരമായ കഴിവ്, അനുയോജ്യത എന്നിവ നിർണ്ണയിക്കുന്നതിനുള്ള മെഡിക്കൽ പരിശോധനകളും കൂടാതെ ദാതാവിന്റെ മാനസിക നില സാക്ഷ്യപ്പെടുത്തുന്നതിനുള്ള പരിശോധനകളും നടത്താറുണ്ട്. പ്രസ്തുത പരിശോധന റിപ്പോർട്ട് 1994-ലെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നിയമം അനുസരിച്ച് ആശുപത്രികളിൽ രൂപീകരിച്ചിട്ടുള്ള കോംപീറ്റന്റ് അതോറിറ്റി (Competent Authority)യിലോ ആതറൈസേഷൻ കമ്മിറ്റിയിലോ ജില്ലാതല ആതറൈസേഷൻ കമ്മിറ്റിയിലോ അവലോകനം ചെയ്തതിനുശേഷമാണ് ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്നത്.

(സി) ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിലെ ഫോറൻസിക് മെഡിസിൻ, ന്യൂറോളജി, ജനറൽ സർജറി വിഭാഗങ്ങളിലെ മേധാവികൾ, ജില്ലാ മെഡിക്കൽ ഓഫീസർ തുടങ്ങിയ ആരോഗ്യരംഗത്തെ വിദഗ്ദ്ധർ ഉൾപ്പെട്ടതാണ് ആതറൈസേഷൻ കമ്മിറ്റി.

**പ്രളയത്തെ തുടർന്ന് ആരോഗ്യമേഖലയിലുണ്ടായ പ്രതിസന്ധികൾ**

219 (2173) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തെ തുടർന്ന് ആരോഗ്യമേഖലയിലുണ്ടായ പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രളയംമൂലം ആശുപത്രികൾക്കും ഉപകരണങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിനും തകർന്നുപോയ പശ്ചാത്തല സൗകര്യങ്ങൾ പുനർനിർമ്മിക്കുന്നതിനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പ്രവൃത്തികൾക്കായി കൂടുതൽ തുക കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാൻ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ ആശുപത്രി കെട്ടിടങ്ങൾ നശിച്ചതും ആശുപത്രി കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതും മരുന്നുകളും ആശുപത്രി ഉപകരണങ്ങളും നശിച്ചതും പ്രളയത്തെ തുടർന്ന് ആരോഗ്യമേഖലയിലുണ്ടായ പ്രതിസന്ധികളാണ്.

(ബി) മഹാപ്രളയത്തിൽ ആരോഗ്യ മേഖലയിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള ആശുപത്രികൾ ഉൾപ്പെടെയുള്ള 226 ആരോഗ്യ സ്ഥാപനങ്ങളുടെ പുനർ നിർമ്മാണം, നവീകരണം എന്നിവയ്ക്കുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വിവിധ സർക്കാർ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് ഏകദേശം 125.71 കോടിയോളം രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

പ്രളയംമൂലം കേടായ ഉപകരണങ്ങൾ നന്നാക്കിയെടുക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഉപകരണങ്ങളുടെ മെയിന്റനൻസ് കരാർ എടുത്തിരിക്കുന്ന ഏജൻസിയായ മെസേഴ്സ് കിർലോസ്കർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേടുപാടുകൾ പരിഹരിക്കാൻ പറ്റുന്നവ ശരിയാക്കാനും അല്ലാത്തവയ്ക്ക് പകരം പുതിയവ വാങ്ങി നൽകാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചില സന്നദ്ധ സംഘടനകൾ ഉപകരണങ്ങൾ സംഭാവനയായി നൽകുന്നുണ്ട്.

പ്രളയംമൂലം ഉപകരണങ്ങൾ നശിച്ച 60 ആശുപത്രികളിലേയ്ക്ക് ഏകദേശം 4 കോടി രൂപയുടെ ഉപകരണങ്ങൾ സൗജന്യമായി നൽകുമെന്ന് AMERICARES എന്ന കമ്പനി സമ്മതിച്ചിട്ടുണ്ട്. ആയത് സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്.

പ്രളയത്തിൽ നാശം സംഭവിച്ച പമ്പ ഗവൺമെന്റ് ആശുപത്രിയുടെ പുനർനിർമ്മാണത്തിനും അതിലെ കേടായ സാധനസാമഗ്രികൾ മാറ്റി സ്ഥാപിക്കുന്നതിനുമായി 1,20,00,000 രൂപ പവർ ഗ്രിഡ് ഇന്ത്യാ ലിമിറ്റഡിൽ നിന്നും സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 7-11-2018 -ലെ സ.ഉ.(സാധാ) 3378/18/ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രളയത്തെ തുടർന്നുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിന് കക്കോടി പി.എച്ച്.സി.-യുടെ പുനർനിർമ്മാണത്തിനായി അപ്പോളോ ഗ്രൂപ്പ് സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഗ്രൂപ്പുമായിട്ടുള്ള MoU സർക്കാർ ഒപ്പുവച്ചിട്ടുണ്ട്. മേക്കുന്ന്, വള്ളിത്തോട്, വാഴക്കാട്, അയ്മനം എന്നീ പി.എച്ച്.സി.-

കളിൽ പുനർനിർമ്മാണത്തിനായി VPS Health Care Group സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഗ്രൂപ്പുമായിട്ടുള്ള MoU സർക്കാർ ഒപ്പുവച്ചിട്ടുണ്ട്. മൻറോ ഐലന്റ്, എലൂർ എന്നീ പി.എച്ച്.സി.-കളുടെ പുനർനിർമ്മാണത്തിനായി National Mineral Development Corporation സന്നദ്ധത അറിയിച്ചിട്ടുണ്ട്.

(സി) പ്രളയവുമായി ബന്ധപ്പെട്ട് NHM (National Health Mission) മുഖേന 141.61 കോടി രൂപയുടെ പദ്ധതികളാണ് ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നത്.

(ഡി) ആരോഗ്യപ്രവർത്തകർ വീടുവീടാന്തരവും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി ബോധവത്കരണം നൽകുകയും പകർച്ചവ്യാധി ബാധിതരെ മുൻകൂട്ടി കണ്ടുപിടിച്ച് ആവശ്യമായ ചികിത്സയും പരിചരണവും നൽകുകയും ചെയ്തു. ജനങ്ങളും വിവിധതലങ്ങളിൽ പ്രവർത്തിക്കുന്നവരും പകർച്ചവ്യാധികൾക്കെതിരെ സ്വീകരിക്കേണ്ട നടപടികളുടെ മാർഗ്ഗരേഖ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ലഭ്യമാക്കി. മൃഗങ്ങളുടെ മൃതാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള ഖര-ദ്രവ മാലിന്യസംസ്കരണം, ശുചീകരണം, ഈച്ചനിയന്ത്രണം, കൊതുക് നിയന്ത്രണം തുടങ്ങിയവ ശാസ്ത്രീയമായി തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി.

ആവശ്യാനുസരണം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിച്ചും മരുന്നും അനുബന്ധ സാമഗ്രികളും ലഭ്യമാക്കിയും ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തി. ഒ.ആർ.എസ്., സിങ്ക്, ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ, ഗുളികകൾ, വ്യക്തിഗത സുരക്ഷാ ഉപാധികൾ, കൊതുക് നിയന്ത്രണത്തിനുള്ള ഉപകരണങ്ങൾ, കീടനാശിനികൾ തുടങ്ങിയവ ലഭ്യമാക്കി. എലിപ്പനിക്കെതിരെ ഡോക്സിസൈക്ലിൻ പ്രതിരോധ മരുന്ന് ആവശ്യാനുസരണം ലഭ്യമാക്കി.

സംസ്ഥാന, ജില്ലാ തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ദുരന്തനിവാരണ സെല്ല് തുറന്ന് പ്രവർത്തിച്ചു. ഇത്തരം നടപടികളുടെ ഫലമായി പകർച്ച വ്യാധികളെ നിയന്ത്രണ വിധേയമാക്കാൻ സാധിച്ചു.

**സീമാറ്റിന് കീഴിലുള്ള കോളേജുകളിലെ ജീവനക്കാർ**

220 (2174) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീമാറ്റിന് കീഴിലുള്ള കോളേജുകളിലെ റഗുലർ പേ സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഏത് തീയതി മുതലാണ് ഇത് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(ബി) കരാർ/ദിവസവേതന ജീവനക്കാർക്കായി അനുവദിക്കുന്ന വേതനം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം വേതനം അനുവദിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ഇത് സംബന്ധിച്ച് സീമാറ്റ് ഗവേണിംഗ് ബോഡി തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സീമാറ്റ് എംപ്ലോയീസ് യൂണിയൻ നിവേദനം നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സീമാറ്റ് ഡയറക്ടറേറ്റിലും സിമെറ്റ് നഴ്സിംഗ് കോളേജുകളിലും പേ സ്കെയിലിൽ ജോലി ചെയ്യുന്ന 19 അനദ്ധ്യാപക ജീവനക്കാർക്ക് തീയതി 28-6-2018-ലെ സ.ഉ.(കൈ) നമ്പർ 119/2018/ആ.കു.വ. പ്രകാരം പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ശമ്പളപരിഷ്കരണത്തിന്റെ പ്രാബല്യതീയതി 1-7-2014-ലും പ്രതിമാസ അലവൻസുകളുടെ പ്രാബല്യ തീയതി 1-2-2016-ഉം ആണ്.

(ബി& സി) ഇതുവരെ അനുവദിച്ചിട്ടില്ല. 27-7-2018-ന് കൂടിയ സിമാറ്റിന്റെ 18-ാമത് ഗവേണിംഗ് ബോഡിയിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് അയയ്ക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. സിമാറ്റിന്റെ 18-ാമത് ഗവേണിംഗ് ബോഡിയിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് അയയ്ക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

**ആംബുലൻസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി**

221(2175) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ നാവായിക്കുളം കേന്ദ്രീകരിച്ച് ഓടിക്കൊണ്ടിരുന്ന 108 ആംബുലൻസ് അപകടത്തിൽപ്പെട്ടതിനെത്തുടർന്ന് നിർത്തിവച്ച സാഹചര്യത്തിൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആംബുലൻസ് സർവ്വീസ് പുനരാരാംഭിക്കുന്നതിന് സത്വര തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നാവായിക്കുളത്ത് ഓടിക്കൊണ്ടിരുന്ന 108 ആംബുലൻസ് ഉൾപ്പെടെ കാലപ്പഴക്കം ചെന്നതും സേവനയോഗ്യമല്ലാത്തതുമായ വാഹനങ്ങൾക്ക് പകരം 10 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി വാഹനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് നാവായിക്കുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി പകരം ആംബുലൻസ് ലഭ്യമാക്കുന്നതാണ്.

**മെഡിക്കൽ കോളേജുകളിൽ നൂതന ചികിത്സാ രീതികൾ**

222(2176) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ബ്ലഡ് ആൻഡ് ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ, സ്റ്റെംസെൽ തെറാപ്പി, സെൽ ടു സെൽ തെറാപ്പി, റീജനറേറ്റീവ് മെഡിസിൻ എന്നീ ചികിത്സാരംഗത്തെ നൂതനമാർഗ്ഗങ്ങൾ കൈകാര്യം ചെയ്തുവരുന്ന ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ലഭ്യമാക്കി നൽകിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നൂതന ചികിത്സാരീതികൾ ഏതൊക്കെ രോഗങ്ങൾക്കെതിരെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബ്ലഡ് ആന്റ് ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ, സ്റ്റെംസെൽ തെറാപ്പി, സെൽ ടു സെൽ തെറാപ്പി, റീജനറേറ്റീവ് മെഡിസിൻ തുടങ്ങിയ നൂതനവും ജീവൻ രക്ഷിക്കാനുതകുന്നതുമായ ചികിത്സാ രീതികൾ ഹെമറ്റോ ഓങ്കോളജി വിഭാഗവും ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗവും സംയുക്തമായാണ് കൈകാര്യം ചെയ്തുവരുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഈ ചികിത്സാ രീതികൾ ലഭ്യമല്ല. ട്രാൻസ്ഫ്യൂഷൻ മെഡിസിനിൽ മതിയായ സൗകര്യങ്ങളുടെ അഭാവവും ഹെമറ്റോ ഓങ്കോളജി സ്പെഷ്യലിസ്റ്റുകൾ സർക്കാർ സർവ്വീസിലില്ല എന്നുള്ളതുമാണ് ഇതിന് പ്രധാന കാരണം. രക്തത്തിൽ നിന്ന് മൂലകോശങ്ങൾ (stem cell) വേർതിരിക്കാൻ ഉപയോഗിക്കുന്ന ഉപകരണം (cell seperater/ Apheresis machine) വിവിധ മെഡിക്കൽ കോളേജുകളിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ ലഭ്യമാണ്. Transfusion Medicine – haemato oncology team-ന്റെ അഭാവത്തിൽ അത്തരം ചികിത്സകൾ ഇപ്പോഴും സർക്കാർ മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചിട്ടില്ല. എന്നാൽ ബ്ലഡ് ആന്റ് ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സർക്കാർ തലത്തിൽ RCC, MCC എന്നീ സ്ഥാപനങ്ങളിൽ ഫലപ്രദമായി ചെയ്തുവരുന്നുണ്ട്.

(ബി) രക്താർബുദം, അരിവാൾ രോഗം (sickle cell anaemia), തലാസീമിയ, അപ്ളാസ്റ്റിക് അനീമിയ, വിവിധ രക്തജന്യ രോഗങ്ങൾ, മാരക രോഗങ്ങളായ മൈലോഡിസ്പ്ളാസ്റ്റിക് സിൻഡ്രോം, ഹർളർ സിൻഡ്രോം എന്നീ രോഗങ്ങൾക്കെതിരെ ബ്ലഡ് ആന്റ് ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നതാണ്. ഞരമ്പ് സംബന്ധമായ രോഗങ്ങൾ, ഹൃദയ സ്തംഭനം, പ്രമേഹം, തളർവാതം തുടങ്ങിയ വളരെയധികം രോഗങ്ങൾക്കെതിരെ സ്റ്റെംസെൽ തെറാപ്പിയും ത്വക്ക് രോഗ ക്യാൻസർ, രക്താർബുദം മറ്റ് പല ക്യാൻസറുകൾ (രോഗിയുടെ സ്വന്തം ശരീരത്തിലെ കോശങ്ങൾ ഉപയോഗിച്ചുള്ള ചികിത്സ) എന്നിവയ്ക്കെതിരെ സെൽ ടു സെൽ തെറാപ്പിയും ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. നഷ്ടപ്പെട്ട അല്ലെങ്കിൽ നശിച്ചുപോയ അവയവങ്ങൾ പുനർജ്ജീവിപ്പിച്ച് പുതിയവ നിശ്ചിത സ്ഥാനത്ത് കൊണ്ടുവരുന്ന ചികിത്സയാണ് റീജനറേറ്റീവ് മെഡിസിൻ കൈകാര്യം ചെയ്യുന്നത്. പാർക്കിൻസൺസ് രോഗം, അൽഷിമേഴ്സ് രോഗം, പുതിയ അവയവങ്ങൾ/ കോശങ്ങൾ നിർമ്മിക്കുക എന്നിവ ഈ ചികിത്സാ രീതിയിൽ ഉൾപ്പെടുന്നുണ്ട്.

### ക്യാൻസർ രോഗികൾക്ക് പെൻഷൻ

223 (T*2177) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ക്യാൻസർ രോഗം ബാധിച്ചവർക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ; എത്ര രൂപയാണ് പെൻഷൻ അനുവദിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ക്യാൻസർ രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുവേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) കോതമംഗലം താലൂക്കിന് കീഴിൽ എത്രപേർക്ക് നിലവിൽ ഇത്തരത്തിലുള്ള പെൻഷൻ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ക്യാൻസർ രോഗികൾക്കുള്ള പെൻഷനുവേണ്ടി കോതമംഗലം താലൂക്കിന് കീഴിൽ പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേർക്ക് ഇനിയും പെൻഷൻ അനുവദിക്കാനുണ്ട്; എത്രയും വേഗത്തിൽ ഇവർക്ക് പെൻഷൻ അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് ക്യാൻസർ രോഗം ബാധിച്ചവർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ആയതിനുള്ള അപേക്ഷ ബന്ധപ്പെട്ട തഹസീൽദാർക്കാണ് നൽകേണ്ടത്.

(ബി) പെൻഷനുവേണ്ടി അപേക്ഷിക്കുന്ന ക്യാൻസർ രോഗിയുടെ കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ഫോം നമ്പർ 10 (ക്യാൻസർ രോഗിയാണെന്ന സാക്ഷ്യപത്രം) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ സെന്റർ, എല്ലാ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേഡ് ഓങ്കോളജിസ്റ്റുകൾ, ജില്ലാ/ജനറൽ ആശുപത്രികളിലെ കീമോ തെറാപ്പി (ക്യൂറേറ്റീവ് ആന്റ് പാലിയേറ്റീവ്)/റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ ഇവരിലാരെങ്കിലും ഒരാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഫാറം നമ്പർ 9-ലെ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തഹസിൽദാർ പെൻഷൻ അനുവദിക്കുന്നു.

(സി) 490.

(ഡി) കോതമംഗലം താലൂക്ക് ഓഫീസിൽ മാസംതോറും ഏകദേശം പുതിയ 10 അപേക്ഷകൾ ക്യാൻസർ പെൻഷനുമായി ബന്ധപ്പെട്ട് ലഭിക്കാറുണ്ട്. നിലവിൽ അപേക്ഷിച്ച് യോഗ്യരായ എല്ലാപേർക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്.

## ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മാർട്ടം

224 (2178) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും സർക്കാർ ആശുപത്രിയിലോ മെഡിക്കൽ കോളേജിലോ ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടത്തിന് അനുകൂലമായി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടെങ്കിൽ ഇതുവരെ അത് പ്രാവർത്തികമാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഉത്തരവിനെതിരെ ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ എന്നും ഈ കേസ്സിൽ സർക്കാരോ മറ്റ് വ്യക്തികളോ സംഘടനകളോ കക്ഷി ചേർന്നിട്ടുണ്ടെങ്കിൽ ആ വിവരവും കേസ്സിന്റെ നമ്പരും അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ആശുപത്രികളിലൊന്നുംതന്നെ നിലവിൽ ഇരുപത്തിനാല് മണിക്കൂറും പോസ്റ്റ്മോർട്ടം നടക്കുന്നില്ല. എന്നാൽ അവയവദാനവുമായി ബന്ധപ്പെട്ട കേസ്സുകളിലും മെഡിക്കൽ ലീഗൽ കോഡ് പ്രകാരം ലോ ആന്റ് ഓർഡർ സ്ഥിതിഗതികളുമായി ബന്ധപ്പെട്ട കേസ്സുകളിലും സമയക്രമം നോക്കാതെ തന്നെ ഇപ്പോഴും പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്.

(ബി) 26-10-2015-ലെ സ.ഉ.(എം.എസ്.) 239/2015/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും പോസ്റ്റ്മോർട്ടം രാത്രിയിലും നടത്തേണ്ടതായി വരുന്ന അത്യാവശ്യ ഘട്ടങ്ങളിൽ രാത്രികാലത്തും പോസ്റ്റ്മോർട്ടം നടത്താമെന്ന് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(സി) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം നടത്താനാവശ്യമായ ജീവനക്കാർ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, കൃത്രിമ വെളിച്ചം, സ്ഥലപരിമിതികൾ, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ ലഭ്യതക്കുറവ് എന്നിവയാണ് രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് പ്രധാനമായ തടസ്സമായി നിലകൊള്ളുന്നത്.

(ഡി) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ കേരള മെഡിക്കോ ലീഗൽ സൊസൈറ്റി 33874/2015 നമ്പർ റിട്ട് പെറ്റീഷൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ്സിൽ സർക്കാർ എതിർകക്ഷിയാണ്.

**ഇ-ഹെൽത്ത് പദ്ധതി**

225 (2179) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള പ്രവർത്തനങ്ങൾ ഏതുവരെ ആയെന്നും അവയുടെ പ്രവർത്തന പുരോഗതിയും വിശദീകരിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) വിവരസാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗം പ്രയോജനപ്പെടുത്തി വിവിധ സർക്കാർ ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ മുതൽ രോഗീപരിശോധനയും ചികിത്സാക്രമങ്ങളും ഭരണനിർവ്വഹണവും ഉൾപ്പെടെ സമഗ്രമേഖലകളിലെയും പ്രവർത്തനങ്ങൾ സംയോജിതമായ ഒരു സോഫ്റ്റ്വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസരഹിതവും രോഗീസൗഹൃദവമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പദ്ധതി മുഖേന നടപ്പാക്കിവരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് അടിസ്ഥാനരേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ച് ഏതൊരു വ്യക്തിക്കും കേരളത്തിലെ ഏത് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നാലും പ്രസ്തുത വ്യക്തികളുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഏറ്റവും വലിയ പ്രയോജനം. വ്യക്തികളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ച് കേന്ദ്രീകൃത ഇ-ഹെൽത്ത് സംവിധാനത്തിൽ ക്രോഡീകരിക്കുന്നതിലൂടെ സംസ്ഥാനത്തെവിടെയുമുള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള UHID കാർഡ് നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാനരേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്. UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡർ (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവരുടെ EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്.

(ബി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളെയും കമ്പ്യൂട്ടർ ശൃംഖല മുഖേന ബന്ധപ്പെടുത്തി അതാതു ആശുപത്രികൾക്കാവശ്യമായ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ് വർക്കിംഗ് സ്ഥാപിക്കുന്നതിനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി അഞ്ച് വർഷത്തേയ്ക്കുള്ള വാർഷിക പരിചരണ കരാറും (AMC) ഏർപ്പെടുത്തി പ്രവർത്തനസജ്ജമാക്കുന്നതിനും ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചുവരികയാണ്. ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ മാനേജ്മെന്റ് എന്നീ സംവിധാനങ്ങൾ ഇതിനകം തിരുവനന്തപുരം

മെഡിക്കൽ കോളേജിലും ലാബും ഫാർമസിയും ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ഇ-ഹെൽത്ത് സേവനം തെരഞ്ഞെടുക്കപ്പെട്ട 11 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. ഇത് 79 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടി ഉടൻ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒ.പി.-കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. 8000 tablet PC ഉപയോഗിച്ച് പരിശീലനം സിദ്ധിച്ച ആരോഗ്യപ്രവർത്തകർ സംസ്ഥാനത്തെ 332,98,904 കുടുംബങ്ങളിലെ 1,23,64,090 ആളുകളുടെ ആവാസപ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് അടിസ്ഥാനരേഖകൾ ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇ-ഹെൽത്ത് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടം (Pilot Project) മാത്രമേ പിന്നിട്ടിട്ടുള്ളൂ. വിന്യസിക്കപ്പെട്ട സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകളും ഭേദഗതിയും വരുത്തി (customization process) കുറ്റമറ്റ ഒരു സാങ്കേതിക സംവിധാനമായി സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

Pilot Project-ൽ നിർദ്ദേശിച്ചിരുന്ന സ്ഥാപനങ്ങൾക്കുപുറമെ ആർദ്രം പദ്ധതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പ്രോജക്റ്റ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 79 എണ്ണത്തിൽ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ്‌വർക്കിംഗ് എന്നിവ പൂർത്തിയാക്കി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചുവരുന്നു. ശേഷിക്കുന്ന 90 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ മേൽ പ്രതിപാദിച്ച പ്രവൃത്തികൾക്കുള്ള ടെണ്ടർ പുറപ്പെടുവിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് തീവ്ര നടപടികൾ സ്വീകരിച്ചുവരികയാണ്. നടപ്പുവർഷം 503 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിനുപുറമെ സർക്കാർ മേഖലയിലുള്ള മറ്റ് ഏഴ് മെഡിക്കൽ കോളേജുകളിലേയ്ക്കും ഇ-ഹെൽത്ത് പ്രോജക്റ്റ് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലെയും ഒ.പി. വിഭാഗം ആധുനികവത്കരിച്ചു വരികയാണ്. അതിനോടൊപ്പംതന്നെ ഇ-ഹെൽത്ത് പ്രവർത്തനങ്ങളും പ്രാവർത്തികമാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ്‌വർക്കിംഗ് എന്നിവ സ്ഥാപിക്കുന്നതിന് ടെണ്ടർ നൽകിയിട്ടുണ്ട്.

## ട്രോമാ കെയർ സംവിധാനം

226 (2180) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിനായി സമഗ്രമായ ട്രോമാ കെയർ സംവിധാനം ഒരുക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) വാഹനാപകടങ്ങളിൽ പരിക്കേറ്റ് സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തിക്കുന്ന രോഗിയുടെ ആദ്യത്തെ 48 മണിക്കൂർ ചെലവ് ഇൻഷ്വറൻസ് കമ്പനിയുടെ സഹകരണത്തോടെ സ്വകാര്യ ആശുപത്രികൾക്ക് നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ട്രോമാ കെയർ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ജി.പി.എസ്. ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതൊക്കെ ജില്ലകളിലാണ് ഈ സംവിധാനം പ്രാവർത്തികമായിട്ടുള്ളത്?

ഉത്തരം

(എ) വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിനായി പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിവരുന്നു. 2018-19-ൽ സ്ട്രെഗ്തനിംഗ് ഓഫ് എമർജൻസി മെഡിക്കൽ കെയർ എന്ന പദ്ധതിയുടെ ഭാഗമായി ട്രോമാകെയറിന്റെ ശാക്തീകരണത്തിനായി 25-11-2018 സ.ഉ.(സാധാ) നമ്പർ 3487/2018/ആ.കു.വ. പ്രകാരം 4,85,70,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡ് സേഫ്റ്റി ഫണ്ട് നൽകിയ തുക ഉപയോഗിച്ച് ഹരിപ്പാട്, പയ്യന്നൂർ, വടകര, കോട്ടപ്പുറം, പത്തനംതിട്ട, ചാലക്കുടി, ആലത്തൂർ, കരുനാഗപ്പള്ളി, അടിമാലി, ആലുവ എന്നീ താലൂക്ക് ആസ്ഥാന ആശുപത്രികളിലും ആറ്റിങ്ങൽ, അടൂർ, മഞ്ചേരി തുടങ്ങി ജനറൽ ആശുപത്രികളിലും കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിലും കാസർഗോഡ് ജില്ലാ ആശുപത്രിയിലും ഉപകരണങ്ങളും ആംബുലൻസ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ട്രോമാ കെയർ സംവിധാനത്തിന്റെ ഭാഗമായ ആംബുലൻസ് സംവിധാനം പ്രാവർത്തികമാക്കുവാനായി 315 ആംബുലൻസുകൾ ഉൾപ്പെടുത്തിയിട്ടുള്ള സമഗ്ര ആംബുലൻസ് സംവിധാനത്തിനായി കേരള

മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ 13-11-2018-ൽ വിളിച്ച ടെണ്ടറിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. കൂടാതെ 300-ൽ പരം കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർക്കും അസിസ്റ്റന്റ് സർജന്മാർക്കും സ്റ്റാഫ് നഴ്സുമാർക്കും ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫാക്കൽറ്റീസ് പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-11-2017-ൽ ചേർന്ന യോഗത്തിൽ അപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി തീരുമാനം എടുത്തിരുന്നു. റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുവാനായി ആദ്യ മണിക്കൂറിൽ (golden hour) അപകടത്തിൽപ്പെടുന്നവരെ അപകടസ്ഥലത്തുനിന്നും മതിയായ ചികിത്സാ സംവിധാനമുള്ള സർക്കാർ/സ്വകാര്യആശുപത്രികളിൽ എത്തിക്കുന്നതിന് കൃത്യമായ പരിശീലനം ലഭിച്ച ജീവനക്കാരും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഗുണനിലവാരമുള്ള ആംബുലൻസുകളും കേന്ദ്രീകൃത സ്വഭാവത്തോടെ സർക്കാർ-സർക്കാരേതര ഏജൻസികളുമായി സഹകരിച്ച് ഒരു കോൾ സെന്റർ മുഖേന ജി.പി.എസ്. നിയന്ത്രിത ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു.

മേൽ പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷ്വറൻസ് പ്രോഗ്രാം വന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്ട് വിഭാവനം ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ സ്വകാര്യ ആശുപത്രികളിലും ഇൻഷ്വറൻസ് കമ്പനികളും റോഡ് സുരക്ഷാവിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽ വരുത്തുന്നതിന് താല്പര്യമുള്ള ഇൻഷ്വറൻസ് കമ്പനിയോ കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷനെ 26-12-2017-ലെ സ.ഉ.(സാധാ) നമ്പർ 3648/2017/ആ.കു.വ. പ്രകാരം ചുമതലപ്പെടുത്തി. ഇതിലേയ്ക്കായി താല്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള പരസ്യം 13-1-2018-ലെ ദേശീയ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി. ഇതിന്റെ തുടർച്ചയായി 24-4-2018 രാജ്യത്തെ സ്വകാര്യ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനി പ്രതിനിധികളെ വിളിച്ചുചേർത്ത് ഒരു ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ പൊതുമേഖലാ സ്വകാര്യ മേഖലകളിലെ 11 കമ്പനികളുടെ പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത യോഗത്തിൽ പങ്കെടുത്ത കമ്പനികളിൽനിന്നും അനുകൂലമായൊരു പ്രതികരണം ലഭിക്കാത്തതിനാൽ ഒരു തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റർ മുഖാന്തിരം അപകടത്തിൽപ്പെടുന്നവരുടെ ചികിത്സയ്ക്കായി വിതരണം ചെയ്യുന്ന ഫണ്ടുകൾ സുതാര്യമായി കൈകാര്യം ചെയ്യുവാൻ 28-7-2018-ലെ സ.ഉ. നമ്പർ G.O.(Rt) 2402/2018/ H&FWD പ്രകാരം തീരുമാനമുണ്ടായി.

(സി) കേന്ദ്രീകൃത കോൾ സെന്ററും ജി.പി.എസ്. ഘടിപ്പിച്ച 315 ആംബുലൻസുകളും ഉൾപ്പെടുത്തി കേരളമൊട്ടാകെ അഗ്രിഗേറ്റർ മാതൃകയിൽ ട്രോമ കെയറിന്റെ ഭാഗമായി പ്രവർത്തിപ്പിക്കുവാൻ ഒരു ടെണ്ടർ 13-11-2018-ൽ കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ വിളിച്ചിരിക്കുന്നു. ഈ ടെണ്ടറിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കേരളത്തിലെ എല്ലാ ജില്ലകളിലും ട്രോമ കെയറിന്റെ ഭാഗമായി ആംബുലൻസ് സർവ്വീസ് ലഭിക്കുന്നതാണ്. നിലവിൽ ട്രോമ കെയറിന്റെ ഭാഗമായി ഒരു ജില്ലയിലും ഈ സംവിധാനം പ്രവർത്തിക്കുന്നില്ല. 108 ആംബുലൻസ് പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകൾ 2010 മേയ് മാസം മുതലും 18 ആംബുലൻസുകൾ 2012 ഏപ്രിൽ മാസം മുതലും സൗജന്യസേവനം നടത്തിവരുന്നു.

## പബ്ലിക് ഹെൽത്ത് കേഡർ രൂപീകരണം

227 (2181) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ലിക് ഹെൽത്ത് കേഡർ രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും കേഡർ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ കേഡറിൽ ഡോക്ടർമാരെ മാത്രമാണോ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും മറ്റ് ചികിൽസകൾക്കായി സ്പെഷ്യലിസ്റ്റുകൾ അടങ്ങുന്ന വിഭാഗം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പബ്ലിക് ഹെൽത്ത് കേഡർ രൂപീകരണത്തോടെ പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും കേഡർ രൂപീകരണത്തിനായി ഡോക്ടർമാരുടെ യോഗ്യതയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) സംസ്ഥാനത്തെ പൊതുജനാരോഗ്യം ശാക്തീകരിക്കുന്നതിനു വേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിക്കുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ നടന്നുവരികയാണ്.

## മൃതസഞ്ജീവനി പദ്ധതി

228 (2182) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃതസഞ്ജീവനി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും പദ്ധതി തുടങ്ങിയത് എന്നാണെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതി തുടങ്ങിയശേഷം വർഷംതോറും നടത്തിയ അവയവദാനത്തിന്റെ എണ്ണം വെളിപ്പെടുത്തുമോ;

(സി) സാങ്കേതിക കാരണങ്ങൾമൂലം അവയവദാനപ്രക്രിയ സമയ ബന്ധിതമായി നടപ്പിലാവാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ?

### ഉത്തരം

(എ) മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടി 2012-ലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് എന്ന സ്ഥാപനം മുഖേന 'മൃതസഞ്ജീവനി' പദ്ധതി ആരംഭിച്ചത്. സംസ്ഥാനതലത്തിൽ നടക്കുന്ന മരണാനന്തര അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് മൃതസഞ്ജീവനി സംസ്ഥാനതല ഓഫീസിൽ നിന്നുമാണ്.

(ബി) 2012 മുതൽ നാളിതുവരെ മൃതസഞ്ജീവനി വഴി അവയവങ്ങൾ മാറ്റിവച്ചവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | ആകെ |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| Donors | 9 | 36 | 58 | 76 | 72 | 18 | 6 | 275 |
| Heart | 0 | 6 | 6 | 14 | 18 | 5 | 3 | 52 |
| Liver | 4 | 23 | 44 | 62 | 64 | 15 | 6 | 218 |
| Kidney | 18 | 59 | 104 | 132 | 113 | 34 | 10 | 470 |
| Larynx | 0 | 0 | 0 | 1 | 0 | 0 | 0 | 1 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
|---|---|---|---|---|---|---|---|---|
| Pancreas | 0 | 0 | 1 | 2 | 1 | 3 | 1 | 8 |
| Small intestine | 0 | 0 | 1 | 1 | 1 | 0 | 0 | 3 |
| Lungs | 0 | 0 | 0 | 2 | 0 | 1 | 0 | 3 |
| Hand | 0 | 0 | 0 | 4 | 2 | 2 | 2 | 10 |
| Total Major Organs | 22 | 88 | 156 | 218 | 199 | 60 | 22 | 765 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവനം

229 (2183) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.എം. മുഖേന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ നിയോഗിക്കുന്ന ഡോക്ടർമാർ ചുമതല ഏറ്റെടുക്കാതെ വിസമ്മതം അറിയിക്കുന്നതും ലീവ് എടുക്കുന്നതുമായ പ്രവണത നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) എൻ.എച്ച്.എം. മുഖേന നിയമിക്കുന്ന ഡോക്ടർമാർക്ക് ബോണ്ട് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) സർക്കാർ, സ്വകാര്യ മേഖല എന്നീ വ്യത്യാസമില്ലാതെ എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിർബന്ധിത ഗ്രാമീണ സേവനം നിഷ്കർഷിക്കുന്ന തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) എൻ.എച്ച്.എം. മുഖേന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ നിയോഗിച്ചിരിക്കുന്ന ഡോക്ടർമാർ ചുമതല ഏറ്റെടുക്കാതെ വിസമ്മതം അറിയിക്കുന്ന പ്രവണത പൊതുവിൽ കണ്ടുവരാറില്ല. എന്നിരുന്നാലും ചില ജില്ലകളിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണം നടത്തി ഈ പ്രവണത ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) നിലവിൽ പരിഗണനയിലില്ല.

**പിറവം നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ**

230(2184). ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ ചോറ്റാനിക്കര, ഇലഞ്ഞി,മണീട് പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം മിഷൻ പദ്ധതിയിൻ കീഴിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) സാധാരണ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളെന്ന നിലയിൽ പ്രസ്തുത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ പരിഗണിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യപരിചരണവും രോഗചികിത്സയും ഉറപ്പാക്കിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ആർദ്രം പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**കൊല്ലം മണ്ഡലത്തിലെ ആർദ്രം പദ്ധതി**

231(2185) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൻകീഴിൽ കൊല്ലം ജില്ലാ ആശുപത്രിയിലും കൊല്ലം വിക്ടോറിയ ആശുപത്രിയിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലാ ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി.ഡി. ട്രാൻസ്പോർമേഷനുവേണ്ടി (OPD Transformation) 1,26,38,974 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. KSEB തയ്യാറാക്കി സമർപ്പിച്ചത് പരിശോധിച്ചുവരുന്നു.

**മാനന്തവാടി ജില്ലാ ആശുപത്രിയിൽ ആർദ്രം പദ്ധതി**

232 (2186) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാനന്തവാടി ജില്ലാ ആശുപത്രിയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) മാനന്തവാടി ജില്ലാ ആശുപത്രിയിലെ ഒ.പി. സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി ജില്ലാ ആശുപത്രിയെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഇവിടെ ഒരു ജൂനിയർ കൺസൾട്ടന്റ് (പാത്തോളജി), നാല് ലാബ് ടെക്നീഷ്യൻ, രണ്ട് റേഡിയോഗ്രാഫർ, 3 ഡയാലിസിസ് ടെക്നിഷ്യൻ, എക്സ്റേ അറ്റൻഡർ, ഫിസിയോ തെറാപ്പിസ്റ്റ്, സി.എം.ഒ., ഇ.സി.ജി. ടെക്നീഷ്യൻ, മെഡിക്കൽ റെക്കോർഡ് അറ്റൻഡർ എന്നിവയിൽ ഓരോ തസ്തികയും സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. കൂടാതെ ഇവിടെ എൻ.എച്ച്.എം. മുഖേന ഒ.പി. ട്രാൻസ്ഫർമേഷൻ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

(ബി) ഒ.പി. സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർദ്രം പദ്ധതി**

233 (2187) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർദ്രം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര പുതിയ തസ്തികകൾ ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി മലയോര മേഖല വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) ആർദ്രം പദ്ധതിക്ക് നാളിതുവരെ കേന്ദ്രസർക്കാർ എന്ത് ധനസഹായമാണ് നൽകിയിട്ടുള്ളത്; സംസ്ഥാന സർക്കാർ ഇതുവരെ എത്ര രൂപ ചെലവഴിച്ചു; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 1721 വിവിധ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ മലയോര മേഖലയിലെ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ പദ്ധതിയുടെ ഭാഗമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെട്ട ചികിത്സാ സംവിധാനവും ലബോറട്ടറിയും അധിക തസ്തികയും എന്നിവ ഒരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

(സി) ആർദ്രം പദ്ധതി എന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല. ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ "രോഗീ സൗഹൃദ ആശുപത്രികൾ" എന്ന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ 17 ജില്ലാ/ജനറൽ ആശുപത്രികൾക്കായി ഒ.പി. ട്രാൻസ്ഫർമേഷൻ, സിവിൽ മോഡിഫിക്കേഷൻ, ഉപകരണങ്ങൾ വാങ്ങൽ എന്നിവ നടപ്പിലാക്കുന്നതിലേയ്ക്കായി 21,92,18,500 രൂപയും 8 ജില്ലാ/ജനറൽ ആശുപത്രികളുടെ ഒ.പി. കമ്പ്യൂട്ടറൈസേഷനായി 2,82,86,700 രൂപയുമുൾപ്പെടെ ആകെ 24,75,05,200 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു*.) ആർദ്രം പദ്ധതിയുടെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ "രോഗീസൗഹൃദ ആശുപത്രികൾ" എന്ന പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളുടെ നവീകരണത്തിനും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 11,86,66,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

2018-19 സാമ്പത്തിക വർഷവും "രോഗീസൗഹൃദ ആശുപത്രികൾ" എന്ന പദ്ധതിയിൻ കീഴിൽ 14 ജില്ലാ/ജനറൽ ആശുപത്രികളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായുള്ള ഒ.പി. ട്രാൻസ്ഫർമേഷൻ, സിവിൽ മോഡിഫിക്കേഷൻ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 17,50,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*)

**ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടം**

234 (2188) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് ആശുപത്രികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ കണ്ടാണശ്ശേരി പഞ്ചായത്തിൽ മറ്റം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതു സംബന്ധിച്ച ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

(ബി) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യപരിചരണവും രോഗചികിത്സയും ഉറപ്പാക്കിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ ആർദ്രം പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും മറ്റം പ്രാഥമികാരോഗ്യ കേന്ദ്രം ഉൾപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതി

235 (2189) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരം നൽകുമോ;

(ബി) പുതുതായി ഏതെല്ലാം പദ്ധതികളാണ് കോങ്ങാട് മണ്ഡലത്തിൽ ടി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) 2017-18 വർഷത്തിൽ കോങ്ങാട് മണ്ഡലത്തിൽ കല്ലടിക്കോട്, മങ്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നിഷ്യൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ വൈകുന്നേരം 6 മണി വരെ ഒ.പി. രോഗികൾക്കായി പ്രവർത്തിക്കുന്നുണ്ട്.

ടി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണം, സാംക്രമിക രോഗ നിർമ്മാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരോഗ്യസേന രൂപീകരിക്കുകയും വിഷാദ രോഗത്തിനായി 'ആശ്വാസ് ക്ലിനിക്' ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് ചികിത്സിക്കാൻ 'ശ്വാസ് ക്ലിനിക്കുകൾ' എന്നിവ ഒരുക്കിയിട്ടുമുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കോങ്ങാട് നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, കാരാക്കുർശ്ശി, കേരളശ്ശേരി, മണ്ണൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും പറളി സാമൂഹികാരോഗ്യ കേന്ദ്രത്തെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 203 സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുകയും ആയത് നാഷണൽ ഹെൽത്ത് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിൽ കാഞ്ഞിരപ്പുഴ, മണ്ണൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 14 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യത്തിനായി പ്ലാൻ ഫണ്ടിൽ നിന്ന് 7 കോടി രൂപ അനുവദിച്ച് ഇതിന്റെ തുടർപ്രവർത്തനങ്ങൾ KMSCL വഴി നടപ്പിലാക്കിവരുന്നു.

## പാറശ്ശാല മണ്ഡലത്തിൽ ആർദ്രം പദ്ധതി

236 (2190) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്; ആയതിന്റെ നടപടി ക്രമങ്ങൾ ഏതുവരെയായി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകരിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-18 കാലയളവിൽ തെരഞ്ഞെടുത്ത പൂഴനാട് പി.എച്ച്.സി.-യെ എഫ്.എച്ച്.സി.-യായി ഉയർത്തി അടിസ്ഥാന സാഹചര്യങ്ങൾ വികസിപ്പിക്കുകയും ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആസ്ത്മ ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ് ക്ലിനിക്', മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്', എൻ.സി.ഡി. ക്ലിനിക്കുകൾ തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു. ഒ.പി. സമയം 6 മണി വരെ ദീർഘിപ്പിച്ച്, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകിവരുന്നുണ്ട്. 2018-19-ൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അമ്പൂരി, ചെമ്പൂര്, കുന്നത്തുകാൽ, കള്ളിക്കാട്, കൊല്ലയിൽ എന്നീ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും ഇവിടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. വഴി പുരോഗമിച്ചുവരികയുമാണ്.

(സി) 2018-19-ൽ ആർദ്രം പദ്ധതിയുടെ ഭാഗമായി അംഗീകൃത നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിൽ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഈ ആശുപത്രിയിൽ മെറ്റേർണിറ്റി

ബ്ലോക്ക് പൂർത്തീകരിക്കാൻ 165 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ 220 ലക്ഷം രൂപ എൻ.എച്ച്.എം.-ന് കൈമാറിയിട്ടുണ്ട്.

**കോഴിക്കോട് മെഡിക്കൽ കോളേജിൽ ആർദ്രം പദ്ധതി**

237 (2191) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിനുകീഴിലുള്ള മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെയും സൂപ്പർ സ്പെഷ്യാലിറ്റിയിലെയും ഒ.പി. ബ്ലോക്ക് നിർമ്മാണം, ചെസ്റ്റ് ആശുപത്രി, മാതൃശിശു സംരക്ഷണ കേന്ദ്രം സൂപ്പർ സ്പെഷ്യാലിറ്റി എന്നിവിടങ്ങളിലെ വെയിറ്റിംഗ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് (Ladies and Gents) നിലവിലുള്ള ടോയ്‌ലറ്റുകളുടെ നവീകരണം, ഫാർമസി കോളേജ്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവിടങ്ങൾക്കടുത്തായി പാർക്കിംഗ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേയ്ക്കുള്ള റോഡിൽ ഇന്റർലോക്ക് പാകൽ, ഇവിടങ്ങളിലെ ഇലക്ട്രിക്കൽ വർക്ക്, ഒ.പി. ബ്ലോക്കിൽ എ.സി. സ്ഥാപിക്കൽ എന്നിവയും, നിർമ്മാണം തുടങ്ങാനിരിക്കുന്ന NMCH -ലെ ഒ.പി. ബ്ലോക്ക്, വെയിറ്റിംഗ് ഏരിയ എന്നിവയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്നു.

**തിരുവമ്പാടി മണ്ഡലത്തിൽ രണ്ടാം ഘട്ട ആർദ്രം പദ്ധതി**

238 (2192) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി തെരഞ്ഞെടുത്ത തിരുവമ്പാടി മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ഈ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് എന്നുമുതൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി തെരഞ്ഞെടുത്ത തിരുവമ്പാടി മണ്ഡലത്തിലെ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. സാമൂഹികാരോഗ്യ കേന്ദ്രം, കോടഞ്ചേരി
2. പ്രാഥമികാരോഗ്യ കേന്ദ്രം, തിരുവമ്പാടി
3. പ്രാഥമികാരോഗ്യ കേന്ദ്രം, കൂടരഞ്ഞി
4. പ്രാഥമികാരോഗ്യ കേന്ദ്രം, കൊടിയത്തൂർ
5. പ്രാഥമികാരോഗ്യ കേന്ദ്രം, കാരശേരി

ഗ്യാപ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ ഇവയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഗ്യാപ് അനാലിസിസ് നടത്തി ഗവൺമെന്റ് അംഗീകൃത ഏജൻസികൾ വഴി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികളും തുടർപ്രവർത്തനങ്ങളും നടന്നുവരുന്നു. ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. മേൽനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതി**

239 (2193) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ലാബുകളുടെയും എക്സ്റേ വിഭാഗത്തിന്റെയും നവീകരണത്തിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 7-7-2018-ലെ സ.ഉ.നമ്പർ 2196/2018/ആ.കു.വ. പ്രകാരം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മിനിമം സ്റ്റാർഡേർഡ് കൈവരിച്ചിട്ടില്ലാത്ത മേഖലകൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ 90 കോടി രൂപയുടെ പുതിയ കെട്ടിടത്തിന്റെ മാസ്റ്റർ പ്ലാനിന് 4-10-2018-ലെ സ.ഉ.നമ്പർ 3042/2018/ആ.കു.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ആർദ്രം പദ്ധതി പ്രകാരം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഇതിനോടകം സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തികയും ലാബ് ടെക്നീഷ്യന്റെ മൂന്ന് തസ്തികയും ഡെന്റൽ മെക്കാനിക്കിന്റെ ഒരു തസ്തികയും സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

(സി) എക്സ്റേ വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം 5 ലക്ഷം രൂപ ഉപയോഗിച്ച് നവീകരിച്ച് ഇവിടെ 16 ലക്ഷം രൂപയുടെ പുതിയ മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ലാബിലേയ്ക്ക് 18 ലക്ഷം രൂപ വിലവരുന്ന ഡിജിറ്റൽ യൂണിറ്റ് സ്ഥാപിക്കുകയും 14 ലക്ഷം രൂപയുടെ ഹോർമോൺ അനലൈസർ കെ.എം.എസ്.സി.എൽ. മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്.

**ചെറൂപ്പ എം.സി.എച്ച്. യൂണിറ്റ് വികസന പ്രവർത്തനങ്ങൾ**

240 (2194) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളജിന്റെ എക്സ്റ്റെൻഷൻ സെന്ററായ ചെറൂപ്പ എം.സി.എച്ച് യൂണിറ്റിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് 2018-19 ബഡ്ജറ്റ് വാല്യം I പേജ് 358 ക്രമനമ്പർ 6 ആയി തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഇതുപ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചെറുപ്പ എം.സി.എച്ച്. യൂണിറ്റിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി 2018-19 ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം 1 പേജ് 358-ൽ ക്രമനമ്പർ 6 ആയി തുകയൊന്നും വകയിരുത്തിയിട്ടില്ല.

**പുതുതായി മെഡിക്കൽ കോളേജുകൾ**

241 (2195) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന് അനുമതി നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് മെഡിക്കൽ കോളേജിനോടൊപ്പം പുതുതായി ഏതെല്ലാം ജില്ലകളിൽ മെഡിക്കൽ കോളേജ് അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കാസർഗോഡ് മെഡിക്കൽ കോളേജിനോടൊപ്പം പുതുതായി അനുവദിച്ച മെഡിക്കൽ കോളേജുകൾ ഓരോന്നിനും അടങ്കൽ തുക എത്രയാണെന്നും ഇതുവരെ എത്ര തുക അനുവദിച്ചുവെന്നും എപ്പോഴാണ് അനുവദിച്ചതെന്നും ഏത് ഫണ്ടിൽ നിന്നാണനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ച ഓരോ മെഡിക്കൽ കോളേജിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച മെഡിക്കൽ കോളേജുകൾക്ക് ആര് എപ്പോഴാണ് തറക്കല്ലിട്ടതെന്നും നിർമ്മാണ കരാർ ആരെയാണ് ഏൽപ്പിച്ചതെന്നും മെഡിക്കൽ കോളേജുകൾ ഇത് വരെ പ്രവർത്തനക്ഷമമായിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ഓരോ മെഡിക്കൽ കോളേജിലും ബസ്സുകളുടെ എണ്ണമടക്കം എന്തെല്ലാം സൌകര്യങ്ങളും സംവിധാനങ്ങളുമാണുള്ളതെന്നും വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് മെഡിക്കൽ കോളേജടക്കം ഇനിയും പ്രവർത്തനക്ഷമമല്ലാത്ത പുതുതായി അനുവദിച്ച മെഡിക്കൽ കോളേജുകളുടെ പണി പൂർത്തിയാക്കാൻ എത്ര തുക വേണമെന്നും ഈ തുക എപ്പോൾ അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ്, മഞ്ചേരി, ഇടുക്കി, പത്തനംതിട്ട മെഡിക്കൽ

കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള 24-3-2012-ലെ (എം.എസ്.) 98/2012/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. കാസർഗോഡ് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി 2012-ൽ നൽകിയെങ്കിലും ഇപ്പോഴാണ് അക്കാദമിക് ബ്ലോക്കിന്റെ പണികൾ (80%) പൂർത്തീകരിച്ചു വരുന്നത്. കൂടാതെ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 95.08 കോടി രൂപയുടെ ഭരണാനുമതി 8-8-2017-ലെ ജി.ഒ.(ആർ.ടി.) 2224/17/ആ.കു.വ. നൽകുകയും അതിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി & ഡി)

അടങ്കൽ തുക

| | |
|---|---|
| കാസർഗോഡ് മെഡിക്കൽ കോളേജ് | - 28268.93 ലക്ഷം രൂപ |
| ഇടുക്കി മെഡിക്കൽ കോളേജ് | - 22699.69 ലക്ഷം രൂപ |
| മഞ്ചേരി മെഡിക്കൽ കോളേജ് | - 11623.42 ലക്ഷം രൂപ |

പത്തനംതിട്ട മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 167 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട പ്ലാൻ ശീർഷകങ്ങളിലാണ് പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള തുക അനുവദിക്കുന്നത്. പുതിയ മെഡിക്കൽ കോളേജുകൾക്ക് അനുവദിച്ച തുക അനുവദിച്ച തീയതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം (2)*-ൽ നൽകിയിരിക്കുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 8-1-2015-ൽ 25 കോടി രൂപയും കാസർഗോഡ് വികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ 5.23 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ആശുപത്രി സമുച്ചയത്തിനായി 95,08,75,877 രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ആശുപത്രി സമുച്ചയത്തിന്റെ ശിലാസ്ഥാപനം 2018 നവംബർ 25-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. കാസർഗോഡ്, മഞ്ചേരി, ഇടുക്കി എന്നീ മെഡിക്കൽ കോളേജുകളുടെ കരാർ M/s. KITCO Ltd-നെയും പത്തനംതിട്ട മെഡിക്കൽ കോളേജിന്റെ നിർമ്മാണ കരാർ M/s. HLL Life Care Ltd-നെയും ഏൽപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ കാമ്പസ് റോഡിന്റെ പ്രവൃത്തിയും അക്കാദമിക് ബ്ലോക്കിന്റെ 80% പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാമെന്ന ഉറപ്പിന്മേൽ ഈ ബാച്ചുകൾക്ക് അംഗീകാരം ലഭിച്ചു ആരംഭിച്ചുവെങ്കിലും അത് പാലിക്കാത്തതിനെത്തുടർന്ന 2016-ൽതന്നെ അംഗീകാരം നഷ്ടമാകുകയും അവിടെയുണ്ടായിരുന്ന വിദ്യാർത്ഥികളുടെ ഭാവി കണക്കാക്കി അവരെ മറ്റു മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി പഠനസൗകര്യം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എം.സി.ഐ. നിബന്ധനകൾ പാലിക്കുന്നതിനായി ആവശ്യമായ കിടക്കകളുള്ള ആശുപത്രി കെട്ടിടമുൾപ്പെടെ യുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് ഇടുക്കി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലും മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലും ഓരോ ബസ് വീതം നിലവിലുണ്ട്.

(എഫ്) പുതിയ മെഡിക്കൽ കോളേജുകളുടെ തുടർഘട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായി വരുന്ന തുക കണക്കാക്കാൻ കഴിയുന്നതാണ്.

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ താൽക്കാലിക ജീവനക്കാർക്ക് മിനിമം വേതനം

242 (2196) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ പുതിയ ആശുപത്രിയിലും ചെസ്റ്റ് ആശുപത്രിയിലുമായി എച്ച്.ഡി.എസ്. ഉൾപ്പെടെ ഏതെല്ലാം വിഭാഗങ്ങളിൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അത്തരത്തിൽ നിയമനം ലഭിച്ചവരുടെ പേരും വിലാസവും തസ്തികയും ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ നിയമനം ലഭിച്ചവർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള മിനിമം വേതനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് മിനിമം വേതനം നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവ് തൃശ്ശൂർ മെഡിക്കൽ കോളേജിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ആശുപത്രി വികസന സമിതി, നെഞ്ച് രോഗാശുപത്രിയിലെ ആശുപത്രി വികസന സമിതി/വിവിധ സ്കീമുകൾ, RSBY/കാരുണ്യ ആശുപത്രി വികസന സമിതി ന്യായവില മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ താൽക്കാലികമായി നിയമിതരായ ജീവനക്കാരുടെ പേര്, തസ്തിക, വിലാസം എന്നിവ യഥാക്രമം അനുബന്ധം* 1, 2, 3, 4 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ബി&സി) ആശുപത്രി വികസന സമിതിയുടെ വരുമാനത്തിന്റെ 70% ആണ് ശമ്പളത്തിനായി വിനിയോഗിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ എച്ച്.ഡി.എസ്. കമ്മിറ്റി തീരുമാനിക്കുന്നതനുസരിച്ചുള്ള ശമ്പളമാണ് എച്ച്.ഡി.എസ്. വഴി നിയമിതരായ സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകി വരുന്നത്. പി.എസ്.സി. , എംപ്ലോയ്മെന്റ് എന്നീ രീതികളിൽ നിയമിതരായ ജീവനക്കാർക്ക് മിനിമം വേതനം നൽകുന്നുണ്ട്.

### കോഴിക്കോട് മെഡിക്കൽ കോളേജിലെ തകരാറിലായ ലിഫ്റ്റുകൾ

243 (2197) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്ര ലിഫ്റ്റുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ എത്ര ലിഫ്റ്റ് ഓപ്പറേറ്റർമാർ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇവിടെ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ഒഴിവുകളുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇവിടത്തെ ലിഫ്റ്റുകൾ പലതും പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ലിഫ്റ്റുകൾ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) പത്ത്.

(സി) ഒഴിവുകളില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കേടായ ലിഫ്റ്റുകൾ റിപ്പയർ ചെയ്യുന്നതിനായി PWD Electrical വിഭാഗത്തെ അറിയിക്കുകയും ഇതിനെത്തുടർന്ന് കമ്പനി ടെക്നീഷ്യൻ എത്തി കേടായ ഭാഗങ്ങൾ റിപ്പയറിംഗിനായി കൊണ്ടുപോവുകയും ചെയ്തിട്ടുണ്ട്. പുതുതായി 4 ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ**

244 (2198) <u>ശ്രീ. പുരുഷൻ കടലുണ്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇവിടെ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഇതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് കൂട്ടതലായി ഉണ്ടാവേണ്ടത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി 11 കോടി രൂപ അനുവദിച്ചു. ഇതിൽ 5.93 കോടി രൂപയുടെ യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ട്.
2. ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി 1.04 കോടി രൂപ അനുവദിച്ചു.
3. മാതൃശിശു സംരക്ഷണ കേന്ദ്രത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 1.75 കോടി രൂപ അനുവദിച്ചു.
4. ഡയാലിസിസ് കിറ്റ് സൗജന്യമായി ലഭ്യമാക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചു.

5. PMSSY പദ്ധതിയുടെ കീഴിൽ MRI മെഷീൻ, സി.റ്റി. സ്കാൻ എന്നിവ വാങ്ങുന്നതിനായി സംസ്ഥാന വിഹിതമായി 10 കോടി രൂപ അനുവദിച്ചു.

6. ത്രിതീയ ക്യാൻസർ കെയർ സെന്ററിനായി ലീനിയർ ആക്സിലറേറ്റർ മെഷീൻ വാങ്ങുന്നതിനായി 11.13 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചു.

7. പുതിയ പി. ജി. കോഴ്സുകൾ തുടങ്ങുന്നതിനും നിലവിലുള്ള പി.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സംസ്ഥാന വിഹിതമായി 2.67 കോടി രൂപ അനുവദിച്ചു.

8. വൈറൽ റിസർച്ച് ഡയഗ്നോസ്റ്റിക് ലബോറട്ടറി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിഹിതമായി 2.19 കോടി രൂപ അനുവദിച്ചു.

9. മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ് സ്ഥാപിക്കുന്നതിനായി സംസ്ഥാന വിഹിതമായി 2 കോടി രൂപ അനുവദിച്ചു.

10. പുതിയ ഡ്രഗ്സ് സ്റ്റോർ നിർമ്മിക്കുന്നതിനായി 4 കോടി രൂപ അനുവദിച്ചു.

11. പഴക്കം ചെന്ന ആശുപത്രി കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 2017-18-ൽ 4.50 കോടി രൂപയും 2018-19-ൽ 5.50 കോടി രൂപയും അനുവദിച്ചു.

12. രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി 2017-18-ൽ 2 കോടി രൂപയും 2018-19-ൽ 2 കോടി രൂപയും അനുവദിച്ചു.

13. ട്രോമ കെയർ ഫെസിലിറ്റിക്കായി 2017-18 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി 3.36 കോടി രൂപ അനുവദിച്ചു.

14. ബേൺസ് യൂണിറ്റിനായി 2017-18-ൽ സംസ്ഥാന വിഹിതമായി 83 ലക്ഷം രൂപ അനുവദിച്ചു.

15. 2018-19 സാമ്പത്തിക വർഷത്തിൽ മോളിക്കുലർ ലാബിന്റെ പ്രവർത്തനങ്ങൾക്കായി 1.20 കോടി രൂപയും സ്ട്രോക്ക് യൂണിറ്റ് നിർമ്മാണത്തിനായി 5 കോടി രൂപയും ലിക്വിഡ് ഓക്സിജൻ വാങ്ങുന്നതിനായി 75 ലക്ഷം രൂപയും വികലാംഗരായ രോഗികൾക്കാവശ്യമായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി 2 കോടി രൂപയും അഗ്നിസുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 2.5 കോടി രൂപയും ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 1.5 കോടി രൂപയും അനുവദിച്ചു.

ആശുപത്രി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 6 കോടി രൂപ ചെലവിൽ അത്യാധുനിക 128 സ്ലൈസ് കാർഡിയാക് സി.ടി. സ്കാൻ, ഇ.എൻ.ടി., ന്യൂറോ സർജറി, അനസ്തേഷ്യാ, ഒ.റ്റി. എന്നീ ഡിപ്പാർട്ട്മെന്റുകളിലേയ്ക്ക് 40 ലക്ഷം രൂപ ചെലവിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, 8 ലക്ഷം രൂപ മുടക്കി ഇ.എൻ.ടി. വിഭാഗത്തിലേയ്ക്ക് കോബ്ളേഷൻ യൂണിറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

2. സൂപ്പർ സ്പെഷ്യാലിറ്റിയിലെ കാർഡിയോളജി വിഭാഗത്തിൽ രണ്ടാമത്തെ കാത്ത് ലാബ് 5.50 കോടി രൂപ മുടക്കി സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു.

3. അത്യാഹിത വിഭാഗത്തിൽ 17 ലക്ഷം രൂപ മുടക്കി എയർ കണ്ടീഷനുകളും കാഷ്വാലിറ്റി എമർജൻസി ഓപ്പറേഷൻ തീയേറ്ററിലേയ്ക്ക് 13,84,152 രൂപ ചെലവഴിച്ച് 2 അനസ്തേഷ്യാ മെഷീനും Cardio Vascular Thoracic Surgery Unit-ലേയ്ക്ക് 14,60,000 രൂപ മുടക്കി ആവശ്യമായ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

4. ന്യൂറോ സർജറി വിഭാഗത്തിൽ 10 ലക്ഷം രൂപ മുടക്കി C-ARM, 5 ലക്ഷം രൂപ മുടക്കി skull clamp, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 8 ലക്ഷം രൂപ മുടക്കി പവർ ലോണ്ടറിയും സ്ഥാപിച്ചു.

5. മൈക്രോബയോളജി വിഭാഗത്തിൽ 15 ലക്ഷം രൂപ മുടക്കി ഓട്ടോമേറ്റഡ് കൾച്ചർ സിസ്റ്റവും റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 13 ലക്ഷം രൂപ ചെലവിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷനും സ്ഥാപിച്ചു.

6. റേഡിയോ തെറാപ്പി വിഭാഗത്തിൽ 36 ലക്ഷം രൂപയോളം ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങി. 2.50 കോടിയോളം രൂപ ചെലവഴിച്ച് ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനായി മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന് കീഴിൽ ഹെപ്പറ്റോളജി യൂണിറ്റ് സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജിയും ഇരട്ട ഓപ്പറേഷൻ തീയേറ്ററും, പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു. അടക്കമുള്ള സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. ഇതിനാവശ്യമായ ശിപാർശ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ്

245 (2199) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണസജ്ജമാക്കാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചുയെന്നും ഇനി അവശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) എല്ലാ സൗകര്യങ്ങളുമൊരുക്കി കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണമായി ആരംഭിക്കാൻ ഉടൻ കഴിയുമോ എന്നും തടസ്സങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുകയും ചെയ്യാമോ?

ഉത്തരം

(എ) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി&സി) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ കാത്ത് ലാബിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കാർഡിയോളജി വിഭാഗത്തിലേയ്ക്ക് ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഇക്കാര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കാർഡിയോളജി വിഭാഗം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാവുന്നതാണ്.

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി

246 (2200) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ നടത്തിപ്പിനുവേണ്ട സാമ്പത്തികവും സ്ഥലസൗകര്യവും ലഭ്യമാക്കുവാൻ സന്നദ്ധരായ സർക്കാർ ആശുപത്രി അധികൃതരോ, ആ സ്ഥലത്തെ ജനപ്രതിനിധിയോ ആവശ്യപ്പെടുന്ന മുറയ്ക്കാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പതിനെട്ട്.

(സി) മാനദണ്ഡം അനുസരിച്ചുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**പി.എച്ച്.സി.-കളിൽ നേത്ര പരിശോധനാ സംവിധാനം**

247 (2201) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും നേത്ര പരിശോധനാ സംവിധാനം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഒപ്റ്റോമെടിസ്റ്റുകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഒപ്റ്റോമെടിസ്റ്റ് തസ്തിക നിലവിലുണ്ട്. നിശ്ചിത ദിവസങ്ങളിൽ കാഴ്ച പരിശോധന, ഗ്ലോക്കോമ പരിശോധന, തിമിര നിർണ്ണയം എന്നീ സേവനങ്ങൾ നൽകി വരുന്നു. കൂടാതെ ഒപ്റ്റോമെടിസ്റ്റ് തസ്തിക നിലവിലില്ലാത്തതും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും

കീഴിൽ പ്രവർത്തിക്കുന്നതുമായ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും മേൽവിവരിച്ച സേവനം നൽകി വരുന്നുണ്ട്. ഇതിനുപുറമെ ജില്ലയിലെ സഞ്ചരിക്കുന്ന നേത്രവിഭാഗത്തിന്റെ നേതൃത്വത്തിൽ നിശ്ചിത ദിവസങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഡയബറ്റിക് റെറ്റിനോപ്പതി ഉൾപ്പെടെയുള്ള നേത്ര സംബന്ധമായ പരിശോധനകൾ നടത്തി വരുന്നു. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾ, വയോജനങ്ങൾ എന്നിവർക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇവ കേന്ദ്രീകരിച്ച് സൗജന്യ കണ്ണട വിതരണ സംവിധാനവും നിലവിൽ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാകുന്ന മുറയ്ക്ക് ഡയബറ്റിക് റെറ്റിനോപ്പതി ഉൾപ്പെടെയുള്ള ചികിത്സാ സംവിധാനം നടപ്പിലാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 7 ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയിൽ ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ആയതിനാൽ പ്രസ്തുത തസ്തികകളിൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോന്നി താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം

248 (2202) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിലേയ്ക്ക് നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ഓഫീസുകളിൽ നിന്നും എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആയതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത തടസ്സം പരിഹരിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) കോന്നി താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണത്തിന്റെ ഒന്നാം ഘട്ടമായി ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

രണ്ടാംഘട്ട നിർമ്മാണത്തിന് 7,50,00,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പി.ഡബ്ല്യു.ഡി. മുഖേന ജില്ലാ കളക്ടർമാർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ആനക്കയം പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം**

249 (2204) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ആനക്കയം പി.എച്ച്.സി.-യിലെ ഒഴിവുകൾ നികത്തണമെന്നും ഒരു പി.എച്ച്.സി. കൂടി അനുവദിക്കണമെന്നുമുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 23 വാർഡുകളും രണ്ട് വില്ലേജുകളും അറുപതിനായിരത്തിലധികം ജനസംഖ്യയുമുള്ള ആനക്കയം പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം കൂടി അനുവദിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് 18-9-2018-ന് എം.എൽ.എ. നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ-സി) ഒഴിവുകൾ നികത്തിയിട്ടുണ്ട്. ആനക്കയം പഞ്ചായത്തിലെ പെരിയമ്പലത്ത് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ഉബൈദുള്ള എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുമുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടർ 19-11-2018-ൽ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചുവരുന്നു.

**കൂടലിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടനിർമ്മാണം**

250 (2205) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കൂടലിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടനിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ഇനി എന്തെല്ലാം നടപടികൾ ഏതെല്ലാം ഓഫീസുകളിൽ നിന്നും പൂർത്തീകരിക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആയതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-ഡി) കൂടലിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കൈമാറികിട്ടാത്ത സാഹചര്യത്തിലും, നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റാൻ അനുമതി ലഭിക്കാത്ത സാഹചര്യത്തിലും വള്ളിക്കോട്, റാന്നി, കോന്നി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൊന്നിൽ ലഭ്യമായ സ്ഥലത്ത് ആശുപത്രി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ആറന്മുള നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

251 (2206) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആറൻമുള നിയോജകമണ്ഡലത്തിൽ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തീരുമാനിച്ചിരുന്നു; അവ ഏതെല്ലാം ; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയെന്ന് വിശദമാക്കാമോ;

(സി) പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ (കോഴഞ്ചേരിയിൽ) ഈ സർക്കാർ വന്നതിനുശേഷം വിവിധ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക എത്രയാണ്; അറിയിക്കുമോ;

(ഡി) പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ 8 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഓതറ പ്രാഥമികാരോഗ്യ കേന്ദ്രം.
2. ചെന്നീർക്കര പ്രാഥമികാരോഗ്യ കേന്ദ്രം.
3. ഓമല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം.
4. കടമ്മനിട്ട പ്രാഥമികാരോഗ്യ കേന്ദ്രം.
5. മെഴുവേലി പ്രാഥമികാരോഗ്യ കേന്ദ്രം.
6. കുളനട പ്രാഥമികാരോഗ്യ കേന്ദ്രം.
7. കോയിപ്രം പ്രാഥമികാരോഗ്യ കേന്ദ്രം.
8. വല്ലന സാമൂഹികാരോഗ്യ കേന്ദ്രം.

(ബി) 2017-18-ൽ പ്രഖ്യാപിച്ച ഓതറ, ചെന്നീർക്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ 2016-17-ൽ 12,00,454 രൂപയും 2017-18-ൽ 19,28,000 രൂപയും 2018-19-ൽ 18,69,874 രൂപയുമാണ് വിവിധ വികസനങ്ങൾക്കായി അനുവദിച്ചിട്ടുള്ളത്.

(ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

## തുറവൂർ താലൂക്കാശുപത്രിയിൽ ട്രോമാകെയർ സംവിധാനം

252 (2207) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ ആലപ്പുഴ മെഡിക്കൽ കോളേജിന് അടുത്തുള്ള പ്രധാന ആശുപത്രി എന്ന നിലയിൽ തുറവൂർ താലൂക്കാശുപത്രിയിൽ ഓരോ ദിവസവും വരുന്ന ആക്സിഡന്റ് കേസ്സുകളുടെ എണ്ണം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) NABARD, National Ayush Mission, Asset Development Fund എന്നിവ മുഖേനയും KIIFB മുഖേനയും സാധ്യമായ വികസനം നല്ല നിലയിൽ നടന്നു വരുന്ന ഈ ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുവാൻ ബഹു. ആരോഗ്യമന്ത്രി പ്രഖ്യാപിച്ചത് പ്രകാരമുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) എത്രയും വേഗം തുറവൂർ താലൂക്കാശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി&സി) ട്രോമാകെയർ സംവിധാനമുൾപ്പെടെയുള്ള തുറവൂർ താലൂക്കാശുപത്രിയുടെ സമഗ്ര വികസന പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ special purpose vehicle ആക്കിക്കൊണ്ട് 51.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഡയാലിസിസ് കേന്ദ്രങ്ങൾ

253 (2208) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെ ഡയാലിസിസ് കേന്ദ്രങ്ങളിൽ ഓരോ സ്ഥലത്തും എത്ര ഡയാലിസിസ് മെഷീൻ വീതമാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് ജില്ല തിരിച്ച് വിശദീകരിക്കാമോ ;

(ബി) ഏറ്റവും കൂടുതൽ ഡയാലിസിസ് മെഷീനുകൾ സ്ഥാപിച്ചിരിക്കുന്ന ആശുപത്രികൾ ഏതെല്ലാമാണ്; ഇവിടെ എത്രപേർക്ക് ഒരു ദിവസം ഡയാലിസിസ് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഒറ്റപ്പാലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലാണ് ഏറ്റവും കൂടുതൽ ഡയാലിസിസ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇവിടെ രണ്ട് ഷിഫ്റ്റായി ആകെ 38 രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

254 (2209) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻസ്‌പെക്ടർ തസ്തിക നിലവിലില്ലാത്ത കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലും പി.എച്ച്.സി.-കളിലും തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിലെ ഹെൽത്ത് സർവ്വീസിൽ നിലവിലുള്ള ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് II-ന്റെ എല്ലാ ഒഴിവുകളും നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇ.ജി. 4-41950/2016/ആ.വ.ഡ. ഉത്തരവ് പ്രകാരം 29-09-2018, 13-11-2018 തീയതികളിൽ യഥാക്രമം 208, 75 ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകളിലെ ഒഴിവുകൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി നികത്തിയിട്ടുണ്ട്. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റാന്നി താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ

255 (2210) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ആശുപത്രിയിൽ എന്നാണ് ഡയാലിസിസ് സെന്റർ അനുവദിച്ചത്; അനുവദിച്ച ഡയാലിസിസ് മെഷീനുകളുടെ എണ്ണവും അവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിനുള്ള കാരണവും വ്യക്തമാക്കുമോ; പ്രസ്തുത സെന്ററിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളും അനുബന്ധ ജീവനക്കാരെയും ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കിഫ്ബി പദ്ധതി പ്രകാരം 44 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ റാന്നി താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഈ ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കി ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ സർക്കാർ നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതിയിൽ റാന്നി താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തി മിനിമം സ്റ്റാൻഡേർഡ് കൈവരിച്ചിട്ടില്ലാത്ത മേഖലകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചു വരുന്നു.

**ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

256 (2211) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സാ സംവിധാനമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവ് പരിഹരിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത ആരോഗ്യകേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ എന്തെല്ലാം മാറ്റങ്ങളുണ്ടാകുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ- സി) ആർദ്രം പദ്ധതിയുടെ ഭാഗമായി വിവിധ ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി തെരഞ്ഞെടുത്ത് ഇവിടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകയാൽ ഈ ഘട്ടത്തിൽ ഇവിടെ കിടത്തി ചികിത്സ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

നിലവിൽ ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ 5-ഉം നഴ്സുമാരുടെ 2-ഉം അനുവദനീയ തസ്തികകളാണുള്ളത്. ഈ തസ്തികകളിലെല്ലാം തന്നെ ഡോക്ടർമാരെയും നഴ്സുമാരെയും വിന്യസിച്ചിട്ടുണ്ട്. ഇതുകൂടാതെ പഞ്ചായത്തു മുഖേന ഒരു ഡോക്ടറെ കൂടി നിയമിച്ച് ടി ആശുപത്രിയിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ മെച്ചപ്പെട്ട സേവനം നൽകിവരുന്നു.

ആർദ്രം പദ്ധതിയിലുൾപ്പെടുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ് സിസ്റ്റം, പബ്ലിക് അഡ്രസിംസ് സിസ്റ്റം, ഇരിപ്പിടം, ടോയ്‌ലെറ്റ്, ഡോക്ടർമാരുടെ സേവനം, നഴ്സിംഗ് പ്രീചെക്ക് കൗൺസിലിംഗ് 6 മണി വരെയുള്ള ഒ.പി. സൗകര്യങ്ങൾ, ലബോറട്ടറി തുടങ്ങിയവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**താനൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തൽ**

257 (2212) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികളുടെ ബാഹുല്യവും മത്സ്യത്തൊഴിലാളി മേഖലയായ താനൂരിന്റെ പ്രത്യേകതയും കണക്കിലെടുത്ത് താനൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുന്നകാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ താനൂർ സി.എച്ച്.സി.-യിൽ ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെ കൂടുതൽ സൗകര്യങ്ങളും സി.എച്ച്.സി.-ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പദവി ഉയർത്തുക എന്നതല്ല മറിച്ച് സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി തെരഞ്ഞെടുത്ത് പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗചികിത്സയും ഉറപ്പാക്കുക മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും താനൂർ സി.എച്ച്.സി. ഉൾപ്പെട്ടിട്ടില്ല.

തിരൂർ താലൂക്കിലെ താനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 5 ഡോക്ടർമാരുടെ സേവനം നിലവിലുണ്ട്. ടി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ 13 കിലോമീറ്റർ ചുറ്റളവിൽ തിരൂർ ജില്ലാ ആശുപത്രിയും 15 കിലോമീറ്റർ ചുറ്റളവിൽ തിരൂരങ്ങാടി താലൂക്കാശുപത്രിയും 16 കിലോമീറ്റർ ചുറ്റളവിൽ ബ്ലോക്ക് തല സ്ഥാപനമായ വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രവും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി സ്ഥിതി ചെയ്യുന്നു.

## സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണം

258 (2213) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മങ്കട, പുഴക്കാട്ടിരി എന്നീ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ, 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനായി മലപ്പുറം ജില്ലാ ആരോഗ്യ മെഡിക്കൽ ഓഫീസർ നല്കിയ ശിപാർശയിൻമേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് , കെട്ടിട നവീകരണം അടക്കമുള്ളവയ്ക്ക് തുക അനുവദിക്കുമോ?

ഉത്തരം

(എ) ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) 2018-19 ബഡ്ജറ്റിൽ മങ്കട സി.എച്ച്.സി. യിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണ പ്രവൃത്തിക്കാണ് ക്രമ നമ്പർ 6266 ആയി പരാമർശിച്ചിട്ടുള്ളത്. ആയത് ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കോങ്ങാട് സി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യ വികസനം

259 (2214) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് സി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

ഇവിടെ രോഗികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ഇരിപ്പിടവും വയോജനങ്ങൾക്ക് പ്രത്യേക ഇരിപ്പിടവും ഒ.പി. സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. മാതൃ-ശിശു സംരക്ഷണ പരിപാടിയുടെ ഭാഗമായി ബ്രെസ്റ്റ് ഫീഡിംഗ് കോർണർ സൗകര്യമൊരുക്കിയിട്ടുണ്ട്. ആശുപത്രിയുടെ വിവിധ ഭാഗങ്ങളിൽ രോഗികൾക്ക് ശുദ്ധമായ കുടിവെള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജീവിതശൈലീരോഗങ്ങളുടെ ക്ലിനിക് എല്ലാ ആഴ്ചയിലും നടത്തിവരുന്നു.

ഫൈലേറിയ-ലിംഫെഡിമ രോഗികൾക്ക് മാസത്തിലെ രണ്ടാമത്തെ ചൊവ്വാഴ്ച 'സഹിത' ക്ലിനിക് നടത്തി പരിചരണം നൽകി വരുന്നു. ഓപ്പറേഷൻ തീയേറ്റർ, സി.എച്ച്.സി.-യുടെ പരിമിതികളുള്ളിൽ നിന്ന് ചെയ്യാവുന്ന കാര്യങ്ങൾക്ക് സുസ്സജ്ജമാക്കിയിട്ടുണ്ട്. എക്സ്റേ സൗകര്യം ലഭ്യമാക്കുന്നതിനുള്ള കെട്ടിടനിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. മാസത്തിലെ എല്ലാ മൂന്നാമത്തെ വ്യാഴാഴ്ചയും മാനസികാരോഗ്യ ക്ലിനിക് നടത്തി വരുന്നു. ഫിസിയോതെറാപ്പി ചെയ്യുന്നതിനായി ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനത്തോടെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പാലിയേറ്റീവ് രോഗികൾക്കും വയോജനങ്ങൾക്കും പ്രത്യേക ഒ.പി. സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിലുള്ള 9 പഞ്ചായത്തുകളിലെയും കൗമാരപ്രായക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് നടത്തുന്നതിനായി അഡോളസൻസ് ഹെൽത്ത് കൗൺസിലറെ നിയമിച്ചിട്ടുണ്ട്.

## മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി

260 (2215) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയലിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം നൽകുമോ;

(സി) ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാനും നിലവിലുള്ള ഒഴിവുകൾ നികത്തുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെ ഉൾപ്പെടുത്തി ഇവിടെ രണ്ട് സ്റ്റാഫ് നഴ്സിന്റേയും ഒരു ദന്തൽ മെക്കാനിക്കിന്റെയും തസ്തിക സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

(ബി & സി) ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ | - | 1 |
| സൂപ്രണ്ട് | - | 1 |
| സ്റ്റാഫ് നഴ്സ് | - | 2 |
| റേഡിയോഗ്രാഫർ | - | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 2 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | - | 2 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II | - | 9 |

നഴ്സിംഗ് അസിസ്റ്റന്റിന്റെ രണ്ട് ഒഴിവുകളുള്ളതിൽ ഒരെണ്ണം സ്ഥലംമാറ്റം മുഖേനയും ഒരെണ്ണം സ്ഥാനക്കയറ്റം മുഖേനയും നികത്തിയിട്ടുണ്ട്. റേഡിയോഗ്രാഫറുടെ ഒഴിവ് യഥാസമയം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മറ്റു തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

261 (2216) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പള്ളി പഞ്ചായത്തിലെ കിഴക്കൻമേഖലയായ മലക്കപ്പാറയിലെ, ആദിവാസി-തോട്ടം മേഖലയിലെ ജനങ്ങൾ 60 കി.മീ. ദൂരം സഞ്ചരിച്ച് വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എത്തിച്ചേർന്നാണ് പ്രാഥമിക ചികിത്സ തേടുന്നതെന്നും ഇവർക്ക് കിടത്തി ചികിത്സ ലഭിക്കണമെങ്കിൽ 100 കി.മീ. ദൂരത്തുള്ള ചാലക്കുടി ടൗണിൽ എത്തേണ്ടതുണ്ട് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ള വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തി ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അനുവദിക്കുന്നതിന് ആവശ്യമായ ഇടപെടലുകളും നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എൻ.എച്ച്.എം. മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രോപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ചിറ്റാർ ആശുപത്രി കെട്ടിട നിർമ്മാണം**

262 (2217) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ ചിറ്റാർ ആശുപത്രി കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനെ സംബന്ധിച്ചുള്ള ഫയൽ ഏതെങ്കിലും ഓഫീസിൽ തീർപ്പാക്കാതെയുണ്ടോ; പ്രസ്തുത തടസ്സം മാറ്റി കിട്ടുന്നതിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ കെട്ടിടം പണിയുന്നതിനായി മരങ്ങൾ മുറിച്ച് സ്ഥലം ഒഴിച്ച് 25-1-2018 -ൽ സൈറ്റ് പി.ഡബ്ല്യൂ.ഡി. റാന്നിക്ക് കൈമാറിയിട്ടുണ്ട്. നിലവിലുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകരിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

**ചാലക്കുടി താലൂക്കാശുപത്രിയുടെ നവീകരണം**

263 (2218) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വലിയ നാശനഷ്ടങ്ങളുണ്ടായ ചാലക്കുടി താലൂക്കാശുപത്രിയുടെ അടിയന്തര നവീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയുടെ പുനർനിർമ്മാണവും നവീകരണ പ്രവർത്തനങ്ങൾക്കുംവേണ്ടി 1.26 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തനം നടന്നുവരുന്നു. ഇതുവരെ 75% പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2018 ഡിസംബർ അവസാനത്തോടുകൂടി പണികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക സ്റ്റേറ്റ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സൊസൈറ്റി നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ KEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ഇതുസംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു.

## കുമാരപുരം, തിരുവാണിയൂർ പി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യങ്ങൾ

264 (2219) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരപുരം, തിരുവാണിയൂർ പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ ശേഷം എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു; വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെയും ഡോക്ടർമാരുടെയും എണ്ണം എത്രമാത്രം വർദ്ധിപ്പിച്ചു; വെളിപ്പെടുത്തുമോ;

(സി) ഒ.പി. സമയം നീട്ടിയിട്ടുണ്ടോ എങ്കിൽ എത്ര സമയം വരെ; വിശദവിവരം നല്കുമോ;

(ഡി) ഈ അടിസ്ഥാന സൗകര്യങ്ങൾ എന്നേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുമാരപുരം, തിരുവാണിയൂർ എന്നീ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, കാത്തിരിപ്പുമുറികൾ, രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ-ചെക്കപ്പും കൗൺസിലിംഗ് സംവിധാനം, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി, ശ്വാസ്, ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ ലഭ്യമാക്കുക എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(സി&ഡി) തിരുവാണിയൂർ, കുമാരപുരം എന്നീ പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തന സജ്ജമാകുമ്പോൾ ഈ സ്ഥാപനങ്ങളുടെ ഒ.പി. പ്രവർത്തനസമയം വൈകീട്ട് 6 മണിവരെയായി ദീർഘിപ്പിക്കുന്നതാണ്. ഈ ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ 2019 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കോഴിക്കോട് ഗവൺമെന്റ് ജനറൽ ബീച്ച് ആശുപത്രി**

265 (2220) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവണ്മെന്റ് ജനറൽ ബീച്ച് ആശുപത്രിയിൽ ഡയാലിസിസിന് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും സർക്കാർ സപ്ലൈ ചെയ്യുന്നുണ്ടെങ്കിലും അവ യഥാക്രമവും യഥാസമയവും ലഭ്യമാകാത്തതുകാരണം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഉപകരണങ്ങളും മരുന്നുകളും സമയബന്ധിതമായി ഈ ആശുപത്രിയിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഡയാലിസിസിന് ആവശ്യമായ ERYTHROPOETIN Injection, HEPARIN Injection, Sodium Chloride Injection എന്നിവ കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്തു വരുന്നു. ഈ മരുന്നുകൾ കോഴിക്കോട് ജനറൽ ബീച്ച് ആശുപത്രിയിൽ ലഭ്യമാണ്. കൂടാതെ ഡയാലിസിസിന് ആവശ്യമായിവരുന്ന സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട മരുന്നുകൾ എച്ച്.ഡി.എസ്. ഫണ്ട്, ആർ.എസ്.ബി.വൈ. ഫണ്ട് എന്നിവ വിനിയോഗിച്ച് ആശുപത്രി തലത്തിൽ തന്നെ വാങ്ങി രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിച്ചുവരുന്നു.

**ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി**

266 (2221) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗ ആശുപത്രിയുടെ ജീർണ്ണവസ്ഥയിൽ ചിതറി കിടക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന മുഴുവൻ വിഭാഗങ്ങളും ഒരു കെട്ടിട സമുച്ചയത്തിൻ കീഴിൽ ആക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) 100 ഏക്കറിലധികം വരുന്ന ബാക്കി സ്ഥലത്ത് ആരോഗ്യമേഖലയിൽ ഒരു പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഗാന്ധിഗ്രാം ത്വക്ക് രോഗ ആശുപത്രിയിൽ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിട സമുച്ചയ നിർമ്മാണം നബാർഡിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ച 43 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

(ബി) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗ ആശുപത്രി വികസനത്തിന്റെ ഭാഗമായി ആശുപത്രി കോമ്പൗണ്ടിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് / മെഡിസിറ്റി സ്ഥാപിക്കുന്നതിന് INKEL-നെ നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

## മലയിൻകീഴ് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം

267 (2222) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയിൻകീഴ് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മലയിൻകീഴ് താലൂക്ക് ആശുപത്രി (കാട്ടാക്കട)യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

## ഇരിമ്പിളിയം ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം

268 (2223) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം(കോട്ടക്കൽ) പഞ്ചായത്തിലെ ഇരിമ്പിളിയം ആയുർവേദ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ (ആയുർവേദം) പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ അനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികളുടെ കൂട്ടത്തിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രം

269 (2224) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 4-11-2010-ലെ സ.ഉ.(കൈ) നമ്പർ 660/2010/ ആ.കു.വ. ഉത്തരവ് പ്രകാരം സാമൂഹികാരോഗ്യകേന്ദ്രം കുഴൽമന്ദം ഉൾപ്പെടെ 6 ട്രോമാകെയർ സെന്ററുകൾക്ക് സിവിൽ വർക്കിന് റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് 47 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസി ഏതെന്ന് വ്യക്തമാകാത്തതിനാൽ പിന്നീട് റോഡ് സേഫ്റ്റി അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ടി തുക റോഡ് സേഫ്റ്റി അതോറിറ്റിയിലേയ്ക്ക് തിരിച്ചടയ്ക്കുകയുണ്ടായി. കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രത്തിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പ്, ബിൽഡിംഗ് പ്ലാൻ, എസ്റ്റിമേറ്റ് റിപ്പോർട്ട്, റഫ് കോസ്റ്റ് എസ്റ്റിമേറ്റ് എന്നിവ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയൂ.

## തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ

270 (2225) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ താലൂക്ക് ആശുപത്രികളായ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി, പള്ളുരുത്തി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേക്ക് ഈ ഒഴിവുകൾ നികത്തുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ ഒഫ്ത്താൽമോളജി വിഭാഗം കൺസൽട്ടിന്റിന്റെയും ഹെഡ് നഴ്സിന്റെയും ഓരോ ഒഴിവുകളും പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2-ന്റെ ഒരു ഒഴിവും നിലവിലുണ്ട്.

(ബി&സി) ഒഫ്ത്താൽമോളജി വിഭാഗം കൺസൽട്ടന്റ് തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റം മുഖേനയും, നഴ്സുമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖേനയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അരൂക്കുറ്റി സി.എച്ച്.സി.-യിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം

271 (2226) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിൽ കുറഞ്ഞത് ഒരു സി.എച്ച്.സി-യെ എങ്കിലും സി.എച്ച്.സി.-യുടെ തത്തുല്യമായ സ്റ്റാഫ് സ്ട്രെംഗ്തിലും സൗകര്യങ്ങളിലും ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ;

(ബി) കിടത്തി ചികിത്സ ദീർഘനാളായി ഉണ്ടായിട്ടും 24 മണിക്കൂർ ഡോക്ടർ സേവനം ലഭിക്കുന്ന ആശുപത്രിയായി ഉയർത്തിയിട്ടില്ല എന്നത് പരിഗണിച്ച് അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി സി.എച്ച്.സി.-യെ 24 മണിക്കൂർ സേവനം ലഭ്യമാക്കുന്ന ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിലെ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനു ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ ബ്ലോക്ക് സാമൂഹികാരോഗ്യ കേന്ദ്രമായ അരൂക്കുറ്റി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 28 കിടക്കകളും 4 ഡോക്ടർമാരും ഒരു ദന്തൽ സർജനും അടക്കം 35 ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടി ജീവനക്കാരുടെ സേവനം ഉപയോഗിച്ച് കിടത്തിചികിത്സാസൗകര്യമുൾപ്പെടെയുള്ള സേവനം ലഭ്യമാക്കിവരുന്നു. കാൾ ഡ്യൂട്ടി മുഖാന്തരം 24 മണിക്കൂറും ചികിത്സാ സൗകര്യവും ലഭ്യമാക്കുന്നുണ്ട്.

## എച്ച്.എം.സി/എച്ച്.ഡി.എസ്. മുഖേന സേവനമനുഷ്ഠിക്കുന്ന നഴ്സുമാരുടെ ശമ്പളം

272 (2227) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ എച്ച്.എം.സി./ എച്ച്.ഡി.എസ്. മുഖേന സേവനമനുഷ്ഠിക്കുന്ന നഴ്സുമാരുടെ നിലവിലെ ശമ്പളം എത്രയാണ്;

(ബി) സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള മിനിമം വേതനം ഇവർക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ മിനിമം വേതനം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ ശമ്പളം എൻ.എച്ച്.എം. നഴ്സുമാർക്ക് നൽകുന്ന തുകയ്ക്ക് സമാനമായി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശുപത്രികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും സ്വയം സേവനം നടത്തുക, സാമ്പത്തിക സഹായം ചെയ്യുക എന്നിവ ലക്ഷ്യം വച്ചുകൊണ്ടാണ് HMC/HDS രൂപീകരിച്ചിട്ടുള്ളത്. ഇവ ഒരു സ്വയംഭരണ സ്ഥാപനത്തിന്റെ രീതിയിലാണ് പ്രവർത്തനം നടത്തിവരുന്നത്. ഇതിന് സർക്കാർ ഗ്രാന്റ്/ സഹായം ലഭ്യമല്ല. ഇതുകൊണ്ട് ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഒരു മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. ഓരോ HMC/HDS-യും അവരുടെ രീതിയിലാണ് പ്രവർത്തനം നടത്തി ഫണ്ട് ശേഖരണം നടത്തുന്നത്. ആയതിനാൽ തന്നെ അവർക്ക് ലഭ്യമാകുന്ന തുകയ്ക്ക് ആനുപാതികമായിട്ടാണ് അവർ ദിവസക്കൂലി വേതനം അനുവദിക്കുന്നത്. ചില എച്ച്.ഡി.എസ്.-ൽ സേവനം അനുഷ്ഠിക്കുന്ന നഴ്സുമാരുടെ ദിവസ വേതനം 520 രൂപ നിരക്കിലും ചില എച്ച്.എം.സി.-കളിൽ സേവനം അനുഷ്ഠിക്കുന്ന നേഴ്സുമാരുടെ മാസശമ്പളം 13,900- രൂപ നിരക്കിലുമാണ് നൽകി വരുന്നത്.

(ബി&സി) ആശുപത്രി വികസന സമിതിയുടെ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം മാത്രമാണ് ജീവനക്കാരുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ എച്ച്.ഡി.എസ്./എച്ച്.എം.സി. കമ്മിറ്റി തീരുമാനിക്കുന്നതിനനുസരിച്ചുള്ള ശമ്പളമാണ് ഇതുവഴി നിയമിതരായ സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നല്കിവരുന്നത്.

**ആരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ അഭാവം**

273 (2228) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് സ്റ്റാഫ് ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ചില സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ സി.എച്ച്.സി. പാറ്റേണിലുള്ള ജീവനക്കാർ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്തല സി.എച്ച്.സി.-കൾ ഒഴികെയുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം തെരഞ്ഞെടുത്ത സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി**

274 (2229) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തീകരിച്ച സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫ് പാറ്റേൺ വർദ്ധന അനുവദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ ആറ് നിലകളുള്ള പുതിയ കെട്ടിടം പൊതുമരാമത്ത് വകുപ്പിൽ നിന്ന് ആരോഗ്യ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. ടി. കെട്ടിടത്തിനകത്ത് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.എച്ച്.എം. വകയിരുത്തിയ അഞ്ച് കോടി രൂപ ഉപയോഗിച്ച് നിർമ്മിതി കേന്ദ്രം മുഖേന നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തുകയും ഇവിടെ മിനിമം സ്റ്റാൻഡേർഡ് കൈവരിച്ചിട്ടില്ലാത്ത മേഖലകൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി ടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ചുനൽകിയ തസ്തികകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

**നേമം ശാന്തിവിള താലൂക്ക് ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ**

275 (2230) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം ശാന്തിവിള ആശുപത്രി, താലൂക്ക് ആശുപത്രിയാക്കി ഉയർത്തിയ ശേഷം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കുമോ ?

ഉത്തരം

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായിരുന്ന ശാന്തിവിള നേമം ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തി ഇവിടെ രണ്ട് അസിസ്റ്റന്റ് സർജൻ തസ്തികയും ഒരു ലാബ് ടെക്നീഷ്യൻ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

ടി ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിലെ ജൂനിയർ കൺസൽട്ടന്റായി നിയമിച്ചിരുന്ന ഡോക്ടറെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടിക്രമ പ്രകാരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആറ് മാസ കാലയളവിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മഞ്ചേരി മെഡിക്കൽ കോളേജിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക

276 (2231) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ നിന്നും 18-10-2017-ൽ സർക്കാരിലേക്ക് അയച്ച ശിപാർശ (file No. NC 16253/16/മെ.വി.വ)-യുടെ ഇപ്പോഴത്തെ അവസ്ഥ നടപ്പ് ഫയൽ നമ്പർ സഹിതം വിശദമാക്കുമോ;

(ബി) അടിയന്തരമായി പ്രസ്തുത തസ്തിക അനുവദിച്ച് നിയമനം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) മഞ്ചേരി മെഡിക്കൽ കോളേജിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് തസ്തിക ഉൾപ്പെടെ 49 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ലഭ്യമാക്കിയ പ്രൊപ്പോസൽ പ്രളയ ദുരിതാശ്വാസത്തിന്റെ പശ്ചാത്തലത്തിൽ പുനഃപരിശോധിച്ച് അവശ്യം വേണ്ട തസ്തികകളുടെ വിശദാംശം മാത്രം ഉൾപ്പെടുത്തി പരിഷ്കരിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ 25-9-2018-ലെ എസ് 3/16/2016. ആരോഗ്യം നമ്പർ സർക്കാർ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പൂത്തോട്ടയിലെ സാമൂഹികാരോഗ്യ കേന്ദ്രം

277 (2232) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പൂത്തോട്ടയിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) എന്നത്തേയ്ക്ക് ഈ ഒഴിവുകൾ നികത്തുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പൂത്തോട്ട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജൻ -1, അസിസ്റ്റന്റ് സർജൻ-4 എന്നീ അനുവദനീയ തസ്തികകളാണ് ഉള്ളത്. ആയതിൽ അസിസ്റ്റന്റ് സർജൻ, സിവിൽ സർജൻ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല. പാരാമെഡിക്കൽ ജീവനക്കാരിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 -ന്റെ ഒരൊഴിവ് നിലവിലുണ്ട്.

(ബി) &(സി) പി.എസ്.സി.- യിൽ നിന്നും നിയമന ശിപാർശ വരുന്ന മുറയ്ക്ക് സി.എച്ച്.സി. പൂത്തോട്ടയിൽ ഫാർമസിസ്റ്റിനെ നിയമിക്കുന്നതാണ്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജൻ**

278 (2233) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രികളിലേയ്ക്ക് പോലീസ് സർജന്റെ അഭാവം കൊണ്ട് മിക്ക പോസ്റ്റ്മോർട്ടങ്ങളും മറ്റ് ആശുപത്രികളിൽ റഫർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജനെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 17-7-2018-ൽ ഡി.എച്ച്.എസ്.-ന് നമ്പർ എഫ്.3489/2018 പ്രകാരം ആശുപത്രി സൂപ്രണ്ട് എം.എൽ.എ.-യുടെ ഉപരികത്തോടെ നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് ഫോറൻസിക് സർജനെ നിയമിക്കുന്നതിന് നടപടി 2019- മാർച്ചിന് മുൻപ് സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ജില്ലയിൽ ഒരു ജനറൽ/ജില്ലാ ആശുപത്രിയിലാണ് പോലീസ് സർജന്റെ തസ്തിക സൃഷ്ടിക്കാൻ ആർദ്രം പദ്ധതി പ്രകാരം തീരുമാനിച്ചിരിക്കുന്നത്. ടി പോസ്റ്റ് തിരുവനന്തപുരം ജില്ലയിൽ ജനറൽ ആശുപത്രി, തിരുവനന്തപുരത്തിന് സൃഷ്ടിക്കുകയുണ്ടായി.

എഫ്3489/2018 എന്ന കത്ത് പ്രകാരം പോലീസ് സർജനെ നിയമിക്കണമെന്ന കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ ജില്ലാ

മെഡിക്കൽ ആഫീസർ മുഖേന ലഭ്യമാക്കാൻ ആശുപത്രി സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ**

279 (2234) <u>ശ്രീ. ചിറ്റയം ഗോപകുമാർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ വിവിധ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലായി നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ എത്ര ഒഴിവുകളാണ് നിലനിൽക്കുന്നത് എന്ന് കേന്ദ്രത്തിന്റെ പേരു സഹിതം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.

**എൻഡോസൾഫാൻ പുനരധിവാസ വില്ലേജ്**

280 (2235) <u>ശ്രീ. കെ. കുഞ്ഞിരാമൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ എതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പദ്ധതി പ്രകാരം എന്തൊക്കെ സജ്ജീകരണങ്ങളാണ് എൻഡോസൾഫാൻ വില്ലേജിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാശംങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

## ഉത്തരം

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ തൊഴിൽ പരിശീലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, വിദഗ്ദ്ധ ആരോഗ്യ പരിപാലനം, ഷോർട്ട് സ്റ്റേ, മാനസികവികാസത്തിനുള്ള വ്യക്ത്യാധിഷ്ഠിത കോഴ്സുകൾ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്. മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി കണ്ടെത്തുകയും സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും പ്രവർത്തനാനുമതിയും നൽകുകയും ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിൽ 20-3-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത വില്ലേജിനായി പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് തീരുമാനമായിരുന്നു. തുടർന്ന് പുനരധിവാസ ഗ്രാമത്തിന്റെ രൂപകൽപ്പന കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവാക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ പുനരധിവാസ വില്ലേജിന്റെ രൂപകൽപ്പന, നിർമ്മാണം എന്നിവ സംബന്ധിച്ച സമഗ്ര പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ സമൂഹ്യനീതി ഡയറക്ടർ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

28-7-2018-ൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളിലായാണ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ചുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. പ്രസ്തുത പുനരധിവാസ വില്ലേജ് പ്രാവർത്തികമാക്കുന്നത് കാസർഗോഡ് ജില്ലാ കളക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ, സാമൂഹ്യനീതി വകുപ്പ് എന്നിവരുടെ മേൽനോട്ടത്തിലാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷന്റെ സഹായത്തോടുകൂടി പ്രസ്തുത പദ്ധതിക്കുള്ള ചെലവുകൾ (ഉപകരണങ്ങൾ, തുടർചെലവുകൾ, എച്ച്.ആർ.ഇ) തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി 5 കോടി രൂപ ജില്ലാകളക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. 28-3-2018-ലെ സ.ഉ.(പി)നമ്പർ 51/2018/ധന പ്രകാരം ജില്ലാകളക്ടറുടെ പേരിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് തുക പിൻവലിച്ചതിൽ പ്രസ്തുത തുകയും ഉൾപ്പെട്ടിരുന്നു.

(സി) വിശദമായ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. പ്രസ്തുത സംവിധാനത്തിൽ തൊഴിൽ പരിശീലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, വിദഗ്ദ്ധ ആരോഗ്യ പരിപാലനം, ഷോർട്ട് സ്റ്റേ, മാനസിക വികാസത്തിനുള്ള വ്യക്ത്യാധിഷ്ഠിത കോഴ്സുകൾ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്.

(ഡി) കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

## ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ മിന്നൽ പരിശോധന

281 (2236) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ മിന്നൽ പരിശോധനയിൽ മായം കലർത്തിയതും പഴകിയതുമായ ഭക്ഷണം വിൽക്കുന്ന എത്ര ഹോട്ടലുകൾക്കെതിരെ ഈ വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇവരിൽ നിന്ന് എത്ര രൂപയാണ് പിഴയിനത്തിൽ ഈടാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 51 ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 1,41,000 രൂപ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസുകൾ

282 (2237) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ആരംഭിച്ച ഓഫീസുകളിലെ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ 16 നിയോജകമണ്ഡലങ്ങളിലും ഭക്ഷ്യ സുരക്ഷാ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; അവിടെയെല്ലാം ആവശ്യമായ ജീവനക്കാരുണ്ടോ; ഒഴിവുകളുടെ വിശദാംശം നൽകുമോ;

(സി) ജീവനക്കാരുടെ അഭാവംമൂലം ഫീൽഡ് പരിശോധന കൃത്യമായി നടത്താൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ജീവനക്കാരെ ഉടൻ നിയമിക്കുമോ;

(ഡി) ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലുമുള്ള ഭക്ഷ്യ സുരക്ഷാ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടങ്ങളും ഭൗതിക സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ 16 നിയോജകമണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ സർക്കിളുകളിലും ആവശ്യമായ ജീവനക്കാരില്ല. നിലവിൽ 6 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ട്. ഒഴിവുകൾ നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനത്തിനായി പി.എസ്.സി. -ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് ഫീൽഡ് പരിശോധനകൾ കൃത്യമായി നടത്തിവരുന്നുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 6 ഒഴിവുകൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) മലപ്പുറം ജില്ലയിലെ 11 സർക്കിൾ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. എന്നാൽ 5 സർക്കിൾ ഓഫീസുകൾ മറ്റ് ഓഫീസുകളോടൊപ്പമാണ് പ്രവർത്തിക്കുന്നത്.

മലപ്പുറം ജില്ലയിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വന്തമായി സർക്കാർ വാഹനം ഇല്ലാത്തതിനാൽ കരാറടിസ്ഥാനത്തിൽ ഒരു വാഹനം വാടകയ്ക്ക് എടുത്താണ് പ്രവർത്തനങ്ങൾ നടത്തുന്നത്. കൂടാതെ Quick Response Team(QRT)-യുടെ ഭാഗമായും ഒരു വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നുണ്ട്.

**പഴങ്ങളിലും പച്ചക്കറികളിലും സ്റ്റിക്കർ**

283 (2238) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പഴങ്ങളിലും പച്ചക്കറികളിലും സ്റ്റിക്കർ പതിപ്പിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പശ ആരോഗ്യത്തിന് ഹാനികരമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യത്തിന് ഹാനികരമായ ഇത്തരം പ്രവണതകൾ തടയുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 6 മാസത്തിനിടയിൽ എത്ര കടകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പഴങ്ങളിലും പച്ചക്കറികളിലും ഉപയോഗിക്കപ്പെടുന്ന പശ ആരോഗ്യത്തിന് ഹാനികരമാണെന്ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കുന്നുണ്ട്.

(ബി) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ 25-10-2018-ന് ഇതുസംബന്ധിച്ച് സംസ്ഥാനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പഴം, പച്ചക്കറികളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ പഴങ്ങളിലും പച്ചക്കറികളിലും സ്റ്റിക്കർ പതിച്ചതായി കണ്ട സ്ഥാപനങ്ങളിൽ ഫുഡ് ഗ്രേഡ് പശ മാത്രമേ ഉപയോഗിക്കാവൂ എന്നും അനാവശ്യമായി ഇത്തരം സ്റ്റിക്കറുകൾ പതിക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പഴങ്ങളിലും പച്ചക്കറികളിലും സ്റ്റിക്കർ പതിച്ചതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 6 മാസത്തിനിടയിൽ കടകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## ഫോർമാലിൻ രാസവസ്തു മത്സ്യത്തിൽ ചേർക്കുന്നത് തടയാൻ സ്വീകരിച്ച നടപടി

284 (T*2239)ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കൾ മത്സ്യത്തിൽ ചേർക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫോർമാലിൻ ചേർത്ത മത്സ്യങ്ങൾ കഴിച്ചാലുണ്ടാകുന്ന രോഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം മത്സ്യങ്ങൾ കഴിച്ച് സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളിൽ എത്ര പേർക്ക് ഏതെല്ലാം തരത്തിലുള്ള രോഗങ്ങൾ പിടിപെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഫോർമാലിൻ ചേർത്ത മത്സ്യങ്ങൾ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ പ്രധാന ചെക്ക് പോസ്റ്റുകളിലും, മത്സ്യ വിപണന കേന്ദ്രങ്ങളിലും, ഹാർബറുകളിലും നിരന്തരമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ മത്സ്യ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധനയ്ക്ക് നൽകുകയും പ്രസ്തുത പരിശോധനയിൽ രാസവസ്തുക്കൾ കണ്ടെത്തുകയാണെങ്കിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന നിയമനടപടികൾ സ്വീകരിക്കുന്നുമുണ്ട്.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അഭ്യർത്ഥനയെ തുടർന്ന് CIFT(സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) വികസിപ്പിച്ചെടുത്ത കിറ്റുകൾ മത്സ്യത്തിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള പ്രാരംഭ പരിശോധനയ്ക്ക് സഹായിക്കുന്നുണ്ട്. ഇത്തരത്തിൽ ഫോർമാലിൻ കണ്ടെത്തുന്ന മത്സ്യങ്ങളുടെ വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. മത്സ്യത്തിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ സാഗർ റാണി' എന്ന പദ്ധതി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) മൃതശരീരങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുപയോഗിക്കുന്ന രാസവസ്തുവാണ് ഫോർമാലിൻ. ഇത് ചേർത്ത മത്സ്യങ്ങൾ കഴിക്കുന്നത് പലവിധ ആരോഗ്യ പ്രശ്നങ്ങൾക്കും വഴിവയ്ക്കും. ഫോർമാലിൻ ശരീരത്തിലെ എല്ലാ അവയവങ്ങളെയും ബാധിക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഉദര സംബന്ധമായ രോഗങ്ങൾ, ശ്വാസകോശങ്ങൾ, നാഡീവ്യൂഹത്തെ ബാധിക്കുന്ന രോഗങ്ങൾ, കരൾ, വൃക്കരോഗങ്ങൾ, ഹൃദ്രോഗങ്ങൾ, കാൻസർ തുടങ്ങിയ വിവിധ രോഗങ്ങൾ ഫോർമാലിന്റെ ഉപഭോഗം കൊണ്ട് സംഭവിക്കാവുന്നതാണ്. ഇതിനുപുറമേ തൊലിപ്പുറത്തുണ്ടാകുന്ന അലർജി, നേത്ര സംബന്ധമായ അലർജി തുടങ്ങിയ അസ്വസ്ഥതകളും ഫോർമാലിനുമായി നേരിട്ടുള്ള ഇടപെടലിലൂടെ സംഭവിക്കാവുന്നതാണ്.

(സി) ഇതുവരെ ഇതുസംബന്ധിച്ച് റിപ്പോർട്ടുകളൊന്നും ലഭ്യമായിട്ടില്ല.

(ഡി) ലഭ്യമായ വിവരങ്ങൾ പ്രകാരം ഫോർമാലിൻ ചേർത്ത മത്സ്യങ്ങൾ തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നാണ് സംസ്ഥാനത്ത് എത്തുന്നത്.

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കുവാൻ നടപടി**

285 (2240) ശ്രീ. പി. ടി. എ. റഹീം :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക സംബന്ധമായ പ്രശ്നങ്ങളും പ്രമേഹം, കാൻസർ, ഹൃദ്രോഗം തുടങ്ങിയ അസുഖങ്ങളും ബാധിച്ചവരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിൽ മാറിയ ഭക്ഷണ സംസ്കാരത്തിന്റെ പങ്ക് പഠനവിധേയമാക്കിയിട്ടുണ്ടോ;

(ബി) മാർക്കറ്റിൽ ലഭിക്കുന്ന മത്സ്യം, വെളിച്ചെണ്ണ, പാൽ, പച്ചക്കറി, പഴം, മസാലപ്പൊടി, പ്ലാസ്റ്റിക്ക് കുപ്പിയിലാക്കിയ കുടിവെള്ളം മുതലായവയിൽ മാരക രോഗങ്ങൾക്ക് ഹേതുവാകുന്ന രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സുരക്ഷിത ആഹാര സാധനങ്ങൾ മാത്രം പാചകം ചെയ്യും അല്ലാതെയും വിപണനം ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; നിശ്ചിത ഗുണനിലവാര മില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിത ശൈലീ രോഗങ്ങളുടെ മൂലകാരണങ്ങൾ തെറ്റായ ഭക്ഷണ രീതിയും വ്യായാമമില്ലായ്മയും പുകവലി, മദ്യപാനം തുടങ്ങിയ ലഹരിയോടുള്ള ആസക്തി, മാനസിക പിരിമുറുക്കം തുടങ്ങിയവയാണ്. ഇതിൽ അനാരോഗ്യകരമായ ഭക്ഷണരീതി വൃക്കരോഗങ്ങൾക്കും പ്രമേഹം, കാൻസർ, ഹൃദ്രോഗം എന്നീ രോഗങ്ങൾക്കും കാരണമാകുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുള്ളതാണ്. മലയാളികളുടെ ഭക്ഷണ രീതിയിലുണ്ടായ ഫാസ്റ്റ് ഫുഡ് സംസ്കാരവും തനത് ഭക്ഷണ രീതിയിൽ നിന്നും വന്ന വ്യതിയാനവും രോഗകാരണങ്ങളായി കണക്കാക്കപ്പെടുന്നു.

(ബി &സി) ഉണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരമായി പരിശോധനകൾ നടത്തുകയും സംശയം തോന്നുന്നവയുടെ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യുന്നുണ്ട്. അവയിൽ 'സബ്സ്റ്റാൻഡേർഡ് ' ഫലം ലഭിക്കുന്ന കേസ്സുകളിൽ അഡ്ജ്യൂഡിക്കേഷൻ നടപടികളും 'അൺസേയ്ഫ് ' ഫലം ലഭിക്കുന്ന കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

**രാസവസ്തുക്കൾ കലർന്ന മത്സ്യം**

286 (T*2241) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യത്തിൽ വ്യാപകമായ തോതിൽ ഫോർമാലിൻ ചേർക്കുന്നുവെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ അത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) വാളയാർ ചെക്ക് പോസ്റ്റ് വഴി കൊണ്ടുവരുന്ന രാസവസ്തുക്കൾ കലർന്ന മത്സ്യം ഉദ്യോഗസ്ഥർ തിരിച്ചയച്ചാൽ മറ്റ് മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്ത് വീണ്ടും എത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ മീൻ കൊണ്ടുവരുന്ന സ്ഥാപനങ്ങൾക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ;

(ഡി) നിലവിലുള്ള നിയമം ശക്തമായി നടപ്പിലാക്കിയോ അല്ലെങ്കിൽ നിയമം ഭേദഗതി ചെയ്തോ മത്സ്യത്തിൽ രാസവസ്തുക്കൾ ചേർത്ത് വില്പന നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കേരളത്തിലെ പ്രധാന ചെക്ക് പോസ്റ്റുകളിലും, മത്സ്യവിപണന കേന്ദ്രങ്ങളിലും, ഹാർബറുകളിലും നിരന്തരമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ മത്സ്യ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധനയ്ക്ക് നൽകുകയും പ്രസ്തുത പരിശോധനയിൽ രാസവസ്തുക്കൾ കണ്ടെത്തുകയാണെങ്കിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന നിയമനടപടികൾ സ്വീകരിക്കുന്നുമുണ്ട്.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അഭ്യർത്ഥനയെ തുടർന്ന് CIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) വികസിപ്പിച്ചെടുത്ത കിറ്റുകൾ മത്സ്യത്തിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് സഹായിക്കുന്നുണ്ട്. ഇത്തരത്തിൽ ഫോർമാലിൻ കണ്ടെത്തുന്ന മത്സ്യങ്ങളുടെ വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മത്സ്യത്തിൽ ഫോർമാലിന്റെയും മറ്റ് രാസവസ്തുക്കളുടെയും സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ സാഗർറാണി 'എന്ന പദ്ധതി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി&സി) ഇല്ല.

(ഡി) നിലവിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ശക്തമായി നടപ്പിലാക്കുന്നുണ്ട്.

**രാസവസ്തുക്കൽ കലർത്തിയ മത്സ്യം കണ്ടെത്തുന്ന സാങ്കേതിക വിദ്യ**

287 (T*2242) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിലെ വിഷവസ്തുക്കൾ കണ്ടെത്തുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുവാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇത് പ്രകാരം അവർ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ മത്സ്യങ്ങളിലെ അമോണിയ, ഫോർമാലിൻ തുടങ്ങിയവയുടെ സാന്നിദ്ധ്യം തിരിച്ചറിയുവാൻ സഹായകമാണോ;

(സി) രാസവസ്തുക്കൾ കലർത്തിയ മത്സ്യം എളുപ്പത്തിൽ കണ്ടെത്തുവാൻ കഴിയുന്ന പേപ്പർ സ്ട്രിപ്പുകൾ വിപണിയിലിറക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) വ്യാവസായികാടിസ്ഥാനത്തിൽ അവ നിർമ്മിക്കുവാൻ ആരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്;

(ഇ) പേപ്പർ സ്ട്രിപ്പുകൾ വിപണിയിൽ ഇറക്കുന്നതിന് മത്സ്യഫെഡ് വഴി നടപടി സ്വീകരിക്കുന്ന കാര്യം ആലോചിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹായകമാണ്.

(സി) ഉണ്ട്.

(ഡി) വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് മുംബൈ ആസ്ഥാനമാക്കിയുള്ള Hi-Media Company-ക്കാണ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി മുഖാന്തരം സാങ്കേതികവിദ്യ കൈമാറിയിട്ടുള്ളത്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**വെളിച്ചെണ്ണയിൽ മായം ചേർക്കുന്നത് തടയാൻ നടപടി**

288 (2243) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം ചേർന്ന വെളിച്ചെണ്ണ വിപണിയിൽ സജീവമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൻസർ ഉൾപ്പെടെയുള്ള ഗുരുതരമായ രോഗങ്ങൾക്ക് കാരണമാകുന്ന കർണർ ഓയിൽ ചേർത്ത് വെളിച്ചെണ്ണ വിൽപന നടത്തുന്നത് കണ്ടെത്തിയിട്ടുണ്ടോ;

(സി) വെളിച്ചെണ്ണയിൽ മായം ചേർക്കുന്നത് തടയാനും, ഗുണനിലവാരം പരിശോധിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) വെളിച്ചെണ്ണയിൽ മായം കലർന്നത് പരിശോധിക്കുന്നതിനായി മാത്രം സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തിയിട്ടുണ്ട്. വെളിച്ചെണ്ണയുടെ ഉത്പാദനവുമായി ബന്ധപ്പെട്ട അസംസ്കൃത വസ്തുക്കൾ മുതൽ ഭക്ഷ്യ എണ്ണ

ഉത്പാദനം, സംഭരണം, വിതരണം, വിപണനം തുടങ്ങി എല്ലാ മേഖലകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തര പരിശോധനകൾ നടത്തിവരുന്നുണ്ട്. 2018 വർഷത്തിൽ മാത്രം 96 ഇനം മായം കലർന്ന വെളിച്ചെണ്ണ ബ്രാൻഡുകൾ കേരളത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരോധിച്ചിട്ടുണ്ട്.

## വിൽപ്പനയ്ക്കെത്തുന്ന മാംസത്തിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യം

289 (T*2244) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മാംസത്തിൽ ആന്റിബയോട്ടിക്കിന്റെ സാന്നിദ്ധ്യമില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ പരിശോധനകളാണ് നടത്തുന്നത്; വിശദമാക്കുമോ;

(ബി) വിൽപ്പനയ്ക്കെത്തുന്ന മാംസത്തിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യമില്ലെന്ന് ഉറപ്പ് വരുത്തണമെന്നും അനുവദനീയമായ അളവിൽ കൂടുതൽ ഇവ കണ്ടെത്തിയാൽ ശിക്ഷാർഹമായ കുറ്റമാണെന്നും കേന്ദ്ര ആരോഗ്യമന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) എൽ.സി.എം.എസ്-എം.എസ് (Liquid Chromatography-Mass Spectrometry) എന്ന ഉപകരണം ഉപയോഗിച്ചാണ് മാംസത്തിൽ ആന്റിബയോട്ടിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നത്. പ്രസ്തുത ഉപകരണം കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇ.എസ്.ഐ. തൊഴിലാളികൾക്ക് എം.ഒ.യു. പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ

290 (2245) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ ഇ.എസ്.ഐ തൊഴിലാളികൾക്ക് എം.ഒ.യു. പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ടോ;

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എം.ഒ.യു. പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഇ.എസ്.ഐ. തൊഴിലാളികൾക്ക് സൗജന്യ ഭക്ഷണം കുടുംബശ്രീ വഴി നൽകാനുള്ള നടപടികളിലെ പുരോഗതി അറിയിക്കാമോ;

(ഡി) ഇ.എസ്.ഐ. തൊഴിലാളികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് മെഡിക്കൽ കോളേജിൽ ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുവാനുള്ള നടപടികളും ആയതിലെ പുരോഗതിയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി-ഡി) ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് അർഹമായ ചികിത്സ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും ലഭ്യമാക്കുന്നതിനായി പാരിപ്പള്ളി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് കോമ്പൗണ്ടിലെ കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഡിസ്പെൻസറിയിൽ നിന്നും റഫർ ചെയ്യുന്ന ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ആവശ്യമായ ചികിത്സ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ നൽകി വരുന്നുണ്ട്. റഫർ ചെയ്ത കേസ്സുകളിൽ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സ ലഭ്യമാകാത്തവയ്ക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കേളേജിലേയ്ക്ക് റഫറൻസ് നൽകുന്നുണ്ട്. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ലഭ്യമല്ലാത്ത ചികിത്സ ഇ.എസ്.ഐ. ഗുണഭോക്താവ് ഏതെങ്കിലും എംപാനൽഡ് ആശുപത്രിയിൽ നിന്നും നേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ ടി ഇ.എസ്.ഐ. ഗുണഭോക്താവിനാവശ്യമായ റഫറൻസ് പാരിപ്പള്ളി ഇ.എസ്.ഐ. ഡിസ്പെൻസറിയിൽനിന്നും നൽകുന്നുണ്ട്. ഇ.എസ്.ഐ ഗുണഭോക്താൾക്കാവശ്യമായ മരുന്നുകൾ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഫാർമസിയിൽ നിന്നും നൽകുന്നുണ്ട്. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ കിടത്തിചികിത്സയ്ക്ക് വിധേയരാകുന്ന ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് കുടുംബശ്രീ നടത്തുന്ന ക്യാന്റീൻ മുഖേന സൗജന്യ ഭക്ഷണ വിതരണം നടത്തുന്നുണ്ട്.

## പുതിയ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ

291 (2246) <u>ശ്രീ. എം. നൗഷാദ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ക്യാൻസർ ചികിത്സ കേന്ദ്രങ്ങൾ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) നിലവിൽ ക്യാൻസർ ചികിത്സാ സൗകര്യം ലഭ്യമായ സർക്കാർ ആശുപത്രികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; അവിടത്തെ സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; ആണെങ്കിൽ വെളിപ്പെടുത്താമോ;

(സി) വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നിജസ്ഥിതി വെളിപ്പെടുത്തുമോ; വൃക്കരോഗം പ്രതിരോധിക്കുന്നതിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(ഡി) പുതിയതായി ഡയാലിസിസ് കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ ക്യാൻസർ നയപ്രകാരം സർക്കാർ മേഖലയിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള കേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനും മലബാർ ക്യാൻസർ സെന്ററിനും പുറമേ കൊച്ചിൻ ക്യാൻസർ സെന്റർ കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം ജില്ലയിലുള്ള പ്രധാന ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്റർ വഴി പരിശീലനം നൽകിയാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഇരുപത് ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്നു.

(ബി) ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ കേന്ദ്രങ്ങളിൽ ഫോളോഅപ്പ് കീമോതെറാപ്പി, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ, അസൈറ്റിക് ഫ്ലൂയിഡ് ടാപ്പിംഗ്, വേദനാ ചികിത്സ തുടങ്ങിയ ചികിത്സാ വിധികളാണ് നൽകിവരുന്നത്. ഇതിനുപുറമെ ക്യാൻസർ രോഗനിർണ്ണയവും ഈ കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നു. ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ പ്രവൃത്തിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ആശുപത്രിയുടെ പേര് | റിമാർക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | തിരുവനന്തപുരം | ജനറൽആശുപത്രി, തിരുവനന്തപുരം, ജില്ലാ ആശുപത്രി, നെടുമങ്ങാട് | 2018 ഡിസംബർ മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ് |
| 2. | കൊല്ലം | ജില്ലാആശുപത്രി, കൊല്ലം, താലൂക്ക് ആശുപത്രി. പുനലൂർ | |
| 3. | പത്തനംതിട്ട | ജനറൽആശുപത്രി, പത്തനംതിട്ട | |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | ആലപ്പുഴ | ജില്ലാ ആശുപത്രി, മാവേലിക്കര<br>ജനറൽ ആശുപത്രി, ആലപ്പുഴ | |
| 5. | കോട്ടയം | ജനറൽ ആശുപത്രി, കോട്ടയം | |
| 6. | ഇടുക്കി | ജില്ലാ ആശുപത്രി, തൊടുപുഴ | |
| 7. | എറണാകുളം | ജനറൽആശുപത്രി, എറണാകുളം, താലൂക്ക് ആസ്ഥാന ആശുപത്രി, നോർത്ത് പറവൂർ | |
| 8. | തൃശ്ശൂർ | ജനറൽ ആശുപത്രി, തൃശ്ശൂർ,<br>ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | |
| 9. | പാലക്കാട് | ജില്ലാ ആശുപത്രി, പാലക്കാട്<br>താലൂക്ക് ആശുപത്രി, ഒറ്റപ്പാലം | |
| 10 | മലപ്പുറം | ജില്ലാ ആശുപത്രി, തിരൂർ,<br>ജില്ലാആശുപത്രി, പെരിന്തൽമണ്ണ | |
| 11 | കോഴിക്കോട് | | |
| 12 | വയനാട് | ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, നല്ലൂർനാട് | |
| 13 | കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ,<br>ജില്ലാ ആശുപത്രി, തലശ്ശേരി | |
| 14 | കാസർഗോഡ് | ജനറൽആശുപത്രി, കാഞ്ഞങ്ങാട് | |

(സി) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് സംജാതമായ നഗരവൽക്കരണവും പാശ്ചാത്യവൽക്കരണവും ജനങ്ങളുടെ ജീവിതശൈലിയിൽ വരുത്തിയ മാറ്റത്തിനനുസൃതമായി ജീവിതശൈലീരോഗങ്ങളായ പ്രമേഹവും രക്താതിമർദ്ദവും വർദ്ധിച്ചതിന്റെ പരിണിതഫലമായിട്ടാണ് വൃക്കരോഗങ്ങൾ പോലെയുള്ള ഗുരുതര രോഗങ്ങൾ വർദ്ധിക്കാൻ ഇടയായത്. ഇതുസംബന്ധമായ കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഡയാലിസിസ് കേന്ദ്രങ്ങളുടെ എണ്ണത്തിലും ഡയാലിസിസ് ചെയ്യുവാനായി എത്തുന്ന രോഗികളുടെ എണ്ണത്തിലുമുള്ള വർദ്ധനവ് ഈ രോഗത്തിന്റെ വ്യാപ്തി തെളിയിക്കുന്നതാണ്. ഈ രോഗത്തെ പ്രതിരോധിക്കുവാൻ ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുക എന്ന നടപടിയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ എന്ന ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ജീവിതശൈലീ രോഗങ്ങളുടെ നിർണ്ണയത്തിനും നിയന്ത്രണത്തിനും ബോധവൽക്കരണത്തിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ചിട്ടയായ വ്യായാമം,

ആരോഗ്യപരമായ ഭക്ഷണരീതി, ലഹരിയോടുള്ള ആസക്തിയെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണവും, രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പരിപാടിയും രോഗം നിർണ്ണയിക്കപ്പെട്ടവർക്ക് ശാസ്ത്രീയമായ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സയും സൗജന്യമരുന്നുകളും, രോഗം മൂർച്ഛിക്കാതെ ഗുരുതര രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി ആശുപത്രികളെ ശാക്തീകരിക്കൽ എന്നിവയാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 44 ഡയാലിസിസ് കേന്ദ്രങ്ങളിൽ 20 എണ്ണം ആരംഭിച്ചിട്ടുണ്ട്. 21 എണ്ണം 2019 മാർച്ച് മാസത്തോടെ ആരംഭിക്കുവാൻ കഴിയും. 3 കേന്ദ്രങ്ങളുടെ പണി 2019 ഡിസംബർ മാസത്തിനുമുമ്പ് പൂർത്തിയാകും. കൂടാതെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താലൂക്ക് ആശുപത്രി, വർക്കല, താലൂക്ക് ആശുപത്രി ആറ്റിങ്ങൽ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി അടിമാലി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കട്ടപ്പന എന്നീ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ധനസഹായത്തോടെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കൂടുതൽ ഡയാലിസിസ് ചികിത്സാ സൗകര്യം ആരംഭിക്കുന്നുണ്ട്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപന സഹായത്തോടെ വീരണകാവ് പി.എച്ച്.സി.-യിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്ന പ്രവർത്തനങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഇ-ഓഫീസ് പദ്ധതി

292 (2247) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമവകുപ്പിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഏതെല്ലാം സെക്ഷനുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇനിയും ഏതെല്ലാം സെക്ഷനുകളിലാണ് നടപ്പിലാക്കാനുള്ളത് വ്യക്തമാക്കുമോ;

(ബി) മറ്റ് വകുപ്പുകളിൽ നിന്നും ഇ-ഓഫീസ് വഴി ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ ലഭിക്കുന്ന ഐ.എഫ്.എം.എ. ഫയലുകളിൽ ഇപ്പോൾ തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) മറ്റ് വകുപ്പികളിൽനിന്നും ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ ലഭിക്കുന്ന ഐ.എഫ്.എം.എ. ഫയലുകളിൽ പലിശ രഹിത വായ്പ അനുവദിക്കാൻ ആരോഗ്യ വകുപ്പ് അനുമതി നൽകുന്നതിന് മുമ്പായി പ്രസ്തുത ഫയൽ ചികിത്സയ്ക്കാവശ്യമായ തുക നിർണ്ണയിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെയോ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ ഡയറക്ടറുടെയോ അഭിപ്രായത്തിനായി അയയ്ക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റുൾപ്പെടെ പല കാര്യാലയങ്ങളിലും ഇ-ഫയൽ സംവിധാനം നിലവിൽ വന്നിട്ടില്ല. ആയതിനാൽ ഫയൽ e-file ആയി അഭിപ്രായത്തിനായി ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാർക്ക് നൽകാൻ സാധ്യമല്ല. ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ ലഭിക്കുന്ന എല്ലാ ഐ.എഫ്.എം.എ. ഫയലുകളിലും സത്വര നടപടി സ്വീകരിക്കാറുണ്ട്.

**പരിശോധന നടത്താതെ മരുന്നുകൾ വിൽക്കുന്ന നടപടി**

293 (2248) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബാച്ച് മരുന്നുകൾ മൊത്തവിതരണക്കാരും ചില്ലറവിതരണക്കാരും വിൽക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ബാച്ച് മരുന്നുകളുടെ പരിശോധന ഡ്രഗ്സ് കൺട്രോളർ വിഭാഗം നടത്തിയിട്ടുണ്ട്; വിശദമാക്കുമോ:

(സി) പരിശോധന നടത്താതെ നിരവധി ബാച്ച് മരുന്നുകൾ വിൽക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ജനങ്ങളുടെ ജീവൻ അപകടകരമാക്കുന്നതും മറ്റ് രോഗങ്ങൾക്ക് കാരണമാകുന്നതുമായ നിരവധി ബാച്ച് മരുന്നുകൾ പരിശോധിക്കുന്നില്ലെന്ന വിവരത്തിന്മേൽ ഡ്രഗ്സ് കൺട്രോളർ വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) നിരോധിച്ച മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും വിൽക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്ന രീതി എപ്രകാരമെന്ന് വ്യക്തമാക്കുമോ; 2010 ജനുവരി മുതൽ ഇപ്രകാരം കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യക്തമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും വിവിധ സംസ്ഥാനങ്ങളിലായി ഏകദേശം 20000 ത്തോളം മരുന്ന് നിർമ്മാണ യൂണിറ്റുകളിൽ നിന്ന് മൂന്ന് ലക്ഷത്തോളം ബാച്ച് മരുന്നുകൾ ഒരേ സമയം സംസ്ഥാന വിപണിയിൽ ലഭ്യമാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന് പരിശോധനാ ലാബോറട്ടറികളിൽ പ്രതിവർഷം എണ്ണായിരത്തോളം സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്.

(സി) കർശനമായ നിയന്ത്രണ പ്രക്രിയകളിലൂടെ മാത്രമേ നിലവിലുള്ള നിയമവ്യവസ്ഥകളിൽ വിപണിയിൽ മരുന്ന് ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. എല്ലാ സംസ്ഥാനങ്ങളിലേയും ഡ്രഗ്സ് കൺട്രോൾ വകുപ്പുകളും കേന്ദ്ര ഏജൻസിയായ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനും ചേർന്നാണ് ആയത് കർശനമായി നടപ്പിലാക്കിവരുന്നത്. ഇപ്രകാരം വിപണിയിൽ എത്തുന്ന മരുന്നുകളുടെ റാൻഡം സാമ്പിളിംഗ് മാത്രമാണ് കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്നത്. 10 മുതൽ 15 വരെയുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് വിധേയമാക്കിയാണ് മരുന്നിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നത്. ഇത് ലോകത്തെമ്പാടും അനുശാസിച്ചുവരുന്ന പ്രക്രിയയാണ്. ഇതുതന്നെയാണ് കേരളത്തിലും സ്വീകരിച്ചു വരുന്നത്. വിപണിയിലെത്തുന്ന എല്ലാ ബാച്ചുകളുടേയും ഗുണനിലവാരം പ്രത്യേകം പ്രത്യേകമായി പരിശോധിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നത് തികച്ചും അപ്രാപ്യമാണ്.

(ഡി) വിപണിയിൽ ലഭ്യമായ നിരവധി ബാച്ച് മരുന്നുകൾ പരിശോധിക്കുന്നില്ലായെന്നുള്ളതും അതുമൂലം ജനങ്ങളുടെ ജീവൻ അപകടത്തിലാകുന്നുവെന്നുള്ള ശാസ്ത്രീയമായ പഠന റിപ്പോർട്ടോ ഔദ്യോഗിക വിവരമോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഡ്രഗ്സ് ടെക്നിക്കൽ അഡ്വൈസറി ബോർഡിന്റെ ശിപാർശപ്രകാരമാണ് കേന്ദ്ര സർക്കാർ ഒരു മരുന്നോ, അതിന്റെ കോമ്പിനേഷനുകളോ രാജ്യത്ത് നിരോധിക്കുന്നത്. നിരോധന ഉത്തരവ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഇവയുടെ നിർമ്മാണ അനുമതി അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് റദ്ദ് ചെയ്ത് ഉത്തരവാകുന്നതുമൂലം തുടർന്ന് ഇത്തരം മരുന്നുകൾ വിപണിയിൽ എത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നു. കൂടാതെ വിപണിയിൽ വിതരണം ചെയ്യപ്പെട്ട നിരോധിച്ച മരുന്നുകൾ, വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, അവർക്കനുവദിച്ചിട്ടുള്ള അധികാര പരിധിയിലുള്ള സ്ഥാപനങ്ങൾ പരിശോധിച്ച് പിൻവലിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ഒരു മരുന്നിന്റെ കാലാവധി കഴിയുന്നതിനു മുമ്പായി അവ ഡിസ്ട്രിബ്യൂട്ടർ മുഖാന്തരം നിർമ്മാതാവിന് തിരികെ നൽകി മുഴുവൻ തുകയും തിരികെ ലഭ്യമാകുന്ന സംവിധാനമാണ് നിലവിലുള്ളത്. ആയതിനാൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽക്കുന്ന സാഹചര്യം നിലവിലുള്ളതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ മരുന്നുകൾ ഔഷധവ്യാപാര സ്ഥാപനങ്ങളിൽ സ്റ്റോക്ക് ചെയ്യുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നതിനായി, വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിരന്തര പരിശോധനകൾ നടത്താറുണ്ട്. വകുപ്പിന്റെ പരിശോധനകളിൽ വൻതോതിലോ മനഃപൂർവ്വമായോ കാലാവധി കഴിഞ്ഞ മരുന്നുകൾ വില്പന നടത്തുന്നതായി കണ്ടെത്തിയാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. 2010 ജനുവരി മുതൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിറ്റ സ്ഥാപനങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കിടപ്പ് രോഗികളുടെ പരിചരണം

294 (2249) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പ് രോഗികളുടെ പരിചരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിൽ പ്രത്യേക പരിഗണനയും ചികിത്സയും ആവശ്യമുള്ള കിടപ്പ് രോഗികളുടെ എണ്ണം എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) വർക്കല മണ്ഡലത്തിലെ കിടപ്പ് രോഗികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ ശയ്യാവലംബരായ രോഗികളുടെ പരിചരണത്തിനായി സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് മൂന്ന് തലങ്ങളിലായാണ് നടപ്പിലാക്കിവരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പാലിയേറ്റീവ് കെയർ നഴ്സിന്റെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തി ശയ്യാലംബരായ രോഗികൾക്ക് സാന്ത്വനപരിചരണം നൽകുന്ന പ്രൈമറി കെയർ, ആശുപത്രികളിൽ ഡോക്ടർമാരുടേയും പാലിയേറ്റീവ് കെയർ സ്റ്റാഫ് നഴ്സിന്റേയും നേതൃത്വത്തിൽ നൽകുന്ന സെക്കണ്ടറി സാന്ത്വന പരിചരണം, ജില്ലകൾ കേന്ദ്രീകരിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിശീലനവും സ്പെഷ്യലൈസ്ഡ് പരിചരണവും നൽകുന്ന ടെർഷ്യറികെയർ എന്നിവയാണ് സാന്ത്വന പരിചരണത്തിന്റെ മൂന്ന് തലങ്ങൾ. ഇതിനുപുറമെ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ സാന്ത്വന പരിചരണത്തിനായി ഒരു സ്റ്റാഫ് നഴ്സിന്റേയും ഫിസിയോ തെറാപ്പിസ്റ്റിന്റേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) വർക്കല മണ്ഡലത്തിൽ പ്രത്യേക പരിചരണവും ചികിത്സയും ആവശ്യമുള്ള നിലവിലെ കിടപ്പുരോഗികളുടെ എണ്ണം.

1. സ്പെഷ്യൽ നഴ്സിംഗ് കെയർ ആവശ്യമായ രോഗികൾ -116

2. ഫിസിയോ തെറാപ്പി ആവശ്യമായ രോഗികൾ-81

(2018 നവംബർ 30 വരെ ആരോഗ്യ വകുപ്പിൽ ലഭ്യമായ കണക്കുകൾ പ്രകാരം)

(സി) ആരോഗ്യ വകുപ്പിൽ ലഭ്യമായ (2018 നവംബർ 30 വരെയുള്ളത്) കണക്കുകൾ പ്രകാരം കിടപ്പുരോഗികളായി വർക്കല മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

മടവൂർ-282, വർക്കല-332, ഇടവ-104, വെട്ടൂർ-228, തോണിപ്പാറ (ഇലകമൺ)-136, പള്ളിക്കൽ-107, നാവായിക്കുളം-215, ചെമ്മരുതി-235.

## ഡയാലിസിസ് യൂണിറ്റുകൾ

295 (2250) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജില്ലാ-താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ 43 ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ നിലവിലുണ്ട്. ഇതുകൂടാതെ കിഫ്ബി പദ്ധതി പ്രകാരം 44 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള

നടപടിക്രമങ്ങളിൽ 25 സ്ഥാപനങ്ങളിൽ ഡയാലിസിസ് പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്. 2018-2019 പ്ലാൻ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് തുക അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ടി തുക നാഷണൽ ഹെൽത്ത് മിഷനും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനും കൈമാറിയിട്ടുമുണ്ട്.

(ബി&സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. Hightension electricity connection ലഭ്യമാക്കി എത്രയുംപെട്ടെന്ന് പ്രവർത്തനം തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന രക്തബാങ്കുകൾ**

296 (2251) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന രക്തബാങ്കുകൾ അടച്ചുപൂട്ടുന്നതിനും നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ?

<u>ഉത്തരം</u>

രാജ്യമൊട്ടാകെ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂൾസ് ഷെഡ്യൂൾ എഫ് പാർട്ട് XII (B)-ലെ വ്യവസ്ഥകൾ പ്രകാരമാണ്. സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പും ചേർന്നാണ് ബ്ലഡ് ബാങ്കുകളുടെ ലൈസൻസിംഗും പ്രവർത്തനങ്ങളും നിയന്ത്രിച്ചുവരുന്നത്. പ്രതിവർഷം 2000 യൂണിറ്റിൽ അധികം രക്തം ആവശ്യമുള്ള ആശുപത്രികൾക്കും സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകളായ ഐ.എം.എ, റെഡ് ക്രോസ് സൊസൈറ്റി എന്നിവർക്ക് മാത്രമേ ലൈസൻസുകൾ അനുവദിക്കുന്നുള്ളൂ. സംസ്ഥാനത്ത് നിയമ വിരുദ്ധമായി ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ബ്ലഡ് ബാങ്കുകൾ നിയമവിരുദ്ധമായി പ്രവർത്തിപ്പിക്കുന്ന വർക്കെതിരെ ഒരു വർഷം മുതൽ മൂന്ന് വർഷം വരെ തടവ് ശിക്ഷ ലഭിക്കുന്ന വ്യവസ്ഥയാണ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിക്കുന്നത്.

## മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുവാൻ പദ്ധതികൾ

297 (2252) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുവാൻ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ മാതൃ മരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG(Kerala Federation of Obstetrics & Gynaecology)സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി കേരളത്തിൽ നടപ്പിലാക്കിവരുന്നു. മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി കൂടുതൽ പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. ഇപ്പോൾ 40 സർക്കാർ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റു ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി.

ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി. ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകി.

മാതൃ മരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃ മരണ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ മാതൃമരണ നിരക്ക് കൂടുതൽ കുറയ്ക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു.

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകന യോഗം കാലാകാലങ്ങളായി നടത്തിവരുന്നു. പ്രസ്തുത യോഗത്തിൽ മാതൃമരണത്തിന്റെ കാരണങ്ങൾ അവലോകനം ചെയ്യുകയും അത് തടയുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

ഇതുകൂടാതെ ജില്ലാതല അവലോകന യോഗത്തിൽ മാതൃമരണ നിരക്ക് അവലോകനം ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിലും നടപടി സ്വീകരിച്ചുവരുന്നു.

നാഷണൽ ഹെൽത്ത് മിഷൻ ആശുപത്രികളിലെ പ്രസവമുറി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാതൃമരണ നിരക്ക് 2020-ൽ 30 ആയും 2030-ആണ്ടോടുകൂടി 20 ആയും കുറയ്ക്കുക എന്നതാണ് ലക്ഷ്യം. ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ഐ.എ.പി. (ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്) എന്നിവ സംയുക്തമായി ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ എൻ.ബി.എസ്.യു. (ന്യൂ ബോൺ സ്റ്റെറിലൈസേഷൻ യൂണിറ്റ്), എസ്.എൻ.സി.യു.(സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്) എന്നിവ ആരംഭിച്ചു.

ആധുനിക മെഡിക്കൽ ഉപകരണങ്ങൾ ആശുപത്രികൾക്ക് നൽകി. ശിശുമരണ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

നവജാത ശിശുക്കളിലെ മെറ്റബോളിക് രോഗങ്ങൾ നേരത്തേ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനായി " ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം" നടപ്പിലാക്കി.

സംസ്ഥാനത്തെ ശിശുമരണ നിരക്ക് താഴ്ത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നാഷണൽ ഹെൽത്ത് മിഷൻ വഴി നൂതനമായ ശൈശവ ആരോഗ്യ പരിപാടികളായ ശലഭം-കോമ്പ്രിഹെൻസീവ് ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം, ഹൃദ്യം, ആർ.ബി.എസ്.കെ, ആരോഗ്യ കിരണം, എസ്.എൻ.സി.യു., എൻ.ബി.സി.സി., എൻ.ബി.എസ്.യു., ലക്ഷ്യ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) മേൽ വിവരിച്ച പദ്ധതികൾ ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി എന്നിവ സംയുക്തമായാണ് നടപ്പിലാക്കുന്നത്.

ഇതുകൂടാതെ ആശുപത്രികൾ അവരുടെ തനത് ഫണ്ടുകളും എച്ച്.എം.സി./എച്ച്.ഡി.സി./ആർ.എസ്.ബി.വൈ ഫണ്ടുകളും ഇതിനായി ഉപയോഗിക്കുന്നുണ്ട്. 2018-2019-ലെ Strengthening of Institution under DHS എന്ന പദ്ധതി മുഖേന ഗൈനക്കോളജി, പീഡിയാട്രിക് എന്നീ വിഭാഗങ്ങൾക്ക് വേണ്ടി 153.18 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എൻ.എച്ച്.എം മുഖേന നടപ്പിലാക്കുന്ന പ്രജനന ശൈശവ ആരോഗ്യ (RCH- Reproductive Child Health) പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം ഇതുവരെ 251.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ എല്ലാംതന്നെ മാതൃശിശു മരണനിരക്ക് കുറയ്ക്കാനായി ആവിഷ്കരിച്ചവയാണ്.

## വനിത-ശിശു വികസന വകുപ്പിന്റെ പ്രവർത്തനം

298 (2253) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പ് പ്രത്യേകമായി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത് എപ്പോൾ മുതലാണ്;

(ബി) പ്രസ്തുത വകുപ്പിന്റെ കീഴിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(സി) സാമൂഹ്യനീതി വകുപ്പിൽ ഉണ്ടായിരുന്ന ഏതെല്ലാം ഓഫീസുകളാണ് പുതുതായി രൂപീകരിച്ച വനിത ശിശു വികസന വകുപ്പിന് കൈമാറിയിട്ടുള്ളത്;

(ഡി) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഏതെല്ലാം പദ്ധതികളാണ് പുതുതായി രൂപീകരിച്ച വകുപ്പിലേക്ക് കൈമാറിയിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) 30-6-2017-ലെ സ.ഉ.(കൈ)നമ്പർ 24/2017/സാ.നി.വ. പ്രകാരം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് വനിത-ശിശു വികസന വകുപ്പ് രൂപീകൃതമായി. പുതുതായി രൂപീകൃതമായ വനിത-ശിശു വികസന വകുപ്പിന്റെ ഡയറക്ടർ തസ്തികയിൽ 22-11-2017 -ലെ സ.ഉ(സാധാ)നമ്പർ 7426/2017/ പൊ.ഭ.വ. പ്രകാരം നിയമനം നടത്തുകയും, ചുമതല 24-11-2017-ൽ ഏറ്റെടുക്കുകയും അന്നുമുതൽ പുതിയ വകുപ്പിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വനിത-ശിശു വികസന വകുപ്പിനുകീഴിൽ 24 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) വനിത-ശിശു വികസന വകുപ്പിന് കൈമാറിയിട്ടുള്ള ആഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കൈമാറിയിട്ടുള്ള ഓഫീസുകൾ | എണ്ണം |
|---|---|---|
| 1. | സംയോജിത ശിശുവികസന പദ്ധതി ആഫീസ് | 258 |
| 2. | സംയോജിത ശിശു സംരക്ഷണ പദ്ധതി ആഫീസ് | 1 |
| 3. | വുമൺ പ്രൊട്ടക്ഷൻ ആഫീസ് | 14 |
| 4. | ജില്ലാ ശിശു സംരക്ഷണ പദ്ധതി യൂണിറ്റ് ആഫീസ് | 14 |
| 5. | ജില്ലാതല ഐ.സി.ഡി.എസ്. സെൽ | 14 |
| 6. | നിർഭയ സെൽ | 1 |

(ഡി) സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന പദ്ധതികൾ വനിത-ശിശു വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

1. സമഗ്ര ശിശു സംരക്ഷണ പദ്ധതി (സി.എസ്.എസ്).
2. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്ര സേവനം.
3. അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യകേന്ദ്രങ്ങളായി വികസിപ്പിക്കൽ-ഒരു ജീവിത ചക്ര സമീപനം.
4. അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി.
5. ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം (60% കേന്ദ്രാവിഷ്കൃതം).
6. കിഷോരി ശക്തി യോജന (60% കേന്ദ്രാവിഷ്കൃതം).
7. ഐ.സി.ഡി.എസ്. പരിശീലന പരിപാടി (60% കേന്ദ്രാവിഷ്കൃതം).
8. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ഡേ കെയർ സെന്ററുകളും മൊബൈൽ ക്രഷുകളും.
9. പ്രീ-പ്രൈമറി സ്കൂളുകളിലെ അങ്കണവാടി വർക്കേഴ്സിനുള്ള സംയോജിത ഗ്രാമ സാങ്കേതിക കേന്ദ്രത്തിന്റെ പരിശീലന പരിപാടി.
10. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി (50% കേന്ദ്രാവിഷ്കൃതം).
11. നാഷണൽ ക്രഷ് സ്കീം (60% കേന്ദ്രാവിഷ്കൃതം).
12. കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാരപദ്ധതി (50% കേന്ദ്രാവിഷ്കൃതം).
13. ജെൻഡർ പാർക്ക്.
14. ജാതക് ജനനി (ജി.ഐ.എസ്.-ന്റെ അടിസ്ഥാനത്തിൽ മാനന്തവാടി ബ്ലോക്കിലെ അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റം).
15. നിർഭയ അന്തേവാസികൾക്കായുള്ള എസ്.ഒ.എസ്. മാതൃ ഭവനം.
16. സ്വാധാർഗൃഹ് പദ്ധതി.

17. ഉജ്ജ്വല.
18. പ്രധാനമന്ത്രി മാതൃവന്ദന യോജന (60% കേന്ദ്രാവിഷ്കൃതം).
19. ക്യാൻസർ ബാധിതരായ കുട്ടികൾക്ക് വേണ്ടിയുള്ള സുരക്ഷ പദ്ധതി.
20. സ്നേഹസ്പർശം, താലോലം, സ്നേഹപൂർവ്വം, പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി.
21. മാതൃകാ അങ്കണവാടികളുടെ നിർമ്മാണം.
22. MGNREGA- അങ്കണവാടി കെട്ടിട നിർമ്മാണം.
23. നിർഭയ ഹോമുകളുടെ നിർമ്മാണം.

**ദേശീയ കുടുംബക്ഷേമ പദ്ധതി**

299 (2254) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് മാസം വരെ അപേക്ഷിച്ചവർക്കാണ് ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ സാധിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര അപേക്ഷകരാണ് ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ആനുകൂല്യം കാത്തിരിക്കുന്നത് വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | കാലയളവ് |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 2014 ഫെബ്രുവരി മാസം വരെ |
| 2. | കൊല്ലം | |
| | കൊല്ലം താലൂക്ക് | 2014 മേയ് മാസം വരെ |
| | കൊട്ടാരക്കര താലൂക്ക് | 2014 ഏപ്രിൽ മാസം വരെ |
| | കുന്നത്തൂർ താലൂക്ക് | 2013 ഡിസംർ മാസം വരെ |
| | കരുനാഗപ്പള്ളി താലൂക്ക് | 2014 ജൂൺ മാസം വരെ |
| | പത്തനാപുരം താലൂക്ക് | 2014 ജൂലൈ മാസം വരെ |
| | പുനലൂർ താലൂക്ക് | 2014 ജൂൺ മാസം വരെ |

| (1) | (2) | (3) |
|---|---|---|
| 3 | പത്തനംതിട്ട | 2015 ഫെബ്രുവരി മാസം വരെ |
| 4 | ആലപ്പുഴ | |
| | അമ്പലപ്പുഴ താലൂക്ക്<br>ചെങ്ങന്നൂർ താലൂക്ക് | 2015 ഒക്ടോബർ മാസം വരെ |
| | ചേർത്തല താലൂക്ക് | 2016 ഫെബ്രുവരി മാസം വരെ |
| | കുട്ടനാട് താലൂക്ക് | 2013 നവംബർ മാസം വരെ |
| | കാർത്തികപ്പള്ളി താലൂക്ക് | 2015 മാർച്ച് മാസം വരെ |
| | മാവേലിക്കര താലൂക്ക് | 2014 ജൂലൈ മാസം വരെ |
| 5 | കോട്ടയം | 2015 ഏപ്രിൽ മാസം വരെ |
| 6 | ഇടുക്കി | 2015 ഡിസംബർ മാസം വരെ |
| 7 | എറണാകുളം | 2011 ഡിസംബർ മാസം വരെ |
| 8 | തൃശ്ശൂർ | 2015 സാമ്പത്തിക വർഷം വരെ മുൻഗണനാ അപേക്ഷകർക്കും 2013 സാമ്പത്തിക വർഷം വരെയുള്ള മാപ്പപേക്ഷകർക്കും |
| 9 | പാലക്കാട് | 2016 സെപ്റ്റംബർ മാസം വരെ |
| 10 | മലപ്പുറം | 2014 ഡിസംബർ മാസം വരെ |
| 11 | കോഴിക്കോട് | 2013 ജൂലൈ മാസം വരെ |
| 12 | വയനാട് | 2014 മാർച്ച് മാസം വരെ |
| 13 | കണ്ണൂർ | 2015 ജനവരി മാസം വരെ കാലതാമസം മാപ്പാക്കിയ അപേക്ഷകർക്ക് 2014 ഡിസംബർ മാസം വരെ |
| 14 | കാസർഗോഡ് | 2016 ഒക്ടോബർ മാസം വരെ |

(ബി) അപേക്ഷകരുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7572 |
| 2 | കൊല്ലം | 7166 |
| 3 | പത്തനംതിട്ട | 1892 |
| 4 | ആലപ്പുഴ | 5771 |
| 5 | കോട്ടയം | 3325 |
| 6 | ഇടുക്കി | 1109 |
| 7 | എറണാകുളം | 6802 |
| 8 | തൃശ്ശൂർ | 4723 |
| 9 | പാലക്കാട് | 6060 |
| 10 | മലപ്പുറം | 6059 |
| 11 | കോഴിക്കോട് | 4266 |
| 12 | വയനാട് | 1180 |
| 13 | കണ്ണൂർ | 3425 |
| 14 | കാസർഗോഡ് | 2618 |

**മൂന്ന്കല്ലിൻമൂട് ആയുർവേദ നഴ്സിംഗ് കോളേജ്**

300 (2255) <u>ശ്രീ. കെ. ആൻസലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മൂന്ന്കല്ലിൻമൂട് ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് ആയുർവേദ നഴ്സിംഗ് കോളേജ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആയുഷ് സെക്രട്ടറി, ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ AV-554/2018-ആയുഷ് നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഏതുതരത്തിൽ ഉള്ള നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് എത്ര സ്ഥലത്ത് നിലവിൽ ആയുർവേദ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു; ഏതെല്ലാം സ്ഥലത്ത് എന്ന് വ്യക്തമാക്കാമോ ;

(സി) നെയ്യാറ്റിൻകര ഗവൺമെന്റ് ആയുർവേദ ആശുപത്രിയോടനുബന്ധിച്ച ആയുർവേദ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് 2019-20-ൽ നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് നിലവിൽ ആയുർവേദ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ സ്വാശ്രയ കോളേജായ പറശ്ശിനിക്കടവ് ആയുർവേദ കോളേജിൽ ബി.എസ്.സി. നഴ്സിംഗ് കോളേജ് (ആയുർവേദ) നിലവിൽ നടത്തുന്നുണ്ട്.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**മരുന്നുകളുടെ ഗുണനിലവാര പരിശോധന**

301 (2256) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ ഭൂരിഭാഗവും യാതൊരു ഗുണനിലവാര പരിശോധനയും നടത്താതെയാണ് വിറ്റഴിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള മരുന്നുകൾ വിപണനം ചെയ്യപ്പെടുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) വിപണനം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കാവശ്യമായ ഡ്രഗ് ഇൻസ്പെക്ടർമാർ നിലവിലില്ലാത്തതാണ് ഇത്തരം ഒരു സ്ഥിതിവിശേഷത്തിനിടയാക്കുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; ആവശ്യത്തിന് ജീവനക്കാരില്ലാത്തതുകാരണം കൃത്യമായ പരിശോധന നടത്താത്തതിനാൽ നിരോധിക്കപ്പെട്ട മരുന്നുകൾ ഉൾപ്പെടെയുള്ളവ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ലഹരി പദാർത്ഥങ്ങൾ അടങ്ങിയ സിറപ്പുകളും ഗുളികകളും ഡോക്ടറുടെ കുറിപ്പടിയില്ലാതെ വിറ്റഴിക്കുന്ന പ്രവണത തടയുന്നതിനായി പരിശോധനകൾ നടത്തുന്നുണ്ടോ; എങ്കിൽ കൃത്യമായ ഇടവേളകളിൽ ഇത്തരം പരിശോധനകൾ നടത്തുന്നതിന് ആവശ്യമായ ജീവനക്കാർ വകുപ്പിൽ ലഭ്യമാണോ;

(ഡി) ഡ്രഗ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയും ഡ്രഗ് ടെക്നിക്കൽ അഡ്വൈസറി ബോർഡും നിഷ്കർഷിക്കുന്ന 1:200 എന്ന ഡ്രഗ് ഇൻസ്പെക്ടർ : ഫാർമസി അനുപാതത്തിൽ തസ്തിക സൃഷ്ടിക്കുന്നത് നിലവിലെ സ്ഥിതിവിശേഷത്തിന് പരിഹാരമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നിരോധിക്കപ്പെട്ട മരുന്നുകൾ ഉൾപ്പെടെയുള്ളവ വിറ്റഴക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പ്രസ്തുത കമ്മിറ്റിയും ബോർഡും ശിപാർശ ചെയ്തപ്രകാരമുള്ള ഡ്രഗ് ഇൻസ്പെക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കാലാവധി അവസാനിച്ച മരുന്നുകളുടെ കാലാവധി തീയതി തിരുത്തി വീണ്ടും വില്പന നടത്തുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇത് അവസാനിപ്പിക്കുന്നതിന് പരിശോധനകൾ കർശനമാക്കുമോ?

<u>ഉത്തരം</u>

(എ) വളരെ കർശനമായ പരീക്ഷണങ്ങൾ നടത്തിയ റിപ്പോർട്ട് വിശകലനം ചെയ്തതിനുശേഷം മാത്രമേ രാജ്യത്ത് കേന്ദ്ര സർക്കാർ ഒരു മരുന്ന് വിപണനം ചെയ്യുന്നതിന് അനുമതി നൽകുകയുള്ളൂ. കൂടാതെ കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടും അതിനുകീഴിലുള്ള റൂളുകളിലും മരുന്നുകളുടെ അസംസ്കൃത വസ്തു തെരഞ്ഞെടുക്കുന്നത് മുതൽ മരുന്ന് ഫോർമുലേഷനായി രൂപപ്പെടുത്തുന്നത് വരെയുള്ള സങ്കീർണ്ണമായ നിർമ്മാണ പ്രക്രിയ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. രാജ്യത്തെവിടെയും ഈ നിയമത്തിന് വിധേയമായി മാത്രമേ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. മറ്റ് ലോക രാഷ്ട്രങ്ങളിൽ സ്വീകരിച്ചുവരുന്ന പ്രക്രിയയ്ക്ക് തുല്യമായോ അതിൽ കൂടുതലോ നിയമനിഷ്കർഷത പാലിച്ചാണ് രാജ്യത്ത് മരുന്ന് നിർമ്മാണ പ്രക്രിയ നടന്നുവരുന്നത്. സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്ന മരുന്നുകളുടെ 98%-ഉം അന്യ സംസ്ഥാനങ്ങളിൽ നിർമ്മിച്ച് വരുന്നതാണ്. അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നിരീക്ഷണത്തിൽ നിർമ്മിക്കപ്പെടുന്ന ഇത്തരം മരുന്നുകൾ മേൽ പറഞ്ഞ നിയമവ്യവസ്ഥകൾ പാലിച്ചാണ് നിർമ്മിക്കപ്പെടുന്നത്. സംസ്ഥാനത്ത് മരുന്നുകൾ വിപണനത്തിനായി എത്തിയതിനുശേഷം നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തിയും മരുന്നുകളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ആയതിന്റെ സാമ്പിളിംഗ് നടത്തിയും വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്. ഇത് രാജ്യത്തൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം

ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. നിർമ്മാണ ഘട്ടം മുതൽ പലവിധ പരിശോധനകൾക്ക് വിധേയമായിട്ടാണ് മരുന്നുകൾ നിർമ്മാതാക്കൾ വിപണനത്തിനായി എത്തിക്കുന്നത്. ഏകദേശം മൂന്ന് വർഷത്തോളം ഷെൽഫ് ലൈഫ് കാലാവധിയുള്ള മരുന്നുകൾ ഈ കാലാവധിയിലുടനീളം നിശ്ചിത ഗുണനിലവാരം പുലർത്തേണ്ടവയാണ്. എന്നാൽ ബാഹ്യ ഘടകങ്ങളായ അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നിവമൂലം രാസപരിണാമം ഉണ്ടാകുന്നതിലൂടെ മരുന്നുകളിൽ നിശ്ചിത ഗുണനിലവാര വ്യതിയാനം വരുന്നതായി കാണപ്പെടുന്നുണ്ട്. മൊത്തം പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകളുടെ 5%-ൽ താഴെ മാത്രമാണ് ഇപ്രകാരമുള്ള വ്യതിയാനങ്ങൾ. ഇത്തരം സന്ദർഭങ്ങളിൽ വ്യതിയാനങ്ങൾക്കുള്ള കാരണം കണ്ടുപിടിച്ച് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയെന്നതാണ് നിയമം അനുശാസിക്കുന്നത്. ഇത് വകുപ്പ് പാലിക്കുന്നുണ്ട്. എന്നാൽ മനഃപൂർവ്വമായി ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒറ്റപ്പെട്ട സംഭവങ്ങൾക്കെതിരെ കേന്ദ്ര-സംസ്ഥാന തലത്തിൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിനാൽ, വിപണിയിൽ ലഭ്യമാകുന്ന മരുന്നുകൾ ഉപയോഗിച്ചതുമൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നുള്ള ശാസ്ത്രീയമായ പഠന റിപ്പോർട്ടോ ഔദ്യോഗിക റിപ്പോർട്ടോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നിലവിലുള്ള സംവിധാനത്തിൽ തന്നെ സംസ്ഥാന വിപണിയിൽ നിരോധിക്കപ്പെട്ട മരുന്നുകൾ ലഭിക്കുന്നില്ലെന്ന ഉറപ്പ് വരുത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിലവിൽ നാൽപത്തിയേഴ് ഡ്രഗ്സ് ഇൻസ്പെക്ടർ, ആറ് സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ, ഏഴ് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, രണ്ട് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ തസ്തികകളാണ് നിലവിലുള്ളത്. ഇവരുടെ പ്രവർത്തനം വഴി നിരോധിക്കപ്പെട്ട മരുന്നുകൾ വിറ്റഴിക്കപ്പെടുന്നത് ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിയുന്നുണ്ട്.

(സി) സൈക്കോട്രോപ്പിക് സബ്സ്റ്റൻസുകളുടെ ഗണത്തിൽപ്പെട്ട മരുന്നുകളും നാർക്കോട്ടിക് മരുന്നുകളടങ്ങിയ കഫ് സിറപ്പുകളും വിപണിയിൽ ലഭ്യമാണ്. സൈക്കോട്രോപ്പിക് സബ്സ്റ്റൻസുകളിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള മരുന്നുകളെ ഷെഡ്യൂൾ എച്ച് 1 എന്ന പ്രത്യേക പട്ടികയിൽ ഉൾപ്പെടുത്തി ഇവയുടെ വിതരണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രമേ ഇത്തരം മരുന്നുകൾ വിപണനം ചെയ്യാൻ പാടുള്ളൂ. കൂടാതെ ഇവയുടെ വില്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ

വേണമെന്നും നിയമം നിഷ്കർഷിച്ചിട്ടുണ്ട്. പരിശോധനാ വേളകളിൽ പ്രസ്തുത രജിസ്റ്ററുകൾ പരിശോധിക്കുകയും നിയമ ലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആയതുകൊണ്ട് തന്നെ ഇത്തരം മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആർക്കും എളുപ്പത്തിൽ ലഭ്യമാകുന്ന സാഹചര്യം നിലവിലില്ല. ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിലവിലുള്ള ജീവനക്കാർ ഔഷധവ്യപാര സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ കർശനമായ പരിശോധനകൾ നടത്താറുണ്ട്. നിലവിലെ ഉദ്യോഗസ്ഥരെ കൊണ്ടുതന്നെ ഇത്തരം പരിശോധന നടത്തുവാൻ കഴിയുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ആകെയുള്ള 20000-ത്തോളം ഔഷധ വ്യാപാര സ്ഥാപനങ്ങളുടെ പരിശോധനകൾക്കായി നിലവിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരാണുള്ളത്. മരുന്നുകളുടെ നിർമ്മാണ വിതരണ വിപണനത്തെപ്പറ്റി വിലയിരുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള മഷേൽക്കർ കമ്മിറ്റി 2003-ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, 200 സ്ഥാപനങ്ങൾക്ക് ഒരു ഡ്രഗ് ഇൻസ്പെക്ടർ എന്ന അനുപാതമാണ് അഭികാമ്യമെന്ന് റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഈ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഡ്രഗ് ഇൻസ്പെക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇല്ല. കർശനമായ പരിശോധനകളിലൂടെ, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആന്റ് റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും ഔഷധവ്യാപാര സ്ഥാപനങ്ങൾ പാലിക്കുന്നുവെന്ന്, ഡ്രഗ്സ് കൺട്രോൾ വകുപ്പും അതിലൂടെ സർക്കാരും ഉറപ്പ് വരുത്തുന്നുണ്ട്.

## ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിന്റെ വിപുലീകരണം

302 (2257) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന കർക്കശമാക്കുന്നതിന്റെ ഭാഗമായി പുതിയ ലാബുകൾ തുടങ്ങുന്നതടക്കം ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ വിപുലീകരണം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകളുടെ ഗുണനിലവാര പരിശോധനയുടെ ഭാഗമായി പുതിയ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഇപ്പോൾ ആരംഭിച്ചിട്ടുള്ള എല്ലാ ലാബുകളും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ടെസ്റ്റിംഗ് വിഭാഗത്തിന്റെ പ്രവർത്തനക്ഷമതയിൽ ഗണ്യമായ പുരോഗമനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകളുടെ ഗുണനിലവാര പരിശോധനയുടെ ഭാഗമായി പുതിയ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**ഡ്രഗ്സ് കൺട്രോൾ ഇൻസ്പെക്ടർ തസ്തിക**

303 (2258) ശ്രീ. ഇ. കെ .വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഡ്രഗ്സ് കൺട്രോൾ ഇൻസ്പെക്ടർ തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) ധാരാളം കമ്പനികൾ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കപ്പെടുമ്പോൾ കൂടുതൽ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കുറിപ്പടി ഇല്ലാതെ മരുന്ന് വിൽക്കുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കാമോ;

(ഇ) കോഴിക്കോട് ജില്ലയിൽ ലഹരി പദാർത്ഥങ്ങൾ മെഡിക്കൽ സ്റ്റോറുകൾ വഴി വിറ്റതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിലവിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകളാണുള്ളത്.

(ബി) നിലവിൽ 8 ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്.

(സി) കൂടുതൽ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തിക അനുവദിക്കുന്ന വിഷയം തത്കാലം പരിഗണനയിലില്ല.

(ഡി) ഡ്രഗ്സ് &കോസ്മെറ്റിക്സ് റൂൾസ് പ്രകാരം മരുന്നുകളെ Schedule H, H1, X എന്നീ വിഭാഗത്തിലും ഇതുകൂടാതെ 'Over The Counter Products' ആയും തരം തിരിച്ചിട്ടുണ്ട്. ഇവയിൽ Schedule H, H1, X വിഭാഗത്തിൽപ്പെട്ട മരുന്നുകളാണ് കുറിപ്പടിയോടുകൂടി മാത്രം വിൽപ്പന നടത്തുവാൻ പാടുള്ളവയെന്ന് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ Schedule H1 വിഭാഗത്തിൽ ഉൾപ്പെട്ട മരുന്നുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ വേണമെന്നും നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ അവരുടെ പതിവ് പരിശോധനാവേളകളിൽ Schedule H1 രജിസ്റ്ററുകളും വാങ്ങൽ-വിൽപ്പന രേഖകളും പരിശോധിക്കുകയും നിയമ ലംഘനങ്ങൾ കണ്ടെത്തിയാൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ഇ) കോഴിക്കോട് ജില്ലയിൽ ലഹരി പദാർത്ഥങ്ങളോ അവ അടങ്ങിയ മരുന്നുകളോ വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

## കോന്നി മണ്ഡലത്തിലെ ഡ്രഗ്സ് കൺട്രോൾ ലാബ്

304 (2259) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഡ്രഗ്സ് കൺട്രോൾ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിലേയ്ക്ക് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനെ സംബന്ധിച്ചുള്ള ഫയലുകൾ ഏതെല്ലാം ഓഫീസിൽ പെന്റിംഗിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആയത് പരിഹരിച്ച് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായി 2015-16 വർഷം 4.80 കോടി രൂപയും 2016-17 വർഷം 30 ലക്ഷം രൂപയും ക്യാപ്പിറ്റൽ ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകുകയും കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ്, പൊതുമരാമത്ത് വകുപ്പിനോട്

ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇതുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷനും സ്ട്രക്ച്ചറൽ ഡിസൈനും പൂർത്തിയാക്കിയതായി അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ലാബ് പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സമുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട ഫയലുകൾ തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിലും പൊതുമരാമത്ത് വകുപ്പിന്റെ (കെട്ടിട വിഭാഗം), തിരുവനന്തപുരം ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലും പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലുമാണുള്ളത്.

(ഡി) പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടത് പ്രകാരമാണ് കെട്ടിട നിർമ്മാണത്തിനുള്ള കാലാവധി 17-8-2018 വരെ സർക്കാർ ദീർഘിപ്പിച്ചത്. ഈ കാലാവധി വീണ്ടും ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന് ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

## കാലാവധി കഴിഞ്ഞ മരുന്നുകളുടെ ദുരുപയോഗം

305 (2260) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി കഴിഞ്ഞ മരുന്നുകളിലെ പ്രസക്തമായ വിവരങ്ങൾ സമർത്ഥമായി തിരുത്തി വീണ്ടും വിപണിയിലെത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശാസ്ത്രീയമായി വിശകലനം ചെയ്ത് രോഗ നിവാരണത്തിന് അനിവാര്യമായ മരുന്ന് സംയുക്തങ്ങൾ മാത്രം വിപണിയിൽ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ;

(സി) കാലാവധി കഴിഞ്ഞ് പഴക്കം ചെന്ന മരുന്നുകൾ ശാസ്ത്രീയമായി സംസ്കരിക്കേണ്ട ചുമതല നിർമ്മാതാക്കളിൽ നിക്ഷിപ്തമാക്കാൻ സംസ്ഥാനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകുമെന്ന് അറിയിക്കാമോ;

(ഡി) രാജ്യത്ത് ഏറ്റവും കൂടുതൽ മരുന്നുകൾ ഉപയോഗിക്കുന്ന ജനവിഭാഗമെന്ന നിലയിൽ മലയാളികൾക്ക് ഇക്കാര്യത്തിലുള്ള ആശങ്ക പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാവുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നീണ്ടതും നൂതനമായതുമായ ശാസ്ത്രീയ പഠനങ്ങൾ (structure activity, pre-clinical & clinical studies) നടത്തി, പല ഘട്ടങ്ങളിലായി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു രാസപദാർത്ഥം മരുന്നായി കേന്ദ്ര സർക്കാർ അംഗീകരിക്കുന്നത്. ഇത്തരം സംവിധാനത്തിൽ രോഗ നിവാരണത്തിന് അനിവാര്യമായ മരുന്നു സംയുക്തങ്ങൾ മാത്രമാണ് വിപണനം ചെയ്യുന്നത്. ഇതു കൂടാതെ, മരുന്നിന് അംഗീകാരം നൽകിയശേഷം നാല് വർഷത്തോളം ഇതിന്റെ Post Marketing Surveillence Report-ഉം അതിനുശേഷം Pharmacovigilence റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് ഒരു മരുന്നിന് അംഗീകാരവും വിപണനാനുമതിയും നിലനിർത്തുന്നത്. പ്രസ്തുത റിപ്പോർട്ടുകളിൽ, ഗണ്യമായ തോതിൽ ADR (Adverse Drug Reaction), മറ്റ് ആരോഗ്യ പ്രശ്നങ്ങളോ കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന്റെ അംഗീകാരം പിൻവലിക്കാനും അവയുടെ വിപണനം നിരോധിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആൻഡ് റൂൾസ് പ്രകാരമാണ് മരുന്നു നിർമ്മാണം, സംഭരണം, വിതരണം/വിൽപ്പന എന്നിവ രാജ്യത്ത് നടത്തുന്നത്. കേന്ദ്ര സർക്കാർ നിയമം ഭേദഗതി ചെയ്ത് ഉൾപ്പെടുത്തിയാൽ മാത്രമേ, സംസ്ഥാനത്തും ഇത് ബാധകമാക്കുവാൻ സാധിക്കുകയുള്ളൂ. സംസ്ഥാന സർക്കാരിന് ഇതിൽ നിയമ നിർമ്മാണം നടത്താനുള്ള അധികാരമില്ല.

(ഡി) കാലാവധി കഴിഞ്ഞ മരുന്നുകൾ ഒന്നുംതന്നെ വിൽക്കപ്പെടുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരമായി പരിശോധനകളിലൂടെ ഉറപ്പു വരുത്തുന്നുണ്ട്. എന്നാൽ, വ്യാപാരശാലകളിൽനിന്നും തിരിച്ചെടുക്കുന്ന കാലാവധി കഴിഞ്ഞ മരുന്നുകൾ, രോഗികൾ ഉപയോഗിച്ചശേഷം വീടുകളിൽ ബാക്കിവരുന്ന മരുന്നുകൾ, അവയുടെ അലുമിനിയം സ്ട്രിപ്പുകൾ, പ്ലാസ്റ്റിക്ക് കുപ്പികൾ, സിറിഞ്ചുകൾ എന്നിവ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് നിലവിൽ വ്യക്തമായ നടപടിക്രമങ്ങൾ ഇല്ലാത്തതിനാൽ ഇവ മണ്ണ്, ജല മലിനീകരണത്തിനും ആന്റിബയോട്ടിക് റസിസ്റ്റൻസ് പോലുള്ള അവസ്ഥകൾക്കും കാരണമാകുന്നതായി കാണുന്നു. ഈ സാഹചര്യം ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി KARSAP (Kerala Antimicrobial Resistance Strategic Action Plan) എന്ന പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ ഓഫീസ്

306 (2261) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പുതിയ ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജനസംഖ്യയിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തുള്ള മലപ്പുറം ജില്ലയിൽ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ ഓഫീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളും തസ്തികകളും കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) തത്കാലം പരിഗണനയിൽ ഇല്ല.

(ബി&സി) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ജില്ലാ ഓഫീസ് മലപ്പുറം ജില്ലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ഓഫീസിൽ 3 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. നിലവിലെ ഉദ്യോഗസ്ഥരെ വച്ച് ടി ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വർക്കല പ്രകൃതി ചികിത്സാ ആശുപത്രി

307 (2262) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഏക പ്രകൃതി ചികിത്സാ കേന്ദ്രമായ വർക്കല പ്രകൃതി ചികിത്സാ ആശുപത്രി വികസിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയെ വികസിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും, 50 കിടക്കകളുള്ള ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനും, നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 4,45,60,000 (നാല് കോടി നാല്പത്തിയഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തികൾ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**ആയുർവേദ ആശുപത്രികളിൽ സിദ്ധ യൂണിറ്റുകൾ**

308 (2263) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ആശുപത്രികളിൽ സിദ്ധ യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് സിദ്ധ യൂണിറ്റുകൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയുർവേദ ആശുപത്രികളിൽ സിദ്ധ ചികിത്സ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സിദ്ധ യൂണിറ്റ് ഇല്ലാത്ത ആയുർവേദ ആശുപത്രികളിൽ സിദ്ധ യൂണിറ്റ് ഉൾപ്പെടെ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ സിദ്ധ ഡിസ്പെൻസറികൾ ഇല്ലാത്ത എട്ട് ജില്ലകളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജില്ലാ ആയുർവേദ ആശുപത്രികളോടനുബന്ധിച്ച് എട്ട് സിദ്ധ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനത്തിനായി താൽക്കാലിക അടിസ്ഥാനത്തിൽ ഓരോ മെഡിക്കൽ ഓഫീസറെയും ഓരോ അറ്റൻഡറേയും നിയമിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ ഇരുപത് കിടക്കകളുള്ള വള്ളക്കടവ് സർക്കാർ സിദ്ധ ആശുപത്രിയിലും , നെയ്യാറ്റിൻകര സർക്കാർ ആയുർവ്വേദ ആശുപത്രിയിലും, ഇടുക്കി ജില്ലയിലെ

തൊടുപുഴ ജില്ലാ ആയുർവ്വേദ ആശുപത്രിയിലും അറ്റാച്ച്ഡ് സിദ്ധ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ഓരോ സിദ്ധ ഡിസ്പെൻസറിയും വീതം മൊത്തം ഒൻപത് സിദ്ധ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2018-2019 സാമ്പത്തിക വർഷത്തെ പദ്ധതി തുക വിനിയോഗിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എട്ട് ജില്ലകളിൽ ജില്ലാ ആയുർവേദ ആശുപത്രികളോടനുബന്ധിച്ച് എട്ട് സിദ്ധ യൂണിറ്റും പ്രവർത്തിച്ചുവരുന്നുണ്ട്.

**ആയുർവേദ ഔഷധങ്ങൾ**

309(2264) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ആയുർവേദ ഔഷധങ്ങൾക്ക് അന്തർദ്ദേശീയ കമ്പോളത്തിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല എന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിയന്ത്രിത ഫെർമെന്റേഷനും മറ്റ് സങ്കേതങ്ങളും ഉപയോഗപ്പെടുത്തി തദ്ദേശിയ ആയുർവേദ ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടില്ല.

(ബി) ലൈസൻസുള്ള ആയുർവേദ ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം ഷെഡ്യൂൾ ടി നിലവാരം ഉറപ്പാക്കി ജി.എം.പി. സർട്ടിഫിക്കറ്റ് നേടിയാണ് പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്വന്തം ലബോറട്ടറി സംവിധാനം ഉപയോഗിക്കുകയോ അംഗീകൃത ആയുഷ് അപ്രൂവ്ഡ് ലാബിന്റെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നുണ്ട്. കേരളത്തിൽ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സമയബന്ധിതമായി നിർമ്മാണ സ്ഥാപനങ്ങൾ പരിശോധിച്ച് നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെയും ചേർക്കുന്ന അസംസ്കൃത വസ്തുക്കളുടെയും

സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേയ്ക്ക് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. കൂടാതെ ആയുർവേദ ഔഷധ വിൽപ്പന കേന്ദ്രങ്ങളും പരിശോധിച്ച് ഉത്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഗുണനിലവാരം ഇല്ലാത്ത ഔഷധം നിർമ്മിച്ച സ്ഥാപനത്തിനെതിരെ നിയമനടപടിയും വകുപ്പ് സ്വീകരിക്കാറുണ്ട്.

(സി) ആയുർവേദവും ആധുനിക ജൈവ സാങ്കേതികവിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കുന്ന പദ്ധതിക്കായി സർക്കാർ അനുമതി നൽകുകയും ആയതിനായി 2016-17-ൽ 50 ലക്ഷം രൂപയും 2017-18-ൽ 500 ലക്ഷം രൂപയും 2018-19-ൽ 600 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുകയും നാഷണൽ ആയുഷ് മിഷനെ ഈ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയമിക്കുകയുണ്ടായി. 20-3-2017-ലെ സ.ഉ(കൈ) നമ്പർ 09/2017/ആയുഷ് പ്രകാരം കണ്ണൂർ ജില്ലയിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉത്തരവ് നൽകി. ടി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) സമർപ്പിക്കുന്നതിന് കിറ്റ്കോയെന്ന ഒരു ഏജൻസിയെ നാഷണൽ ആയുഷ് മിഷൻ തെരഞ്ഞെടുക്കുകയും ആയതിനുള്ള അനുമതി സർക്കാർ നൽകുകയും ചെയ്തു. കൂടാതെ കണ്ണൂർ ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കല്യാട് വില്ലേജിൽ ടി പദ്ധതിക്കായി കണ്ടെത്തിയ 311.76 ഏക്കർ സ്ഥലത്തിൽ 36.56 ഏക്കർ സർക്കാർ ഭൂമി ഉൾപ്പെടെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കൈമാറ്റം ചെയ്യുന്നതിനും ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

### എന്റെ കൂട് പദ്ധതി

310 (2265) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ 'എന്റെ കൂട് പദ്ധതി എല്ലാ ജില്ലകളിലും തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിരാലംബരായ സ്ത്രീകൾക്കും 12 വയസ്സിന് താഴെയുള്ള കുട്ടികൾക്കും രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കാൻ താത്ക്കാലികമായ ഒരു ഇടം എന്ന ആശയമാണ് "എന്റെ കൂട്" പദ്ധതിയുടെ കാതൽ. നിലവിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) എന്റെ കൂട് പദ്ധതി സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് മറ്റ് വകുപ്പുകളുടെ പ്രത്യേകിച്ച് പോലീസ്, റവന്യൂ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളത്.

**ഡേ കെയർ, ബേബി കെയർ സെന്റർ**

311 (2266) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡേ കെയർ, ബേബി കെയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; അതിൽ എത്ര സെന്ററുകൾ സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്യാത്ത എത്ര സെന്ററുകളുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത ഡേ കെയർ, ബേബി കെയർ സ്ഥാപനങ്ങൾ കുട്ടികളിൽ നിന്നും അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്, അവയിൽ എന്ത് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഡേ കെയർ, ബേബി കെയർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കുട്ടികളുടെ സുരക്ഷയും, ആരോഗ്യസംരക്ഷണത്തിനുമാവശ്യമായ സംവിധാനങ്ങളും ഉണ്ടോയെന്ന് സർക്കാർ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്, വിശദമാക്കുമോ;

(ഡി) ഡേ കെയർ, ബേബി കെയർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഏകീകൃത അഡ്മിഷൻ ഫീസും അഡ്വാൻസ് ഫീസും നടപ്പിലാക്കുവാൻ സർക്കാർ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ – ഡി) വിവരം ശേഖരിച്ചു വരുന്നു.

## അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനം

312 (2267) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾക്ക് ഭൂമി വാങ്ങാനും കെട്ടിടം നിർമ്മിക്കാനുമുള്ള പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി അങ്കണവാടി കെട്ടിട നവീകരണം, അങ്കണവാടി കെട്ടിട നിർമ്മാണം, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് നിർമ്മാണം, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, പാചക വാതക കണക്ഷൻ, വെയിംഗ് മെഷീനുകൾ, കിടക്ക, കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ എന്നീ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നുള്ള പദ്ധതികളും ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

I. അങ്കണവാടി കെട്ടിട നവീകരണം

ശോചനീയാവസ്ഥയിലുള്ള അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനം സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. അങ്കണവാടികൾക്ക് ഒരു ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നവീകരണ പ്രവർത്തനങ്ങളും ചെയ്യുന്നു. അങ്കണവാടി കെട്ടിട നവീകരണത്തിൽ Plumbing, Electrification, flooring ചുറ്റുമതിൽ നിർമ്മാണം, മറ്റ് സാനിട്ടറി പണികൾ മുതലായവ ഉൾപ്പെടുന്നു.

II. <u>അങ്കണവാടി കെട്ടിട നിർമ്മാണം</u>

(i) <u>മാതൃകാ അങ്കണവാടി</u>: കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, അമ്മമാർ, വയോജനങ്ങൾ എന്നിവർ ഉൾപ്പെടുന്ന മൂന്ന് തലമുറകൾക്ക് (3 generation) മാതൃകാ അങ്കണവാടിയിലൂടെ സേവനങ്ങൾ നൽകുന്നു. ഓരോ നിയോജകമണ്ഡലത്തിലും ഒന്നുവീതം മാതൃകാ അങ്കണവാടി 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട MLA യുടെ ശിപാർശയുടെ അടിസ്ഥാനത്തിലും അനുവദിച്ചുവരുന്നു.

(ii) <u>സംസ്ഥാന പദ്ധതി വിഹിതം</u>: സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന പദ്ധതി വിഹിതത്തിലുൾപ്പെടുത്തി കെട്ടിടം നിർമ്മിച്ചുവരുന്നു.

(iii) <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS)</u>: കേന്ദ്രസർക്കാരിന്റെ സഹകരണത്തോടുകൂടി MGNREGS മായി ചേർന്ന് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

III. <u>ശിശു സൗഹൃദ ടോയ്‌ലെറ്റ് നിർമ്മാണം</u>

96.14% അങ്കണവാടികളിൽ സ്വന്തമായി ടോയ്‌ലെറ്റ് സൗകര്യം ഉണ്ട്. ബാക്കിയുള്ള അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലെറ്റ് നിർമ്മാണത്തിനായി 12,000 രൂപ അനുവദിക്കുന്ന പദ്ധതിയിൽ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ട് വഹിക്കുന്നു.

IV. <u>കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ</u>

73.66% അങ്കണവാടികൾക്ക് സ്വന്തമായി കുടിവെള്ള സൗകര്യം ഉണ്ട്. ബാക്കിയുള്ളവയിൽ ഒരു അങ്കണവാടിക്ക് 10,000 രൂപ വീതം കുടിവെള്ള സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതി നിലവിലുണ്ട്. ടി പദ്ധതിയിൽ 60% കേന്ദ്രസർക്കാരും 40% സംസ്ഥാന സർക്കാരും ഫണ്ട് വഹിക്കുന്നു.

അങ്കണവാടി കണ്ടിജൻസി ഫണ്ടിൽ ഒരു അങ്കണവാടിക്ക് പ്രതിവർഷം 2000 രൂപ നിരക്കിൽ ഉൾപ്പെടുത്തി ഓരോ അങ്കണവാടിക്കും ശുചീകരണത്തിനും, ഷീറ്റ്, പായ, നോട്ട്ബുക്ക്, ബ്ലാക്ക്ബോർഡ് മുതലായവയും മറ്റ് അവശ്യ സാധനങ്ങളും വാങ്ങി നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ഉപയോഗിച്ച് ശിശു സൗഹൃദ പെയിന്റിംഗ്, അറ്റകുറ്റപ്പണി എന്നിവയും ചെയ്യുന്നു.

(ബി) സ്വന്തമായി ഭൂമിയും കെട്ടിടവുമില്ലാത്ത അങ്കണവാടികൾക്ക് ഭൂമി വാങ്ങാനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതികളൊന്നും വനിതാ ശിശുവികസന വകുപ്പിൽ നിലവിലില്ല. സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതിന് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, തനത് ഫണ്ട്, ഇതിലേതെങ്കിലും വിനിയോഗിച്ച കൊണ്ട് പ്രോജക്ട് വയ്ക്കുന്നു. കണ്ടെത്തുന്ന സ്ഥലത്തിന് റവന്യൂ അധികാരികൾ നിശ്ചയിക്കുന്ന തുകയുടെ 30% വരെ അധികമായി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.

**അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിൽ മാതൃക അങ്കണവാടി**

313 (2268) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിൽ നിർമ്മിക്കുന്നതിനായുള്ള മാതൃക അങ്കണവാടിക്ക് എത്ര രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്; ആയതിലേക്ക് എം.എൽ.എ. ഫണ്ട് വിഹിതം എത്രയാണ്;

(ബി) ഇതുസംബന്ധിച്ച് എം.എൽ.എ. ഫണ്ട് വിഹിതത്തിനായുള്ള കത്തും മറ്റു രേഖകളും എല്ലാം സമർപ്പിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതി നൽകി നിർമ്മാണം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് എത്രയും വേഗം ഭരണാനുമതി നൽകി നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ 65-ാം നമ്പർ മോഡൽ അങ്കണവാടിയുടെ എസ്റ്റിമേറ്റ് തുക 30 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ആയതിലേയ്ക്ക് MLA ഫണ്ട് വിഹിതമായി 13 ലക്ഷം രൂപ വഹിക്കാമെന്ന് പ്രസ്തുത നിയോജകമണ്ഡലം MLA അറിയിച്ചിട്ടുണ്ട്.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## വർക്കല നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

314(2269) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ എത്ര അങ്കണവാടികൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവയിൽ സ്വന്തമായി ഭൂമിയുള്ളതും കെട്ടിടമുള്ളതുമായ അങ്കണവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണഫണ്ട് അനുവദിക്കുന്നതിനായി സ്വന്തമായി സ്ഥലമുള്ള എത്ര അങ്കണവാടികളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച അങ്കണവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിൽ 222 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ICDS പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| കിളിമാനൂർ അഡീഷണൽ | മടവൂർ<br>നാവായിക്കുളം<br>പള്ളിക്കൽ | 22<br>41<br>18 |
| ആകെ | | 81 |
| വർക്കല | ചെമ്മരത്തി<br>വെട്ടൂർ | 31<br>20 |
| ആകെ | | 51 |
| വർക്കല അഡീഷണൽ | ഇടവ<br>ഇലകമൺ<br>മുൻസിപ്പാലിറ്റി | 25<br>24<br>41 |
| ആകെ | | 90 |

ആകെ അങ്കണവാടികൾ -222

(ബി) സ്വന്തമായി ഭൂമിയുള്ളതും കെട്ടിടമുള്ളതുമായ അങ്കണവാടികളുടെ വിവരങ്ങൾ അനുബന്ധം I-ഉം കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ വിവരങ്ങൾ അനുബന്ധം II-ഉം ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി)

| ICDS പ്രോജക്ട് | പഞ്ചായത്ത് | കെട്ടിട നിർമ്മാണഫണ്ട് അനുവദിക്കുന്നതിനായി ലഭിച്ച സ്വന്തമായി സ്ഥലമുള്ള അങ്കണ വാടികളുടെ അപേക്ഷകളുടെ എണ്ണം | ഫണ്ട് അനുവദിച്ച അങ്കണ വാടികൾ | അഭിപ്രായം |
|---|---|---|---|---|
| കിളിമാനൂർ അഡീഷണൽ | നാവായിക്കുളം | 3 | 2(AWC No. 46, AWC No.78) | |
| വർക്കല | NIL | | | |
| വർക്കല അഡീഷണൽ | ഇടവ മുനിസിപ്പാലിറ്റി | 3<br>4 | | ഷം 125 AWC കൾക്ക് കെട്ടിടം നിർമ്മി ക്കുന്നതിനാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നത്. വർക്കല നിയോജക മണ്ഡലത്തിലെ 2 AWC ടി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ പ്രളയത്തിലെ പൂർണ്ണമായി നശിച്ച AWCs കൾക്ക് ടി ഫണ്ട് മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ വർക്കല നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ ഈ സാമ്പത്തിക വർഷം പരിഗണിക്കാൻ സാധിച്ചിട്ടില്ല. |

## വൈപ്പിൻ മണ്ഡലത്തിലെ അങ്കണവാടികൾ

315 (2270) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത അങ്കണവാടികൾ എത്രയാണ്; അവ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും കണ്ടെത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ആകെ പ്രവർത്തിക്കുന്ന അങ്കണവാടികൾ -218

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കെട്ടിടവും സ്ഥലവും ഇല്ലാത്ത അങ്കണവാടികൾ - 91 (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.)*

(സി) 1. വൈപ്പിൻ ഐ.സി.ഡി.എസ്. -ൽ ALMSC (Anganvadi Level Monitoring Supporting Committee)-യുടെയും പ്രാദേശിക സഹകരണത്തോടും ഗ്രാമപഞ്ചായത്തുകളുടെ സഹകരണ ത്തോടും കൂടി സ്ഥലം കണ്ടെത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ഇടപ്പള്ളി ഐ.സി.ഡി.എസ്. പ്രോജക്ടിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഒരു അങ്കണവാടിക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്.

3. മുളവുകാട് പഞ്ചായത്തിൽ 4 അങ്കണവാടികൾക്ക് പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്.

4. ഇടപ്പള്ളി അഡീഷണൽ ഐ.സി.ഡി.എസ്.-ലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ കൊച്ചി താലൂക്കിൽ നിന്നും 20 അങ്കണവാടികൾക്ക് പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്.

5. പുറമ്പോക്ക്/സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി/ ഉപേക്ഷിച്ച റോഡ് എന്നിവ കണ്ടെത്തി അങ്കണവാടി കെട്ടിടം പണിയുന്നതിനായി വകുപ്പിന് കൈമാറുന്നതിന് ചീഫ് സെക്രട്ടറി മുഖേന ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

6. 10 സെന്റ് സ്ഥലം കണ്ടെത്തി MLA ശിപാർശ ചെയ്യുന്ന പക്ഷം MLA ഫണ്ട് ഉപയോഗിച്ച് മാതൃക അങ്കണവാടി നിർമ്മിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**ശരണബാല്യം**

316 (2271) ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലഭിക്ഷാടനം, ബാലവേല തുടങ്ങിയവ തടയുന്നതിനായി ശരണബാല്യം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളതെന്നും ഇത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ ജില്ലാകളക്ടർ അദ്ധ്യക്ഷനായി ടാസ്ക് ഫോഴ്സ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിനും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെയും എന്തെല്ലാം പ്രത്യേക പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഇ) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ശരണബാല്യം പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും സ്റ്റേക്ക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ പരിശീലന പരിപാടികൾ, സ്കൂൾ തലത്തിലുള്ള ലഹരി വിമുക്ത ക്ലബ്ബുമായി ചേർന്നുള്ള പരിപാടികൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ഫോക്കസ് ഡിസ്കഷൻ ഗ്രൂപ്പ് സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നുണ്ട്.

(ഇ) പോലീസ്, തൊഴിൽ വകുപ്പ്, വനം വകുപ്പ്, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, എക്സൈസ്, വിദ്യാഭ്യാസ വകുപ്പ്, കുടുംബശ്രീ, റെയിൽവേ എന്നീ വകുപ്പുകളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

## അംഗപരിമിതർക്കുള്ള സംസ്ഥാന കമ്മീഷണറേറ്റ് ഓഫീസ് സ്റ്റാഫ് പാറ്റേൺ

317 (2272) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗ പരിമിതർക്കുള്ള സംസ്ഥാന കമ്മീഷണറേറ്റിൽ ഓഫീസ് നിർവ്വഹണത്തിനുള്ള സ്റ്റാഫ് പാറ്റേൺ സൂഌ്ത്ത് വിശദമാക്കാമോഃ

(ബി) സ്ഥിരം സ്റ്റാഫ്, ഡെപ്യൂട്ടേഷൻ സ്റ്റാഫുകളുടെ എണ്ണം വിശദമാക്കാമോ;

(സി) നിലവിലുള്ള സ്റ്റാഫ് ഓഫീസ് നിർവ്വഹണത്തിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നിയമനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറെ കൂടാതെ കമ്മീഷണറേറ്റിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്:

1. Administrative Officer- 1 (In the rank of Deputy Secretary)

2. Finance Officer - 1 (In the rank of Deputy Secretary)

3. Section Officer -1

4. UD Clerk/ LD Clerk/ Typist - 2

5. Confidential Assistant -1

6. Office Attendant -1

7. Driver -1

(ബി) കമ്മീഷണറേറ്റിൽ സ്ഥിരം ജീവനക്കാർ ഇല്ല. മേൽപ്പറഞ്ഞ തസ്തികകളിൽ ആദ്യത്തെ നാല് വിഭാഗത്തിലും നിലവിൽ അന്യത്ര സേവന വ്യവസ്ഥയിലും ബാക്കി വിഭാഗങ്ങളിൽ നിലവിൽ ദിവസ വേതനാടിസ്ഥാനത്തിലുമാണ് ജീവനക്കാർ ജോലി ചെയ്യുന്നത്.

(സി&ഡി) അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള കമ്മീഷണറുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുകയും നിലവിലെ സാഹചര്യത്തിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

**അനാഥരും ഭിന്നശേഷിക്കാരുമായ കുട്ടികളുടെ സംരക്ഷണം**

318 (2273) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന് :</u>
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥരും ഭിന്നശേഷിക്കാരുമായ കുട്ടികളെ ദത്തെടുത്ത് സംരക്ഷിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം കുട്ടികളുടെ ശാരീരിക, മാനസിക അവസ്ഥകൾക്കനുസരിച്ചുള്ള ഭൗതിക സൗകര്യങ്ങളോടുകൂടിയ സംരക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. ഇതുസംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## ജൂവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും

319 (2274) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുനഃസംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത കമ്മിറ്റികൾ പുതുതായി രൂപീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) 14 ജില്ലകളിലെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജൂവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും കാലാവധി കഴിഞ്ഞതിനെത്തുടർന്ന്, പ്രസ്തുത കമ്മിറ്റികളും ബോർഡുകളും പുനഃസംഘടിപ്പിക്കുന്നതിന് ബാലനീതി നിയമം 2015 പ്രകാരം റിട്ടയേർഡ് ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർപേഴ്സണായി സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പിന്നീട് ജസ്റ്റിസ് കെ.കെ. ദിനേശൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാനായി നിയമിതനായ സാഹചര്യത്തിൽ റിട്ടയേർഡ് ജസ്റ്റിസ് വി.കെ. മോഹനനെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജൂവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി ചെയർപേഴ്സണായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പുതിയ ബാലനീതി നിയമം നിലവിൽ വന്നതിനാൽ ജൂവനൈൽ ജസ്റ്റിസ് നിയമം 2000 പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റുകളും, അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും റദ്ദ് ചെയ്ത്, 14 ജില്ലകളിലെയും ജൂവനൈൽ ജസ്റ്റിസ് ബോർഡുകളും എറണാകുളം ഒഴികെയുള്ള ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുനഃസംഘടിപ്പിക്കാൻ അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു.

ഈ ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, ബാലനീതി നിയമം -2000 അനുസരിച്ച് രൂപീകരിച്ച മുൻ സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചിലർ ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ പ്രസ്തുത കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**കുട്ടികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് നടപടി**

320 (2275) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളെ സംബന്ധിച്ച് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി അവരുടെ കടമ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) സംസ്ഥാനത്ത് നടക്കുന്ന പല പ്രതിഷേധ സമരങ്ങൾക്കും മുമ്പിൽ കുട്ടികളെ മനുഷ്യ പരിചയായി ഉപയോഗിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനം റിവ്യൂ ചെയ്യുക, ഓരോ മൂന്ന് മാസം കൂടുമ്പോഴും ത്രൈമാസ പുരോഗതി റിപ്പോർട്ട് പരിശോധിക്കുക, ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പരാതികൾ, പരാതി പരിഹാരം എന്നിവയ്ക്കുള്ള അധികാരം ജില്ലാ മജിസ്ട്രേറ്റിനാണ്. ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ ഉത്തരവിന്മേൽ പരാതിയുള്ള പക്ഷം സെഷൻസ് കോർട്ടിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(ബി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

## സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാരുടെ സംവരണം

321 (2276) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാരുടെ മൂന്ന് ശതമാനം സംവരണ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി തുടർന്നുവരുന്ന മാനദണ്ഡങ്ങളിൽ സുപ്രീം കോടതിയുടെ 2013-ലെ വിധി പ്രകാരം വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഭിന്നശേഷിക്കാരുടെ സംവരണത്തിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംവരണം നിശ്ചയിക്കുമ്പോൾ ബാക്ക്‌ലോഗ് പരിഗണിക്കുമെന്ന് അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത് പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ഇതിന് നേരിടുന്ന തടസ്സങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാരുടെ 3% സംവരണ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി തുടർന്നുവരുന്ന മാനദണ്ഡങ്ങളിൽ സുപ്രീംകോടതിയുടെ 2013 -ലെ വിധിയുടെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 1996 മുതൽ നൽകിയും 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിൽ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്.

(ബി) ഭിന്നശേഷിക്കാർക്ക് സർക്കാർ സംരംഭങ്ങളിൽ സംവരണം ഉറപ്പാക്കുന്നതിന് 1995-ലെ Person with Disabilities (Equal Opportunities Protection of Rights and Full Participation) Act-ലെ വ്യവസ്ഥകളും തുടർന്ന് 2016 -ലെ The Rights of Person with Disabilities Act -ലെ വ്യവസ്ഥകളുമാണ് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ.

(സി&ഡി) ഭിന്നശേഷിക്കാരുടെ നിയമനത്തിൽ ബാക്ക്‌ലോഗ് കണ്ടെത്തുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഇത് പാലിക്കപ്പെടുന്നുണ്ടോ എന്ന വിവരം അറിയാൻ സാധിക്കുകയുള്ളൂ.

**അംഗപരിമിതരുടെ അവകാശങ്ങൾ**

322 (2277) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾ, സർവ്വകലാശാല പോലെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ അംഗപരിമിതർക്കായി എന്തെല്ലാം അവകാശങ്ങളാണ് നിലവിലുള്ളത്; വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അംഗപരിമിതർക്ക് നടപ്പിലാക്കിവരുന്ന ജോലി സംവരണത്തെക്കുറിച്ച് വിശദമാക്കാമാ;

(സി) സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ട്രാൻസ്ഫർ സംബന്ധിച്ച് അംഗപരിമിതർക്ക് പ്രത്യേകമായി വ്യവസ്ഥകൾ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) The Rights of Persons with Disabilities Act, 2016 പ്രകാരം സർക്കാർ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലുമുൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങളിലും അംഗപരിമിതർക്ക് അർഹമായ അവകാശങ്ങൾ ചുവടെ ചേർക്കുന്നു:

1. ആക്ട് സെക്ഷൻ 23 പ്രകാരം എല്ലാ ഗവൺമെന്റ് എസ്റ്റാബ്ലിഷ്മെന്റുകളിലും ഭിന്നശേഷിക്കാരെ കേൾക്കുന്നതിനായി ഗ്രീവൻസ് റിഡ്രസൽ ഓഫീസറുടെ സേവനം ലഭ്യമായിരിക്കേണ്ടതാണ്.

2. ആക്ട് സെക്ഷൻ 32 പ്രകാരം ഉന്നത വിദ്യാഭ്യാസത്തിന് 5%-ൽ കുറയാത്ത സംവരണത്തിന് അംഗപരിമിതർ അർഹരാണ്.

3. ആക്ട് സെക്ഷൻ 34 പ്രകാരം എല്ലാ ഗവൺമെന്റ് എസ്റ്റാബ്ലിഷ്മെന്റുകളിലും ആകെ കേഡർ സ്ട്രെങ്ത്തിന്റെ 4%-ൽ കുറയാത്ത സംവരണം അംഗപരിമിതർക്കുള്ളതാണ്.

കൂടാതെ ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന എല്ലാ അവകാശങ്ങൾക്കും അംഗപരിമിതർ അർഹരാണ്.

(ബി) Persons with Disabilities Act (Equal Opportunities Protection of Rights and Full Participation) 1995 പ്രകാരം നിലവിൽ സർക്കാർ സർവ്വീസിൽ അംഗപരിമിതർക്ക് 3%സംവരണം നൽകിവരുന്നു. The Rights of Persons with Disabilities Act, 2016 പ്രകാരം എല്ലാ ഗവൺമെന്റ് എസ്റ്റാബ്ലിഷ്മെന്റുകളിലും 4%-ൽ കുറയാത്ത തൊഴിൽ സംവരണത്തിന് അംഗപരിമിതർക്ക് അർഹതയുണ്ട്. ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 11 -ൽ പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ/പരിരക്ഷിക്കപ്പെട്ടവരോ) ആയ വിഭാഗങ്ങൾ അനുബന്ധ പ്രകാരം നിശ്ചയിച്ചുകൊണ്ടും പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. പ്രത്യേക മുൻഗണനാവിഭാഗങ്ങളുടെ ലിസ്റ്റിൽ അംഗപരിമിതരായ ജീവനക്കാരെ മൂന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക മുൻഗണന അർഹിക്കുന്ന വിഭാഗങ്ങളിൽ 60%-നുമേൽ ഡിസെബിലിറ്റി ഉള്ളവർക്ക് 5 വർഷത്തേയ്ക്ക് പൊതു സ്ഥലം മാറ്റത്തിൽ സംരക്ഷണം നൽകുന്നതോടൊപ്പം കാലാവധി അവസാനിക്കുമ്പോൾ 60% മേൽ ഡിസെബിലിറ്റി ഉള്ളവർ അവകാശവാദം ഉന്നയിച്ചാൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകും എന്നുകൂടി ചേർത്തുകൊണ്ട് 29-8-2017-ലെ സ.ഉ(എം.എസ്)നമ്പർ 18/2017 ഉ.ഭ.പ.വ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വയംഭരണ സ്ഥാപനങ്ങളിലെ ട്രാൻസ്ഫർ വ്യവസ്ഥകൾ അതാത് വകുപ്പുകളിൽ നിന്നാണ് പുറപ്പെടുവിക്കുന്നത്.

## തിരുവനന്തപുരം മെഡിക്കൽ ബോർഡിന് മുന്നിൽ ഭിന്നശേഷിക്കാരുടെ പരിശോധന

323 (2278) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടക്കുന്ന മെഡിക്കൽ ബോർഡിന് മുന്നിൽ പ്രതിമാസം ശരാശരി എത്ര ഭിന്നശേഷിക്കാർ പരിശോധനയ്ക്ക് എത്തുന്നുണ്ട്; വെളിപ്പെടുത്തുമോ;

(ബി) മെഡിക്കൽ ബോർഡ് യോഗം ചേരുന്ന മുറിയിലേക്ക് അംഗപരിമിതർക്ക് എത്താനുള്ള ബാരിയർ ഫ്രീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) രണ്ടാം നിലയിലെ പരിശോധന മുറിയിൽ എത്താൻ ബുദ്ധിമുട്ടാണെന്ന പരാതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രതിമാസം ശരാശരി 225 ഭിന്നശേഷിക്കാർ പരിശോധനയ്ക്ക് എത്താറുണ്ട്.

(ബി) മെഡിക്കൽ ബോർഡ് യോഗം ചേരുന്ന മുറിയുടെ തൊട്ടുമുമ്പിൽ വരെ വാഹനവും വീൽചെയറും എത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പരിശോധനാ മുറി സംബന്ധിച്ച് പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ ബോർഡിനായുള്ള പരിശോധനാ മുറി ഡോർമെട്രിയുടെ താഴത്തെ നിലയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

## അനാഥാലയങ്ങൾ പ്രവർത്തിപ്പിക്കുന്നതിലെ ബുദ്ധിമുട്ടുകൾ

324 (2279) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലനീതി നിയമം (2015) പ്രകാരം അനാഥാലയങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയതിനെ തുടർന്ന് അനാഥാലയങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനാഥാലയങ്ങൾ നിർത്തലാക്കുകയാണ് എന്ന് കാണിച്ച് എത്ര അപേക്ഷകളാണ് സാമൂഹ്യനീതി വകുപ്പിന് ലഭിച്ചിട്ടുള്ളത്;

(സി) ഇത്തരത്തിൽ നിർത്തലാക്കാൻ നോട്ടീസ് നൽകിയ അനാഥാലയങ്ങളിലെ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കാമോ;

(ഡി) ടി സ്ഥാപനങ്ങളിലെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഓർഫനേജ് കൺട്രോൾ ബോർഡിന് 340 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 36 സ്ഥാപനങ്ങൾ നിർത്തലാക്കുകയാണെന്ന് കാണിച്ച് വനിത-ശിശുക്ഷേമ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങളിലെ കുട്ടികളെ സർക്കാർ നേരിട്ട് നടത്തുന്നതടക്കമുള്ള മറ്റു ശിശുസംരക്ഷണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതിനും, അച്ഛനമ്മമാർ ഉള്ളതും, സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഹോമുകളിൽ കഴിഞ്ഞിരുന്നതുമായ കുട്ടികൾക്ക് സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) പരിഗണനയിലില്ല.

**ബാലമന്ദിരങ്ങളുടെ രജിസ്ട്രേഷൻ**

325 (2280) <u>ശ്രീ. പാറക്കൽ അബ്ദുല്ല :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലനീതി നിയമപ്രകാരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 2018 മേയ് 31-ന് അവസാനിച്ചപ്പോൾ സംസ്ഥാനത്ത് 295 ബാലമന്ദിരങ്ങൾ അടച്ചുപൂട്ടേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ ബാലനീതി നിയമത്തിലെ ചില വ്യവസ്ഥകളാണ് സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യം സൃഷ്ടിക്കുന്നതെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഈ വ്യവസ്ഥകളിൽ ഇളവ് വരുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(ഡി) ഇല്ലെങ്കിൽ സംസ്ഥാനത്തെ ബാലമന്ദിരങ്ങളുടെയും അതിലെ അന്തേവാസികളുടെയും സംരക്ഷണം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബാലനീതി നിയമത്തിലെ ചില വ്യവസ്ഥകൾമൂലം സ്ഥാപനങ്ങൾ തുടർന്ന് കൊണ്ടുപോകാൻ കഴിയുകയില്ലെന്നാണ് സ്ഥാപനം നിർത്തലാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ കാരണമായി ചൂണ്ടിക്കാണിച്ചത്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങളിലെ കുട്ടികളെ സർക്കാർ നേരിട്ട് നടത്തുന്നതടക്കമുള്ള മറ്റ് ശിശുസംരക്ഷണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതിനും, അച്ഛനമ്മമാർ ഉള്ളതും, സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഹോമുകളിൽ കഴിഞ്ഞിരുന്നതുമായ കുട്ടികളെ സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**ഭിന്നശേഷിക്കാരുടെ ഉന്നമനം**

326 (2281) <u>ശ്രീ. ബി. സത്യൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ എണ്ണം സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടുണ്ടോ; എത്ര ഭിന്നശേഷിക്കാരാണ് നിലവിലുള്ളത്;

(ബി) ഇവരിൽ നിരക്ഷരരായ ആളുകളുണ്ടോ; ഇവരുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2015 വർഷത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തിയ അംഗപരിമിത സെൻസസ് പ്രകാരം സംസ്ഥാനത്താകെയായി 7,93,937 ഭിന്നശേഷിക്കാരുണ്ട്.

(ബി) 2015-ലെ ഡിസെബിലിറ്റി സെൻസസ്സ് പ്രകാരം ആകെ അംഗപരിമിതരിൽ 166,800 പേർ വിദ്യാഭ്യാസം ഇല്ലാത്തവരാണ്. അംഗപരിമിതരുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്ന 'വിദ്യാജ്യോതി ' പദ്ധതി, അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' പദ്ധതി, ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, ഭിന്നശേഷിക്കാരായവർക്ക് തുല്യത പരീക്ഷ എഴുതുന്നതിനുള്ള

ധനസഹായ പദ്ധതി എന്നിവ നടപ്പാക്കുന്നു. കൂടാതെ വകുപ്പിന് കീഴിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ മുഖേനയും സർക്കാരിതര ഏജൻസികൾക്ക് ധനസഹായം നൽകിയും അംഗപരിമിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകിവരുന്നു.

**ഭിന്നശേഷിക്കാരുടെ താൽക്കാലിക നിയമനം**

327 (T*2282) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ താൽക്കാലിക നിയമനം കിട്ടി വിവിധ വകുപ്പുകളിൽ ജോലി ചെയ്തുവരുന്ന ഭിന്നശേഷിക്കാരുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഏതുവർഷംവരെ താൽക്കാലികമായി ജോലി ചെയ്തവരെയാണ് സ്ഥിരമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പുതുതായി ഭിന്നശേഷിക്കാരെ സ്ഥിരമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 31-12-2003 വരെ താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന പുനർനിയമനം നൽകിവരുന്നു.

(സി) ഇല്ല.

**ഭിന്നശേഷിക്കാർക്ക് ഉപരിപഠനത്തിനുള്ള സംവരണം**

328 (2283) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് എത്ര ശതമാനം സംവരണമാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് സംവരണമുള്ളതെന്ന് വിശദമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) The Rights of Persons with Disabilities Act 2016 Section 32 പ്രകാരം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് 5%-ൽ കുറയാത്ത സംവരണത്തിന് അർഹതയുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് 2016

329 (2284) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് 2016 എന്ന കേന്ദ്ര നിയമം 2017 ഏപ്രിൽ 19-ന് നിലവിൽ വന്നതിനെ തുടർന്ന് സംസ്ഥാനങ്ങൾ അനുബന്ധ റൂൾസ് രൂപീകരിക്കണമെന്ന നിബന്ധന കേരളം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള റൂൾസ് രൂപീകരിക്കുന്നതിനായി ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇത് നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന ചട്ടത്തിന്റെ കരട് രൂപീകരണവുമായി ബന്ധപ്പെട്ട് 6-6-2017-നും 11-1-2018-നും ഡയറക്ടറേറ്റ് തലത്തിൽ അംഗപരിമിത മേഖലയിലെ വിവിധ വിദഗ്ദ്ധരെ ഉൾപ്പെടുത്തി writeshop, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുകയും കൂടാതെ ഇതിലേയ്ക്കായി 2017 ജൂൺ 16, 17 തീയതികളിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന writeshop നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടത്തിന്റെ കരട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കരട് ചട്ടം, നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

## പ്രളയബാധിത മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ

330 (2285) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ബാധിത മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ബി) പത്തനംതിട്ട ജില്ലയിലെ ആറന്മുള മണ്ഡലത്തിലെ പ്രളയ ബാധിത മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്* .

(ബി) പ്രളയബാധിത മേഖലയിൽ ഉൾപ്പെട്ട സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ എന്നിവർക്ക് ആവശ്യമായ തുടർ കൗൺസിലിംഗ് സേവനങ്ങൾ സ്കൂൾ കൗൺസിലർമാർ, ഓർഫനേജ് കൗൺസിലേഴ്സ് എന്നിവർ മുഖേന നടത്തിവരുന്നുണ്ട്. പ്രളയത്തിൽ തൊഴിൽ നഷ്ടമായ ഭിന്നശേഷിക്കാരിൽ പത്തനംതിട്ട ജില്ലയിൽ നിന്നും അർഹരായ 5 പേരെ തെരഞ്ഞെടുത്തതിൽ 2 പേർ ആറന്മുള മണ്ഡലത്തിൽ ഉൾപ്പെട്ടവരാണ്. ടിയാളുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. പ്രളയബാധിത പ്രദേശങ്ങളിൽ ഉപജീവന കിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് തഹസീൽദാർമാരിൽ നിന്നും കൈമാറി കിട്ടിയ ലിസ്റ്റിൽ നിന്നും BPL, വിധവകൾ, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവർ, കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാർ, SC/ST വിഭാഗത്തിൽ ഉൾപ്പെട്ടവർ, അഗതികൾ, സ്ത്രീ കേന്ദ്രീകൃത കുടുംബങ്ങൾ എന്നിവരെ കണ്ടെത്തുന്നതിന് അങ്കണവാടി ജീവനക്കാർ മുഖേന വിവരശേഖരണം നടത്തുകയും ആയത് റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി വിഭാഗത്തിൽ ഉൾപ്പെട്ട അർഹരായ മുഴുവൻ ആളുകളേയും ഉൾപ്പെടുത്തി കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

പത്തനംതിട്ട ജില്ലയിലെ ആറന്മുള പഞ്ചായത്തിൽ 26 സ്ത്രീ തയ്യൽ തൊഴിലാളികൾക്ക് തയ്യൽ മെഷീൻ വായ്പാ ഇനത്തിൽ നൽകാൻ വനിതാ വികസന കോർപ്പറേഷൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിർഭയ ഷെൽട്ടർ ഹോം

331 (2286) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു എന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) നിർഭയ ഷെൽട്ടർ ഹോമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) നിർഭയ ഷെൽട്ടർ ഹോമുകളുടെ പേരുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വനിത ശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരം - 3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോന്ന് വീതവും സന്നദ്ധസംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 12 വയസ്സിനു താഴെയുള്ള, ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16-11-2018-ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചു.

(ബി) വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെൽ മുഖേന, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുവേണ്ടി കേരള സർക്കാർ നടപ്പാക്കിവരുന്ന നൂതന നയപരിപാടിയാണ് നിർഭയ നയം. ലൈംഗിക പീഡനം, ലൈംഗികാതിക്രമം, ലൈംഗികവൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയ പോളിസി മുൻതൂക്കം നൽകുന്നത്. നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയ സെൽ മുഖേന വനിത ശിശു വികസന വകുപ്പ് ലക്ഷ്യമിടുന്നത്.

നിലവിൽ ഹോം ഇല്ലാത്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 2018 ഡിസംബർ മാസത്തിൽ കേരള മഹിള സമഖ്യ സൊസൈറ്റി എന്ന സന്നദ്ധസംഘടനയുടെ മേൽനോട്ടത്തിൽ ഹോം ആരംഭിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഹോമുകളിലൂടെ നൽകിവരുന്നു.

(സി) നിർഭയ ഷെൽട്ടർ ഹോമുകളുടെ പേര് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 30-10-2018-ലെ സ.ഉ.(സാധാ)നമ്പർ 617/2018/സാനീവ ഉത്തരവ് പ്രകാരം നിർഭയ ഷെൽട്ടർ ഹോമുകളുടെ പേര് വിമൻ ആന്റ് ചിൽഡ്രൻ ഹോം എന്ന് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## എന്റെ കൂട് പദ്ധതി

332 (2287) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനമാരംഭിച്ച 'എന്റെ കൂട്' എന്ന പദ്ധതി മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) പാലക്കാട് ജില്ലാ കേന്ദ്രത്തിൽ ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിരാലംബരായ സ്ത്രീകൾക്കും 12 വയസ്സിനുതാഴെയുള്ള കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കാൻ താൽക്കാലിക മായൊരിടം എന്ന ആശയമാണ് 'എന്റെ കൂട് ' പദ്ധതിയുടെ കാതൽ. നിലവിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ അഗതി മന്ദിരങ്ങൾ

333 (2288) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ അഗതി മന്ദിരങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇത്തരം കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ, സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ അഗതി മന്ദിരങ്ങളിൽ ഒരാളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ;

(ഡി) ഈ സർക്കാർ വന്നതിന് ശേഷം സംസ്ഥാനത്ത് ഏതെങ്കിലും സർക്കാർ അഗതി മന്ദിരങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഇല്ല.

## അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളും കുട്ടികളും

334 (2289) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിക്രമങ്ങൾക്ക് ഇരയാവുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സഹായകരമാവുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) അതിക്രമങ്ങൾക്ക് ഇരയാക്കപ്പെട്ട സ്ത്രീകളെയും കുട്ടികളെയും സഹായിക്കുന്നതിന് ഉതകുന്ന പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വനിത-ശിശു വികസന വകുപ്പ് നിർഭയ പോളിസി പ്രകാരം ലൈംഗിക പീഡനം, ലൈംഗികാതിക്രമം, ലൈംഗികവൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയ സെൽ മുഖേന വനിത-ശിശു വികസന വകുപ്പ് ലക്ഷ്യമിടുന്നത്. നിർഭയ സെൽ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ കൊടുക്കുന്നു:

(1) <u>വിമൻ ആന്റ് ചിൽഡ്രൻ ഹോം</u>

വനിത-ശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരം - 3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോന്ന് വീതവും സന്നദ്ധസംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഹോം ഇല്ലാത്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ കേരള മഹിള സമഖ്യ സൊസൈറ്റി എന്ന സന്നദ്ധസംഘടനയുടെ മേൽനോട്ടത്തിൽ ഹോം ആരംഭിക്കാനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു. വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഹോമുകളിലൂടെ നൽകിവരുന്നു.

(2) <u>SOS മോഡൽ ഷെൽട്ടർ ഹോം</u>

12 വയസ്സിന് താഴെയുള്ള, ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16-11-2018-ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ SOS ഹോമിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ കുട്ടികൾക്കായി കോഴിക്കോട്, ഒരു ഹോം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(3) <u>വൺ സ്റ്റോപ്പ് സെന്റർ (OSC)</u>

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനമാണ് 'സഖി' വൺ സ്റ്റോപ്പ് സെന്റർ. കേന്ദ്രസർക്കാരിന്റെ 100% ധനസഹായത്തോടെ വനിത-ശിശു വികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയ സെൽ നോഡൽ ഏജൻസിയായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നു. 2018-19 സാമ്പത്തികവർഷം ബാക്കി 9 ജില്ലകളിൽ കൂടി OSC അനുവദിച്ചിട്ടുണ്ട്. അവ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. അവ ചുവടെ പറയും വിധമാണ് :

1. <u>തേജോമയ ഹോം ഫോർ അക്കാദമിക്കലി ബ്രൈറ്റ് ചിൽഡ്രൻ ആഫ്റ്റർ കെയർ ഹോം</u>

നിലവിൽ വിമൻ ആന്റ് ചിൽഡ്രൻ ഹോമിൽ താമസിക്കുന്ന, പഠനത്തിൽ സമർത്ഥരായ കുട്ടികൾക്ക് പ്രത്യേക പരിഗണന ആവശ്യമായതിനാൽ ഈ കുട്ടികൾക്കുവേണ്ടി എറണാകുളം ജില്ലയിൽ ഹോം ആരംഭിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

2. <u>തേജോമയ ഹോം ആഫ്റ്റർ കെയർ ഹോം</u>

നിലവിൽ വിമൻ ആന്റ് ചിൽഡ്രൻ ഹോമിൽ താമസിച്ചുവരുന്നവരിൽ ജോലി ലഭിച്ചവർക്കും ജോലി ലഭിക്കാൻ സാധ്യതയുള്ളവർക്കും വേണ്ടിയുള്ള ഹോം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

3. <u>ഇന്റഗ്രേറ്റഡ് കെയർ സെന്റർ (ICC)</u>

വിമൻ ആന്റ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം. ടി. പി. കഴിഞ്ഞവർക്കും പ്രത്യേക പരിഗണനയും സുരക്ഷയും നൽകുന്നതിന് ഹോം ആരംഭിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

4. ഹോം ഫോർ മെന്റൽ ഹെൽത്ത്

വിമൻ ആന്റ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ മാനസിക വെല്ലുവിളി നേരിടുന്നവരും കടുത്ത മാനസിക ആഘാതം ഉള്ളവർക്കും പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കുവേണ്ടിയുള്ള ഹോം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേന്ദ്ര സർക്കാർ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ**

335 (2290) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയകാലത്ത് പ്രളയ ദുരിതത്തിലകപ്പെട്ടവർക്ക് വിതരണം ചെയ്യാനായി അരിയടക്കമുള്ള ഏതെങ്കിലും ഭക്ഷ്യധാന്യങ്ങൾ പ്രത്യേകമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം; ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) അരിയടക്കമുള്ള ധാന്യങ്ങൾ ലഭിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പണം നൽകേണ്ടി വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ഭക്ഷ്യധാന്യങ്ങൾക്ക് കിലോഗ്രാമിന് എത്ര രൂപവച്ചാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 89540 മെട്രിക് ടൺ അരിയാണ് പ്രളയ ദുരിതാശ്വാസമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.

(ബി) പ്രളയ ദുരിതാശ്വാസത്തിന് അനുവദിച്ച അരി എഫ്. സി. ഐ.-യിൽ നിന്ന് വിട്ടെടുക്കുന്നതിന് പണം നൽകേണ്ടി വന്നിട്ടില്ലെങ്കിലും ടി അരിയുടെ താങ്ങുവില (എം. എസ്. പി. ഡിറൈവ്ഡ് പ്രൈസ്) നിരക്കിലുള്ള തുക, സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ദുരിതാശ്വാസനിധിയിൽ നിന്നോ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതമുൾപ്പെടെയുള്ള മറ്റ് പദ്ധതിയിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മുഖേനയുള്ള പദ്ധതികൾ

336 (2291) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഇതിൽ ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും അവ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്നും വ്യക്തമാക്കാമോ;

(ഡി) കോതമംഗലം മണ്ഡലത്തിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളായ ഇ-പോസ് വഴി റേഷൻ സംവിധാനം, എൻ. എഫ്. എസ്. എ. പ്രകാരം കാർഡുടമകൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും സംസ്ഥാനത്തെ ഏത് റേഷൻ കടകളിൽ നിന്നും ഭക്ഷ്യധാന്യം വാങ്ങാനുള്ള സൗകര്യം മുതലായവയെല്ലാം തന്നെ കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

(ഡി) കോതമംഗലം മണ്ഡലത്തിന് പ്രത്യേകമായി യാതൊരു പദ്ധതിയും ഭക്ഷ്യപൊതുവിതരണ വകുപ്പ് വിഭാവനം ചെയ്തിട്ടില്ല.

## ഭക്ഷ്യസുരക്ഷ

337(2292) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്;വിശദമാക്കാമോ;

(ബി) സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത് ;

## ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്മസ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, ചക്കുളത്ത് കാവ് പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ വേളകളിലും സ്കൂൾ കലോത്സവം തുടങ്ങിയ സമയങ്ങളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ ന്യൂനതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യങ്ങളിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ സാഗർ റാണി' എന്ന പദ്ധതിയും കുട്ടികളിൽ ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ വളർത്തുന്നതിനായി എസ് എൻ. എഫ്. @ സ്കൂൾ (Safe and Nutritious Food @ School) എന്ന പദ്ധതിയും പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിൽ ഭക്ഷ്യസുരക്ഷ സംബന്ധിച്ചുള്ള പരാതികളിൽ ഉടനടി പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി രൂപീകരിച്ച ക്വിക്ക് റെസ്പോൺസ് ടീം (QRT) സംസ്ഥാനത്തെ എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. മോഡൽ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതി സംസ്ഥാനത്ത് ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ ചേർത്തുള്ള വിൽപ്പന കണ്ടെത്തുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നുണ്ട്.

## ഭക്ഷ്യഭദ്രതാ നിയമ നടപടികൾ

338 (2293) ശ്രീ. എസ്.ശർമ്മ :
ശ്രീ. കെ. ബാബു :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംബന്ധിച്ച സോഷ്യൽ ഓഡിറ്റിംഗ് നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(സി) പൊതുവിതരണരംഗത്തെ ആധുനികവൽക്കരണം പൂർത്തിയാക്കിയതിന്റെ ഫലമായി കാർഡുടമകൾക്ക് സംസ്ഥാനത്ത് എവിടെയുമുള്ള റേഷൻകടകളിൽ നിന്നും റേഷൻ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇ-പോസ് മെഷീൻ സംവിധാനമുണ്ടായിട്ടും ഉപയോഗിക്കാത്ത റേഷൻ വ്യാപാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) ഇ-പോസ് സംവിധാനം വഴിയുള്ള വിതരണത്തിനുശേഷം മിച്ചം വന്ന റേഷൻ സാധനങ്ങൾ അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിതരണ ശൃംഖലയിൽ കാതലായ മാറ്റങ്ങൾക്ക് വഴി തെളിക്കുന്ന ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം,

1. ഗുണഭോക്താക്കളെ കണ്ടെത്തി.
2. അംഗീകൃത ഏജൻസി (സപ്ലൈകോ) മുഖേന സ്റ്റോക്ക് എഫ്. സി. ഐ.-യിൽ നിന്ന് വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടന്നുവരുന്നു.
3. ഇ-പോസ് സംവിധാനം ഏർപ്പെടുത്തി.
4. പരാതി പരിഹാര സംവിധാനത്തിന് ജില്ലാതലത്തിൽ ജില്ലാ പരാതി പരിഹാര ഓഫീസർമാരായി എ. ഡി. എം.മാരെ നിയമിച്ചു.
5. സംസ്ഥാന ഭക്ഷ്യ കമ്മീഷനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ താൽക്കാലികമായി നിയമിച്ചു. സ്ഥിരം കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.
6. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.
7. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ലെ വകുപ്പ് 40 പ്രകാരം കേരള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 പ്രസിദ്ധീകരിച്ചു.
8. പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാൻ നടപടികൾ സ്വീകരിച്ചു.
9. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിനെക്കുറിച്ചുള്ള തുടർച്ചയായ അവലോകനം നടത്തുന്നതിന് കേരള സർവ്വകലാശാലയുമായി ധാരണയായി.

10. ഭക്ഷ്യധാന്യങ്ങൾ എഫ്. സി. ഐ.-യിൽ നിന്ന് വിട്ടെടുത്ത് ഉപഭോക്താക്കളിൽ എത്തിക്കുന്നതുവരെയുള്ള കാര്യങ്ങൾ ട്രാൻസ്പെരൻസി പോർട്ടലിലൂടെ സുതാര്യമാക്കി.

11. മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമാണ് എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കി, അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുള്ളതിനാൽ കാർഡുടമകൾക്ക് ആധാർ അടിസ്ഥാനമാക്കിയുള്ള 'പോർട്ടബിലിറ്റി സംവിധാനം' ഉപയോഗിച്ച് ഏത് റേഷൻ കടയിൽ നിന്നും തങ്ങളുടെ വിഹിതം വാങ്ങാവുന്നതാണ്.

2018 ഒക്ടോബർ മാസത്തിൽ പോർട്ടബിലിറ്റി സംവിധാനം മുഖേന റേഷൻ വാങ്ങിയവരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 140366 |
| 2 | കൊല്ലം | 85710 |
| 3 | പത്തനംതിട്ട | 34848 |
| 4 | ആലപ്പുഴ | 53936 |
| 5 | കോട്ടയം | 46871 |
| 6 | ഇടുക്കി | 28346 |
| 7 | എറണാകുളം | 76442 |
| 8 | തൃശ്ശൂർ | 72581 |
| 9 | പാലക്കാട് | 42528 |
| 10 | മലപ്പുറം | 56208 |
| 11 | കോഴിക്കോട് | 77563 |
| 12 | വയനാട് | 21471 |
| 13 | കണ്ണൂർ | 51713 |
| 14 | കാസർഗോഡ് | 28501 |

(ഡി) ഉണ്ട്.

(ഇ) ഇല്ല. അഗതി മന്ദിരങ്ങൾക്കും അനാഥാലയങ്ങൾക്കും ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് മറ്റൊരു പദ്ധതി നിലവിലുണ്ട്.

## മറ്റ് ജില്ലയിലേയ്ക്ക് താമസം മാറിയവർക്ക് റേഷൻ കാർഡ് അനുവദിക്കാൻ നടപടി

339 (2294) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് താമസം മാറിയവർ റേഷൻ കാർഡിൽ നിന്നും നിലവിലെ പേര് നീക്കം ചെയ്ത സർട്ടിഫിക്കറ്റുമായി പുതിയ ജില്ലയിൽ അപേക്ഷ നൽകിയിട്ടും റേഷൻ കാർഡ് അനുവദിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഇക്കാരണത്താൽ റേഷൻ ലഭിക്കാത്തവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ-സി) ഇല്ല. അപേക്ഷകളുടെ ബാഹുല്യംമൂലം നേരിയ കാലതാമസം വരുന്നുണ്ടെങ്കിലും കാർഡ് അനുവദിക്കുന്നില്ല എന്ന അവസ്ഥ ഇല്ല. അപേക്ഷകൾ പരിശോധിച്ച് താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നുതന്നെ കാർഡ് അച്ചടിച്ച് നൽകാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## പുതിയ റേഷൻ കാർഡ്

340 (2295) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിന് അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം നാളിതുവരെ എത്ര പേർ അപേക്ഷ സമർപ്പിച്ചു; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പുതിയ റേഷൻ കാർഡിനായി ഓൺലൈൻ വഴിയും ഓഫ്ലൈൻ വഴിയും എത്ര പേർ അപേക്ഷ സമർപ്പിച്ചു ; ജില്ല തിരിച്ച് കണക്കുകൾ നൽകാമോ;

(സി) ഒരു താലൂക്കിൽ നിന്ന് മറ്റൊരു താലൂക്കിലേക്ക് ഒരാളെ മാറ്റാനുള്ള റിഡക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയക്രമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷ ലഭിച്ച് എത്ര ദിവസത്തിനകം റിഡക്ഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി)

| ജില്ല | പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകളുടെ എണ്ണം | ഓൺലൈൻ വഴിയുള്ള അപേക്ഷകളുടെ എണ്ണം | ഓഫ്ലൈൻ വഴിയുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 64205 | 12049 | 52156 |
| കൊല്ലം | 33598 | 5769 | 27829 |
| പത്തനംതിട്ട | 27731 | 2864 | 24867 |
| ആലപ്പുഴ | 38912 | 8270 | 30642 |
| കോട്ടയം | 37667 | 5785 | 31882 |
| ഇടുക്കി | 26820 | 2078 | 24742 |
| എറണാകുളം | 34504 | 2483 | 32021 |
| തൃശ്ശൂർ | 59632 | 15298 | 44334 |
| പാലക്കാട് | 51185 | 10875 | 40310 |
| മലപ്പുറം | 61595 | 21437 | 40158 |
| കോഴിക്കോട് | 39859 | 21015 | 18844 |
| വയനാട് | 21686 | 3082 | 18604 |
| കണ്ണൂർ | 32359 | 9892 | 22467 |
| കാസർഗോഡ് | 22382 | 5143 | 17239 |
| ആകെ | 552135 | 126040 | 426095 |

(സി) ഉണ്ട്. ഒരു ദിവസം. സേവനാവകാശനിയമപ്രകാരം ഒരു ദിവസമാണെങ്കിലും അപേക്ഷകളുടെ ബാഹുല്യംമൂലം നിലവിൽ നേരിയ താമസം നേരിടുന്നുണ്ട്.

**പുതിയ റേഷൻ കാർഡ്**

341 (2296) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കൽപ്പിക്കാനായി വിവിധ സപ്ലൈ ഓഫീസുകളിൽ ഉള്ളതെന്ന കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാർഡിനായി അപേക്ഷകൾ ഇപ്പോൾ ഓൺലൈനിൽ മാത്രമാണോ സ്വീകരിക്കുന്നത്; ഓൺലൈനിൽ ആയിട്ടും റേഷൻ കാർഡ് നൽകുന്നതിൽ കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കാമോ;

(സി) നിലവിലുള്ള അപേക്ഷകർക്ക് ഈ കാർഡ് എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കൂട്ടുകുടുംബത്തിൽ നിന്നും ഒഴിവായി സ്വന്തമായി റേഷൻ കാർഡ് ഇല്ലാത്ത കാരണത്താൽ ലൈഫ് മിഷൻ പദ്ധതിയിലൂടെ ലിസ്റ്റിൽ ഉൾപ്പെട്ടവർ പുറത്താകുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ അടിയന്തരമായി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ 279851 അപേക്ഷകളാണുള്ളത്.

(ബി&സി) വിദ്യാഭ്യാസ സംബന്ധമായോ, ചികിത്സാ ആനുകൂല്യങ്ങൾക്കോ മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടിയുള്ളതോ ആയ അപേക്ഷകൾ ഓൺലൈൻ അല്ലാതെയും സ്വീകരിക്കുന്നതാണ്. നവംബർ 17-ാം തീയതി മുതലാണ് ഓൺലൈനായി മാത്രം അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയത്. അപേക്ഷകളുടെ ബാഹുല്യമാണ് കാലതാമസം വരുന്നതിന് കാരണം. എന്നാൽ കാർഡ് വിതരണം തുടർന്നുവരുന്നു. കാലതാമസം കൂടാതെ വിതരണം പൂർത്തിയാക്കുന്നതാണ്.

(ഡി) 30-11-2017-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗ തീരുമാനപ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്ക് താൽക്കാലിക റേഷൻ കാർഡ് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥിരം റേഷൻ കാർഡ് നൽകുന്നതിനുള്ള സൗകര്യം ലഭ്യമായതിനാൽ, ഇപ്പോൾ അപേക്ഷിക്കുന്നവർക്ക് അടിയന്തരമായി സ്ഥിരം റേഷൻ കാർഡ് നൽകുന്നുണ്ട്.

**പുതിയ റേഷൻ കാർഡ് വിതരണം**

342 (2297) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് വിതരണത്തിനുശേഷം മുമ്പ് മുൻഗണന വിഭാഗത്തിൽപ്പെട്ടവർ ഉയർന്ന വിഭാഗത്തിലേക്ക് മാറിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാരുടെ മുൻഗണനാ ആനുകൂല്യം തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് എടുത്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിലുള്ള അപേക്ഷകർക്ക് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാനുള്ള സംവിധാനം താഴെത്തട്ടിലുള്ള സിവിൽ സപ്ലൈസ് ഓഫീസുകളിൽ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് മുൻഗണനാപട്ടിക തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളത്. പരാതി പരിഹാര നടപടികൾ തുടർന്നുവരുന്നു.

(സി) മുൻഗണനാ പട്ടികയുടെ ശുദ്ധീകരണ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് ഇത്തരം പരാതികൾ പരിഹരിക്കപ്പെടുന്നതാണ്. എന്നിരുന്നാലും മുൻഗണനാപട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമാണ്.

**പുതിയ റേഷൻ കാർഡ് നൽകുന്നതിന് ആവശ്യമായ സമയം**

343 (2298) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റേഷൻ കാർഡിൽ നിന്നും പേര് വെട്ടി പുതിയ റേഷൻ കാർഡ് എടുക്കുന്നതിന് അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനുള്ളിൽ പുതിയ റേഷൻ കാർഡ് നൽകുമെന്നതിന് തീരുമാനങ്ങൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ദിവസത്തിനകം പുതിയ കാർഡ് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സേവനാവകാശനിയമപ്രകാരം ഒരു ദിവസത്തിനുള്ളിൽ കാർഡ് നൽകണം. എന്നാൽ നിലവിലെ അപേക്ഷകളുടെ ബാഹുല്യം കാരണം ഈ സമയപരിധി പാലിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ട്.

**റേഷൻ കാർഡ് മുൻഗണനാ പട്ടിക**

344 (2299) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽനിന്നും ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ടവരെയാണ് ഒഴിവാക്കുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) നാല് വർഷം മുമ്പ് മരിച്ചവർ പോലും ഇപ്പോഴും റേഷൻ പട്ടികയിൽ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഗുണഭോക്താക്കളുടെ പട്ടികയിൽ അടിയന്തരമായി തിരുത്തൽ വരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ നിന്നും എത്ര പേരെ നീക്കം ചെയ്തിട്ടുണ്ട്;

(ഇ) റേഷൻ കാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സത്യപ്രസ്താവന തെറ്റാണെന്ന് കണ്ട് നിയമനടപടി സ്വീകരിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ)

1. സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ്-IV തസ്തികയിൽ പെൻഷനായവർ, 5,000 രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000 രൂപയിൽ താഴെ സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)

2. ആദായ നികുതി ഒടുക്കുന്നവർ

3. പ്രതിമാസ വരുമാനം 25,000 രൂപയ്ക്ക് മുകളിലുള്ളവർ

4. സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ)

5. സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ലാറ്റോ ഉള്ളവർ

6. നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവനമാർഗ്ഗമായ ടാക്സി ഒഴികെ)

7. കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ, സ്വകാര്യസ്ഥാപന ജോലിയിൽ നിന്നോ 25,000 രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ.

എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാപട്ടികയിൽ നിന്നും ഒഴിവാക്കുന്നതാണ്.

(ബി&സി) ഉണ്ട്.

(ഡി) 2,75,130 റേഷൻ കാർഡുകൾ, അതായത് 13.75 ലക്ഷം പേരെ മുൻഗണനാപട്ടികയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

(ഇ) ആയത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി

345 (2300) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവിധ കാറ്റഗറികളിലായി എത്ര റേഷൻ കാർഡുടമകളാണുള്ളത്; വിശദവിവരം നൽകുമോ;

(ബി) 2018 നവംബർ 1 വരെ എത്ര അപേക്ഷകളാണ് റേഷൻ കാർഡ് ലഭിക്കുന്നതിനായി സപ്ലൈ ഓഫീസുകളിലുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ അപേക്ഷകൾ പരിശോധിച്ച് ഉടൻ തന്നെ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആകെ 8111102 റേഷൻ കാർഡുകളാണ് സംസ്ഥാനത്തുള്ളത്. വിവിധ കാറ്റഗറികൾ താഴെ പറയുംപ്രകാരമാണ്:

| | |
|---|---|
| എ. എ. വൈ. | 5,95,800 |
| മുൻഗണനാ വിഭാഗം | 29,17,758 |
| മുൻഗണനേതര വിഭാഗം-സബ്സിഡി (NPS) | 26,36,452 |
| മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി (NPNS)) | 19,61,092 |
| ആകെ | 81,11,102 |

(ബി) 2018 നവംബർ 1 വരെ 711360 അപേക്ഷകളാണ് ലഭിച്ചത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 121953 |
| കൊല്ലം | 26092 |
| പത്തനംതിട്ട | 37580 |
| ആലപ്പുഴ | 63992 |
| കോട്ടയം | 44200 |
| ഇടുക്കി | 23490 |
| എറണാകുളം | 30294 |
| തൃശ്ശൂർ | 90440 |
| പാലക്കാട് | 114568 |
| മലപ്പുറം | 57065 |
| കോഴിക്കോട് | 33292 |
| വയനാട് | 17088 |
| കണ്ണൂർ | 28924 |
| കാസർഗോഡ് | 22382 |

(സി) റേഷൻ കാർഡ് വിതരണം ത്വരിതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്.

**ദേവികുളം മണ്ഡലത്തിൽ അനുവദിച്ച റേഷൻ കാർഡുകൾ**

346 (2301) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം മണ്ഡലത്തിൽ 2016-ന് ശേഷം പുതിയതായി എത്ര റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

2016-ന് ശേഷം ദേവികുളം മണ്ഡലത്തിൽ പുതിയതായി അനുവദിച്ച റേഷൻ കാർഡുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | എണ്ണം |
|---|---|
| വെള്ളത്തൂവൽ | 6453 |
| പള്ളിവാസൽ | 4132 |
| മറയൂർ | 3611 |
| മൂന്നാർ | 7620 |
| കാന്തല്ലൂർ | 2900 |
| വട്ടവട | 1426 |
| ദേവികുളം | 5847 |
| മാങ്കുളം | 2733 |
| ഇടമലക്കുടി | 586 |
| അടിമാലി | 10131 |
| ആകെ | 45439 |

**അന്ത്യോദയ റേഷൻ കാർഡ്**

347 (2302) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രയോറിറ്റി കാർഡിൽ ഉൾപ്പെട്ടതുകാരണം അന്ത്യോദയ റേഷൻ കാർഡിന് അർഹരാണെങ്കിലും കാരുണ്യ ഉൾപ്പെടെയുള്ള ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കാതെ ഉപഭോക്താക്കൾ പ്രയാസമനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുതരമായ രോഗം ബാധിച്ച റേഷൻ കാർഡ് ഉടമകൾക്കും കുടുംബാംഗങ്ങൾക്കും ഇത്തരത്തിൽ ചികിത്സാ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് യഥാസമയം ഇത്തരം അപേക്ഷകൾക്ക് മുൻഗണന നൽകി അന്ത്യോദയ കാർഡുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പെരിന്തൽമണ്ണ താലൂക്ക് സപ്ലൈ ഓഫീസിനുകീഴിൽ വരുന്ന കാർഡ് നമ്പർ 2053001499 പ്രകാരമുള്ള ശ്രീമതി നഫീസ, ഓട്ടാമ്പിൽ ഹൗസ്, എടയാറ്റൂർ എന്നവർക്ക് കുടുംബാംഗങ്ങളുടെ ചികിത്സാനുകൂല്യങ്ങൾ അന്ത്യോദയ റേഷൻ കാർഡ് ലഭിക്കാത്തതിനാൽ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കി നൽകുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷപ്രകാരം അന്ത്യോദയ കാർഡ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മുൻഗണനാ കാർഡുകാർക്കും നിലവിൽ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിൽ ഇതിന് വ്യവസ്ഥയുണ്ട്.

(സി) അന്ത്യോദയ കാർഡ് നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലെ റേഷൻ കാർഡ് വിതരണം**

348 (2303) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനും അനുവദിച്ചവയിൽ തിരുത്തൽ വരുത്തുന്നതിനുമായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് താൽക്കാലിക റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര താലൂക്ക്

| പഞ്ചായത്തിന്റെ പേര് | പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിലുള്ള അപേക്ഷകളുടെ എണ്ണം | അനുവദിച്ചവയിൽ തിരുത്തൽ വരുത്തുന്നതിന് നിലവിലുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | 2970 | 1410 |
| വിഴിഞ്ഞം | 304 | 1468 |
| കോട്ടുകാൽ | 331 | 1454 |
| തിരുപുറം | 276 | 1420 |
| കാഞ്ഞിരംകുളം | 294 | 1490 |
| കരുംകുളം | 271 | 1400 |
| കുളത്തൂർ | 251 | 1128 |
| പാറശ്ശാല | 447 | 1426 |

| (1) | (2) | (3) |
|---|---|---|
| ചെങ്കൽ | 216 | 1918 |
| പെരുങ്കടവിള | 216 | 1214 |
| കുന്നത്തുകാൽ | 286 | 1306 |
| വെള്ളറട | 266 | 1415 |
| ബാലരാമപുരം | 246 | 1220 |
| പള്ളിച്ചൽ | 226 | 1210 |
| പൂവാർ | 226 | 1590 |
| കാരോട് | 286 | 1378 |
| കൊല്ലയിൽ | 256 | 1315 |

കാട്ടാക്കട താലൂക്ക്

| പഞ്ചായത്തിന്റെ പേര് | പുതിയ റേഷൻ കാർഡിന് നിലവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | അനുവദിച്ചവയിൽ തിരുത്തൽ വരുത്തുന്നതിന് നിലവിലുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| മലയിൻകീഴ് | 302 | 35 |
| വിളപ്പിൽ | 261 | 28 |
| വിളവൂർക്കൽ | 271 | 33 |
| കാട്ടാക്കട | 286 | 70 |
| അമ്പൂരി | 275 | 16 |
| ഒറ്റശേഖരമംഗലം | 287 | 21 |
| പൂവച്ചൽ | 163 | 21 |
| കുറ്റിച്ചൽ | 286 | 14 |
| കള്ളിക്കാട് | 281 | 20 |
| ആര്യനാട് | 25 | 2 |
| വെള്ളനാട് | 19 | 2 |
| ആര്യങ്കോട് | 340 | 38 |
| മാറനല്ലൂർ | 175 | 31 |

(ബി) ലൈഫ് പദ്ധതിയിലുള്ളവരുടെ അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകി സ്ഥിരമായ കാർഡ് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൊതുവിതരണസംവിധാനം സുതാര്യവും കാര്യക്ഷമവുമാക്കാൻ നടപടി

349 (2304) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിതരണ സംവിധാനം സുതാര്യവും കാര്യക്ഷമവുമാക്കാൻ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ ഏതെല്ലാം സാധ്യതകളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്;

(ബി) റേഷൻ കാർഡ് സംബന്ധിച്ച അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം, എന്റെ റേഷൻ കാർഡ് മൊബൈൽ ആപ്പ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) പൊതുജനങ്ങൾക്ക് ഈ സംവിധാനങ്ങളിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ വിശദമാക്കാമോ;

(ഡി) റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങളും പലവ്യഞ്ജനങ്ങളും വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത്, യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. റേഷൻ കാർഡുകൾ കിട്ടുന്നതിന് അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷകൾ സമർപ്പിക്കാം. ഇപ്രകാരം ആധുനികശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും ജനോപകാരപ്രദവുമായി മാറിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം വഴി പുതിയ റേഷൻ കാർഡിനും ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡിനും മറ്റ് റേഷൻ കാർഡ് അനുബന്ധ സേവനങ്ങൾക്കും അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷിക്കാൻ സാധിക്കും. 'എന്റെ റേഷൻ കാർഡ് ' എന്ന മൊബൈൽ ആപ്പ് വഴി കാർഡ് വിവരങ്ങളും കാർഡ് സംബന്ധമായ ആപ്ലിക്കേഷൻ വിവരങ്ങളും റേഷൻ വിഹിതം സംബന്ധിച്ച വിവരങ്ങളും അറിയാൻ സാധിക്കും.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സബ്സിഡി ഇല്ലാത്ത/നോൺ മാവേലി സാധനങ്ങൾ റേഷൻ കട വഴി വിൽക്കുന്ന പദ്ധതി 18-05-2018-ൽ കണ്ണൂരിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്തി സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ആലോചിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ റേഷൻ കാർഡുകൾ മുൻഗണനാവിഭാഗത്തിലേയ്ക്ക് മാറ്റാനുള്ള മാനദണ്ഡങ്ങൾ

350 (2305) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളായവരുടെ റേഷൻ കാർഡുകൾ മുഴുവനും മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികളായവരുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനായി വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്;

(സി) മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് പൊതു മാനദണ്ഡങ്ങൾ തന്നെയാണോ ബാധകം; അല്ല എങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിക്കാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചത് എന്നത് വ്യക്തമാക്കാമോ;

(ഡി) കാർഡ് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറി കിട്ടാൻ മത്സ്യത്തൊഴിലാളികൾ എവിടെയാണ് അപേക്ഷിക്കേണ്ടത്; അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി& സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന കുടുംബങ്ങളെ മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ 15 മാർക്ക് വെയിറ്റേജ് നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 'പാരമ്പര്യ മത്സ്യത്തൊഴിലാളികൾ' എന്ന് തെളിയിക്കുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്താൻ നടപടി

351 (2306) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കി നൽകിയതിനുശേഷം സംസ്ഥാനത്ത് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ എത്ര റേഷൻകാർഡുകൾ അനർഹമാണെന്ന് കണ്ടെത്തി മുൻഗണനാ വിഭാഗത്തിൽ നിന്നും മാറ്റിയിട്ടുണ്ട്;

(ബി) മുൻഗണനാ വിഭാഗത്തിൽ ഇനിയും അനർഹർ ഉണ്ടെന്ന വാർത്തകൾ കണക്കിലെടുത്ത് കൂടുതൽ പരിശോധനകൾ നടത്തി അനർഹരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 27-11-2018 വരെ 275130 റേഷൻ കാർഡുകൾ അനർഹമാണെന്ന് കണ്ടെത്തി മുൻഗണനാ വിഭാഗത്തിൽ നിന്നും മാറ്റിയിട്ടുണ്ട്.

(ബി) പി. ഡി. എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം ഡാറ്റാ മാപ്പിംഗ് നടത്തിയും ഫീൽഡ് വെരിഫിക്കേഷൻ നടത്തിയും അനർഹരെ കണ്ടെത്തുന്നതിന് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാർ നടപടി സ്വീകരിച്ചുവരുന്നു.

## ബി.പി.എൽ. ലിസ്റ്റിൽ മാരകരോഗബാധിതരുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

352 (2307) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ചതും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തവരുമായവർക്ക് സർക്കാരിന്റെ ഭക്ഷ്യസുരക്ഷ പദ്ധതി, സൗജന്യ ചികിത്സ തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം ഉൾപ്പെടെ അതീവ ഗുരുതര രോഗബാധിതരായവർ അംഗങ്ങളായുള്ള കുടുംബങ്ങളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മാരകരോഗങ്ങൾ ബാധിച്ചവരെയും നിരന്തര ചികിത്സ ആവശ്യമുള്ളവരെയും ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അവർ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും 'സ്റ്റേറ്റ് പ്രയോരിറ്റി' എന്ന വിഭാഗത്തിൽപ്പെടുത്തി ചികിത്സാ ആനുകൂല്യം നൽകണമെന്ന് കേരളാ ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 (ചട്ടം 5) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് അനുസൃതമായി ആരോഗ്യ വകുപ്പിൽ നിന്ന് 6-7-2018-ലെ സ.ഉ.(സാധാ)നമ്പർ 2171/2018/ ആ.കു.വ.;പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

## റേഷൻ ലൈസൻസിൽ വിരമിക്കൽ പ്രായപരിധി

353 (2308) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ ലൈസൻസിൽ വിരമിക്കൽ പ്രായപരിധി കൊണ്ടുവരുമോ എന്ന വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

നിലവിൽ വിരമിക്കൽ പ്രായപരിധി നിർബന്ധിതമാക്കിയിട്ടില്ല.

## പട്ടികജാതി വിഭാഗക്കാർക്ക് റേഷൻ കട ലൈസൻസ്

354 (2309) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകട ലൈസൻസ് നൽകുന്നതിൽ പട്ടികജാതി വിഭാഗക്കാർക്ക് സംവരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ എത്ര റേഷൻ കടകൾ പട്ടികജാതി വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്; വിശദീകരിക്കുമോ;

(സി) ഈ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള റേഷൻ കടകളിൽ ഒഴിവുകൾ നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ഡി) എങ്കിൽ ഒഴിവുകളുള്ള റേഷൻകടകൾ പട്ടികജാതി വിഭാഗക്കാർക്ക് നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 8 ശതമാനം.

(ബി) 6 റേഷൻ കടകൾ.

(സി&ഡി) നിലവിൽ ഒഴിവില്ല.

**ഡിജിറ്റൈസ്ഡ് റേഷനിംഗ് സമ്പ്രദായം**

355 (2310) ശ്രീമതി വീണാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഡിജിറ്റൈസ്ഡ് റേഷനിംഗ് സമ്പ്രദായം നിലവിൽ വന്നതോടെ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സമ്പ്രദായം വഴി ഗുണഭോക്താക്കൾക്കുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. റേഷൻ കാർഡുകൾ കിട്ടുന്നതിന് അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷകൾ സമർപ്പിക്കാം.

(ബി) യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുണ്ട് എന്നുറപ്പാക്കാൻ സാധിക്കുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിൽ ലഭ്യമാകുന്നുണ്ട്. എസ്. എം. എസ്. മുഖേനയും റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്. സുതാര്യവും കാര്യക്ഷമവുമായ റേഷനിംഗ് സമ്പ്രദായമാണ് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ളത്.

## പ്രളയത്തിനുശേഷം സൗജന്യമായി നൽകിയ അരി

356 (2311) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിനുശേഷം ദുരിതാശ്വാസത്തിന്റെ ഭാഗമായി എത്ര ആഴ്ചക്കാലം റേഷൻ കാർഡുടമകൾക്ക് സൗജന്യമായി അരി നൽകി; ഇതിനായി എത്ര ടൺ അരിയും ഭക്ഷ്യധാന്യങ്ങളും വേണ്ടിവന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി വിതരണം ചെയ്ത അരി കേന്ദ്രത്തിൽ നിന്നും സൗജന്യമായി ലഭ്യമായതാണോ; അല്ലെങ്കിൽ ആയതിന് എന്തു തുകയാണ് കേന്ദ്രം ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രളയബാധിതരായ എല്ലാ വിഭാഗം കാർഡുടമകൾക്കും 5 കിലോഗ്രാം അരി വീതം സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇതുകൂടാതെ സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള എല്ലാ മാസങ്ങളിലും എല്ലാ മുൻഗണനേതര കാർഡുടമകൾക്കും 5 കിലോഗ്രാം അരി വീതം കിലോഗ്രാമിന് 1 രൂപ നിരക്കിൽ നൽകിവരുന്നു. ഇതിനായി 2018 നവംബർ മാസം വരെ 74086.951 മെട്രിക് ടൺ അരി വേണ്ടിവന്നിട്ടുണ്ട്.

(ബി) പ്രളയ ദുരിതാശ്വാസമായി കേന്ദ്ര സർക്കാർ അനുവദിച്ച 89540 മെട്രിക് ടൺ അരി വില ഈടാക്കാതെ എഫ്. സി. ഐ.-യിൽ നിന്നും വിട്ടുനൽകിയിട്ടുണ്ടെങ്കിലും ടി അരിയുടെ താങ്ങുവില നിരക്കിലുള്ള തുക, സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്നോ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതമുൾപ്പെടെയുള്ള മറ്റ് പദ്ധതിയിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

## വയനാട് ജില്ലയിൽ ഇ-പോസ് മെഷീന്റെ പ്രവർത്തനം

357 (2312) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയുടെ ഉൾപ്രദേശങ്ങളിൽ ഇ-പോസ് മെഷീന്റെ തകരാർ റേഷൻ വിതരണത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വയനാട് ജില്ലയിൽ ഇ-പോസ് മെഷീന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മുൻപുണ്ടായിരുന്ന സെർവറിൽ നിന്ന് വകുപ്പിന്റെ സ്വന്തം സെർവറിലേയ്ക്ക് ഡാറ്റ മാറ്റുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം കുറച്ച് ദിവസം തടസ്സങ്ങളുണ്ടായിട്ടുണ്ടെങ്കിലും, നിലവിൽ ഇ-പോസ് മെഷീൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## റേഷൻ സാധനങ്ങളുടെ അളവുതൂക്ക തട്ടിപ്പ് തടയാൻ പദ്ധതി

358 (2313) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ അളവുതൂക്ക തട്ടിപ്പ് തടയാൻ ഇ-പോസ് യന്ത്രത്തെ ഇലക്ട്രോണിക് ത്രാസുകളുമായി ബന്ധപ്പെടുത്തുന്ന പദ്ധതി കേരളത്തിൽ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; പദ്ധതി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ അളവുതൂക്ക തട്ടിപ്പ് തടയാൻ സാധിച്ചിട്ടുണ്ടോ; പ്രസ്തുത സംവിധാനം സംസ്ഥാനത്തൊട്ടാകെ ഏർപ്പെടുത്താൻ വകുപ്പ് ചെലവഴിച്ച തുക വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കിയ ആന്ധ്രപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ ധാന്യത്തോടൊപ്പം തൂക്ക കട്ടികൾ കൂട്ടിവച്ച് കൃത്രിമം കാണിക്കുന്നതിനാൽ പരാജയപ്പെട്ട സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തട്ടിപ്പ് തടയുവാൻ മോണിട്ടറിംഗിനായി സി.സി.ടി.വി. ക്യാമറകൾ കൂടി സ്ഥാപിക്കേണ്ടി വരുമെന്നും ആയതിന് ഭാരിച്ച ചെലവ് വരുമെന്നും കരുതുന്നുണ്ടോ. വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 9,31,77,500 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## റേഷൻ ഭക്ഷ്യ സാധനങ്ങളുടെ വിലവർദ്ധനവ്

359 (2314) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ ഭക്ഷ്യസാധനങ്ങൾക്ക് വിലവർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മുൻഗണനേതര വിഭാഗത്തിലെ നാൽപത് ലക്ഷം പേർക്കുള്ള റേഷൻ സാധനങ്ങൾക്ക് വിലകൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) റേഷൻ വ്യാപാരികളുടെ വേതന വർദ്ധനവിനായി പണം കണ്ടെത്തുന്നതിനാണോ ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിലവർദ്ധനവ് എന്നത്തേക്ക് പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനുള്ള പണം കണ്ടെത്തുന്നതിനായി, 30-11-2018-ലെ സ.ഉ.(കൈ)നമ്പർ 46/2018/ഭ.പൊ.വി.വ. പ്രകാരം അന്ത്യോദയ അന്നയോജന വിഭാഗം ഒഴികെയുള്ളവരിൽ നിന്നും അരി, ഗോതമ്പ്, ആട്ട എന്നിവയ്ക്ക് കൈകാര്യ ചെലവിനത്തിൽ ഈടാക്കിയിരുന്ന ഒരു രൂപ എന്നത് രണ്ട് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**റേഷൻ കാർഡുടമകൾക്കായി കോമ്പോ ഓഫർ**

360 (2315) <u>ശ്രീ. കെ. മുരളീധരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുടമകൾക്ക് ഇഷ്ടമുള്ള ഭക്ഷ്യധാന്യം വാങ്ങുന്നതിന് അവസരമൊരുക്കി കോമ്പോ ഓഫർ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട കാർഡുടമകൾക്കാണ് കോമ്പോ ഓഫർ പ്രകാരം റേഷൻ സാധനങ്ങൾ വാങ്ങുവാൻ സാധിക്കുന്നത്;

(സി) കാർഡുടമകളുടെ എണ്ണമനുസരിച്ച് നിശ്ചിത ശതമാനം ഭക്ഷ്യധാന്യം മാത്രമേ റേഷൻ കടകളിൽ സ്റ്റോക്ക് ചെയ്യുവാൻ സാധിക്കുകയുള്ളൂവെന്നതിനാൽ പ്രസ്തുത കോമ്പോ ഓഫർ വ്യാപാരികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൂന്ന് മാസത്തിലൊരിക്കൽ എല്ലാ വിഭാഗങ്ങൾക്കും മറ്റുള്ള മാസങ്ങളിൽ മുൻഗണനേതര വിഭാഗത്തിനും കോമ്പിനേഷൻ സൗകര്യം ലഭിക്കുന്നതാണ്.

(സി&ഡി) ഇല്ല.

**കാർഡുടമകൾക്ക് ഇഷ്ടമുള്ള റേഷൻകടകൾ തെരഞ്ഞെടുക്കാവുന്ന പദ്ധതി**

361 (2316) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പ് റേഷൻ വിതരണത്തിനായി നടപ്പാക്കിയ ഏത് റേഷൻ കടയിൽ നിന്നും കാർഡ് ഉടമകൾക്ക് സാധനങ്ങൾ വാങ്ങാം എന്ന പദ്ധതി യാഥാർത്ഥ്യമാക്കിയ ശേഷം കാർഡുടമകളുടെ ശരാശരി ഉപഭോഗം വർദ്ധിച്ചിട്ടുണ്ടോ;

(ബി) ബാങ്ക് വഴി സബ്സിഡി വിതരണം ചെയ്തതിനെ തുടർന്ന് കാർഡുടമകളുടെ ഉപഭോഗം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി വകുപ്പ് വിലയിരുത്തുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പരിഷ്കാരം സപ്ലൈകോ, മാവേലി ഔട്ട് ലെറ്റുകളിലെ വ്യാപാരം കുറയാൻ കാരണമായിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ബാങ്ക് വഴി സബ്സിഡി വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടില്ല.

**കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച അധിക ഭക്ഷ്യ വിഹിതം**

362 (2317) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച അധിക ഭക്ഷ്യവിഹിതത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇത്തരത്തിൽ അധിക ധാന്യവിഹിതം അനുവദിച്ചതുമൂലം സംസ്ഥാന സർക്കാരിന് സാമ്പത്തികബാധ്യത ഉണ്ടായിട്ടുണ്ടോ;

(സി) പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും അധികവിഹിതമായി മണ്ണെണ്ണ ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി ലഭിച്ച ധാന്യവിഹിതത്തിന്റെ വിതരണം പൂർത്തികരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 89540 മെട്രിക് ടൺ അരിയാണ് പ്രളയ ദുരിതാശ്വാസമായി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചത്.

(ബി) പ്രളയ ദുരിതാശ്വാസത്തിനായി അനുവദിച്ച അരി നിലവിൽ എഫ്. സി. ഐ.-യിൽ നിന്ന് വില ഈടാക്കാതെയാണ് വിട്ടുനൽകിയിട്ടുള്ളതെങ്കിലും ടി അരിയുടെ താങ്ങുവില നിരക്കിലുള്ള തുക സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ദുരിതാശ്വാസനിധിയിൽ നിന്നോ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതമുൾപ്പെടെയുള്ള മറ്റ് പദ്ധതിയിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും 12000 കിലോ ലിറ്റർ നോൺ സബ്സിഡി മണ്ണെണ്ണ അധിക വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ഡി) ഇല്ല. 2018 ഡിസംബർ മാസത്തോടുകൂടി പ്രസ്തുത ഭക്ഷ്യധാന്യ വിഹിതത്തിന്റെ വിതരണം പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**റേഷൻകട വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്**

363 (2318) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി കാർഡ് ഉടമകൾക്ക് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ് എത്രയെന്ന് വിശദീകരിക്കുമോ; ഇത് വിതരണം ചെയ്യുന്ന വിവരങ്ങൾ കാർഡ് ഉടമകളെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ ഒരു കുടുംബത്തിന് ഒരുമാസത്തെ ആവശ്യത്തിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ ഭക്ഷ്യധാന്യത്തിന്റെ അളവ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒരു കുടുംബത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ റേഷൻകട വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ കടകൾ വഴി ഓരോ വിഭാഗം കാർഡുടമകൾക്കും നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

എല്ലാ മാസത്തെയും വിതരണത്തോത് പത്രമാധ്യമങ്ങൾ മുഖേനയും വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്താറുണ്ട്. കൂടാതെ വിതരണത്തോത് സംബന്ധിച്ചുള്ള എസ്. എം. എസ്. എല്ലാ കാർഡുടമകൾക്കും നൽകിവരുന്നു.

(ബി) എ. എ. വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് പ്രതിമാസ വിതരണത്തോത് ഭക്ഷ്യഭദ്രതാ നിയമപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള വിഹിതം പര്യാപ്തമല്ല. ലഭ്യതയ്ക്കനുസരിച്ചാണ് വിതരണത്തോത് ക്രമീകരിച്ചിട്ടുള്ളത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**റേഷൻ കാർഡുടമകൾക്ക് അനുവദിച്ചിരിക്കുന്ന റേഷൻ സാധനങ്ങൾ**

364 (2319) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗങ്ങളിൽപ്പെട്ട റേഷൻ കാർഡ് ഉടമകൾക്ക് അനുവദിച്ചിരിക്കുന്ന റേഷൻ സാധനങ്ങൾ എന്തെല്ലാമാണെന്നും അവയുടെ അളവും വിലയും എത്ര വീതമാണെന്നുമുള്ളതിന്റെയും വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം അനുവദിച്ചിരിക്കുന്ന റേഷൻ വിഹിതം കാർഡ് ഉടമകൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഓരോ വിഭാഗം റേഷൻ കാർഡുടമകൾക്കും റേഷൻ കടകൾ വഴി നിലവിൽ നൽകിവരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിവരവും ഇവയുടെ വിലവിവരവും അനുബന്ധമായി ചേർക്കുന്നു*.

(ബി) കാർഡുടമകൾക്ക് കൃത്യമായി റേഷൻ വിഹിതം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിമാസം ലഭ്യമാകുന്ന വിഹിതം സംബന്ധിച്ചുള്ള എസ്. എം. എസ്. നൽകിവരുന്നു. കൂടാതെ ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ്, വാതിൽപ്പടി വിതരണം എന്നിവയുടെ കാലതാമസംമൂലം കാർഡുടമകൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ വിഹിതം കൈപ്പറ്റാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടാകുന്ന മാസങ്ങളിൽ വിതരണത്തിനുള്ള സമയപരിധി ദീർഘിപ്പിച്ചുനൽകാറുണ്ട്. തദ്ദേശീയ മാധ്യമങ്ങൾ വഴിയും വിതരണക്രമം അറിയിക്കുന്നുണ്ട്.

## ഉത്സവകാലത്ത് ഭക്ഷ്യവസ്തുക്കളുടെ ക്ഷാമവും വിലക്കയറ്റവും

365 (2320) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണം, ബക്രീദ് ഉത്സവകാലത്ത് ഭക്ഷ്യവസ്തുക്കൾക്ക് കൃത്രിമക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിലക്കയറ്റത്തെ തടഞ്ഞ് നിർത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ആയത് ഫലപ്രദമായിരുന്നോ ;

(സി) ഓണക്കാലത്ത് എത്ര കുടുംബങ്ങൾക്കാണ് ഓണക്കിറ്റ് വിതരണം ചെയ്തത്; ആയതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിപണിയിലേതിനേക്കാൾ 55 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കാതിരിക്കൽ, മിതമായ നിരക്കിൽ കൂടുതൽ ഭക്ഷ്യ വസ്തുക്കൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കൽ, ഉത്സവകാലങ്ങളിൽ പ്രത്യേക ചന്തകൾ തുറന്ന് വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കൽ തുടങ്ങിയ നടപടികൾ വഴി വിലക്കയറ്റം ഫലപ്രദമായി തടഞ്ഞുനിർത്തുന്നതിന് കാലാകാലങ്ങളിൽ സാധിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഓണക്കാലത്ത് എ. എ. വൈ. വിഭാഗത്തിൽപ്പെട്ട 3,32,499 കുടുംബങ്ങൾക്ക് 3.86 കോടി രൂപ ചെലവഴിച്ച് ഓണക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

**സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ**

366 (2321) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;14 ജില്ലകളിലും ഡെപ്യൂട്ടേഷൻ തസ്തികകൾ തുല്യമായി വിന്യസിക്കുമോ;അതോ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മാത്രമായി പരിമിതപ്പെടുത്തുമോ;

(ബി) സപ്ലൈകോയിൽ കോർപ്പറേഷൻ ജീവനക്കാരുടെ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-II, സീനിയർ അസിസ്റ്റന്റ്-I എന്നീ തസ്തികകളിൽ 2019 മാർച്ച് 31 വരെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ചുമതല ഫാർമസിസ്റ്റുകളെ ഏൽപ്പിച്ചതിലൂടെ ഒഴിവുവന്ന 108 തസ്തികകൾ ഡെപ്യൂട്ടേഷൻ തസ്തികയിൽ നിന്ന് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ എന്ന് മുതൽ നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ; സപ്ലൈകോയിൽ സ്റ്റാഫ് പാറ്റേൺ വിശദമാക്കുന്ന പ്രൊഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സപ്ലൈകോയിൽ നിലവിലുള്ള ജൂനിയർ അസ്സിസ്റ്റന്റ് പ്രൊമോഷൻ ലിസ്റ്റിൽ നിന്നും എത്രപേർക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്; അവശേഷിക്കുന്ന എത്രപേർ ലിസ്റ്റിലുണ്ട്;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-II, സീനിയർ അസിസ്റ്റന്റ്-I എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) മെഡിക്കൽ സ്റ്റോറുകളുടെ ചുമതല വഹിച്ചിരുന്ന ഡെപ്യൂട്ടേഷൻ/ കോർപ്പറേഷൻ ജീവനക്കാരെ ജീവനക്കാർ ആവശ്യമുള്ള ഡിപ്പോ/ഔട്ട്ലെറ്റുകളിൽ പുനർവിന്യസിച്ചിട്ടുണ്ട്.

(ഡി) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

(ഇ) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിന്നും ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് by transfer നിയമനം നൽകുന്നതിനുള്ള സീനിയോരിറ്റി നമ്പർ 522 വരെയുള്ള അർഹരായവർക്ക് by transfer നിയമനം നൽകിയിട്ടുണ്ട്. ലിസ്റ്റിൽ 187 പേർ അവശേഷിക്കുന്നു.

| | |
|---|---|
| (എഫ്) സീനിയർ അസിസ്റ്റന്റ്-I | - 40 ഡെപ്യൂട്ടേഷൻ തസ്തികകളും |
| സീനിയർ അസിസ്റ്റന്റ്-I | - 20 തസ്തികകളും |
| സീനിയർ അസിസ്റ്റന്റ്-II | - 20 തസ്തികകളും |
| ജൂനിയർ അസിസ്റ്റന്റ് | - 85 തസ്തികകളും |

സപ്ലൈകോയിൽ സൃഷ്ടിച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ മാവേലി സൂപ്പർ മാർക്കറ്റുകൾ

367 (2322) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പുതിയ മാവേലി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത മാർക്കറ്റുകൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ പുതിയ മാവേലി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നിലവിൽ ഉദ്ദേശിക്കുന്നില്ല. എന്നാൽ നിലവിലുള്ള ചെർപ്പുളശ്ശേരി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദിവസവേതനക്കാരുടെ വേതന വ്യവസ്ഥകൾ

368 (T*2323) <u>ശ്രീ. ചിറ്റയം ഗോപകുമാർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽ വർഷങ്ങളായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന വേതനം പരിമിതമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമാനുസൃതമുള്ള മിനിമം കൂലിപോലും ലഭിക്കാത്ത ഈ ജീവനക്കാരുടെ വേതനവ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) 10 വർഷത്തിലധികമായി ഈ മേഖലയിൽ സ്ഥിരമായി തൊഴിലെടുക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം 29-5-2018-ലെ സ.ഉ.(സാധാ)നമ്പർ 266/2018/ഭ.പൊ.വി.വ. പ്രകാരം 18-1-2018 മുതൽ ദിവസം 350 രൂപയിൽ നിന്ന് 425 രൂപയായും പായ്ക്കിംഗ് തൊഴിലാളികളുടെ വേതനം പായ്ക്കറ്റ് ഒന്നിന് 75 പൈസയിൽ നിന്ന് ഒരു രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

(സി) സ്ഥിരം നിയമനത്തിന്റെ പരിധിയിൽ വരുന്നതല്ല.

## സപ്ലൈകോ മാർക്കറ്റിലെ കമ്പ്യൂട്ടറുകളുടെ അഭാവം

369 (2324) <u>ശ്രീ. കെ. ആൻസലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സപ്ലൈകോ മാർക്കറ്റിൽ കമ്പ്യൂട്ടറുകളുടെ അഭാവം കാരണം ജനങ്ങൾക്ക്

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സാധനങ്ങൾ വാങ്ങാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു ;

(ബി) കമ്പ്യൂട്ടറുകളുടെ കുറവ് സംബന്ധിച്ച് സപ്ലൈകോ ഓഫീസിൽ നിന്നും അധികൃതരെ അറിയിച്ചിട്ടുണ്ടോ;

(സി) കമ്പ്യൂട്ടറുകളുടെ കുറവ് പരിഹരിക്കാൻ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എന്നാണ് പരാതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇടപ്പള്ളി പോണേക്കരയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ സ്ഥലം

370 (2325) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളി പോണേക്കരയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് എത്ര സ്ഥലമാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഇപ്പോൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന് സ്ഥലമില്ല. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ 2.5 ഏക്കർ സ്ഥലം സ്വന്തമായി ഉണ്ട്.

(ബി&സി) ഉണ്ട്. 24-1-2018-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 33/2018/ഭ.പൊ.വി.വ. പ്രകാരം 14.25 കോടി രൂപ (പതിനാല് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) മുതൽ മുടക്കി, ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ സംഭരണ വിതരണത്തിനായി ഗോഡൗൺ നിർമ്മിക്കുന്നതിന് സപ്ലൈകോയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കർഷകരിൽ നിന്ന് സപ്ലൈകോ സംഭരിച്ച നെല്ലിന്റെ പണം**

371 (2326) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കരീപ്ര തളവൂകോണം ഏലായിലെ കർഷകരിൽ നിന്ന് കൃഷിഭവൻ മുഖേന സപ്ലൈകോ സംഭരിച്ച നെല്ലിന്റെ പണം ലഭ്യമാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണം ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) കർഷകർക്ക് പണം അടിയന്തരമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) കൊല്ലം ജില്ലയിലെ കരീപ്ര തളവൂകോണം ഏലായിലെ കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ പണം പി. ആർ. എസ്.(പാഡി റസീപ്റ്റ് ഷീറ്റ്) വായ്പാ പദ്ധതി പ്രകാരവും തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ടി ഏലായിലെ കർഷകർ സപ്ലൈകോയുമായി പി. ആർ. എസ്. വായ്പാ പദ്ധതിക്കായി കരാർ ഒപ്പിട്ടിട്ടുള്ള ബാങ്കുകളിൽ നിന്നും ആവശ്യമായ രേഖകൾ പാഡി പേയ്മെന്റ് ഓഫീസിൽ സമയബന്ധിതമായി ഏൽപ്പിക്കാതിരുന്നതാണ് കർഷകർക്ക് നെല്ലിന്റെ വില ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുവാൻ കാരണമായത്.

**സപ്ലൈകോയുടെ മട്ടാഞ്ചേരി ഗോഡൗണിൽ സൂക്ഷിച്ചിരുന്ന റവ**

372 (2327) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതബാധിത മേഖലയിൽ വിതരണം ചെയ്യുന്നതിനായി, സപ്ലൈകോയുടെ മട്ടാഞ്ചേരി കല്ല് ഗോഡൗണിൽ സൂക്ഷിച്ചിരുന്ന 1000 കിലോ റവ മറിച്ചു വിറ്റു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാരായി കണ്ടെത്തിയ പനമ്പള്ളി നഗർ ഔട്ട്ലെറ്റിലെ ഓഫീസർ ഇൻ-ചാർജ്ജായ ശ്രീ. അനീഷ് കുട്ടപ്പനെ പാലക്കാട് മേഖലയിലേയ്ക്കും കൊച്ചി ഡിപ്പോ മാനേജരായിരുന്ന ശ്രീ. ശശീന്ദ്രബാബുവിനെ ഒറ്റപ്പാലം ഡിപ്പോയിലേയ്ക്കും സ്ഥലം മാറ്റുകയും പനമ്പള്ളി നഗർ ഔട്ട്ലെറ്റിലെ ദിവസവേതന ജീവനക്കാരനായ ശ്രീ. അസ്ലമിനെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ശ്രീ. അനീഷ് കുട്ടപ്പൻ, ശ്രീ. ശശീന്ദ്രബാബു എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. ഡിപ്പോ ഗോഡൗണുകളിൽ സംഭരിച്ചിരിക്കുന്ന സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനുവേണ്ടി ശരിയായ കണക്ക് സൂക്ഷിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**പറമ്പിക്കുളം ആദിവാസി മേഖലയിലെ മൊബൈൽ മാവേലി സ്റ്റോർ**

373 (2328) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം ആദിവാസി മേഖലയിൽ ഉണ്ടായിരുന്ന മൊബൈൽ മാവേലി സ്റ്റോറിന്റെ പ്രവർത്തനം നിർത്തിയിട്ട് എത്ര കാലമായെന്ന് വിശദമാക്കാമോ ;

(ബി) ഇതിന് പകരം എന്ത് സംവിധാനമാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ ;

(സി) മൊബൈൽ മാവേലി സ്റ്റോറിനുള്ള വാഹനം വാങ്ങുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കാലപ്പഴക്കംമൂലം വാഹനം കണ്ടം ചെയ്തതിനെ തുടർന്ന് 2017 ആഗസ്റ്റ് മുതൽ നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളം ആദിവാസി മേഖലയിൽ ഉണ്ടായിരുന്ന മൊബൈൽ മാവേലിസ്റ്റോറിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്.

(ബി) സഞ്ചരിക്കുന്ന മാവേലി സ്റ്റോറിനായി പുതിയ വാഹനം വാങ്ങിയിട്ടില്ല. സപ്ലൈകോയുടെ മറ്റേതെങ്കിലും ഡിപ്പോകളുടെ കീഴിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ സേവനം പറമ്പിക്കുളം ആദിവാസി മേഖലയിൽ ലഭ്യമാക്കുവാനുള്ള അടിയന്തര നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(സി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല.

**സിവിൽ സപ്ലൈസ് ജീവനക്കാർ**

374 (2329) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ അന്യത്ര സേവന വ്യവസ്ഥയിൽ എത്ര സിവിൽ സപ്ലൈസ് ജീവനക്കാർ ജോലി നോക്കുന്നുണ്ട്; അന്യത്ര സേവന സമ്പ്രദായം അവസാനിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സപ്ലൈകോയിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി നോക്കുന്നുണ്ട്; ഇവർക്ക് ഇപ്പോൾ എത്ര രൂപയാണ് ദിവസവേതനം നൽകുന്നത്; ഇവർക്ക് മിനിമം കൂലി ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1160 ജീവനക്കാർ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കിവരുന്നു. അന്യത്ര സേവന സമ്പ്രദായം അവസാനിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(ബി) സപ്ലൈകോയിൽ 6246 താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നു. പൂർണ്ണമായും കച്ചവട സ്ഥാപനമായ സപ്ലൈകോയിൽ വിൽപ്പനയ്ക്കനുസരിച്ചാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്. വിൽപ്പനയുടെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് താൽക്കാലിക ജീവനക്കാരുടെ എണ്ണത്തിലും ഏറ്റക്കുറച്ചിലുകൾ വരും. ടി ജീവനക്കാരുടെ വേതനം 29-05-2018-ലെ സർക്കാർ ഉത്തരവ്(സാധാ)നമ്പർ 266/18/ഭ.പൊ.വി.വ. പ്രകാരം ഡിസ്പ്ലേ അസിസ്റ്റന്റിന് 425 രൂപയും പായ്ക്കിംഗ് അസിസ്റ്റന്റിന് പായ്ക്കറ്റ് ഒന്നിന് ഒരു രൂപ നിരക്കിലും സപ്ലൈകോ പെട്രോൾ പമ്പിലെ ജീവനക്കാർക്ക് 500 രൂപയും നൽകിവരുന്നു. മിനിമം കൂലി സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജീവനക്കാർ**

375 (2330) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട്; എത്ര താത്കാലിക ജീവനക്കാർ ഉണ്ട്; ജോലിചെയ്യുന്ന സ്ഥാപനങ്ങളിലെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ട്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് സ്പെഷ്യൽ റൂൾസ് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ താത്കാലിക ജീവനക്കാർക്ക് എന്ത് തുകയാണ് ശമ്പളമായി നൽകുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 2172 സ്ഥിരം ജീവനക്കാർ ഉണ്ട്.

താൽക്കാലിക ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ജീവനക്കാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 709 |
| കൊല്ലം | 595 |
| പത്തനംതിട്ട | 284 |
| കോട്ടയം | 488 |
| ഇടുക്കി | 202 |
| എറണാകുളം | 786 |
| ആലപ്പുഴ | 399 |
| തൃശ്ശൂർ | 459 |
| പാലക്കാട് | 441 |
| കോഴിക്കോട് | 550 |
| മലപ്പുറം | 454 |
| വയനാട് | 151 |
| കണ്ണൂർ | 526 |
| കാസർഗോഡ് | 202 |
| ആകെ | 6246 |

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 1181 ജീവനക്കാർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്നു.

(സി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സപ്ലൈകോയിൽ ജോലി ചെയ്യുന്ന ഡിസ്‌പ്ലേ അസിസ്റ്റന്റിന് 425 രൂപയും പാക്കിംഗ് അസിസ്റ്റന്റിന് പാക്കറ്റ് ഒന്നിന് 1 രൂപ നിരക്കിലും സപ്ലൈകോ പെട്രോൾ പമ്പിലെ ജീവനക്കാർക്ക് 500 രൂപയും നൽകിവരുന്നു.

## നെല്ല് സംഭരണം

376 (2331) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഓരോ വർഷവും എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് കൊടുക്കാനുള്ള മുഴുവൻ തുകയും കൊടുത്തു തീർത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2017-18 സീസണിൽ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും കർഷകർക്ക് നൽകിയിട്ടുണ്ട്. 2018-19-ൽ 28-11-2018 വരെ 169.86 കോടി രൂപ നെല്ലിന്റെ സംഭരണ വിലയായി നൽകുകയും 36.35 കോടി രൂപ ഈയിനത്തിൽ നൽകുവാനുമുണ്ട്.

## കേരളത്തിലെ ഈ വർഷത്തെ നെല്ല് സംഭരണം

377 (2332) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകെ ഈ വർഷം എത്ര ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) സംഭരണ നെല്ലിന്റെ പണം മുഴുവനും കർഷകർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കുടിശ്ശിക വരുത്താതെ സംഭരിക്കുമ്പോൾ തന്നെ നെല്ലിന്റെ വില നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 28-11-2018 വരെ 81443.256 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2017-18 സീസണിൽ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും കർഷകർക്ക് നൽകിയിട്ടുണ്ട്. 2018-19-ൽ 28-11-2018 വരെ 169.86 കോടി രൂപ നെല്ലിന്റെ സംഭരണ വിലയായി നൽകുകയും 36.35 കോടി രൂപ നൽകുവാനുള്ളതുമാകുന്നു. കർഷകർ പി.ആർ.എസ്. (പാഡി റസീപ്റ്റ് ഷീറ്റ്) ബന്ധപ്പെട്ട ബാങ്കിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമെ നെല്ലിന്റെ സംഭരണ തുക വിതരണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

(സി) കുടിശ്ശിക വരുത്താതെ നെല്ലിന്റെ സംഭരണ വില നൽകുവാൻ ഉദ്ദേശിച്ചുകൊണ്ട് കഴിഞ്ഞ സീസൺ മുതൽ നടപ്പാക്കിയ പി.ആർ.എസ്. വായ്പാ പദ്ധതി വഴി നെല്ല് സംഭരിച്ച ഉടൻ തന്നെ കർഷകർക്ക് സംഭരണ വില ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്.

## സിവിൽ സപ്ലൈസ് ഷോപ്പുകളിൽ ഇ-പോസ് സംവിധാനം

378 (2333) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കടകളിൽ നടപ്പിലാക്കിയതുപോലെ ഇ-പോസ് സംവിധാനം മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് ഷോപ്പുകളിലും നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

സപ്ലൈകോ വിൽപ്പനശാലകളിൽ ഇ-പോസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ സാങ്കേതികവും സാമ്പത്തികവുമായ വശങ്ങൾ പരിശോധിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

379(2334) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (സി.എഫ്.ആർ.ഡി)എന്ന സ്ഥാപനത്തിന് 2016-17, 2017-18, 2018-19 വർഷങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; ബഡ്ജറ്റ് വിഹിതത്തിൽ നിന്ന്എത്ര രൂപ ചെലവാക്കി; അറിയിക്കുമോ;

(ബി) പ്രസ്തുത വിഹിതത്തിൽ നിന്ന് ഏതെല്ലാം പരിപാടികൾക്കാണ് തുക ചെലവാക്കിയതെന്നും ബാക്കി തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) സി.എഫ്.ഡി.ആർ.എൽ 2016-2018 വരെ നടത്തിയ പരീക്ഷണങ്ങളെക്കുറിച്ചും പരിശോധനകളെക്കുറിച്ചും വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ നിലവിലെ തസ്തികകൾ ഏതെല്ലാമെന്നും ഇതിൽ എത്ര പേർ സ്ഥിരം ജീവനക്കാരെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനം നഗരങ്ങളിൽ നിന്ന് വളരെ അകലെയായതിനാൽ പരീക്ഷണങ്ങളും പരിശോധനകളും നടക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) സി. എഫ്. ആർ. ഡി.-യുടെ കീഴിലുള്ള ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലാബിൽ 2016 ജനുവരി മുതൽ 2018 ഒക്ടോബർ വരെയുള്ള കാലയളവിൽ ആകെ 6627 സാമ്പിളുകൾ പരിശോധിക്കുകയും അതിൽനിന്നും 1,17,94,507 രൂപ പരിശോധനാഫീസായി ലഭിക്കുകയും ചെയ്തു. ഇതിൽ 3438 സാമ്പിളുകൾ സപ്ലൈകോയിൽ നിന്നും 3189 സാമ്പിളുകൾ സ്വകാര്യ സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്നും ലഭിച്ചതാണ്. പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കറി പൗഡറുകൾ, ശർക്കര, കുടിവെള്ളം, എണ്ണ, പാലും പാലുൽപ്പന്നങ്ങളും, സ്ക്വാഷ്, ജാം, വൈൻ, പോഷകാഹാര പൊടി, ചോക്ലേറ്റ്, പപ്പടം, പഴം, പച്ചക്കറി, വിനാഗിരി, കേക്ക്, തേൻ, മത്സ്യവും മത്സ്യവിഭവങ്ങളും, ഉപ്പ്, ബേക്കറി ഉൽപ്പന്നങ്ങൾ, പഞ്ചസാര, തേയില, കാപ്പിപ്പൊടി, അച്ചാർ, കായപ്പൊടി/കായം ഇവയാണ്. പരിശോധിച്ച ഭക്ഷ്യവസ്തുക്കൾ 633 സാമ്പിളുകൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും 5376 സാമ്പിളുകൾ ശേഖരിച്ച് ഒരു ഫുഡ് സേഫ്റ്റി സർവ്വേ നടത്തി. അതിൽ 4486 എണ്ണം ഭക്ഷ്യസാമ്പിളുകളും 615 എണ്ണം വാട്ടർ സാമ്പിളുകളും ആയിരുന്നു. 12.85% സാമ്പിളുകൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളെ റെഡി ടു ഈറ്റ്, റെഡി ടു കുക്ക്, റെഡി ടു ഡ്രിങ്ക്, ഹോട്ടൽ ഭക്ഷണം, പച്ചക്കറി, വാട്ടർ എന്നീ രീതിയിൽ തരം തിരിച്ചാണ് പഠനം നടത്തിയത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ചീഫ് അനലിസ്റ്റ് സ്ഥിരം ജീവനക്കാരിയും 31 പേർ കരാർ ജീവനക്കാരും 6 പേർ ദിവസ വേതനാടിസ്ഥാനത്തിലുള്ളവരും 2 പേർ സപ്ലൈകോയിൽ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ ജൂനിയർ അസിസ്റ്റന്റ് ആയി ജോലി ചെയ്യുന്നവരുമാണ്. നിലവിലെ തസ്തികകൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഇ) സ്ഥാപനം നഗരങ്ങളിൽ നിന്ന് അകലെയാണെങ്കിലും പരീക്ഷണങ്ങളും പരിശോധനകളും കാര്യക്ഷമമായി നടക്കുന്നുണ്ട്. പൊതുജനങ്ങളുടെ ഇടയിൽ പരമാവധി അവബോധം സ്ഥാപനത്തെ സംബന്ധിച്ച് സൃഷ്ടിച്ച് സ്ഥാപനത്തിന്റെ സേവനങ്ങൾ പ്രയോജനകരമായി നിർവ്വഹിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## പ്രളയവുമായി ബന്ധപ്പെട്ട് ഭക്ഷ്യവകുപ്പ് സ്വീകരിച്ച നടപടികൾ

380 (2335) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയബാധിത മേഖലയിലുള്ളവർക്ക് ഭക്ഷ്യവകുപ്പ് ലഭ്യമാക്കിയ സഹായങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രളയത്തെ തുടർന്ന് ഭക്ഷ്യധാന്യങ്ങൾ പൂഴ്ത്തിവയ്ക്കുന്നതായും അമിതവില ഈടാക്കുന്നതായും ഉള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയ ബാധിതമായി പ്രഖ്യാപിച്ച 11 ജില്ലകളിലെ എല്ലാ വിഭാഗം കാർഡ് ഉടമകൾക്കും 5 കിലോഗ്രാം അരി വീതം സൗജന്യമായി ആഗസ്റ്റ് മാസത്തെ റേഷൻ വിതരണത്തോടൊപ്പം നൽകിയിരുന്നു. ഇതിനുപുറമെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് അധിക വിഹിതമായി ലഭിച്ച 89540 മെട്രിക് ടൺ അരി കൈകാര്യച്ചെലവ് മാത്രം ഈടാക്കി സംസ്ഥാനത്തെ മുഴുവൻ മുൻഗണനേതര കാർഡുകൾക്കും പ്രതിമാസം 5 കിലോഗ്രാം വീതം 2018 സെപ്റ്റംബർ മുതൽ ഡിസംബർ വരെ വിതരണം നടത്തുന്നു. പ്രളയ ദുരിതാശ്വാസമായി സംസ്ഥാനത്തെ എല്ലാ തോട്ടം തൊഴിലാളികൾക്കും 15 കിലോഗ്രാം അരി സൗജന്യമായി അനുവദിച്ചിരുന്നു. കേന്ദ്ര സർക്കാർ ലഭ്യമാക്കിയ സബ്സിഡിയില്ലാത്ത 12000 കിലോലിറ്റർ മണ്ണെണ്ണ, കൈകാര്യച്ചെലവ് സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് കേന്ദ്രം നൽകുന്ന നിരക്കിൽ ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ പ്രളയത്തിൽ നഷ്ടപ്പെട്ട റേഷൻ കാർഡുകൾക്ക് പകരം കാർഡ് നൽകുകയും എൽ. പി. ജി. സിലിണ്ടറുകൾ നഷ്ടപ്പെട്ടവർക്ക് ആയത് ലഭ്യമാക്കുകയും ചെയ്തു.

പ്രളയ ബാധിത സമയത്ത് എയർ ഡ്രോപ്പ് ചെയ്യുന്നതിനും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനും ഭക്ഷ്യവസ്തുക്കൾ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവ സപ്ലൈകോ മുഖേന നൽകിയിരുന്നു. ക്യാമ്പുകളിൽ നിന്നും മടങ്ങിയ കുടുംബങ്ങൾക്ക് നൽകിയ ബാക് ടു ഹോം കിറ്റുകളിലേയ്ക്ക് ആവശ്യമായ സാധനങ്ങളും സപ്ലൈകോ ഡിപ്പോകളിൽ നിന്നും വിൽപ്പനശാലകളിൽ നിന്നും നൽകുകയുണ്ടായി. നിലവിൽ, പ്രളയബാധിതരിലെ ദുർബ്ബല വിഭാഗങ്ങൾക്കായി മൂന്ന് മാസക്കാലം 500 രൂപ വില വരുന്ന അവശ്യ വസ്തുക്കൾ ഉൾക്കൊള്ളിച്ച ഉപജീവനക്കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയും സപ്ലൈകോ മുഖേന നടത്തിവരുന്നു.

(ബി) ചില ഒറ്റപ്പെട്ട പരാതികൾ പ്രളയകാലത്ത് ശ്രദ്ധയിൽപ്പെട്ടിരുന്നു. സിവിൽ സപ്ലൈസ് വകുപ്പ് സജീവമായി ഇടപെട്ട് ടി പരാതികൾ പരിഹരിച്ചിട്ടുണ്ട്. പ്രളയാനന്തരം യാതൊരുവിധ വില വർദ്ധനയും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്ന് മാത്രമല്ല ഭക്ഷ്യധാന്യങ്ങളുടെയും അവശ്യ സാധനങ്ങളുടെയും വില പിടിച്ചുനിർത്തുന്നതിൽ വകുപ്പ് സ്തുത്യർഹമായ സേവനമാണ് കാഴ്ചവച്ചത്.

**ലീഗൽ മെട്രോളജിയിലെ താൽക്കാലിക നിയമനം**

381 (2336) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ 6-7-2018-ന് പുറപ്പെടുവിച്ച സ.ഉ.(കൈ)നമ്പർ 27/2018/ഉ.കാ.വ. ഉത്തരവ് പ്രകാരം ജില്ല ഓഫീസുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ മാത്രം താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തിക മാത്രം താൽക്കാലികാടിസ്ഥാനത്തിൽ നികത്താൻ ഉണ്ടായ ഭരണപരവും സാങ്കേതികവും നയപരവുമായ കാരണങ്ങൾ വിശദമാക്കാമോ;

(സി) സർക്കാർ വകുപ്പുകളിൽ ഇത്തരം താൽക്കാലിക നിയമനം നടത്തുന്നതിലൂടെ അഴിമതിയും സ്വജനപക്ഷപാതവും വർദ്ധിപ്പിക്കുന്നതിന് കാരണമാകുമോ; നിലപാട് വിശദമാക്കാമോ;

(ഡി) എങ്കിൽ താൽക്കാലിക നിയമനത്തിന് പകരം പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 6-7-2018-ലെ സ.ഉ.(കൈ)നമ്പർ 27/2018/ഉ.കാ.വ. ഉത്തരവ് പ്രകാരം പുതുതായി അനുവദിച്ച 14 താലൂക്ക് ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസുകളിൽ 3 തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ ഉത്തരവായിട്ടുണ്ട്. ജില്ലാ ഓഫീസുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നില്ല.

(ബി-ഡി) ബാധകമല്ല.

**ലീഗൽ മെട്രോളജി പ്രവർത്തനങ്ങൾ**

382 (2337) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ലീഗൽ മെട്രോളജി വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി വിശദമാക്കാമോ?

ഉത്തരം

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവും സുതാര്യവും ആക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും ലീഗൽ മെട്രോളജി വകുപ്പിന്റെ ഇൻസ്പെക്ടറോഫീസുകൾ അനുവദിക്കുകയും വകുപ്പിൽ 63 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.
- നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ വീഡിയോ ആയോ സന്ദേശങ്ങളായോ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ലീഗൽ മെട്രോളജി ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടുന്നതിന് 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

- വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പായ്ക്കർ രജിസ്ട്രേഷൻ തുടങ്ങിയവ ഓൺലൈനായി ലഭ്യമാക്കുന്നതിന് ലീഗൽ മെട്രോളജി ഓപ്പറേഷൻ മാനേജ്മെന്റ് സിസ്റ്റം (LMOMS) പദ്ധതിയിലൂടെ നടപ്പിലാക്കി.

- പൊതുജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും ടോൾ ഫ്രീ നമ്പരോടുകൂടി കാൾ സെന്റർ ആരംഭിച്ചിട്ടുണ്ട്.

- നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന വകുപ്പിന്റെ വാഹനങ്ങളിൽ ജി. പി. എസ്. സംവിധാനം ഏർപ്പെടുത്തി. ആയതിലൂടെ പരാതിക്കാരന്റെ ഏറ്റവും അടുത്തുള്ള നിർവ്വഹണ ഉദ്യോഗസ്ഥന് വ്യാപാര സ്ഥാപനം പരിശോധിച്ച് പരാതിക്ക് പരിഹാരം കാണാവുന്നതാണ്.
- ലീഗൽ മെട്രോളജി വകുപ്പിൽ ഐ. ടി. സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.
- ആരോഗ്യ മേഖലയിൽ ഉപയോഗിച്ചുവരുന്ന അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മിന്നൽ പരിശോധന കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.
- പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് രാത്രികാല മിന്നൽ പരിശോധനകൾ ആരംഭിച്ചു.
- ഉപഭോക്തൃ ചൂഷണം തടയുന്നതിനായി ഓരോ മേഖലയും കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നുണ്ട്.
- നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നുണ്ട്.
- ലീഗൽ മെട്രോളജി നിയമങ്ങളെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി എഫ്. എം. റേഡിയോയിലൂൾപ്പെടെ പരസ്യങ്ങൾ നൽകിവരുന്നു.

(ബി) ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, സ്റ്റാമ്പിംഗ് ജോലികൾ, മറ്റ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, മറ്റ് ഓഫീസ് ജോലികൾ എന്നിവ കുടിശ്ശിക വരാതെ കൃത്യമായി നിർവ്വഹിച്ചുവരുന്നു. പെട്രോൾ പമ്പുകൾ, ജ്വല്ലറികൾ തുടങ്ങി എല്ലാ വ്യാപാരസ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരുന്നു. ചെങ്ങന്നൂർ, ശബരിമല ഇടത്താവളമായതിനാൽ മണ്ഡലകാലത്ത്

ഉപഭോക്തൃ ചൂഷണം തടയുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെങ്ങന്നൂർ താലൂക്കിൽ ആകെ 254 കേസ്സുകൾ കണ്ടെത്തുകയും 9,95,500 രൂപ (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അഞ്ഞൂറ് രൂപ) രാജി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖത്തിന്റെ കമ്മീഷനിംഗ് തീയതി

383 (2338) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതിനുള്ള കാലാവധി അവസാനിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത തുറമുഖം എന്നു മുതൽ കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന് എന്തെങ്കിലും സാങ്കേതിക തടസമുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത തുറമുഖത്തിന്റെ കരാറുമായി ബന്ധപ്പെട്ടുള്ള സി.എ.ജി. റിപ്പോർട്ടിന്മേലുള്ള അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. 2019 ഡിസംബർ 3-ന് ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) സർക്കാർ സ്വകാര്യ പങ്കാളിയുമായി ഏർപ്പെട്ട കരാർ പ്രകാരം 2019 ഡിസംബർ 3-ന് ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭിക്കാനുള്ള കാലതാമസവും ഓഖി ചുഴലിക്കാറ്റും കാരണം പ്രോജക്ട് നിർവ്വഹണത്തിൽ കാലവിളംബം നേരിട്ടതായി അദാനി കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തേയ്ക്കുള്ള ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമപരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാനായി ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ (റിട്ട. ഹൈക്കോടതി ജഡ്ജി) ചെയർമാനും ശ്രീ. കെ. മോഹൻദാസ് ഐ. എ. എസ്. (റിട്ട.), ശ്രീ. പി. ജെ. മാത്യു ഐ. എ. & എ. എസ്.(റിട്ട.) എന്നിവർ അംഗങ്ങളുമായുള്ള ഒരു ഇൻക്വയറി കമ്മീഷനെ 2017 ജൂലൈ 20-ന് നിയമിച്ചിട്ടുണ്ട്. ആറുമാസത്തിനകം അന്വേഷണം പൂർത്തിയാക്കി

റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്നായിരുന്നു നിർദ്ദേശം. കമ്മീഷന് 2019 ജനുവരി 19 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കമ്മീഷൻ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് സിറ്റിംഗ് പൂർത്തിയാക്കിക്കഴിഞ്ഞു.

**വിഴിഞ്ഞം തുറമുഖ പദ്ധതി - പുനരധിവാസ പാക്കേജ്**

384 (2339) ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പുനരധിവാസ പാക്കേജ് സംബന്ധിച്ച ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തുറമുഖ പദ്ധതിക്കുവേണ്ടി മാറ്റിപ്പാർപ്പിച്ച എല്ലാവർക്കും ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) പദ്ധതി പ്രദേശത്തെ താല്പര്യമുള്ള എല്ലാവർക്കും തുറമുഖാധിഷ്ഠിത ജോലികളിൽ മുൻഗണന നൽകണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ഇ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം വേഗത്തിലാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാൻ സർക്കാർ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

പദ്ധതിമൂലം ജീവനോപാധി നഷ്ടപ്പെടുന്നവരെ കണ്ടെത്തി നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി RDO ചെയർമാനായി അഞ്ചംഗ Livelihood Impact Appraisal Committee (LIAC)-യും കളക്ടറുടെ അദ്ധ്യക്ഷതയിൽ അപ്പീൽ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ

മേലധികാരിയായുള്ള ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും ഈ നടപടികൾക്കാവശ്യമായ സഹായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനും വിഴിഞ്ഞം തുറമുഖ കമ്പനിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ കാലയളവിൽ യന്ത്രവൽകൃതയാനങ്ങൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രദേശമുൾപ്പെടുന്ന കോട്ടപ്പുറം മുതൽ മുല്ലൂർ വരെയുള്ള തീരപ്രദേശത്തെ അപേക്ഷകൾ പരിശോധിച്ച് നഷ്ടപരിഹാരം വിതരണം ചെയ്തുകഴിഞ്ഞു. കപ്പൽ ചാൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടം വരുന്ന അടിമലത്തുറ ഭാഗത്തെ കരമടി മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്ന 18000-ത്തോളം വരുന്ന പരാതികളിന്മേൽ പുനഃപരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പുനരധിവാസ പാക്കേജ് സംബന്ധിച്ച് ഗുണഭോക്തൃ പട്ടിക RDO-യുടെ അദ്ധ്യക്ഷതയിലുള്ള Livelihood Impart Appraisal Committee തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ഈ റിപ്പോർട്ടിന്മേലുള്ള പരാതികൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള LIAC അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനായി അവസരം നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മത്സ്യഗ്രാമം/മത്സ്യബന്ധന രീതി എന്നിവ അടിസ്ഥാനമാക്കി വിശദമായ പട്ടികയും തയ്യാറാക്കിയിട്ടുണ്ട്.

(സി) വീടുകൾ നഷ്ടപ്പെട്ട ഭൂവുടമകൾക്ക് 5 സെന്റ് സ്ഥലം ഗുണഭോക്താവിന്റെ പേരിൽ പൂർണ്ണസ്വാതന്ത്ര്യത്തോടെ രജിസ്റ്റർ ചെയ്താണ് നൽകിയിട്ടുള്ളത്.

(ഡി) നിർമ്മാണ ഘട്ടത്തിലുള്ള തൊഴിലുകളിൽ പ്രദേശവാസികൾക്ക് അവസരം നൽകിവരുന്നുണ്ട്. അഭ്യസ്തവിദ്യരായ തദ്ദേശീയർക്ക് പരിശീലനം നൽകാൻ അദാനി കമ്പനി വിഴിഞ്ഞത്ത് തൊഴിൽ നൈപുണ്യ പരിശീലന സ്ഥാപനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് വിഴിഞ്ഞത്തും മറ്റ് തുറമുഖങ്ങളിലും അവസരം ലഭിക്കുന്നതാണ്.

(ഇ) പദ്ധതി പുരോഗതി സർക്കാർ വിവിധ തലങ്ങളിൽ പതിവായി വിലയിരുത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരണത്തിനുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിനായി സ്വകാര്യ വ്യക്തികളുമായി കരാർ വ്യവസ്ഥയിലും അദാനി കമ്പനി നേരിട്ടും ക്വാറികൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി

385 (2340) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ പുത്തൻപ്രതീക്ഷയായി വിലയിരുത്തപ്പെട്ട വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ ;

(ബി) നിലവിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ ;

(സി) വിഴിഞ്ഞം തുറമുഖ നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ വിവിധ ഘടകങ്ങളുടെ നിലവിലെ പുരോഗതി താഴെ കൊടുക്കുന്നു:

| | |
|---|---|
| പുലിമുട്ട് നിർമ്മാണം | 3100 മീറ്ററിൽ 565 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചു. പുലിമുട്ടിൽ ഉപയോഗിക്കുന്നതിന് 8500 അക്രോപോഡുകളുടെ നിർമ്മാണവും പൂർത്തിയാക്കി. |
| ഡ്രെഡ്ജിങ് & റിക്ലമേഷൻ | ഏകദേശം 7 ദശലക്ഷം മണ്ണ് ഡ്രെഡ്ജ് ചെയ്ത് 53 ഹെക്ടർ കടൽ നികത്തേണ്ടതിൽ 40% പൂർത്തീകരിച്ചു. |
| ബെർത്ത് നിർമ്മാണം | 800 മീറ്റർ നീളത്തിലുള്ള ബെർത്ത് നിർമ്മിക്കുന്നതിനുള്ള 615 പൈലുകളിൽ 465 പൈലുകൾ സ്ഥാപിച്ചുകഴിഞ്ഞു. |
| യാർഡ് നിർമ്മാണം | റിക്ലമേഷൻ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടെയ്നർയാർഡും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുന്നതാണ്. |
| തുറമുഖത്തിനാവശ്യമായ യന്ത്രോപകരണങ്ങളുടെ നിർമ്മാണവും സ്ഥാപിക്കലും | അദാനി കമ്പനി നൽകിയ കരാറുകളുടെ അടിസ്ഥാനത്തിൽ 4 ടഗ് ബോട്ടുകൾ, 8 ക്രെയിനുകൾ, 24 യാർഡ് ക്രെയിനുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| സൗകര്യങ്ങൾ, സ്റ്റോറേജ്, കെട്ടിടങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| പുതിയ മത്സ്യബന്ധന തുറമുഖം | Detailed Project Report ലഭിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(ബി) തുറമുഖ പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്.

(സി) തുറമുഖനിർമ്മാണത്തിന്റെ ഒന്നാം ഘട്ടം 2019 ഡിസംബർ 3-ന് പൂർത്തിയാക്കുന്നതിനാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഓഖി ചുഴലിക്കാറ്റുമൂലം പൈലിംഗ് വർക്കുകൾ തടസ്സപ്പെട്ടതായും പ്രവർത്തനത്തിലിരുന്ന ഒരു ഡ്രെഡ്ജറിനും വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിൽ നങ്കൂരമിട്ടിരുന്ന മറ്റൊരു ഡ്രെഡ്ജറിനും കേടുപറ്റിയത് നിർമ്മാണ പുരോഗതിയെ ബാധിച്ചുവെന്നും ചുഴലിക്കാറ്റിൽ നിർമ്മിതികൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചുവെന്നും അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭിക്കാത്ത സാഹചര്യവും നിലവിലുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് യഥാസമയം പദ്ധതി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ കപ്പലുകൾ**

386 (2341) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ കപ്പലുകൾ ചരക്കിറക്കാൻ തുടങ്ങിയിട്ടുണ്ടോ;

(ബി) കണ്ടെയ്നർ കപ്പലുകൾ കൂടി എത്തുന്ന സാഹചര്യത്തിൽ കപ്പൽ ചാലുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബേപ്പൂർ തുറമുഖത്ത് കപ്പൽ ചാലിന്റെ ആഴം 6 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഡി. പി. ആർ. തയ്യാറാക്കുന്നതിനായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഡി. പി. ആർ. തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. 'സാഗർമാല' പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭിക്കുമോ എന്ന കാര്യവും പരിശോധിക്കുന്നുണ്ട്.

## മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്

387 (2342) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ നീണ്ടകരയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവന്ന കോഴ്സുകൾ ഇനി മുതൽ കൊടുങ്ങല്ലൂർ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയാൽ മതിയെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തുറമുഖവകുപ്പിന്റെ അധീനതയിൽ നീണ്ടകരയിൽ പ്രവർത്തിച്ചിരുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ 4 ദിവസം ദൈർഘ്യമുള്ള ബോട്ട് ക്രൂ ട്രെയിനിംഗ് എന്ന പരിശീലന പരിപാടിയാണ് നടത്തിയിരുന്നത്. ആയത് 20-4-2018 മുതൽ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഇപ്രകാരം നിർദ്ദേശം നൽകിയിട്ടില്ല.

## തുറമുഖ വകുപ്പിലെ സ്പെഷ്യൽ റൂൾസിന്റെ ഭേദഗതി

388 (2343) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 3-5-2017-ലെ 5161/ഡി1/2013/മ.തു.വ. നമ്പർ കത്ത് പ്രകാരം തുറമുഖ വകുപ്പിലെ സ്പെഷ്യൽ റൂൾസിന്റെ ഭേദഗതി കൃത്യമായ മാതൃകയിൽ തയ്യാറാക്കി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിരുന്നോ;

(ബി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തുറമുഖ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കാരവുമായി ബന്ധപ്പെട്ട ഫയൽ, വകുപ്പിലെ രജിസ്റ്ററിംഗ് അതോറിറ്റി ശ്രീ. കെ. ആർ. വിനോദ് 23-1-2017 മുതൽ 13-9-2017 വരെ അനധികൃതമായി കൈവശം വച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പരാതികളുടെയും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അതെ.

(ബി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം I*)

(സി) ഈ വിഷയം പരിശോധിച്ചുവരുന്നു.

(ഡി) പരാതികളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം II)*

**മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറ മ്യൂസിയം**

389 (2344) <u>ശ്രീ. ഒ. ആർ. കേളു :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറ മ്യൂസിയത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത മ്യൂസിയത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്;

(സി) ഇപ്പോൾ കുങ്കിച്ചിറയിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ ഏത് ഏജൻസിയാണ് നടത്തുന്നത്;

(ഡി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ മാനന്തവാടി നിയോജക മണ്ഡത്തിലെ കുങ്കിച്ചിറയിൽ നിർമ്മിച്ചുവരുന്ന പൈതൃക മ്യൂസിയം കെട്ടിടത്തിന്റെ 95% ജോലികൾ പൂർത്തീകരിച്ചു. പ്രസ്തുത മ്യൂസിയത്തിലേയ്ക്ക് ലഭ്യമായ വസ്തുക്കളുടെ പ്രദർശനം സജ്ജീകരിക്കുന്നതിനാവശ്യമായ ഡി. പി. ആർ. തയ്യാറാക്കുന്നതിനും നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മ്യൂസിയത്തിലേയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി മ്യൂസിയം സന്ദർശിക്കാൻ വരുന്ന ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള സന്ദർശകർക്ക് ഉപയോഗിക്കത്തക്ക തരത്തിലുള്ള ആധുനിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രീതിയിലുള്ള ശൗചാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മ്യൂസിയത്തിന്റെ മുൻവശത്തെ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കെ. എസ്. ഇ. ബി. മുഖേന വൈദ്യുതി ലഭ്യമാക്കുന്നതിനായി ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നിവ സ്ഥാപിച്ചുകഴിഞ്ഞു. വൈദ്യുതി ലഭ്യമാകുന്ന മുറയ്ക്ക് ഭിന്നശേഷിക്കാരായ സന്ദർശകരുടെ സൗകര്യാർത്ഥം ഉപയോഗിക്കുന്നതിന് ഒരു ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. ഹൈ ടെൻഷൻ ലൈൻ കൊണ്ടു വരുന്നതിനാവശ്യമായ കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ നടന്നുവരുന്നു. മ്യൂസിയത്തിനുമുന്നിലായുള്ള ചിറ നവീകരിച്ച് കുഞ്ഞിയമ്മയുടെ പ്രതീകാത്മകമായ പ്രതിമ ചിറയിൽ സ്ഥാപിച്ചിട്ടുണ്ട്. ചിറയുടെ സംരക്ഷിത പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സംരക്ഷണ ഭിത്തികളുടേയും നടപ്പാതയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു.

(ബി) നിലവിൽ ഒരു സൂപ്പർവൈസറി ഉദ്യോഗസ്ഥൻ, 4 ഗാർഡനർമാർ, 1 സ്വീപ്പർ അടക്കം ആകെ 6 ജീവനക്കാരാണുള്ളത്.

(സി) കുങ്കിച്ചിറ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ അംഗീകൃത ഏജൻസിയായ M/s. ഹിന്ദുസ്ഥാൻ പ്രീ-ഫാബ് ലിമിറ്റഡ്, തൈയ്ക്കാട്, തിരുവനന്തപുരം, ചിറയുടെ നവീകരണം സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസിയായ M/s. ഹാബിറ്റാറ്റ് ലിമിറ്റഡ്, തൊടുപുഴ, ഇടുക്കി എന്നീ സ്ഥാപനങ്ങളുമാണ് നടത്തിവരുന്നത്.

(ഡി) 2019-2020 സാമ്പത്തിക വർഷത്തിൽ തന്നെ എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**ട്രാംവെ റെയിൽ പൈതൃക മ്യൂസിയം**

390(2345) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ ട്രാംവെ റെയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

ഉത്തരം

ചാലക്കുടിയിൽ ട്രാംവെ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത് സംബന്ധിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി വനം വകുപ്പിൽ നിന്നും വിശദാംശങ്ങൾ വാങ്ങി സമർപ്പിക്കുവാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## കണ്ണൂർ ചന്തപ്പുര തെയ്യം മ്യൂസിയം

391 (2346) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ വില്ലേജിൽ ചന്തപ്പുര ദേശത്ത് തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് 20-8-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 308/2018/റവ. നമ്പർ പ്രകാരം 90 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി പ്രസ്തുത ഭൂമിയിൽ മ്യൂസിയം സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത മ്യൂസിയത്തിന്റെ ഡി. പി. ആർ. തയ്യാറാക്കുന്നതിന് നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയത്തിന് 8,85,885 രൂപ 14-11-2018-ലെ സ.ഉ.(സാധാ)നമ്പർ 635/2018/ സാം.കാ.വ. പ്രകാരം നൽകുന്നതിനും മ്യൂസിയം മൃഗശാലാവകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

## കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം

392 (2347) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം ആരംഭിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ് വിശദീകരിക്കുമോ;

(ബി) ഇതിനായി നാളിതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) വനം വകുപ്പിൽ നിന്നും കെട്ടിടങ്ങൾ കൈമാറി കിട്ടിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകൾ ഏതെല്ലാം ഓഫീസിൽ പെന്റിംഗിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി പൈതൃക മ്യൂസിയം എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) കോന്നിയിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിച്ചുവരുന്നത്. കെട്ടിടത്തിന്റെ രാസപരവും ഘടനാപരവുമായ സംരക്ഷണ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മ്യൂസിയത്തിന്റെ മറ്റ് അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്നതിനായി 2018 ഡിസംബർ 7, 8, 9 തീയതികളിൽ ബൃഹത്തായ ഒരു സർവ്വേ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കെട്ടിടങ്ങൾ വകുപ്പിന് കൈമാറിയിട്ടില്ല. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം വനം വകുപ്പിൽ നിലനിർത്തിക്കൊണ്ടാണ് മ്യൂസിയം സജ്ജീകരിക്കുന്നത്.

(ഡി) ഇതുസംബന്ധിച്ച ഫയലുകൾ പെന്റിംഗ് ഇല്ല.

(ഇ) മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എത്രയും വേഗം മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു.

**വൈപ്പിനിലെ ആംഗ്ലോ - ഇന്ത്യൻ പള്ളിയുടെ ജീർണ്ണാവസ്ഥ**

393 (2348) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ വൈപ്പിനിൽ സ്ഥിതി ചെയ്യുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ആംഗ്ലോ -ഇന്ത്യൻ പള്ളിയായ അവർ ലേഡി ഓഫ് ഹോപിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കൊച്ചി മണ്ഡലത്തിലെ വൈപ്പിനിൽ സ്ഥിതി ചെയ്യുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ആംഗ്ലോ - ഇന്ത്യൻ പള്ളിയായ അവർ ലേഡി ഓഫ് ഹോപിന്റെ ജീർണ്ണാവസ്ഥ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ലഭിച്ച നിവേദനത്തിന്മേൽ പുരാവസ്തു വകുപ്പിലെ പബ്ലിക്കേഷൻ ഓഫീസർ ടി സ്മാരകം പരിശോധിക്കുകയും സംരക്ഷിത സ്മാരകമാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1968-ലെ പുരാവസ്തു സംരക്ഷണ നിയമപ്രകാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആർക്കിയോളജി മ്യൂസിയം**

394 (2349) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരാണിക ചരിത്രമുറങ്ങുന്ന ചെങ്ങന്നൂരിൽ ഒരു ആർക്കിയോളജി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇടനാട് തൂക്കുപാലം ആർക്കിയോളജി വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂരിൽ ഒരു ആർക്കിയോളജി മ്യൂസിയം സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല. ഇതുസംബന്ധിച്ച് നിവേദനങ്ങൾ ലഭിക്കുന്ന പക്ഷം ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇടനാട് തൂക്കുപാലം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്തതിനാൽ ടി സ്മാരകം ഏറ്റെടുക്കുന്ന വിഷയം ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല.

നക്ഷത്രചിഹ്നിടാത്ത 1951, 1955, 1968, 1997, 2008, 2010, 2081, 2090, 2135, 2203 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II അടിയന്തരപ്രമേയം

### പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ

മി. സ്പീക്കർ: സഭയിൽ ആദ്യം വരേണ്ടിയിരുന്ന സുപ്രധാനമായ ഒരു വിഷയമായിരുന്നു ഇത്. മഹാപ്രളയത്തിനുശേഷം ദുരിതമനുഭവിക്കുന്നവർക്ക് കാര്യമായ സഹായം നൽകാൻ കഴിയാത്തതുമൂലവും ദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർണ്ണമായും സ്തംഭിച്ചതുമൂലവും ജനങ്ങൾ നേരിടുന്ന കഷ്ടപ്പാടുകളും ദുരിതങ്ങളും കാരണം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഭരണ-പ്രതിപക്ഷഭേദമില്ലാതെ നമ്മൾ ഒന്നിച്ചുനിന്നാണ് പ്രളയത്തെ നേരിട്ടത്. ഇനിയങ്ങോട്ടും നടപടികൾ ഒന്നിച്ചാണ് സ്വീകരിക്കേണ്ടത്. നാം ഒരു ഘട്ടത്തിൽ പ്രത്യേകമായിത്തന്നെയാണ് പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ചകൾ നടത്തിയത്. നിലവിലുള്ള പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നത് നന്നായിരിക്കുമെന്നതിനാൽ ചർച്ച ചെയ്യാം.

മി. സ്പീക്കർ: സർക്കാരിന്റെ നിലപാട് അഭിനന്ദനീയമാണ്. റൂൾ 50 അനുസരിച്ചുള്ള പ്രമേയം ചർച്ചയ്ക്കെടുക്കാമെന്ന് സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ച സാഹചര്യത്തിൽ പ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിക്കാം. ചട്ടം 55 പ്രകാരം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് ചർച്ച ആരംഭിക്കേണ്ടതും 3.00 മണിക്ക് അവസാനിപ്പിക്കേണ്ടതുമാണ്. പ്രമേയത്തിന്മേലുള്ള ചർച്ച ആരംഭിക്കുന്നതിന് മുമ്പുതന്നെ നമ്മുടെ നടപടിക്രമങ്ങൾ പരമാവധി പൂർത്തീകരിക്കാൻ അംഗങ്ങൾ സഹകരിക്കണമെന്ന് അറിയിക്കുന്നു. സമയത്തെക്കുറിച്ച് പറയുമ്പോഴുള്ള അസ്വസ്ഥത പ്രകടിപ്പിക്കാതിരുന്നാൽ 1.00 മണിക്കുള്ളിൽ പരമാവധി പൂർത്തീകരിക്കാം.

# III ശ്രദ്ധ ക്ഷണിക്കൽ

## (1) കശുവണ്ടിത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേരളത്തിലെ മൂന്ന് ലക്ഷത്തിലധികം വരുന്ന പാവപ്പെട്ട കുടുംബങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമാണ് കശുവണ്ടി വ്യവസായം. ഈ മേഖലയിൽ തൊഴിലെടുക്കുന്ന 95% തൊഴിലാളികളും സ്ത്രീകളാണ്. ഇതിൽ 60% പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. കേരളത്തിലെ സ്വകാര്യ ഉടമസ്ഥതയിലുള്ള എണ്ണൂറോളം ഫാക്ടറികളിൽ 400-ൽ താഴെയാണ് തുറന്ന് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽവന്ന കാലം മുതൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടത്തിവരുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. പക്ഷേ, അത് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ നിരവധി തടസ്സങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നികുതിനയം കശുവണ്ടി വ്യവസായത്തെ പൂർണ്ണമായും തകർക്കുന്ന രീതിയിലുള്ളതാണ്. പരമ്പരാഗത വ്യവസായങ്ങൾക്ക് ലഭിക്കുന്ന നികുതിയിളവുകൾ ലഭിക്കാത്തത് തോട്ടണ്ടിയുടെ ഇറക്കുമതിയെ സാരമായി ബാധിച്ചിരിക്കുകയാണ്. കൂലി കുറയ്ക്കുക, ഡി.എ. നൽകാതിരിക്കുക തുടങ്ങിയ നീതിനിഷേധങ്ങൾ സ്വകാര്യ ഫാക്ടറികളിൽ നടന്നുവരുന്നു. കശുവണ്ടി മേഖലയിൽ തൊഴിലെടുക്കുന്ന സ്റ്റാഫിന്റെ ശമ്പളക്കരാർ കാലാവധി കഴിഞ്ഞിട്ടും പുതുക്കാൻ സാധ്യമായിട്ടില്ല. ഇതിനുവേണ്ടി സർക്കാർ മുൻകയ്യെടുത്ത് ചർച്ച നടത്തിയെങ്കിലും വ്യവസായികളുടെ നിഷേധാത്മകമായ നിലപാടുമൂലം പുതുക്കിയിട്ടില്ല. പെൻഷനായ തൊഴിലാളികളുടെ 2011 മുതലുള്ള ഗ്രാറ്റുവിറ്റിയും കാപ്പക്സിലെ തൊഴിലാളികളുടെ 2012 മുതലുള്ള ഗ്രാറ്റുവിറ്റിയും കുടിശ്ശികയിലാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് വർഷത്തെ ഗ്രാറ്റുവിറ്റി വിതരണം ചെയ്ത നടപടി ആശ്വാസകരമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇ.എസ്.ഐ., പി.എഫ്. നിയമങ്ങളിലെ ഭേദഗതി ഏറ്റവും പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികളെയാണ് കൂടുതലായി ബാധിച്ചിട്ടുള്ളത്. പുതുക്കിയ പി.എഫ്. നിയമപ്രകാരം 3650 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളവർക്ക് മാത്രമാണ് പെൻഷന് അർഹതയുള്ളത്. വർഷത്തിൽ വളരെ കുറച്ച് ദിവസത്തെ തൊഴിൽ മാത്രം ലഭിക്കുന്ന കശുവണ്ടിത്തൊഴിലാളികൾക്ക് പി.എഫ്. പെൻഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് ഇതുമൂലമുണ്ടായത്. കേന്ദ്രം നടപ്പിലാക്കിയിട്ടുള്ള ഇ.എസ്.ഐ. നിയമങ്ങൾ കശുവണ്ടിത്തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ പൂർണ്ണമായും നിഷേധിക്കുന്ന തരത്തിലുള്ളതാണ്. നിലവിലെ നിയമമനുസരിച്ച് 3 മാസവും 39 ദിവസവും ഹാജരുണ്ടെങ്കിൽ

തൊഴിലാളികൾക്കും 6 മാസവും 78 ദിവസവും ഹാജരുണ്ടെങ്കിൽ കുടുംബാംഗങ്ങൾക്കും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുമായിരുന്നു. എന്നാൽ പുതുക്കിയ നിയമമനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്ത് 2 വർഷം പിന്നിടുകയും 4 തവണ വിഹിതം അടയ്ക്കുകയും 2 വർഷത്തിനുള്ളിൽ കുറഞ്ഞത് 156 തൊഴിൽ ദിനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതുമൂലം വളരെ കുറച്ച് ദിവസത്തെ തൊഴിൽ ദിനങ്ങൾ മാത്രം ലഭിക്കുന്ന കശുവണ്ടിത്തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കപ്പെടുകയാണ്. മാരകരോഗങ്ങൾ ബാധിച്ച തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ഭാരിച്ച ചികിത്സാച്ചെലവുകൾ താങ്ങാനാകാതെ മരണപ്പെടുകയാണ്. കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുക, എല്ലാ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുക, തൊഴിലാളികളുടെ നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ തിരികെ ലഭ്യമാക്കുക, ഗ്രാറ്റുവിറ്റി കുടിശ്ശിക തീർക്കുക തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നും ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യോജിച്ച് ഒരു പാക്കേജ് നടപ്പാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ന് കൊല്ലം കളക്ടറേറ്റ് പടിക്കൽ എ.ഐ.ടി.യു.സി. വലിയ മാർച്ച് സംഘടിപ്പിച്ചിട്ടുള്ള കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം സഭയിൽ ഉന്നയിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എല്ലാ ഫാക്ടറികളും അടഞ്ഞുകിടക്കുകയും മൂന്ന് ലക്ഷത്തോളംവരുന്ന തൊഴിലാളികൾ പൂർണ്ണമായും തൊഴിൽരഹിതരായിരുന്ന സാഹചര്യവുമായിരുന്നു. പക്ഷേ ഈ കാലയളവിനുള്ളിൽ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പകുതിയിലേറെ സ്വകാര്യ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കാനായിട്ടുണ്ട്. എങ്കിലും പൂർണ്ണമായും തുറന്ന് പ്രവർത്തിപ്പിക്കാനായിട്ടില്ലെന്ന വസ്തുത നിലനിൽക്കുകയാണ്. സ്വകാര്യമേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ്. ഇന്ത്യാ ഗവൺമെന്റ് കശുവണ്ടിയുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചതായിരുന്നു ഇതിന്റെ പ്രധാന പ്രശ്നം. ഇന്നലെ ഇവിടെ റബ്ബറിന്റെ വിഷയം ചർച്ച ചെയ്തു. റബ്ബറിന്റെ ഇറക്കുമതി തീരുവ കുറച്ചതാണ് റബ്ബർ കർഷകരെ പട്ടിണിയിലാക്കിയതെങ്കിൽ കശുവണ്ടിയുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചതാണ് കശുവണ്ടി തൊഴിലാളികളെ പട്ടിണിയിലാക്കിയത്. ഏതൊരു മേഖലയിലെയും സാധാരണ ജനങ്ങളെ പട്ടിണിയിലാക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി കശുവണ്ടി

ന്യായവിലയ്ക്ക് ഇറക്കുമതി ചെയ്യാൻ കഴിയാതെ വരികയും കൊടുത്ത പണത്തിന് കശുവണ്ടി കിട്ടാതിരിക്കുകയും ചെയ്തതുമൂലം ചെറുകിട തൊഴിലുടമകൾ വ്യാപകമായി വഞ്ചിതരാകുകയും ചെയ്തതിന്റെ ഭാഗമായാണ് വലിയ കടബാധ്യതകളിലേയ്ക്ക് പല സ്വകാര്യ മുതലാളിമാരും എടുത്തെറിയപ്പെട്ടത്. ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽകൊണ്ട് കുറച്ച് ഫാക്ടറികൾ തുറന്നെങ്കിലും കടബാധ്യതയിലായ തൊഴിലുടമകൾക്ക് ഫാക്ടറികൾ തുറക്കാനായിട്ടില്ല. ഇക്കാര്യത്തിൽ വളരെ ശക്തമായ ഇടപെടലാണ് സർക്കാർ നടത്തുന്നത്. സ്വകാര്യ കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾ തുറക്കുന്ന കാര്യത്തിൽ ധനകാര്യ സ്ഥാപനങ്ങൾ തുടരുന്ന ചില നിലപാടുകൾ വേണ്ടത്ര സഹായകരമാകുന്നില്ല.

ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിംഗ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് നാലുതവണ യോഗം ചേർന്നു. അവസാനമായി 7-11-2018-ൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച നടപടികളുമായി ബന്ധപ്പെട്ട് എസ്.എൽ.ബി.സി.,(സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റി) ബാങ്കിംഗ് സ്ഥാപനങ്ങൾ, സർക്കാർ പ്രതിനിധികൾ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ച്, തുടർനടപടി ഇപ്പോൾ സ്വീകരിച്ചുവരികയാണ്. കടബാദ്ധ്യതയിൽപ്പെട്ട കശുവണ്ടി വ്യവസായികളെ പ്രത്യേകം പ്രത്യേകം വിളിച്ച് പുനരുദ്ധാരണം സംബന്ധിച്ച് ശിപാർശ ചെയ്യുക എന്നതാണ് കമ്മിറ്റിയുടെ ചുമതല. ഈ കമ്മിറ്റി തീരുമാനിക്കുന്നമുറയ്ക്ക് ഇതിനകം എൻ.പി.എ. ആയതും സ്ട്രെസ്ഡ് വിഭാഗത്തിൽപ്പെട്ടതുമായ വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായി അധികവായ്പയും പുനർവായ്പയും അനുവദിക്കാമെന്നാണ് ബാങ്ക് ഇപ്പോൾ സമ്മതിച്ചിരിക്കുന്നത്. ഇത്തരത്തിൽ തീരുമാനമെടുത്താൽ ബാങ്കുകൾ നൽകുന്ന വായ്പയുടെ പലിശയിന്മേൽ പരമാവധി 50 ശതമാനം സബ്സിഡി അനുവദിക്കുന്ന കാര്യവും ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന യൂണിറ്റുകൾക്ക് ബാങ്കുകൾ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യൂ ബോർഡ് തോട്ടണ്ടി ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ ലഭ്യത സംബന്ധിച്ചുണ്ടായിരുന്ന എല്ലാ പ്രതിസന്ധിയും തടസ്സങ്ങളും അതിജീവിച്ചാണ് കാഷ്യൂ ബോർഡ് നിലവിൽ വന്നത്. ഇപ്പോൾ വിദേശത്തുനിന്നും തോട്ടണ്ടി വാങ്ങിയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നത്. സ്വകാര്യ തൊഴിലുടമകൾക്കുകൂടി തോട്ടണ്ടി കൊടുക്കണമെന്നാണ് കാഷ്യൂബോർഡ് ഉദ്ദേശിക്കുന്നത്. കാഷ്യൂ ബോർഡിന് സ്വകാര്യ വ്യവസായികൾ പണം

നൽകിയാൽ കാഷ്യൂ ബോർഡ് ന്യായവിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കാമെന്നതാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇതിനായി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ന്യായവിലയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്ത് സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾക്കുകൂടി ലഭ്യമാക്കാനുള്ള നടപടി കാഷ്യൂ ബോർഡ് തുടരുകയാണ്. പ്രതിസന്ധി നേരിടുന്ന ഒരു വ്യവസായത്തെ രക്ഷിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ സർക്കാർ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും ബാങ്ക് അത് അംഗീകരിച്ചില്ല. കശുവണ്ടി വികസന കോർപ്പറേഷനുവേണ്ടി പാട്ടവ്യവസ്ഥയിൽ എടുത്തിട്ടുള്ള ഇരുപത് ഫാക്ടറികൾക്ക് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ പുരോഗമിച്ചുവരികയാണ്.

സ്റ്റാഫിന്റെ ശമ്പള പരിഷ്കരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. 2015-ൽ കരാറിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് വ്യവസായ ബന്ധ സമിതി, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ചെയർമാനായും തൊഴിലാളി തൊഴിലുടമ പ്രതിനിധികൾ അംഗങ്ങളായുമുള്ള ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ആ കമ്മിറ്റി യോഗം ചേർന്ന് 8-11-2018-ൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കശുവണ്ടി വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വ്യവസായ ബന്ധ സമിതി ചർച്ച ചെയ്യുകയും ടി ശിപാർശകൾ അംഗീകരിക്കാത്ത നിലപാട് തൊഴിലുടമാ പ്രതിനിധികൾ സ്വീകരിച്ചതിനെത്തുടർന്ന് വീണ്ടും ഈ വിഷയം ചർച്ച ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഡിസംബർ മാസം തന്നെ ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ബഹുമാനപ്പെട്ട അംഗം ഇ.എസ്.ഐ., പി.എഫ്. എന്നിവയുടെ കാര്യം പറഞ്ഞു, 3650 ഹാജർ ഉള്ളവർക്കുമാത്രമേ പി.എഫ്. പെൻഷൻ കിട്ടുകയുള്ളൂ എന്നതാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നിയമത്തിൽ വരുത്തിയിരിക്കുന്ന മാറ്റം. ഫലത്തിൽ ആഴ്ചയിൽ ആറ് ദിവസവും പണിക്ക് പോകുന്ന സ്വകാര്യ തൊഴിലാളിക്കുപോലും മൂന്ന് ദിവസത്തെ ഹാജർ മാത്രമേ കൊടുക്കുകയുള്ളൂ. അങ്ങനെ വരുമ്പോൾ 40 വർഷം സർവ്വീസുള്ള ഒരു തൊഴിലാളിക്കുപോലും ഇത്രയും ദിവസം ഹാജർ ലഭിക്കില്ല. ഒരു വർഷത്തെ 365 ദിവസം വച്ച് പത്ത് വർഷമെന്നത് 3650 ദിവസം തൊഴിലെടുക്കാൻ സാധിക്കില്ല. അതിൽ 52 ഞായറാഴ്ചകളും മറ്റ് അവധി ദിവസങ്ങളും വരും. കേന്ദ്ര സർക്കാർ പറയുന്നത്, പെൻഷന് പത്ത് വർഷത്തെ സർവ്വീസ് വേണമെന്നാണ്. പത്തുവർഷമെന്നുപറഞ്ഞാൽ ഒരു വർഷത്തെ 365 ദിവസവും ജോലി ചെയ്യണം. 40 വർഷമായാലും പി.എഫ്.

പെൻഷൻ കിട്ടാത്ത തരത്തിലുള്ള തൊഴിലാളിവിരുദ്ധ ഭേദഗതിയാണ് പി.എഫ്.-ൽ കൊണ്ടുവന്നിരിക്കുന്നത്. വളരെ ഗൗരവതരമായ പ്രശ്നമാണ് കശുവണ്ടിത്തൊഴിലാളികൾ നേരിടുന്നത്. അതിനെതിരെ സ്റ്റേറ്റ് ഗവൺമെന്റ് നിരവധി പ്രാവശ്യം കേന്ദ്രഗവൺമെന്റ് നയം തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. I.N.T.U.C. അടക്കമുള്ള മുഴുവൻ ട്രേഡ് യൂണിയനുകളും പ്രക്ഷോഭത്തിലാണ്. ഇ.എസ്.ഐ.-യുടെ കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ. ഇ.എസ്.ഐ.-യുടെയും പി.എഫ്.-ന്റെയും കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് തുടരുന്ന നയം തൊഴിലാളിവിരുദ്ധമായതുകൊണ്ട് എല്ലാ ട്രേഡ് യൂണിയനുകളും ഒറ്റക്കെട്ടായി പ്രക്ഷോഭരംഗത്തുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം തിരുത്തുകയല്ലാതെ ഇക്കാര്യത്തിൽ പരിഹാരമില്ല.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേന്ദ്ര ഗവൺമെന്റ് അടുത്തകാലത്തായി നടപ്പിലാക്കിയ ഇ.എസ്.ഐ. നിയമഭേദഗതിമൂലം കശുവണ്ടി തൊഴിലാളികൾക്ക് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും നഷ്ടപ്പെട്ടിരിക്കുകയാണ്. തൊഴിലാളികളുടെ മിടുക്കരായ മക്കൾക്ക് അനുവദിച്ചിട്ടുള്ള ക്വാട്ടയിൽ എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്നതിന് കോടതിയെ സമീപിക്കേണ്ട സാഹചര്യം നിലനിൽക്കുകയാണ്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇതുമായി ബന്ധപ്പെട്ടാണ് കേന്ദ്ര ഗവൺമെന്റിന്റെ നയം തിരുത്താതെ അതിന് പരിഹാരമില്ലെന്ന് ഞാൻ പറഞ്ഞത്. ഇ.എസ്.ഐ. മെഡിക്കൽ കോളേജുകളിൽ കശുവണ്ടിത്തൊഴിലാളികളുടെ മക്കൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനും തൊഴിലാളികൾക്ക് ഇത്രദിവസത്തെ തൊഴിൽദിനമുണ്ടെങ്കിലേ സാധിക്കൂ എന്ന വ്യവസ്ഥയും കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിരുന്നു. കാഷ്യൂ കോർപ്പറേഷൻ ഹൈക്കോടതിയിൽ കേസ്സ് കൊടുത്ത് അതിനെതിരെ ഒരുത്തരവ് വാങ്ങിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരായ കേസ്സിൽ നമുക്ക് അവാർഡ് കിട്ടുകയും കുട്ടികൾക്ക് ഇ.എസ്.ഐ. കോളേജുകളിൽ അഡ്മിഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## (2) സംവരണം ഏർപ്പെടുത്തൽ

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, സംസ്ഥാനത്ത് പുതിയതായി നടപ്പിലാക്കാൻ പോകുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സംവരണ വ്യവസ്ഥകൾ പാലിക്കപ്പെടാത്ത അതീവ ഗുരുതരമായ സാഹചര്യമാണുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ പാരമ്പര്യം ഈ സഭയിൽ എടുത്തുപറയേണ്ടതില്ല. സാമൂഹിക നീതിക്കുവേണ്ടി ഈ സഭ എന്നും ശബ്ദമുയർത്തിയിട്ടുണ്ട്. അന്നുമുതൽ

തുടങ്ങിയ ആ സമരം ഇന്നുവരെ അവസാനിപ്പിച്ചിട്ടില്ല. സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സംവരണത്തിനുവേണ്ടി ക്ഷുഭിതനായി ഉയർത്തിയ ആ ശബ്ദം ഇന്നും എനിക്ക് ഓർമ്മയുണ്ട്. ആർ. ശങ്കറും കെ. കരുണാകരനും സി. എച്ച്. മുഹമ്മദ്കോയയും ശ്രീ. ഉമ്മൻ ചാണ്ടിയും സാമൂഹിക നീതിക്കുവേണ്ടി സഭയുടെ മൊത്തം വികാരത്തോട് യോജിച്ചുപോയവരാണ്. അത്തരമൊരു പശ്ചാത്തലത്തിൽ വേണം ഇതുസംബന്ധിച്ച റൂൾസ് വിലയിരുത്തേണ്ടത്. മൂന്ന് സ്കീമുകളാക്കി തിരിച്ചാണ് നിയമനം വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാമത്തെ സ്കീമിൽ മാത്രമാണ് സംവരണം. രണ്ടിലും മൂന്നിലും സംവരണമില്ല. ഇതിൽ ഒരു കെണിയുണ്ട്. കെ.എ.എസ്. നടപ്പിലാകരുതെന്ന് ആഗ്രഹിക്കുന്ന ഏതോ കുബുദ്ധിയുടെ ഇടപെടലുണ്ടെന്ന് റൂൾസ് വായിക്കുമ്പോൾ വ്യക്തമായി കാണാം. ഇത് കോടതിയിൽ പോയാൽ നിയമപരമായി നിലനിൽക്കില്ല. ഇത് സെലക്ഷനല്ല, റിക്രൂട്ട്മെന്റാണ്. അതുകൊണ്ടാണ് പി.എസ്.സി.-ക്ക് വിടുന്നത്.-, സെലക്ഷൻ പ്രോസസ്സ് ഇവിടെയുണ്ടല്ലോ; പ്രൊമോഷൻ എങ്ങനെ വേണമെന്ന് കെ.എസ്.&എസ്.എസ്.ആർ.-ൽ പറയുന്നുണ്ട്. ഒന്ന്, ഈ മൂന്ന് വിഭാഗങ്ങൾക്കും കോമണായ ടെസ്റ്റുണ്ട്. രണ്ട്, മൂന്ന് വിഭാഗക്കാരും ഇന്റർവ്യൂവിനെ അഭിമുഖീകരിക്കണം. മൂന്ന്, ഇവർക്ക് പതിനെട്ട് മാസത്തെ ട്രെയിനിംഗുണ്ട്. നാല്, റൂൾ 8 അനുസരിച്ച് ഇവരുടെ ശമ്പളം ഒന്നാണ്. അഞ്ച്, ഇവരുടെ പ്രൊബേഷൻ ഒരുപോലെയാണ്. ഇതിന്റെ അർത്ഥം ഇത് ഒരു സെലക്ഷൻ പ്രോസസ്സ് അല്ല, പൂർണ്ണമായും ഇതൊരു പുതിയ കൺസെപ്റ്റാണ്, പുതിയ ഇനിഷ്യേറ്റീവാണ്, കേരള സംസ്ഥാനത്തിന്റെ പൊതുജീവിതത്തിലെ അസാധാരണമായ ഒരു അദ്ധ്യായമാണ്. അതുകൊണ്ട് ഇതിൽ വെള്ളം ചേർക്കാൻ പാടില്ല. ബൈ ട്രാൻസ്ഫർ എന്ന പേര് നൽകി, കുറെയധികം നിയമനങ്ങൾ സംവരണ വ്യവസ്ഥയിൽനിന്ന് മാറ്റിനിർത്തി മലയാളിയെ കബളിപ്പിക്കാമെന്ന് ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ഭാഗ്യവശാൽ ഞാൻ ഡ്രാഫ്റ്റ് റൂൾസ് കാണാനിടവന്നു. അന്ന് സ്കീം രണ്ടിന്റെ പ്രൊവിഷനിൽ എഴുതിയിരുന്നത് ഡയറക്ട് റിക്രൂട്ട്മെന്റ് എന്നാണ്. മൂന്നിൽ മാത്രമാണ് ഒഴിവായത്. അപ്പോൾ ഈ കുബുദ്ധിക്ക് മനസ്സിലായി, ഒന്നും രണ്ടും ഡയറക്ടായാൽ മൂന്നാമത്തേതിന് ഡയറക്ട് ആക്കിൽ അത് ആവശ്യംവരുമെന്ന് മനസ്സിലാക്കിയാണ് റൂൾസ് വന്നപ്പോൾ ഒന്ന് ഒഴികെ രണ്ടിലും മൂന്നിലും 'ബൈ പ്രൊമോഷൻ' എന്ന പേര് വന്നത്. ഇതിന് അഡ്വക്കേറ്റ് ജനറലിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടു. ഞാൻ ആ റിപ്പോർട്ട് വായിച്ചു.

<u>മി. സ്പീക്കർ</u>: യെസ്........

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, ഞാൻ ഒരു വർഷത്തോളം സഭയിൽ

വരാതിരുന്ന ആളെന്ന നിലയിൽ എനിക്ക് കുറച്ച് സമയം കൂടി അനുവദിക്കണം. സ്കീം രണ്ടിനെ ട്രാൻസ്ഫർ റിക്രൂട്ട്മെന്റ് എന്നും സ്കീം മൂന്നിനെ ട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് എന്നുമാണ് പറഞ്ഞിരിക്കുന്നത്. നിയമത്തിന്റെ മുന്നിൽ ഇതെങ്ങനെ വ്യാഖ്യാനിക്കും? എ.ജി.-യുടെ നിയമോപദേശം വസ്തുതാപര മല്ലാത്തതിനാൽ അസ്വീകാര്യമാണ്. അദ്ദേഹം ഇന്ദ്രാ സാഹ്നി കേസ്സിലെ വിധി, രാജസ്ഥാൻ ഹൈക്കോടതി വിധി എന്നിവയെല്ലാം ഉന്നയിച്ചു. നമ്മൾ പൊരുതിനേടിയ ഒരു കാര്യമാണിതെന്ന് എല്ലാവർക്കും അറിയുന്ന കാര്യമാണ്. കുമാരനാശാനെപ്പോലൊരാൾ "എന്തിനയ്യോ സ്വരാജ്യം" എന്ന് ചോദിക്കുന്ന സാഹചര്യം ഒരുകാലത്ത് ഈ സംസ്ഥാനത്തുണ്ടായിരുന്നു. സ്വാതന്ത്ര്യ സമരകാലത്തെ തീപാറുന്ന വ്യക്തിത്വമായിരുന്നു സി. കേശവൻ. അദ്ദേഹം നിവർത്തന പ്രക്ഷോഭണത്തിന്റെ ഭാഗമായി മാറുന്ന ഒരു സാഹചര്യം കേരളത്തിലുണ്ടായിരുന്നു. സാമൂഹിക നീതിക്കായുള്ള സംവരണം നിരന്തരമായ സമരത്തിലൂടെ നമ്മൾ നേടിയെടുത്ത ഒന്നാണ്. കെ.എസ്.&എസ്.എസ്.ആർ. 14 അനുസരിച്ച് ബൈ പ്രൊമോഷൻ എന്നുപറയുന്നത് സെലക്ഷൻ പോസ്റ്റ് അല്ലേ; അത് റിക്രൂട്ട്മെന്റ് ആണോ; അവരുടെ സീനിയോറിറ്റി ലിസ്റ്റ് അനുസരിച്ച് തയ്യാറാക്കുന്ന ലിസ്റ്റാണത്. അത് ഇവിടെ ബാധകമല്ലെന്ന് മാത്രമല്ല, എ.ജി.-യുടെ റിപ്പോർട്ടിൽ കെ.എസ്.& എസ്.എസ്.ആർ.-ൽ ബൈ പ്രൊമോഷന് സംവരണം അനുവദിക്കാൻ സാധിക്കില്ലെന്ന ഒരു പരാമർശവുമുണ്ട്. അത് എന്നെ വല്ലാതെ വേദനിപ്പിച്ചു. എങ്ങനെ സംവരണം തടയാമെന്നാണ് അദ്ദേഹം ഗവേഷണം നടത്തുന്നത്. സംവരണ കാര്യത്തിൽ നയലംഘനമാണിത്. ഇവിടെ എന്താണ് നടന്നത്; പഴയ കോടതി വിധികളെല്ലാം മാറി. ഭരണഘടനയിലെ 16(4A) വകുപ്പ് വന്നു. ദയവുചെയ്ത് എ.ജി.-യുടെ റിപ്പോർട്ട് തള്ളിക്കളയണം. ഒരു പുനഃപരിശോധന വേണം. ഈ സഭയുടെ പൊതുവികാരം താങ്കൾക്ക് അറിയാവുന്നതാണ്. ഒരിക്കലും ഇത് അനുവദിക്കാൻ പറ്റില്ല. 15-3-2018-ലാണ് എ.ജി. റിപ്പോർട്ട് നൽകുന്നത്. എന്നാൽ അതിനുശേഷം സ്ഥിതിഗതികൾ പാടേ മാറി. 17-5-2018-ൽ സുപ്രീംകോടതിയുടെ ഇന്ററിം ഓർഡർ വന്നു. ക്വാളിഫൈഡ് ഡാറ്റാ വേണ്ട എന്ന് ആ ഓർഡറിൽ പറഞ്ഞു. ഭരണഘടനാ വകുപ്പിലൂടെ പരിരക്ഷ ലഭിച്ച പട്ടികജാതിക്കാരെയാണോ അപമാനിക്കുന്നത്; അവരുടെ അവസരമാണോ നിഷേധിക്കുന്നത്. ഭരണഘടനയുടെ വ്യവസ്ഥകളിൽ സംരക്ഷണം ഉറപ്പുകിട്ടിയ പട്ടികജാതിക്കാർ, അയ്യങ്കാളിയുടെ സമുദായം സംവരണത്തിനുവേണ്ടി ഇനിയും തെണ്ടണോ? ഇത് സമ്മതിക്കാനാവില്ല. 26-9-2018-ൽ പുറപ്പെടുവിച്ച സുപ്രീംകോടതിയുടെ ഫൈനൽ വിധിയ്ക്കനുസരിച്ച്, We are now enable to introduce reservation for promotion and deciding seniority. It is very clear. അതുമാത്രമല്ല, ഈ കോടതിവിധിയുടെ അടിസ്ഥാനത്തിൽ 15-6-2018-ന് കേന്ദ്ര

ഗവൺമെന്റിൽനിന്നും വന്ന മെമ്മോറാണ്ടമുണ്ട്. നമുക്ക് എ.ജി.-യുടെ അഡ്വൈസ് ലഭിച്ചിരിക്കുന്നത് 15-3-2018-ലാണ്. അതിനർത്ഥം അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക് നിയമ സാധ്യതയില്ലെന്നാണ്. പുതിയ കോടതി വിധിയുടെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാന ഗവൺമെന്റുകളും എല്ലാ വകുപ്പുകളും ഉചിതമായ നടപടി സ്വീകരിക്കണമെന്ന് അതിൽ പറഞ്ഞിട്ടുണ്ട്. സംവരണം നമ്മുടെ സംസ്ഥാനത്തിന്റെ പോളിസിയല്ലെന്ന് എ.ജി. പറയുകയാണ്. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ സംവരണം എങ്ങനെ നിഷേധിക്കാമെന്നാണ് അദ്ദേഹം ആലോചിക്കുന്നത്. കേരളത്തിന്റെ പോളിസി സാമൂഹിക നീതിയാണ്, സംവരണമാണ്, ഇൻക്ലൂസീവാണ്, അതിന് വിരുദ്ധമായ എ.ജി.-യുടെ അഭിപ്രായം തള്ളിക്കളയണം, ഇത് പുനഃപരിശോധിക്കണം. എല്ലാ സ്കീമുകളിലും സംവരണം ഉറപ്പുവരുത്തി നിയമവിധേയമായി നടപ്പിലാക്കാൻ സഹായകരമായ ഒരു തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആദ്യകാലം മുതൽ തന്നെ സംവരണകാര്യത്തിൽ സാമൂഹിക നീതി ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞ ഒരു സമൂഹമാണിത്. ദേശീയ പ്രസ്ഥാന കാലം മുതൽ ഇതുമായി ബന്ധപ്പെട്ട ചില ഇടപെടലുകൾ നമ്മുടെ സമൂഹത്തിൽ നടന്നുവന്നത് വസ്തുതയാണ്. അതിനെത്തുടർന്ന് കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം ഇവിടെ ഫലപ്രദമായി നടപ്പാക്കപ്പെട്ട ഒട്ടേറെ നടപടികളുണ്ട്. 1957-ൽ രൂപീകൃതമായ നമ്മുടെ സംസ്ഥാനത്തെ ഒന്നാമത്തെ ഗവൺമെന്റ് സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ ഏറ്റവും മുൻതൂക്കം കൊടുത്തതും ഇതേ സാമൂഹിക നീതിക്കായിരുന്നു. മറ്റ് പല കാര്യങ്ങളിലും ചില വ്യത്യസ്തതകളൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും അതിന്റെ പിൻതുടർച്ചയായി വന്ന ഗവൺമെന്റുകൾ സംവരണ കാര്യത്തിൽ ഒരേ നിലപാട് സ്വീകരിച്ചുപോകാൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ ദേശീയ തലത്തിലെ കാര്യങ്ങൾ ആലോചിക്കുമ്പോൾ ദുഃഖകരമായ ചില അനുഭവങ്ങൾ നമുക്കുണ്ടാകും. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ പുറപ്പെട്ടപ്പോൾ ഈ സംവരണത്തെ സാധാരണഗതിയിൽ അനുകൂലിക്കേണ്ടവർ അടക്കം ആ റിപ്പോർട്ട് നടപ്പാക്കാതിരിക്കുന്നതിനുവേണ്ടി ദേശീയ തലത്തിൽ ഇടപെട്ട ചില അനുഭവങ്ങൾ നമ്മെ വേദനിപ്പിക്കുന്ന കാര്യമാണ്. കേരളത്തിൽ സാമൂഹിക നീതി ഉറപ്പുവരുത്തുക നിലപാട് തന്നെയാണ് എല്ലാകാലത്തും നാമെല്ലാം ഉയർത്തി പിടിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ടി. എ. അഹമ്മദ് കബീർ ചില കാര്യങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ ഈ തെറ്റിദ്ധാരണ അദ്ദേഹത്തിന് മാത്രമുള്ളതല്ല. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ അഭിപ്രായങ്ങൾ പല കോണുകളിൽനിന്ന്

വരുന്നുണ്ടെന്നുള്ളതാണ് വസ്തുത. അത്തരം അഭിപ്രായങ്ങൾ വന്നപ്പോൾ ഗൗരവമായിത്തന്നെ സർക്കാർ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കാൻ തയ്യാറായിരുന്നു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനായി രൂപീകരിച്ച വിശേഷാൽ ചട്ടങ്ങൾ പ്രകാരം മൂന്ന് രീതിയിലുള്ള നിയമനങ്ങളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്കീം ഒന്നിൽ നേരിട്ടും രണ്ടും മൂന്നും സ്കീമുകളിൽ തസ്തികമാറ്റം മുഖേനയുമാണ് നിയമനം. നേരിട്ടുള്ള നിയമനത്തിന് പൊതുസംവരണ തത്വങ്ങൾ ബാധകമാണ്. പി.എസ്.സി. വഴി തസ്തികമാറ്റ നിയമനം നടത്തുന്ന വിവിധ വകുപ്പുകളുടെ മാതൃകയിലാണ് കെ.എ.എസ്.-ലെ തസ്തികമാറ്റ നിയമനവും ചിട്ടപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റ നിയമനക്കാര്യത്തിൽ മറ്റ് രണ്ട് സ്കീമുകളിൽ സംവരണ വ്യവസ്ഥ ബാധകമാക്കിയിട്ടില്ല. സ്കീം രണ്ടിലും മൂന്നിലും സംവരണം ബാധകമാക്കണമെന്ന് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ കമ്മീഷനും സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും നിർദ്ദേശിച്ച പ്രകാരം ഇക്കാര്യം പരിശോധിക്കുകയും അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സംവരണം ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന്റെ 15-6-2018-ലെ ഓഫീസ് മെമ്മോറാണ്ടത്തിന് ആധാരം Jarnail Singh & Others Vs. Lachhmi Narain Gupta & others കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിച്ചത്. കേന്ദ്ര ഗവൺമെന്റിലെ ഉദ്യോഗക്കയറ്റങ്ങൾക്ക് പ്രസ്തുത സിവിൽ അപ്പീലിന്മേലുള്ള വ്യവഹാരങ്ങൾ തടസ്സമല്ലെന്നും നിയമപ്രകാരമുള്ള സ്ഥാനക്കയറ്റം നൽകാമെന്നുമാണ് ബഹുമാനപ്പെട്ട കോടതി ഉത്തരവായത്. തസ്തികമാറ്റ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പേഴ്സണൽ മന്ത്രാലയത്തിന്റെ കത്തിൽ പരാമർശിച്ചിട്ടില്ല. എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് പ്രാതിനിധ്യത്തിൽ കുറവുണ്ടാകുമെന്നുള്ളതാണ് ഇത്തരം ചില പരാമർശങ്ങൾക്ക് ഇടയാക്കുന്നത്. ഇക്കാര്യത്തിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട സംഘടനകളും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് പ്രാതിനിധ്യത്തിൽ കുറവുണ്ടെന്ന് കാണുന്നപക്ഷം ആയത് നികത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ സംവിധാനമുണ്ട്. ഇത് കെ.എ.എസ്.-നും ബാധകമാക്കാവുന്നതാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, 150 പേരുള്ളതിൽ 50 പേർക്കാണ് നിയമനം ലഭിക്കുന്നത്. ആദ്യം തന്നെ 100 പേർക്ക് നിയമനമില്ല, നിയമിക്കുന്ന 50 പേരിൽ 25 പേർക്ക് അല്ലേ സംവരണം ലഭിക്കുകയുള്ളൂ? ഇപ്പോൾ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനമാണെങ്കിൽ 50:50 ലഭിക്കും. ഡി.ഇ.ഒ. തസ്തികയും നേരിട്ടുള്ള നിയമനമായതിനാൽ 50:50 ലഭിക്കും. എന്നാൽ ഇതുപ്രകാരം 16.4 ശതമാനമാണ് ലഭിക്കുന്നത്. സാമൂഹിക നീതിയുടെ ആശയം

തന്നെ തകരാൻ പോകുകയാണ്. ദയവുചെയ്ത് ഇത് പിൻവലിക്കണം. നമ്മൾ നിയമനം പി.എസ്.സി.-ക്ക് വിട്ടു. സംവരണ കാര്യത്തിൽ ഉചിതമായ തീരുമാനമല്ലെന്ന് അവർ പറഞ്ഞതായാണ് എനിക്ക് കിട്ടിയ അറിവ്. എന്തായാലും ഇതിൽ അമെന്റ്മെന്റ്സ് വരും. അതുകൊണ്ട് ഇത് പുനഃപരിശോധിക്കണം. ഈ സഭയിൽ പുതിയ റൂൾസ് ഫ്രെയിം ചെയ്ത് മുന്നോട്ടുപോകുന്നതിന് മുഖ്യമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ സംവരണത്തിന് അർഹതയുള്ള ആളുകൾക്ക് സംവരണ ക്വാട്ട അനുസരിച്ച് ലഭിക്കേണ്ട വിഹിതത്തിൽ എന്തെങ്കിലും കുറവ് വരുന്നുവെന്ന് അനുഭവത്തിലൂടെ നമുക്ക് വ്യക്തമാവുകയാണെങ്കിൽ അത് തിരുത്താൻ പ്രത്യേക നടപടി സ്വീകരിക്കുമെന്നാണ് ഞാൻ നേരത്തേ പറഞ്ഞത്. അക്കാര്യത്തിൽ ഒരു പ്രശ്നവുമില്ല.

## IV സബ്മിഷൻ

### (1) മാലിന്യ നിക്ഷേപം തടയൽ

ശ്രീ. പി. ടി. തോമസ് : സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കര ഉൾപ്പെടെ എറണാകുളം ജില്ലയിലും കേരള സംസ്ഥാനത്തൊട്ടാകെയും മാലിന്യം കുമിഞ്ഞു കൂടുന്നതിനെത്തുടർന്ന് ഗുരുതരമായ സാഹചര്യം ഉണ്ടായിരിക്കുകയാണ്. തൃക്കാക്കരയിലെ ഇടപ്പള്ളി തോട്, കടമ്പ്രയാർ, ചിലവന്നൂർ കായൽ, പേരണ്ടൂർ കനാൽ, കാരണക്കോടം തോട് തുടങ്ങിയ ജലസ്രോതസ്സുകളിലെല്ലാം മാലിന്യം കുമിഞ്ഞു കൂടിയിരിക്കുകയാണ്. സെപ്റ്റേജ് മാലിന്യങ്ങൾ സംസ്കരിക്കാൻ നടപടിയില്ലെന്നുള്ളതാണ് ഗുരുതരമായ വിഷയം. സെപ്റ്റേജ് മാലിന്യങ്ങൾ എല്ലാ ദിവസവും ടാങ്കർ ലോറികളിൽ കൊണ്ടുവന്ന് ജലാശയങ്ങളിൽ തള്ളുന്ന വളരെ സംഘടിതമായ പ്രവണത എറണാകുളം ജില്ലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ടാങ്കർ ലോറികളിൽ ഈ മാലിന്യം തള്ളാൻ വരുന്നവർ ഗുണ്ടകളുടെ സഹായത്തോടെയും ആളുകളെ ഭയപ്പെടുത്തി ഓടിച്ചും പോലീസിന്റെ കണ്ണുവെട്ടിച്ചുമൊക്കെയാണ് മാലിന്യങ്ങൾ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നത്. ഇത് നമ്മുടെ ജലാശയങ്ങൾ മുഴുവൻ, പ്രത്യേകിച്ചും എറണാകുളം ജില്ലയിൽ സെപ്റ്റേജ് മാലിന്യങ്ങൾകൊണ്ട് നിറഞ്ഞു കവിയുകയാണ്. അതിന് അടിയന്തര നടപടി സ്വീകരിക്കണം. പ്രശ്നബാധിത സ്ഥലങ്ങളിൽ പ്രത്യേകമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തണം. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് വിഭാഗം അടക്കമുള്ളവരുടെ ഒരു കോ-

ഓർഡിനേഷനിലൂടെ ഇതിനെ നേരിടാനുള്ള നടപടി സ്വീകരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കേന്ദ്രീകൃതമായി ഇത് നടപ്പിലാക്കാൻ ഗവൺമെന്റ് നിയമഭേദഗതി കൊണ്ടുവന്നിട്ടുണ്ടെങ്കിലും അക്കാര്യങ്ങളിൽ ശക്തമായ നടപടിയുണ്ടാകുന്നില്ല. കേരളം നേരിടുന്ന ഗുരുതരമായ പല രോഗങ്ങൾക്കും കാരണം മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതാണ്. എറണാകുളം ജില്ലയിൽ ബ്രഹ്മപുരം പ്ലാന്റിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ട് 6 മാസം കഴിഞ്ഞിട്ടും രണ്ട് ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് പ്രാഥമിക അനുമതികൾ കിട്ടാത്തതിനാൽ ആ പദ്ധതി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കുകയും സെപ്റ്റേജ് മാലിന്യങ്ങൾ ജലാശയങ്ങളിൽ തള്ളുന്ന ആളുകൾ, ലോറി ഉടമസ്ഥന്മാർ, ഡ്രൈവർമാർ എന്നിവരുടെ മേൽ കർക്കശ നടപടി സ്വീകരിക്കുകയും മാലിന്യം കൊണ്ടുവരുന്ന വണ്ടി കണ്ടുകെട്ടുകയും ചെയ്യണം. അതുപോലെതന്നെ ക്യാമറ നിരീക്ഷണത്തിൽ ഇത് കൊണ്ടുവരാൻ കഴിയുമോ എന്ന് ആലോചിക്കണം. ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കാനുള്ള ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായ ഒരു പ്രശ്നം തന്നെയാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ജലസ്രോതസ്സുകളിലും ജനവാസ കേന്ദ്രങ്ങളിലും സ്വീവേജ് മാലിന്യവും മറ്റ് മാലിന്യങ്ങളും തള്ളുന്നത് നിരീക്ഷിക്കുന്നതിനായി റെസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണത്തോടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഹൈവേ പട്രോളിംഗ്, സ്പൈഡർ പട്രോളിംഗ്, സ്റ്റേഷൻ മൊബൈൽസ് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ചും നിരീക്ഷണങ്ങൾ നടത്തിവരുന്നുണ്ട്. ശുചിത്വമിഷൻ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസ്രോതസ്സുകളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം, കേരള പോലീസ് ആക്ട്, കേരള മുനിസിപ്പൽ ആക്ട്, കേരള പഞ്ചായത്ത്‌രാജ് ആക്ട് എന്നിവ പ്രകാരം പോലീസ് കേസെടുത്തു വരുന്നുണ്ട്. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിച്ചതിന് ഈ വർഷം ഇതുവരെ എറണാകുളം ജില്ലയിൽ 402 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 459 പ്രതികളെ അറസ്റ്റ് ചെയ്തു. 173 വാഹനങ്ങൾ കസ്റ്റഡിയിലെടുത്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച ബ്രഹ്മപുരം പദ്ധതിയുടെ കാര്യത്തിൽ എന്തെങ്കിലും പ്രത്യേക തടസ്സങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (2) രാഖേഷിന്റെ ആത്മഹത്യ

ശ്രീ. എം. വിൻസെന്റ്: സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വർക്കല സൗത്ത് മണ്ഡലം പ്രസിഡന്റും വർക്കല ജനാർദ്ദനസ്വാമിക്ഷേത്രം ഉപദേശകസമിതി സെക്രട്ടറിയും വർക്കലയിൽ വളരെ വിപുലമായ സൗഹൃദബന്ധവും വ്യക്തിബന്ധവുമുള്ള 39 വയസ്സുള്ള രാഖേഷ് എന്ന യുവാവ് ഈ നവംബർ മാസം 20-ാം തീയതി സ്വന്തം വീടിന്റെ ടെറസ്സിൽ ആത്മഹത്യ ചെയ്യുകയുണ്ടായി. രണ്ട് ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹവുമായി വളരെ വ്യക്തിബന്ധവും സ്നേഹബന്ധവുമുള്ള അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകൻ 22 വയസ്സുള്ള അർജ്ജുനും രാഖേഷിന്റെ ആത്മഹത്യയിൽ മനംനൊന്ത് ആത്മഹത്യ ചെയ്തു. രാഖേഷിനെക്കുറിച്ച് അടിസ്ഥാനരഹിതമായ അപവാദപ്രചരണങ്ങൾ പ്രചരിപ്പിക്കുകയും സമൂഹ മാധ്യമങ്ങളെ ഉപയോഗിച്ച് അധിക്ഷേപങ്ങൾ ചൊരിയുകയും ചെയ്തപ്പോൾ പൊതുവെ മാന്യമായ പൊതുപ്രവർത്തനം നടത്തുന്ന രാഖേഷ് മനംനൊന്ത് ആത്മഹത്യ ചെയ്യുകയാണുണ്ടായത്. അദ്ദേഹം ക്ഷേത്രത്തിൽ നിന്നും പണാപഹരണം നടത്തിയെന്നുള്ള വ്യാജ പ്രചരണങ്ങളാണ് നടന്നിരുന്നത്. ടെറസ്സിൽ തന്നെയുണ്ടായിരുന്ന വാഷിംഗ് മെഷീനിൽ നിന്നും അടുത്ത ദിവസം തന്നെ അദ്ദേഹത്തിന്റെ ആത്മഹത്യ കുറിപ്പ് കണ്ടെടുക്കുകയുണ്ടായി. തന്റെ മരണത്തിന് ഉത്തരവാദികളായ 4 ആളുകളുടെ പേരുകൾ രാഖേഷ് അതിൽ പരാമർശിച്ചിട്ടുണ്ടായിരുന്നു. ആ ആത്മഹത്യ കുറിപ്പ് ഇങ്ങനെയാണ് അവസാനിക്കുന്നത് 'എന്റെ മരണത്തിന് ഉത്തരവാദികൾ ഈ പറയുന്ന 4 പേരുമാണ്. എന്നെ പണം അപഹരിച്ചു എന്നുപറഞ്ഞ് അവഹേളിച്ചു. ഞാൻ സാമ്പത്തികമായി ആരുടെയും പണം അപഹരിച്ചിട്ടില്ല. ഞാൻ അങ്ങോട്ട് സഹായിച്ചിട്ടേയുള്ളൂ. വിശ്വസിക്കുക. അന്വേഷിച്ച് നടപടി ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.' വർക്കല പോലീസ് സർക്കിൾ ഇൻസ്പെക്ടർക്കും സബ് ഇൻസ്പെക്ടർക്കും തിരുവിതാംകൂർ ദേവസ്വം വിജിലൻസിനും ആറ്റിങ്ങൽ ഡിവൈ.എസ്.പി.-ക്കും കോപ്പി വച്ച് അദ്ദേഹം എഴുതിയിട്ടുള്ള ആത്മഹത്യ കുറിപ്പാണിത്. ഈ ആത്മഹത്യ കുറിപ്പ് കണ്ടെത്തിയതിനുശേഷം 78 വയസ്സുള്ള വിമുക്തഭടനായ അദ്ദേഹത്തിന്റെ പിതാവ് ശ്രീ. വേലപ്പൻ നായർ ഡി.ജി.പി.-ക്ക് പരാതി കൊടുത്തിട്ടുണ്ട്. ആത്മഹത്യ ചെയ്യാൻ പോകുന്ന ഒരാൾ കള്ളം എഴുതിവയ്ക്കേണ്ട കാര്യമില്ല. വളരെ സത്യസന്ധനായിരുന്ന അദ്ദേഹത്തിനെതിരായി ഇത്തരത്തിൽ അപവാദ പ്രചരണങ്ങൾ നടത്തി ആത്മഹത്യയിലേക്ക് നയിച്ചവർക്കെതിരെ കൃത്യമായ നിയമനടപടികൾ സ്വീകരിക്കുകയും അന്വേഷണം നടത്തുകയും ചെയ്യണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2018 നവംബർ 20-ാം തീയതി വർക്കല ജനാർദ്ദനസ്വാമിക്ഷേത്രത്തിലെ ദേവസ്വം ഉപദേശകസമിതി സെക്രട്ടറിയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വർക്കല മണ്ഡലം പ്രസിഡന്റുമായിരുന്ന വർക്കല ജനാർദ്ദനപുരം വാച്ചർ മുക്കിൽ ആരാമം ബാബു എന്ന് വിളിക്കുന്ന രാഖേഷ് (39 വയസ്സ്) തന്റെ വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. ഇക്കാര്യത്തിന് വർക്കല പോലീസ് സ്റ്റേഷനിൽ Cr.PC 174-ാം വകുപ്പ് പ്രകാരം Crime No.1801/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ആത്മഹത്യ സംബന്ധിച്ച് രാഖേഷിന്റെ പിതാവ് പരാതി നൽകിയിട്ടുണ്ട്. അന്വേഷണത്തിൽ ഉപദേശകസമിതി ചെലവുകൾ സംബന്ധിച്ച് രാഖേഷ് സമർപ്പിച്ച ബാലൻസ് ഷീറ്റിൽ 54,000 രൂപയുടെ കുറവുണ്ടായിരുന്നതായും 3-11-2018-ന് 52,000 രൂപ തിരികെ അടച്ച ശേഷം പ്രസിഡന്റിന് രാജിക്കത്ത് നൽകിയതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

## (3) വെള്ളം ലഭ്യമാക്കൽ

ശ്രീ. അനിൽ അക്കര: സർ, തൃശ്ശൂർ ജില്ലയിലെ എന്റെ മണ്ഡലത്തിൽപ്പെട്ട മുളങ്കുന്നത്തുകാവ്, കോലഴി, മുണ്ടത്തിക്കോട്, അവണൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഏതാണ്ട് 500 ഏക്കറിലധികം വരുന്ന പ്രദേശം പരമ്പരാഗതമായി നെൽകൃഷി ചെയ്യുന്ന മേഖലയാണ്. കഴിഞ്ഞ വർഷവും ഇതേ സമയത്ത് നെൽകൃഷി ചെയ്ത് വളരെ വിജയകരമായി മുന്നോട്ടുപോയ കർഷകരാണ് അവിടെയുള്ളത്. ഈ വർഷം പ്രളയത്തിനുശേഷം കൃഷി ആരംഭിക്കുകയും 20 മുതൽ 30 ദിവസം വരെ പ്രായമായ നെൽക്കതിരുകൾ വളർന്നുവരികയും ചെയ്തിരുന്നു. നവംബർ മാസം അവസാനത്തോടുകൂടി പീച്ചി ഡാമിൽ നിന്നും വരുന്ന വെള്ളം ഉപയോഗിച്ചാണ് ഇവിടെ സാധാരണയായി വരൾച്ചയെ നേരിട്ടിരുന്നത്. പക്ഷേ ഇപ്പോൾ ഏതാണ്ട് 45 ദിവസമായിട്ടും വെള്ളം എത്താത്തതുകൊണ്ട് വ്യാപകമായി നെൽപ്പാടങ്ങൾ വരണ്ട് ഉണങ്ങിയിരിക്കുകയാണ്. സ്വാഭാവികമായും ഇനി വെള്ളമെത്തിയാൽത്തന്നെ ആ നെൽകൃഷി സംരക്ഷിക്കാൻ കഴിയുമോയെന്ന സംശയം നിലനിൽക്കുകയാണ്. പൂർണ്ണമായി നെൽകൃഷി നശിച്ചു എന്ന് എഴുതിക്കൊടുത്താൽ പിന്നീട് എന്തെങ്കിലും കൊയ്യാൻ കിട്ടിയാൽ അത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുക്കാതിരിക്കുന്ന സാഹചര്യം കൂടി മുന്നിലുണ്ട്. അതുകൊണ്ട് അവിടത്തെ കർഷകർക്ക് അടിയന്തര സഹായം ഏർപ്പെടുത്തണം. പീച്ചിയിൽ നിന്നും കനാൽവഴി വെള്ളമെത്തിയാൽ മാത്രമേ അവിടത്തെ ജലസ്രോതസ്സുകളിൽ വെള്ളം നിറയുകയുള്ളൂ. പക്ഷേ ഇന്നുവരെ വെള്ളം ലഭിച്ചിട്ടില്ല. അതുകൊണ്ട് ജലസേചന വകുപ്പും കൃഷി വകുപ്പും മുൻകയ്യെടുത്ത് അടിയന്തരമായി

വെള്ളം എത്തിക്കുവാനും വരൾച്ച നേരിട്ടിട്ടുള്ള കർഷകർക്ക് പ്രത്യേക ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയക്കെടുതിയിൽ പീച്ചി പദ്ധതിയുടെ ഭൂരിഭാഗം കനാലുകളും മണ്ണിടിഞ്ഞുവീണും വൃക്ഷങ്ങൾ കടപുഴകി വീണും ബണ്ടുകൾക്ക് കേടുപാടുകളുണ്ടാകുകയും ജലവിതരണം തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കനാലുകളിൽ അടിയന്തരമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി ജലവിതരണം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മറ്റ് തടസ്സങ്ങളും നീക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം നടത്തുന്നതിനും 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇതിനാവശ്യമായ സാമ്പത്തികാനുമതി, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ടെണ്ടർ ചെയ്തിട്ടുമുണ്ട്. ഇതിനുപുറമെ 6.5 കോടി രൂപയുടെ ബഡ്ജറ്റ് വിഹിതവും ഈ വർഷം അനുവദിച്ചിട്ടുണ്ട്. വലത് മെയിൻ കനാലിന്റെ അവസാന ഭാഗത്തുനിന്നും ഉത്ഭവിക്കുന്ന താണിക്കുടം ഡിസ്ട്രിബ്യൂട്ടറിയാണ് വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി, മുളങ്കുന്നത്തുകാവ്, അവണൂർ, മുണ്ടത്തിക്കോട് എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്നത്. വലത് മെയിൻ കനാലിന്റെ 0/000 കിലോമീറ്റർ മുതൽ 37/300 കിലോമീറ്റർ വരെയും താണിക്കുടം ഡിസ്ട്രിബ്യൂട്ടറിയുടെ 0/000 മുതൽ 23/600 കിലോമീറ്റർ വരെയും മേൽ സൂചിപ്പിച്ച രീതിയിൽ അടിയന്തരമായി 3 കോടി രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തിക്കഴിഞ്ഞു. എത്രയുംവേഗം ജലവിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കൃഷി വകുപ്പുമന്ത്രിയുമായി ആലോചിച്ച് ധനസഹായം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവതരമായ കാര്യമാണ്. ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഞാനും ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗ് തിരുവനന്തപുരത്ത് വച്ചും തൃശ്ശൂർ വച്ചും രണ്ട് തവണ ചേരുകയുണ്ടായി. അവിടെയുള്ള കനാലിന്റെ കല്ലും മറ്റ് തടസ്സങ്ങളും മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി, ഒരു ടീമായി നിന്ന് അവിടെ പ്രവർത്തനം നടത്തുന്നുണ്ട്. കുഴപ്പമില്ലാത്ത രീതിയിൽ വെള്ളമെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (4) വൃദ്ധജനങ്ങളുടെ സംരക്ഷണം

<u>ശ്രീ. സജി ചെറിയാൻ:</u> സർ, ഒരു സാമൂഹ്യ ഉത്തരവാദിത്വമായി ഏറ്റെടുക്കേണ്ട വൃദ്ധജനങ്ങളുടെ സംരക്ഷണത്തെ സംബന്ധിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സാമ്പത്തികസാമൂഹിക രംഗത്ത് നടപ്പാക്കിവരുന്ന ഉദാരവൽക്കരണത്തിന്റെയും കോർപ്പറേറ്റ് വൽക്കരണത്തിന്റെയും പശ്ചാത്തലത്തിലാണ് ഇതൊരു ഗുരുതരമായ പൊതുപ്രശ്നമായി ഉയർന്നുവന്നിട്ടുള്ളത്. കേരളത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് അനാഥരാക്കപ്പെടുന്ന വൃദ്ധജനങ്ങളുടെ എണ്ണം ഏകദേശം 300 ശതമാനത്തോളം കൂടിക്കൊണ്ടിരിക്കുകയാണ്. ഇവർ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങൾ, തൊഴിലും ജീവിത ആവശ്യവുമായി ബന്ധപ്പെട്ട് നല്ലൊരു ശതമാനവും മക്കൾ വിദേശത്തോ അന്യസംസ്ഥാനത്തോ ജോലിക്കായി പോകുന്നതുകൊണ്ട് പല കുടുംബങ്ങളിലും വൃദ്ധർ ഒറ്റപ്പെടുന്നു. അണുകുടുംബങ്ങൾ ആയതിനാൽ പ്രായമാകുന്നവരെ സംരക്ഷിക്കാൻ കഴിയാത്ത സ്ഥിതിയുമുണ്ട്. സ്വത്ത് അവകാശങ്ങൾ മക്കൾക്കായി വീതിച്ചുനൽകിക്കഴിഞ്ഞാൽ ഉത്തരവാദിത്വങ്ങളിൽനിന്നും മക്കൾ ഒഴിഞ്ഞുമാറുന്ന സ്ഥിതി വ്യാപകമാകുന്നു. മരുന്ന്, ഭക്ഷണം അടക്കമുള്ള കാര്യങ്ങൾക്ക് വലിയ ചെലവ് വരുന്നതിനാൽ സാമ്പത്തിക സംരക്ഷണം ഇല്ലായ്മ പല വൃദ്ധരെയും അലട്ടുന്നുണ്ട്. സാമ്പത്തിക ചെലവ് ഉറപ്പുവരുത്താൻ കഴിയണം. പ്രായത്തിന്റേതായ ആരോഗ്യ പ്രശ്നങ്ങളേക്കാൾ ഒറ്റപ്പെടലിന്റെ മാനസികത്തകർച്ചയും ഇവരെ അതിവേഗം മരണത്തിലേയ്ക്ക് തള്ളിവിടുന്നു. മക്കൾ തമ്മിൽ സ്വത്ത്-സമ്പത്ത് സംബന്ധിച്ച് പല വീടുകളിലും ഉയർന്നുവരുന്ന തർക്കങ്ങളും തുടർന്നുള്ള നിയമനടപടികളും അതിവേഗം ഇവർ ഒറ്റപ്പെടുന്നതിന് ഇടയാക്കുന്നുണ്ട്. മക്കളില്ലാത്ത മാതാപിതാക്കളുടെ സംരക്ഷണം ഇതിനൊക്കെ അപ്പുറം അതീവഗൗരവമാണ്. ഇവർ ആരുടെയും സംരക്ഷണമില്ലാതെ അതിവേഗം ഒറ്റപ്പെടുകയും പ്രയാസം അനുഭവിക്കുകയും ചെയ്യുന്നു. ഇതിനുള്ള പ്രതിവിധികൾക്കായി അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ, വീടുകളിൽ കൃത്യമായ പാലിയേറ്റീവ് പ്രവർത്തനം കാര്യക്ഷമമാക്കണം. കിടപ്പുരോഗികൾ അല്ലാത്ത വൃദ്ധജനങ്ങൾക്ക് വീടുകളിൽ തന്നെ കൃത്യമായ ആരോഗ്യ പരിശോധനയും പരിസര ശുചീകരണവും സംരക്ഷണവും നൽകണം. വീടുകളിൽ സംരക്ഷിക്കാൻ കഴിയാത്ത വൃദ്ധജനങ്ങളെയും കിടപ്പുരോഗികളെയും ആധുനിക സംവിധാനങ്ങളോടുകൂടിയ സംരക്ഷണ കേന്ദ്രങ്ങളിൽ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. എം. ആരിഫ് നിർദ്ദേശിച്ച 'തണൽ' അടക്കമുള്ള പേരുകളിൽ എല്ലാ പഞ്ചായത്തുകളിലും ആധുനിക സംവിധാനത്തിൽ ഉണ്ടാക്കേണ്ടതാണ്. അതിന് സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. സ്വത്ത് വിഹിതത്തെത്തുടർന്ന് സംരക്ഷണം ലഭിക്കുന്ന നിലയിൽ നിയമപരമായ സംരക്ഷണം ഇവർക്ക്

ഉറപ്പുവരുത്തണം. കുടുംബാംഗങ്ങൾ തമ്മിലുള്ള നിയമ തർക്കങ്ങളിലും ഭിന്നതകളിലും നിന്ന് വൃദ്ധരെ ഒഴിവാക്കുന്നതിനുള്ള നിയമപരിരക്ഷ കൊടുക്കണം. വൃദ്ധജനങ്ങളുടെ സംരക്ഷണങ്ങളുടെ പേരിൽ നടക്കുന്ന ചൂഷണങ്ങൾ തടയുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കണം. സംരക്ഷണ കേന്ദ്രങ്ങൾ വൃത്തിയും വെടിപ്പുമുള്ളതുമാണെന്ന് കൃത്യമായ പരിശോധന നടത്തി ഉറപ്പുവരുത്തണം. പല വികസിത രാജ്യങ്ങളിലും നടക്കുന്നതുപോലെ പ്രായമാകുമ്പോൾ ആരോഗ്യം, ഭക്ഷണം എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ കാര്യം സബ്മിഷനിലൂടെ ഇവിടെ പറയാൻ കാരണം, ഞാൻ ഒരു ചെറിയ പാലിയേറ്റീവ് പ്രസ്ഥാനം നടത്തുന്നുണ്ട്. രണ്ടായിരത്തി അഞ്ഞൂറോളം വൃദ്ധരെ വീടുകളിൽ പോയി പരിരക്ഷിക്കാനുള്ള സംവിധാനം ചെയ്യുന്നുണ്ട്. വളരെ ദയനീയമായ സ്ഥിതിയാണുള്ളത്. ഇവരെ സംരക്ഷിക്കാൻ കാര്യക്ഷമമായ ഒരു സംവിധാനവുമില്ല. സന്നദ്ധസംഘടനകൾ പലരും ഇത് ഏറ്റെടുത്ത് ചെയ്യുന്നുണ്ടെങ്കിലും അവർക്ക് വേണ്ടത്ര സാമ്പത്തിക സൗകര്യങ്ങളോ പ്രായോഗിക പരിജ്ഞാനമോ ഇല്ല. ആയിരക്കണക്കിന് കിടപ്പുരോഗികളായ വൃദ്ധരാണ് കേരളത്തിൽ ഇന്ന് വിഷമിക്കുന്നത്. ഗവൺമെന്റിന്റെ വലിയൊരു ശ്രദ്ധ അടിയന്തരമായി ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മക്കളാലും മറ്റ് ബന്ധുജനങ്ങളാലും സംരക്ഷിക്കപ്പെടാത്തവർക്കായി ബന്ധുജനങ്ങളിൽനിന്നും സംരക്ഷണവും ചെലവും ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ രൂപം കൊടുത്തിട്ടുള്ള മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും സേവനവും സംബന്ധിച്ച നിയമം, 2007-ന്റെ അടിസ്ഥാനത്തിൽ 2009-ൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ആക്ട്, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിയമം നടപ്പിലാക്കുന്നതിന് സബ് കളക്ടർ അല്ലെങ്കിൽ റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് അദ്ധ്യക്ഷനായി മെയിന്റനൻസ് ട്രൈബ്യൂണലുകൾ രൂപീകരിക്കുകയും നിയമം ഫലപ്രദമായി നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. 2007-ലെ ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ നോഡൽ വകുപ്പ് എന്നുള്ള നിലയിൽ സാമൂഹ്യനീതി വകുപ്പ് ആക്ടിന്റെ ഫലപ്രദമായ നടത്തിപ്പിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിൽ വൃദ്ധരുടെ പരാതികളിന്മേൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുന്നതിനും മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ആക്ട് നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഓരോ ട്രൈബ്യൂണലിലും ഓരോ ടെക്നിക്കൽ

അസിസ്റ്റന്റുമാരെ 2017-18 വർഷം നിശ്ചയിച്ചിട്ടുണ്ട്. കെട്ടിക്കിടക്കുന്ന പരാതികൾ തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ഈ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് വകുപ്പുതലത്തിൽ ആക്ട് നടത്തിപ്പ് സംബന്ധിച്ച് പരിശീലനം നൽകുകയും അവർ മികച്ച രീതിയിൽ പ്രവർത്തനം നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ സബ് കളക്ടർമാരും റവന്യൂ ഡിവിഷണൽ ഓഫീസർമാരും ഉൾപ്പെടുന്ന ട്രൈബ്യൂണലുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും വൃദ്ധജനക്ഷേമത്തിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടികൾക്കുശേഷം ആക്ട് നടത്തിപ്പിലും വയോജനങ്ങളുടെ പരാതി പരിഹരിക്കുന്നതിലും നിർണ്ണായകമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 2009-ലെ ചട്ടങ്ങൾ പ്രകാരം വയോജന കൗൺസിലും അതിനോടനുബന്ധിച്ചുള്ള ജില്ലാ കമ്മിറ്റികളും നിലവിൽ വന്നിട്ടുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണലുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കൺസിലിയേഷൻ ഓഫീസർമാരുണ്ട്. അവരുടെ പ്രവർത്തനവും പരാതി പരിഹരിക്കുന്നതിന് ഒരുവിധം ഫലപ്രദമായി വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് നിശ്ചയിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പ്രവർത്തനഫലമായി പരാതികളിന്മേലുള്ള അന്വേഷണനടപടികൾ വേഗത്തിൽ പൂർത്തീകരിക്കുകയും തീരുമാനത്തിലെത്താൻ സഹായിക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കുറെയേറെ പരാതികൾ തീർപ്പുകൽപ്പിക്കാൻ സാധിച്ചിട്ടുണ്ട്. വൃദ്ധരായ മാതാപിതാക്കൾക്ക് സംരക്ഷണം നൽകേണ്ട മക്കൾ അത് നിഷേധിക്കുമ്പോൾ അവർക്ക് നീതി ഉറപ്പാക്കാനുള്ള നടപടികൾ വേഗത്തിലാക്കാനാണ് വകുപ്പ് ആലോചിക്കുന്നത്. അവർക്ക് ശിക്ഷയടക്കം കിട്ടുന്നതിന് നിയമത്തിനകത്ത് വ്യവസ്ഥയുണ്ട്. ഇത്രയധികം നിയമപരമായി സംരക്ഷണം ഉണ്ടായിട്ടും നമ്മുടെ നാട്ടിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പ്രായംചെന്ന ആളുകൾ അനാഥരാകപ്പെടുന്നുവെന്നുള്ളതാണ് വസ്തുത. നമ്മുടെ അണുകുടുംബത്തിന്റെ പ്രത്യേകത, സാമൂഹിക-സാംസ്കാരിക മേഖലകളിൽ വന്നിട്ടുള്ള മാറ്റം എന്നിവയുടെയെല്ലാം ഫലമായാണ് മനുഷ്യത്വരഹിതമായ രീതിയിൽ പ്രായംചെന്ന ആളുകളോട് പുതിയ തലമുറ ചിലയിടങ്ങളിൽ പെരുമാറുന്നത്. അത് ഒഴിവാക്കേണ്ടതാണ്. കഴിയുന്നതും കുടുംബത്തിന്റെ കൂടെത്തന്നെ പ്രായംചെന്ന മാതാപിതാക്കൾ സംരക്ഷിക്കപ്പെടണമെന്നുള്ളതാണ് വകുപ്പിന്റെ ഉദ്ദേശ്യം. അതാണ് അവരുടെ മനസ്സിന് ഏറ്റവും സന്തോഷമുണ്ടാക്കുന്നത്. അവരെ നമ്മൾ വൃദ്ധ മന്ദിരത്തിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുമ്പോൾ അവിടെ എന്തെല്ലാം തരത്തിലുള്ള ഭക്ഷണവും മെഡിസിനുമൊക്കെ നമ്മൾ കൊടുത്താലും അവരുടെ മനസ്സ് എപ്പോഴും അവരുടെ വീടുകളിലായിരിക്കും. അവരുടെ കുഞ്ഞുമക്കളുടെ കളിയും ചിരിയും

മക്കളുടെ സ്നേഹപൂർണ്ണമായുള്ള പെരുമാറ്റവും അവിടെയായിരിക്കും അവരുടെ മനസ്സ് ഉണ്ടാകുക. വഴിക്കണ്ണുമായി വൃദ്ധമാതാപിതാക്കൾ കാത്തുനിൽക്കുകയാണ്. അതിന് നല്ല ബോധവൽക്കരണ പരിപാടി സമൂഹത്തിന്റെ നാനാതുറകളിലും നടക്കേണ്ടതായിട്ടുണ്ട്. ഒപ്പം നിയമവും കർശനമായി അനുസരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇതിനോടൊപ്പംതന്നെ ബോധവൽക്കരിച്ച് എല്ലാവരെയും നേരെയാക്കി വൃദ്ധജനങ്ങളെ സംരക്ഷിക്കുകയെന്നത് കുറെ സമയമെടുക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ഇന്ന് നമ്മുടെ വൃദ്ധ മന്ദിരങ്ങളെല്ലാംതന്നെ വളരെ ഇടുങ്ങിയ അവസ്ഥയിലാണുള്ളത്. അവിടെ അവർക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങളില്ലാത്തതിനാൽ ആധുനിക വൽക്കരണത്തിലൂടെ അവർക്കാവശ്യമായ കെയർ കുറെക്കൂടി ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ വനിതാ ശിശുവികസന വകുപ്പ് തുടങ്ങുന്നതിനെപ്പറ്റി ആലോചിച്ചിട്ടുള്ളത്. ഒരു ജില്ലയിൽ ഒരു വൃദ്ധ സദനം, അതൊരു ആധുനിക ഹോമാക്കി മാറ്റുന്നതിനുള്ള മാസ്റ്റർപ്ലാനെല്ലാം ശരിയാക്കി അതിനുള്ള പണവും വകയിരുത്തിക്കഴിഞ്ഞു. ചില വിദേശ രാജ്യങ്ങളിലുള്ളതുപോലെ അത്യാധുനികമായ നല്ല പശ്ചാത്തല സൗകര്യങ്ങളും അവിടെത്തന്നെ മെഡിസിനും ഭക്ഷണവുമെല്ലാം കിട്ടുന്ന രീതിയിൽ അത്യന്താധുനികവൽക്കരിക്കുന്നതിനും അവർക്ക് അവിടെ വിനോദത്തിനും വിശ്രമത്തിനും വായനയ്ക്കും അത്യാവശ്യം എന്തെങ്കിലും കൈത്തൊഴിലുകളും ചെയ്യാൻ താൽപ്പര്യമുള്ളവർക്ക് അതും ചെയ്യുന്നതിനുമുള്ള സൗകര്യമൊരുക്കുന്ന മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. 'സായംപ്രഭ' ഹോമുകൾ എന്ന പേരിൽ ഈ ഹോമുകളെ നവീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു ജില്ലയിൽ ഓരോന്നുവീതമായാൽ പിന്നെ ആവശ്യമുള്ളിടത്ത് നവീകരിച്ച് അത്തരം ഹോമുകൾ ആരംഭിക്കാനാണ് സർക്കാർ ആലോചിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മക്കൾ ഗൾഫിൽ ജോലി നോക്കുകയും സമ്പത്തുണ്ടായിട്ടും സംരക്ഷണം കിട്ടാതെ വരുന്നവർക്ക് കുടുംബ സമേതം (ഭാര്യയ്ക്കും ഭർത്താവിനും) ഒരുമിച്ച് ജീവിക്കുന്നതിനുള്ള കപ്പിൾ റൂമുകൾ പണിയണമെന്നാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്. പണമുള്ള ആളുകൾക്ക് പെയ്ഡ് ഹോമുകൾ നിർമ്മിക്കുന്നതിനെപ്പറ്റിയും ആലോചിക്കുന്നുണ്ട്. അവർക്ക് നല്ല സുരക്ഷയും കെയറും കൊടുക്കുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതോടൊപ്പം തന്നെ പകൽ സമയത്ത് പ്രായം ചെന്ന ആളുകൾക്ക് വൈകുന്നേരങ്ങളിൽ വന്നിരിക്കുന്നതിനുള്ള 'പകൽ വീടുകൾ' മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. വുമൺ ആന്റ് ചിൽഡ്രൺ വകുപ്പ് ആദ്യത്തെ വർഷം തങ്ങളുടെ ഫണ്ട് പകൽ വീടുകൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയാണ്

ചെയ്തത്. പക്ഷെ, അവർക്കെല്ലാം വീതിച്ചുകൊടുത്തപ്പോൾ ഉദ്ദേശിച്ച തലത്തിൽ എത്തിയില്ല. നന്നായി ചെയ്യുന്നവരുമുണ്ടായിരുന്നു. ചിലർ അത്യാവശ്യം മേശയും കസേരയുമൊക്കെ വാങ്ങിയ അവസ്ഥയാണ് ഉണ്ടായിരുന്നത്. എന്നാൽ അതിനുപകരം ഈ വർഷം ഓരോ ജില്ലയിലും ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പകൽ വീടെങ്കിലും നിർമ്മിക്കാനാണ് ഞങ്ങൾ ആലോചിക്കുന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, പാലിയേറ്റീവ് കെയറിന്റെ കാര്യമാണ്. ഒരുപാട് സന്നദ്ധ സംഘടനകൾ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട ശ്രീ. സജി ചെറിയാൻ, എം.എൽ.എ.-യുടെ നേതൃത്വത്തിൽ ആലപ്പുഴയിൽ നല്ല രീതിയിലുള്ള പാലിയേറ്റീവ് കെയർ പ്രവർത്തനമാണ് നടക്കുന്നത്. ചില മത സംഘടനകളുടെ നേതൃത്വത്തിലും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലും നല്ലൊരു പാലിയേറ്റീവ് കെയർ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം ഉണ്ടായിട്ടും തികയുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഗവൺമെന്റും പാലിയേറ്റീവ് കെയർ സംവിധാനം മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖേന പാലിയേറ്റീവ് കെയർ സംവിധാനം മെച്ചപ്പെടുത്തുവാൻ ആലോചിക്കുകയാണ്. എല്ലാ സി.എച്ച്.സി.-കളിലും ഒരു സ്റ്റാഫ് നഴ്സും ഒരു ഫിസിയോതെറാപ്പിസ്റ്റും എന്ന നിലയിൽ 232 സി.എച്ച്.സി.-കളിലും പുതുതായി സ്റ്റാഫുകളെ നിയമിച്ചിട്ടുണ്ട്. അതുപോലെതന്നെ ജെ.പി.എച്ച്.എൻ.-മാരുടെ നേതൃത്വത്തിൽ സബ് സെന്ററുകൾ വഴി പാലിയേറ്റീവ് കെയറുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കുവാൻ വീടുകൾതോറും കയറിയിറങ്ങിയുള്ള പ്രവർത്തനങ്ങളും വ്യാപിപ്പിക്കുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയറും പ്രവർത്തിക്കുന്നുണ്ട്. ഇതിനെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഒരു മെച്ചപ്പെട്ട പാലിയേറ്റീവ് കെയർ സംവിധാനം ആരംഭിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

## (5) പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനം

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറപ്പിക്കുകയെന്നതാണ് അടിസ്ഥാനപരമായ ആവശ്യം. അതിനുവേണ്ടി അങ്ങ് നടത്തുന്ന എല്ലാ ശ്രമങ്ങളെയും ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ഗ്രാറ്റുവിറ്റി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടത്തിയിട്ടുള്ള വലിയ ഇടപെടലുകളുണ്ട്. അതോടൊപ്പംതന്നെ ഈ വർഷാരംഭത്തിൽ ശമ്പള പരിഷ്കരണം നടത്തേണ്ടതായിരുന്നു. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തോട്ടങ്ങൾ പൂട്ടാതിരിക്കാനും ശമ്പള പരിഷ്കരണം അനിവാര്യമാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ നമ്മൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റിലീഫ് ഫണ്ട് കമ്മിറ്റിയുടെ

പ്രവർത്തനങ്ങൾ വളരെ ശക്തമായി മുന്നോട്ട് കൊണ്ടുപോകണം. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഏറെ ആശ്വാസകരമാണ് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ. ഇടുക്കി ജില്ലാ കളക്ടർ ചെയർമാനും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ സെക്രട്ടറിയുമായിട്ടുള്ള സമിതിയാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ കഴിഞ്ഞ കുറച്ച് മാസങ്ങളായി റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും 12,32,000 രൂപ മാത്രമാണ് ഓണക്കാലത്ത് ഓണക്കിറ്റിന്റെ ഭാഗമായി കൊടുക്കാൻ സാധിച്ചിട്ടുള്ളത്. ബാക്കി വരുന്ന തൊണ്ണൂറ്റിനാല് ലക്ഷത്തിലധികം വരുന്നത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. പീരുമേട് നിയോജകമണ്ഡലത്തിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളില്ല. റിലീഫ് ഫണ്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട് തോട്ടം മേഖലകളിൽ ഏറ്റവും നല്ല ചികിത്സാസൗകര്യങ്ങൾ ഉണ്ടായിരുന്നതാണ്. തോട്ടം പൂട്ടി പോയപ്പോൾ ഈ സൗകര്യങ്ങളെല്ലാം നിന്നുപോയി. തോട്ടം തൊഴിലാളികളുടെ ചികിത്സാസൗകര്യം അവരുടെ മക്കളുടെ വിദ്യാഭ്യാസം, വിവാഹ ധനസഹായമടക്കമുള്ള കാര്യങ്ങൾക്കാണ് ഈ ഫണ്ട് പ്രധാനമായും ചെലവഴിക്കുന്നത് എന്നുള്ളതുകൊണ്ട് പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിച്ചുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, കേരളത്തിലെ തോട്ടം മേഖലയ്ക്ക് വലിയ പരിഗണനയാണ് സംസ്ഥാന ഗവൺമെന്റ് നൽകിവരുന്നത്. തൊഴിലാളികളുടെ സംരക്ഷണത്തിനാവശ്യമായ എല്ലാ നടപടികളും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനാണ് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ രൂപീകരിച്ചത്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 2018-2019 സാമ്പത്തിക വർഷം ഒരു കോടി പത്തുലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ഓണക്കിറ്റിനും മറ്റുമായുള്ള ചെലവുകൾ കഴിച്ച് ബാക്കി എൺപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപ നിലവിലുള്ളതുമാണ്. പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്ന വിവിധ ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായുള്ള സമിതി പരിശോധിച്ച്, അർഹത നിശ്ചയിച്ച് ലേബർ കമ്മീഷണർക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. 2018-2019 സാമ്പത്തിക വർഷത്തേയ്ക്ക് ഇടുക്കി, തിരുവനന്തപുരം, പാലക്കാട് ജില്ലകൾക്കായി ഒരു കോടി പത്തൊൻപത് ലക്ഷത്തി

അൻപത്തിയാറായിരത്തി നാൽപ്പത്തിയൊൻപത് രൂപയുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ എൺപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയാറായിരം രൂപയാണ് ബാക്കിയുള്ളത്. അവശേഷിക്കുന്ന മുപ്പത്തിയേഴ് ലക്ഷത്തി അറുപതിനായിരത്തി നാൽപ്പത്തിയൊൻപത് രൂപയുള്ള അഡീഷണൽ ആതറൈസേഷനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് സമാശ്വാസ പ്രവർത്തനങ്ങൾക്കായി ഏഴ് ലക്ഷത്തി ഇരുപത്തിമൂവായിരം രൂപ അനുവദിക്കണമെന്ന ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ പ്രൊപ്പോസൽ പരിഗണിച്ച്, പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ശീർഷകത്തിൽനിന്നും ഏഴ് ലക്ഷത്തി ഇരുപത്തിമൂവായിരം രൂപ തൊഴിലാളികൾക്കായുള്ള ചികിത്സാ ധനസഹായം നൽകുന്നതിനും മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനും ചെലവഴിക്കുന്നതിനായി ലേബർ കമ്മീഷണർക്ക് ഭരണാനുമതിയും വിനിയോഗാനുമതിയും നൽകി 26-11-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## (6) പുതിയ ബാർ തുറന്നത് സംബന്ധിച്ച്

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വണ്ടൂർ പഞ്ചായത്തിലെ പുളിക്കൽ പ്രദേശത്ത് കഴിഞ്ഞ 90 ദിവസമായി കൊച്ചുകുട്ടികൾ മുതൽ പ്രായംചെന്നവർ വരെയുള്ള മുഴുവൻ ജനങ്ങളും സമരത്തിലാണ്. കഴിഞ്ഞ ആഗസ്റ്റ് 14-ാം തീയതി ഈ പ്രദേശത്ത് ആരംഭിച്ച ഒരു ത്രീസ്റ്റാർ ഹോട്ടൽ ബാർ നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സമരമാണ് അവിടെ നടക്കുന്നത്. ബാറിന് അനുമതി നൽകുന്നത് അതിന്റേതായ നടപടിക്രമങ്ങളും ഗവൺമെന്റിന്റെ നയപരമായ തീരുമാനവും അനുസരിച്ചാണ്. പ്രസ്തുത ബാറിൽ നിന്നും നോക്കിയാൽ 50 മീറ്റർ ചുറ്റളവിൽ വരെ ഏതാണ്ട് 25-ഓളം വീടുകൾ കാണാൻ സാധിക്കും. ഏറ്റവും ജനവാസമുള്ള പ്രദേശത്താണ് ഈ ബാർ സ്ഥിതിചെയ്യുന്നത് എന്നുള്ളതാണ് ജനങ്ങൾ ഉന്നയിക്കുന്ന പ്രശ്നം. അതുകൊണ്ട് ഈ സമരം രാഷ്ട്രീയ പ്രേരിതമാണെന്ന് പറയാൻ സാധിക്കില്ല. മുഴുവൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളും എല്ലാ ജനവിഭാഗങ്ങളും ഈ സമരത്തിൽ പങ്കുചേരുന്നുണ്ട്. അവരുടെ സമരം ബാറിന് അനുമതി നൽകിയതിനെതിരെയല്ല; മറിച്ച് ജനവാസ കേന്ദ്രത്തിൽനിന്നും ഈ ബാർ മാറ്റി സ്ഥാപിക്കണമെന്നുള്ളതാണ്. ആ വഴിയിലൂടെയാണ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് കടന്നുപോകേണ്ടത്. സ്കൂൾ പരിധിപോലും നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഇതിനകത്ത് വരുന്നതാണ്. അതുപോലെതന്നെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന

മുസ്ലീം പള്ളിയിലേയ്ക്ക് ഏതാണ്ട് നൂറ്റമ്പത് മീറ്റർ ദൂരപരിധിമാത്രമാണുള്ളത്. ആരാധനാലയം, വിദ്യാഭ്യാസ സ്ഥാപനം തുടങ്ങിയവയുടെ ദൂരപരിധി സംബന്ധിച്ച മാനദണ്ഡങ്ങൾപോലും ലംഘിച്ചുകൊണ്ടാണ് ഈ ബാറിന് ലൈസൻസ് നൽകിയിരിക്കുന്നത്. അതാണ് ജനങ്ങളെ ഇത്രയും പ്രകോപിതരാക്കിയിട്ടുള്ളത്. മാത്രമല്ല, ബാർ തുടങ്ങിയ അന്നുമുതൽ സമരം നടക്കുന്നതോടൊപ്പം അവിടെ നിരന്തരം പുതിയ പോലീസ് കേസുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ബാറിൽനിന്നും മദ്യപിച്ചിറങ്ങുന്നവർ ജനങ്ങളോട് വളരെ മോശമായിട്ടാണ് പെരുമാറുന്നത്. അതോടൊപ്പംതന്നെ പ്രസ്തുത സ്ഥാപനത്തിന് ഉണ്ടായിരിക്കേണ്ട ലൈസൻസോ ഫയർസേഫ്റ്റി സൗകര്യങ്ങളോ ഒന്നുംതന്നെ ഇല്ലെന്നുള്ള ആക്ഷേപവും മറുവശത്തുണ്ട്. ആയതിനാൽ ജനവാസകേന്ദ്രമായ ഈ പ്രദേശത്തുനിന്നും ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ബാർ മാറ്റി സ്ഥാപിക്കണമെന്നുള്ളതാണ് അവരുടെ ആവശ്യം. ഞാൻ എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയെ കോഴിക്കോട് വന്ന് നേരിൽ കാണുകയും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാമെന്ന് അങ്ങ് ഉറപ്പ് നൽകുകയും ചെയ്തതാണ്. മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് അനുമതി നൽകിയ പ്രസ്തുത ബാർ അവിടെനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

11.00 A.M.]

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, നിലവിലെ അബ്കാരി നിയമപ്രകാരം ത്രീ സ്റ്റാർ പദവിയോ അതിൽ കൂടുതലോ ഉള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കാവുന്നതാണ്. ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, എസ്.സി./എസ്.ടി. കോളനികൾ, ശ്മശാനങ്ങൾ എന്നിവിടങ്ങളിൽനിന്നും ഇരുന്നൂറ് മീറ്റർ അകലം പാലിച്ചിരിക്കണമെന്നാണ് ദൂരപരിധി നിയമപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നത്. മലപ്പുറം ജില്ലയിൽ നിലമ്പൂർ എക്സൈസ് സർക്കിൾ പരിധിയിൽ കാളികാവ് റെയ്ഞ്ചിൽ പുളിക്കൽ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ത്രീ സ്റ്റാർ ക്ലാസിഫൈഡ് ഹോട്ടലായ സിറ്റി പാലസ് റസിഡൻസി എന്ന സ്ഥാപനത്തിന് എം.532/2018-19 നമ്പറായി ഒരു ബാർ ലൈസൻസ് 7-8-2018-ൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഹോട്ടലിന്റെ പ്രവേശന കവാടത്തിൽനിന്നും 203 മീറ്റർ അകലെയാണ് പള്ളി സ്ഥിതി ചെയ്യുന്നത്. പട്ടികജാതി കോളനിയിലേയ്ക്ക് 400 മീറ്ററിലധികം ദൂരമുണ്ട്. ഏറ്റവും അടുത്തുള്ള വിദ്യാഭ്യാസ സ്ഥാപനമായ ഗവൺമെന്റ് ഹൈസ്കൂളിലേയ്ക്ക്

500 മീറ്ററിലധികം ദൂരമുണ്ട്. നിയമപരമായ മാനദണ്ഡങ്ങൾ പാലിച്ചതിന്റെയും നിയമാനുസൃതമായ രേഖകൾ സമർപ്പിച്ചതിന്റെയും അടിസ്ഥാനത്തിലാണ് സിറ്റി പാലസ് എന്ന ഹോട്ടലിന് ബാർ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഒരു നിവേദനം ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ആ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ നിയമവശങ്ങളും വീണ്ടും പരിശോധിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## (7) ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉത്പാദനം

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് നമ്പർ 7-ൽ ഒരുപറക്കരിക്കകം കോളനിയിൽ ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്ലാന്റിനെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഈ പ്ലാന്റിനെ സംബന്ധിച്ച് തദ്ദേശവാസികൾക്ക് ആശങ്കകളുണ്ട്. കേരളത്തിൽ മാലിന്യ സംസ്കരണം അനിവാര്യമാണെന്ന് മാത്രമല്ല മാലിന്യ വിമുക്ത കേരളം ഈ ഗവൺമെന്റിന്റെ ലക്ഷ്യങ്ങളിലൊന്നുമാണ്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ ജനങ്ങളുടെ മുമ്പിൽ പരാജയപ്പെട്ട ഒരു പ്ലാന്റ്/പദ്ധതി എന്ന നിലയിൽ വിളപ്പിൽശാല ഒരനുഭവമായിട്ടുണ്ട്. ജനങ്ങളിൽ ആശങ്ക വർദ്ധിപ്പിക്കാൻ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും യോജിച്ചുകൊണ്ട് ഒരു പ്രചരണ പ്രവർത്തനത്തിലാണ് ഇപ്പോൾ മുഴുകിയിരിക്കുന്നത്. ഈ പ്ലാന്റിനെ സംബന്ധിച്ച് കരാർ ആകുകയോ ഭൂമി ഏറ്റെടുക്കുന്ന നടപടിയിലേയ്ക്ക് പോകുകയോ ചെയ്തിട്ടില്ല. എന്നിട്ടും ഇതിൽ അഴിമതി ആരോപിച്ചുകൊണ്ട് പെരിങ്ങമ്മലയിൽ യു.ഡി.എഫ്.-ഉം മുസ്ലീം ലീഗും ബി.ജെ.പി.-യും യോജിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനത്തിലേയ്ക്ക് വന്നിരിക്കുകയാണ്. എന്നാൽ ഈ പ്ലാന്റിനെ സംബന്ധിച്ച് പരിസ്ഥിതി വാദികൾക്കും തദ്ദേശവാസികൾക്കും കുറേയധികം ആശങ്കകളുണ്ട്. ഇത് പശ്ചിമഘട്ടത്തിലെ അതീവ പരിസ്ഥിതി ദുർബ്ബലപ്രദേശവും വരയാട് ഉൾപ്പെടെയുള്ള അപൂർവ്വ വന്യമൃഗങ്ങളുടെയെല്ലാം ആവാസകേന്ദ്രമായതുകൊണ്ട് ഈ പദ്ധതി അനുയോജ്യമല്ലെന്ന വാദവും ഉയരുന്നുണ്ട്. ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റി ജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്തതാണ് ഈ പ്ലാന്റ് എന്നത് അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്ത് ആകെ ഏഴ് ജില്ലകളിലായി ഏഴ് പ്ലാന്റുകളാണ് തുടങ്ങുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ കോഴിക്കോട് മാത്രമാണ് കരാറിലേയ്ക്ക് പോയിട്ടുള്ളത്. അതിന്റെ ഒരനുഭവം വന്നുകഴിഞ്ഞാൽ ഏറെക്കുറെ എന്താണെന്ന് മനസ്സിലാക്കാൻ കഴിയും. ഏതായാലും തദ്ദേശവാസികൾ കുറേക്കാലമായി ആക്ഷൻ

കൗൺസിലൊക്കെ രൂപീകരിച്ച് സമരത്തിലാണ്. തദ്ദേശവാസികളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ആശങ്ക അകറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. .

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ ആ പ്രദേശം സന്ദർശിച്ചയാളാണ്. അത് അതീവ പരിസ്ഥിതി ലോല പ്രദേശമാണ്. ജനങ്ങൾ മുഴുവൻ ആ പദ്ധതിക്കെതിരാണ്. അവിടത്തെ എം.എൽ.എ. എന്ന നിലയിൽ അദ്ദേഹത്തിനും ബോധ്യമുള്ളൊരു കാര്യമാണിത്. ഇങ്ങനെയൊരു പ്ലാന്റ് അവിടെ നടത്താൻ ജനങ്ങൾ അനുവദിക്കില്ല. ശ്രീ. കെ. എസ്. ശബരീനാഥൻ നേരത്തെ നോട്ടീസ് നൽകിയതാണ്. ബി.ജെ.പി.-യും കോൺഗ്രസും തമ്മിൽ കള്ളക്കളിയൊന്നുമല്ല അവിടത്തെ പ്രശ്നം. പഞ്ചായത്ത് എന്തിനാണ് അതിനുവേണ്ടി നിൽക്കുന്നു എന്നുള്ളതാണ് ചോദ്യം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, ഖരമാലിന്യ സംസ്കരണം കേരളത്തെ ബാധിക്കുന്ന ഒരു സാമൂഹ്യപ്രശ്നമായി മാറിയതു കൊണ്ടാണ് ഖരമാലിന്യങ്ങൾ സംസ്കരിക്കാൻ നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം വേണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. 'വേസ്റ്റ് ടു എനർജി പ്ലാന്റ്' എന്ന രീതിയിലാണ് ഇത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പരിസ്ഥിതിക്കോ പൊതുജനങ്ങൾക്കോ യാതൊരു ദോഷവും ഉണ്ടാക്കാത്ത തരത്തിലുള്ള പ്ലാന്റുകളാണ് ഈ പദ്ധതിയിലൂടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. പരമാവധി ഇതിന്റെ പരിസരം പരിസ്ഥിതി സൗഹൃദമാക്കിക്കൊണ്ട് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മികച്ച പരിസ്ഥിതി സംരക്ഷണ സമ്പ്രദായങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിനുള്ള കേന്ദ്രമെന്ന നിലയിൽ പ്രയോജനപ്പെടുത്തുന്ന തരത്തിലാണ് പ്ലാന്റുകൾ വിഭാവനം ചെയ്തിരിക്കുന്നത്. മാലിന്യസംസ്കരണ പ്ലാന്റുകൾ നിർമ്മിച്ച് പ്രവർത്തിപ്പിച്ചുള്ള മുൻപരിചയം, സാമ്പത്തിക ഭദ്രത തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള സ്വകാര്യ ഏജൻസികളെ ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്നത്. പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ കെ.എസ്.ഐ.ഡി.സി. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന നിർവ്വഹണ ഏജൻസിയും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്നുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള അഗ്രിക്കൾച്ചറൽ ഫാമിൽ നിന്ന്

പതിനഞ്ച് ഏക്കർ സ്ഥലം നിർദ്ദിഷ്ട ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് ഖരമാലിന്യസംസ്കരണ മേഖലയിൽ നിലവിലുള്ള മാനദണ്ഡങ്ങൾക്കും നയങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റാണ് ഇവിടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച്, കരാർ വയ്ക്കുന്ന കമ്പനിയുടെ ബിന്നുകളിലേയ്ക്ക് എത്തിക്കുന്നത് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമായിരിക്കും. ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന ഖരമാലിന്യം പ്രത്യേക സംവിധാനമുള്ള അടച്ചുറപ്പുള്ള വാഹനങ്ങൾ വഴി പ്ലാന്റുകളിലേയ്ക്കെത്തിച്ച് സ്റ്റേറ്റ് ആൻഡ് സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കും മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾ 2016-ലെ വ്യവസ്ഥകൾക്കും അനുസൃതമായി സംസ്കരിക്കുന്നത് കരാർ വയ്ക്കുന്ന കമ്പനിയുടെ ഉത്തരവാദിത്വമാണ്. പെരിങ്ങമ്മല സ്ഥാപിക്കാനുദ്ദേശിക്കുന്ന ആധുനിക മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രയോജനം ജില്ലയിലെ കോർപ്പറേഷനും സമീപ മുനിസിപ്പാലിറ്റികൾക്കുമെല്ലാമാണെന്ന് കണക്കാക്കുന്നു. ഈ പ്രദേശങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഖരമാലിന്യം പ്രസ്തുത പ്ലാന്റിലെത്തിച്ച് അവ മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിച്ച് വൈദ്യുതി ഉത്പാദിക്കുന്നതിനും അപ്രകാരം ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഈ പ്രദേശങ്ങളിൽത്തന്നെ പ്രയോജനകരമാകുംവിധം ഉപയോഗിക്കാനും സാധിക്കുമെന്നാണ് കണക്കാക്കുന്നത്. പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം കർശനമായി നിരീക്ഷിക്കുന്നതിനും ഇരുപത്തിനാല് മണിക്കൂറും പ്ലാന്റിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും സംസ്ഥാന സർക്കാർ സംവിധാനം ഏർപ്പെടുത്തുന്നതാണ്. പ്രസ്തുത പ്ലാന്റ് നിമിത്തം അഗസ്ത്യവനത്തിലെ മലയോര മേഖലയിൽ പാരിസ്ഥിതിക ജൈവ ആഘാതമുണ്ടാകുമെന്നുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിന് മുമ്പുതന്നെ പദ്ധതിയുമായി ബന്ധപ്പെട്ട കരാർ വയ്ക്കുന്ന കമ്പനി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, പാരിസ്ഥിതിക പഠനം നടത്തി, ബന്ധപ്പെട്ട ഏജൻസികളുടെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമായിരിക്കും പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ജനങ്ങളുടെ ആശങ്കയകറ്റി പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവത്കരണം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ

സ്വീകരിക്കുന്നതാണ്. നേരത്തെ പറഞ്ഞതുപോലെ, ഈ പ്ലാന്റ് കോഴിക്കോട് കോർപ്പറേഷനിലെ ഞെളിയംപറമ്പിൽ മാത്രമാണ് ഉദ്ദേശിച്ചത്. കോർപ്പറേഷന്റെകൂടി ആവശ്യത്തിന്റെ ഭാഗമായി, കോഴിക്കോട് കോർപ്പറേഷന്റെ സമീപ മുനിസിപ്പാലികൾക്കുകൂടി പ്രയോജനപ്പെടാവുന്ന രീതിയിൽ ഈ പദ്ധതി നടപ്പാക്കുകയാണ്. ആ പ്ലാന്റിന്റെ പ്രവർത്തനം കണ്ട് ബോധ്യപ്പെടുമ്പോൾ സ്വാഭാവികമായും ഇതിനെക്കുറിച്ചുള്ള ആശങ്കകൾ അകറ്റാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ഖരമാലിന്യ സംസ്കരണത്തിൽ പ്രധാനപ്പെട്ട ഒരു ചുവടുവയ്പ്പാണ്. നമ്മുടെ നാടിനെ ബാധിക്കുന്ന വിപത്താണെന്ന് കണ്ടുകൊണ്ടാണ് ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നത്. എല്ലാ ജനപ്രതിനിധികളും ഈ കാര്യത്തിൽ അത്തരമൊരു അവബോധത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുപോകാൻ തയ്യാറാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇങ്ങനെയൊരു പ്ലാന്റ് ഇവിടെ സ്ഥാപിക്കുന്നത് ഒരിക്കലും ശരിയല്ല. അങ്ങ് അവിടം സന്ദർശിച്ചിട്ടുവേണം ഒരു തീരുമാനമെടുക്കേണ്ടത്. അതീവ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നമുണ്ടാകുന്ന സ്ഥലമാണത്. ഞാൻ അവിടം സന്ദർശിച്ച ഒരാളാണ്. പരിസ്ഥിതിക്ക് ഇത്രയും ആഘാതമുണ്ടാക്കുന്ന ഒരു സ്ഥലം വേറെ ഉണ്ടാകില്ല. അതുകൊണ്ട് എന്റെ അഭ്യത്ഥനയാണ്, ദയവായി അങ്ങ് അവിടെ സന്ദർശിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ആദ്യം ആരംഭിക്കുന്നത് കോഴിക്കോട് ഞെളിയംപറമ്പിലെ പ്രോജക്ടിന്റെ ടെണ്ടർ നടപടികളാണ്. ഈ പ്ലാന്റ് വരുമ്പോൾ ഏകപക്ഷീയമായി സർക്കാർ തീരുമാനിക്കുകയല്ല. സ്റ്റേറ്റ് ആൻഡ് സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും അവരുടെ പരിശോധനയുമുണ്ടാകും. ആ പരിശോധനയ്ക്ക് ശേഷമാണ് പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. നിയമവിരുദ്ധമായി ഒന്നും ചെയ്യില്ല. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞാൽ അതിനെക്കുറിച്ച് പാരിസ്ഥിതിക പഠനം നടത്താൻ വേണ്ടിയുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനുശേഷമാണ് ഈ പദ്ധതിയെക്കുറിച്ച് ആലോചിക്കുക. അത്തരം ഘട്ടത്തിൽ നമുക്ക് എന്തെങ്കിലും ആശങ്കകളുണ്ടെങ്കിൽ പരിശോധിക്കാം. ടി പ്രദേശം മന്ത്രിയെന്ന നിലയ്ക്ക് സന്ദർശിക്കുന്നതിന് എനിക്ക് യാതൊരു വിരോധവുമില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (8) കെട്ടിട നമ്പർ ലഭ്യമാക്കൽ

ശ്രീ. സി. മമ്മൂട്ടി: സർ, പൊതുമരാമത്ത് വകുപ്പിനായി നമ്മുടെ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ലഭ്യമാകുന്ന പുറമ്പോക്ക് ഭൂമിയിൽ ജനങ്ങൾക്ക് ഉപകരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുവേണ്ടി രൂപീകരിച്ച 'ആശ്വാസ്' മുഖേന അത്തരം പദ്ധതികൾ നമ്മുടെ നാട്ടിൽ പല സ്ഥലത്തും ആരംഭിക്കുന്നുണ്ട്. ആ നിലയ്ക്ക്, തിരൂർ നഗരത്തിൽ ഏറ്റവും അനുയോജ്യമായ സ്ഥലത്ത് പൊതുസ്ഥലം ലഭ്യമായപ്പോൾ, അവിടെ വരുന്ന സ്ത്രീകളടക്കമുള്ള പൊതുജനങ്ങളുടെ ആവശ്യാർത്ഥം, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് മറ്റു സൗകര്യങ്ങളില്ലാത്തതിനാൽ അവ ഏർപ്പെടുത്തുന്നതിനായി ഫണ്ട് അനുവദിക്കണമെന്ന് പറഞ്ഞുനൽകിയ അപേക്ഷ മാനിച്ച് 35 ലക്ഷം രൂപ അനുവദിക്കപ്പെട്ടു. പി.ഡബ്ല്യു.ഡി.-യുടെ ആശ്വാസ് എന്ന പൊതുമേഖലാ സ്ഥാപനം ആ പ്രവൃത്തി സിൽക്കിനെ ഏൽപ്പിച്ചു. സിൽക്ക് അതുസംബന്ധിച്ച എല്ലാ പണിയും പൂർത്തിയാക്കുകയും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. നിർമ്മാണത്തിനിടയിലോ പണി പൂർത്തിയായപ്പോഴോ യാതൊരുവിധ സാങ്കേതിക തടസ്സവും ഉന്നയിക്കാതെ, പണി പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞതിനുശേഷമാണ് കെട്ടിട നിർമ്മാണത്തിലെ സാങ്കേതിക തടസ്സം പറഞ്ഞുകൊണ്ട് കെട്ടിട നമ്പർ നൽകാത്തത്. അക്കാര്യം യോഗത്തിൽ സൂചിപ്പിച്ചപ്പോൾ പി.ഡബ്ല്യു.ഡി. സ്ഥലവും ഫണ്ടുമായതിനാൽ കെട്ടിടനമ്പർ കൊടുക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ ഉദ്ഘാടന വേളയിൽ പറയുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായിട്ടും നമ്പർ ലഭ്യമായിട്ടില്ല. തുടർന്ന് കഴിഞ്ഞ നിയമസഭയിൽ ഇതു സംബന്ധിച്ച് സബ്മിഷൻ കൊണ്ടുവരികയും മുൻ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി രണ്ടാഴ്ചയ്ക്കുള്ളിൽ നമ്പർ നൽകാമെന്ന് പറഞ്ഞിരുന്നുവെങ്കിലും നടപടിയൊന്നു മുണ്ടായില്ല. ഇപ്പോഴും അത് അമിനിറ്റീസ് സെന്ററായി നിൽക്കുകയാണ്. അവിടെ പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കാൻപോലും ജനങ്ങൾക്ക് യാതൊരു സൗകര്യവുമില്ല. എം.എൽ.എ.-മാർ ഇത്തരം ഫണ്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അത് പോസിറ്റീവായി എടുക്കണം. ഗവൺമെന്റിന്റെ ഭൂമി, ഗവൺമെന്റിന്റെ ഫണ്ട്, പൊതുജനങ്ങൾ ക്കാവശ്യമുള്ള കാര്യം; കെട്ടിടം പൊളിച്ചു മാറ്റേണ്ട ആവശ്യം വന്നാൽ ആയത് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയോടുകൂടി നിർമ്മിച്ച കെട്ടിടത്തിന് സാങ്കേതികത്വം പറയുകയും ധാരാളം സ്വകാര്യ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനും മറ്റും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന

സമീപനം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട്, ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് കെട്ടിട നമ്പർ ലഭ്യമാക്കണമെന്നും ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് തിരൂർ നഗരസഭാ പരിധിയിൽ തിരൂർ താഴെപ്പാലം ജംഗ്ഷനിൽ തിരൂർ മലപ്പുറം റോഡിന്റെ തെക്ക്, താനൂർ കുറ്റിപ്പുറം റോഡിന്റെ തെക്കുവശത്തെ പ്രദേശങ്ങളിൽ കെട്ടിടത്തിന്റെ പുറം അളവുകൾ, സെറ്റ്ബാക്കുകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയിൽ ലഭ്യമായ പ്ലാനിൽ നിന്നും വ്യത്യാസം കാണുന്നതായി ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം നടത്തിയിരിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ആയതിന്റെ ഗ്രൗണ്ട് ഫ്ലോർ, സ്ത്രീകളുടെയും പുരുഷന്മാരുടെയും ശുചീകരണ മുറികൾ ഉൾപ്പെടെ കംഫർട്ട് സ്റ്റേഷന്റെ ഇനത്തിൽ ഉൾപ്പെടുന്നതായും ഫസ്റ്റ് ഫ്ലോർ ലോഡ്ജായും കാണുന്നു. റെയിൽവേ, ദേശീയ പാതകൾ, പ്രധാന തുറമുഖങ്ങൾ, വ്യോമഗതാഗതം, പോസ്റ്റൽ & ടെലഗ്രാഫ്, വൈദ്യുത ശൃംഖലകൾ എന്നീ സർവ്വീസുകളുടെ പ്രവർത്തനത്തിനോ അറ്റകുറ്റപ്പണികൾക്കോ വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന നിർമ്മാണ ചട്ടങ്ങളെ 1999 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 9 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സേവനങ്ങളുടെ കൂട്ടത്തിൽ സമൂഹത്തിന് ഒഴിവാക്കാൻ കഴിയാത്ത ഏതെങ്കിലും സർവ്വീസിനെ ഒരു വിജ്ഞാപന പ്രകാരം സർക്കാരിന് ഉൾപ്പെടുത്താവുന്നതാണ്. അങ്ങനെ ഉൾപ്പെടുത്തുന്ന പക്ഷം സർവ്വീസിന് വേണ്ടുന്ന നിർമ്മാണ പ്രവർത്തനങ്ങളെയും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണത്തെ ചട്ടം 50-ന്റെ പരിധിയിൽ പരിഗണിക്കുന്നതിനുപകരം ടി കെട്ടിടം പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചതിനാലും ഒരു അമിനിറ്റീസ് സെന്ററായതിനാലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 3(സി) പ്രകാരമുള്ള ഇളവിന് പരിഗണിക്കുന്നതായിരിക്കും ഉചിതമെന്ന് ചീഫ് ടൗൺ പ്ലാനർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. റോഡിന്റെ വികസനത്തിനായി കെട്ടിടം പൊളിച്ചു നീക്കേണ്ട ആവശ്യം വരികയാണെങ്കിൽ ആ കാലഘട്ടത്തിൽ ആയത് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയോടുകൂടി അനുമതി തരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

# V മേശപ്പുറത്തുവച്ച കടലാസുകൾ

## ചട്ടം 236(5) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 16, 17, 26-29, 37-40 |
| | 2016-17 | 1 | 27-39 |
| | 2017-18 | 2 | 3, 4, 23-30, 105-113, 124-127 പൊതു ശിപാർശ 1, 2 |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2016-17 | 1 | 114, 119, 120-123, 127 |
| | 2017-18 | 2 | 112, 118, 119, 120 |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2017-18 | 2 | 32-35 |

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 40 |
| | 2014-15 | 4 | 60 |
| | 2017-18 | 2 | 1, 3, 4, 6, 15-24 |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II—ഭൂനികുതിയും ദേവസ്വവും | 2012-13 | 2 | 5, 18 |
| | 2013-14 | 3 | 3 |
| | 2014-15 | 4 | 6, 13 |
| | 2015-16 | 5 | 8 |
| | 2017-18 | 2 | 3, 4, 5, 9, 22, 23 |
| IX—തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | 1, 2, 3, 4, 21, 25 |

4. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III- ജലവിഭവം | 2014-15 | 4 | 37 |
| | 2016-17 | 1 | 76 |

5. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2017-18 | 2 | 105 |

6. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV—വ്യവസായവും ധാതുക്കളും | 2017-18 | 2 | 7-14, 50, 51 |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2017-18 | 2 | 18-20 |

7. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ)): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 13, 14, 16, 24, 25 |

8. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2017-18 | 2 | 12, 14, 19, 20, 21, 104 |
| XIII—സാമൂഹ്യസേവനം | 2016-17 | 1 | 1, 3-6 |

9. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX—തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2017-18 | 2 | 13, 14, 15, 24 |

10. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2017-18 | 2 | 3, 12, 13, 15, 16, 19, 24 |

11. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XI—ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും | 2015-16 | 5 | 28, 30 |
| | 2015-16 (സബ്ജക്ട് കമ്മിറ്റി II—ഭൂനികുതിയും ദേവസ്വവും) | 5 | 27, 28, 29, 30, 33, 34 |

12. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II—ഭൂനികുതിയും ദേവസ്വവും | 2017-18 | 2 | 11-21, 27 |
| IX—തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2015-16 | 5 | 20 |

13. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV— വ്യവസായവും ധാതുക്കളും | 2016-17 | 1 | 56 |
| | 2017-18 | 2 | 25-28 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2016-17 | 1 | 119 |
| | 2017-18 | 2 | 60, 69, 70, 76, 77, 78 |

14. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2016-17 | 1 | 45-50 |

15. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI—വിദ്യാഭ്യാസം | 2014-15 | 4 | 26, 27, 29, 30, 34, 36, 37, 38, 39, 41, 45, 70, 71 |
| | 2017-18 | 2 | 31, 32, 33, 80 |

16. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2016-17 | 1 | 93, 95, 103 |
| | 2017-18 | 2 | 56, 57 |

## VI റിപ്പോർട്ട് സമർപ്പണം

### 1. 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI- ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

### 2. 2018-ലെ കേരള ചരക്കു സേവന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ധനകാര്യം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ കേരള ചരക്കു സേവന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

### 3. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ട് മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മുപ്പത്തിരണ്ടു മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 4. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. സി. കെ. നാണു: സർ, മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

### (ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കുന്നു.

# VIII ക്രമപ്രശ്നം

## ഭേദഗതികളുടെ ഭരണഘടനാ സാധുത

ശ്രീ. എം. ഉമ്മർ: സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലിൽ 326-ാം വകുപ്പിൽ 4-ാം ഉപവകുപ്പായി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഭരണഘടനാ വിരുദ്ധമാണ്. ഇതൊരു ചെറിയ ഭേദഗതിയാണെങ്കിൽപ്പോലും സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട വകുപ്പാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243-W(a)(ii)പ്രകാരം- the performance of functions and the implementation of schemes as may be entrusted to them including those in relation to the matters listed in the Twelth Schedule;

(b) the Committees with such powers and authority as may be necessary to enable them to carry out the responsibilities conferred upon them including those in relation to the matters listed in the Twelth Schedule- എന്നാണ്. 12th ഷെഡ്യൂളിൽ ഇക്കാര്യം കൃത്യമായി പറയുന്നുണ്ട്. 12th ഷെഡ്യൂളിൽ മുനിസിപ്പാലിറ്റികൾക്ക് കൈമാറിയതായി പറയപ്പെടുന്ന 18 വകുപ്പുകളിൽ ആറാമത്തേത്, Public Health, Sanitation, Conservancy and Solid Waste Management എന്നീ വകുപ്പുകളാണ്. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് കൃത്യമായും മുനിസിപ്പാലിറ്റിക്ക് കൈമാറിയ വകുപ്പാണ്. മുനിസിപ്പാലിറ്റിക്ക് മാത്രമേ ആ വകുപ്പ് കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ. അധികാര വികേന്ദ്രീകരണത്തിന് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് കൊടുത്ത അധികാരം വീണ്ടും തിരിച്ചെടുക്കുക എന്നുള്ളത് ഒട്ടും ഭൂഷണമല്ലെന്നുമാത്രമല്ല ആ അധികാരങ്ങൾ ഒരിക്കലും നിലനിൽക്കുകയുമില്ല. ഇതിന്റെ ഉദ്ദേശ്യ കാരണങ്ങളെപ്പറ്റി ബില്ലിൽ പറയുന്നുണ്ട്. '.....മുനിസിപ്പാലിറ്റികളിൽ നിന്ന് ഖരമാലിന്യങ്ങൾ, ചവർ എന്നിവ ശേഖരിക്കുന്നതിനും കൊണ്ടുപോകുന്നതിനും, കയ്യൊഴിക്കുന്നതിനും പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഗണ്യമായ ചെലവ് വരുന്ന പദ്ധതി ഏറ്റെടുക്കുന്നതിനും മുനിസിപ്പാലിറ്റികൾ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ പല മുനിസിപ്പാലിറ്റികൾക്കും പ്രസ്തുത ചുമതല ഫലപ്രദമായി നിർവ്വഹിക്കുവാൻ കഴിയാതെ വരുന്ന എന്ന സാഹചര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.' മുനിസിപ്പാലിറ്റികൾക്ക് പണമില്ലാത്തതിനാൽ ഇങ്ങനെയുള്ള സാമ്പത്തിക ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയില്ല എന്നതുകൊണ്ട് ഒരിക്കലും കൊടുത്ത അധികാരം തിരിച്ചെടുക്കാൻ നമുക്ക് അധികാരമില്ല. അക്കാര്യം ഭരണഘടനയിൽ കൃത്യമായി പറഞ്ഞതാണ്.

മി. സ്പീക്കർ: മാലിന്യ സംസ്കരണം ഒരു അധികാരമാണോ, ബാധ്യതയാണോ?

ശ്രീ. എം. ഉമ്മർ: സർ, അസറ്റിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് പഞ്ചായത്തുകൾക്കും ലോക്കൽ ബോഡികൾക്കും പണം കൊടുക്കുന്നതിനുപുറമേ കൂടുതൽ പണം അങ്ങോട്ടുനൽകി അവരെ സപ്പോർട്ട് ചെയ്യുകയാണ്. അതുപോലെ ഖരമാലിന്യങ്ങൾ സംസ്കരിക്കാൻ ലോക്കൽ ബോഡികൾക്കും മുനിസിപ്പാലിറ്റികൾക്കും സാമ്പത്തികമായോ ടെക്നിക്കലായോ പ്രയാസമുണ്ടെങ്കിൽ ഗവൺമെന്റ് സപ്പോർട്ട് കൊടുത്ത് അവരെ സഹായിക്കുന്നതിനുപകരം ആ അധികാരം മറ്റ് ഏജൻസികൾക്ക് കൊടുക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. ഒരിക്കലും അത് നിലനിൽക്കുകയില്ല. മാത്രവുമല്ല, ഇങ്ങനെ നമ്മൾ കൊടുത്തിട്ടുള്ള 16-ഓളം ഭരണഘടനാവിരുദ്ധമായ ആക്ടുകൾ പ്രസിഡന്റിന്റെയും ഗവർണറുടെയും അസന്റ് കിട്ടാതെ കാത്തുകിടക്കുകയാണ്. അക്കൂട്ടത്തിൽ ഇതുകൂടി പോകുമെന്നല്ലാതെ, ഇപ്പോഴത്തെ സാഹചര്യത്തിൽ ഗവർണർ ഒരിക്കലും ഇതിന് അനുമതി നൽകുമെന്ന വിശ്വാസം എനിക്കില്ല. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. 'കണ്ണൂർ, കരുണ ഓർഡിനൻസുകളിൽ ഭരണ പക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും സമ്മർദ്ദത്തിന് വഴങ്ങി ഒപ്പിട്ടുപോയി എന്ന് ബഹുമാനപ്പെട്ട ഗവർണർ തന്നെ പരസ്യമായി ഒരു പൊതുപരിപാടിയിൽ പറയാനിടയായ സാഹചര്യത്തിൽ ഇങ്ങനെ ഭരണഘടനാവിരുദ്ധമായ ബിൽ അംഗീകാരത്തിനുവേണ്ടി ഗവർണർക്ക് അയച്ചുകൊടുത്താൽ ഒരിക്കലും അതിന് അനുമതി കിട്ടുകയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരുപക്ഷേ, ഇതിന് ഉപോൽബലകമായി സുപ്രീംകോടതിയുടെ ഒരു വിധി ക്വാട്ട് ചെയ്യാനുണ്ട്. 2006-ലെ മഹാരാഷ്ട്ര ഗവൺമെന്റുമായുള്ള കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഒരു പരമാർശമുണ്ട്. അത് പറഞ്ഞിട്ടുള്ളത് 1-ഉം, 2-ഉം വകുപ്പുകളെ സംബന്ധിച്ചാണ്. ഖര മാലിന്യങ്ങളുമായി ബന്ധപ്പെട്ടോ മറ്റ് വകുപ്പുകളെ സംബന്ധിച്ചോ സുപ്രീംകോടതിയിൽ നിന്ന് വ്യക്തമായ യാതൊരു നിർദ്ദേശവും വിധിയുമില്ലാത്ത സാഹചര്യത്തിൽ 2006-ലെ കോടതിവിധിയുടെ മറവിൽ ഇങ്ങനെ അധികാരം കവർന്നെടുക്കുകയാണെങ്കിൽ ഒരിക്കലും അത് നിലനിൽക്കുകയില്ല, ഭരണഘടനാവിരുദ്ധമാണ്. അതുകൊണ്ട് ഇത് പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ കൃത്യമായ റൂളിംഗ് ഉണ്ടാകണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. എം. ഉമ്മറിന്റെ ഭരണഘടനാ വിരുദ്ധമാണെന്ന വാദഗതി നിലനിൽക്കുന്നതല്ല. ഭരണഘടനയുടെ 243-W അനുച്ഛേദപ്രകാരം ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന നിയമസഭയ്ക്ക് നിയമംവഴി മുനിസിപ്പാലിറ്റികൾക്ക് സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന അധികാരങ്ങൾ നൽകാവുന്നതും അങ്ങനെയുള്ള നിയമത്തിൽ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും പദ്ധതികൾ തയ്യാറാക്കുന്നതിനും 12-ാം പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഉൾപ്പെടെയുള്ള ചുമതലകളുടെ നിർവ്വഹണവും പദ്ധതികളുടെ നടപ്പാക്കലും സംബന്ധിച്ച് മുനിസിപ്പാലിറ്റികൾക്ക് അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിട്ടുകൊടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതുമാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക വികസനത്തിനും സാമൂഹികനീതിക്കും പദ്ധതികൾ തയ്യാറാക്കുന്നതിനും 12-ാം പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനും അധികാരം നൽകിക്കൊണ്ട് സംസ്ഥാനത്തിന് നിയമം ഉണ്ടാക്കാവുന്നതാണ്. അപ്രകാരം ഉണ്ടാക്കിയ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 326-ാം വകുപ്പ് ചവറും ഖരമാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റിക്ക് ക്രമീകരണം ചെയ്യാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 332-ാം വകുപ്പ് ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്ടിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടുള്ളവയാണ്. ആക്ടിലെ 326-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് മുനിസിപ്പാലിറ്റിക്ക് കരാർ അടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങളിൽ നിന്നോ സ്വകാര്യ സ്ഥലങ്ങളിൽ നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കയ്യൊഴിയുന്നതിനും ക്രമീകരണങ്ങൾ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മുനിസിപ്പാലിറ്റികൾക്ക് പല കാരണങ്ങളാൽ അപ്രകാരമുള്ള ചുമതല നിർവ്വഹിക്കാൻ സാധിക്കാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ പൊതുതാൽപ്പര്യാർത്ഥം അപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടത് ആവശ്യമാണെന്ന് കാണുന്നപക്ഷം രണ്ടോ അതിലധികമോ മുനിസിപ്പാലിറ്റികളിൽ നിന്നും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൊണ്ടുപോകുകയും കയ്യൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിലോ മറ്റ് വിധത്തിലോ ക്രമീകരണം ചെയ്യുന്നതിനും അതിനായി ഗണ്യമായ ചെലവ് വരുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്താൻ വ്യവസ്ഥ ചെയ്തുകൊണ്ടാണ് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326-ാം വകുപ്പ്

3-ാം ഉപവകുപ്പിനുശേഷം മുനിസിപ്പാലിറ്റികൾക്ക് നിലവിലുള്ള അധികാരങ്ങളും എടുത്തുകളയാതെ ആ വകുപ്പിനുശേഷം 4-ാം ഉപവകുപ്പായി ചേർക്കുന്നത്. നിലവിൽ മുനിസിപ്പാലിറ്റികൾക്കുള്ള അധികാരങ്ങൾ നിലനിർത്തിക്കൊണ്ടാണ് ഇപ്രകാരം ഒരു വ്യവസ്ഥ പ്രസ്തുത ആക്ടിൽ കൊണ്ടുവരുന്നത്. മുനിസിപ്പാലിറ്റികൾക്ക് നൽകിയ അധികാരം പ്രസ്തുത ബില്ലിന്റെ വ്യവസ്ഥകൾ പ്രകാരം എടുത്തുമാറ്റാൻ സർക്കാർ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല. നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ Shanti G. Patel & Others vs State Of Maharashtra-എന്ന കേസ്സിൽ, ബഹുമാനപ്പെട്ട സുപ്രീംകോടതി മുനിസിപ്പാലിറ്റിക്ക് 12-ാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള അധികാരങ്ങളും ചുമതലകളും നൽകിക്കൊണ്ട് ഒരു സംസ്ഥാനത്തിന് നിയമനിർമ്മാണം നടത്താനുള്ള ഭരണഘടനയിലെ 243-W അനുച്ഛേദം ഒരു enabling പ്രൊവിഷൻ മാത്രമാണെന്നും സംസ്ഥാന ആവശ്യപ്രകാരം ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നത് നിർബന്ധമാക്കുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമല്ല.

## റൂളിംഗ്

മി.സ്പീക്കർ: ശ്രീ. എം. ഉമ്മർ ധാരാളം നിയമപ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്; പലതും പ്രസക്തവുമാണ്. സഭയിൽ ശക്തമായ പല റൂളിംഗുകളും അങ്ങയുടെ ഇടപെടലിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. പക്ഷേ ഈ പ്രശ്നത്തിൽ അല്പംകൂടി പ്രായോഗികമായൊരു സമീപനം സ്വീകരിക്കണമെന്നുള്ള അഭിപ്രായമാണ് ചെയറിനുള്ളത്. ഭേദഗതികളുടെ ഭരണഘടനാ സാധുത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ക്രമപ്രശ്നമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ ഭരണഘടന അനുച്ഛേദം 243-W-യിലും 12-ാം പട്ടികയിലും വ്യവസ്ഥചെയ്തിട്ടുള്ളത് പ്രകാരം സംസ്ഥാന സർക്കാർ നടത്തിയ നിയമനിർമ്മാണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഒരു അധികാരം വീണ്ടും ഒരു ഭേദഗതിയിലൂടെ തിരിച്ചെടുക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നാണ് അങ്ങയുടെ വാദം. ബഹുമാനപ്പെട്ട മന്ത്രി നിയമവകുപ്പിന്റെ നിരീക്ഷണം ഇവിടെ പറയുകയുണ്ടായി. യഥാർത്ഥത്തിൽ അധികാരം കൈമാറാത്തതു കൊണ്ടോ അല്ലെങ്കിൽ മുനിസിപ്പാലിറ്റികൾക്കോ പഞ്ചായത്തുകൾക്കോ അധികാരമില്ലാത്തതുകൊണ്ടോ അല്ല മാലിന്യ സംസ്കരണമെന്ന പ്രശ്നം കേരളത്തിൽ വഴിമുട്ടിനിൽക്കുന്നത് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. മാലിന്യസംസ്കരണം കേരളത്തിന്റെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. അതുകൊണ്ടാണ് ഞാൻ നേരത്തെ

ചോദിച്ചത്, അതൊരു ബാധ്യതയാണോ അതൊരു അധികാരമാണോ എന്ന്. അതൊരു ഡിബേറ്റിംഗ് പോയിന്റാണ്. അതുകൊണ്ട് അത് പ്രായോഗികമായി പരിഹരിക്കാനുള്ള ഒരു നിർദ്ദേശമാണ് ഈ ഭേദഗതിയിലൂടെ വരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഏതെങ്കിലും അധികാരം കവർന്നെടുത്തുകൊണ്ട് ബലം പ്രയോഗിച്ച് അവിടത്തെ മാലിന്യങ്ങൾ സംസ്ഥാന ഗവൺമെന്റ് എടുത്തുകൊണ്ടുപോകുന്ന എന്നുള്ള നിലയിലല്ല, പ്രായോഗികമായി വൈഷമ്യമുള്ളവരെ സഹായിക്കാനുള്ളൊരു ഇടപെടലിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ്. അത് കേരളം ഇന്ന് നേരിടുന്ന വളരെ പരമപ്രധാനമായൊരു പ്രശ്നത്തിൽ പ്രാദേശിക ഭരണകൂടങ്ങളെ സഹായിക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള സർക്കാരിന്റെ ഒരു കാര്യമാണ്. അത് സഹായകരമായൊരു വ്യവസ്ഥയെന്ന നിലയിലാണ് നമ്മൾ കാണേണ്ടത്. അത് അധികാരത്തിന്റെ പിടിച്ചുപറിയെന്നുള്ള നിലയിൽ കാണേണ്ടതില്ലെന്ന് ഓർമ്മിപ്പിച്ചുകൊണ്ടും ഈ പ്രായോഗികമായ വിഷയംകൂടി മനസ്സിലാക്കിക്കൊണ്ട് നമ്മളൊരു നിലപാട് സ്വീകരിക്കണമെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട്, ഇതിൽ ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥയുടെയോ ഉദ്ദേശ്യലക്ഷ്യത്തിന്റേയോ ലംഘനമുള്ളതായി റൂൾ ചെയ്യാൻ നിർവ്വാഹമില്ലാത്തതിനാൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി.സ്പീക്കർ: രണ്ട് ബില്ലുകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ഏഴ് പേരാണ് സംസാരിക്കാനുള്ളത്. ശ്രീ. കെ. എസ്. ശബരീനാഥൻ ആദ്യം സംസാരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ, കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ എന്നിവയിൻമേലുള്ള എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചുള്ള സംശയങ്ങളാണ് എനിക്ക് പറയാനുള്ളത്. അത് സംബന്ധിച്ച വിശദമായ കാര്യങ്ങൾ മുൻമന്ത്രി കൂടിയായ ശ്രീ. മഞ്ഞളാംകുഴി അലി സംസാരിക്കും. ഈ ബിൽ മുഖേന വരുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നത്തെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. പെരിങ്ങമ്മലയിൽ ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന ഒരു പദ്ധതിയെ സംബന്ധിച്ച ശ്രീ. ഡി. കെ. മുരളിയുടെ സബ്മിഷനിൽ ഈ വിഷയം വന്നതാണ്. എന്റെ മണ്ഡലത്തോട് ചേർന്ന് കിടക്കുന്ന ഒരു പ്രദേശമാണിത്. പെരിങ്ങമ്മലയിൽ സ്ഥാപിക്കാൻ പോകുന്ന നിർദ്ദിഷ്ട ഖരമാലിന്യത്തിൽ നിന്ന് വൈദ്യുതി സംസ്കരിക്കുന്ന പ്ലാന്റ് കാരണമുണ്ടായേക്കാവുന്ന പ്രശ്നങ്ങൾ അതീവ ഗുരുതരമാണ്. ആ പ്രദേശത്തുള്ള ആളുകൾ കഴിഞ്ഞ 158 ദിവസമായി സമരം ചെയ്യുകയാണ്. അവിടെ നിന്നും ആരംഭിച്ച് മൂന്ന് ദിവസംകൊണ്ട് ഇവിടെ എത്തുന്ന ഒരു സങ്കടജാഥ ഏതാനും മിനിട്ടുകൾക്കകം നിയമസഭയുടെ വാതിൽക്കലേയ്ക്ക് വരികയാണ്. തിരുവനന്തപുരം ജില്ലയിലുള്ള എല്ലാ ഖരമാലിന്യങ്ങളും ആദിവാസി മേഖലയിലെ വനത്തിൽ സംസ്കരിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് തുടങ്ങുന്നത്. പശ്ചിമഘട്ടത്തിൽ ഏറ്റവും പരിസ്ഥിതി ലോലമായിട്ടുള്ളതും ഒട്ടനവധി ആദിവാസി ഊരുകളുമുള്ള പ്രദേശമാണിത്. ഈ പദ്ധതി പ്രദേശത്തിനടുത്താണ് ചിറ്റാർ നദിയുടെ ഉത്ഭവം. ഏകദേശം നൂറുകണക്കിന് ചെറുകിട കുടിവെള്ള പദ്ധതികളടക്കമുള്ളവയെ ഇത് വളരെയേറെ ദോഷകരമായി ബാധിക്കും. അതുമാത്രമല്ല വംശീയ ചികിത്സയ്ക്ക് പേറ്റന്റ് ലഭിച്ച ആദിവാസികൾ താമസിക്കുന്നതും കണ്ടൽചതുപ്പ് ഉൾപ്പെടുന്നതുമായ ഒരു പ്രദേശമാണിത്. ഇങ്ങനെയുള്ള സ്ഥലത്ത് ഖരമാലിന്യ സംസ്കരണത്തിൽ നിന്ന് വൈദ്യുതിയുണ്ടാക്കുന്ന ഒരു പ്ലാന്റ് വരുമ്പോൾ പ്രശ്നങ്ങളുണ്ടാകും. നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അതൊരു ബി.ജെ.പി., കോൺഗ്രസ്, മുസ്ലീംലീഗ് പ്രശ്നമല്ല. രാഷ്ട്രീയ ഭേദമെന്യേ പഞ്ചായത്തംഗങ്ങളടക്കമുള്ള ആളുകൾ കഴിഞ്ഞ 158 ദിവസമായി ഈ നിർദ്ദിഷ്ട പ്ലാന്റിനെതിരെ സമരം നടത്തുകയാണ്. ആ സമരത്തിൽ നിന്നും, ഈ സങ്കടജാഥയിൽ നിന്നും അവരെ പിന്തിരിപ്പിക്കാൻ ഭരണപക്ഷം വലിയ ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇന്നലെ ഞാനറിഞ്ഞത്, അവിടെ സമരത്തിനുപോകുന്ന ആളുകളുടെ വീട്ടിൽ പോയി, "സമരത്തിന് പോകുകയാണെങ്കിൽ നിങ്ങൾക്ക് തൊഴിലുറപ്പ് പണി കിട്ടുകയില്ല, കുടുംബശ്രീയുടെയും ലൈഫ് പദ്ധതിയുടെയും ആനുകൂല്യങ്ങൾ കിട്ടുകയില്ല" എന്നുപറഞ്ഞ് അവരെ ഭീഷണിപ്പെടുത്തുകയാണ്. ഇങ്ങനെയൊരു സ്ഥിതിവിശേഷം നമ്മുടെ

നാട്ടിലുണ്ടാകാനുള്ള കാരണം ബില്ലിലുള്ള അപ്രായോഗികതയാണ്. പെരിങ്ങമ്മല പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാപഞ്ചായത്തും ജനപ്രതിനിധിയും ഇടതുപക്ഷത്തിന്റേതാണ്. ജില്ലാ പഞ്ചായത്തിന്റെ അഗ്രിഫാമിലാണ് ഇത്തരത്തിലൊരു പ്ലാന്റ് തുടങ്ങാൻ പോകുന്നത്. അതിനെതിരായി നമ്മുടെ നാട്ടിൽ കഴിഞ്ഞ 158 ദിവസമായി ഇവിടത്തെ സാധാരണക്കാരായ ആളുകൾ സമരം നടത്തുകയും മൂന്ന് ദിവസംകൊണ്ട് സങ്കടജാഥ നടത്തുകയും ചെയ്യുമ്പോൾ ഒരൊറ്റ ഇടതുപക്ഷ പാർട്ടിയുടെ അംഗം അവിടെ പോയില്ലെന്നുമാത്രമല്ല അവിടെയുള്ള ആദിവാസികളുൾപ്പെടെയുള്ള സാധാരണക്കാരായ ആളുകളെ ആ സമരത്തിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുകയാണുണ്ടായത്. ഇത് ശരിയായ പ്രവണതയല്ല. ഇത് പെരിങ്ങമ്മലയിൽ മാത്രം നിൽക്കുന്ന ഒരു പ്രശ്നമല്ല. കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സാധാരണയായി ഇടതുപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ പീപ്പിൾസ് പ്ലാനിംഗിനെക്കുറിച്ചും ഡീ-സെൻട്രലൈസേഷനെക്കുറിച്ചും പറയുന്നു. പക്ഷേ, ഈ വിഷയം ഇവിടെ വരുമ്പോൾ വളരെ സെൻട്രലൈസ്ഡ് മനോഭാവമാണുള്ളത്. എനിക്കോർമ്മയുണ്ട് ഒരു ദിവസം രാവിലെ ഏഴര മണിക്ക് പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എന്നോടുപോലും പറയാതെ എന്റെ വീട്ടിൽ വന്നിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഞാൻ താമസിക്കുന്ന ശാസ്തമംഗലം വാർഡിൽ ഒരു ഡീ-സെൻട്രലൈസ്ഡ് എയ്റോബിൻ കൊണ്ടുള്ള പ്രൊസീഡ്യൂവർ നടക്കുകയായിരുന്നു. ഒരു മന്ത്രി നമ്മുടെ വീട്ടിൽ വന്ന് ഡീസെൻട്രലൈസ്ഡായി മാലിന്യ സംസ്കരണം നടത്തണമെന്നുപറയുമ്പോൾ അതേ മന്ത്രിസഭയിലെ മറ്റൊരു മന്ത്രി നിയമസഭയിൽ ബിൽ പാസ്സാക്കുകയാണ്. ബിൽ പാസ്സാക്കുകയെന്നുമാത്രമല്ല ഖരമാലിന്യ സംസ്കരണത്തിനായി ആറ് പ്രദേശങ്ങൾ ഐഡന്റിഫൈ ചെയ്ത് പാരലലായി അതിനുള്ള ടെണ്ടറിലേയ്ക്ക് എത്തുകയാണ്. ഇത് ഒരിക്കലും ശരിയല്ല. വലിയ ജനസാന്ദ്രതയുള്ള പ്രദേശത്ത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല. തീർച്ചയായും ഈ ബിൽ പുന:പരിശോധിക്കേണ്ടതാണ്.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, കേരളത്തിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ ആവശ്യമില്ലെന്ന നിലപാടാണോ യു.ഡി.എഫ്.-നും കോൺഗ്രസ്സിനും ശ്രീ. കെ. എസ്. ശബരീനാഥനും ഉള്ളതെന്നറിഞ്ഞാൽ കൊള്ളാം. കേരളത്തിന്റെ നല്ല ഭാവിക്കുവേണ്ടി മാലിന്യവിമുക്ത കേരളമെന്ന ലക്ഷ്യവുമായി മുമ്പോട്ട് പോകുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ സാധ്യതകളും ആരായേണ്ടതല്ലേ.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അങ്ങ് പറഞ്ഞതുപോലെ യു.ഡി.എഫ്. മാലിന്യസംസ്കരണത്തിനെതിരല്ല എന്നുള്ളത് ആദ്യമേ പറയുകയാണ്. കഴിഞ്ഞ സഭയിൽ ശ്രീ. മഞ്ഞളാംകുഴി അലി ഇതിനൊരു നിർദ്ദേശം കൊണ്ടുവന്നതാണ്. ഇതുപോലെയുള്ള പ്രോജക്ടുകൾ ആദിവാസികളടക്കമുള്ള ജൈവവൈവിദ്ധ്യമേഖലകളിൽ കൊണ്ടുവരുന്നതിനെ ഒരു ജനപ്രതിനിധിയും സ്പോൺസർ ചെയ്യാൻ പാടില്ലെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. കേരളത്തിലെല്ലായിടത്തും ഇത്തരത്തിലുള്ള സെൻട്രലൈസ്ഡ് മാലിന്യ സംസ്കരണം വരുന്നതിന്റെ ഒരു ചെറിയ ട്രെയിലറായി മാത്രം ഈ പെരിങ്ങമ്മല പ്രശ്നത്തെ കണ്ടുകൊണ്ട് ഇടതുപക്ഷാംഗങ്ങളും ഈ ബില്ലിനെ എതിർക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിയമസഭ വേസ്റ്റ് മാനേജ്മെന്റിനെപ്പറ്റി പല പ്രാവശ്യം ചർച്ച ചെയ്തതാണ്. പക്ഷേ ഇതുവരെയും എവിടെയും എത്തിയിട്ടില്ലായെന്നത് ദുഃഖകരമായ സത്യമാണ്. നമ്മൾ ഇടതുപക്ഷവും വലതുപക്ഷവും മാറിമാറി ഭരിക്കുന്ന സമയത്തൊക്കെ ഇതിനെപറ്റി പല രീതിയിലും സംസാരിക്കാറുണ്ട്. യു.ഡി.എഫ്. ഭരിച്ചിരുന്ന സമയത്ത് ഇതേ രീതിയിലുള്ള ചർച്ച വന്നപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്ന ആൾക്കാരൊക്കെ ഇത് പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണെന്നും മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തിന്റെയും അസ്സറ്റാണ് ഈ വേസ്റ്റെന്നും അത് ഒരിക്കലും ഇവിടെ നിന്ന് എടുക്കുന്നത് ശരിയല്ലെന്നുമൊക്കെ പറഞ്ഞുകൊണ്ടായിരുന്നു അന്ന് പ്രസംഗിച്ചിരുന്നത്. ഏതായാലും ഈ കാര്യത്തിന് ഞാൻ എതിരല്ല. കാരണം, ഈ വേസ്റ്റുമായി മൂന്നുനാല് വർഷം വളരെ കഷ്ടപ്പെട്ട് പണിയെടുത്തയാളാണ് ഞാൻ. അതിനാൽ അതിന്റെ പ്രയാസങ്ങൾ കൃത്യമായും എനിക്കറിയാം. ഇത് നല്ലൊരു കാര്യം തന്നെയാണ്. പക്ഷേ അങ്ങ് വിചാരിക്കുന്ന രീതിയിൽ അത്ര നല്ലതല്ല. ജനങ്ങളുടെ സപ്പോർട്ട് ഇതിന് കിട്ടുമെന്ന് അങ്ങ് ഒരിക്കലും വിചാരിക്കേണ്ട. ഞാനിത് കഴിഞ്ഞ പ്രാവശ്യം നല്ലവണ്ണം പരിശ്രമിച്ചതാണ്. പക്ഷേ വളരെ വലിയ പ്രയാസം നേരിട്ടതാണ്. ഇപ്പോൾ കണ്ടില്ലേ പെരിങ്ങമ്മലയിലെ കാര്യം. വളരെ സമാധാനപരമായി വേസ്റ്റ് കൊണ്ട് പോയി പ്രോസസ്സ് ചെയ്യാൻ സാധിക്കുമെന്ന് അങ്ങ് വിചാരിക്കുന്നുണ്ടോ? കൊല്ലം, തിരുവനന്തപുരം, അതുപോലെ തന്നെ തൊട്ടടുത്തുള്ള ജില്ലകളിൽ നിന്നുള്ള വേസ്റ്റാണ് അവിടെ പ്രോസസ്സ് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ഈ വേസ്റ്റ് നശിപ്പിക്കണമെന്നത് സംശയമില്ലാത്ത കാര്യമാണ്. പക്ഷേ ഏതെങ്കിലും ഒരു മേഖലയിൽ

കൊണ്ടുപോയി ഇവ ഡമ്പ് ചെയ്യാമെന്നു പറഞ്ഞാൽ ആ പ്രദേശത്തെ ജനങ്ങൾ അതംഗീകരിക്കുകയില്ല. ഞാൻ ചോദിക്കുന്നത്, വിദേശ രാജ്യങ്ങളിൽ വലിയ വാഹനങ്ങളിൽ വേസ്റ്റെടുത്ത് അതിൽ വച്ചുതന്നെ അവ മറ്റു രീതിയിലേയ്ക്ക് കൺവർട്ട് ചെയ്യുന്ന സംവിധാനമുണ്ട്. എന്തുകൊണ്ട് കേരളത്തിൽ അത് പരീക്ഷിച്ചുകൂടാ. അറേബ്യൻ രാജ്യങ്ങളിലും ഇംഗ്ലണ്ടിലും അമേരിക്കയിലും ഇതേ സംവിധാനമുണ്ട്. ഈ പറയുന്ന രീതിക്ക് വലിയ മുതൽമുടക്കൊന്നുമില്ല. വെറുതേ എന്തിനാണ് ഈ സ്ഥലങ്ങൾ നശിപ്പിക്കുന്നത്. ആ സംവിധാനത്തെപ്പറ്റി ആലോചിച്ചാൽ എന്താണ് കുഴപ്പം.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, പൂഞ്ഞാറിലെ ജനങ്ങൾക്ക് അങ്ങയെ കാണുമ്പോഴെ പേടിയുണ്ടല്ലോ; അതുപോലെ ജനങ്ങൾക്ക് വേസ്റ്റെന്ന് കേൾക്കുമ്പോൾ തന്നെ പേടിയാണ്. ഇപ്പോഴത്തെ മാറ്റം കൊണ്ട് പൂഞ്ഞാറിലെ ജനങ്ങൾക്ക് അങ്ങയെ പേടിയാണ്.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ചക്കെന്നു പറയുമ്പോൾ കൊക്കെന്നു പറയും. പൂഞ്ഞാറിലെ ജനങ്ങൾ മുഴുവൻ എന്റെ കൂടെയുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലി അതിൽ വിഷമിക്കേണ്ട. എന്റെ ചോദ്യത്തിന് ഉത്തരം പറയൂ.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, വേസ്റ്റ് മാനേജ്മെന്റിൽ, ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കുന്ന ഫാക്ടറികൾ ഉണ്ടാക്കുകയെന്നാണ് അങ്ങ് പറയുന്നത്. അത് ലോകത്തൊരിടത്തും പ്രായോഗികമായി നല്ല രീതിയിൽ നടക്കുന്നില്ലെന്നതാണ് സത്യം. അമേരിക്കയിലും ജർമ്മനിയിലും ഫ്രാൻസിലും യു.എ.ഇ.-യിലുമുണ്ട്. പക്ഷേ അവിടെയൊക്കെ ഇപ്പോഴും ആളുകൾ അവരുടെ വേസ്റ്റുകൾ അറുപത് ശതമാനവും ലാന്റ് ഫില്ലിംഗാണ് ചെയ്യുന്നത്. അതല്ലാതെ ഫാക്ടറിയിലിട്ട് കത്തിക്കുകയെന്നു പറയുന്നത് ഒരിക്കലും പ്രാക്ടിക്കലല്ല. അത് വളരെ ചെലവേറിയതാണ്. നമ്മുടേതുപോലുള്ള സംസ്ഥാനത്ത് ഒരിക്കലും അത് ചെയ്യാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ഞാനതിന് ശ്രമിച്ചതാണ്. കഴിഞ്ഞ പ്രാവശ്യം എഗ്രിമെന്റ് ഒപ്പുവച്ചു. അതിനൊരു പ്ലാന്റ് രൂപീകരിക്കണമെന്ന് വിചാരിച്ച് എറണാകുളത്ത് ആരംഭിച്ചു. അതിന്റെ വർക്കിന്റെ ഇപ്പോഴത്തെ അവസ്ഥയെ ന്താണെന്ന് എനിക്കറിയില്ല. പക്ഷേ ഇതുപോലുള്ള ആധുനിക പ്ലാന്റുകൾ നമ്മുടെ നാട്ടിൽ കൊണ്ടുവരികയെന്നുള്ളത് വളരെ പ്രയാസകരമായ ഒരു കാര്യം തന്നെയാണ്. നമുക്ക് അഭികാമ്യം കൃത്യമായ ലാന്റ് ഫില്ലിംഗ് തന്നെയാണ്. ധാരാളം സ്ഥലങ്ങൾ നമുക്കുണ്ടല്ലോ? ഇപ്പോൾ ഏകദേശം ആയിരത്തോളം ക്വാറികൾ ഉണ്ട്. അവിടെ ആളുകൾ വീണു മരിക്കുന്നു. ആ ക്വാറികൾ ആർക്കും ഉപയോഗമില്ലാത്തതാണ്. കഴിഞ്ഞ പ്രാവശ്യം ആ ക്വാറികൾ കോൺക്രീറ്റ് ചെയ്ത്

അതിൽ വേസ്റ്റിട്ട്, പിന്നീട് കുറച്ച് മണ്ണിട്ട് ഫിൽ ചെയ്യാനുള്ള പദ്ധതി തയ്യാറാക്കിയിരുന്നു. പരിസ്ഥിതി പ്രവർത്തകരെയെല്ലാം അന്ന് തിരുവനന്തപുരത്ത് വിളിച്ചുകൊണ്ടുവന്നു. I am sorry to say, പറയാതിരിക്കാൻ പറ്റില്ല, രണ്ട് ജനപ്രതിനിധികൾ തമ്മിലുള്ള പരസ്പര മത്സരം കൊണ്ട് ആ പദ്ധതി നമ്മൾ ഉപേക്ഷിക്കുകയാണ് ചെയ്തത്. രണ്ട് പാർട്ടിയിലെയും യു.ഡി.എഫ്.-ലെയും എൽ.ഡി.എഫ്.-ലെയും ആളുകൾ ഒരുമിച്ച് നിന്നുകൊണ്ട് ഈ പദ്ധതി അവിടെ വരാൻ പാടില്ലെന്ന് പറഞ്ഞു. അവസാനം നമ്മൾ അതിൽ നിന്ന് പിന്നോക്കം പോവുകയാണുണ്ടായത്. അതുപോലെതന്നെ വേസ്റ്റ് ഫിൽ ചെയ്തുകൊണ്ട് വലിയൊരു പ്ലാറ്റ്ഫോം ഉണ്ടാക്കി. ആ പ്ലാറ്റ്ഫോമിന് മൂന്ന് കിലോമീറ്റർ അപ്പുറമുള്ള ഒരു കിണറ്റിലെയോ, കുളത്തിലെയോ വെള്ളം കുറച്ച് മോശമായിയെന്നു പറഞ്ഞ് എന്തെല്ലാം പ്രശ്നങ്ങളാണുണ്ടായത്. ഇതും അതും തമ്മിൽ ഒരു ബന്ധവുമില്ല. വേസ്റ്റ് ഫിൽ ചെയ്തുകൊണ്ട് വളരെ ഭംഗിയുള്ള പ്ലാറ്റ്ഫോം റെയിൽവേ സ്റ്റേഷനിൽ നിർമ്മിച്ചു. പക്ഷേ വേസ്റ്റെന്ന് കേൾക്കുമ്പോൾ നമുക്കെല്ലാവർക്കും കലി കയറുകയാണ്. അവരുടെ അനുഭവം അതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ടുപയോഗിച്ചുകൊണ്ട് നമ്മൾ പല പദ്ധതികൾ ഇവിടെ രൂപീകരിച്ചു. പക്ഷേ ഒറ്റ പദ്ധതിപോലും ഭംഗിയായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് സത്യം. തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാലയിൽ നൂറ്റി ചില്ലാനം ഏക്കർ സ്ഥലത്ത് ഒരു പ്ലാന്റുണ്ടായിരുന്നു. വേസ്റ്റ് അവിടെ കൊണ്ടുപോയി ഡമ്പ് ചെയ്യുകയാണ്. ഒരിക്കലും അത് തരംതിരിച്ചിരുന്നില്ല. അന്നത്തെ കോർപ്പറേഷൻ അത് ശ്രദ്ധിച്ചതുപോലുമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇപ്പോൾ ഇക്കാര്യത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. വിളപ്പിൽശാല പ്ലാന്റിനെതിരെയുള്ള സമരത്തിന് നേതൃത്വം കൊടുത്തവരാണ് പെരിങ്ങമ്മലയിൽ പ്ലാന്റ് കൊണ്ടുവരാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. മാനസികമായി അത്രയ്ക്ക് രൂപാന്തരപ്പെട്ടുവെന്നത് നല്ല കാര്യമല്ലേ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, അത് നല്ല കാര്യമാണ്. വേസ്റ്റ് പ്രോസസ്സ് ചെയ്യുകതന്നെ വേണം. അല്ലാതെ വേസ്റ്റ് എന്തുചെയ്യാൻ കഴിയും? സംസ്ഥാനത്ത് ഒരു ദിവസം ഉൽപ്പാദിപ്പിക്കുന്നത് ഏകദേശം 9000 ടൺ മാലിന്യമാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഇവിടെ ഡീസെൻട്രലൈസ്ഡ് മാലിന്യ സംസ്കരണം കുറച്ച് കാലമായി ചർച്ച ചെയ്യുകയാണ്. പല സ്ഥലങ്ങളിലും പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. രാവിലത്തെ സബ്മിഷനിലൂടെ ശ്രീ. പി. ടി. തോമസ് ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്. മാലിന്യം ക്രമാതീതമായി എല്ലാ

സ്ഥലങ്ങളിലും വർദ്ധിച്ചുവരികയാണ്. രണ്ട് മാർഗ്ഗങ്ങളും അവലംബിച്ചുകൊണ്ട് മാലിന്യവിമുക്ത കേരളം സൃഷ്ടിക്കുകയല്ലേ ചെയ്യാൻ കഴിയുന്ന അഭികാമ്യമായ ഒരു മാർഗ്ഗം. അതിന് ഭരണ-പ്രതിപക്ഷാംഗങ്ങൾ യോജിച്ചുകൊണ്ട് ഏറ്റവും അഡ്വാൻസ്ഡായിട്ടുള്ള ടെക്നോളജി പ്രോത്സാഹിപ്പിക്കുകയല്ലേ വേണ്ടത്? ഞാൻ പെരിങ്ങമ്മല പ്ലാന്റുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല പറയുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അത്തരം ടെക്നോളജിയോട് എതിരല്ല. പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ചാണ് പറയുന്നത്. കഴിഞ്ഞ തവണ വീടുകളിൽ കമ്പോസ്റ്റ് പൈപ്പ് കൊടുത്തു. എത്ര കോടി രൂപയാണ് അതിനായി ചെലവഴിച്ചത്? കുറച്ച് കാലത്തിനിടയിൽ ഓരോ കോർപ്പറേഷനും ഏകദേശം 200 കോടി രൂപയാണ് വേസ്റ്റ് മാനേജ്മെന്റിനായി ചെലവഴിച്ചതെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. എവിടെയെങ്കിലും വേസ്റ്റ് മാനേജ്മെന്റോ, പൈപ്പ് കമ്പോസ്റ്റിംഗോ നടക്കുന്നുണ്ടോ? മലയാളികൾ രണ്ടുനേരം കുളിക്കുകയും പല്ലുതേയ്ക്കുകയും നല്ല ഉടുപ്പിടുകയും ചെയ്യും. എന്നിട്ട് വേസ്റ്റ് പായ്ക്കറ്റിലാക്കി അടുത്ത വീട്ടിലേയ്ക്കോ ഏതെങ്കിലും തോട്ടിലേയ്ക്കോ വലിച്ചെറിയും. നമ്മുടെ ശീലം അതാണ്. ഇതിനൊരു മാറ്റമുണ്ടാകാതെ ഇവിടെ ആര് ഭരിച്ചിട്ടും കാര്യമില്ല. ഇത് വളരെ പ്രയാസമുള്ള കാര്യം തന്നെയാണ്. ശ്രീ. വി. കെ. സി. മമ്മത് കോയയുടെ മണ്ഡലത്തിലെ ഞെളിയംപറമ്പിൽ പ്ലാന്റ് വരുന്നതിനോടനുബന്ധിച്ച് എന്തെല്ലാം സമരങ്ങൾ നടന്നു. അവിടെ 100 ഏക്കറോളം സ്ഥലമുള്ളതുകൊണ്ട് അവിടെ ഒരു പ്ലാന്റ് വന്നുകൂടായ്കയില്ല. ആളുകൾക്ക് അതുവഴി പോകുമ്പോഴുള്ള മണം ശീലമായിപ്പോയി. അവിടെ പോകുമ്പോൾ തൊട്ടടുത്ത് താമസിക്കുന്ന ആളുകളുടെ സങ്കടം കാണണം. തിരുവനന്തപുരത്തുള്ള വിളപ്പിൽശാലയിലെ വീടുകളിൽ കല്യാണാലോചന പോലും വരില്ലായിരുന്നു. വണ്ടിന്റെ വലിപ്പമുള്ള ഈച്ചകളാണ് അവിടെയുണ്ടായിരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലുള്ള കാര്യങ്ങൾ ചെയ്യുന്നത് നല്ല കാര്യമാണെങ്കിലും വലിയ പ്രയാസമുള്ളതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കോഴിക്കോട് ജില്ലയിലെ ഞെളിയം പറമ്പിൽ വന്ന എല്ലാ പ്രോജക്ടുകളും പരാജയപ്പെട്ടതാണ്. പുതിയ പ്രോജക്ട് കൊണ്ടുവരികയാണെങ്കിൽ ഇന്നത്തെ ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്. പുതിയ പ്രോജക്ടും ആദ്യം അവിടെത്തന്നെ ട്രയൽ നോക്കണമെന്നാണ് എന്റെ അഭിപ്രായം. പരിസരത്തുള്ള പല പഞ്ചായത്തുകളും മാലിന്യം സംസ്കരിക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നുണ്ട്. അവർക്കും പ്ലാന്റ് സഹായകരമാകും. മാത്രമല്ല, കോഴിക്കോട് ജില്ലയുടെ മറ്റൊരു കഷ്ടപ്പാടാണ് കക്കൂസ് മാലിന്യം സംസ്കരിക്കുകയെന്നുള്ളത്. മൂന്നും നാലും സെന്റുകളിൽ വീട് വച്ച് താമസിക്കുന്നവരുടെ കക്കൂസ് നിറയുമ്പോൾ വേസ്റ്റ് ഒഴിവാക്കാൻ നിയമപരമായി,

ലൈസൻസോടുകൂടി പ്രവർത്തിക്കാൻ കഴിയുന്ന ഒരു സംവിധാനവുമില്ല. രാത്രികാലങ്ങളിൽ ചില ആളുകൾ ഈ മാലിന്യം എടുത്തുകൊണ്ടുപോയി എവിടെയെങ്കിലും ഒഴിവാക്കുകയാണ് ചെയ്യുന്നത്. പലപ്പോഴും ഈ മാലിന്യം കുടിവെള്ളത്തിൽ വരെ എത്തുകയാണ്. കക്കൂസ് മാലിന്യം നേരായ വഴിക്ക് ഡിസ്പോസ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഇന്ന് 80 ശതമാനം കിണറുകളും മലിനമാണ്. ഈ കിണറുകളിലെ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുണ്ട്. അത് മനസ്സിലാക്കിക്കൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എറണാകുളം ജില്ലയിൽ 5 പ്ലാന്റുകൾ നിർമ്മിച്ചത്. അതിൽ ബ്രഹ്മപുരത്ത് സ്ഥാപിച്ച ഒരെണ്ണം ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സ്വാഭാവികമായും ഒരു ടക്ക് പ്ലാന്റിൽ വരുമ്പോൾ 2000 രൂപ യൂസർ ഫീ ചാർജ്ജ് ചെയ്യുന്നുണ്ട്. പോലീസിന് 500 രൂപ കൊടുത്താൽ ഈ മാലിന്യം പുഴയിൽ ഒഴുക്കാൻ സമ്മതിക്കുമെന്നാണ് ടക്കുകാർ പറയുന്നത്. ടക്കുകാർ ഇപ്പോൾ അതാണ് ചെയ്യുന്നത്. വളരെ ചുരുക്കം ടക്കുകൾ മാത്രമാണ് ഇപ്പോൾ പ്ലാന്റിൽ വരുന്നത്. അതുപോലുള്ള പ്ലാന്റുകൾ എല്ലാ സ്ഥലത്തും ഉണ്ടെങ്കിലും നമ്മുടെ സ്റ്റൈൽ അനുസരിച്ചാണ് ചെയ്യുന്നത്. എല്ലാ സ്ഥലത്തും വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, 3 ജില്ലകളിലെ വേസ്റ്റ് ഒരു കേന്ദ്രത്തിൽ സംസ്കരിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞത്. മൂന്ന് ജില്ലകളിൽ നിന്നുള്ള വേസ്റ്റ് ഒരേ സ്ഥലത്തേയ്ക്ക് കൊണ്ടുവരുമ്പോൾ ജനങ്ങൾ അതിനെ ഭയവിഹ്വലതയോടെയാണ് കാണുന്നത്. അതിനുപകരം ഓരോ പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ യോജിച്ച സ്ഥലം കണ്ടുപിടിച്ച് പ്രാദേശികമായി മാലിന്യ സംസ്കരണം നടത്തുന്നതിനുള്ള ചെറിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതും നല്ലതായിരിക്കും.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വലിയ പ്ലാന്റുകൾ പോലും ഫീസിബിളില്ലാത്ത സാഹചര്യത്തിൽ എങ്ങനെയാണ് ചെറിയ പ്ലാന്റുകൾ നിർമ്മിക്കുന്നത്? മൂന്ന് ജില്ലകളുടെ പ്ലാന്റ് ഒരു സ്ഥലത്ത് കിട്ടിയാൽ മാത്രമേ ഏകദേശം ഫീസിബിളാവുകയുള്ളൂ. എന്നാൽത്തന്നെ വലിയ യൂസർഫീ കൊടുക്കുകയും വലിയ തുകയ്ക്ക് വൈദ്യുതി വാങ്ങുകയും ചെയ്യണം. അങ്ങനെയൊക്കെയായിരുന്നു കഴിഞ്ഞ തവണ ഉദ്ദേശിച്ചിരുന്നത്. ഒരു യൂണിറ്റ് വൈദ്യുതി 16 രൂപയ്ക്ക് വാങ്ങാമെന്നുള്ള നിബന്ധന വച്ചുകൊണ്ടാണ് പദ്ധതി ആസൂത്രണം ചെയ്തത്. തിരുവനന്തപുരത്ത് അത്തരത്തിലൊരു പദ്ധതി കൊണ്ടുവരികയും നല്ല രീതിയിൽ മുന്നോട്ട് പോവുകയും ചെയ്തു. എന്നാൽ കോർപ്പറേഷൻ നൽകുന്ന വേസ്റ്റിന്റെ കാര്യത്തിൽ ഗ്യാരന്റി നൽകാത്തതുകൊണ്ടാണ് ആ പദ്ധതി നിന്നുപോയത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, വേസ്റ്റ് മാനേജ്മെന്റിനെക്കുറിച്ചും വികേന്ദ്രീകരണത്തെക്കുറിച്ചും ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ ചർച്ച ചെയ്യുന്ന കാര്യങ്ങൾ അടിത്തട്ടിലേയ്ക്ക് എത്തുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. ആളുകളെ ബോധവൽക്കരിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നത് മേൽത്തട്ടിലാണ്. കുടുംബശ്രീ, തൊഴിലുറപ്പ് സംവിധാനങ്ങൾ കൃത്യമായി പാലിച്ചാൽ ഇക്കാര്യങ്ങളെല്ലാം നടക്കാവുന്നതേയുള്ളൂ. ഏറ്റവും ചുരുങ്ങിയത് പ്ലാസ്റ്റിക് ക്യാരി ബാഗും പ്ലാസ്റ്റിക് കുപ്പികളും നിയമപരമായി ഒഴിവാക്കാൻ കഴിയുന്നതാണ്. പ്രളയത്തിനുശേഷം കുട്ടികളോട് സ്കൂളിൽ പ്ലാസ്റ്റിക് കുപ്പി കൊണ്ടുവരാൻ പറഞ്ഞപ്പോൾ, ഒരു ദിവസം ഒന്നര ലക്ഷം വേസ്റ്റ് കുപ്പികളാണ് കൊണ്ടുവന്നത്. തീർച്ചയായും അടിത്തട്ടിലേയ്ക്ക് ഈ കാര്യങ്ങൾ പോകേണ്ടതുണ്ട്. ഇപ്പോൾ ഉപരിപ്ലവമായാണ് കാര്യങ്ങൾ നിൽക്കുന്നതെന്നുള്ളതാണ് പ്രശ്നം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അങ്ങയുടെ വാർഡിലോ മണ്ഡലത്തിലോ ഇത്തരത്തിലൊരു പ്ലാന്റ് ആരംഭിക്കാൻ ശ്രമിച്ചാൽ അങ്ങ് അതിന് സമ്മതിക്കുമോ? ഇല്ല; ജനങ്ങൾ സമ്മതിക്കാതിരിക്കുമ്പോൾ സ്വാഭാവികമായും നമുക്ക് അവരുടെ കൂടെ നിൽക്കാനേ കഴിയുകയുള്ളൂ. അതാണ് ഇവിടെയുള്ള പ്രധാന പ്രശ്നം. ഭരണ-പ്രതിപക്ഷത്തുള്ള ആളുകൾ ഒന്നിച്ചിരുന്ന് സംസാരിച്ച് ഒരു തീരുമാനത്തിലെത്താതെ ഇതിന് ശാശ്വത പരിഹാരം കാണാൻ സാധിക്കില്ല. മാലിന്യം സംസ്കരിക്കുന്നത് പ്രൈവറ്റ് പാർട്ടികൾക്ക് കൊടുക്കുന്നതിനെക്കുറിച്ച് പറയുകയാണെങ്കിൽ, പെരിന്തൽമണ്ണ മണ്ഡലത്തിലെ മുനിസിപ്പാലിറ്റി 'ജീവൻ' എന്നൊരു കമ്പനി രൂപീകരിച്ച് അവർക്ക് കൊടുത്തു. അവർ വേസ്റ്റ് പ്രോസസ്സ് ചെയ്യുമെന്നാണ് പറഞ്ഞത്. എങ്ങനെയാണ് പ്രോസസ്സ് ചെയ്യുന്നതെന്ന് നമുക്കറിയില്ല. രാത്രി എവിടെയെങ്കിലും കൊണ്ടുപോയി കുഴിച്ചിടുകയാണോയെന്നും അറിയില്ല. ആ കമ്പനി എല്ലാ കടകൾക്കും നോട്ടീസ് കൊടുത്തു. അതിൽ ഒരു കടയ്ക്ക് കിട്ടിയ ഒരു നോട്ടീസ് വായിക്കാം. മറ്റ് നോട്ടീസുകൾ ബഹുമാനപ്പെട്ട മന്ത്രിക്ക് പിന്നീട് നൽകാം. ഗോൾഡൻ ബേക്കറി, ഊട്ടിറോഡ്, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന് നൽകിയ നോട്ടീസിൽ പറയുന്നത്, ഒരു മാസമുണ്ടാകുന്ന 107 കിലോ വേസ്റ്റ് കളക്ട് ചെയ്ത് പ്രോസസ്സ് ചെയ്യുന്നതിന് 25,680 രൂപ യൂസർഫീ ആയി നൽകണമെന്നാണ്. ഏതെങ്കിലും ഒരു കട ഉടമ ഇത്തരത്തിൽ പൈസ നൽകാൻ തയ്യാറാകുമോ? മുനിസിപ്പാലിറ്റി അവർക്ക് അതിനുള്ള അധികാരം കൊടുത്തു. മറ്റ് രണ്ട് കടക്കാരോട് 46 കിലോ വേസ്റ്റ് സംസ്കരിക്കുന്നതിന് 11,040 രൂപയും 28 കിലോ വേസ്റ്റ് സംസ്കരിക്കുന്നതിന് 6,720 രൂപയും ആവശ്യപ്പെട്ടു. എങ്ങനെയാണ് ഫ്രൂട്ട്സ് വിൽക്കുന്ന കടകൾ ഉൾപ്പെടെയുള്ള കടകൾ ഇത്രയും തുക നൽകുന്നത്. ഇതൊന്നും പ്രായോഗികമല്ല. ആരെയെങ്കിലും

ഏൽപ്പിക്കുകയാണെങ്കിൽ ഇതൊക്കെയാണ് പ്രശ്നങ്ങൾ. ഞാൻ ഇക്കാര്യങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. ഇവിടെ സൂചിപ്പിച്ചത് നല്ല കാര്യങ്ങൾ തന്നെയാണ്. അതിനുള്ള ശ്രമങ്ങൾ നടത്തുന്നുമുണ്ട്. സ്വീവറേജും സെപ്റ്റേജുമുണ്ട്, അതിൽ സെപ്റ്റേജാണ് ഏറ്റവും വലിയ പ്രശ്നം. എല്ലാ സ്ഥലങ്ങളിലും കക്കൂസ് മാലിന്യം തള്ളുകയാണ്. മുട്ടത്തറയിൽ ഒരു സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു. ഇന്ത്യയിൽത്തന്നെ ഇത്രയും മനോഹരമായ ഒരു സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുണ്ടാകില്ല. കഴിഞ്ഞ കാലഘട്ടത്തിൽ അതിന്റെ ഉദ്ഘാടനം നടത്തുകയും ഗംഭീരമായി അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയുമാണ്. അവിടെ ഉണ്ടാകുന്ന വേസ്റ്റ് വളമായി ഉപയോഗിക്കാവുന്നതാണ്. കക്കൂസ് മാലിന്യമായതു കൊണ്ട് അതുപോലും ആളുകൾ വാങ്ങുന്നില്ല. പുഴയിൽ ഒഴുകിപ്പോകുന്നതിനേക്കാൾ ശുദ്ധമായ വെള്ളമാണ് അവിടെ നിന്നും ലഭിക്കുന്നത്. കെട്ടിട നിർമ്മാതാക്കളോട് ആ വെള്ളം ഉപയോഗിക്കാൻ പലതവണ ആവശ്യപ്പെട്ടെങ്കിലും അതും ചെയ്യുന്നില്ല. സ്വീവറേജും സെപ്റ്റേജും സ്ലഡ്ജും ആരും ഉപയോഗിക്കുന്നില്ലെന്നുള്ളത് ലോകത്ത് എല്ലാ സ്ഥലത്തുമുള്ള പ്രശ്നമാണ്.

ശ്രീ. രാജു എബ്രഹാം: സർ, അങ്ങ് സൂചിപ്പിച്ച മുട്ടത്തറ പ്ലാന്റ് കേരളത്തിന്റെ ഒരു മോഡലാണ്. ടൗണിന്റെ നടുക്ക് സ്ഥിതി ചെയ്യുന്ന റാന്നി താലൂക്കാശുപത്രിയിൽ 70 ലക്ഷം രൂപ മുടക്കി ഒരു സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ചു. വളരെ വിജയകരമായി അത് പ്രവർത്തിക്കുകയാണ്. പമ്പയിൽ സ്വീവറേജ് പ്രശ്നം രൂക്ഷമായപ്പോൾ 3 എം.എൽ.ഡി.-യുടെ എസ്.റ്റി.പി. അവിടെ സ്ഥാപിച്ചു. വളരെ വിജയകരമായി പ്രവർത്തിച്ചിരുന്നു. ഇത്തവണത്തെ വെള്ളപ്പൊക്കത്തിൽ അത് ഒലിച്ചുപോയി. ഇത്തരം കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥലത്ത് നിർമ്മിക്കുകയാണെങ്കിൽ വിജയകരമായിത്തന്നെ നടക്കും. വലിയ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകില്ല. റാന്നി താലൂക്കാശുപത്രിക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് കഴിഞ്ഞ വർഷത്തെ സംസ്ഥാന അവാർഡ് നൽകിയതുപോലുള്ള ഒരു നല്ല നീക്കംകൂടി നടക്കുകയാണെങ്കിൽ നമുക്ക് ഇത് നന്നായി കൊണ്ടുപോകാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അങ്ങ് പറയുന്നത് മുനിസിപ്പൽ സോളിഡ് വേസ്റ്റ് (എം.എസ്.ഡബ്ല്യു.) പ്രോസസ്സിംഗ് പ്ലാന്റിനെക്കുറിച്ചല്ല, സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിനെക്കുറിച്ചാണ്. അത് വലിയ പ്രശ്നമില്ല. മുമ്പ് സ്മെൽ കാരണം നടക്കാൻ സാധിക്കുമായിരുന്നില്ല. ഇപ്പോൾ അത് പൈപ്പിട്ട് ശുദ്ധീകരിക്കുന്നതിനാൽ സ്വാഭാവികമായും ആളുകൾക്ക് സന്തോഷമാണ്. എം.എസ്.ഡബ്ല്യു. പ്രോസസ്സിംഗ് ഒരു മുനിസിപ്പാലിറ്റിക്ക് ഒറ്റയ്ക്ക് ചെയ്യാൻ കഴിയുന്ന കാര്യമല്ല. കാരണം, വളരെ ചെലവേറിയതാണ്. രണ്ടോ മൂന്നോ

മുനിസിപ്പാലിറ്റികൾ ചേർന്നായിരിക്കണം ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യേണ്ടത്. രണ്ടോ മൂന്നോ ജില്ലകളിലെ വേസ്റ്റ് ഒരു സ്ഥലത്ത് കൊണ്ടുപോയി പ്രോസസ്സ് ചെയ്യുകയെന്നത് ഒരിക്കലും പ്രായോഗികമല്ല. കാരണം, ജനങ്ങൾ അതിന് സമ്മതിക്കുകയില്ല. ഒരു ജില്ലയിലുള്ളവർ മാത്രമല്ല, ഈ മൂന്ന് ജില്ലകളിലുള്ളവരും വലിയ പ്രശ്നമുണ്ടാക്കും. ട്രാൻസ്പോർട്ടേഷൻ തന്നെയാണ് പ്രശ്നം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത് നല്ല കമ്പാർട്ടുമെന്റുള്ള വാഹനങ്ങളിലാണ് വേസ്റ്റ് കൊണ്ടുപോകുന്നത് എന്നാണ്. അതൊക്കെ സത്യമാണ്. ഇവിടെ എല്ലാ പ്ലാന്റുകളും വന്ന സമയത്ത് അതൊക്കെത്തന്നെയാണ് പറഞ്ഞിരുന്നത്. ഇപ്പോൾ പെരിന്തൽമണ്ണയിൽ ഒരു വേസ്റ്റ് പ്ലാന്റുണ്ട്. അത് ഉത്ഘാടനം ചെയ്ത സമയത്ത് അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി പറഞ്ഞത് ഒരു സ്മെല്ലും ആർക്കും ഉണ്ടാകില്ല അഥവാ ഉണ്ടായാൽത്തന്നെ ഒരു ചെറുനാരങ്ങ ചീഞ്ഞുകഴിഞ്ഞാലുണ്ടാകുന്ന സ്മെൽ മാത്രമേ ഉണ്ടാവുകയുള്ളൂവെന്നാണ്. പക്ഷേ ഇപ്പോൾ ആ സ്ഥലത്തേയ്ക്ക് ആളുകൾക്ക് പോകാൻ സാധിക്കാത്ത രീതിയിൽ വേസ്റ്റ് കുടിക്കിടക്കുകയാണ്. അവിടെ വേസ്റ്റ് തരംതിരിക്കുന്നില്ല. തരംതിരിക്കുന്നെങ്കിൽത്തന്നെ അവിടെ ഉൽപ്പാദിക്കുന്ന വേസ്റ്റ് കൂടുതലും ആളുകൾ കുറവുമാണ്. ആളുകളെ കിട്ടാനില്ലെന്നതാണ് വേറൊരു സത്യം. നമ്മുടെ നാട്ടിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ആളുകൾ വന്നാണ് വേസ്റ്റ് ക്ലിയർ ചെയ്യുന്നത്. അത് വളരെ വലിയ പ്രശ്നമുണ്ടാക്കുന്നുണ്ട്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ...

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട അംഗം, എല്ലാവർക്കും വഴങ്ങിയാൽ നമ്മൾ നേരത്തെ ഉണ്ടാക്കിയ ധാരണ തെറ്റും. ഇന്നത്തെ ദിവസത്തെക്കുറിച്ച് ഓർക്കണം. എല്ലാവരും ആവശ്യപ്പെടും, നമ്മൾ സമയം പാലിക്കണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, മാലിന്യം രണ്ടുരീതിയിൽ സംസ്കരിക്കുന്നതിനെ സംബന്ധിച്ചാണ് ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഫ്ലാറ്റുകളും വില്ലകളും നഗരത്തിൽ ധാരാളമായി പണിതുകൊണ്ടിരിക്കുകയാണ്. ഈ ഫ്ലാറ്റുകളിലും വില്ലകളിലും എല്ലാ സൗകര്യങ്ങളും കെട്ടിടം പണിയുമ്പോൾത്തന്നെ ചെയ്തുകൊടുക്കുമെങ്കിലും മാലിന്യസംസ്കരണത്തിന് മാത്രമായി അവിടെ യാതൊന്നും ചെയ്യുന്നില്ല. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഒരു നിയമം കൊണ്ടുവരണം. അതായത് ഇനി പണിയുന്ന ഫ്ലാറ്റുകളിലും വില്ലകളിലും അവിടെയുണ്ടാകുന്ന മാലിന്യങ്ങൾ അവിടെവച്ചുതന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പാടാക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഇപ്പോൾത്തന്നെ ഫ്ലാറ്റുകളിലും മറ്റും അവരുടെ വേസ്റ്റ് അവർ തന്നെയാണ് ട്രീറ്റ് ചെയ്യുന്നത്. അവരുടെ മട്ടുപ്പാവിലും ടെറസിലും പ്ലാന്റുണ്ട്. The Confederation of Real Estate Developers'

Association of India (CREDAI) അക്കാര്യം ചെയ്യുന്നുണ്ട്. അത് ചെയ്യാത്ത ചില സ്ഥാപനങ്ങളുണ്ടാകുമായിരിക്കാം. ഒന്നുകിൽ വേസ്റ്റ് മാനേജ്മെന്റ് കൃത്യമായി ചെയ്യുകയോ അല്ലെങ്കിൽ മറ്റുള്ള സ്ഥലങ്ങളിൽ കൊണ്ടുപോയി ഡിസ്പോസ് ചെയ്യുകയോ ചെയ്യുന്നുണ്ട്. ഇപ്പോൾ പല ആളുകളും പല മുനിസിപ്പാലിറ്റികളിലും വന്ന് വളരെ വലിയ സംഖ്യ ചാർജ് ചെയ്തുകൊണ്ട് വേസ്റ്റ് വാങ്ങി മറ്റുള്ള സ്ഥലങ്ങളിൽക്കൊണ്ടുപോയി ലാന്റ് ഫില്ലിംഗ് നടത്തുകയാണ്. എന്തുകൊണ്ട് നമ്മുടെ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും ഇതിനെക്കുറിച്ച് ആലോചിച്ചുകൂടാ? നമുക്ക് ചെയ്യാൻ സാധിക്കുന്ന കാര്യമാണ്. ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ഉണ്ടാകുന്ന വേസ്റ്റ് അവിടെത്തന്നെ ഫിൽ ചെയ്യണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇഷ്ടംപോലെ ക്വാറികളും മറ്റ് സ്ഥലങ്ങളും നമ്മുടെ കേരളത്തിലുള്ളതാണ്. എന്തുകൊണ്ട് നമുക്ക് അക്കാര്യത്തെക്കുറിച്ച് ആലോചിച്ചുകൂടാ? ഞാൻ ഈ പ്ലാന്റ് വേണ്ട എന്നല്ല പറയുന്നത്. പ്ലാന്റ് നമുക്കാവശ്യമാണ്. ഇപ്പോൾ നമുക്ക് ചെയ്യാൻ സാധിച്ചില്ലെങ്കിൽ ചിലപ്പോൾ 10 വർഷം കഴിയുമ്പോൾ ചെയ്യേണ്ടിവരും. അല്ലാതെ വേറെ നിവൃത്തിയില്ല. കാരണം നമ്മളുൽപ്പാദിപ്പിക്കുന്ന ഏകദേശം 10,000 ടൺ വേസ്റ്റിന്റെ പകുതിപോലും ഇവിടെത്തന്നെ പ്രോസസ്സ് ചെയ്യുന്നില്ല. ബാക്കിയൊക്കെ നമ്മുടെ തോട്ടിലും പുഴയിലും കിണറുകളിലുമുണ്ട്. അതൊരു വലിയ പ്രശ്നം തന്നെയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇതൊരു നല്ല നിയമം തന്നെയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങ് മുൻ മന്ത്രിയെന്ന നിലയിൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട വളരെ കാതലായ ചില കാര്യങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ചതും ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആറ് മാസം മുമ്പ് വീണ്ടും തറക്കല്ലിട്ടതുമായ കൊച്ചിൻ വേസ്റ്റ് എനർജി പ്ലാന്റ് ബ്രഹ്മപുരത്താണ് സ്ഥാപിച്ചിട്ടുള്ളത്. അത് ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ എം.എൽ.എ.-യുടെയും എന്റെയും മണ്ഡലത്തിന്റെ അതിർത്തിയിലാണ്. ആ പ്രോജക്ട് മാതൃകാപരമായ പ്രോജക്ടാകുമെന്ന പ്രതീക്ഷയിലാണ്. 500 ടൺ വേസ്റ്റ് പ്രോസസ്സ് ചെയ്യാൻ കഴിയും. അതിന്റെ എസ്.പി.വി. എന്നുപറയുന്നത് ജി.ജെ. ഇക്കോപവർ എന്നുപറയുന്ന ഒരു എസ്.പി.വി. ആണ്. രണ്ട് ഡിപ്പാർട്ടുമെന്റുകളുടെ അനുമതികൂടി കിട്ടിയാൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിയുമെന്നാണ് പറയുന്നത്. അതിന്റെ കരാർതന്നെ 5 വർഷത്തേയ്ക്ക് ഏകദേശം 330 ടൺ വേസ്റ്റ് കൊച്ചിൻ കോർപ്പറേഷൻ അവർക്ക് ഉറപ്പാക്കണമെന്നുള്ളതാണ്. അതിൽനിന്ന് ഒരുദിവസം 10 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. ബാക്കി വരുന്ന ആഷസ് കൊണ്ട് ഇഷ്ടികപോലുള്ള കാര്യങ്ങളുണ്ടാക്കാൻ കഴിയും. ഇത് വലിയ

പ്രതീക്ഷയോടെയാണ് കേരളം കാണേണ്ടത്. അത് പ്രായോഗികമാണോ; വിദേശത്ത് 40 പ്ലാന്റ് നടത്തുന്നവരാണ് എന്നാണ് അവർ അവകാശപ്പെടുന്നത്. അതിന്റെ മറ്റ് കാര്യങ്ങളെപ്പറ്റി അറിയില്ല. ആ കാര്യം പ്രായോഗികമാണോ; അങ്ങ് ഒരു മന്ത്രിയായിരുന്നു, അതുമായി ഇടപെട്ട ആളായതുകൊണ്ട് എന്താണ് അങ്ങയുടെ അഭിപ്രായം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതിന്റെ പ്രാരംഭഘട്ട ചർച്ചകൾ നടന്നതും കരാർ ഒപ്പുവച്ചതും യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. നമുക്ക് അവിടെ ഏകദേശം 100 ഏക്കർ സ്ഥലമുണ്ട്. കോർപ്പറേഷൻ അവിടെ നല്ല രീതിയിൽ പ്രോസസ്സിംഗ് നടത്തിയിരുന്നു. കൊച്ചിൻ കോർപ്പറേഷൻ അവിടെ വേസ്റ്റ് മാനേജ്മെന്റ് നല്ല രീതിയിൽ നടത്തിയിരുന്നതാണ്. അവിടെ ജനങ്ങൾക്കൊന്നും വലിയ പ്രശ്നങ്ങളുണ്ടായിരുന്നില്ല. ഒരു ഫാക്ടറി വരുമ്പോൾ അല്ലെങ്കിൽ ഇതുപോലുള്ള വലിയ വ്യവസായം വരുന്ന സമയത്ത് തൊട്ടടുത്ത് താമസിക്കുന്ന ജനങ്ങൾക്കൊന്നും പ്രശ്നമില്ല. പക്ഷെ അതുപോലെയല്ല മറ്റുള്ള കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമുള്ളത് വിളപ്പിൽശാലയായാലും ഞെളിയൻ പറമ്പായാലും അവിടെയൊക്കെ വളരെ വലിയ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇവിടെ വലിയ സമരങ്ങളുണ്ടാകാത്തതിന് കാരണം ആദ്യംതന്നെ ഏകദേശം 100 ഏക്കറിൽ കൂടുതൽ സ്ഥലം ഇതിനുവേണ്ടി മാറ്റിവച്ചിരുന്നു എന്നുള്ളതുകൊണ്ടാണ്. അതുമാത്രമല്ല, വളരെ കൃത്യമായി നടക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് അവിടെ വലിയ പ്രശ്നങ്ങളില്ലാത്തത്. അതൊരു മോഡലാക്കി എടുത്ത് നമുക്ക് വേണമെങ്കിൽ ചെയ്യാമെന്നുള്ളത് സത്യമാണ്. ആ രീതിയിൽത്തന്നെ നമുക്ക് അവസാനം പോകേണ്ടിവരും. പക്ഷെ, പെട്ടെന്ന് ആ പ്ലാന്റുകൾ വന്നിട്ട് പ്രശ്നം പരിഹരിക്കാമെന്ന് വിചാരിച്ചാൽ സാധിക്കില്ല. എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത് മറ്റൊരു വഴിയാണ്. ലോകം മുഴുവനും ലാന്റ് ഫില്ലിംഗ് നടത്തുന്നുണ്ട്. എന്തുകൊണ്ട് നമ്മുടെ കേരളത്തിൽ നടക്കില്ല. സ്വാഭാവികമായും അക്കാര്യം ജനങ്ങളെ ബോധവത്കരിക്കണം. ലോകത്തുമുഴുവൻ ലാന്റ് ഫില്ലിംഗ് നടക്കുന്നു. ഡൽഹിയിൽ ഇതുപോലൊരു പ്ലാന്റുണ്ടായിരുന്നു. ആ പ്ലാന്റ് പ്രവർത്തിക്കുന്നില്ലല്ലോ, കുറച്ചുകാലം പ്രവർത്തിക്കും. പിന്നെ മതിയാക്കും. പ്രശ്നങ്ങളുണ്ടാകുമ്പോൾ വീണ്ടും പ്രവർത്തിപ്പിക്കും. പക്ഷെ അത് നടക്കുന്നില്ല. ബാംഗ്ലൂരിൽ എന്തെല്ലാം പ്രശ്നങ്ങളും സമരങ്ങളുമുണ്ടായി. അവിടെയും ലാന്റ് ഫില്ലിംഗല്ലേ ചെയ്യുന്നത്? ഇവിടെ ജനസംഖ്യ വളരെ കൂടുതലാണെന്നുള്ളത് സത്യമാണ്. എല്ലാ സ്ഥലങ്ങളിലും ആൾതാമസമുണ്ട്. പക്ഷെ ഒഴിഞ്ഞ സ്ഥലങ്ങൾ കണ്ടുപിടിച്ച് ലാന്റ് ഫില്ലിംഗ് നടത്തുന്നതായിരിക്കും നമുക്ക് ഈ പ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കാനുള്ള മാർഗ്ഗം. അതിനുവേണ്ടിയുള്ള ശ്രമംകൂടി ഇതിന്റെ കൂട്ടത്തിൽ നടത്തണം. ഇത് വേണ്ടായെന്നല്ല പറയുന്നത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ലാന്റ് ഫില്ലിംഗിന്റെ നടപടിക്രമം എന്താണ്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഒരു മീറ്റർ ഹൈറ്റിൽ വേസ്റ്റിടും. അതിന്റെ മുകളിൽ ഒരു മീറ്റർ ഹൈറ്റിൽ മണ്ണിടും എന്നതാണ് രീതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ലാന്റ് ഫില്ലിംഗിനെപ്പറ്റി അറിയാൻ വേറെ ഒരു സ്ഥലത്തും പോകേണ്ടതില്ല. എറണാകുളത്തെ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം സ്ഥിതിചെയ്യുന്ന സ്ഥലം മുഴുവൻ വേസ്റ്റ് ഇട്ട് നികത്തിയതിനുശേഷമാണ് സ്റ്റേഡിയമാക്കി രൂപാന്തരപ്പെടുത്തിയത്. വേസ്റ്റിട്ട സ്ഥലമാണെന്ന് ഇപ്പോൾ കണ്ടാൽ നമുക്ക് തോന്നുമോ; മനോഹരമായ ഒരു സ്റ്റേഡിയമല്ലേ അത്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അത്തരത്തിൽ സ്റ്റേഡിയം മാത്രമല്ല മറ്റുള്ള കാര്യങ്ങളും നമുക്ക് ചെയ്യാൻ സാധിക്കും. നേരത്തെ പറഞ്ഞതുപോലെ പ്ലാറ്റ്ഫോം ഉണ്ടാക്കാം. കേരളത്തിൽ ഇഷ്ടംപോലെ ക്വാറികളുണ്ട്. ആ കുഴികളിൽ ആളുകൾ വീണ് മരിക്കുകയാണ്. അത് ഫിൽ ചെയ്യണം. കുറച്ച് വേസ്റ്റ് ഇടുകയും കുറച്ച് മണ്ണിടുകയും വേണം. അങ്ങനെയാണ് ചെയ്യേണ്ടത്. കൃഷിഭൂമിയാക്കാം, ഗ്രൗണ്ടാക്കാം അങ്ങനെ പല കാര്യങ്ങൾ ചെയ്യാം. ആ രീതിയിലേയ്ക്കാണ് നമ്മൾ പോകേണ്ടതെന്നാണ് എന്റെ അഭിപ്രായം. അന്ന് അത് ചെയ്യാൻ സാധിക്കാതിരുന്നത് എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിലും കൗൺസിലർമാർ തമ്മിലും പ്രശ്നമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ആ പദ്ധതി നടപ്പിലാകാത്തത്. ഞാൻ ഇന്നും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് അതിനെപ്പറ്റി സംസാരിച്ചതാണ്. വളരെ കൃത്യമായി നടക്കുമായിരുന്നു. അന്ന് ഈഗോയുള്ളതു കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ചെറിയ പ്രശ്നങ്ങളുണ്ടായി. അതുകൊണ്ടാണ് അത് ഡ്രോപ്പ് ചെയ്തത്.അത് വീണ്ടും റിവൈവ് ചെയ്യുകയാണെങ്കിൽ താൽക്കാലികമായി ഈ പ്രശ്നങ്ങൾ പരിഹരിക്കാം. പക്ഷെ ഇതല്ലാതാക്കേണ്ടതില്ല, നിർബന്ധമായും വേണം. 10 വർഷം കഴിയുമ്പോൾ ഇത് പ്രാക്ടിക്കലാകും. ആ രീതിയിലേയ്ക്ക് മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

12:00 Noon]

ശ്രീ. അനിൽ അക്കര: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇവിടെ എനിക്കുമുൻപ് സംസാരിച്ച എല്ലാവരും പറഞ്ഞപോലെ, പ്രായോഗികമായി നടപ്പിലാക്കാൻ വളരെയധികം ബുദ്ധിമുട്ടുള്ള പദ്ധതിയായതുകൊണ്ടുതന്നെയാണ് ഇതിനെ എതിർക്കുന്നത്. അധികാരവികേന്ദ്രീകരണം നമ്മുടെ നാട്ടിൽ നടപ്പിലാക്കുന്ന സമയത്ത് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടേയും ഏറ്റവും

പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളിലൊന്നായിരുന്ന മാലിന്യ സംസ്കരണവും ശുദ്ധമായ കുടിവെള്ള വിതരണവും. ഈ രണ്ട് പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ നമ്മുടെ സംസ്ഥാനത്ത് ഒരുപാട് വീഴ്ചകളുണ്ടായിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. അതിനകത്തെ പ്രധാനപ്പെട്ട വിഷയം, ഈ പ്രായോഗികതയുമായി ബന്ധപ്പെട്ട് വരുമ്പോൾ, ഊന്നൽ നൽകേണ്ടത് അതു സംബന്ധിച്ച വിശ്വാസ്യതയ്ക്കാണ്. കഴിഞ്ഞ ഗവൺമെന്റ് ഈ പദ്ധതി ആവിഷ്കരിച്ച സമയത്ത് അന്ന് പ്രതിപക്ഷത്തിരുന്ന ആളുകൾ മുഴുവൻ ഈ പദ്ധതി ശരിയല്ലെന്ന് പറഞ്ഞ് വലിയ രീതിയിലുള്ള സമ്മർദ്ദങ്ങളുണ്ടാക്കി, ആ പദ്ധതി ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടായി എന്ന് ഇവിടെ ശ്രീ. മഞ്ഞളാംകുഴി അലി പറയുകയുണ്ടായി. ഇന്ന് അതേ ആളുകൾ ഈ പദ്ധതി ശരിയാണെന്നുപറഞ്ഞ് നാട്ടിലേയ്ക്ക് പോകുമ്പോൾ ആളുകൾ എങ്ങനെ വിശ്വസിക്കുമെന്നൊരു വലിയ പ്രശ്നം നമ്മുടെ മുന്നിലുണ്ട്. ആ പ്രശ്നം തന്നെയാണ് ഇതിന്റെ ഉത്തരമെന്നുള്ളത് ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഭരണകാലത്ത് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന് പറഞ്ഞപ്പോൾ അത് ശരിയല്ലെന്നു പറഞ്ഞ് സമരം ചെയ്തു. അതുകഴിഞ്ഞ് അധികാരത്തിൽ വരുന്ന സമയത്ത് ഈ പദ്ധതി വേണമെന്നുപറഞ്ഞ് സമരം ചെയ്യുകയാണ്. നാളെയിവർ പ്രതിപക്ഷത്ത് വരുന്ന സമയത്ത് ഇത് നടപ്പിലാക്കാൻ പറ്റില്ല എന്നുപറഞ്ഞ് വീണ്ടും സമരത്തിലേക്ക് പോകും. പിന്നെ ആളുകൾ നമ്മളെയെങ്ങനെ വിശ്വസിക്കും. അതാണിതിലെ ഒരു പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് ഇതിൽ ഒരു തുടർച്ച വേണമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ നിരവധിയായ മോഡലുകൾ നമ്മുടെ രാജ്യത്തും മറ്റ് രാജ്യങ്ങളിലുമൊക്കെയുണ്ട്. ഞാൻ രാഷ്ട്രീയപ്രവർത്തനം തുടങ്ങുന്ന സമയത്ത് മഹാത്മാഗാന്ധിയുടെ ആശ്രമമായ സേവാഗ്രാമിൽ മാലിന്യ സംസ്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം ലഭിക്കുകയും മൂന്നുമാസം സേവാഗ്രാമിലെ പദ്ധതിയിൽ പ്രവർത്തിക്കുകയും ജോലിചെയ്യുകയും ചെയ്ത ആളാണ്. എങ്ങനെയാണ് മാലിന്യം സംസ്കരിക്കേണ്ടത് എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് അവിടെയുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് ഞാൻ 2000-ത്തിൽ അടാട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായ സമയത്ത് അവിടെ ഒരു മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങുന്നത്. കേരളത്തിലെ സ്വരാജ് ട്രോഫിക്കുവേണ്ടി പരിഗണിച്ചപ്പോൾ ആ പദ്ധതി തെരഞ്ഞെടുക്കുകയും കേരളത്തിലെ മികച്ച പഞ്ചായത്തിനുള്ള അവാർഡ് ആ പദ്ധതിയാസ്പദമാക്കി ലഭിക്കുകയും ചെയ്തു. അതുപോലെ തന്നെ 2009-ലെ ഗ്രീൻ കേരള റിയാലിറ്റി ഷോയിലും അവാർഡിനർഹമായത് ആ പദ്ധതിയാണ്. ഞാൻ സൂചിപ്പിക്കുന്നത്, 2009-ലും 2010-ലും നമ്മൾ കൊണ്ടു വന്ന ഗ്രീൻ കേരള റിയാലിറ്റി ഷോ പോലുള്ള മാതൃകകളെ അംഗീകരിക്കാതെ പോകുകയും

വികേന്ദ്രീകരണത്തിന്റെ മാതൃക മാറ്റി കേന്ദ്രീകൃത രംഗത്തേക്ക് പോകുന്ന ചർച്ച നമ്മുടെ നാട്ടിൽ നടക്കുകയുമാണ്. ഇവിടെ എസ്.ടി.പി. (സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്)-യുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ പ്രധാനപ്പെട്ട അഞ്ച് ജില്ലകൾ കേന്ദ്രീകരിച്ചുകൊണ്ട് എസ്.ടി.പി. ആരംഭിക്കാത്തതുമായി ബന്ധപ്പെട്ടുള്ള കോടതിയലക്ഷ്യവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലുമൊക്കെ സുപ്രീം കോടതിയിൽ നിന്ന് നമ്മൾ സമയം നീട്ടി വാങ്ങിക്കൊണ്ടിരിക്കുകയാണ്. നമുക്ക് ഒരു സ്ഥലത്തും അത് സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. പക്ഷെ ഒരുപാട് സ്ഥലത്ത് നമ്മൾ എസ്.ടി.പി.-കൾ സ്ഥാപിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും വലിയ ഫ്ലാറ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. അതൊക്കെ ഭംഗിയായി നടക്കുകയാണ്. അങ്ങനെ വികേന്ദ്രീകൃതമായി നടക്കുന്ന സ്ഥലങ്ങളിലൊന്നും ഇത്തരത്തിലുള്ള പ്രശ്നങ്ങളില്ല. മറിച്ച് രണ്ടുമൂന്ന് ജില്ലകളിലെ സ്വീവേജ് മുഴുവൻ ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് കൊണ്ടുപോകുമ്പോൾ അവിടെയുള്ള ആളുകൾ എതിർക്കും. അതിനെ രാഷ്ട്രീയമായി വേർതിരിച്ച് കാണേണ്ട കാര്യമില്ല. വികേന്ദ്രീകൃതമായി നമുക്കെങ്ങനെയിത് ചെയ്യാൻ കഴിയുമെന്നതുതന്നെയാണ് ശ്രദ്ധിക്കേണ്ട കാര്യം. ഞാൻ ചോദിക്കട്ടെ ഈ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട മൂന്ന് മിഷനുകൾ, ഏറ്റവും നന്നായി പ്രവർത്തിച്ചുവെന്നാണ് അതിന് മാർക്കിട്ടുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞത്. ഹരിത കേരളം മിഷൻ പരാജയമാണോ, ഹരിതകേരളം മിഷൻ ചെയ്യുന്ന കാര്യങ്ങളെന്തൊക്കെയാണ്? ഹരിതകേരളം മിഷൻ പരാജയപ്പെട്ടതുകൊണ്ടാണോ നമ്മൾ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിലേയ്ക്ക് പോകുന്നത്? തൃശ്ശൂർ ജില്ലയിൽ ലാലൂരിലാണ് ഇതിനുവേണ്ടിയുള്ള നടപടിക്രമങ്ങളിലേയ്ക്ക് പോകുന്നത്. ബഹുമാന്യനായ സുനിൽ കുമാർ അവിടെ മനോഹരമായ സ്റ്റേഡിയം പണിയാനിരിക്കുന്ന സ്ഥലത്താണ് ഈ പ്ലാന്റ് സ്ഥാപിക്കാൻ പോകുന്നതെന്നാണ് അവിടെയുള്ള ചർച്ചകളിൽനിന്ന് മനസ്സിലാകുന്നത്. വലിയ സമരങ്ങൾക്ക് ശേഷമാണ് ലാലൂരിലെ മാലിന്യ സംസ്കരണ പദ്ധതി ഉപേക്ഷിച്ച് ആ ഗ്രാമം വിമുക്തമായത്. എവിടെ വിഷയമുണ്ടായാലും ലാലൂർ മോഡൽ എന്നുപറയുന്ന സമരങ്ങളാണ് നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. കേന്ദ്രീകൃതമായി രണ്ടോമൂന്നോ പഞ്ചായത്തുകൾ അല്ലെങ്കിൽ മുനിസിപ്പാലിറ്റികൾ ചേർത്ത് ഇതെങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഒരുപാട് ചിന്തിക്കേണ്ടതാണ്. ഞാനിത് സൂചിപ്പിക്കാൻ കാരണം ഇത്തരത്തിലുള്ള സ്വകാര്യ കമ്പനികളൊക്കെ മാതൃകാപരമായി നടക്കുന്ന പ്ലാന്റുകൾ വച്ച് ഇതിന്റെ ഡെമോ കാണിക്കാൻ വരാറുണ്ട്. ഈ ഡെമോ കാണിക്കുന്ന സമയത്ത് അവർക്ക് സംസ്കരിക്കാൻ പറ്റുന്നത് പരമാവധി 5, 10, 100 കിലോഗ്രാം വേസ്റ്റാണ്. നമ്മുടെ വേസ്റ്റെന്നു പറയുന്നത് ഇതുപോലെ വേർതിരിച്ച വേസ്റ്റല്ല. നമ്മളെല്ലാ വേസ്റ്റും കൊണ്ടുപോയി ഒരു

സ്ഥലത്ത് ഡമ്പ് ചെയ്യുകയാണ്. അത് കൊണ്ടുവന്ന് വേർതിരിക്കുന്ന കാര്യത്തിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. നിങ്ങൾ ഏത് സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചാലും ആദ്യത്തെ രണ്ടുമൂന്നു മാസം കഴിഞ്ഞാൽ ഈ പറയുന്ന കൃത്യതയൊന്നും അവിടെ നടക്കാൻ പോകുന്നില്ല. അവരിത് കൂട്ടിയിട്ട് കത്തിക്കുകയെന്നല്ലാതെ മറ്റൊരു തലത്തിലേയ്ക്ക് പോകാൻ കഴിയില്ല. 1997-ലെ ജനകീയാസൂത്രണത്തിനുശേഷം കേരളത്തിൽ എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും 10 ശതമാനം സംഖ്യ മാലിന്യ സംസ്കരണത്തിനുവേണ്ടി മാറ്റിവയ്ക്കുകയും അങ്ങനെ കോടാനുകോടി രൂപ നമ്മൾ ചെലവ് ചെയ്തിട്ടുമുണ്ട്. ഒരു ഘട്ടത്തിൽ നല്ല നിലവാരത്തിലേക്ക് പോയിട്ടുമുണ്ട്. ഇപ്പോൾ ഇൻഡ്യയിൽ മാതൃകയായി നിൽക്കുന്ന വളരെ മനോഹരമായ ജൈവ സംസ്ഥാനമാണ് സിക്കിം.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സണ്ണി ജോസഫ്)

ശ്രീ. പി. ടി. തോമസ്: സർ, ജനകീയാസൂത്രണത്തിൽ നമ്മുടെ സംസ്ഥാനത്ത് തുടങ്ങിയ മാലിന്യ സംസ്കരണ സംരംഭങ്ങളെപ്പറ്റി സൂചിപ്പിച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിലെ ഒരംഗമെന്ന നിലയിൽ ഞങ്ങൾ പരിശോധിച്ചപ്പോൾ കേരളത്തിൽ അങ്ങോളമിങ്ങോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാരംഭിച്ച മാലിന്യ സംസ്കരണ പ്ലാന്റുകൾ 100 ശതമാനവും പ്രവർത്തനരഹിതമാണെന്നും ആ പണം മുഴുവൻ വേസ്റ്റായി പോയെന്നും കണ്ടെത്തിയിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, ഞാൻ പറഞ്ഞുവന്നത് അതാണ്. ഇവിടെ കണ്ടിന്യൂറ്റിയുടെ പ്രശ്നമുണ്ട്. ഞാൻ സൂചിപ്പിച്ചത് വിജയകരമായി, 100 ശതമാനം എന്നു പറയുമ്പോൾ എന്റെ പഞ്ചായത്ത് ഒഴിവാക്കി നിർത്തേണ്ടി വരും. 2007-ൽ ആരംഭിച്ച ഈ പദ്ധതി 2018 ആയിട്ടും, മാലിന്യം സംസ്കരിക്കുന്ന ആളിന്റെ വീട്ടിലെ ഒരാൾ മരിച്ചാൽപ്പോലും അവർ ആ പ്രക്രിയ തുടരുകയാണ്. 15000 മുതൽ 20000 രൂപ വരെ ഒരു മാസം അതിൽനിന്ന് ലാഭമുണ്ടാക്കി മുന്നോട്ടുപോകുന്ന സ്ത്രീകളാണ് അവിടെ പ്രവർത്തിക്കുന്നത്. പാരിക്കാട് കോളനിയിൽ 20 സ്ത്രീകളാണ് മാലിന്യം സംസ്കരിക്കുന്നത്. അതിനോട് ചേർന്നാണ് അംഗൻവാടിയും സുബ്രമണ്യസ്വാമി ക്ഷേത്രവും കല്യാണമണ്ഡപവും മനോഹരമായ കുളവും സ്ഥിതിചെയ്യുന്നത്. കണ്ടിന്യൂയിറ്റിയാണ് ഇതിനകത്തെ ഒരു പ്രധാന വിഷയം. മാലിന്യമെങ്ങനെ സംസ്കരിക്കണമെന്നതിനെക്കുറിച്ച് നാട്ടിലെ ആളുകൾ ബോധവാന്മാരാകേണ്ടതുണ്ട്. സൂര്യൻ ഉദിക്കുന്നതിനുമുൻപ് മാലിന്യം സംസ്കരിക്കാവുന്ന രീതിയിലേയ്ക്ക് നമ്മുടെ ആളുകളെ ചിട്ടപ്പെടുത്തണം. നമുക്കറിയാമല്ലോ ഒരു വീട്ടിൽ എത്ര വൈകിയാണെങ്കിലും ആ വീട്ടമ്മ

കിടക്കുന്നതിനുമുൻപ് നാളെ രാവിലെ കഞ്ഞി വയ്ക്കുവാൻ വേണ്ടിയുള്ള പാത്രം കഴുകി വൃത്തിയാക്കും. അവർക്ക് രാവിലെ എഴുന്നേറ്റ് ആ പാത്രം കഴുകി വൃത്തിയാക്കി അരി വച്ചാൽ എന്താ കുഴപ്പം, അവർക്ക് അതിനകത്ത് കൃത്യതയുണ്ട്. അവർ ഇന്ന് പാകം ചെയ്ത എല്ലാ പാത്രങ്ങളും രാത്രി എത്ര വൈകിയാണെങ്കിലും കഴുകി വൃത്തിയാക്കിയിട്ടേ കിടക്കാൻ പോകുകയുള്ളൂ. രാവിലെ ചായയുണ്ടാക്കാനാണെങ്കിലും ഭക്ഷണമുണ്ടാക്കാനാണെങ്കിലും അത്രയും വൃത്തിയുള്ള പാത്രങ്ങളിലാണ് അവർ ഭക്ഷണം പാകം ചെയ്യുന്നത്. അതേ രീതിയിൽ മാലിന്യമെങ്ങനെ സംസ്കരിക്കണമെന്നതിനെക്കുറിച്ച് ഒരു പൊതു ധാരണ അല്ലെങ്കിൽ പൊതു അറിവ് നമ്മുടെ നാട്ടിലെ ആളുകൾക്കുണ്ടാകണം. രണ്ടോ മൂന്നോ ദിവസത്തെ ഡമ്പ് ചെയ്ത് കിടക്കുന്ന മാലിന്യം ഒരുമിച്ച് കൊണ്ടുപോയി ഒരു ട്രീറ്റ്മെന്റ് പ്ലാന്റിൽ സംസ്കരിക്കാൻ കഴിയില്ല. 24 മണിക്കൂറിനുശേഷം അഴുകിയ മാലിന്യം സംസ്കരിക്കാവുന്ന ഒരു ടെക്നോളജിയും ഈ രാജ്യത്ത് കണ്ടുപിടിച്ചിട്ടില്ല. ഒരു തർക്കവും ആ കാര്യത്തിലില്ല. കാരണം, ഇത് ജൈവവളമാക്കി മാറ്റാതെ ഒരു മാർഗ്ഗവും അതിലില്ല. ജൈവവളമാക്കി മാറ്റുമ്പോൾ സ്വാഭാവികമായും അതിൽ ബാക്ടീരിയകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. ആ ബാക്ടീരിയയെ നശിപ്പിച്ചുകളയുന്ന രീതിയിലുള്ള കെമിക്കൽ റിയാക്ഷൻ മാലിന്യത്തിനകത്ത് 24 മണിക്കൂറിനുശേഷം ഉണ്ടായിത്തുടങ്ങും. അങ്ങനെ വരുമ്പോൾ വലിയ രീതിയിലുള്ള ചൂടിൽ ആ ബാക്ടീരിയകൾക്ക് ഒരു കാരണവശാലും വളരാൻ കഴിയില്ല. അതാണ് പ്രശ്നം. അതിനാൽ 24 മണിക്കൂറിനകം അല്ലെങ്കിൽ സൂര്യനുദിക്കുന്നതിനുമുമ്പ് മാലിന്യസംസ്കരണം നടത്തിയില്ലെങ്കിൽ ലോകത്തൊരു ടെക്നോളജിക്കും ആ മാലിന്യത്തെ ഒന്നും ചെയ്യാൻ കഴിയില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ ദിവസവും രാവിലെ എല്ലാ പഞ്ചായത്തുകളിൽനിന്നും ഒരുമിച്ച് ഈ കേന്ദ്രത്തിലേയ്ക്ക് മാലിന്യം കൊണ്ടുവരാൻ കഴിയുമോ? അതിന് കഴിയില്ല.

മി. ചെയർമാൻ: പത്ത് മിനിട്ടുകൊണ്ട് അവസാനിപ്പിക്കണം.

ശ്രീ. അനിൽ അക്കര: സർ, ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. ഡോ. ടി.എം. തോമസ് ഐസക് ഇപ്പോൾ ഇവിടെ ഇല്ല. അദ്ദേഹത്തിന് ഇതിനകത്ത് ഡിസന്റ് ചെയ്യാൻ കഴിയുമായിരുന്നെങ്കിൽ എന്നെക്കാൾ ആദ്യം എതിർക്കുക അദ്ദേഹമായിരിക്കും. കാരണം, കേരളത്തിലെ മുഴുവൻ പ്രദേശങ്ങളിലും ഇതിനെക്കുറിച്ചുള്ള സെമിനാറുകൾ നടന്നു. പത്തു-പന്ത്രണ്ട് സെമിനാറുകളിൽ ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ചർച്ച ചെയ്ത വിഷയമാണിത്. പക്ഷെ മാതൃകാപരമായി നമ്മുടെ രാജ്യത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം എങ്ങനെ വേണമെന്നതിനെക്കുറിച്ച് ആലോചിച്ച ആളുകളുണ്ട്. പ്ലാസ്റ്റിക്കുകളും കുപ്പികളും എങ്ങനെ വേർതിരിക്കണം എന്നതിനൊക്കെ ധാരാളം മോഡലുകൾ നമ്മുടെ

നാട്ടിലുണ്ട്. നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ പോകുന്നതാണ് യഥാർത്ഥത്തിലുള്ള പ്രശ്നം. കടകളിൽ പ്ലാസ്റ്റിക് വിൽക്കുന്നത് കർശനമായി നിരോധിച്ചിട്ടുള്ളതാണ്. എന്നിട്ടും തദ്ദേശസ്വയംഭരണ വകുപ്പിന് എന്തുകൊണ്ട് അത് നിയന്ത്രിക്കാൻ കഴിയുന്നില്ല. പൊതുയിടങ്ങളിൽനിന്നും ഫ്ലക്സ് ബോർഡുകൾ പൂർണ്ണമായും മാറ്റണമെന്നുപറഞ്ഞ് ഹൈക്കോടതി ഉത്തരവുവന്നു. തദ്ദേശസ്വയംഭരണ വകുപ്പ് എത്രയിടങ്ങളിൽ അത് മാറ്റിയിട്ടുണ്ട്. ഇപ്പോൾ പല പഞ്ചായത്തുകളിലും എത്രയോ ഫ്ലക്സ് ബോർഡുകൾ കാണാൻ കഴിയും. ഇതിനകത്ത് കേന്ദ്രീകൃതമോ വികേന്ദ്രീകൃതമോ അല്ല വിഷയം. വിശ്വാസ്യതയാണ് വിഷയം. ഇന്ന് ഇതിനെ അനുകൂലിക്കുന്നവർ നാളെ പ്രതിപക്ഷത്തുവരുമ്പോൾ ഇതിനെ എതിർക്കുകയാണ്. അഞ്ച് വർഷം കഴിഞ്ഞാൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം നല്ലതാണെന്നും കേന്ദ്രീകൃത മാലിന്യ സംസ്കരണം പൊട്ടയാണെന്ന് പറയുകയും ചെയ്യുന്ന രീതിയാണ് പ്രശ്നം. ആ രീതിക്കനുസരിച്ച് പ്രായോഗികമായി നമ്മുടെ രാഷ്ട്രീയ പാർട്ടികളും ഭരണകർത്താക്കളും ഉയർന്നാൽ മാത്രമേ ഇത് നടപ്പിലാക്കാൻ കഴിയൂ.

ശ്രീ. എം. ഉമ്മർ കൊണ്ടുവന്ന ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഒരു തർക്കവുമില്ല. ഭരണഘടന തങ്ങൾക്കാവശ്യമുള്ളപ്പോൾ നടപ്പിലാക്കുമെന്ന് പറയുന്ന ഗവൺമെന്റിന്റെ രീതി ഇതിനകത്ത് കൊണ്ടുവരാൻ കഴിയില്ല. ശബരിമലയുടെ വിഷയത്തിൽ ഭരണഘടന, മാലിന്യത്തിന്റെ വിഷയത്തിൽ ഭരണഘടനയില്ല. തങ്ങൾക്കാവശ്യം വരുമ്പോൾ മാലിന്യം നല്ലതാണെന്നും തങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ മാലിന്യം ദുർഗന്ധമാണെന്നും പറയുന്ന രീതി ഇതിനകത്തൊരു പ്രധാനപ്പെട്ട ഘടകമാണ്. വിശ്വാസ്യത തന്നെയാണ് ഇതിനകത്ത് ഏറ്റവും പ്രധാനമെന്ന് സൂചിപ്പിച്ചുകൊണ്ട് പ്രായോഗികമല്ലാത്ത ഈ ബില്ലിനെ എതിർക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ ബാധിച്ചിട്ടുള്ള വളരെ പ്രാധാന്യമേറിയ വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഒരു ബില്ലിലെ ഭേദഗതികൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയില്ല. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവരികയാണ്. പെരിങ്ങമ്മലയിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരായിട്ട് സങ്കടജാഥ നടക്കുകയാണിപ്പോൾ. സർക്കാർ ഇത്തരം സംരംഭങ്ങൾക്ക് തുടക്കം കുറിക്കുന്നതൊക്കെ ജനസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിലാണ്. അതുകൊണ്ടാണ് ഇങ്ങനെ പ്രക്ഷോഭങ്ങൾ ഉയർന്നുവരുന്നത്. എന്റെ മണ്ഡലമായ മലപ്പുറത്ത് ഇൻകൽ എഡ്യൂസിറ്റി എന്നുപറയുന്ന വ്യവസായ വകുപ്പിന്റെ ഒരു കേന്ദ്രീകൃത സ്ഥലമുണ്ട്. ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും

ചെരുപ്പ് ഫാക്ടറിയും മലപ്പുറം ഗവൺമെന്റ് വിമൻസ് കോളേജിന് സ്ഥലം അനുവദിച്ചിട്ടുള്ളതും ഇവിടെയാണ്. ഇപ്പോൾ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതും പ്രസ്തുത സ്ഥലത്താണ്. വിളപ്പിൽശാലയിലും ഞെളിയൻപറമ്പിലും പെരിങ്ങമ്മലയിലുമൊക്കെ ഉണ്ടായതുപോലെ മലപ്പുറത്തും ഈ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരായി ജനകീയ പ്രക്ഷോഭം ഉയർന്നുവരാൻ പോകുകയാണ്. ജനസാന്ദ്രതയും വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളുമുള്ള ഇവിടെ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുപകരം ഇതിനനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ സർക്കാർ മുൻകയ്യെടുക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, മാലിന്യ സംസ്കരണം ഒഴിച്ചുകൂടാൻ കഴിയാത്ത ഒന്നാണെന്ന് നമുക്കെല്ലാപേർക്കും അറിയാം. പക്ഷെ പലപ്പോഴും ആരും ഇത് ജീവിതത്തിന്റെ ഭാഗമായി സ്വീകരിക്കാതിരിക്കുകയും നമ്മുടെ മൂക്കിലേയ്ക്ക് ഇരച്ചുകയറുന്ന ദുർഗന്ധമാകുമ്പോൾ മാത്രം അതൊരു പ്രശ്നമായി വരികയും ചെയ്യുന്നൊരവസ്ഥയാണുള്ളത്. കേന്ദ്രീകരണവും വികേന്ദ്രീകരണവുമെന്നൊക്കെ പറയുന്നതിനപ്പുറത്തേയ്ക്ക് ഇതൊരു സംസ്കാരമായി മാറ്റാൻ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എഡ്യൂക്കേഷന്റെ ഭാഗമായി, നിർബന്ധമായും മാലിന്യത്തിന്റെ പ്രശ്നം പരിഹരിക്കാൻ കഴിയുന്ന രീതിയിലൊരു ജീവിതചര്യ ഉണ്ടാക്കിയെടുക്കാനുള്ള കാര്യങ്ങൾകൂടി ഉൾപ്പെടുത്തണമെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട യുവമെമ്പർ പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. അതുകൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞത് ഇതൊരു ബില്ലിലെ ഭേദഗതികൊണ്ട് പരിഹരിക്കപ്പെടാവുന്ന പ്രശ്നമല്ലെന്ന്. വിദേശ രാജ്യങ്ങളെപോലെ മോഡേൺ ടെക്നോളജി ഉപയോഗിച്ച് വേസ്റ്റ് മാനേജ്മെന്റ് ഫലപ്രദമായി എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് നമ്മൾ ആലോചിക്കണം. വിദ്യാർത്ഥികളിൽത്തന്നെ അത്തരമൊരു അവബോധം വളർത്തിയെടുത്ത് ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിക്കാനുള്ള പദ്ധതി അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കാൻ കഴിയണം. അങ്ങനെയുണ്ടായാൽ മാത്രമേ വളരുന്ന തലമുറയിൽ ഇത്തരമൊരു അവബോധം വളർത്തിയെടുക്കാൻ സാധ്യമാകുകയുള്ളൂ. തുടക്കത്തിൽ ശ്രീ. എം. ഉമ്മർ എം.എൽ.എ. തടസ്സവാദം ഉന്നയിച്ചതുപോലെ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 W(a) (2) പ്രകാരം മാലിന്യ സംസ്കരണം ലോക്കൽ സെൽഫ് ഗവൺമെന്റുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. ലോക്കൽ സെൽഫ് ഗവൺമെന്റുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ട ഒരു കാര്യം ഇപ്പോൾ അവരിൽ നിന്നെടുത്ത് സ്വകാര്യ

ഏജൻസിയെ ഏൽപ്പിക്കുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് കൃത്യമായ എന്തെങ്കിലും പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ? യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്ട്രെംഗ്തൻ ചെയ്യിക്കുകയല്ലേ വേണ്ടത്. ഒന്നോ രണ്ടോ പഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനും ഫലപ്രദമായി പരിഹാരമുണ്ടാക്കാനും കഴിയാത്തപക്ഷം ഒരു ബ്ലോക്ക് ഒരു യൂണിറ്റാക്കി എടുക്കുക വഴി ബ്ലോക്ക് തലത്തിൽ ആറോ ഏഴോ പഞ്ചായത്തുകളുണ്ടാകും. ഒരു ബ്ലോക്ക് പഞ്ചായത്തിനെ ഈ ചുമതല ഏൽപ്പിച്ച് ഒരു യൂണിറ്റാക്കിയെടുത്ത് നല്ല രീതിയിൽ ഒരു സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് സർക്കാരിന് ആലോചിച്ചുകൂടേ? അതുപോലെ രണ്ടോ മൂന്നോ മുനിസിപ്പാലിറ്റികൾ ചേർന്ന് ക്ലസ്റ്റർ രൂപീകരിച്ച് ഇതിന്റെ സാധ്യതകളെക്കുറിച്ച് പഠനം നടത്തണം. നമ്മൾ പബ്ലിക് സെക്ടറിനെക്കുറിച്ച് സംസാരിക്കുന്നവരാണ്. പ്രത്യേകിച്ച് എൽ.ഡി.എഫ്. ഗവൺമെന്റ് എപ്പോഴും പ്രൈവറ്റ് മേഖലയ്ക്ക് എതിരായി ചിന്തിക്കുന്നവരാണ്. ഇത്തരം വിഷയങ്ങൾ സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുന്നതിനുപകരം സർക്കാർതന്നെ നേരിട്ടിടപെട്ട് ഇതിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമം ഉണ്ടാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം ഓരോന്നായി കവർന്നെടുത്തു കൊണ്ടിരിക്കുകയാണ്. അധികാര വികേന്ദ്രീകരണം ലക്ഷ്യമാക്കിയാണ് 1994-ൽ പഞ്ചായത്ത് രാജ് നഗരപാലികാ സംവിധാനം കൊണ്ടുവന്നത്. പഞ്ചായത്ത് രാജ് നഗരപാലികാ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന നടപടികളാണ് തുടരെത്തുടരെ നടത്തിക്കൊണ്ടിരിക്കുന്നത്. തുടർന്നാണ് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായ മാലിന്യ സംസ്കരണം സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാൻ പോകുന്നത്. യഥാർത്ഥത്തിൽ ലോക്കൽ സെൽഫ് ഗവൺമെന്റ് എന്ന ആശയം ഇവിടെ ഇല്ലാതാകാൻ പോകുകയാണ്. നമ്മുടെ രാഷ്ട്രപിതാവ് വിഭാവന ചെയ്ത ഗ്രാമസ്വരാജ്, അധികാരം ജനങ്ങളിലേയ്ക്ക് കൈമാറുകയെന്നുള്ളതാണ്. ഓരോ ഗ്രാമത്തിലെയും വികസന പ്രശ്നങ്ങളൊന്നും മനസ്സിലാക്കാതെ തിരുവനന്തപുരത്തും ഡൽഹിയിലുമൊക്കെയിരുന്ന ഉദ്യോഗസ്ഥരാണ് കഴിഞ്ഞ കാലങ്ങളിൽ ഓരോ ഗ്രാമത്തിലെയും പദ്ധതിക്ക് രൂപം നൽകിയത്. പഞ്ചായത്തുകളിൽ ഗ്രാമസഭകളും മുനിസിപ്പാലിറ്റികളിൽ വാർഡ്സഭകളും ചേർന്ന് വികസന നിർദ്ദേശങ്ങൾ ഉയർത്തിക്കൊണ്ടുവരണമെന്നാണ് പഞ്ചായത്ത് രാജ് ആക്ടിൽ നിഷ്കർഷിക്കുന്നത്. എന്നാൽ ഈ ആക്ടിന് വിരുദ്ധമായ സമീപനമാണ് സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഗ്രാമസഭകളെയും പഞ്ചായത്ത് ഭരണ സമിതികളെയും നോക്കുകുത്തികളാക്കി മാറ്റി. അവർക്ക് യാതൊരു അധികാരവുമില്ലെന്നുമാത്രമല്ല, ഓരോ അധികാരവും ദിവസേന കവർന്നെടുത്തു കൊണ്ടിരിക്കുകയാണ്. 1996-ൽ

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി മന്ത്രിയായിരുന്ന സമയത്താണ് ജനകീയാസൂത്രണ പദ്ധതിക്ക് നാന്ദി കുറിച്ചത്. ഇപ്പോൾ ജനകീയാസൂത്രണമെന്ന പേരുമാത്രമേയുള്ളൂ. ജനങ്ങളല്ല പദ്ധതി രൂപീകരിക്കുന്നത്. കേന്ദ്രീകൃത ആസൂത്രണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ബില്ലിൽ ഇത്തരമൊരു ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്നതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പഞ്ചായത്തുകളുടെ അധികാരം കവർന്നെടുക്കുന്നതോടൊപ്പം സർക്കാരിന്റെ പദ്ധതികൾ അടിച്ചേൽപ്പിച്ച് പഞ്ചായത്തുകളുടെമേൽ അമിതഭാരം ഏൽപ്പിക്കുകയാണ്. നാല് മിഷനുകൾ ഇവിടെ പ്രഖ്യാപിച്ചു. ഒന്ന് "ലൈഫ് പദ്ധതി" ആണ്. പ്രായോഗികവത്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളല്ല സർക്കാർ നൽകിയത്. എത്രയോ ഭവന പദ്ധതികൾ വളരെ ഭംഗിയായി നടപ്പിലാക്കിയിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമെല്ലാം നിരവധി ഭവന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തുകളോടും മുനിസിപ്പാലിറ്റികളോടും ഇനി നിങ്ങൾ ഭവന പദ്ധതികൾ ആവിഷ്കരിക്കേണ്ട, ഗവൺമെന്റ് ലൈഫ് പദ്ധതി നടപ്പിലാക്കാൻ പോകുന്നുവെന്ന് ഈ ഗവൺമെന്റ് പറഞ്ഞിട്ട് രണ്ടരക്കൊല്ലം കഴിഞ്ഞു. എത്രയാളുകൾക്ക് ലൈഫ് പദ്ധതിപ്രകാരം വീടുകൾ നൽകിയെന്ന് പറയാൻ സാധിക്കുമോ? ലൈഫ് പദ്ധതിയിലെ നിർദ്ദേശങ്ങളിൽ ഒന്ന്, 20 ശതമാനം നിർബന്ധമായും ലൈഫ് പദ്ധതിക്കുവേണ്ടി വകയിരുത്തണമെന്നതാണ്; അങ്ങനെയാണ് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ഒരു നിർദ്ദേശം. ലൈഫ് പദ്ധതിക്കുവേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽനിന്നെടുക്കുന്ന കടത്തിന്റെ പലിശയടയ്ക്കാൻ 15 കൊല്ലക്കാലത്തേയ്ക്ക് പദ്ധതി വിഹിതം കൊടുക്കുമ്പോൾ, ഉറവിടത്തിൽ തന്നെ വിഹിതം കട്ട് ചെയ്യുകയാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗുണഭോക്താക്കളെ നിർദ്ദേശിക്കേണ്ടത് ഗ്രാമസഭയാണെന്നാണ് പഞ്ചായത്ത് രാജിൽ പറയുന്നത്. എന്നാൽ ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തിയത് ഗ്രാമസഭയിൽ നിന്നല്ല, സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസികളാണ്. എല്ലാ തരത്തിലും വികേന്ദ്രീകൃത ആസൂത്രണം അട്ടിമറിച്ച് കേന്ദ്രീകൃത ആസൂത്രണത്തിലേക്ക് ഈ ഗവൺമെന്റ് പോയിക്കൊണ്ടിരിക്കുകയാണ്. ലൈഫ് പദ്ധതിയുടെ നിബന്ധനയിൽ മറ്റൊരു കാര്യം പറയുന്നത്, റേഷൻ കാർഡുള്ളവർക്കേ വീട് ലഭിക്കൂ എന്നാണ്. റേഷൻ കാർഡിനുവേണ്ടി വീടില്ലാത്ത ഒരാൾ അപേക്ഷ കൊടുത്താൽ സിവിൽ സപ്ലൈസിൽ നിന്നും റേഷൻ കാർഡ് ലഭിക്കുമോ? സിവിൽ സപ്ലൈസ് നിയമപ്രകാരം ഒരാൾ മാറിതാമസിച്ച്, വേറെ വീടുണ്ടെങ്കിൽ മാത്രമേ റേഷൻ കാർഡ് കിട്ടുകയുള്ളൂ. വീടില്ലാത്ത ഒരാൾക്ക് റേഷൻ കാർഡ് ലഭിക്കുകയില്ല.

മി. ചെയർമാൻ: അങ്ങ് 10 മിനിട്ട് സംസാരിച്ചു.

ശ്രീ. പി. ഉബൈദുള്ള: സർ, ഇത് പഞ്ചായത്തും ജനങ്ങളുമായും ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട വിഷയമാണ്. റേഷൻ കാർഡുണ്ടെങ്കിലേ വീട് കൊടുക്കുകയുള്ളുവെന്ന് ലൈഫ് പദ്ധതിയിൽ പറയുമ്പോൾ വീടുണ്ടായാലേ റേഷൻ കാർഡ് കൊടുക്കുകയുള്ളൂ എന്നാണ് സിവിൽ സപ്ലൈസ് വകുപ്പിന്റെ നിലപാട്. അപ്പോൾ എങ്ങനെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതെന്നുള്ളത് സംബന്ധിച്ച് ആലോചിക്കണം.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, വീടില്ലാത്ത ആളുകൾ വാടക വീടുകളിലാണ് താമസിക്കുന്നതെങ്കിൽ റേഷൻ കാർഡ് കൃത്യമായി ലഭിക്കും. ഒരു തടസ്സവുമില്ല. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയില്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, അതിന്റെ അർത്ഥം ലൈഫ് പദ്ധതി പ്രകാരം ഒരാളിന് വീട് ലഭിക്കണമെങ്കിൽ കൂട്ടുകുടുംബത്തിൽനിന്നും മാറി ആദ്യം വാടക വീട്ടിൽ പോയി താമസിച്ച് റേഷൻ കാർഡിന് അപേക്ഷിച്ചിട്ട് അത് വാങ്ങിവന്നാൽ വീട് നൽകാമെന്നതാണോ ഗവൺമെന്റിന്റെ നിലപാട്; അങ്ങനെയാണെങ്കിൽ അത് തുറന്ന് പറയണം. ആകെ നാല് ലക്ഷം രൂപയാണ് കൊടുക്കുന്നത്. അതിന് നിബന്ധന വച്ചിരിക്കുകയാണ്. 400 സ്ക്വയർഫീറ്റേ പാടുള്ളൂ. മാത്രമല്ല, അതിന്റെ കൂടെ രണ്ട് ബെഡ്റൂം....

മി. ചെയർമാൻ: ലൈഫ് പദ്ധതി സംബന്ധിച്ച് നമുക്ക് വേറെ ചർച്ച ചെയ്യാം.

ശ്രീ. പി. ഉബൈദുള്ള: സർ, പഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയമാണിത്. ഇത് വേറെ ചർച്ച ചെയ്യാൻ സമയമില്ലല്ലോ. നമുക്ക് ശബരിമല വിഷയവും ഡോ. ജലീലിന്റെ ബന്ധുനിയമന വിവാദവും ചർച്ച ചെയ്യാനുണ്ട്.

മി. ചെയർമാൻ: 11 മിനിട്ട് കഴിഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, വിഷയത്തിൽ ഒതുങ്ങിനിന്നാണ് സംസാരിക്കുന്നത്. ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകൾ നിർമ്മിക്കുമ്പോൾ അതിൽ രണ്ട് ബെഡ്റൂം വേണം, കിച്ചൺ വേണം, ടോയ്ലെറ്റ് വേണം, സ്വീകരണ ഹാൾ വേണം, ഒരു സിറ്റൗട്ട് വേണം. ഇതെല്ലാം 4 ലക്ഷം രൂപയ്ക്ക് ഉണ്ടാക്കണം. ഇതെങ്ങനെയാണ് ഉണ്ടാക്കുന്നത്?

മി. ചെയർമാൻ: ഉച്ചയ്ക്ക് 1.00 മണിക്ക് അടിയന്തരപ്രമേയത്തിന്റെ പ്രത്യേക ചർച്ചയുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ആകെ നാല് ലക്ഷം രൂപയാണ് കൊടുക്കുന്നത് എന്നിട്ടാണ് ഇതെല്ലാം വേണമെന്ന് നിർദ്ദേശിക്കുന്നത്. അപ്പോൾ ഇതൊക്കെ പ്രായോഗികമാണോയെന്ന് പരിശോധിക്കാതെ വെറുതെ പഞ്ചായത്തുകളുടെമേൽ അടിച്ചേൽപ്പിച്ച് ജനങ്ങൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കാത്ത സ്ഥിതി വിശേഷമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ മൂക്കുകൊണ്ട് "ക്ഷ" വരപ്പിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പിന്നെ "ആർദ്രം" പദ്ധതിയെക്കുറിച്ച് വലിയ വർത്തമാനമെല്ലാം പറയുന്നുണ്ട്.

മി. ചെയർമാൻ: പ്ലീസ്..... മറ്റ് വിഷയങ്ങളിലേക്ക് കടക്കരുത്.

ശ്രീ. പി. ഉബൈദുള്ള: ഇതും പഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയമാണ്. ആർദ്രം പദ്ധതിവഴി ഫാമിലി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിച്ചാൽ അവരുടെ ശമ്പളം പഞ്ചായത്ത് കൊടുക്കണമെന്നാണ് പറയുന്നത്.

മി. ചെയർമാൻ: ഇതൊന്നും ബില്ലുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. പി. ഉബൈദുള്ള: സർ, ബില്ലുമായി ബന്ധപ്പെട്ടതാണ്. ഒരു ഭാഗത്ത് പഞ്ചായത്തുകളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്നു, മറ്റൊരു ഭാഗത്ത് അധികാരം കവർന്നെടുക്കുന്നു. ഈ ഇരട്ട നീതിയാണ് ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് യാതൊരു വിധത്തിലുള്ള കാഴ്ചപ്പാടുമില്ലാതെ കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയെ ഞാൻ അതിശക്തമായി എതിർക്കുകയാണ്.

ശ്രീ. എം. സ്വരാജിനുവേണ്ടി ശ്രീ. പുരുഷൻ കടലുണ്ടി: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. 2018 സെപ്റ്റംബർ 15-ന് പ്രാബല്യത്തിൽ വന്ന ഈ ബിൽ പുതിയ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാണ്. ഈ ബിൽ കൊണ്ടുവന്ന വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു ബില്ലാണിത്. ജനങ്ങളെ വിശ്വാസത്തിലെടുത്ത് അധികാരവും പണവും ജനങ്ങളെ ഏൽപ്പിക്കുന്ന സമീപനമാണ് ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹ്യനീതി ഉറപ്പുവരുത്തുക എന്നതാണ് എൽ.ഡി.എഫ്.-ന്റെ നയം. അതുകൊണ്ടുതന്നെ ഈ ബിൽ പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ
സർവരും സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദീർഘ വീക്ഷണത്തോടുകൂടിയുള്ള പദ്ധതി നിർവ്വഹണമാണ് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി മുന്നോട്ടുവയ്ക്കുന്നത്. മുനിസിപ്പാലിറ്റിക്കും പഞ്ചായത്തിനും ഒറ്റയ്ക്കൊറ്റയ്ക്ക് ചെയ്യാൻ കഴിയുന്നതിന്റെ പരിധിക്കപ്പുറം കൂട്ടായ സംരംഭമാണ് സർക്കാർ ലക്ഷ്യമിടുന്നത്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഒന്നിച്ചുള്ള കൺസോർഷ്യം ഇവിടെ ഫലപ്രദമാക്കാൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം.

മാലിന്യ നിർമ്മാർജ്ജന പ്രശ്നം അടിയന്തര പ്രാധാന്യമുള്ളതുതന്നെയാണെന്ന് ഈ സർക്കാർ മനസ്സിലാക്കുന്നു. ഇന്ന് നടക്കും, ഇന്ന് നടക്കുമെന്ന് പറഞ്ഞിരുന്ന ഇച്ഛാശക്തിയില്ലാത്ത ഗവൺമെന്റ് നീട്ടിക്കൊണ്ടുപോയ പല കാര്യങ്ങളും ഇച്ഛാശക്തിയോടുകൂടി നടത്തുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഗെയിൽ പൈപ്പ്ലൈൻ, ദേശീയ പാത, കണ്ണൂർ എയർപോർട്ട്, കോഴിക്കോട് എയർപോർട്ട് ഇതെല്ലാം വ്യക്തമായ കാഴ്ചപ്പാടോടുകൂടി പ്രാവർത്തികമാക്കിയത് ഈ സർക്കാരാണ്. ഒരു സർക്കാരിന് ഇച്ഛാശക്തിയുള്ള ഒരു നേതൃത്വം വേണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ബില്ലിൽ മാത്രം ഒതുങ്ങിനിന്നാണ് സംസാരിക്കേണ്ടത്. എയർപോട്ട്, ഗെയിൽ ഇവയെക്കുറിച്ചൊക്കെ എന്തിനാണ് ഇവിടെ പറയുന്നത്. ഇത് ശരിയല്ല. ഇന്ന് മൂന്ന് ബിൽ പാസ്സാക്കാനുണ്ട്. അതുകൂടാതെ അടിയന്തരപ്രമേയവും ചർച്ചയ്ക്ക് എടുക്കുന്നുണ്ട്.

<u>മി. ചെയർമാൻ</u>: കഴിയുന്നത്ര ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: അങ്ങനെയല്ല, ബില്ലിൽ ഒതുങ്ങിനിന്ന് മാത്രമേ സംസാരിക്കാൻ പാടുള്ളൂ എന്നതാണ് നിയമം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ഇവിടെ ആരെല്ലാം ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിച്ചെന്ന് എനിക്കറിയാം. അതുകൊണ്ട് മഹാപ്രളയത്തിന്റെ ദുരന്തത്തിൽനിന്നും ആത്മവിശ്വാസത്തോടെ നീന്തിക്കയറി, കരയുകയല്ല ഈ ഗവൺമെന്റ് ചെയ്തത്. എല്ലാവരെയും കൂട്ടുപിടിച്ച് എല്ലാവരുമായും സമവായമുണ്ടാക്കി മതേതര വിശ്വാസത്തോടുകൂടി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോയതുകൊണ്ടാണ് അത്ഭുതകരമായ മാറ്റങ്ങൾ കേരളത്തിലുണ്ടാക്കാൻ കഴിഞ്ഞത്. ഐക്യത്തോടെയും ഇച്ഛാശക്തിയോടെയും നടപ്പുവർഷത്തെ പദ്ധതി നിർവ്വഹണവും വരും

വർഷത്തേയ്ക്കുള്ള പദ്ധതി രൂപീകരണവും ഈ ബില്ലിലൂടെ നടപ്പിലാക്കാൻ കഴിയുന്നു; അത് പറയണ്ടേ? മുനിസിപ്പാലിറ്റികളിൽനിന്നും നേരിട്ടോ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസി മുഖേനയോ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും കഴിയണമെന്നുതന്നെയാണ് ഈ സർക്കാർ പറയുന്നത്. അത് ഇച്ഛാശക്തിയോടുകൂടി നടപ്പിലാക്കും. ആർക്കും അതിലൊരു സംശയവുംവേണ്ട. പദ്ധതി രൂപീകരണവും നിർവ്വഹണവും ഒച്ചുവേഗത്തിൽ നടത്തിയിരുന്ന സർക്കാരാണ് മുമ്പുണ്ടായിരുന്നത്. ആ കാഴ്ചയല്ല ഇപ്പോൾ കാണുന്നത്. എന്തെല്ലാം പ്രകോപനങ്ങളുണ്ടായി; എന്തെല്ലാം പ്രതിഷേധങ്ങളുണ്ടായി; എന്തെല്ലാം പ്രതിസന്ധികളുണ്ടായി; അവയെല്ലാം നീന്തിക്കടക്കുന്ന ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റും നേതൃത്വവും പദ്ധതികൾ ശാസ്ത്രീയമായി നടപ്പിലാക്കുന്ന കാഴ്ചയാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഇതിൽ വേസ്റ്റ് മാനേജ്മെന്റും വരുന്നുവെന്നത് ശ്രദ്ധേയമാണ്. ഒരു പ്ലാറ്റ്ഫോം മാത്രം ചെയ്തതുകൊണ്ടൊന്നും വേസ്റ്റ് മാനേജ്മെന്റ് പൂർത്തിയാവുകയില്ല. എന്തുകൊണ്ട് അന്ന് ശ്രീ. മഞ്ഞളാംകുഴി അലി അതിലൊരു ശാസ്ത്രീയ സമീപനം സ്വീകരിച്ചില്ല. നവകേരള നിർമ്മിതിയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയണം. അതിന് പ്രാധാന്യം കൊടുക്കേണ്ടത് മാലിന്യ സംസ്കരണത്തിനാണ്. അത് ഞാൻ അടിവരയിട്ട് പറയുന്നു. ജാതി പഞ്ചായത്തുകളും നാട്ടുപ്രമാണി പഞ്ചായത്തുകളും കാര്യങ്ങൾ തീരുമാനിക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനമല്ല കേരളമെന്ന് മനസ്സിലാക്കണം. നവകേരള നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങളായി മാത്രമേ ഈ മിഷനുകളെ നോക്കിക്കാണാനാകൂ. ആഗോളവൽക്കരണത്തിന്റെ നീരാളിപ്പിടിത്തത്തിൽനിന്ന് ജനകീയാസൂത്രണം ഉയർത്തിപ്പിടിച്ച വമ്പിച്ച സാദ്ധ്യതകളിലൂടെയാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ഹരിത സംസ്കൃതി തിരിച്ചുപിടിക്കാൻ നമുക്ക് കഴിയണം. ആരോഗ്യ പദ്ധതിയായ 'ആർദ്രം' പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയായ 'ലൈഫ് ' എല്ലാം ലോകത്തിനുതന്നെ മാതൃകയാണ്. ഇതെല്ലാം ജനകീയ വികസന ദൗത്യങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ദിശാബോധം നൽകാൻ പ്രാപ്തമാകുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ:</u> സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ 'ലൈഫ് മിഷൻ' ഉൾപ്പെടെയുള്ള പുതിയ 'നവകേരള മിഷൻ' പ്രവർത്തനങ്ങൾ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു എന്ന് ബഹുമാനപ്പെട്ട ചില അംഗങ്ങൾ പറഞ്ഞു. കേരളത്തിൽ വരുന്ന മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്തതിന്റെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഇവർ പ്രകടിപ്പിക്കുന്നത്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും 'ഹരിതമിഷൻ' ഉൾപ്പെടെയുള്ള കാർഷിക മേഖലയുമെല്ലാം നേരത്തെ ഉണ്ടായിരുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ

ഫണ്ട് ഉപയോഗിച്ച് വേണമെങ്കിൽ പ്രവർത്തിക്കാമെന്നുള്ള നിലപാടിലായിരുന്നു അന്നത്തെ ഗവൺമെന്റ്. ഇപ്പോൾ അവർക്ക് ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കുകയാണ്; അവർ പ്രവർത്തിക്കുകയാണെന്ന് മാത്രമല്ല, ബഡ്ജറ്ററി സപ്പോർട്ട് ഒരുകാലത്തുമില്ലാത്തതുപോലെ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കാനും പൊതുജനാരോഗ്യ കേന്ദ്രങ്ങൾ സംരക്ഷിക്കാനും.........

മി. ചെയർമാൻ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരണം.

ശ്രീ. ജി. എസ്. ജയലാൽ: സർ, ചോദ്യത്തിലേയ്ക്കാണ് വരുന്നത്. കോടിക്കണക്കിന് രൂപ ബഡ്ജറ്ററി സപ്പോർട്ട് കൊടുത്ത് ആയിരക്കണക്കിന് തസ്തികകൾ സൃഷ്ടിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ നടത്തുന്ന ഈ പരിശ്രമത്തെ ഇങ്ങനെ ആക്ഷേപിക്കുന്നത് ശരിയാണെന്ന് തോന്നുന്നുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെയില്ല. അദ്ദേഹത്തോട് പറഞ്ഞിട്ട് കാര്യമില്ല. പ്രളയദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് ആശ്വാസം പകരുന്ന, പ്രതീക്ഷ നൽകുന്ന ഒട്ടേറേ പദ്ധതികൾക്ക് പുതിയ വാർഷിക പദ്ധതിയിൽ മുൻഗണന നൽകുന്നുണ്ട്, അതിലൊന്നാണ് മാലിന്യസംസ്കരണം. സാങ്കേതികമായ ഉള്ളടക്കത്തിലും ദീർഘവീക്ഷണത്തിലും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്ന പദ്ധതികളുമായി മുന്നോട്ടുപോകുമ്പോൾ അതിൽ രാഷ്ട്രീയം കാണരുത്.

ശ്രീ. മുരളി പെരുനെല്ലി: സർ, പ്രതിപക്ഷത്തുനിന്നും സംസാരിക്കുമ്പോൾ 'ലൈഫ് മിഷൻ' പദ്ധതിപ്രകാരം 4 ലക്ഷം രൂപ കൊടുത്തതുകൊണ്ട് അവർ എന്ത് ചെയ്യുമെന്നുള്ള ചോദ്യം ഉയർന്നുവന്നിട്ടുണ്ട്. 4 ലക്ഷത്തിനുപുറമേ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ കുടുംബശ്രീക്കാർക്ക് തൊഴിലടക്കം ഉണ്ടാക്കിക്കൊടുക്കുന്ന വിധത്തിലേയ്ക്ക് സൗജന്യമായി കട്ട നിർമ്മിച്ചുകൊടുക്കുന്ന കാര്യവും അതിന്റെ ഭാഗമായി ഏകദേശം അൻപതിനായിരം രൂപയോളം അവർക്ക് കൂടുതൽ കിട്ടുന്നുണ്ടെന്നുള്ള കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കഴിഞ്ഞ ഗവൺമെന്റ് 2 ലക്ഷം രൂപയാണ് കൊടുത്തത്. ഇപ്പോൾ 4 ലക്ഷം രൂപ കൊടുക്കുന്നുണ്ട്. അതൊരു വലിയ മാറ്റമാണ്. ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, ദുരന്തനിവാരണം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിച്ച്, പ്രാദേശിക ഇടപെടൽ ആശയവ്യക്തതയോടുകൂടി ബോധവൽക്കരണം നടത്തിയെങ്കിൽ മാത്രമേ ഇത് ശാശ്വതമാക്കാൻ കഴിയുള്ളൂവെന്നത് നിങ്ങൾ

മനസ്സിലാക്കണം. ഇവിടെ ചരിത്രവും സംസ്കാരവും അടയാളപ്പെടുത്തുന്നത് എഴുത്തുകാരന്മാരും കലാകാരന്മാരും ജനകീയ നേതാക്കളുമാണ്. മതനിരപേക്ഷത ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞാൽ വികസന പ്രവർത്തനങ്ങളിൽ ആഴവും ആക്കവും കൂടും. മഹാ ദുരന്തങ്ങളെ സമചിത്തതയോടെ നേരിട്ട നമ്മൾ പ്രളയാനന്തര പുനർനിർമ്മാണം സർഗ്ഗാത്മകമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ മാലിന്യ സംസ്കരണം എവിടെയും ഒരു കീറാമുട്ടിയാകരുത്. ഇത് ഇടതുപക്ഷത്തിന്റെയോ വലതുപക്ഷത്തിന്റെയോ പ്രശ്നമല്ല, ജനങ്ങളുടെയും സാധാരണക്കാരുടെയും പ്രശ്നമാണ്. കേരള മാതൃകയെ പുച്ഛിക്കുകയും ജപ ഘോഷയാത്ര സംഘടിപ്പിച്ചും ക്ഷേത്ര വരുമാന സ്രോതസ്സ് നശിപ്പിക്കുകയും ജനങ്ങളിൽ ഭിന്നിപ്പും ജാതീയതയും വളർത്തി മുന്നോട്ടുപോകുന്ന അഭിനവ വിശ്വാസ കോമരങ്ങളെ ജനം തിരിച്ചറിയുമ്പോൾ മാത്രമേ ഇത്തരം കാര്യങ്ങളുമായി നമുക്ക് മുന്നോട്ടുപോകാൻ കഴിയൂ.

<u>മി. ചെയർമാൻ</u>: ഭേദഗതി അവതരിപ്പിച്ചിട്ടില്ല.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, 'ആമയെ ചുടുമ്പോൾ മലർത്തി ചുടണെ രാമനാരായണ' എന്ന് പറയുന്ന ഒരു കാര്യമുണ്ട്. അതാണിവിടെ നടക്കുന്നത്.

<u>മി. ചെയർമാൻ</u>: 10 മിനിറ്റായി ഭേദഗതി അവതരിപ്പിച്ചിട്ടില്ല.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, നല്ല നല്ല കാര്യങ്ങൾ കൊണ്ടുവരുമ്പോൾ നിങ്ങൾ ഒന്നുകിൽ പ്രതിഷേധിക്കും, അല്ലെങ്കിൽ ഇറങ്ങിപ്പോകും, അല്ലെങ്കിൽ സത്യാഗ്രഹം ചെയ്യും, ഇതൊക്കെ മാറി ഒന്നിച്ച് നിൽക്കണം. ഒന്നിച്ച് ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യണം. അതിലൊന്നാണ് മാലിന്യസംസ്കരണം; നമുക്ക് കൂട്ടായി ഒരുമയോടെ ക്രമസമാധാനം പാലിക്കാനും വികസന പ്രക്രിയയിൽ പങ്കാളിയാകാനും ഒന്നിച്ചുനിൽക്കണം. ഒരു വർഗ്ഗീയതയ്ക്കും നുഴഞ്ഞുകയറാനുള്ള ഇടമല്ല കേരളം എന്നുറപ്പിച്ച് പ്രഖ്യാപിക്കാൻ നമുക്കൊന്നിച്ച് കഴിയണം. അഭിനവ വിശ്വാസികൾക്കെതിരെ, സ്ത്രീ സുരക്ഷാ പദ്ധതികൾ അട്ടിമറിക്കുന്നവർക്കെതിരെ, സ്ത്രീകളുടെ പരിപൂർണ്ണ സുരക്ഷിതത്വത്തിന് വേണ്ടിയുള്ള എല്ലാ കരുതലും ഉറപ്പുവരുത്തി സർക്കാർ മുന്നോട്ട് പോകുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അങ്ങ് ഇവിടെ ബില്ലിലെ കാര്യങ്ങൾ പറഞ്ഞതോടൊപ്പം വർഗ്ഗീയ ശക്തികൾക്കെതിരായി ഒരുമിച്ച് നിൽക്കണമെന്നാണ് പറയുന്നത്. ഭരണപരിഷ്കാര കമ്മിറ്റി ചെയർമാൻ സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇന്നലെ പറഞ്ഞത് ഹിന്ദുത്വവാദികളുടെ ആചാരങ്ങൾ പകർത്തലല്ല വർഗ്ഗസമരമെന്നാണ്. അതുപോലെ ജാതി സംഘടനകൾക്കൊപ്പമുള്ള സമരം കമ്മ്യൂണിസ്റ്റ് വിപ്ലവമല്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അങ്ങ് ആ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, അത് നിങ്ങൾക്ക് മനസ്സിലാകാത്തതു കൊണ്ടാണ്.

<u>മി. ചെയർമാൻ:</u> 11 മിനിറ്റ് കഴിഞ്ഞു.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, നമ്മൾ മാലിന്യ സംസ്കരണം എങ്ങനെ നടത്തണമെന്നുള്ളത് തീരുമാനിച്ചാൽ പോരേ? എന്റെ മൂന്ന് പഞ്ചായത്തിലും ഇപ്പോൾ റോസാപ്പൂ ബൊക്കെയാണ് വാങ്ങുന്നത്. പ്ലാസ്റ്റിക്ക് ബൊക്കേ വാങ്ങുന്നത് നിർത്തുകയാണ്. അതിന് മന്ത്രി സാക്ഷിയാണ്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമാണ്" എന്നത് പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ വലിയ വലിയ കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയും. അതിനൊരു ഉദാഹരണം ഞാൻ പറയാം.

<u>മി. ചെയർമാൻ:</u> ഭേദഗതി അവതരിപ്പിക്കേണ്ടേ?

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, ഭേദഗതി പിന്നെയും ചെയ്യാമല്ലോ. എന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്തായ നടുവണ്ണൂരിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് ഹരിത കല്ല്യാണം, ഹരിത ഗൃഹപ്രവേശം തുടങ്ങിയവ നടന്നു കൊണ്ടിരിക്കുകയാണ്. അവിടെയൊന്നും മാലിന്യം ഉണ്ടാകില്ല.

<u>മി. ചെയർമാൻ:</u> പല സ്ഥലത്തും ഇങ്ങനെ നടക്കുന്നുണ്ട്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, വാഴയില, ഈന്തതട്ട, കുരുത്തോല തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള 13 കല്ല്യാണം നടന്നതേയുള്ളൂ. ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി ഇനിയുള്ള രണ്ട് കല്ല്യാണത്തിനും പങ്കെടുക്കാൻ പോകുകയാണ്.

<u>മി. ചെയർമാൻ:</u> ശരി. ഭേദഗതിയിലേയ്ക്ക് വരാം.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, കായംകുളത്ത് ഒരു മുസ്ലീം വീട്ടിൽ ഹരിത കല്ല്യാണം മനോഹരമായി നടത്തി. ഇത് നമ്മുടെ നിത്യ ജീവിതത്തിലുണ്ടാകണം. ഹരിത പ്രോട്ടോക്കോളനുസരിച്ച് ഇതുപോലെ നടത്താൻ നമ്മുടെ എം.എൽ.എ.-മാർക്കും സാധിക്കും.

<u>മി. ചെയർമാൻ:</u> ഇത് കഴിഞ്ഞ് പ്രളയത്തിന്റെ ചർച്ചകൂടിയുണ്ട്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, ഞാൻ കൂടുതൽ പറയുന്നില്ല. അന്തരീക്ഷ മാലിന്യത്തെക്കുറിച്ച് പല അഭിപ്രായങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞപ്പോൾ കുറെനാൾ അതിന്റെ പിന്നാലെയായി. പിന്നെ എവിടെയാണ് വികസന പ്രവർത്തനം നടക്കുക? ഒരാൾ പറഞ്ഞത് ഗവൺമെന്റിനെ

താഴെയിടുമെന്നാണ്. അത് തന്നെ വലിയ മാലിന്യമാണ്. ആ മാലിന്യമാണ് ജനങ്ങളെ പിന്തിരിപ്പിക്കുന്നത്. അവർക്ക് പ്രായോഗികമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള അവസരം കൊടുക്കുന്നില്ല.

മി. ചെയർമാൻ: അങ്ങയുടെ ഭേദഗതി അവതരിപ്പിക്കൂ.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മതനിരപേക്ഷ മനസ്സുകളെ പേടിപ്പിക്കുന്ന ഗുണ്ടാപ്രവർത്തനങ്ങൾ തിരിച്ചറിയണം. സാമൂഹ്യ മനസ്സറിഞ്ഞുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ കഴിവുള്ള ഒരു ഗവൺമെന്റാണിത്. ആ പ്രവർത്തനങ്ങൾ നടത്തുക തന്നെ ചെയ്യും. ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി ശ്രീ. ഇ. കെ. വിജയൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്താകെ ഒരു സാമൂഹികാവബോധം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനം അനിവാര്യമാണെന്ന ബോധ്യം കുട്ടികളിൽവരെ എത്തിക്കാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായാണ് പരിസ്ഥിതി സംരക്ഷണത്തിനും ശുചിത്വ പ്രവർത്തനത്തിനുമുള്ള ഇന്ത്യാ ടുഡേയുടെ സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ് കോൺക്ലേവിന്റെ ഈ വർഷത്തെ പുരസ്കാരം സംസ്ഥാന സർക്കാരിന് ലഭിച്ചത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കേരളീയ സമൂഹത്തിനുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്. എല്ലാ അംഗങ്ങളും ബില്ലിൽ മാത്രം ഒതുങ്ങിനിന്ന് സംസാരിക്കുന്നതുകൊണ്ട് ഞാനും അതിനപ്പുറത്തേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. യഥാർത്ഥത്തിൽ ഇന്നത്തെ കേരളീയ സാഹചര്യത്തിൽ നമ്മുടെ സമൂഹത്തിലുണ്ടായ പ്രശ്നങ്ങൾ പറയേണ്ടതുണ്ടെന്ന രാഷ്ട്രീയബോധം എനിക്കുണ്ടെങ്കിൽപ്പോലും ഞാൻ അതിന് തുനിയുന്നില്ല. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ എങ്ങനെ വികസന പ്രവർത്തനങ്ങൾ നടത്താമെന്ന ശാസ്ത്രീയ കാഴ്ചപ്പാടും ആസൂത്രണവും ഓരോ തദ്ദേശ സ്ഥാപനത്തിനുമുണ്ടാകണം. പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ സംസ്ഥാന സർക്കാർ നൽകുകയുള്ളൂ. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവുമായ പ്രത്യേകതകൾ കണക്കിലെടുത്താകണം അവിടത്തെ പ്രാദേശിക ആസൂത്രണം നടത്തേണ്ടത്. കഴിഞ്ഞ ഗവൺമെന്റ് അതിനുള്ള ശ്രമം നടത്തിയെങ്കിലും അത് വേണ്ടരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിരുന്നില്ലെന്ന് ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി നേരത്തെ സൂചിപ്പിച്ചു.

തീർച്ചയായും ഈ ഗവൺമെന്റ് അത് ശക്തമായി മുന്നോട്ട് കൊണ്ടുപോകുമ്പോൾ അതിലൊരു എതിർപ്പ് പ്രതിപക്ഷത്തു നിന്നുണ്ടാവുകയില്ലെന്ന കാഴ്ചപ്പാടാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. അധികാരം കവർന്നെടുക്കുന്ന അവസ്ഥ ഇതിന്റെ പിന്നിലില്ല. ഏതെങ്കിലും പ്രത്യേക ഭരണസമിതികൾക്ക് നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മറ്റ് ചില മേഖലകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് സർക്കാരിന്റെ സഹായത്തോടെ അവിടെയുള്ള മാലിന്യങ്ങൾ സംസ്കരിക്കാൻ എന്തു ചെയ്യാൻ കഴിയുമെന്ന സമീപനമാണ് ഇതിന്റെ ഭാഗമായി ഉയർത്തിക്കൊണ്ടുവരുന്നത്. അല്ലാതെ ഗ്രാമപഞ്ചായത്തുകളുടെയോ ബ്ലോക്ക് പഞ്ചായത്തുകളുടെയോ അധികാരങ്ങളെടുത്ത് ഗവൺമെന്റ് നേരിട്ട് ആ പ്രശ്നത്തിലേയ്ക്ക് ഇടപെടുക എന്നുള്ളതല്ല. പൊതുസമൂഹത്തിനുവേണ്ടി എങ്ങനെ ആ മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ കഴിയും എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ഭേദഗതി ഈ ബില്ലിലൂടെ ഇവിടെ അവതരിപ്പിക്കുന്നത്. അത് കേരളീയ സമൂഹം ആഗ്രഹിക്കുന്നതാണ്. ആളുകൾക്കെല്ലാം നല്ല വൃത്തിയിൽ നടക്കണമെന്നും വൃത്തിയുള്ള വീട് വേണമെന്നുമുള്ള കാഴ്ചപ്പാടുണ്ടെങ്കിൽപ്പോലും മാലിന്യം എങ്ങനെ സംസ്കരിക്കാമെന്നതിനെക്കുറിച്ച് യാതൊരു രൂപരേഖയുമില്ല. ചില മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും നാം അത് പഠിക്കേണ്ടതാണ്. എങ്ങനെ അവരുടെ മാലിന്യങ്ങൾ സംസ്കരിക്കണമെന്ന് അവർ ശീലിച്ചു വരികയാണ്. പട്ടിക്കും പൂച്ചയ്ക്കും ചില പക്ഷികൾക്കും മാലിന്യം എങ്ങനെ മറവുചെയ്യണമെന്ന ധാരണയുണ്ട്. എന്നാൽ അതുപോലുമില്ലാത്ത രീതിയിൽ നാം നമ്മുടെ മാലിന്യം വലിച്ചെറിയുന്ന സംസ്കാരത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. ആരോഗ്യമുള്ള തലമുറയെ സംരക്ഷിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ഗവൺമെന്റ് ഇത്തരമൊരു സമീപനം കൈക്കൊള്ളുന്നത്. തീർച്ചയായും ആ സമീപനത്തെ ഞാൻ എല്ലാ അർത്ഥത്തിലും സ്വാഗതം ചെയ്യുകയാണ്. കേരളാ ഗവൺമെന്റിന്റെ സമീപനത്തിലൂടെ ഹരിത കേരള മിഷന്റെ ഭാഗമായി ഇന്ന് കേരളത്തിൽ എണ്ണിയാൽ തീരാത്തത്ര ചെറുതും വലുതുമായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വരട്ടാർ മുതൽ പരിശോധിച്ചാൽ എണ്ണിയെണ്ണി പറയാൻ സാധിക്കുന്ന പല പദ്ധതികളുമുണ്ട്. അതിന്റെ ഭാഗമായാണ് കേരളത്തിലെ ഏഴ് ജില്ലകളിൽ വലിയ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ പോകുന്നത്. നേരത്തെ ശ്രീ. വി. കെ. സി. മമ്മത് കോയ സൂചിപ്പിച്ചതുപോലെ, കോഴിക്കോട് ജില്ലയിലെ ഞെളിയൻപറമ്പിൽ മാലിന്യ സംസ്കരണ പ്ലാന്റ് ആരംഭിക്കുന്നുണ്ട്. അത് ഒരു പരിശോധനയ്ക്ക് വിധേയമാക്കാം. ഭവിഷ്യത്തുകളോ ദൂഷ്യവശങ്ങളോ ഉണ്ടോയെന്നുള്ള പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ട് കേരളത്തിലാകമാനം വിപുലമായ തോതിൽ ആ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്.

എല്ലാം കേന്ദ്രീകരിച്ചുവേണമെന്ന കാഴ്ചപ്പാട് നമുക്കില്ല. വികേന്ദ്രീകരണം അനിവാര്യമാണ്. പക്ഷെ പിന്നിട്ട വർഷങ്ങളുടെ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് എങ്ങനെ സഹായിക്കണമെന്നും ലോക്കൽ ബോഡികളെ അല്ലെങ്കിൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ എങ്ങനെ സഹായിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നുമുള്ള ഒരാലോചനയാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് നടത്തുന്നത്. അതായത് മാലിന്യമില്ലാത്ത കേരളമുണ്ടാക്കാൻ കേരളീയ സമൂഹമാകെ മുന്നോട്ടുവരണമെന്നതാണ് ലക്ഷ്യമിടുന്നത്. ആ രീതിയിൽ പോകുമ്പോൾ മാത്രമേ മാലിന്യമില്ലാത്ത രീതിയിൽ നാടിനെ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂ. ഒരു രാഷ്ട്രീയ പ്രശ്നം കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1938-ൽ ഇന്ത്യൻ സയൻസ് കോൺഗ്രസിൽ അയച്ച സന്ദേശത്തിൽ ബഹുമാനപ്പെട്ട പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സൂചിപ്പിക്കുകയുണ്ടായി, "ഇന്ത്യയിലെ പട്ടിണി, ദാരിദ്ര്യം, നിരക്ഷരത, ശുചിത്വമില്ലായ്മ, അന്ധവിശ്വാസങ്ങൾ, ജീർണ്ണിച്ച ആചാരങ്ങൾ, ഉപയോഗിക്കപ്പെടാതെ പാഴായിപ്പോകുന്ന വിഭവങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ഉചിതമായ പരിഹാരം കണ്ടെത്താൻ ശാസ്ത്രത്തിനേ കഴിയൂ". ആ വഴിയിലേയ്ക്ക് ശാസ്ത്രീയ നേട്ടങ്ങൾ എങ്ങനെ ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നും മാലിന്യമില്ലാത്ത സമൂഹം എങ്ങനെ പടുത്തുയർത്താമെന്നുമുള്ള പരിശ്രമമാണ് മന്ത്രി ഈ ബില്ലിലൂടെ നടത്തുന്നത്. തീർച്ചയായും കോൺഗ്രസ് അക്കാര്യം ആലോചിക്കേണ്ടതാണ്. നേരത്തെ ശ്രീ. അനിൽ അക്കര സൂചിപ്പിച്ചകാര്യം സ്വാഗതാർഹമാണ്. വൈകിയ വേളയിൽ നമുക്ക് ഒരുമിച്ചുനിന്നുകൊണ്ട് കേരളത്തിൽ മാലിന്യമില്ലാത്ത സാഹചര്യം സൃഷ്ടിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് മുന്നോട്ടുപോകാൻ എല്ലാവരുടെയും സഹായവും പിന്തുണയും അനിവാര്യമാണ്. അതിന് ലോക്കൽ ബോഡികളെ സഹായിക്കാൻ ഗവൺമെന്റ് സർവ്വാത്മനാ സന്നദ്ധമാണ് എന്നതാണ് ഇതിന്റെ ഉള്ളടക്കം. ഈ ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയച്ചുകൊണ്ട് സമ്പൂർണ്ണതയിലെത്തിക്കാൻ കഴിയുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീമതി യു. പ്രതിഭ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും മികച്ച സംസ്ഥാനമായി ഇൻഡ്യയിൽ നിൽക്കുന്ന കേരളം അടുത്തകാലത്ത് വലിയൊരു പ്രകൃതി ദുരന്തത്തെ

അതിജീവിച്ചപ്പോൾ, തുടർന്നുണ്ടായ ചർച്ചയിൽ ഏറ്റവും വലിയ പ്രശ്നമായി കണ്ടത് കേരളം ഒരു ദിവസം വലിച്ചെറിയുന്ന മാലിന്യത്തെക്കുറിച്ചായിരുന്നു. ഈ ഗവൺമെന്റ് അധികാരമേറ്റപ്പോൾ വലിയ ക്യാമ്പയിനായി എടുത്ത് ഗവൺമെന്റ് ആവിഷ്കരിച്ചത് മാലിന്യമുക്ത കേരളം അല്ലെങ്കിൽ ഹരിത കേരളത്തിനുവേണ്ടിയുള്ള പരിപാടികളായിരുന്നു. അതുകൊണ്ടുതന്നെ ഇതുപോലൊരു ഭേദഗതി കൊണ്ടുവരുന്നതിൽ പ്രതിപക്ഷം ചൂണ്ടിക്കാണിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന പൂർണ്ണ ബോധ്യത്തോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്. മാലിന്യസംസ്കരണം വേഗത്തിലാക്കാൻ വേണ്ടിയുള്ള രീതി അവലംബിക്കാൻ മാത്രമാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. തുമ്പൂർമൂഴി മോഡലിനെപ്പറ്റി ഇവിടെയാരും പറഞ്ഞുകേട്ടില്ലെന്ന് ഞാനിവിടെ സംസാരിച്ചുതുടങ്ങിയപ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് എന്നോട് പറയുകയുണ്ടായി. പരിസ്ഥിതി സൗഹാർദ്ദപരമായി എങ്ങനെ ജലം മലിനമാകാതെ സംരക്ഷിക്കാമെന്നും മാലിന്യ സംസ്കരണത്തിൽ മികച്ച മാതൃകകൾ എങ്ങനെ സൃഷ്ടിക്കാമെന്നും അതുകാണുമ്പോൾ നമുക്ക് മനസിലാകും. ചാലക്കുടിയിലെ തുമ്പൂർമൂഴി മാലിന്യ സംസ്കരണ സംവിധാനം ഞാനും കണ്ടതാണ്. അവിടെ ചെന്നാൽ എത്ര മനോഹരമായാണ് അവരത് ചെയ്യുന്നതെന്ന് നമുക്ക് മനസ്സിലാക്കാം. അത്തരം മാതൃകകൾ പലയിടത്തും സൃഷ്ടിക്കാൻ പോകുമ്പോൾ അനാവശ്യമായ തടസ്സങ്ങളുണ്ടാക്കുകയാണ്, നമ്മുടെ മനസ്സിൽ നിന്നും ചിന്തയിൽ നിന്നുമാണ് ആദ്യം മാലിന്യം മാറേണ്ടതെന്ന് എനിക്ക് പലപ്പോഴും തോന്നാറുണ്ട്. എന്നാൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ ഏകദേശം 450 ടൺ മാലിന്യമാണ് ഒരു ദിവസം വലിച്ചെറിയപ്പെടുന്നത്. മാലിന്യത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് പല പരിപാടികളും ഏറ്റെടുക്കുമ്പോൾ അതിൽ യാതൊരു തരത്തിലുള്ള രാഷ്ട്രീയ വേർതിരിവിന്റെയും ആവശ്യമില്ല. ശ്രീ. കെ. എസ്. ശബരീനാഥനെ പ്പോലെയുള്ളവർ ചില ആശങ്കകൾ പറഞ്ഞപ്പോൾ എനിക്ക് അതിശയമാണ് തോന്നിയത്. കാരണം, ഈ ഗവൺമെന്റ് ഒരു പദ്ധതി ഏറ്റെടുത്താൽ അതിൽ ആശങ്കയ്ക്ക് ഒരടിസ്ഥാനവുമില്ല. മറ്റാർക്കുമൊരു ബുദ്ധിമുട്ടില്ലാത്ത തരത്തിലേയ്ക്ക് പദ്ധതി കൃത്യമായി ഇംപ്ലിമെന്റ് ചെയ്യാൻ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുന്നതുതന്നെ ഈ ഗവൺമെന്റിന് കഴിയുമെന്നുള്ളതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന രീതി ഇടതുപക്ഷം നാളിതുവരെ അവലംബിച്ചിട്ടില്ലെന്നുള്ളത് ഇതിലെ ഏറ്റവും ഗുണകരമായ വസ്തുതയായി കാണാം. അതുകൊണ്ട് യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല.

പ്രളയത്തിനുശേഷം ഏറ്റവും കൂടുതൽ വേസ്റ്റ് വന്നത് ഇ-മാലിന്യങ്ങളുടെ രൂപത്തിലായിരുന്നു. ഓഖി വന്നപ്പോഴും മാലിന്യത്തെപ്പറ്റി നമ്മൾ സംസാരിച്ചു. പ്രകൃതി നൽകുന്ന ചില സൂചനകളാണ് പ്രകൃതി ദുരന്തങ്ങളായി പലപ്പോഴും വരുന്നത്. മാലിന്യം തന്നെയാണ് അവിടെയെല്ലാം ചർച്ച ചെയ്യപ്പെടുന്നത്. ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന മറ്റൊരു വിഷയം ക്യാൻസർ രോഗമാണ്. ലോകത്ത് പത്തിൽ മൂന്നുപേർ പ്ലാസ്റ്റിക് മാലിന്യത്തിന് ഇരയായി മരിക്കുമെന്നുള്ള ഭീതിജനകമായ കണക്ക് പുറത്തുവന്നിട്ടുണ്ട്. അതുമാത്രമല്ല, പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും വിഘടിച്ചുപുറത്തുവരുന്ന ചില വാതകങ്ങൾ - കാർബൺ ഡയോക്സൈഡും മെർക്കുറിയും ഇവയൊക്കെ ശ്വാസകോശ രോഗങ്ങൾക്കും അർബുദത്തിനുമൊക്കെ കാരണമാകുന്നുവെന്നുള്ള പഠനറിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്.

സൂപ്പർ മാർക്കറ്റ് സംസ്കാരത്തിലേയ്ക്ക് ഇന്ന് നമ്മുടെ നാട് ഉൾപ്പെടെ മാറിയിട്ടുണ്ട്. പതിനേഴ് മില്യൺ പ്ലാസ്റ്റിക് ബാഗുകളാണ് സൂപ്പർ മാർക്കറ്റ് വഴി പുറത്തേയ്ക്ക് വരുന്നത്. പ്ലാസ്റ്റിക് ഇന്ന് ഒഴിച്ചുകൂടാൻ സാധിക്കാത്ത ഒരു കാര്യമായി മാറിയിരിക്കുകയാണ്. നമ്മുടെ വീട്ടുപകരണങ്ങളടക്കം പ്ലാസ്റ്റിക് കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഒഴിവാക്കാൻ കഴിയുന്നതെല്ലാം നമുക്ക് ഒഴിവാക്കാമെന്ന് ചില അംഗങ്ങൾ ഇവിടെ പറഞ്ഞു. വലിച്ചെറിഞ്ഞതൊക്കെ പെറുക്കിയെടുത്ത് സംസ്കരിക്കാൻ നമുക്ക് കഴിയും. പക്ഷെ ഇനി മാലിന്യം വലിച്ചെറിയാതിരിക്കാൻ വേണ്ടിയുള്ള വലിയ ഇടപെടലാണ് കൂട്ടായി നടത്തേണ്ടത്. നിർഭാഗ്യവശാൽ സംസ്കാരസമ്പന്നരെന്ന് അഭിമാനിക്കുന്ന നമ്മുടെ നാട്ടിൽ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം, മനുഷ്യന്റെ വിസർജ്ജ്യം പോലും സെപ്റ്റിക് ടാങ്കുകളിൽ കൊണ്ടുവന്ന് രാത്രിയുടെ മറവിൽ തോടുകളിലും ജലാശയങ്ങളിലും സമുദ്രങ്ങളിലുമൊക്കെ നിക്ഷേപിക്കുന്ന ഏറ്റവും മോശപ്പെട്ട പ്രവണത ഇന്ന് നിലനിൽക്കുന്നുണ്ട് എന്നുള്ളതാണ്. അത് ഏറ്റവും വലിയ ക്രിമിനൽ കുറ്റമാണ്. രാവിലെ ശ്രീ. പി. ടി. തോമസ് എം.എൽ.എ.-യുടെ സബ്മിഷന് ഗവൺമെന്റ് വളരെ ശക്തമായ നടപടികൾ എടുക്കാൻ തുടങ്ങിയെന്നുള്ള മുഖ്യമന്ത്രിയുടെ വളരെ വ്യക്തമായ മറുപടി വലിയ പ്രതീക്ഷ നൽകുന്ന കാര്യമാണ്. ജലസ്രോതസ്സിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമപ്രകാരം പോലീസ് ഇപ്പോൾ കേസ്സ് എടുത്തുവരുന്നുണ്ട്. പക്ഷെ അവരെ കണ്ടുപിടിക്കുകയെന്നുള്ളത് വളരെ ബുദ്ധിമുട്ടാണ്, കാരണം രാത്രിയുടെ മറവിലാണ് അവർ പലപ്പോഴും വരുന്നത്. എന്നിട്ടുപോലും എറണാകുളം ജില്ലയിൽ 402 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 450 പ്രതികളെ അറസ്റ്റ് ചെയ്തുവെന്നുമുള്ള മറുപടിയാണ് പറഞ്ഞത്.

സ്ഥലമുള്ളവർക്ക് അവരവരുടെ വീടിന്റെ പരിസരത്തുതന്നെ കുറേ മാലിന്യസംസ്കരണം നടത്താൻ കഴിയും. എന്നാൽ ഇപ്പോൾ നമ്മുടെ നാട്ടിലധികവുമുള്ളത് ഫ്ലാറ്റ് സംസ്കാരമാണ്. അതുകൊണ്ടുതന്നെ പുറത്തേയ്ക്ക് വന്നൊരു റിപ്പോർട്ട്, ഫ്ലാറ്റിനോട് ചേർന്നുതന്നെ സെപ്റ്റിക് ടാങ്കുകളും കുടിവെള്ള സ്രോതസ്സുകളുമുണ്ടാകുന്നതുകൊണ്ട് കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി ഉയരുന്നുവെന്നുള്ളത് വളരെയധികം ആശങ്കയുള്ള കാര്യമാണ്. അതൊക്കെ രാവിലെ ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചു, മനുഷ്യൻ ഉപയോഗിക്കുന്ന ഒരുപാട് ഇലക്ട്രോണിക്, ഇലക്ട്രിക് ഉപകരണങ്ങൾ പ്രളയം വന്നതിനുശേഷം മാലിന്യങ്ങളായി കുന്നുകൂടി. നമ്മൾ നിരന്തരം ഉപയോഗിക്കുന്ന ബാറ്ററികൾ, ചീത്തയാകുന്ന ഫോൺ ഇവയെല്ലാം പലപ്പോഴും വീടിന്റെ പുറത്തേയ്ക്ക് വലിച്ചെറിയുന്നു. ഇതെല്ലാം കൂടി വെള്ളപ്പൊക്കക്കാലത്ത് ഒന്നിച്ചുവന്നു. ആ മാലിന്യങ്ങൾ എന്തുചെയ്യണ മെന്നറിയില്ല.ആ അവസരത്തിലാണ് രണ്ടു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നുകൊണ്ട് അല്ലെങ്കിൽ കേന്ദ്രീകൃതമായ ഒരു സ്ഥലം കണ്ടെത്തി അവിടെ മാലിന്യം സംസ്കരിക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ കഴിയുമെന്നുള്ള വലിയ പ്രതീക്ഷയിലേയ്ക്ക് വരുന്നത്.

ഇവിടെ ശ്രീ. സജി ചെറിയാൻ എം.എൽ.എ. ഇരിപ്പുണ്ട്. അദ്ദേഹത്തിനുമുമ്പ് അവിടെ എം.എൽ.എ. ആയിരുന്ന സഖാവ് കെ. കെ. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് വരട്ടാറിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾ - കിലോമീറ്റർ കണക്കിന് പുഴകളും തോടുകളുമൊക്കെ കോടിക്കണക്കിന് രൂപ ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഭംഗിയായി വൃത്തിയാക്കിയിട്ടുണ്ട്. ജനകീയ മാതൃകയിലൂടെ അതൊക്കെ ചെയ്യാൻ വേണ്ടി നടത്തിയിട്ടുള്ള ഒരു ശ്രമമുണ്ട്. അതുപോലെ കോഴിക്കോടുള്ള കനോലി കനാലിന്റെ 11 കിലോമീറ്റർ ജനകീയ പങ്കാളിത്തത്തോടുകൂടി വൃത്തിയാക്കി. പക്ഷെ വൃത്തിയാക്കിയതിനുശേഷം വീണ്ടും അവിടേയ്ക്ക് മാലിന്യമെറിയുന്നുവെന്നുള്ള ഏറ്റവും ദൗർഭാഗ്യകരമായ അവസ്ഥയുണ്ട്. അതുകൊണ്ടാണ് മനുഷ്യനാണ് ആദ്യം മാറേണ്ടതെന്നു ഞാൻ സൂചിപ്പിച്ചത്. ഏറ്റവും കൂടുതൽ ആയുസ്സുണ്ടെന്നു പറയുന്ന ആമ പല തോടുകളിലും ചത്തുപൊങ്ങുന്നുവെന്നാണ് അടുത്ത കാലത്ത് പത്ര റിപ്പോർട്ടുകൾ വരുന്നത്. വളരെ ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതത്തിന്റെ സൂചനയാണോയെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. അതുപോലെ 80 ശതമാനം കിണറുകൾ മലിനപ്പെടുന്നുവെന്നുള്ള റിപ്പോർട്ട് പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഏകദേശം 10000 ടൺ മാലിന്യം പുറത്തേയ്ക്ക് വരുമ്പോൾ 5000 ടൺപോലും സംസ്കരിക്കപ്പെടുന്നില്ല എന്നുള്ള ഏറ്റവും ഖേദകരമായ കാര്യം നിൽക്കുമ്പോൾ കോഴിക്കോട് ഞെളിയംപറമ്പിലെ മാലിന്യപ്ലാന്റിനെക്കുറിച്ച് ഇവിടെ ചർച്ച

ചെയ്യുന്നത് കേട്ടു. വളരെ ഭംഗിയായി തന്നെയാണ് ആ പ്ലാന്റിന്റെ പ്രവർത്തനം നടക്കുന്നത്. ഒരു പക്ഷെ കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റിന്റെ ആദ്യ പദ്ധതി കോഴിക്കോട് ആരംഭിക്കുമ്പോൾ, തുടർന്ന് മറ്റ് പല ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ശ്രമിക്കുമ്പോൾ അത് വെറും മാലിന്യസംസ്കരണമെന്ന് മാത്രമാണ് ഇവിടെ പലരും ചർച്ച ചെയ്തത്. പക്ഷെ ഊർജ്ജോല്പാദനമാണ് ആ പ്ലാന്റിൽ ലക്ഷ്യം വയ്ക്കുന്നതെന്നുള്ള ഏറ്റവും സുപ്രധാനമായ പോയിന്റ് ഇവിടെ പലരും ചർച്ച ചെയ്തു കണ്ടില്ല. അത് ജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊണ്ട് മാലിന്യത്തെ ആദായകരമായിട്ടുള്ള വസ്തുക്കളാക്കി മാറ്റുകയാണ്. ഉദാഹരണത്തിന് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ പ്ലാസ്റ്റിക് ഉപയോഗിച്ചുകൊണ്ട് കുറേയധികം ദൃഢതയുള്ള റോഡുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം, മാലിന്യം സംസ്കരിക്കുമ്പോൾ അല്ലെങ്കിൽ മാലിന്യം സംഭരിക്കുമ്പോൾ അത് എവിടേയ്ക്കാണ് കൊണ്ടുപോകേണ്ടതെന്ന് അറിയാതെ നിൽക്കുന്ന ഒരവസ്ഥ ഉണ്ടായിരുന്നുവെങ്കിൽ ഈയൊരു ഭേദഗതിയിലൂടെ ആ ആശങ്ക പരിഹരിക്കാനാകും. അവർ മാലിന്യം സംഭരിച്ചുതരും, പക്ഷേ അത് സംസ്കരിക്കാൻ അവർക്ക് കഴിയുന്നില്ല. അവിടെ രണ്ടു പഞ്ചായത്തുകൾ അല്ലെങ്കിൽ രണ്ട് മുനിസിപ്പാലിറ്റികൾ ചേർന്നുകൊണ്ട് വലിയൊരു ഇടപെടലാണ് ഈ ഭേദഗതിയിലൂടെ വരാൻ പോകുന്നത്. ഒപ്പം ആശുപത്രികളിൽ നിന്നും വരുന്ന ബയോമെഡിക്കൽ വേസ്റ്റ് അപകടകരമായ രൂപത്തിലേയ്ക്ക് വർദ്ധിച്ചിട്ടുണ്ട്. അതിനൊക്കെ പരിഹാരം കാണാൻ ഇതിലൂടെ കഴിയും. പ്ലാസ്റ്റിക്കിൽ നിന്നും പെട്രോൾ, ഡീസൽ മുതലായവ ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരധികാരവും കവരാതെ തന്നെ ഇത് നടപ്പിലാക്കാൻ സാധിക്കും. നാളിതുവരെ ഇടതുപക്ഷം ഭരിക്കുന്ന കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നതല്ലാതെ അധികാരം കവരുന്ന യാതൊരു കാര്യങ്ങളും ചെയ്തിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചിറകുകൾക്ക് കൂടുതൽ ശക്തി പകരാൻ കഴിയുന്ന ഒരു ഭേദഗതിയായിട്ടായിരിക്കും ഇത് മാറുന്നത്. ഒരുപാട് കണക്കുകൾ വസ്തുതാപരമായി പറയേണ്ട ഒരു വിഷയമാണെങ്കിൽപ്പോലും വളരെ അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയത്തിന്മേൽ ചർച്ച നടക്കേണ്ടതിനാൽ കൂടുതലായി സംസാരിക്കുന്നില്ല. ഞാൻ ഈ ഭേദഗതിയെ പൂർണ്ണമനസ്സോടുകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>മി. സ്പീക്കർ</u>: ഓർഡർ, ഓർഡർ.... നേരത്തെ നിശ്ചയിച്ചുപ്രകാരം അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ച ആരംഭിക്കാവുന്നതാണ്.

1.00 P.M.]

## IX അടിയന്തരപ്രമേയ ചർച്ച

### പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മഹാപ്രളയംകാരണം ജനങ്ങൾ നേരിടുന്ന കഷ്ടപ്പാടുകളും ദുരിതങ്ങളുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാദുരന്തം കേരളത്തിനുമേൽ പെയ്തിറങ്ങിയിട്ട് നൂറു ദിവസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ പുനർനിർമ്മിതിയല്ല, നവകേരളം സൃഷ്ടിക്കുകയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഈ നൂറു ദിവസങ്ങൾക്കുള്ളിൽ കേരളത്തിൽ നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് അടിയന്തരപ്രമേയ ചർച്ചയിൽ ഗൗരവമായ ചർച്ച നടക്കുമെന്ന് കരുതുകയാണ്.

ദുരന്തം കഴിഞ്ഞിട്ട്, യഥാർത്ഥത്തിൽ അതിന്റെ ആഘാതം എത്രയാണെന്ന് പരിശോധിക്കാനുള്ള ഡാമേജ് അസസ്മെന്റും അതിന് എന്ത് ദോഷമുണ്ടായിയെന്ന് അറിയാനുള്ള ഡേറ്റാ കളക്ഷനും നടക്കാത്ത ലോകത്തിലെ ആദ്യത്തെ പ്രദേശം കേരളം ആണെന്നുള്ള ചീത്തപ്പേരാണ് നമുക്ക് കിട്ടിയത്. ഏതെങ്കിലും ഏജൻസി വന്ന് നാശനഷ്ടങ്ങളുടെ കണക്കുകൾ ജില്ല/താലൂക്ക്/പഞ്ചായത്തടിസ്ഥാനത്തിൽ ചോദിച്ചാൽ കൊടുക്കാനുള്ള ഒരു ഡേറ്റയും ഗവൺമെന്റിന്റെ കൈവശമില്ല. 20,000-ലധികം വീടുകൾ തകർന്നു. ഗവൺമെന്റിന്റെ ലിസ്റ്റിൽ 16661 വീടുകളാണ് തകർന്നത്. ഭാഗികമായി തകർന്ന വീടുകളുടെയും മുഴുവനായി തകർന്ന വീടുകളുടെയും കണക്കെടുത്തത് കോളേജ് വിദ്യാർത്ഥികളാണ്. നഷ്ടപരിഹാരം നൽകേണ്ട ലിസ്റ്റിലും വീട് തകർന്നവരുടെ ലിസ്റ്റിലും ഞങ്ങൾ ഉൾപ്പെട്ടിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് നൂറുകണക്കിനാളുകൾ ജനപ്രതിനിധികളായ ഞങ്ങളുടെയെല്ലാം വീടുകളിലും ഓഫീസുകളിലും കയറിയിറങ്ങുകയാണ്. കോളേജ് വിദ്യാർത്ഥികളാണോ തകർന്ന വീടുകളുടെയും ഭാഗികമായി തകർന്ന വീടുകളുടെയും ലിസ്റ്റ് എടുപ്പിക്കേണ്ടത്? എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അഞ്ചാറ്

ഡിപ്പാർട്ടുമെന്റുകൾ കേരളത്തിലില്ലേ? നഷ്ടങ്ങളുടെ കണക്കെടുക്കാൻ ചീഫ് എഞ്ചിനീയർ പോകണ്ടേ; സൂപ്രണ്ടിംഗ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയറും സബ് എഞ്ചിനീയറും ഓവർസീയർമാരും എല്ലാ താലൂക്കുകളിലും നിയോജകമണ്ഡലങ്ങളിലുമുള്ള ഈ സംസ്ഥാനത്ത് തകർന്ന വീടുകളുടെ ലിസ്റ്റെടുക്കാൻ കോളേജ് വിദ്യാർത്ഥികളെയാണ് ഗവൺമെന്റ് പറഞ്ഞുവിട്ടത്. എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ സേവനം ഉപയോഗിക്കാത്തത് എന്തുകൊണ്ടാണ്? 20000-ത്തോളം വീടുകൾ പൂർണ്ണമായും തകർന്നു, താമസയോഗ്യമല്ല. 20000-ത്തോളം കുടുംബങ്ങൾ എവിടെയാണ് താമസിക്കുന്നത്; അവർക്ക് എന്ത് സൗകര്യമാണ് ഒരുക്കി കൊടുത്തിട്ടുള്ളത്; എന്താണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്? കുറച്ചുസ്ഥലത്ത് ഇപ്പോഴും ക്യാമ്പുകൾ തുടരുന്നു, കുറേപ്പേർ ബന്ധുക്കളുടെ വീടുകളിൽ താമസിക്കുന്നു. അമ്മയും മൂന്ന് പെൺകുട്ടികളുമടങ്ങുന്ന ഒരു കുടുംബം ഇന്നലെ എന്നെ കാണാൻ വന്നിരുന്നു. അമ്മയ്ക്ക് സുഖമില്ല, അമ്മ ഒരു വീട്ടിലും മൂന്ന് പെൺകുട്ടികൾ മൂന്ന് വീടുകളിലുമാണ് താമസിക്കുന്നത്. അങ്ങനെ നാല് വീടുകളിലായി ആ കുടുംബം നൂറു ദിവസമായി താമസിക്കുകയാണ്. എന്തെങ്കിലും ഒരു സംവിധാനം ഈ ഗവൺമെന്റ് ഉണ്ടാക്കണ്ടേ? വല്ലവരുടെയും ദയാവായ്പ്പിന് വഴങ്ങി ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടുകളിൽ എത്ര ദിവസം ഈ പാവങ്ങൾ താമസിക്കും. ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ചപ്പോൾ, ഒരു Interim settlement-നെക്കുറിച്ച് എന്തുകൊണ്ട് ഗവൺമെന്റ് ആലോചിച്ചില്ല. ഇവിടെ ആർക്കാണ് നഷ്ടപരിഹാരം കൊടുത്തത്? കുറേ ആളുകൾക്ക് പതിനായിരം രൂപ വച്ച് കൊടുത്തത് ശരിയാണ്. ഇപ്പോഴും അർഹരായ 15 മുതൽ 20 ശതമാനം വരെയുള്ള ആളുകൾക്ക് പതിനായിരം രൂപ കിട്ടിയിട്ടില്ലെന്ന് പറഞ്ഞ് പരാതിയുമായി വില്ലേജ് താലൂക്ക് ഓഫീസുകളിലും ജനപ്രതിനിധികളുടെ വീടുകളിലും കയറിയിറങ്ങി നടക്കുകയാണ്. നൂറു ദിവസമായിട്ടും ഈ പ്രശ്നം തീർക്കാൻ കഴിഞ്ഞിട്ടില്ല. ക്യാമ്പ് കഴിഞ്ഞ് വീട്ടിൽ പോകുമ്പോൾ വീട് നന്നാക്കാൻ വേണ്ടി നൽകേണ്ട തുകയാണ് ഈ പതിനായിരം രൂപ എന്ന് പറയുന്നത്. അത് എത്ര ദിവസം കഴിഞ്ഞിട്ടാണ് കൊടുത്തത് എന്നത് വേറെ പ്രശ്നം. നിങ്ങൾ എന്ത് നഷ്ടപരിഹാരമാണ് കൊടുത്തത്? മത്സ്യത്തൊഴിലാളികളെക്കുറിച്ച് നിഘണ്ടുവിൽ ഇല്ലാത്ത വാക്കുകളുപയോഗിച്ചുവരെ അഭിനന്ദനപ്രവാഹമായിരുന്നു. രക്ഷാപ്രവർത്തനത്തിന് വന്ന മത്സ്യത്തൊഴിലാളികളെക്കുറിച്ച് സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഇവിടെയില്ല. തോണിയും വലയും മത്സ്യബന്ധനോപാധികളും നഷ്ടപ്പെട്ട കേരളത്തിലെ ഏതെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് നയാപൈസയെങ്കിലും നഷ്ടപരിഹാരമായി കൊടുത്തോ ?

കഴിഞ്ഞ നൂറു ദിവസക്കാലമായി മത്സ്യത്തൊഴിലാളികളുടെ വീടുകളിൽ പട്ടിണിയാണ്. രക്ഷാപ്രവർത്തനത്തിനായി തോണികളുമായി വന്ന മത്സ്യത്തൊഴിലാളികളുടെ കേടായ തോണികൾ പോലും ഈ ഗവൺമെന്റ് നന്നാക്കി കൊടുത്തിട്ടില്ല. ഈ നൂറു ദിവസക്കാലം എന്ത് ചെയ്യുകയായിരുന്നു; എന്ത് ഗവേണൻസാണ് കേരളത്തിൽ നടക്കുന്നത്?

മൃഗസംരക്ഷണ വകുപ്പുമന്ത്രിയെ കാണാനില്ല. ആയിരക്കണക്കിന് ആടുമാടുകളാണ് ചത്തൊടുങ്ങിയത്. കോഴിയും താറാവും ചത്തൊടുങ്ങി. ആടിനെയും പശുവിനെയും കറന്നു ഉപജീവനമാർഗ്ഗം നടത്തുന്ന, കുടുംബത്തെ പോറ്റുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ ജീവനോപാധികളെല്ലാം വെള്ളത്തിൽ ഒലിച്ചുപോയി. ആടുമാടുകൾ മുഴുവനും ചത്തൊടുങ്ങി. ആ പാവങ്ങൾ എങ്ങനെയാണ് ജീവിക്കുന്നത്? നൂറുദിവസമായിട്ട് ഒരാൾക്കെങ്കിലും ഈ ഗവൺമെന്റ് നഷ്ടപരിഹാരം കൊടുത്തോ? അവരെല്ലാം പാവങ്ങളിൽ പാവങ്ങളായ, നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുരിതമനുഭവിക്കുന്ന, പശുവിനെ വളർത്തി അതുകൊണ്ട് കുടുംബം കഴിയുന്ന, കുഞ്ഞുങ്ങളെ വളർത്തുന്ന ആ പാവപ്പെട്ട ആർക്കെങ്കിലും ഒരാൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ ?

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെയുണ്ട്. ആവശ്യമായ ഇടപെടലുകളൊക്കെ നടത്തിയതിനെ ഞാൻ സമ്മതിക്കുന്നു. 57000 ഹെക്ടർ കൃഷി നശിച്ചു. ഏത് തോതിലുള്ള നഷ്ടപരിഹാരമാണ് കൊടുത്തത്? സാധാരണ മൺസൂൺ വരുമ്പോൾ ചില നഷ്ടങ്ങളുണ്ടാകും. ആ സമയത്ത് കൊടുക്കുന്ന നഷ്ടപരിഹാരമല്ല കൊടുത്തത്. ഇവിടെ കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കാൻ സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കുമെന്ന് പറഞ്ഞില്ലേ; എവിടെയാണ് സ്പെഷ്യൽ പാക്കേജ് കൊടുത്തത്? മണ്ണിന്റെ texture തന്നെ മാറിയിരിക്കുകയാണ്. അവിടെ കൃഷിയിറക്കാൻ പറ്റുന്നില്ല. എക്കൽ കൂടി, മൂലകങ്ങൾ വർദ്ധിച്ചു, ചിലതിന്റെ ഡെഫിഷ്യൻസിയുണ്ട്. അടുത്ത പ്രാവശ്യം കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

കുട്ടനാട് കേരളത്തിന്റെ നെല്ലറയാണ്. കുട്ടനാട് മുഴുവൻ എത്രയോ ആഴ്ചക്കാലം വെള്ളത്തിലായിരുന്നു. അവിടെ കർഷകർക്ക് നിങ്ങളെന്താണ് കൊടുത്തത്? 16313 ഹെക്ടറിൽ 308.31 കോടി രൂപയുടെ നെൽകൃഷി നശിച്ചതായി കണക്കാക്കുന്നു. ഒരു ഹെക്ടറിൽ ഒന്നര ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്ന് ഗവൺമെന്റ് വിലയിരുത്തിയിട്ട് 13,500 രൂപയാണ് കൊടുത്തത്. എന്ത് സ്പെഷ്യൽ പാക്കേജാണിത്. ഇങ്ങനെയാണോ കർഷകരെ സഹായിക്കുന്നത്. ഈ പാവപ്പെട്ട ആളുകൾക്കൊന്നും നഷ്ടപരിഹാരം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട പതിനായിരക്കണക്കിനാളുകൾ കേരളത്തിലുണ്ട്. പലചരക്ക് കടകൾ, പെട്ടിക്കടകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തുണിക്കടകൾ, മെഡിക്കൽ ഷോപ്പുകൾ, പ്രസ്സുകൾ, വർക്ക്ഷോപ്പുകൾ എണ്ണിയാലൊടുങ്ങാത്ത പാവം മനുഷ്യരുടെ ഉപജീവനമാർഗ്ഗങ്ങൾ മുഴുവൻ തകർന്നു തരിപ്പണമായി. ഗവൺമെന്റ് തലത്തിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ ഇവരിലാരുടെയെങ്കിലും കടയിൽപ്പോയി നിങ്ങൾക്ക് എന്ത് നഷ്ടമുണ്ടായിയെന്ന് ചോദിച്ചോ? നഷ്ടം നിങ്ങൾ കണക്കാക്കിയിട്ടില്ല; 5000 രൂപ മുതൽ 50 കോടി രൂപയുടെ വരെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ പാവങ്ങളെല്ലാം കടത്തിലാണ്. ഓണക്കാലത്ത് പരമാവധി സ്റ്റോക്കുകൾ സൂക്ഷിച്ചുവച്ചു. കടം വാങ്ങിച്ചാണ് സ്റ്റോക്കുകൾ സൂക്ഷിച്ചുവച്ചത്. അത് മുഴുവൻ വെള്ളത്തിൽപ്പോയി. അതുതന്നെ ലോണാണ്. കടക്കെണിയിലാണ് പാവങ്ങൾ. അതിന്റെ മീതെയാണ് ഈ സാധനങ്ങൾ മുഴുവൻ വാങ്ങിച്ചുവച്ചത്. ശ്രീ. പി. ടി. തോമസിന്റെ ഒരു ചോദ്യത്തിന് നൽകിയ മറുപടിയിൽ, പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും അവർക്കുണ്ടായ നാശനഷ്ടങ്ങളുടെയും കണക്ക് ശേഖരിച്ചിട്ടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ഓരോ ഡിപ്പാർട്ടുമെന്റിന്റെയും ജോലി എന്തായിരുന്നു? ഈ നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിക്കാൻ ഒരു ഗവൺമെന്റിന് കഴിഞ്ഞില്ലെങ്കിൽ അതിൽ ഏറ്റവും വലിയ പരാജയമുണ്ടായത് അവിടെയാണ്. ഒന്ന് ആശ്വസിപ്പിക്കാൻ, ഞങ്ങൾ നോക്കട്ടേ, ഞങ്ങൾ സഹായിക്കാം, എന്താണ് നിങ്ങളുടെ നഷ്ടമെന്ന് ചോദിക്കാൻ ഒരു കുഞ്ഞുപോലും ഇവിടെയെങ്ങും ഉണ്ടായിരുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

ഗ്രാമീണ റോഡുകൾ നന്നാക്കാൻ എന്തെങ്കിലും തുക കൊടുത്തോ? മുഴുവൻ റോഡുകളും കുത്തിപ്പൊളിഞ്ഞു കിടക്കുകയാണ്. പ്രളയബാധിത പ്രദേശങ്ങളിലെ ഗ്രാമീണ റോഡുകൾ മുഴുവൻ തകർന്നുതരിപ്പണമായി കിടക്കുകയാണ്. പല പാലങ്ങളും തകർന്നുകിടക്കുകയാണ്, നിങ്ങൾ സഹായിച്ചോ? പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാക്കാൻ എല്ലാ വർഷവും പണം കൊടുക്കുന്നതുപോലെ കൊടുത്തു. പ്രളയത്തിന്റെ ഭാഗമായി തകർന്ന റോഡുകൾ നന്നാക്കാൻ പണം കൊടുത്തോ? തകർന്നുകിടക്കുന്ന പൊതുസ്ഥാപനങ്ങളുടെ മെയിന്റനൻസ് നടത്താൻ പണം കൊടുത്തോ ?

ഇവിടെ പ്രഖ്യാപനങ്ങൾക്ക് ഒരു പഞ്ഞവും ഉണ്ടായിട്ടില്ല. ചെറുകിട വ്യാപാരികൾക്ക് പത്ത് ലക്ഷം രൂപയുടെ ബാങ്ക് ലോൺ നൽകുമെന്ന് പറഞ്ഞു. കേരളത്തിലെ ഏതെങ്കിലും മുഖ്യധാരാ ബാങ്ക്, പാവപ്പെട്ട ചെറുകിട വ്യാപാരിക്ക് ആയിരം രൂപയെങ്കിലും ലോണായി കൊടുത്തിട്ടുണ്ടോ? ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടാൻപോലും ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. കേരളത്തിന്റെ സി.ഡി.

ratio-യെക്കുറിച്ച് നമുക്കറിയാം. ഈ ബാങ്കുകളിൽ കേരളത്തിന്റെ നിക്ഷേപം എന്താണെന്ന് നമുക്കറിയാം. ഇത്രമാത്രം മലയാളികളുടെ നിക്ഷേപമുള്ള ബാങ്കുകൾ, ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാദുരന്തം വന്നിട്ട്, കേരളത്തിലെ സാധാരണക്കാരനെ സഹായിക്കാൻ ഒരു രൂപപോലും ലോൺ കൊടുക്കാതിരുന്നപ്പോൾ നിങ്ങൾ അത് ചെയ്യരുത്, നിങ്ങളത് ചെയ്താൽ കേരളം ഒറ്റക്കെട്ടായി നിന്ന് മുഖ്യധാര ബാങ്കുകളിൽ നിന്ന് നിക്ഷേപം പിൻവലിക്കാൻ തയ്യാറാകുമെന്ന് അവരുടെ മുഖത്തു വിരൽ ചൂണ്ടി പറയാൻ ധൈര്യമുള്ള ഭരണനേതൃത്വം കേരളത്തിന് ഉണ്ടായിരുന്നോ? നിങ്ങൾ എന്ത് മീറ്റിംഗാണ് കൂടിയത്; ആർക്കാണ് ലോൺ കിട്ടിയത്; ഏതെങ്കിലും ബാങ്ക് ലോൺ കൊടുത്തോ? മോറട്ടോറിയം അനുവദിച്ച് റീ സ്ട്രക്ച്ചർ ചെയ്തപ്പോൾ പ്രളയബാധിതരായ പല ആളുകൾക്കും ഇൻഷ്വറൻസ് കിട്ടിയ തുകക്കൂടി ബാങ്കിലേയ്ക്കെടുത്തു. അവർക്ക് ഇൻഷ്വറൻസ് തുക കൊടുത്തില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതൊക്കെ പരിശോധിക്കണ്ടേ? ബാങ്കേഴ്സ് മീറ്റിംഗിന്റെ സർക്കുലറിൽ പറഞ്ഞിരിക്കുന്ന ബാങ്കേഴ്സ് കമ്മിറ്റി ഏതാണ്? പാവപ്പെട്ടവന് ലഭിക്കുന്ന ഇൻഷ്വറൻസ് തുക അവന്റെ ലോണിൽ അഡ്ജസ്റ്റ് ചെയ്യാൻ സർക്കുലറിൽ എഴുതിവച്ചിരിക്കുകയാണ്. അതൊക്കെ ചോദിക്കാൻ ഇവിടെ സർക്കാരുണ്ടായിരുന്നോ? വീട്ടുപകരണങ്ങൾ വാങ്ങാൻ എല്ലാവർക്കും ലോൺ കൊടുക്കുമെന്നാണ് ആദ്യം പറഞ്ഞത്. പിന്നെ അത് മാറ്റി കുടുംബശ്രീയെയാക്കി. കുടുംബശ്രീ ലോണിന്റെ നിബന്ധന വായിച്ചാൽ ആർക്കാണ് അത് കിട്ടുന്നത്? എത്രപേർക്ക് കിട്ടി? മൂന്നിലൊന്ന് ആളുകൾക്ക് കൊടുക്കാൻ കഴിഞ്ഞോ? പരമാവധി 10 ലക്ഷം രൂപവരെയാണ്. സജീവമായി പ്രവർത്തിക്കുന്ന മിക്കവാറും എല്ലാ കുടുംബശ്രീകളും 5 മുതൽ 8 ലക്ഷം വരെ ലോൺ എടുത്തിട്ടുണ്ട്. പിന്നെ കിട്ടുന്നത് രണ്ടോ മൂന്നോ ലക്ഷം രൂപ മാത്രമാണ്. കുടുംബശ്രീയിൽ ആകെ 20 പേരുണ്ടെങ്കിൽ അതിൽ 5 പേർക്കുമാത്രം പണം മതിയെങ്കിലും ബാക്കി 15 പേരും അത് തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത ഏറ്റെടുക്കണമെന്ന് പറഞ്ഞപ്പോൾ അവിടെ അടിയായി. 5 പേരുടെ ബാദ്ധ്യത ബാക്കി 15 പേരും ഏറ്റെടുക്കുമോ? കുടുംബശ്രീ ലോണൊന്നും സത്യസന്ധമായി നടത്തണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ചെയ്തതല്ല. കുടുംബശ്രീയിൽ ഇല്ലാത്ത ബാക്കിയുള്ളവർ സാധനങ്ങൾ വാങ്ങാൻ എന്തുചെയ്യും? ജീവിതകാലത്തുണ്ടാക്കിയ എല്ലാ സമ്പാദ്യങ്ങളും വെള്ളത്തിൽ ഒലിച്ചുപോയി. അറുപതിനായിരത്തോളം കുടുംബങ്ങളുള്ള എന്റെ മണ്ഡലത്തെ പ്രതിനിധീകരിച്ചാണ് ഞാനിവിടെ നിൽക്കുന്നത്. വീടുകളിൽ ഒന്നും ബാക്കിയില്ല. അതൊക്കെ എവിടെനിന്ന് വാങ്ങും? ബാങ്ക് ലോൺ തരില്ല, ഒരു സഹായവുമില്ല. വെഹിക്കിൾ ഇൻഷ്വറൻസ് കമ്പനികളും വാഹന ഡീലർമാരുംകൂടി വാഹന ഉടമകളെ

കബളിപ്പിച്ചത് സർക്കാർ സാക്ഷിയായി നോക്കിനിന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നുവരുന്ന വാഹന ഉടമകൾ കൊച്ചിയിലും മറ്റ് പല സ്ഥലങ്ങളിലും ക്യാമ്പ് ചെയ്ത് നിസ്സാര വിലയ്ക്ക് ഇവിടത്തെ പാവപ്പെട്ടവരുടെ വെള്ളം കയറിയ വാഹനങ്ങൾ അടിച്ചുകൊണ്ടുപോയി. ഗവൺമെന്റിന്റെ റോൾ എന്തായിരുന്നു? ഇൻഷ്വറൻസ് കമ്പനികളും ഡീലർമാരും ചേർന്ന് നടത്തുന്ന തട്ടിപ്പാണെന്ന് ഞങ്ങൾ പല പ്രാവശ്യം പറഞ്ഞു. ഗവൺമെന്റ് അതിൽ ഇടപെടണ്ടേ? ജനങ്ങൾ പ്രതിസന്ധിയിലാകുമ്പോഴാണ് അവർ തെരഞ്ഞെടുക്കുന്ന ഗവൺമെന്റിന്റെ സാന്നിദ്ധ്യം അവർ ആഗ്രഹിക്കുന്നത്. അങ്ങനെയൊരു ഗവൺമെന്റിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നോ?

നവകേരളമെന്ന് പറയുന്നത് എന്താണ്? നവകേരളത്തിന് മാസ്റ്റർ പ്ലാനോ ആക്ഷൻ പ്ലാനോ ഉണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഇവിടെയുണ്ട്. അത് വായിച്ചാൽ ചിരി വരും. അതിലെ പ്രഖ്യാപനങ്ങൾ എന്തൊക്കെയായിരുന്നു? മലപ്പുറം കത്തി, Remote control device, Multi sector work, Crowd funding, Advisory council, High Level Empowered Committee, Re-build Kerala Initiative Implementing Committee, Re-build Kerala Initiative Secretariat, വകുപ്പുതല സമിതികൾ, ജില്ലാതല സമിതികൾ ഇവയെല്ലാം എന്തിനാണ്? എന്നിട്ട് എന്താണ് ചെയ്തത്? ഒരു ഇന്റർനാഷണൽ ഏജൻസി (NGO) 500 വീടുകൾ വയ്ക്കാമെന്ന ഓഫറുമായി വന്നു. ഒരു വീടിന് 5 ലക്ഷം രൂപയെന്ന ഒറ്റ ഡിമാന്റേയുള്ളൂ. ഒരു ലക്ഷം രൂപ സർക്കാർ തരണം. അവർ 4 ലക്ഷം രൂപ കൊടുക്കും. നിങ്ങൾ ആദ്യം തുക തരണ്ട; അവസാനം തന്നാൽ മതി. അതായത് 20 കോടി രൂപ അവർ മുടക്കും. 5 കോടി രൂപ സർക്കാർ തന്നാൽ മതി. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ചപ്പോൾ അദ്ദേഹം ഇടപെട്ടു. ഒന്നര മാസമായി അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലും RKI-യുടെ ഓഫീസിലും കയറിയിറങ്ങി നടക്കുകയാണ്. ഇതുവരെ അവർക്ക് സാംഗ്ഷൻ കൊടുത്തിട്ടില്ല. അവർ വേറെ രാജ്യങ്ങളിലേയ്ക്ക് പോകുമെന്ന് ഞാൻ പറഞ്ഞു. പൈസയില്ലാത്ത സമയത്ത് 500 വീടിന് 20 കോടി രൂപ കിട്ടുന്നതാണ്. പിന്നെ ഈ കമ്മിറ്റിയൊക്കെ എന്തിനാണ്? ഇതെല്ലാം ആരെ കാണിക്കാനാണ്? നിങ്ങളുടെ കണക്ക് പ്രകാരം കേരളത്തെ പുനർനിർമ്മിക്കാൻ 31,000 കോടി രൂപവേണം. നവകേരളത്തിന് വേറെ തുക കണ്ടെത്തണം. പുനർനിർമ്മിതി കഴിഞ്ഞിട്ടാണ് നവകേരള നിർമ്മാണം. ഇപ്പോൾ കിട്ടിയത് എത്രയാണ്? സി.എം.ഡി.ആർ.എഫ്.-ലും ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിലും കേന്ദ്രസർക്കാർ നൽകിയ 600 കോടി രൂപയുമടക്കം 4385 കോടി രൂപ. അതിൽ ഇന്നലെ രാത്രി വരെ ആകെ ചെലവാക്കിയിരിക്കുന്നത്

592 കോടി രൂപയാണ്. ചെലവാക്കാൻ ബുദ്ധിമുട്ട് എന്താണ്? ചെലവാക്കാനുള്ള വഴിയൊന്നും ഉണ്ടായിരുന്നില്ലേ? നഷ്ടപരിഹാരം തേടി ജനങ്ങൾ നിൽക്കുമ്പോൾ ഈ 4385 കോടി രൂപ കയ്യിൽ കിട്ടിയിട്ട് 592 കോടി രൂപയാണോ ഇതുവരെ ചെലവാക്കിയത്. കിട്ടിയതിന്റെ എട്ടിലൊന്നുപോലും ചെലവാക്കിയിട്ടില്ല. ഇനി കിട്ടാൻ പോകുന്നതോ? കേന്ദ്രഗവൺമെന്റ് കുറച്ചുകൂടി തുക നൽകിയാലോ? ആറായിരമോ ഏഴായിരമോ കോടിരൂപ വരും. നമുക്കാവശ്യമുള്ളതിന്റെ അഞ്ചിലൊന്നുപോലും ധനസമാഹരണ മില്ലാത്തതാണ്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുന്നു, അങ്ങയുടെ ബഡ്ജറ്റ് വരാൻ പോവുകയാണ്. ഈ 7000 കോടി രൂപ കഴിഞ്ഞാൽ ബാക്കിയുള്ള 24,000 കോടി രൂപ അങ്ങ് സംസ്ഥാന ബഡ്ജറ്റിൽ വയ്ക്കുമോ? അങ്ങനെ വയ്ക്കാൻ കഴിയുമോ? മന്ത്രിമാരുടെ വിദേശ യാത്രയും ക്രൗഡ് ഫണ്ടിംഗുമൊന്നും ശരിയായില്ല. മുഖ്യമന്ത്രി മാത്രമാണ് വിദേശത്ത് പോയത്. UAE-ൽ നിന്ന് 300 കോടി രൂപയുടെ ഓഫർ മുഖ്യമന്ത്രിക്ക് കിട്ടിയെന്നാണ് പറഞ്ഞത്. അത് കിട്ടുമായിരിക്കാം. മുഖ്യമന്ത്രി UAE-ൽ പോയി തിരിച്ചുവന്നിട്ട് ഒരു മാസം കഴിഞ്ഞു. UAE-ൽ നിന്ന് കിട്ടിയ ഓഫറിന്റെ എത്ര ശതമാനം തുക അങ്ങേയ്ക്ക് ഇതുവരെ കിട്ടിയെന്ന് അങ്ങ് പറയണം. ഇനി ഈ ദുരന്തം ആവർത്തിക്കപ്പെടരുത്. അടുത്തവർഷമാകുമ്പോൾ ഇത് വീണ്ടും വരുമോയെന്ന് ജനങ്ങൾ ഇപ്പോഴും ചോദിക്കുന്നു. ഈ ദുരന്തം ആവർത്തിക്കാതിരിക്കാൻ, ഈ ദുരന്തത്തെ തടുത്തുനിർത്താൻ, അതിന്റെ ആഘാതം കുറയ്ക്കാൻ നമുക്കൊരു Risk Mitigation Plan വേണം. അതുപോലും ഗവൺമെന്റ് ഗൗരവതരമായി ആലോചിച്ചിട്ടില്ല. ഇത് നമ്മുടെ തലയ്ക്കുമീതെ പെയ്തിറങ്ങിയ മാൻ മെയ്ഡ് ഡിസാസ്റ്ററാണെന്ന് ഞാൻ നിയമസഭയിൽ പറഞ്ഞപ്പോൾ മുഖ്യമന്ത്രി എന്നെ പരിഹസിച്ചു. പക്ഷേ ഞാൻ പറഞ്ഞതിനുശേഷം എത്രപേർ കേരളത്തിൽ ഇക്കാര്യം പറഞ്ഞു. ഇത് മാൻ മെയ്ഡ് ഡിസാസ്റ്ററാണെന്ന് മെട്രോ ശ്രീധരനടക്കം പ്രൈവറ്റായിട്ടുള്ള എത്രയോ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടുകൾ പറഞ്ഞു. ഇത് പരിഹരിക്കാനാണ് നവകേരള നിർമ്മിതിയെക്കുറിച്ച് പറഞ്ഞത്. ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് കൂടി വായിച്ചാൽ അത് ആത്മാർത്ഥതയില്ലാത്ത, കാപട്യം നിറഞ്ഞ, അർത്ഥമില്ലാത്ത വെറും നിർമ്മിതിയാണ് അങ്ങയുടെ നവകേരളമെന്ന് വ്യക്തമാണ്. അതുകൊണ്ട് ഈ പാവങ്ങളെയും ദുരിതമനുഭവിക്കുന്നവരെയും സഹായിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

<u>മി. സ്പീക്കർ</u>: പ്രമേയാവതാരകൻ രണ്ട് മിനിട്ട് അധികമെടുത്തിട്ടുണ്ട്. ഇനി ആർക്കും അതനുവദിക്കാൻ സാദ്ധ്യമല്ല.

ശ്രീ. സജി ചെറിയാൻ: സർ, സമാനതകളില്ലാത്ത പ്രളയത്തെ സമാനതകളില്ലാത്ത ഈ ഗവൺമെന്റിന്റെ ഇടപെടൽകൊണ്ട് പതിനായിരക്കണക്കിന് മനുഷ്യരുടെ ജീവനും ജീവിതവും സംരക്ഷിച്ച ഈ ഗവൺമെന്റിനെയും മുഖ്യമന്ത്രിയേയും ഞാൻ ആദ്യം തന്നെ അഭിനന്ദിക്കുകയാണ്. എന്റെ പ്രിയപ്പെട്ട സുഹൃത്ത് അദ്ദേഹം നല്ലൊരു രാഷ്ട്രീയ പ്രവർത്തകനായതുകൊണ്ടും മതനിരപേക്ഷതയ്ക്കുവേണ്ടി കോൺഗ്രസിനുവേണ്ടി വാദിക്കുന്ന ഒരാളെന്ന നിലയിൽ ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം വസ്തുതകൾ മനസ്സിലാക്കാതെയാണെന്ന് എനിക്ക് തോന്നുന്നു. ഇവിടെ ഞാൻ ചോദിച്ച ഒരു ചോദ്യവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃത്യമായ മറുപടി നൽകുകയുണ്ടായി. ആ സമയത്ത് ബി.ജെ.പി-യുടെ സമരത്തെ ശക്തിപ്പെടുത്താൻ നിയമസഭ ബഹിഷ്കരിച്ച് യു.ഡി.എഫ് അംഗങ്ങൾ പോയതുകൊണ്ടാണ് അതിന്റെ വസ്തുത മനസ്സിലാക്കാൻ സാധിക്കാതെ പോയത്. 100 വർഷത്തിനുശേഷമുള്ള ഏറ്റവും വലിയൊരു പ്രളയമാണുണ്ടായത്. ആഗസ്റ്റ് മാസം 12, 13, 14 തീയതികളിലായി ഉണ്ടായ ഈ പ്രളയത്തെ ഗവൺമെന്റിന്റെ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് നേരിടുന്നതിൽ അന്ന് മുതൽ ഇന്ന് വരെ ഈ ഗവൺമെന്റ് വിജയകരമായ ഉത്തരവാദിത്വം നിർവ്വഹിച്ചുവെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ദുരന്തമുഖത്തുനിന്നുവരുന്ന ഒരു വ്യക്തിയാണ് ഞാൻ. 15-ാം തീയതി രാവിലെ 5 മണിക്കുതന്നെ ഗവൺമെന്റിന്റെ അറിയിപ്പ് എനിക്ക് ലഭിച്ചു. ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. ജി. സുധാകരന്റെയും ഡോ. ടി. എം. തോമസ് ഐസക്കിന്റെയും നേതൃത്വത്തിൽ ഒരു ലക്ഷം ആളുകളെയാണ് മാറ്റിപ്പാർപ്പിച്ചത്. എന്റെ മണ്ഡലത്തിൽ പതിനയ്യായിരത്തോളം ആളുകളെ മാറ്റിപ്പാർപ്പിച്ചു. ഗവൺമെന്റിന്റെ അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി ആയിരക്കണക്കിന് ജീവനുകൾ രക്ഷിക്കാൻ കഴിഞ്ഞു. തുടർന്നുള്ള സമയങ്ങളിൽ മുഖ്യമന്ത്രി, വകുപ്പുമന്ത്രിമാർ, എം.എൽ.എ.-മാർ, ഗവൺമെന്റ് ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളികൾ, സന്നദ്ധസംഘടനകളടക്കം നടത്തിയ ശ്ലാഘനീയമായ രക്ഷാപ്രവർത്തനത്തിന്റെ ഫലമായി എന്റെ മണ്ഡലത്തിൽമാത്രം രണ്ടര ലക്ഷം ആളുകളെ രക്ഷിക്കാൻ കഴിഞ്ഞു. കേരളത്തിലെ 16 ലക്ഷത്തോളം ആളുകളെ ക്യാമ്പുകളിലെത്തിക്കാനും രക്ഷിക്കാനും കഴിഞ്ഞു. എന്റെ മണ്ഡലത്തിൽ വലിയ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. വൈദ്യുതി, മൊബൈൽ സംവിധാനം പാടെ തകർന്നു. കേരളത്തിലാകെ 435 സഹോദരങ്ങൾ മരിച്ചു. എന്റെ മണ്ഡലത്തിൽ

11 ആളുകൾ മരിച്ചു. സമ്പാദ്യങ്ങൾ പലതും നഷ്ടപ്പെട്ടു. 26,718 കോടി രൂപയുടെ നഷ്ടമുണ്ടെന്ന് ഐക്യരാഷ്ട്ര സമിതി നിയോഗിച്ച ഏജൻസി കണ്ടെത്തുകയും 31,000 കോടി രൂപയുടെ പുനർനിർമ്മാണവും ആവശ്യമാണെന്നും പറഞ്ഞിരിക്കുന്നു. വീടുകൾ, കൃഷിയിടങ്ങൾ, വളർത്തുമൃഗങ്ങൾ, വാഹനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, റോഡുകൾ, പാലങ്ങൾ, ടൂറിസം പദ്ധതികൾ എന്നിങ്ങനെ പലതും തകർന്നിട്ടുണ്ട്. ഈ സന്ദർഭത്തിൽ നടത്തിയ ക്യാമ്പുകളിലേയ്ക്ക് 16 ലക്ഷത്തോളം ജനങ്ങൾ വന്നു. രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാരിന്റെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചു എന്നത് എടുത്തുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

മന്ത്രിമാർക്ക് കൃത്യമായി ജില്ലകളുടെ ചുമതല കൊടുത്തു. എന്റെ ജില്ലയിൽ ചുമതല കൊടുത്ത ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. ജി. സുധാകരൻ, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. പി. തിലോത്തമൻ എന്നീ മൂന്നുപേരും ദുരന്തമുഖത്ത് ക്യാമ്പ് ചെയ്ത് രക്ഷാപ്രവർത്തനത്തിന് നേതൃത്വം കൊടുത്തു. പ്രളയകേന്ദ്രങ്ങളിൽ മന്ത്രിമാർ നേരിട്ടെത്തി എല്ലാ സഹായങ്ങളും ചെയ്തു. മുഖ്യമന്ത്രി അടക്കമുള്ള ഭൂരിപക്ഷം മന്ത്രിമാരും ദുരന്തമുഖത്ത് നേരിട്ടെത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു. ഉദ്യോഗസ്ഥതലത്തിലുള്ള എല്ലാ സംവിധാനങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചു. കേരളത്തിലെ എല്ലാ പ്രധാന ഉദ്യോഗസ്ഥരെയും പ്രത്യേകമായി നിയോഗിക്കുകയും അവർ ദിവസങ്ങളോളം താമസിച്ച് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. പോലീസ്, ഫയർ ഫോഴ്സ്, ഫിഷറീസ്, റവന്യൂ, കൃഷി, പഞ്ചായത്ത്, ആരോഗ്യം, ഭക്ഷ്യം, കെ.എസ്.ഇ.ബി., പി.ഡബ്ല്യൂ.ഡി., ധനകാര്യം അടക്കം എല്ലാ വകുപ്പുകളും സമാനതകളില്ലാത്ത ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് നടത്തിയത്. 5645 ക്യാമ്പുകളിലായി 16 ലക്ഷം ആളുകൾ വന്നു. എന്റെ മണ്ഡലത്തിൽ മാത്രം 750 ക്യാമ്പുകളുണ്ടായിരുന്നു. 1.50 ലക്ഷം ആളുകളെത്തി. Army, Navy, Airforce എന്നിവരുടെയും മറ്റ് സംസ്ഥാനങ്ങളിലെ വിവിധ force കളുടെയും സഹായവും ലഭിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ സഹായം ലഭിച്ചത് മത്സ്യത്തൊഴിലാളികളിൽ നിന്നാണ്. ജീവൻ പണയം വച്ച് ഇവർ നടത്തിയ പ്രവർത്തനം കേരളം എന്നും ഓർക്കും. അവർക്ക് Big salute കൊടുക്കുകയാണ്. കൂടാതെ ഒറ്റപ്പെട്ട സ്ഥലങ്ങളിലുള്ള ലക്ഷക്കണക്കിന് ആളുകൾക്ക് പ്രത്യേക സഹായങ്ങൾ, മത്സ്യത്തൊഴിലാളികളും സന്നദ്ധ സംഘടനകളും നടത്തുകയുണ്ടായി. ഈ നിലയിൽ സമാനതകളില്ലാത്ത പ്രവർത്തനമാണ് ഇവിടെ നടന്നത്.

വെള്ളം ഇറങ്ങിയതിനുശേഷം പൊതുവഴികൾ, വീടുകൾ, വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങൾ, ദേവാലയങ്ങളടക്കം എല്ലാ കേന്ദ്രങ്ങളിലും ആയിരക്കണക്കിന് സന്നദ്ധപ്രവർത്തകർ പങ്കെടുത്ത് ശുചീകരണ പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് നേതൃത്വം കൊടുത്തു. ക്ലീൻ കേരള മിഷന്റെ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ ശുചീകരണ പ്രവർത്തനങ്ങൾക്ക് കോടിക്കണക്കിന് രൂപ സർക്കാർ ചെലവഴിച്ചു. ജീവൻ രക്ഷിക്കുന്നതിന് കോടിക്കണക്കിന് രൂപ ചെലവിൽ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. ഭംഗിയായും ഫലപ്രദമായും ലക്ഷക്കണക്കിന് ആളുകളെ ക്യാമ്പിൽ പാർപ്പിച്ച് സംരക്ഷിച്ചു. ക്യാമ്പിലുള്ളവർക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് ഉടങ്ങിയ സംവിധാനങ്ങൾ കൃത്യമായൊരുക്കി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സമാന്തര ആരോഗ്യ കേന്ദ്രങ്ങളൊരുക്കി. മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപവീതം അനുവദിച്ചു. 389 കുടുംബങ്ങൾക്ക് ഇതിനോടകം സഹായം നൽകിക്കഴിഞ്ഞു. ക്യാമ്പുകളിൽനിന്ന് വീടുകളിലേയ്ക്ക് പോയവർക്ക് 1,000 രൂപ വീതം വിലവരുന്ന കിറ്റുകൾ കൊടുത്തുവിട്ടു. 6,80,000 (ആറ് ലക്ഷത്തി എൺപതിനായിരം) പേർക്ക് 10,000 രൂപ വീതം കൊടുത്തുകഴിഞ്ഞു. പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേക കിറ്റ് കൂടാതെ അധിക സഹായമായി 324048 കുടുംബങ്ങൾക്ക് 5,000 രൂപവീതം നൽകി. മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപ്പെട്ട വള്ളങ്ങളും മോട്ടോറുകളും റിപ്പയർ ചെയ്തും പുതിയവ വാങ്ങിക്കൊടുത്തതുമായ വിവരങ്ങൾ ശ്രീ. വി. ഡി. സതീശൻ അറിഞ്ഞില്ലെങ്കിൽ അങ്ങനെ കൊടുത്തുവെന്ന കാര്യം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രളയത്തിന്റെ ഭാഗമായി 16000 വീടുകൾ തകർന്നു. 4635 കുടുംബങ്ങൾക്ക് ആദ്യഗഡു കൊടുത്തുകഴിഞ്ഞു. ഭാഗികമായി തകർന്ന വീടുകളിൽ 1956 വീടുകൾക്കുള്ള ആദ്യഗഡു സഹായം കൊടുത്തു. കൂടാതെ സഹകരണ വകുപ്പ് 2000 വീടുകൾക്ക് ഇപ്പോൾ പണം കൊടുത്തുകഴിഞ്ഞു. വിവിധ സന്നദ്ധ സംഘടനകളുടെ ഭവനനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പ്രിയപ്പെട്ട വി. ഡി. സതീശൻ ഈ കാര്യങ്ങൾ മനസ്സിലാക്കാഞ്ഞതുകൊണ്ടും നിങ്ങളുടെ തെറ്റായ നിലപാടുകൾ കൊണ്ടുമാണ് അങ്ങയുടെ മണ്ഡലമായ പറവൂർ അസംബ്ലി മണ്ഡലത്തിലെ ഒരു ബ്ലോക്ക് ഡിവിഷനിലും രണ്ട് വാർഡുകളിലും തെരഞ്ഞെടുപ്പ് നടന്നതിൽ മൂന്നിലും ഞങ്ങൾ ജയിച്ചത്; ഇത് മനസ്സിലാക്കുന്നത് ഭാവിയിൽ നല്ലതായിരിക്കും.

സ്ഥലമില്ലാത്തവർക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിക്കുകയും കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി കുറേയധികം ഭൂമി വ്യക്തികൾ ഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. ആ ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള

സംവിധാനം ഗവൺമെന്റ് ഒരുക്കുകയാണ്. ഇതെല്ലാം എന്റെ മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. കൃഷിക്കും വളർത്തുമൃഗങ്ങൾക്കുമുള്ള നഷ്ട പരിഹാരമായി 49 കോടി രൂപ കൊടുത്തു. എന്റെ മണ്ഡലത്തിൽമാത്രം 350 ഹെക്ടർ സ്ഥലത്ത് കൃഷി തുടങ്ങി. കുട്ടനാട്ടിലും അപ്പർ കുട്ടനാടൻ മേഖലയിലും എല്ലാസ്ഥലത്തും കൃഷിയിറക്കുന്നതിനുള്ള നടപടി ഇതിനോടകം ചെയ്തുകഴിഞ്ഞു. കുടുംബശ്രീ വഴി ഒന്നും കൊടുത്തില്ലെന്നാണ് പറഞ്ഞത്. 38441 പേർക്ക് 309 കോടി രൂപയുടെ പലിശരഹിത വായ്പ കൊടുത്തു. 9 ശതമാനം പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് കൊടുക്കുന്നത്. പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി രേഖകൾ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കി. പഞ്ചായത്ത്/വാർഡുകളിൽ ശുചീകരണത്തിന് 25,000 രൂപയും മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകൾക്ക് 50,000 രൂപയും കൊടുത്തു. മാലിന്യങ്ങൾ മുഴുവൻ സംസ്കരിക്കാൻ കഴിഞ്ഞു. ക്ലീൻ കേരള കമ്പനി വഴി ശ്രദ്ധേയമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്. സൗജന്യ റേഷൻ ലഭ്യമാക്കി. ഡിസംബർ മാസംവരെ സൗജന്യമായി 5 കിലോഗ്രാം അരി കൊടുക്കുന്ന സംവിധാനം നടന്നുവരുന്നു. കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും കൗൺസിലിംഗ് അടക്കമുള്ള പ്രത്യേക പരിപാടികൾ സംസ്ഥാനത്ത് മുഴുവൻ സംഘടിപ്പിച്ചു. എന്റെ മണ്ഡലത്തിൽ ഇക്കാര്യങ്ങൾ ഫലപ്രദമായി നടന്നു.

തകർന്ന റോഡുകൾ, തോടുകൾ, പാലങ്ങൾ, കുളം എന്നിവ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 1250 കോടി രൂപ പഞ്ചായത്തുകൾ വഴിയുള്ള ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചു.

ആരോഗ്യ വകുപ്പിന്റെ പ്രത്യേക സഹായങ്ങൾ ഞാനിവിടെ വിശദീകരിക്കുന്നില്ല. ഈയൊരു ഘട്ടത്തിൽ സാമ്പത്തികമായി കേരളം വളരെയേറെ ബുദ്ധിമുട്ടുകയാണ്. ദേശീയ ദുരന്തനിവാരണ നിധിയുടെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 5616.77 കോടി രൂപയും അതിനുപുറമേ പ്രത്യേക ധനസഹായമായി 5000 കോടി രൂപയും ലഭിക്കണമെന്നാണ് കേരളം ആവശ്യപ്പെട്ടത്. കേവലം 600 കോടി രൂപ മാത്രമാണ് കേന്ദ്രഗവൺമെന്റ് നൽകിയത്. അരിയുടെ വിലയായി 236 കോടി രൂപയും രക്ഷാപ്രവർത്തനത്തിന് ഹെലികോപ്ടർ വന്നതിന് 30 കോടി രൂപയും കൊടുക്കണമെന്നും അല്ലെങ്കിൽ തിരിച്ച് പിടിക്കുമെന്ന് ബി.ജെ.പി. നേതൃത്വം നൽകുന്ന ഗവൺമെന്റ് പറഞ്ഞിരിക്കുന്ന കാര്യവും ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

കേരളത്തോടുള്ള കേന്ദ്രത്തിന്റെ സമീപനമെന്താണ്? യു.എ.ഇ.-യുടെ സഹായമായ 700 കോടി രൂപയും ജർമ്മനിയുടെ സഹായവും വാങ്ങണ്ടെന്ന് തീരുമാനിച്ചു. അരിക്ക് പണം ചോദിക്കുന്ന സമീപനമുണ്ടായി. രക്ഷാപ്രവർത്തനത്തിന് പണമടയ്ക്കേണ്ട സമീപനം വന്നിരിക്കുന്നു. പ്രവാസി മലയാളികളുടെ സഹായം വാങ്ങുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ പോകാൻ തീരുമാനിച്ചപ്പോൾ മുഖ്യമന്ത്രി ഒഴികെയുള്ള മന്ത്രിമാർക്ക് യാത്രാനുമതി നിഷേധിച്ചു. സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടും വായ്പാപരിധി ഒരു രൂപപോലും വർദ്ധിപ്പിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ സാമ്പത്തികമായ പ്രതിസന്ധി കേരളത്തിനുണ്ട്. യു.ഡി.എഫ്.-ന്റെ സമീപനം എന്താണ്? രക്ഷാപ്രവർത്തനത്തിൽ രാഷ്ട്രീയം കലർത്തി സഹായിക്കാൻ മുന്നോട്ട് വരാത്തവരാണ് ഇവിടെ ദീർഘനേരം പ്രസംഗിക്കുന്നത്. ....ബഹളം...

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.... ....ബഹളം... അടുത്തയാൾ സംസാരിക്കുമ്പോൾ അതിന് മറുപടി പറയൂ. ....ബഹളം... എന്താണ് ബഹളം. ശ്രീ. വി. ഡി. സതീശൻ പ്രശ്നം ഉന്നയിച്ചു. അത് എല്ലാവരും നിശബ്ദമായി കേട്ടിരുന്നു. ....ബഹളം... പ്ലീസ്...പ്ലീസ്... ശ്രീ. സജി ചെറിയാൻ സംസാരിക്കൂ.

ശ്രീ. സജി ചെറിയാൻ: സർ, ശ്രീ. വി. ഡി. സതീശൻ സംസാരിച്ചപ്പോൾ ഞങ്ങൾ ഒരക്ഷരം മിണ്ടിയില്ല. നിങ്ങൾക്ക് സംസാരിക്കാൻ ഇനിയും സമയമുണ്ട്. ഇപ്പോൾ ഞാൻ സംസാരിക്കട്ടെ.

എന്റെ മണ്ഡലത്തിൽ 400 വള്ളങ്ങളിൽ 1500-ഓളം മത്സ്യത്തൊഴിലാളികളാണ് ജീവൻ രക്ഷിക്കാൻ വന്നത്. നിങ്ങളുടെ ഏതെങ്കിലുമൊരു പാർട്ടി നേതാവ് ഒരു വള്ളം തന്ന് സഹായിച്ചുവെന്ന് തെളിയിച്ചാൽ ഞാൻ പൊതുപ്രവർത്തനം നിർത്താം. ....ബഹളം... ഫലപ്രദമായി ക്യാമ്പുകൾ നടന്നു. ആ ക്യാമ്പുകളെല്ലാം സി.പി.ഐ.(എം.)-ക്യാമ്പുകളാണെന്ന് പറഞ്ഞ് ആക്ഷേപിച്ച് ഈ ക്യാമ്പുകളെ തകർക്കാൻ ഇവർ ശ്രമിച്ചു. ....ബഹളം... രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥരെ അനാവശ്യമായി ഭീഷണിപ്പെടുത്തുന്ന സമീപനമുണ്ടായി. നാടൊന്നാകെ ശുചീകരണത്തിനിറങ്ങി. ....ബഹളം... ശുചീകരണ പ്രവർത്തനങ്ങൾക്കായി എന്റെ മണ്ഡലത്തിൽ 15000 ആളുകൾ വന്നു. അതിൽ 10000 ആളുകളും സി.പി.എം. ന്റെയും മറ്റ് എൽ.ഡി.എഫ്. സംഘടനകളുടെയും നേതൃത്വത്തിൽ വന്നവരാണ്. ശുചീകരണ പ്രവർത്തനത്തിൽ ഫോട്ടോ എടുക്കുകയല്ലാതെ എന്തെങ്കിലുമൊരു സഹായം ഇവർ ചെയ്തോ? ....ബഹളം...

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: ശ്രീ. സജി ചെറിയാൻ സംസാരിച്ചുകഴിഞ്ഞിട്ട് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം. അടുത്തയാൾ സംസാരിക്കുമ്പോൾ നിങ്ങൾ മറുപടി പറയൂ. അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ പലപ്പോഴും യുക്തിയുമായി യോജിക്കുന്നതല്ല. ചെയറിന് അങ്ങയെ വിശ്വാസമാണ്. ....ബഹളം... ശ്രീ. സജി ചെറിയാൻ, അങ്ങ് സംസാരിച്ച് അവസാനിപ്പിക്കൂ. ....ബഹളം...

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്? ശ്രീ. സജി ചെറിയാൻ സംസാരിച്ചുകഴിഞ്ഞിട്ട് അങ്ങേയ്ക്ക് അവസരം നൽകാം. ....ബഹളം...

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ആയിരക്കണക്കിന് സന്നദ്ധ സംഘടനകൾ സഹായവുമായിവന്നു. എന്തെങ്കിലുമൊരു സഹായം യു.ഡി.എഫ്. ചെയ്തോ? മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പണമടയ്ക്കരുതെന്ന് നാട്ടുമുഴുവൻ ക്യാമ്പയിൻ നടത്തിയവരാണ് ഇവർ. ഭവനനിർമ്മാണ പദ്ധതിയിൽ 1000 വീടുകൾ KPCC പ്രഖ്യാപിച്ചു. കോൺഗ്രസ് ഫണ്ട് പിരിച്ചു. ഒരു വീടിനെങ്കിലും അവർ കല്ലിട്ടോ? ഭവനനിർമ്മാണത്തിനുവേണ്ടി പിരിച്ച പണം എവിടെ? ഉദ്യോഗസ്ഥരുടെ സാലറി ചലഞ്ചിലൂടെ 2500 കോടി രൂപ കേരളത്തിന് കിട്ടുമായിരുന്നത് പൊളിക്കുന്നതിനാണ് ഇവിടത്തെ യു.ഡി.എഫ്. ശ്രമിച്ചത്. അതേസമയം 60 ശതമാനത്തോളം ഉദ്യോഗസ്ഥർ ഇതിനായി സംഭാവന ചെയ്തതിനെ ഞാൻ പ്രത്യേകം ശ്ലാഘിക്കുകയാണ്. മന്ത്രിമാരുടെ വിദേശ പര്യടനത്തെ ബി.ജെ.പി. എതിർത്തപ്പോൾ അതിന് കൂട്ടുനിന്നവരാണ് ഇവിടത്തെ യു.ഡി.എഫ് ഗവൺമെന്റ്. പ്രളയ ദുരന്തത്തിന്റെ എല്ലാ സന്ദർഭങ്ങളിലും ഇക്കൂട്ടർ രാഷ്ട്രീയ നിലപാട് സ്വീകരിച്ചു. ദുരന്തസമയത്ത് കേരളത്തിലുണ്ടായ ജനകീയ ഐക്യത്തെ തകർക്കാൻ വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടിയവരാണ് ഇവർ. ശ്രീ. വി. ഡി. സതീശന്റെ പ്രസംഗത്തിൽ മോദിയെപ്പറ്റി ഒരു വാക്ക് പറഞ്ഞോ; ഇങ്ങനെയാണോ കേരളത്തിനുവേണ്ടി വാദിക്കുന്നത്? ഈ സംസ്ഥാനത്തിന് ആവശ്യമായ പണം തരാൻ മര്യാദയുള്ള ഒരു വാക്ക് ഇവിടെ പറഞ്ഞോ. തുടർപ്രവർത്തനം നടക്കണം; ഇതൊരു അനുഭവമാണ്. കേരളത്തിൽ ദുരന്തമുഖത്ത് ജനങ്ങളുടെ ഐക്യം കണ്ടു. ഈ ഐക്യത്തെ കൂടുതൽ ശക്തിപ്പെടുത്തണം. ഇതൊരു ചലഞ്ചാണ്. നിശ്ചയദാർഢ്യം, നിലപാട്, ആത്മാർത്ഥത, ജനങ്ങളുടെ പിന്തുണ ഇതെല്ലാം ഈ ഗവൺമെന്റിനുണ്ട്. ഇതെല്ലാമുള്ള മുഖ്യമന്ത്രി നയിക്കുന്ന ഈ ഗവൺമെന്റ് എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് പുനർനിർമ്മാണം പൂർത്തീകരിക്കുകയും നവകേരളം സൃഷ്ടിക്കുകയും ചെയ്യും. പ്രകൃതിസംരക്ഷണം, നദീ സംരക്ഷണം, ജലാശയ സംരക്ഷണം,

തോട്ടുകളുടെ സംരക്ഷണം, പരിസ്ഥിതി സൗഹൃദമായ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനെല്ലാം പ്രത്യേക പരിഗണന കൊടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സാങ്കേതിക സംവിധാനമൊരുക്കൽ, പോലീസ്-ഫയർ വകുപ്പ് ആധുനിക വൽക്കരിക്കൽ, മത്സ്യത്തൊഴിലാളികളെ പ്രത്യേക സൈന്യമായി പ്രഖ്യാപിച്ച തുടർനടപടികൾ, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള കാര്യക്ഷമത വർദ്ധിപ്പിക്കൽ, ദുരന്തം ഭാവിതലമുറയ്ക്ക് മനസ്സിലാക്കാൻ കഴിയുന്ന മാതൃകാ പദ്ധതികൾ ഇതെല്ലാം ഈ ഗവൺമെന്റ് മുൻകയ്യെടുത്ത് നടപ്പാക്കുമെന്നുള്ള ഉറച്ചവിശ്വാസം എനിക്കുണ്ട്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്

ശ്രീ. സജി ചെറിയാൻ: സർ, എന്റെ മൂന്നുമിനിറ്റ് അവർ എടുത്തു. ദയവായി ഒരു മിനിറ്റ് കൂടി എനിക്ക് തരണം.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഒരു മിനിറ്റ് അധികം തന്നു.

ശ്രീ. സജി ചെറിയാൻ: സർ, ദുരന്തമുഖത്തുനിന്ന് വന്ന ഒരാളെന്ന നിലയിൽ ഞാൻ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. കമ്മ്യൂണിസ്റ്റുകാർ ഒരു നൂറ്റാണ്ടുകാലം ഈ കേരളം ഭരിക്കില്ലെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞു. പാണക്കാട്ട് നിന്ന് കേരളം ആര് ഭരിക്കണമെന്ന് മുസ്ലീം ലീഗ് തീരുമാനിക്കുമെന്നുള്ള ഒരു പ്രഖ്യാപനവും വന്നു. ഈ അഹന്തയ്ക്ക് മുന്നിൽ ഇ.എം.എസ്. ഇടതുപക്ഷ പ്രസ്ഥാനത്തെ നയിച്ചു. ഒരായിരം വർഷം ഭരണത്തിലേറിയില്ലെങ്കിലും ഇടതുപക്ഷമെടുത്ത മതനിരപേക്ഷത നിലപാടിൽ ഒരു മാറ്റവുമുണ്ടാകില്ലെന്ന് പ്രഖ്യാപിച്ചു. ആ പ്രഖ്യാപനം വന്നതിനെത്തുടർന്നുള്ള തെരഞ്ഞെടുപ്പിൽ 140 സീറ്റുകളിൽ ബഹുഭൂരിപക്ഷം സീറ്റും നേടി 1987-ൽ ഇടതുപക്ഷ ജനാധിപത്യമുണി മന്ത്രിസഭ അധികാരത്തിൽ വന്നു. വീണ്ടും കേരളത്തിന്റെ ഇന്നത്തെ മുഖ്യമന്ത്രി മുൻ നിലപാട് ആവർത്തിക്കുന്നു.

മി. സ്പീക്കർ: .......പ്ലീസ്...കൺക്ലൂഡ്..പ്ലീസ്.........

ശ്രീ. സജി ചെറിയാൻ: സർ, ഒരായിരം തെരഞ്ഞെടുപ്പിൽ തോറ്റാലും ഭരണം കിട്ടിയില്ലെങ്കിലും ഇവിടെ മതനിരപേക്ഷത സംരക്ഷിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ട് പോകുമെന്നും അടുത്ത തെരഞ്ഞെടുപ്പിൽ കൂടുതൽ സീറ്റ് നേടിയാണ് അധികാരത്തിൽ വരുമെന്നും പ്രഖ്യാപിക്കുന്നു. 93 സീറ്റുകൾ നേടിയ ഇടതുപക്ഷം ഇവിടെ അധികാരത്തിൽ വന്നിട്ടുള്ളത്. ഈ ദുരന്തമുഖത്ത് രാഷ്ട്രീയത്തിന് നിറം ചാർത്തി കേരളത്തിലെ ജനങ്ങൾ സാമ്പത്തികമായി തകർന്ന സന്ദർഭത്തിൽ അവരെ ഞെരിച്ചമർത്തിയ യു.ഡി.എഫ്.-ന് ധാർമ്മികമായി ഈ ചർച്ച നടത്താൻ അവകാശമില്ലെന്ന കാര്യം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, point of order എന്ന് പറയുന്നത് രാഷ്ട്രീയമായ ആരോപണങ്ങൾക്ക് മറുപടി പറയാനുള്ള അവസരമല്ല.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ചെയർ, ദയവായി അങ്ങനെയൊരു മുൻവിധി പാടില്ല. ഞാൻ ഇവിടെ ഉന്നയിക്കുന്ന കാര്യം കേരളം കണ്ട ഏറ്റവും ഗുരുതരമായ പ്രളയ കാലഘട്ടത്തിൽ കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും ഒന്നിച്ച് നിന്നു. എന്റെ മണ്ഡലത്തിൽ 105 ക്യാമ്പുകളുണ്ടായിരുന്നു. ഏറ്റവും കുറഞ്ഞ അപകടമുണ്ടായ സ്ഥലമാണത്. സർവ്വശ്രീ വി. ഡി. സതീശൻ, റോജി എം. ജോൺ, അൻവർ സാദത്ത് എന്നിവരുടെ നേതൃത്വത്തിൽ നൂറുകണക്കിന് ക്യാമ്പുകളുണ്ടായിരുന്നു. ആ ക്യാമ്പുകൾ രാഷ്ട്രീയാടിസ്ഥാനത്തിലാണ് നടന്നതെന്നും സി.പി.ഐ.(എം)-ന്റെ ക്യാമ്പാണെന്നും പറഞ്ഞു. അത് രേഖയിലുണ്ടാകാൻ പാടില്ല; അത് മാറ്റണം. കേരളം ഒറ്റക്കെട്ടായിട്ടാണ് നിന്നത്.

മി. സ്പീക്കർ: അങ്ങനെയാണെന്ന് ആക്ഷേപിച്ചുവെന്നാണ് ഞാൻ കേട്ടത്. അങ്ങനെ പറഞ്ഞതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്കാര്യം പരിശോധിക്കാം*.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് ആഗസ്റ്റ് മാസം 14, 15, 16, 17 എന്നീ തീയതികളിലുണ്ടായ മഹാപ്രളയത്തിനുശേഷമുള്ള ഒരു യഥാർത്ഥ ചിത്രമാണ് അദ്ദേഹം ഈ നിയമസഭയിൽ വരച്ചുകാണിച്ചത്. നമ്മൾ രാഷ്ട്രീയം, ജാതി, മതം ഇവയെല്ലാം മറന്ന് പ്രളയകാലത്ത് ഒത്തൊരുമിച്ച് പ്രവർത്തിച്ചവരാണ്. അവരെയെല്ലാം ഈ ഘട്ടത്തിൽ ചേരിതിരിച്ച് രണ്ടുവശത്താക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട സജി ചെറിയാൻ ഇവിടെ നടത്തിയ പ്രസ്താവന വളരെ ഖേദകരമാണ്. ഇനി വരുന്ന കാലഘട്ടത്തിലും പുനരധിവാസ കാലഘട്ടത്തിലും ഒത്തൊരുമിച്ചുള്ള നിലപാടാണ് വേണ്ടത്. പ്രളയകാലത്തുണ്ടായ ജനങ്ങളുടെ ഐക്യം കാത്തുസൂക്ഷിക്കുകയാണ് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർ ചെയ്യേണ്ടതെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും പ്രളയത്തിനുശേഷം നിരവധി വാഗ്ദാനങ്ങൾ നൽകുകയുണ്ടായി. 10500 വീടുകൾ പരിപൂർണ്ണമായി നഷ്ടപ്പെടുകയും ലക്ഷക്കണക്കിന് വീടുകൾ വാസയോഗ്യമല്ലാതായി തീരുകയും ചെയ്തിരിക്കുന്നു.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. 6989/ഇ.ബി./2018/നി.സെ. തീയതി 6-12-2018) രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ആ വീടുകൾ പുനർനിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള നടപടിയുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴും നമുക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. ചെറുകിട വ്യവസായികളുടെ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. അവരോട് അപേക്ഷ കൊടുക്കാൻ പറഞ്ഞപ്പോൾ അവർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ പോയി അപേക്ഷ കൊടുത്ത് കാത്തിരിക്കുകയാണ്. എന്നാൽ ഒരിക്കൽപ്പോലും അവരുടെ അപേക്ഷ പരിഗണിക്കുകയോ സർവ്വേ നടത്തുകയോ ചെയ്തിട്ടില്ല. അതിലുപരി പെട്ടിക്കട നടത്തുന്നതുപോലുള്ള ചെറുകിട കച്ചവടക്കാരുടെ കാര്യങ്ങൾ ഒന്നുംതന്നെ ഈ ഗവൺമെന്റ് ഇതുവരെ പരിഗണിച്ചിട്ടില്ല. ജീവനോപാധി നഷ്ടപ്പെട്ട മുഴുവൻ ആളുകൾക്കും അർഹമായ നഷ്ടപരിഹാരം ലഭിക്കുമെന്നുള്ള പ്രതീക്ഷയാണുണ്ടായിരുന്നത്. കറവപ്പശുക്കൾ നഷ്ടപ്പെട്ട നിരവധിയാളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഒന്നോ രണ്ടോ കറവപ്പശുക്കളിൽ നിന്നോ അല്ലെങ്കിൽ ആടുകളിൽ നിന്നോ ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ജീവിച്ചുപോന്നിരുന്ന നിരവധി കുടുംബങ്ങളുണ്ട്. അതെല്ലാം നഷ്ടപ്പെട്ട് മൂന്നുനാല് മാസമായിട്ടും ഇന്നുവരെ അവർക്കൊരു നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. എത്ര പശുക്കൾ നഷ്ടപ്പെട്ടാലും ഒരു പശുവിനുള്ള തുക നൽകുമെന്ന് ഗവൺമെന്റ് ആദ്യം പറഞ്ഞു. ഒരു പശുവിനുള്ള നഷ്ടപരിഹാരമെങ്കിലും പ്രതീക്ഷിച്ച് കഴിയുന്ന സാധാരണക്കാർ, പ്രത്യേകിച്ച് നാട്ടിൻ പുറത്തൊക്കെ പശുക്കളെ മേയ്ക്കുകയും ക്ഷീരകൃഷി നടത്തുകയും ചെയ്യുന്നത് സഹോദരിമാരാണ്. അവർ നഷ്ടപരിഹാരത്തിനായി കാത്തിരിക്കുകയാണ്. അക്കാര്യത്തിൽ ഇന്നുവരെ നടപടി സ്വീകരിച്ചിട്ടില്ല.

വീടുകൾ നിർമ്മിക്കുന്നതിന് നാല് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ പലർക്കും തൊണ്ണൂറ്റിഎട്ടായിരം രൂപ ബാങ്കുകളിൽ വന്നിട്ടുണ്ട്. ബാങ്കുകളിൽ പൈസ വന്ന ആളുകളെ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് പിന്തുടരുന്നത് എന്തിനാണ്? അവരുടെ വീടുകളിൽ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർ പോകുന്നു. ഇത് വളരെ മോശമായ നിലപാടാണ്. അവർ പൈസ അടിച്ചു മാറ്റിയോയെന്ന് അന്വേഷിക്കാനാണ് സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർ പോകുന്നത്. അത്രയ്ക്ക് ദുഃഖകരമായ അവസ്ഥയാണ് പ്രളയം കഴിഞ്ഞതിനുശേഷം നമ്മുടെ സംസ്ഥാനത്തുള്ളത്.

മി. സ്പീക്കർ: പ്ലീസ്, കൺക്ലൂഡ് ചെയ്യൂ. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. പ്രളയക്കെടുതിക്കിരയായ നിയോജകമണ്ഡലങ്ങളിലൊന്ന് എന്റേതാണ്. ചെങ്ങന്നൂർ, പറവൂർ, ആലുവ തുടങ്ങി പല മണ്ഡലങ്ങളുമുണ്ട്, അതൊന്നും ഞാൻ മറക്കുന്നില്ല. പ്രളയക്കെടുതിമൂലം എന്റെ നിയോജകമണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾക്ക് ഇന്നുവരെ ശരിയായ രീതിയിൽ നഷ്ടപരിഹാരം നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ബഹുമാന്യനായ വി. ഡി. സതീശൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. പ്രളയ ദുരന്തമുണ്ടായപ്പോൾ ദൃശ്യമാധ്യമങ്ങളിലൂടെ കരഞ്ഞ ശ്രീ. സജി ചെറിയാനാണോ ഇന്നിവിടെ സംസാരിച്ചതെന്ന് എനിക്ക് സംശയമുണ്ട്. പ്രളയദുരന്ത സമയത്ത് എ.കെ.ജി. സെന്ററിനുമുമ്പിൽ ഭയങ്കര തിക്കും തിരക്കുമായിരുന്നെന്ന് കഴിഞ്ഞ ദിവസം എനിക്ക് ഒരു മെസ്സേജ് കിട്ടി. കാരണം അവിടെയൊക്കെ നിന്നാണല്ലോ വള്ളം ഒഴുകി ഒഴുകി ദുരന്ത പ്രദേശങ്ങളിലേയ്ക്ക് പോയിക്കൊണ്ടിരുന്നത്. ഞങ്ങൾക്ക് എല്ലാം മനസ്സിലായി. വെറുതെ ഇങ്ങനെയൊന്നും പറയരുത്. എന്റെ ചങ്കാണ് ആലുവയിലെ ജനങ്ങളും വ്യവസായികളും. അതാണ് തകർന്നിരിക്കുന്നത്. സർക്കാരിന്റെ സഹായത്തോടെ അത് rebuild ചെയ്യാനുള്ള ശ്രമമാണ് ഞാൻ നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ, ആ ശ്രമം പാളിയിരിക്കുകയാണ്. ഗവൺമെന്റിന്റെ കണക്കുപ്രകാരം എന്റെ നിയോജകമണ്ഡത്തിലെ 297 വീടുകളാണ് വാസയോഗ്യമല്ലെന്ന് കണ്ടെത്തിയിട്ടുള്ളത്. ആ 297 വീടുകളിൽ താമസിച്ചിരുന്നവരിൽ പലരും വാടകയ്ക്ക് താമസിക്കുന്നു, മറ്റു ചിലർ അതേ വീടുകളിൽ തന്നെ താമസിക്കുന്നു. സാമ്പത്തികമായി വാടക നൽകാനുള്ള ബുദ്ധിമുട്ടുകൊണ്ടാണ് പലയാളുകളും അതേ വീടുകളിൽ തന്നെ താമസിക്കുന്നത്. അവരെയൊക്കെ വീണ്ടും സുരക്ഷിത ഭവനത്തിലേയ്ക്ക് കൊണ്ടുവരാൻ സർക്കാർ 4 ലക്ഷം രൂപ നൽകുന്നുണ്ട്. പലയാളുകൾക്കും തുക നൽകിത്തുടങ്ങിയിട്ടുമുണ്ട്. പക്ഷേ, 600-ഉം 700-ഉം 900-ഉം സ്ക്വയർഫീറ്റിലുള്ള വീടുകളാണ് തകർന്നിരിക്കുന്നത്. നാല് ലക്ഷം രൂപകൊണ്ട് മാക്സിമം 400 സ്ക്വയർ ഫീറ്റിലുള്ള വീട് മാത്രമേ നിർമ്മിക്കാൻ സാധിക്കുകയുള്ളൂവെന്ന് നമുക്കെല്ലാവർക്കും അറിയാം. അതുകൊണ്ട് മിനിമം 6 ലക്ഷം രൂപയെങ്കിലും നൽകി 530 സ്ക്വയർ ഫീറ്റിലുള്ള വീട് പണിയുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുമോയെന്ന് പുനഃപരിശോധന നടത്തിയാൽ നന്നായിരിക്കും. ശ്രീ. വി. ഡി. സതീശൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റീസ് എന്ന എൻ.ജി.ഒ. 500 വീട് നിർമ്മിച്ചു നൽകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ചു പറഞ്ഞപ്പോൾ

അത് വളരെ പോസിറ്റീവായിട്ട് മറ്റുള്ള ഉദ്യോഗസ്ഥരെ ഏൽപ്പിച്ചു. എന്റെ മണ്ഡലത്തിലെ വാസയോഗ്യമല്ലാത്ത 297 വീടുകളും അവർ (ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റീസ്) നിർമ്മിച്ച നൽകാമെന്ന് പറഞ്ഞു. പക്ഷെ അതുസംബന്ധിച്ച ഫയലുകൾ പെൻഡിംഗിലാണ്. അക്കാര്യം പുനഃപരിശോധന നടത്തണം.

നമ്മുടെ നാട്ടിലെ വ്യാപാരികൾ വളരെ ദുരിതത്തിലാണ്. ആലുവയിലെ വ്യാപാരികൾ ഇന്നും പല കടകളും തുറന്നിട്ടില്ല. അവർക്കുണ്ടായ നഷ്ടത്തിന്റെ കണക്കെടുക്കുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്തിട്ടില്ല. പ്രളയ ദുരന്തത്തിലകപ്പെട്ട വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകിയില്ലെങ്കിൽ അവർ വലിയ ദുരന്തത്തിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകും.

അതുപോലെ തന്നെ ക്ഷീര കർഷകർ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ക്ഷീര കർഷകരുടെ നട്ടെല്ല് ഒടിഞ്ഞിരിക്കുകയാണ്. ദിവസവും പാൽ കറന്ന് ഉപജീവനമാർഗ്ഗം നടത്തിയിരുന്ന പാവപ്പെട്ട ക്ഷീര കർഷകർ ദുരിതത്തിലാണ്. സ്പോൺസർഷിപ്പുകൊണ്ട് ചിലയാളുകൾക്ക് സഹായം നൽകിയിട്ടുണ്ട്. പക്ഷേ, ഇനിയും ആളുകൾക്ക് നഷ്ടപരിഹാരം കിട്ടാൻ ബാക്കി നിൽക്കുകയാണ്. അവരെ സഹായിക്കാൻ തയ്യാറാകണം.

പ്രളയദുരന്തമുണ്ടായ പ്രദേശങ്ങളിലെ റോഡുകൾ ആകെ തകർന്നിരിക്കുകയാണ്. പ്രളയദുരന്തം അനുഭവിച്ച എല്ലാ മണ്ഡലങ്ങളിലേയ്ക്കും റോഡുകൾ പണിയുന്നതിന് ഒരു സ്പെഷ്യൽ പാക്കേജ് തയ്യാറാക്കണം. എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ പാലം തകർന്ന് റോഡ് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണ്. നെടുമ്പാശ്ശേരി എയർപോർട്ടുമായി ബന്ധപ്പെട്ട് ചെങ്കൽതോടുണ്ട്. അത് പരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ചെങ്കൽതോട് അടച്ചുകെട്ടിയതുകൊണ്ട് വലിയ ദുരന്തം എയർപോർട്ടിലുണ്ടാകുകയും ആ പ്രദേശത്തെ വീടുകളെല്ലാം നശിച്ചുപോകുകയും ചെയ്തു. അതുസംബന്ധിച്ച് ഇന്നുവരെ ഒരു യോഗമോ അതെങ്ങനെ ചെയ്യണമെന്നതുസംബന്ധിച്ച് ഒരു ചർച്ചയോ എയർപോർട്ടിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതൊരു ഗുരുതരമായ വീഴ്ചയാണ്. അതുകൊണ്ട് ഇതുപോലുള്ള കാര്യങ്ങളിലൊക്കെ സമയബന്ധിതമായി ഇടപെട്ടു പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കണം. വേഴാമ്പൽ മഴ കാത്തിരിക്കുന്നതുപോലെ പ്രളയ ദുരന്തത്തിനിരയായ ജനങ്ങൾ എന്തെങ്കിലും കിട്ടുമെന്ന് കാത്തിരിക്കുന്ന അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. വീടുകളിലെ സാമഗ്രികളെല്ലാം നഷ്ടപ്പെട്ടു. ഒരു കണക്കുപോലും എടുത്തിട്ടില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

ശ്രീ. അൻവർ സാദത്ത്: സർ, എല്ലാം നഷ്ടപ്പെട്ട് വെറും കയ്യോടെ നിൽക്കുന്ന പ്രിയപ്പെട്ട ജനങ്ങളെ നെഞ്ചോട് ചേർത്തു പിടിച്ചുകൊണ്ട് അവരെ സഹായിക്കുന്നതിന് സർക്കാർ ഇന്ന് ഒന്നും ചെയ്യുന്നില്ല. അതുകൊണ്ട് അടിയന്തരപ്രമേയം അതിന് കണ്ണു തുറക്കുന്നതിനൊരു വേദിയാണെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഗവൺമെന്റിനോടൊപ്പം ഞങ്ങളൊക്കെയുണ്ട്. പക്ഷേ, എന്തുകൊണ്ട് ഗവൺമെന്റ് അതിന് മുന്നോട്ട് വരുന്നില്ല. പൈസയെല്ലാം സമാഹരിച്ചുവെന്ന് പറയുന്നു. ആർക്കും ഒന്നും കിട്ടിയിട്ടില്ല. ഇന്നും പതിനായിരം രൂപ പോലും കിട്ടാത്തവരുണ്ട്. അക്കാര്യം പരിശോധിക്കണം. അങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് പ്രളയ ദുരന്തത്തിൽപ്പെട്ട പാവപ്പെട്ട നമ്മുടെ ജനതയെ സഹായിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഒരിക്കൽ കൂടി ഈ പ്രമേയത്തെ പൂർണ്ണമായും പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ വിഷയം സഭയിൽ പൊതുവായി ചർച്ച ചെയ്യാമെന്ന് സമ്മതിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. കാരണം ഒന്നും ഒളിച്ചു വയ്ക്കാനില്ലാതെ, അദ്ദേഹം മുഖ്യമന്ത്രിയായൊരു സംസ്ഥാനം ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയെ അഭിമുഖീകരിച്ചപ്പോൾ, ആ പ്രതിസന്ധിയിൽ നിന്നും കേരളത്തെ രക്ഷിക്കാൻ അദ്ദേഹം വളരെ വലിയ ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ധനസമാഹരണം നടത്തിക്കൊണ്ട് പൊതുജന സഹകരണത്തോടുകൂടി സംസ്ഥാനത്തിന്റെ പുനഃസൃഷ്ടി നടത്താനുള്ള സർക്കാരിന്റെ ശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. കേരളത്തിന്റെ പുനഃസൃഷ്ടിക്കായുള്ള സഹായത്തിനുവേണ്ടി അദ്ദേഹം രഹസ്യമായല്ല, പരസ്യമായി കൈ നീട്ടുകയാണ് ചെയ്യുന്നത്. ഞാൻ വടകരയിൽ ഒരു പരിപാടിയിൽ പങ്കെടുത്തപ്പോൾ, അവിടെ രക്ഷയ്ക്കായി എത്തിയ മത്സ്യത്തൊഴിലാളികൾക്ക് അവിടത്തെ ഉദ്യോഗസ്ഥർ കാശ് കൊടുത്തപ്പോൾ ഞങ്ങൾക്കത് വേണ്ടെന്ന് പറഞ്ഞ് വാങ്ങിക്കാതെ പോയ തൊഴിലാളികളുണ്ട്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞ പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു വകുപ്പുമന്ത്രിമാരും മറുപടി പറയുമെന്നുള്ളതുകൊണ്ട് ഞാൻ ആ ഭാഗത്തേയ്ക്ക് കടക്കുന്നില്ല. നമ്മുടെ നാട്ടിൽ ഒരു പ്രതിസന്ധി ഉണ്ടാകുമ്പോൾ എല്ലാ രാഷ്ട്രീയ മേഖലയിലുള്ളവരും കൂട്ടായി നിൽക്കേണ്ടതല്ലേ? അത്തരമൊരു ഘട്ടം വന്നപ്പോൾ നേതൃത്വപരമായ പങ്ക് വഹിക്കാൻ എല്ലാവർക്കും സാധിച്ചോ; അതൊരു

പ്രധാനപ്പെട്ട പ്രശ്നമല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഒന്നും രഹസ്യമായി വച്ചിട്ടില്ല. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ (കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ) മുഖേന ചെയ്യാനുള്ള പരിപാടികൾ വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള തുക നാല് ലക്ഷം രൂപ വേണമോ അതോ അഞ്ച് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമോയെന്നത് സഭയിലെ കൂട്ടായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്.

പി.ഡബ്ല്യൂ.ഡി. റോഡുകൾ ആകെ തകർന്നിരിക്കുകയാണ്. സമയമില്ലാത്തതു കൊണ്ട് ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. അതിനൊക്കെ ഫണ്ട് കണ്ടെത്തി ഏത് മണ്ഡലം, ഏത് കക്ഷി ജയിച്ചു എന്നൊന്നും നോക്കാതെ അതൊക്കെ പരിഹരിക്കാൻ വേണ്ടിയുള്ള പരിശ്രമങ്ങളാണ് അദ്ദേഹം നടത്തുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരുമായി ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുന്നു. അവരിൽ നിന്നൊക്കെ പണം ശേഖരിച്ച് നമ്മുടെ സംസ്ഥാനത്തെ അപകടാവസ്ഥയിൽ നിന്നും രക്ഷിക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. വിദേശ രാജ്യങ്ങൾ ആവശ്യമുള്ള സഹായം നൽകാൻ രംഗത്ത് വന്നപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ സമീപനം ഖേദകരമല്ലേ? നവകേരള സൃഷ്ടിക്കുള്ള വലിയ പോരാട്ടത്തിലാണ് നമ്മൾ. വീടുകൾ നഷ്ടപ്പെട്ടവർക്ക് അടിയന്തരമായി വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പണം സ്വരൂപിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കരങ്ങൾക്ക് ശക്തി നൽകണം. ഞാൻ രാഷ്ട്രീയമായി പറയുന്നതല്ല. രാഷ്ട്രീയമായി പരസ്പരം മൽസരിക്കാൻ നമുക്ക് ആയിരം പ്രശ്നങ്ങളുണ്ട്. ആ മേഖലയിൽ മത്സരിക്കാമല്ലോ? ചെറിയ പ്രശ്നങ്ങൾ ഉണ്ടെങ്കിൽപ്പോലും ഇന്ത്യയിലെ ജനങ്ങൾ ഈ സംസ്ഥാനത്തിന്റെ പുനഃസൃഷ്ടിക്കുവേണ്ടി ഒരുമിച്ചു നിൽക്കുന്നുവെന്ന് ലോകം കാണണം. അതിന് നേതൃത്വം നൽകുന്ന കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ഇത്തരത്തിലുള്ള ചർച്ചയിലൂടെ ഒരു ജനകീയ കൂട്ടായ്മ മുഖ്യമന്ത്രിക്ക് നമ്മൾ നൽകേണ്ടതല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പ്രളയം സംബന്ധിച്ച കണക്കുകൾ സമർപ്പിക്കും. ഇന്ത്യ പുതിയ പുതിയ പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണ്. അതിനെയെല്ലാം അതിജീവിക്കാൻ സാധിക്കുന്ന രീതിയിലുള്ള പുനഃസൃഷ്ടി ഉണ്ടാകണം. മഹാപ്രളയമുണ്ടായപ്പോൾ എല്ലാ ജനവിഭാഗങ്ങളെയും അണിനിരത്തിക്കൊണ്ട് ഈ സംസ്ഥാനത്തെ രക്ഷിക്കാൻ പരിശ്രമിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേരളം ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ലഭിച്ച പിന്തുണയോടൊപ്പം ഇനിയും സഹായം ലഭിക്കാൻ ഈ ചർച്ച സഹായകരമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ ചർച്ച വഴിതെറ്റിപ്പോകുന്നു എന്നുള്ളതാണ് ഇവിടെ ആദ്യമായി സൂചിപ്പിക്കാനുള്ളത്. നമ്മൾ പ്രളയത്തിനുശേഷം നടത്തിയ ചർച്ചയിൽ എല്ലാവരും കൈക്കൊണ്ട നിലപാടുകളിൽ നിന്ന് വ്യത്യസ്തമായി സംസാരിക്കുന്നത് വളരെയേറെ ബുദ്ധിമുട്ട് ജനിപ്പിക്കുന്ന കാര്യമാണ്. ശ്രീ. സജി ചെറിയാൻ അറിഞ്ഞോ അറിയാതെയോ പറഞ്ഞ വാക്കുകൾ നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം വളരെ ഖേദകരമാണ്. യു.ഡി.എഫ്., എൽ.ഡി.എഫ്. എന്ന വ്യത്യാസമില്ലാതെ ഒരേ മനസ്സോടെ കേരള ജനത സ്വീകരിച്ച സമീപനമാണ് ഈ ദുരന്തത്തിന്റെ ആഴം കുറച്ചത്. അവിടെ എൽ.ഡി.എഫ്. ആണോ യു.ഡി.എഫ്. ആണോ എന്ന് നോക്കിയിട്ടാണോ ആരെങ്കിലും ഒരു ജീവൻ രക്ഷപ്പെടുത്താനായി ശ്രമിച്ചത്? അങ്ങനെ രാപ്പകലില്ലാതെ നടത്തിയ പോരാട്ടത്തിന്റെ ഗുണം നമുക്ക് നേടാനായി. ലോക മനഃസാക്ഷിക്ക് മുമ്പിൽ നമുക്ക് വലിയ സ്ഥാനം ലഭിച്ചു. പക്ഷേ, ഇന്നത്തെ ചർച്ചയിൽ ഉരുത്തിരിയുന്നത് പുനരധിവാസവും നവകേരള സൃഷ്ടിയുമായി ബന്ധപ്പെട്ടുവന്ന വിഷയങ്ങളിലെ പാളിച്ചകളാണ്. അത് ഞങ്ങൾ പറയുന്നതിൽ തെറ്റ് പറയാൻ സാധിക്കുമോ? കേരളത്തിലെ മുഴുവൻ കണക്കുകളും ഞാൻ വിശദീകരിക്കുന്നില്ല. ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഒരടിപോലും മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. അത് ഗവൺമെന്റിന്റെ പിശകാണെന്ന് ഞാൻ പറയുന്നില്ല. എന്ത് ചോദിക്കുമ്പോഴും പഠനം നടക്കുന്നു എന്നാണ് പറയുന്നത്. പൂർണ്ണമായും വീട് നശിച്ചവർ, ഇനി കയറിക്കിടക്കാൻ സ്ഥലമില്ലാത്തവർ - നമ്മൾ അന്വേഷിക്കുമ്പോൾ പഠനം നടന്നുകൊണ്ടിരിക്കുന്നു എന്നാണ് അറിയുന്നത്. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് പരിസ്ഥിതിലോലം എന്ന് കണ്ടെത്തിയതുകൊണ്ട് വീട് വയ്ക്കാൻ നിർവ്വാഹമില്ല. ഇതാണ് ഇവിടത്തെ പ്രത്യേക സ്ഥിതി. ഇടുക്കിയിൽ രണ്ടായിരത്തോളം വീടുകൾ പൂർണ്ണമായും ഏഴായിരത്തിൽപ്പരം വീടുകൾ ഭാഗികമായും തകർന്നു. ആ കുടുംബങ്ങളെ എവിടെ അധിവസിപ്പിക്കാൻ കഴിയും? അതുകൊണ്ട് ഇത്തരം കാര്യങ്ങളിലെല്ലാം മാറ്റങ്ങൾ വരുത്തി അവിടെയുള്ള ജനങ്ങളെ രക്ഷിക്കണമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. പ്രളയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാരസ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളുമെല്ലാം ദുരിതത്തിലായ സ്ഥിതിയാണ് നിലവിലുള്ളത്. വളർത്തുമൃഗങ്ങളുടെ കാര്യം ഇവിടെ നേരത്തെ സൂചിപ്പിച്ചു. ഇത് ഏറ്റവും പ്രസക്തമാണ്. അവിടെ ഉരുൾപൊട്ടലുണ്ടായ സ്ഥലത്ത്, ഡെഡ്ബോഡി

തിരയുന്ന സമയത്ത്, ഒരു പശുവിന്റെ ബോഡി കിട്ടി. അതും തന്റെ കുടുംബത്തിലെ ഒരംഗമാണെന്നാണ് അവിടെ ഒരാൾ നെഞ്ചത്ത് കൈവച്ച് പറഞ്ഞത്. അങ്ങനെ വിഷമിക്കുന്ന കുടുംബങ്ങളാണ് കണ്ണീർക്കണങ്ങളുമായി നോക്കി നിൽക്കുന്നത്. നഷ്ടപ്പെട്ട പശുക്കൾക്കുള്ള ധനസഹായം മൃഗ സംരക്ഷണ വകുപ്പ് നൽകണം. നൂറ് ദിവസം കഴിഞ്ഞു. ഗവൺമെന്റ് ചെയ്യുന്നില്ല എന്നല്ല, നാല് മാസക്കാലമാകാറായിട്ടും എന്ത് ചെയ്തു എന്നതാണ് ചോദ്യം. എന്റെ നിയോജകമണ്ഡലത്തിൽ പശുക്കൾ ചത്തുപോയ എല്ലാ കുടുംബങ്ങൾക്കും വിവിധ ഏജൻസികളിൽ നിന്നായി പത്തും ഇരുപതിനായിരവും രൂപ വച്ച് വാങ്ങി നൽകിയതിനുശേഷമാണ് ഞാൻ സംസാരിക്കുന്നത്. ഇത് ഞാൻ അഭിമാനപൂർവ്വം പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ കൃഷി ഡിപ്പാർട്ടുമെന്റ് അവിടെ കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചതും പുതുകൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചതൊന്നും ഞാൻ വിസ്മരിക്കുന്നില്ല. അതോടൊപ്പം തന്നെ കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനും കൃഷിയിടം പൂർണ്ണമായും നഷ്ടപ്പെട്ടതെല്ലാം പുനരുജ്ജീവിപ്പിക്കാനും നടപടി സ്വീകരിക്കണം. അതുപോലെ പി.ഡബ്ല്യൂ.ഡി. റോഡുകളും ഗ്രാമപഞ്ചായത്ത് റോഡുകളും പൂർണ്ണമായും തകർന്നിരിക്കുകയാണ്. ആ റോഡുകൾ മുഴുവൻ നവീകരിക്കണം. ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം 3000 കോടി രൂപ വേണ്ടി വരുമെന്നാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്ത മീറ്റിംഗിലെ ചർച്ചയിൽ അറിയിച്ചത്. 201 കോടി രൂപ എ.എസ്. കൊടുത്ത സാഹചര്യം നിലനിൽക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇടുക്കി ജില്ലയിലെ റോഡുകൾ പൂർണ്ണമായും നവീകരിച്ച് ഒരു റോഡ് പാക്കേജ് ഇടുക്കിക്ക് നൽകിയില്ലെങ്കിൽ അവിടത്തെ സ്ഥിതി വളരെ ദോഷകരമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ മരണമടഞ്ഞവരുടെ ധനസഹായത്തിന്റെ കാര്യവും. ഇടുക്കിയിൽ 57 പേർ മരണമടഞ്ഞിട്ടുണ്ട്, 7 പേരെ കാണാതായിട്ടുണ്ട്. മരിച്ചവർക്കുള്ള ധനസഹായം നൽകാൻ സാധിക്കുമ്പോൾ കാണാതായവർക്കുള്ള ധനസഹായം നൽകാൻ സാധിക്കുന്നില്ല. 4 പേരുള്ള ഒരു കുടുംബത്തിലെ 3 പേർ മരണമടഞ്ഞു. നഴ്സിംഗിന് പഠിക്കുന്ന ഒരു പയ്യൻ മാത്രമാണ് രക്ഷപ്പെട്ടത്. ആ കുട്ടിക്ക് ഫീസടയ്ക്കാൻ നിർവ്വാഹമില്ല. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിൽ ഇനിയും വീഴ്ച വരുത്താൻ പാടില്ല. അതോടൊപ്പംതന്നെ വീട് വയ്ക്കുന്നതിന് 6 ലക്ഷം രൂപ വരെ ഗവൺമെന്റ് അനുവദിച്ചിരിക്കുന്നു. പട്ടയഭൂമിയാണ് ഇതിനായി പരിഗണിക്കേണ്ടതെന്ന് പറയുന്നു. ഇടുക്കിയിൽ എങ്ങനെയാണ് പട്ടയഭൂമിയിൽ വീട് വച്ച് കൊടുക്കാൻ

സാധിക്കുന്നത്? അവരുടെ കൈവശമുള്ള മേഖലയിൽ അവർക്ക് വീട് വയ്ക്കാനുള്ള പെർമിഷൻ നൽകണം. പട്ടയ ഭൂമി എടുക്കുമ്പോൾ രജിസ്ട്രേഷൻ ഫീസിൽ ഇളവ് ചെയ്തുകൊണ്ട് അവർക്ക് വീട് വയ്ക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. അതുപോലെ അവിടത്തെ ചെറുകിടക്കാരെ സംരക്ഷിക്കാനും നടപടിയുണ്ടാകണം. ഇടുക്കിയെ സംബന്ധിച്ചിടത്തോളം, ഡാം തുറന്നുവിട്ടപ്പോൾ ആദ്യമായി ഒലിച്ചുപോയ പട്ടണമാണ് ചെറുതോണി. അവിടത്തെ ചെറുകിട വ്യാപാര സ്ഥാപനങ്ങൾ മുഴുവൻ നശിച്ചു, റോഡ്, പാലം മുതലായവ തകർന്നു. ആ വ്യാപാരികളെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ ഉണ്ടായിരുന്ന സ്ഥാപനങ്ങൾ, അതോടൊപ്പം ഓരോരുത്തരുടെയും കൈവശമുണ്ടായിരുന്ന സ്ഥാപനങ്ങൾ ഇവയെല്ലാം നശിച്ചു. അവർക്ക് നഷ്ടപരിഹാരം നൽകണം. 25 വർഷക്കാലത്തിലേറെയായി അവിടെ അധിവസിച്ച് ഉപജീവനം കഴിക്കുന്ന സാധാരണക്കാരായ ആൾക്കാർക്ക് അവരുടെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം.ക്യാമ്പുകളിൽ താമസിച്ചവരെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. മണ്ണിടിഞ്ഞതും വെള്ളം കയറിയതും കാരണം രണ്ട് ദിവസത്തിലധികം ക്യാമ്പുകളിൽ താമസിച്ചവർക്ക് 10,000 രൂപയുടെ ആശ്വാസ ധനസഹായം നൽകുമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഇത് ഖേദകരമാണ്. ഇടുക്കിയിൽ 33,835 പേരാണ് ക്യാമ്പുകളിൽ താമസിച്ചത്. എന്നാൽ അവിടെ ആശ്വാസ ധനസഹായം നൽകിയത് 4443 പേർക്ക് മാത്രമാണ്. അക്കാര്യം പരിശോധിക്കണം. ശ്രീ. സജി ചെറിയാൻ പറഞ്ഞപ്പോൾ ഞാൻ ശ്രദ്ധിച്ചു, 6 ലക്ഷത്തോളം പേർക്ക് കേരളത്തിൽ ആശ്വാസ ധനസഹായം കൊടുത്തു എന്നാണ് പറയുന്നത്. ഈ അന്തരമൊന്ന് മനസ്സിലാക്കണം. അത് പുനഃപരിശോധിച്ച് അർഹതയുണ്ടെങ്കിൽ മാത്രം ആ കുടുംബങ്ങൾക്ക് ലഭ്യമാകേണ്ട 10,000 രൂപയുടെ ആശ്വാസ ധനസഹായം നൽകാനാവശ്യമായ നടപടി കൈക്കൊള്ളണം. അതുകൊണ്ട് ഈ ചർച്ച നടക്കുമ്പോൾ കക്ഷി രാഷ്ട്രീയത്തിനപ്പുറം മാനുഷികമുഖം രൂപപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ, പുനർനിർമ്മാണത്തിലും ദുരന്തകാലഘട്ടത്തിലെ പോലെ ഒരുമിച്ച് നിൽക്കാൻ കഴിഞ്ഞില്ലെങ്കിൽ കേരളം അപഹാസ്യകരമായിപ്പോകും. ജനപ്രതിനിധികളെ വിശ്വാസത്തിലെടുത്ത് ഗവൺമെന്റ് മുന്നോട്ട് പോകണം. വീടും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് എല്ലാം വീണ്ടെടുത്ത് കൊടുക്കാൻ എല്ലാവരും കക്ഷി രാഷ്ട്രീയത്തിനപ്പുറം മുൻപന്തിയിലുണ്ടാകും. അക്കാര്യത്തിൽ സഹകരണ മനോഭാവത്തോടുകൂടി മുന്നോട്ടുപോകാൻ തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

2.00 PM]

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. പ്രളയത്തെ സംബന്ധിച്ച് ചർച്ച ചെയ്യാനായി പ്രത്യേക സമ്മേളനം കൂടിയപ്പോൾ തന്നെ, ഇത് man made disaster ആണെന്നും സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടും ഡാമുകൾ കൂട്ടത്തോടെ തുറന്നുവിട്ടതുകൊണ്ടും ഉണ്ടായതാണെന്നുമുള്ള ശക്തമായ ആക്ഷേപം ഉയർന്നുവരികയും അതുസംബന്ധിച്ച് ഒരന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. അത് ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പതിനായിരം രൂപ വീതം നാമമാത്രമായ ധനസഹായമാണ് നഷ്ടപരിഹാരമായി നൽകിയത്. അതുപോലും എല്ലാവർക്കും ലഭ്യമായിട്ടില്ല. ഇപ്പോൾ നിങ്ങൾ പറയുന്നു, അനർഹരായവരാണ് അത് കൈപ്പറ്റിയിട്ടുള്ളതെന്ന്. ഏത് നിലയിലാണ് ഇതിന്റെ കണക്കെടുപ്പ് നടന്നതെന്നതിനെ സംബന്ധിച്ച് ഇന്ന് ചോദ്യങ്ങൾ ഉയരുകയാണ്. അനർഹർ ഇതിൽ ധനസഹായം കൈപ്പറ്റിയെന്ന് പറയുമ്പോൾ ഉദ്യോഗസ്ഥരുടെ കൃത്യമായ ഇടപെടൽ ആ മേഖലയിൽ ഉണ്ടായിട്ടില്ലെന്ന് സ്വാഭാവികമായും അനുമാനിക്കേണ്ടിവരുന്നു.

കേരളത്തിലെ വ്യാപാരികൾ വലിയ ആശങ്കയിലാണ്. വലിയ തോതിലുള്ള നാശനഷ്ടമാണ് അവർക്കുണ്ടായിരിക്കുന്നത്. വൻകിട വ്യാപാരികൾക്കും ചെറുകിട വ്യാപാരികൾക്കും ആർക്കുംതന്നെ ഇൻഷ്വറൻസ് പരിരക്ഷയില്ല. അവരെ സംബന്ധിച്ച് ഇപ്പോഴും സർക്കാർ മൗനത്തിലാണ്. അവർക്ക് എന്ത് നഷ്ടപരിഹാരം കൊടുക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് വ്യക്തമാക്കേണ്ടതായിട്ടുണ്ട്. ഇവിടെ പുഴതീരം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ മുൻമന്ത്രിയോടും ഇപ്പോഴത്തെ മന്ത്രിയോടും സൂചിപ്പിച്ചിരുന്നു. അതുസംബന്ധിച്ച വ്യക്തമായ ഉറപ്പ് ഈ സഭയിൽ നൽകാൻ വകുപ്പുമന്ത്രിക്ക് സാധിക്കുമോ? കിലോമീറ്ററോളം വരുന്ന പുഴയുടെ തീരങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഓരം ചേർന്ന കൃഷിയിടങ്ങളും വീടുകളും അപകടകരമായ സ്ഥിതിയിൽ നിൽക്കുകയാണ്. അത് കെട്ടുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കൃഷി നാശത്തോടൊപ്പം വളർത്തുമൃഗങ്ങൾക്കും ധാരാളം നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. കുറച്ചുപേർക്ക് ധനസഹായം കിട്ടിയതുകൊണ്ട് ആകുന്നില്ല, അവർക്ക് മതിയായ നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാൻ നടപടിയുണ്ടാകണം. പൊതുമരാമത്ത് റോഡുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് മഴക്കാലം കഴിഞ്ഞാൽപ്പോലും റോഡുകളുടെ വൺ ടൈം മെയിന്റനൻസിനുള്ള തുക പഞ്ചായത്തുകൾക്ക് നൽകിയിരുന്നു. ഇത്തവണ

അങ്ങനെയൊന്നും നൽകിയിട്ടില്ല. കഴിഞ്ഞ രണ്ടരവർഷത്തിനിടയിൽ ഗ്രാമീണ റോഡുകളുടെ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയുമുണ്ടായിട്ടില്ല. പ്രളയത്തിൽ നഷ്ടപ്പെട്ട പഞ്ചായത്ത് റോഡുകളുടെ പുനർനിർമ്മിതിക്കായി വൺ ടൈം മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇതൊരു man made disaster ആണെന്ന കാര്യം ഞാൻ ആവർത്തിക്കുന്നില്ല. അത് നേരത്തെ പറഞ്ഞതാണ്. ഇപ്പോഴുണ്ടായ ഒരു കാര്യം, വിവിധ കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച പണത്തിനെക്കുറിച്ച് വ്യക്തമായ കണക്ക് വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. അത് ജനങ്ങളെ ബോധ്യപ്പെടുത്തിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ലെന്ന് ഇവിടെ പലരും പറയുന്നുണ്ട്. പ്രളയമുണ്ടായ ദിവസംതന്നെ കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിംഗ് നൂറ് കോടി രൂപ കൊടുക്കാൻ ഏർപ്പാട് ചെയ്തു. അതിനുശേഷം മൂന്നാം ദിവസം ബഹുമാനപ്പെട്ട പ്രധാനമന്ത്രി പ്രളയബാധിത പ്രദേശങ്ങൾ കാണാൻ വരികയും ഇതിനുവേണ്ടി പ്രത്യേകമായി 500 കോടി രൂപ അനുവദിക്കുകയും ചെയ്തു. ബി.ജെ.പി. ഭരിക്കുന്ന പല സംസ്ഥാനങ്ങളും ഇതുപോലെ അഞ്ചും പത്തും പതിനഞ്ചും കോടി രൂപവീതം കൊടുത്തിട്ടുണ്ട്. പല സ്ഥലങ്ങളിൽ നിന്നും ആ രീതിയിൽ തുക കിട്ടിയിട്ടുണ്ട്. അതിന്റെ കണക്കുകൾ എവിടെയാണ്? ഈ തുക പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിക്ഷേപിച്ചാൽ എത്ര രൂപ കിട്ടിയെന്നുള്ളത് എങ്ങനെ മനസ്സിലാക്കാൻ സാധിക്കും. ഈ പണം എങ്ങനെ ചെലവഴിക്കുന്നു എന്നതിനെപ്പറ്റി വ്യക്തമായ കണക്ക് വയ്ക്കണമെന്ന് അന്നുതന്നെ ആവശ്യപ്പെട്ടിരുന്നതാണ്. അത് ചെയ്യാൻ തയ്യാറായിട്ടില്ല. ഇതാണ് വസ്തുത. .........(ബഹളം)...... കേന്ദ്രം എന്ത് നൽകിയെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. ആദ്യം 100 കോടി രൂപയും പിന്നീട് 500 കോടി രൂപയും നൽകി. അതിനുശേഷം നാശനഷ്ടം വിലയിരുത്താൻ ഉദ്യോഗസ്ഥർ വരികയും അവർ പഠനം നടത്തി റിപ്പോർട്ട് കൊടുക്കുകയും ചെയ്തിട്ടുണ്ട്. 2500 കോടി രൂപയാണ് അവർ വിലയിരുത്തിയിട്ടുള്ളത്. അത് കിട്ടാൻ വേണ്ടി നമുക്ക് ശ്രമിക്കാം. അത് വാങ്ങിത്തരാൻ സാധിക്കും. അതിൽ ഒരു സംശയവും വേണ്ട. അതുപോലെ പലസ്ഥലത്തുനിന്നും പല ആളുകളും അയച്ചുകൊടുത്ത പണത്തിന് പ്രത്യേക കണക്ക് വേണം. ....... ........(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ്....

ശ്രീ. ഒ. രാജഗോപാൽ: സർ, ലഭിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച് വ്യക്തമായ കണക്കില്ല. എനിക്ക് കിട്ടിയ വിവരമനുസരിച്ച് പല സ്ഥലത്തും അർഹരായവർക്ക് വീട് കൊടുക്കുന്നില്ല. നേരെമറിച്ച്, പാർട്ടിയിലെ ചില ആളുകളുടെ അടുത്തുകൂടി വെള്ളം പോയാൽ അവർക്ക് പണം കൊടുക്കുന്നു, ഇത്തരത്തിലുള്ള ആരോപണങ്ങളുണ്ട്. പാർട്ടി പരിഗണന നൽകാതെ ആ പണം അർഹരായവർക്ക് ലഭ്യമാക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പോയിന്റ് ഓഫ് ഓർഡർ. സംസ്ഥാന ഗവൺമെന്റ് പ്രളയം ബാധിച്ച ജനങ്ങളുടെ കാര്യത്തിൽ വളരെ വ്യക്തമായ കണക്കുകളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ അർഹരായ ആളുകൾക്കാണ് പണവും മറ്റ് ആനുകൂല്യങ്ങളും കൊടുത്തുകൊണ്ടിരിക്കുന്നത്. അതിന് വിരുദ്ധമായി പാർട്ടിക്കാർക്കും പാർശ്വവർത്തികൾക്കും മാത്രമാണ് ഇത് നൽകുന്നതെന്ന പരാമർശം രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്.....

ശ്രീ. ഒ. രാജഗോപാൽ: സർ, വിവേചനം കാണിക്കുന്നു. പാർട്ടിയിൽപ്പെട്ടവർക്കാണെങ്കിൽ കയ്യയച്ച് സഹായം നൽകുന്നു. എന്നാൽ പാർട്ടിയിൽ ഇല്ലാത്തവർക്ക് വീട് നഷ്ടപ്പെട്ടാലും ഒന്നും കൊടുക്കാൻ തയ്യാറാകുന്നില്ല. ഈ വിവേചനം പാടില്ല. പ്രളയമുണ്ടായ അവസരത്തിൽ ജാതിയും മതവും രാഷ്ട്രീയവും നോക്കാതെ എല്ലാവരും യോജിച്ച്, സഹകരിച്ച് പ്രവർത്തിച്ചു. ഇവിടെ അത്തരത്തിലൊരു അന്തരീക്ഷമുണ്ടാക്കണം. ആ രീതിയിലാണ് ഇത് കൈകാര്യം ചെയ്യേണ്ടത്. ദുരന്തത്തിൽപ്പെട്ടവർക്ക് ധനസഹായം വിതരണം ചെയ്യുന്നതിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീമതി യു. പ്രതിഭ: സർ, കേരളം കണ്ട ഏറ്റവും വലിയ കാലവർഷക്കെടുതിയാണ് 2018 ആഗസ്റ്റ് മാസത്തിൽ നമ്മൾ അഭിമുഖീകരിച്ചത്. പക്ഷേ നവോത്ഥാന പാരമ്പര്യങ്ങളും മതനിരപേക്ഷ സംസ്കാരവും സൃഷ്ടിച്ച ഒരു കൂട്ടായ്മയിലൂടെ നിർഭയനായി നിന്നുകൊണ്ട് കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിമാരും വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ആ മഹാപ്രളയത്തെ അതിജീവിച്ചു. നമ്മുടെ നാട്ടിൽ വന്നിട്ടുള്ള കൂട്ടായ്മ കണ്ട ഭയമാണ് പ്രതിപക്ഷത്തിനുള്ളതെന്നാണ് ശ്രീ. വി. ഡി. സതീശൻ വസ്തുതയില്ലാത്ത വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ളത്. സമയക്കുറവുള്ളതുകൊണ്ട്, അദ്ദേഹം പറഞ്ഞ ചില കാര്യങ്ങൾക്ക് മറുപടി പറയാൻ മാത്രമാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നത്.

കേരളം പുനർനിർമ്മാണത്തിനുവേണ്ടി ഒരുങ്ങുകയാണ്. വീടുകളുടെ പുനർ നിർമ്മാണത്തിനായി ഏകദേശം 1000 കോടിയിലധികം രൂപയാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. സർക്കാർ എന്തുചെയ്തുവെന്ന് ശ്രീ. വി. ഡി. സതീശൻ ചോദിക്കുകയുണ്ടായി. ഞാൻ കുട്ടനാട്ടുകാരിയാണ്. പ്രളയത്തിനിരയായ ഒരാളാണ് ഞാൻ. ഇക്കാര്യം നേരത്തെയും ഞാൻ പറഞ്ഞിരുന്നു. എന്റെ വീട് സ്ഥിതി ചെയ്യുന്ന പ്രദേശമുൾപ്പെടെ ഒരുവീടുപോലുമില്ലാതെ എല്ലായിടവും മുങ്ങിപ്പോയിരുന്നു. നിങ്ങൾക്ക് കണക്ക് പരിശോധിച്ചാൽ മനസ്സിലാകും. കുട്ടനാട്ടിലെ മുഴുവൻ വീടുകൾക്കും പതിനായിരം രൂപ വീതം ധനസഹായം സമയബന്ധിതമായി കൊടുത്ത ഗവൺമെന്റാണിത്. മുമ്പെങ്ങും ഇത്തരത്തിലുള്ള ഒരു നടപടി ഉണ്ടായിട്ടില്ലെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. അദ്ദേഹം മത്സ്യത്തൊഴിലാളികളെ അപമാനിക്കുന്ന സമീപനം കണ്ടു. രക്ഷാ പ്രവർത്തനത്തിന് വന്ന മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെന്റ് 3000 രൂപ വീതം ആദ്യം സഹായം നൽകാൻ ഒരുങ്ങി. ഞങ്ങൾക്ക് ആ തുക വേണ്ട, അത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഞങ്ങൾ നൽകിയിരിക്കുന്നുവെന്ന് കേരളത്തിന്റെ തീരദേശ സംരക്ഷകരായ മത്സ്യത്തൊഴിലാളികൾ പറഞ്ഞു. 3 കോടിയിൽപ്പരം രൂപ അവർ തിരികെ നൽകുകയായിരുന്നു. വസ്തുതാവിരുദ്ധമായ പ്രസ്താവനയാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ നടത്തിയത്. രക്ഷാപ്രവർത്തനത്തിനിടെ ബോട്ടുകൾ കേടുപാട് വന്നവർക്ക് അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചു. 2018 സെപ്തംബർ 4-ന് ഇറക്കിയ ഉത്തരവ് പരിശോധിച്ചാൽ നിങ്ങൾക്കത് മനസ്സിലാകും. കേടുപാടുകൾ പരിഹരിക്കാനുള്ള മുഴുവൻ ചെലവും സർക്കാർ വഹിക്കാനുള്ള നിർദ്ദേശമാണ് കൊടുത്തിരിക്കുന്നത്. ഇതിനുവേണ്ടി 3.25 കോടി രൂപ കൊടുത്തിട്ടുണ്ട്. ഇതിനുശേഷം മത്സ്യഫെഡിൽ ശിപാർശ നൽകിയതനുസരിച്ച്, ഇന്ധനച്ചെലവ് മത്സ്യഫെഡ് മുൻകൂറായി വഹിച്ചു. അത് ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇവിടെ ശ്രീ. സജി ചെറിയാൻ പറഞ്ഞതുപോലെ ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ പേരൊന്നും കോൺഗ്രസ് പാർട്ടി പരാമർശിക്കുന്നത് ഞങ്ങൾ കേട്ടിട്ടില്ല. 3000 കോടി രൂപയുടെ സർദാർ വല്ലഭായ് പട്ടേൽ പ്രതിമ ഇന്ത്യൻ പ്രധാനമന്ത്രി അനാച്ഛാദനം ചെയ്ത ദിവസം കേരളത്തിലെ മുഖ്യമന്ത്രി ചെയ്ത സുപ്രധാനമായ ഒരു ഉദ്ഘാടനം നിങ്ങളാരും കണ്ടില്ലെന്ന് ഞാൻ കരുതുകയാണ്. നമ്മളാരും ഓഖി ദുരന്തം മറന്നിട്ടില്ലല്ലോ? 172 മത്സ്യത്തൊഴിലാളികൾക്ക് 172 വീടുകൾ നിർമ്മിച്ച് നൽകിക്കൊണ്ട് ഓഖി ദുരന്തത്തിൽപ്പെട്ടവരെ സഹായിച്ച നടപടി എന്തുകൊണ്ട് പ്രതിപക്ഷം കാണാതെ പോകുന്നു? അതുപോലെ കുട്ടനാട് അക്ഷരാർത്ഥത്തിൽ ഈ പ്രളയം കഴിഞ്ഞപ്പോൾ ഇല്ലാതായി. നേരത്തെ ശ്രീ. സജി ചെറിയാൻ

പറഞ്ഞതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. മുഖ്യമന്ത്രി തലസ്ഥാനത്തിരുന്നു കൊണ്ട് കൃത്യമായി കാര്യങ്ങൾ ചെയ്തപ്പോൾ, മന്ത്രിമാർക്ക് ജില്ലയുടെ ചുമതല നൽകുകയും ആലപ്പുഴയിലെ മൂന്ന് മന്ത്രിമാർ കൃത്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു. കൃഷി വകുപ്പുമന്ത്രി അഞ്ച് തവണ കുട്ടനാടൻ മേഖല സന്ദർശിച്ചു. കുട്ടനാട്ടിലെ കഴിഞ്ഞ പുഞ്ചകൃഷി 23000 ഹെക്ടറായിരുന്നത്, ഈ വർഷം 30400 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിച്ചിരിക്കുന്നു. അവിടെ മുപ്പതും മുപ്പത്തിരണ്ടും ദിവസമായ നെൽപ്പാടങ്ങൾ പരിശോധിച്ചുനോക്കു; നിങ്ങൾ വന്നാൽ കാണാൻ കഴിയും. വിത്ത് പൂർണ്ണമായും സൗജന്യമായി നൽകിയിരിക്കുന്നു. ആലപ്പുഴയിൽ 3612 ടൺ വിത്തും കോട്ടയത്ത് 1506 ടൺ വിത്തും സൗജന്യമായി നൽകിയിരിക്കുന്നു. 12524 ഹെക്ടർ സ്ഥലത്തേയ്ക്ക് കൃഷി അധികമായി വ്യാപിപ്പിച്ചിരിക്കുന്നു. നിങ്ങളോട് വെല്ലുവിളിക്കാനൊന്നും ഞങ്ങൾ ഈ അവസരം ഉപയോഗിക്കുന്നില്ല. കാരണം, വലിയ ദുരന്തത്തെ അതിജീവിച്ച് നിൽക്കുന്നവരാണ് കേരളജനത. പക്ഷേ ഞങ്ങൾ അഭിമാനത്തോടെ പറയുന്നു, ഈ വർഷം കുട്ടനാട്ടിൽ, ആലപ്പുഴയിൽ നെല്ല് കൊയ്യുമ്പോൾ 35000 ടൺ നെല്ല് അധികമായി പ്രളയത്തിനുശേഷം അവിടെ ഉൽപ്പാദിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങളാണ് നടത്തിയിരിക്കുന്നത്. 50 ലക്ഷത്തിലധികം പച്ചക്കറി വിത്തുപായ്ക്കറ്റ് സൗജന്യമായി നൽകി. തകർന്നുപോയ 270 ബണ്ടുകൾ പുന:സ്ഥാപിച്ചു. ഇതാണ് കാർഷിക മേഖലയിലെ എടുത്തുപറയേണ്ട ചില പ്രവർത്തനങ്ങൾ. എം.എൽ.എ.-മാർ മുഖ്യമന്ത്രിയോട് സഹായം ചോദിക്കാറുണ്ടല്ലോ? സഹായം ചോദിക്കണം. പക്ഷേ ഞങ്ങൾ പറയട്ടെ, ഞാൻ ഉത്തരവാദപ്പെട്ട രാഷ്ട്രീയപാർട്ടിയുടെ, സി.പി.ഐ.(എം.)-ന്റെ അംഗമാണെന്ന് പറയുന്നതിൽ അഭിമാനിക്കുന്നു. മറ്റൊന്നും കൊണ്ടല്ല, ആ പാർട്ടി താഴെത്തട്ടിലെ ജനങ്ങളിൽ നിന്നും പിരിച്ച് 30 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊണ്ടുവന്നത്. നിങ്ങളോ? എ.ഐ.സി.സി. വീട് വച്ചുകൊടുക്കുമെന്ന് പറഞ്ഞല്ലോ? നിങ്ങൾക്ക് കണക്ക് പറയാം. എത്ര വീട് നിർമ്മിച്ചുകൊടുക്കുമെന്നാണ് എ.ഐ.സി.സി. പറഞ്ഞത്. യു.ഡി.എഫ്. അംഗങ്ങൾ സഹായം ചോദിക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു പൈസയും നൽകരുതെന്ന് നിങ്ങളുടെ സംഘടനാപ്രതിനിധികൾ പറഞ്ഞില്ലേ? കോടിക്കണക്കിന് രൂപയാണ് ഓരോ ജില്ലയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യാൻ തയ്യാറായത്. നിങ്ങൾ പരിശോധിച്ചുനോക്കു, യു.ഡി.എഫ്.-ന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നാമമാത്രമായ സംഖ്യയാണ് നൽകിയത്. സംശയമുള്ളവർ കണക്കെടുത്ത് പരിശോധിച്ചാൽ ബോധ്യമാകും. ഇവിടെ മറ്റുചില കാര്യങ്ങൾ കൂടി പറയാൻ

ഞാൻ ആഗ്രഹിക്കുകയാണ്. ഓരോ മേഖലയും, പ്രത്യേകിച്ച് ആരോഗ്യ മേഖല പരിശോധിച്ചാൽ ഒരു പ്രളയം നമ്മുടെ നാടിനെ അക്ഷരാർത്ഥത്തിൽ വിഴുങ്ങിയപ്പോൾ, അതിനെ തുടർന്നുവരുന്നത് പകർച്ചവ്യാധികളായിരിക്കുമെന്നാണ് എല്ലാവരും ഭയന്നത്. സ്വാഭാവികമായും ഇവിടെയുള്ള മാധ്യമങ്ങളടക്കം അത് ശരിവയ്ക്കുകയുണ്ടായി. എന്നാൽ ആരോഗ്യവകുപ്പിന്റെ കൃത്യമായ പ്രവർത്തനങ്ങളിലൂടെ രോഗവിമുക്തമായ ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റാനും പകർച്ചവ്യാധികളൊന്നും വരാതെ ശ്രദ്ധിക്കാനും കഴിഞ്ഞു. കുട്ടികൾക്ക് നഷ്ടമായ പാഠപുസ്തകങ്ങൾ കൃത്യമായി അച്ചടിച്ച് നൽകിക്കൊണ്ട് വിദ്യാഭ്യാസവകുപ്പ് ഇടപെട്ടപ്പോഴും തകർന്നുപോയ റോഡുകൾ കോടിക്കണക്കിന് രൂപ ചെലവഴിച്ച് പൊതുമരാമത്ത് വകുപ്പ് ഇവിടെ നിർമ്മിച്ചുകൊടുത്തപ്പോഴും നിങ്ങൾ ഇതൊന്നും കണ്ടില്ല എന്നുപറഞ്ഞ് മുഖംതിരിഞ്ഞു നിൽക്കുന്നത് കാലത്തോടും ചരിത്രത്തോടും ചെയ്യുന്ന ഏറ്റവും വലിയ ചതിയാണ്. നിങ്ങൾ കൂടെ നിൽക്കണ്ട, പക്ഷേ നിങ്ങൾക്ക് എങ്ങനെയാണ് ഇതൊന്നും കണ്ടില്ലെന്ന് നടിക്കാൻ കഴിയുന്നതെന്ന് ഈ അവസരത്തിൽ ഞാൻ അതിശയിച്ചു പോകുകയാണ്. ഇവിടെ ഇത്രയും പ്രവർത്തനങ്ങൾ ചെയ്യുമ്പോഴും കേന്ദ്രം നമ്മളെ സഹായിക്കുന്നില്ലെന്ന് വ്യക്തമായി നിങ്ങൾക്കെല്ലാം അറിയാമല്ലോ. കേരളത്തെ ഞെക്കിക്കൊല്ലാനാണ് കേന്ദ്രം നോക്കുന്നത്. പക്ഷേ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ നവോത്ഥാനമൂല്യങ്ങളും മതനിരപേക്ഷതയും ഉയർത്തിപ്പിടിക്കാൻ സർക്കാർ ശ്രമിക്കുമ്പോൾ കേരളത്തെയും മുഖ്യമന്ത്രിയെയും പ്രളയാനന്തര പ്രവർത്തനങ്ങളെയും ലോകം മുഴുവൻ ശ്രദ്ധിച്ചുവെന്ന് നിങ്ങൾക്ക് മനസ്സിലായിക്കാണും. അങ്ങനെ ലോകം തന്നെ നമ്മെ ശ്രദ്ധിക്കുമ്പോൾ കേരളത്തിന്റെ ഒത്തൊരുമയില്ലാതാക്കാൻ നിങ്ങൾക്ക് കിട്ടിയിട്ടുള്ള ഒരു തുറുപ്പു ചീട്ട് മാത്രമാണ് ശബരിമല വിഷയത്തിലടക്കം ഇന്ന് നിങ്ങൾ നടത്തുന്ന സമരമെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു വലിയ പ്രതിസന്ധി അഭിമുഖീകരിച്ച കേരളം അതിനെ അതിജീവിച്ച് നവകേരള സൃഷ്ടിക്കായി ശ്രമിക്കുന്ന അവസരത്തിൽ ബി.ജെ.പി.-യോടൊപ്പം നിന്നുകൊണ്ട് ഇതുപോലൊരു പ്രമേയം പാസ്സാക്കി സംസാരിക്കുമ്പോൾ തീർച്ചയായും ചരിത്രം നിങ്ങൾക്ക് മാപ്പ് തരില്ല. കേരളത്തിന്റെ പുനർനിർമ്മാണം എങ്ങനെയാണെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന നമ്മൾ കേട്ടുകഴിഞ്ഞതാണ്. ഒരു പക്ഷേ സഭയിൽ നിന്ന് നിങ്ങളെല്ലാവരും നേരത്തെ പോയതുകൊണ്ട് ആ പ്രസ്താവന നിങ്ങളുടെ കയ്യിൽ കാണുകയില്ല. നിങ്ങൾ എല്ലാവരും അതെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയിൽ സംശയരഹിതമായി തന്നെ പുനർനിർമ്മാണം എങ്ങനെയാണ് കേരളത്തിൽ നടത്താനുദ്ദേശിക്കുന്നതെന്ന് വളരെ വ്യക്തമായി

പറഞ്ഞിട്ടുണ്ട്. ഇത് പറയുമ്പോഴും കേന്ദ്രത്തിന്റെ സഹായം നമുക്കില്ലെന്നത് ഓർക്കേണ്ടതാണ്. വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന പ്രവാസി മലയാളികളുടെ സ്നേഹം പ്രളയകാലത്ത് അനുഭവിച്ചറിഞ്ഞവരാണ് നാം. അവർ നമുക്ക് സമാഹരിച്ച് തരാമെന്ന് പറഞ്ഞ പണം വാങ്ങാൻ പോകാൻപോലും അനുവദിക്കാത്ത സമീപനം കേന്ദ്രം സ്വീകരിച്ചപ്പോൾ അതിനെതിരെ ഒരു വാക്കുപോലും പറയാൻ തയ്യാറാകാതിരുന്നവരാണ് യു.ഡി.എഫ്.-കാർ. സഹായിച്ചില്ലെങ്കിലും കേരളത്തിലെ ജനങ്ങളെ നോക്കി മുഖംതിരിക്കാതിരിക്കാൻ വേണ്ടിയുള്ള ഒരു ഇടപെടൽ തീർച്ചയായിട്ടും നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

കേരളം കൊടുക്കുന്ന തുകയും കേന്ദ്രം കൊടുക്കുന്ന തുകയും തമ്മിലുള്ള ചില താരതമ്യങ്ങൾ തീർച്ചയായും ശ്രദ്ധിക്കേണ്ടതുണ്ട്. 33,000 കോടിയിൽപ്പരം രൂപ നഷ്ടപരിഹാരത്തിനും പുനർനിർമ്മാണത്തിനുമൊക്കെയായി വേണ്ടിവരുമ്പോൾ 600 കോടി രൂപ മാത്രം തന്നിട്ട് യു.എ.ഇ. തരാൻ പോകുന്ന സഹായം വാങ്ങാൻപോലും അനുവദിക്കാത്ത സമീപനമാണ് കേന്ദ്രത്തിനുള്ളത്. അതിനെതിരെ അതിശക്തമായ പ്രക്ഷോഭ പരിപാടികൾ ആവിഷ്കരിക്കേണ്ട സമയത്താണ് കേരളം നടത്തുന്ന സമാനതകളില്ലാത്ത പ്രവർത്തനങ്ങളോട് മുഖംതിരിഞ്ഞ് നിൽക്കുന്ന നിങ്ങളുടെ സമീപനത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഇവിടെ അതിജീവനത്തിന്റെ പാതയിലേക്ക് പോകുന്ന പാവപ്പെട്ട മനുഷ്യരോടൊപ്പം നിന്നുകൊണ്ട് മുഖ്യമന്ത്രി നടത്തുന്ന പ്രവർത്തനങ്ങളെ നിങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്. പലപ്പോഴും അദ്ദേഹത്തെ അധിക്ഷേപിക്കുന്ന എത്രയോ നീചമായ പ്രസ്താവനകളാണ് സോഷ്യൽ മീഡിയയിൽ ഞങ്ങളൊക്കെ കാണുന്നത്. എനിക്ക് മുൻപ് ബി.ജെ.പി. -യുടെ പ്രതിനിധി ശ്രീ. ഒ. രാജഗോപാൽ സംസാരിച്ചല്ലോ. കേന്ദ്രം എന്താണ് കേരളത്തോട് ചെയ്യുന്നതെന്ന് നിങ്ങൾ അദ്ദേഹത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കണം. കൃഷിനാശത്തിന് നമ്മൾ നഷ്ടപരിഹാരം കൊടുക്കുന്നത്, കുലച്ച വാഴയ്ക്ക് ഇത്രരൂപ, കുലയ്ക്കാത്ത വാഴയ്ക്ക് ഇത്രരൂപ, അടയ്ക്ക കായ്ഫലമുള്ളതിന് ഇത്ര, കൊക്കോ കായ്ഫലമുള്ളതിന് ഇത്ര എന്ന കണക്കിലാണ്. ഒരു ചെറിയ ഉദാഹരണം പറയാം. ശക്തമായ മഴയിൽ കുലച്ചുനിന്ന വാഴകൾ നഷ്ടപ്പെട്ട ധാരാളം ആളുകളുണ്ട്. വാഴ കുലച്ചതാണെങ്കിൽ ഒരു വാഴയ്ക്ക് 5 രൂപ 40 പൈസ എന്ന നിരക്കിലാണ് കേന്ദ്രം നഷ്ടപരിഹാരം തരുന്നത്. പക്ഷേ സംസ്ഥാനം കൊടുക്കുന്നത് 94 രൂപയാണ്. അതൊക്കെയല്ലേ ഈ അവസരത്തിൽ ചർച്ച ചെയ്യേണ്ടത്. കായ്ഫലം ഇല്ലാത്ത തെങ്ങ് നശിച്ചുപോകുമ്പോൾ 102 രൂപ മാത്രമാണ് കേന്ദ്രം തരുന്നതെങ്കിൽ 247 രൂപയാണ് ഇവിടെ കേരളത്തിന്റെ വിഹിതമായി വരുന്നത്. അതുപോലെ

പൂർണ്ണമായി തകർന്ന വീടുകൾക്ക് 4 ലക്ഷം രൂപയാണ് നഷ്ടപരിഹാരം. ചരിത്രത്തിലാദ്യമായാണ് ഇത്രയും വലിയൊരു തുക നഷ്ടപരിഹാരമായി കൊടുക്കുന്നത്. ഭാഗികമായി തകർന്ന വീടുകൾക്ക് 2,50,000 രൂപ നൽകുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തല്ലേ സുനാമി വന്നത്. ഇതിനെയൊന്നും രാഷ്ട്രീയവൽക്കരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. സുനാമി ഫണ്ട് പാലായിൽ കൊണ്ടുപോയ നിങ്ങൾക്ക് സ്വാഭാവികമായിട്ടും കേരളത്തിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങളെപ്പറ്റി സംശയം കാണും. രണ്ട് വർഷക്കാലം കൊണ്ട് കേരളം നടത്താൻ പോകുന്ന സമാനതകളില്ലാത്ത പ്രവർത്തനങ്ങളിൽ യു.ഡി.എഫ്.-കാരുടെ ഒരു സംഭാവനയുമില്ലെന്ന് ചരിത്രം വിലയിരുത്തുമെന്ന് പറഞ്ഞുകൊണ്ട് ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായും എതിർക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, കേരളത്തിന്റെ ചരിത്രത്തിൽ മുമ്പെങ്ങുമില്ലാത്ത ഒരു പ്രളയം നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നു. ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ നോക്കാതെ ദുരന്തമുഖത്ത് പ്രളയബാധിതരെ സഹായിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവരാണ് നമ്മളെല്ലാവരും. കേരളജനത ഒന്നാകെ ഈ പ്രളയദുരന്തമുഖത്ത് ജനങ്ങളെ സഹായിക്കാനായി മുന്നോട്ട് വന്നിരുന്നു. പക്ഷേ, ഭരണപക്ഷത്ത് നിന്നുള്ള രണ്ടംഗങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ, തൊട്ടുമുൻപ് സംസാരിച്ച ശ്രീമതി യു. പ്രതിഭ ഉൾപ്പെടെയുള്ള ആളുകൾ ഇപ്പോൾ 'ഞങ്ങൾ, നിങ്ങൾ' എന്നുപറഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മളൊന്നിച്ച് കേരളത്തെ പുനർനിർമ്മിക്കുന്നതിനെ സംബന്ധിച്ചാണ് ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഭരണപക്ഷത്തിന്റെ ആളുകൾ തന്നെ ഇപ്പോൾ ഇതിനെ 'ഞങ്ങൾ, നിങ്ങൾ' എന്നാക്കി മാറ്റിക്കൊണ്ടിരിക്കുന്ന പരിതാപകരമായ കാഴ്ചയാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർ, ഭാഗികമായി നഷ്ടപ്പെട്ടവർ, കൃഷി നഷ്ടപ്പെട്ടവർ, വളർത്തുമൃഗങ്ങൾ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക് സാധനങ്ങൾ അങ്ങനെ ഒരായുസ്സിന്റെ സമ്പാദ്യം മുഴുവൻ ഒറ്റ രാത്രി കൊണ്ട് ഇല്ലാതാകുന്നത് കാണേണ്ടി വന്ന ലക്ഷക്കണക്കിന് ഹതഭാഗ്യരുള്ള ഒരു നാടാണിത്. സർക്കാർ എന്താണ് അവർക്കായി കൊടുത്തത്? സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്. സർക്കാരിന് നിർവ്വഹിക്കേണ്ട ചില ഉത്തരവാദിത്വങ്ങളുണ്ട്. പ്രതിപക്ഷവും ഭരണപക്ഷവും ഒന്നടങ്കമായാണ് പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത്. പക്ഷേ ഒരു സർക്കാരെന്ന നിലയിൽ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചകൾ ചൂണ്ടിക്കാണിക്കുക മാത്രമാണ്

ഞങ്ങൾ ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. ആലുവ താലൂക്കിൽ തന്നെ 439 വീടുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. ഏതെങ്കിലും ഒരു വീടിന് തറക്കല്ലിടാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ. ഇവിടെ കെ.പി.സി.സി. വീട് പണിത് കൊടുക്കുന്നതിനെക്കുറിച്ച് ചോദിച്ചു. ഞങ്ങൾ പറയാം. ഞാനും എറണാകുളം എം.എൽ.എ ശ്രീ. ഹൈബി ഈഡനും ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്തും പറവൂർ എം.എൽ.എ. ശ്രീ. വി. ഡി. സതീശനും അങ്കമാലിയിലുൾപ്പെടെ ഞങ്ങളുടെ സ്വന്തം താൽപ്പര്യത്തിൽ സ്വന്തം മണ്ഡലങ്ങളിൽ പത്തും പതിനഞ്ചും വീടുകൾക്ക് തറക്കല്ലിട്ട് പണി ആരംഭിച്ചു; വീടുകളുടെ താക്കോൽ കൈമാറി. എത്ര വീടുകൾ നിങ്ങൾ പണി കഴിപ്പിച്ചുകൊടുത്തിട്ടുണ്ട്. ഏതെങ്കിലും ഒരു വീടിന്റെ പണി കഴിപ്പിച്ച് താക്കോൽ കൈമാറാൻ, അല്ലെങ്കിൽ തറക്കല്ലിടാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. ആലുവ താലൂക്കിൽ മാത്രം 17,000-ത്തിലധികം വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിച്ചിരുന്നു. ഏതെങ്കിലും ഒരു വീടിന് ഒരു രൂപ സഹായം കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ? അനവധി മില്ലുകളിൽ അരി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾക്ക് കേടുപാട് സംഭവിച്ച് ചീഞ്ഞുനാറി കിടക്കുന്നത് ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി അവിടെ വന്ന് കണ്ടതാണ്. ഇന്നുവരെ അത് നീക്കം ചെയ്യാനുള്ള നടപടി പോലും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതവിടെ വലിയ ആരോഗ്യ പ്രശ്നമുണ്ടാക്കുകയാണ്. ചെറുകിട വ്യാപാരികൾക്ക് അങ്കമാലിയിൽ മാത്രമുണ്ടായ നഷ്ടത്തിന്റെ കണക്ക് ഞാൻ നിയമസഭയിൽ ചോദിച്ചു. 357 ആളുകൾക്ക് നഷ്ടമുണ്ടായി എന്നാണ് മറുപടി ലഭിച്ചത്. അതിന്റെ കണക്ക് ഞാൻ ഇവിടെ കൊടുത്തിട്ടുണ്ട്. വലിയ നഷ്ടമാണുണ്ടായിരിക്കുന്നത്. 'സർക്കാർ 10 ലക്ഷം രൂപ കൊടുക്കുമെന്ന് പറഞ്ഞിട്ട് എന്ത് നടപടി ഉണ്ടായി' എന്നുചോദിച്ചപ്പോൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നൽകിയിരിക്കുന്ന മറുപടി 'ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ബാങ്കുകൾക്ക് ലഭിച്ചിട്ടില്ല' എന്നാണ്. എന്ത് സഹായമാണ് ഈ സർക്കാർ കൊടുത്തത്; 1500-ലധികം വളർത്തുമൃഗങ്ങൾ (കന്നുകാലികൾ) എറണാകുളം ജില്ലയിൽ നഷ്ടപ്പെട്ടു. ഒരെണ്ണത്തിനുപോലും ഇതുവരെയും നഷ്ടപരിഹാരം കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കേന്ദ്രവും സംസ്ഥാനവും ധാരാളം കാര്യങ്ങൾ നൽകിയതിൽ അധികവും വാഗ്ദാനങ്ങൾ മാത്രമായിരുന്നു. ഇപ്പോൾ പ്രളയബാധിതർ അവരെ വഞ്ചിച്ചതിന്റെ കണക്കെടുക്കുമ്പോൾ ശ്രീ. നരേന്ദ്രമോദിയാണോ ശ്രീ. പിണറായി വിജയനാണോ കൂടുതൽ വഞ്ചിച്ചത് എന്നതിന്റെ കണക്ക് മാത്രം കേരളം എടുത്താൽ മതി. ആ രീതിയിലേക്ക് പ്രളയബാധിതരുടെ സാഹചര്യം മാറിയിരിക്കുകയാണ്.

ജനങ്ങൾക്കുണ്ടായ നഷ്ടം പൂർണ്ണമായും പരിഹരിക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനുമുണ്ടെന്നാണ് ഞങ്ങൾ ഇവിടെ പറയുന്നത്. കേന്ദ്രവും സംസ്ഥാനവും അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറഞ്ഞു കൊണ്ടിരിക്കാതെ പ്രളയബാധിതർക്ക് അർഹമായ നഷ്ടപരിഹാരം അടിയന്തരമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പ്രളയത്തെത്തുടർന്ന് നവകേരളത്തെ ക്കുറിച്ചുകൂടി ആലോചിക്കേണ്ട സമയമാണിത്. മലനാട്ടിലെങ്ങും ഉരുൾപൊട്ടലും ഇടനാട്ടിൽ വെള്ളപ്പൊക്കവും തീരപ്രദേശത്ത് കടലാക്രമണവും എന്നും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് മൂന്നും തടയുന്നതിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിക്കണമെന്നാണ് എന്റെ നിർദ്ദേശം. പുഴയുടെ തീരം കൃഷി ചെയ്യാൻ വേണ്ടി മാത്രം ഉപയോഗിക്കുക, പശ്ചിമഘട്ടം സംരക്ഷിക്കുക ഇതുപോലുള്ള കാര്യങ്ങളെല്ലാം ശ്രദ്ധിച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വീടുകൾ, പാലങ്ങൾ, കലുങ്കുകൾ, റോഡുകൾ എന്നിവയുടെയെല്ലാം നിർമ്മാണപ്രവർത്തനങ്ങളിൽ പുതിയ കാലഘട്ടത്തിൽ സ്വീകരിക്കേണ്ട ടെക്നോളജി എങ്ങനെയായിരിക്കണം, ഏത് വിധത്തിലായിരിക്കണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം തീരുമാനിക്കണം. നവകേരളം സൃഷ്ടിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുന്ന ഒരു രേഖ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയിൽ സമർപ്പിച്ച് വിശദമായി ചർച്ച ചെയ്തതിനുശേഷം നവകേരള നിർമ്മിതിക്ക് പുറപ്പെടണമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. കേന്ദ്രഗവൺമെന്റ് നമുക്കാവശ്യത്തിന് പണം നൽകിയില്ലെന്നും നമ്മൾ വിചാരിച്ചത്ര പണം സമാഹരിക്കാൻ നമുക്ക് കഴിഞ്ഞില്ലെന്നും സമാഹരിച്ച പണം തന്നെ വേണ്ടത്ര ഉപയോഗപ്പെടുത്താൻ സാധിച്ചില്ലെന്നുമുള്ള ആക്ഷേപങ്ങളാണ് നമ്മൾ ഇവിടെ കേട്ടുകൊണ്ടിരിക്കുന്നത്. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ മൂവായിരം കോടി രൂപ ചെലവഴിച്ച് ഒരു പ്രതിമ സ്ഥാപിച്ച കേന്ദ്രഗവൺമെന്റ്, 1375 കോടി രൂപ ചെലവഴിച്ച് കേന്ദ്രം ഭരിക്കുന്ന പാർട്ടിക്ക് സ്വന്തമായി ഒരു ആഫീസുണ്ടാക്കിയ ഒരു കേന്ദ്രഗവൺമെന്റ് നമുക്കൊന്നും തരാൻ തയ്യാറാകുന്നില്ലെന്നത് വളരെ നിർഭാഗ്യകരമാണ്. ഹെലികോപ്റ്ററിന് വാടക ചോദിച്ചത് സത്യമാണെങ്കിൽ, നാവികസേന അത് നിഷേധിച്ചുവെന്ന് ഞാൻ പത്രത്തിൽ കണ്ടു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ചുകൂടി കാശ് കൊടുത്ത് ആ ഹെലികോപ്റ്റർ വാങ്ങണം. എന്നാൽ ഇനി വാടകയ്ക്കെടുക്കേണ്ടല്ലോ; കുറച്ചുകൂടി പൈസ കൊടുത്ത് ആ ഹെലികോപ്റ്റർ നമ്മൾ തന്നെ വാങ്ങിക്കുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്.

അതുപോലെ ഡിസാസ്റ്റർ മാനേജ്മെന്റിന് ദുരന്തം മാനേജ് ചെയ്യുന്നതിൽ വീഴ്ച പറ്റുന്നതിന്റെ ഒരു പ്രധാനപ്പെട്ട കാരണം ഡിസാസ്റ്റർ മാനേജ്മെന്റ് സംവിധാനം കേരളത്തിൽ അതീവ ദുർബലമായതിനാലാണ്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ജില്ലകളിലെ ചുമതല ഡെപ്യൂട്ടി കളക്ടർമാരെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഒരു ഡെപ്യൂട്ടി കളക്ടർക്ക് എത്രമാത്രം കാര്യങ്ങൾ ചെയ്യാൻ പറ്റുമെന്ന് ആലോചിച്ചാൽ നമുക്കറിഞ്ഞുകൂടേ; അദ്ദേഹം അത് മാനേജ് ചെയ്യുകയാണ്. പോലീസും ഫയർഫോഴ്സും ഉണ്ടെങ്കിലും ദുരന്തനിവാരണത്തിനുള്ള പരിശീലനം ആകെ സിദ്ധിച്ചിട്ടുള്ളത് ഫയർ ഫോഴ്സിന് മാത്രമാണ്. അവർക്കാണെങ്കിൽ ആവശ്യത്തിനുള്ള ഉപകരണങ്ങളൊന്നും കൊടുക്കാൻ നമുക്കിതുവരെയും സാധിച്ചിട്ടില്ല. ബാക്കി ഒരു സേനയ്ക്കും നമ്മൾ ഇതുവരെ അങ്ങനെയൊരു പരിശീലനം കൊടുത്തതായി അറിവില്ല. എന്നും വെള്ളപ്പൊക്കം വന്നുകൊള്ളണമെന്നില്ല. വേറെ എന്തെങ്കിലും സംഭവിച്ചേക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്.....

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അങ്ങനെ ഏത് ദുരന്തം വരുമ്പോഴും അതിനെ നേരിടാൻതക്ക സജ്ജീകരണങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തേണ്ടതുണ്ട്. അതുപോലെ തന്നെ desertification, urbanization, deforestation തുടങ്ങിയ പ്രശ്നങ്ങളാണ് വാസ്തവത്തിൽ കാലാവസ്ഥാ വ്യതിയാനത്തിനും ഇതുപോലുള്ള അതിവൃഷ്ടിക്കും കാരണമാകുന്നതെന്ന് നമുക്കറിയാം. പശ്ചിമഘട്ടത്തിന്റെ സംരക്ഷണ കാര്യത്തിൽ നമുക്കൊരു പുനർചിന്തനം നടത്തേണ്ടതായിട്ടുണ്ട്. നേരത്തേ മാധവ് ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് നമ്മളെല്ലാവരും നിരാകരിച്ചു. അതുപിന്നീട് കസ്തൂരിരംഗനായി, ഉമ്മൻ വി. ഉമ്മനായി. നമ്മൾ അതില്ലാതാക്കി കളഞ്ഞതാണ്. പക്ഷേ പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് പുനർചിന്തനം നടത്താൻ ഈ സന്ദർഭത്തിൽ തയ്യാറാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ മണൽ, ക്വാറികൾ, പാറക്കെട്ടുകൾ എന്നിവയുടെ ഖനനത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. കെട്ടിടനിർമ്മാണത്തിനും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ.....പ്ലീസ്...പ്ലീസ്.....

ശ്രീ. കെ. എൻ.എ. ഖാദർ: സർ, അതുപോലെ തണ്ണീർത്തടവും നെൽവയലും സംരക്ഷിക്കുന്നതിന് ശരിയായ രീതിയിലുള്ള നടപടികൾ സ്വീകരിക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഖേദകരമാണ്. അതിന് നമ്മൾ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ നിശ്ചയദാർഢ്യത്തോടുകൂടി, കർക്കശ നിലപാട് പലകാര്യങ്ങളിലും എടുക്കുന്നുണ്ട്. കേരളം ഭരിക്കാൻ അത്ര വലിയ കർക്കശ നിലപാടൊന്നും ആവശ്യമില്ല. അത്യാവശ്യം ബുദ്ധിയും ഡിപ്ലോമസിയും ഉണ്ടായാൽ ഭരിക്കാൻ സാധിക്കുന്ന ഒരു ചെറിയ സംസ്ഥാനമാണ് കേരളം. അങ്ങനെയുള്ള കേരളത്തിന് ഇത്ര വലിയ ശക്തി പ്രയോഗിക്കേണ്ട കാര്യമൊന്നുമില്ല. അങ്ങനെ വല്ല ശക്തിയുമുണ്ടെങ്കിൽ അത് പുറത്തുവരേണ്ടുന്ന സമയം സമാഗതമായി എന്നാണ് എനിക്ക് തോന്നുന്നത്. ഇക്കാര്യത്തിലെങ്കിലും ആ നിശ്ചയദാർഢ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകടിപ്പിക്കണം. ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ജാതിമതരാഷ്ട്രീയത്തിന് അതീതമായി പ്രളയകാലത്ത് നമ്മൾ കാണിച്ചതും പ്രകടിപ്പിച്ചതുമായ ഐക്യം നവോത്ഥാന പ്രക്രിയയുടെ ഭാഗമായി സാമുദായിക ധ്രുവീകരണം നടത്തി നഷ്ടമാക്കരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, കോട്ടയം ജില്ലയിൽ പ്രളയദുരന്തത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായത് പൂഞ്ഞാർ നിയോജകമണ്ഡലത്തിലാണ്. 7 പേർ മരണപ്പെട്ടു. അതിൽ 5 പേർ ഉരുൾപൊട്ടൽമൂലമാണ് മരണപ്പെട്ടത്. അവർക്ക് നഷ്ടപരിഹാരംപോലും പൂർണ്ണമായും കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. ആദ്യമായി ഹെലികോപ്റ്ററിൽ ഭക്ഷ്യധാന്യം എത്തിച്ചുകൊടുത്തത് എന്റെ നിയോജകമണ്ഡലത്തിലെ എയ്ഞ്ചൽവാലി മേഖലയിലാണ്. കാരണം, പമ്പാനദി കരകവിഞ്ഞൊഴുകി ആ പ്രദേശം തന്നെ ഒറ്റപ്പെട്ടുപോയി. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഇത് രാഷ്ട്രീയമായി കാണേണ്ട കാര്യമല്ല. ഒരു ഗവൺമെന്റ് എന്തു ചെയ്തു; നമ്മൾ എല്ലാവരുംകൂടി എന്തു ചെയ്തു; എന്ന് ചിന്തിക്കാതെ ഇനി ഒരുമിച്ച് എന്ത് ചെയ്യാമെന്നാണ് ആലോചിക്കേണ്ടത്. ഞാൻ ഇത് പറയാൻ കാരണം, ചെങ്ങന്നൂർ എം.എൽ.എ. കരഞ്ഞുവെന്ന് ഇവിടെ ഒരാൾ പറഞ്ഞു. ചെങ്ങന്നൂരിൽ പതിനായിരം മരണമെങ്കിലും ഒഴിവാക്കാൻ അദ്ദേഹത്തിന്റെ ഒറ്റക്കരച്ചിൽ കൊണ്ട് സാധിച്ചുവെന്നത് വിസ്മരിക്കാൻ പാടില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് ഒരു വാക്ക് പറയട്ടെ. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയെ കുറ്റപ്പെടുത്താൻ ആരും തയ്യാറാകേണ്ടതില്ല. അദ്ദേഹം ആഫീസിലിരുന്നുകൊണ്ട് വളരെ വ്യക്തമായി, പ്രത്യേകിച്ച് അമേരിക്കയിൽ ഓപ്പറേഷനുവേണ്ടി പോകേണ്ട മുഖ്യമന്ത്രി അത് മാറ്റിവച്ചുകൊണ്ടാണ് ആഫീസിലിരുന്ന് ഉദ്യോഗസ്ഥരോടൊപ്പം ഇതിന്റെ നിയന്ത്രണം മുഴുവൻ നടത്തിക്കൊണ്ടിരുന്നതെന്ന് എനിക്കറിയാം. ഞാൻ അദ്ദേഹത്തോട് സംസാരിച്ചതാണ്. കാരണം, മരണമൊഴിവാക്കാൻ അപ്പോൾത്തന്നെ കക്കി

ഡാമിൽ നിന്നുള്ള വെള്ളം തടഞ്ഞുനിർത്തിക്കൊണ്ട് ചെങ്ങന്നൂരിലെ ജനങ്ങളെ അദ്ദേഹം രക്ഷിക്കുകയാണ് ചെയ്തത്. ബി.ജെ.പി.-യെ പറഞ്ഞിട്ട് എന്താകാര്യം; മുഖ്യമന്ത്രി ചെയ്ത നല്ല കാര്യം പറയുമ്പോൾ നിങ്ങൾക്കെന്താ ഇത്ര വിഷമം?

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....പ്ലീസ്...പ്ലീസ്.....

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ അന്ന് മുഖ്യമന്ത്രിയോട് സംസാരിച്ചു, എന്തുകൊണ്ടാണ് അങ്ങ് അമേരിക്കയിൽ ചികിത്സിക്കാൻ പോകാത്തത്, ഓപ്പറേഷന് പോകാത്തത്, അങ്ങ് കാണിക്കുന്നത് തെറ്റാണ്, അങ്ങയുടെ ജീവൻ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതാണ്, പോകണം എന്ന് പറഞ്ഞയാളാണ് ഞാൻ. അതുപോലും വേണ്ടെന്ന് വച്ചുകൊണ്ടാണ് അദ്ദേഹം പ്രളയദുരന്തം നേരിടാനുള്ള നടപടി സ്വീകരിച്ചത്. അത് കണ്ടില്ലെന്ന് നടിച്ചുകൊണ്ട് രാഷ്ട്രീയം പറയാൻ എനിക്ക് സൗകര്യമില്ല. അതുകൊണ്ടാണ് ഞാനിത് പറയുന്നത്. രാഷ്ട്രീയത്തിനപ്പുറത്ത് ഇതിനെ കാണണം. ഞാൻ ചില വാക്കുകൾ പറഞ്ഞത് അദ്ദേഹത്തിന് വേദനിച്ചുവെന്ന് എനിക്കറിയാം. തമാശരൂപത്തിൽ ഞാൻ സംസാരിച്ചതുപോലും അദ്ദേഹത്തിന് വേദനിച്ചു. ഞാൻ ഇത് പറയാൻ കാരണമെന്താണെന്ന് അറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ് ....പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. സി. ജോർജ്: സർ, ഒരു നല്ലകാര്യം ചെയ്താൽ അത് നല്ലതല്ലെന്ന് വിമർശിക്കുമ്പോൾ ഏത് വ്യക്തിക്കും മാനസികമായി വേദനിക്കും. ആ വേദന ഇനിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുക്കുന്നത് ശരിയല്ലെന്ന് എന്റെ മനസ്സാക്ഷി പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. പ്രളയം കഴിഞ്ഞു, ദുരിതാശ്വാസ പ്രവർത്തനം നീങ്ങണ്ടേ; അതിന് മുഖ്യമന്ത്രിയുടെ കരങ്ങൾക്ക് ശക്തി പകരേണ്ടതുണ്ട്. എനിക്ക് രാഷ്ട്രീയമായി ഭയങ്കര ശത്രുതയുണ്ട്. പക്ഷേ ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി മുന്നോട്ടുപോകുന്ന സാഹചര്യമുണ്ടാകണം. അതുപോലെ എന്തിനും ഏതിനും കേന്ദ്രത്തെ കുറ്റംപറഞ്ഞുകൊണ്ട് നടക്കാതെ സാധിക്കുന്നത്രയും പണം വാങ്ങിയെടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞത് ഒരു നൂറ്റാണ്ടിനിടയിൽ വന്ന പ്രളയം നൂറ് ദിവസംകൊണ്ട് പരിഹരിക്കാത്തതിന്റെ കുറവിനെക്കുറിച്ചാണ്. അതിൽതന്നെ ഒരു വൈരുദ്ധ്യമുണ്ട്. ഒരു നൂറ്റാണ്ടിനിടയിൽ വന്നത് കേരളത്തിന്റെ ചരിത്രത്തിൽ, നമ്മുടെ ജീവിതത്തിൽ നമുക്ക്

അനുഭവമുള്ളതല്ല. അതുകൊണ്ടാണ് പ്രളയം വന്ന സ്ഥലത്തെ വീടുകളിൽ നിന്ന് ആളുകൾ മാറിത്താമസിക്കണമെന്ന് പറഞ്ഞിട്ട് അവർ മാറാത്തത്. അങ്ങനെയൊന്ന് അവർ പ്രതീക്ഷിച്ചില്ല. നമ്മുടെ ആരുടെയും മനസ്സിലുമില്ല. ഓണക്കാലം കേരളത്തിന്റെ ഏറ്റവും സന്തോഷകാലമാണ്. ആ കാലത്താണ് ഈ പ്രളയം കേരളത്തിൽ ഏറ്റവും വലിയ സങ്കടം തന്നത്. അതിന്റെയർത്ഥം ഇവിടെ മാവേലി വന്നില്ലെന്നാണ്. പക്ഷെ, പ്രളയം കേരളത്തിൽ ഒരു മാവേലി മനസ്സുണ്ടാക്കി. നമ്മുടെ ഓരോരുത്തരുടേയും മനസ്സിൽ ഒരു മാവേലി ഉണ്ടെന്നും നമ്മുടെ ഓരോരുത്തരുടേയും മനസ്സിൽ സാഹോദര്യം ഉണ്ടെന്നും പൊതുവെ വേദന വരുമ്പോൾ നമ്മൾ ഒന്നിക്കുന്നുവെന്നും ലോകം കേരളത്തെക്കുറിച്ച് തിരിച്ചറിഞ്ഞത് ഈ പ്രളയകാലത്താണ്. അതിന് ഓണം ഒഴിവാക്കി, യാത്ര ഒഴിവാക്കി കേരളത്തിലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ ആ ഓണക്കാലത്ത് ഒരുമിപ്പിക്കലിന് നേതൃത്വം കൊടുത്തു. എല്ലാ ദിവസവും കേരളത്തിന്റെ മുഖ്യമന്ത്രി പത്രസമ്മേളനം നടത്തി. ഞാൻ ആ പത്രസമ്മേളനമെല്ലാം ടി.വി.-യിലൂടെ ശ്രദ്ധിച്ചയാളാണ്. ഈ യോജിപ്പിന് തടസ്സമായ ഒരു വാക്കും അദ്ദേഹത്തിൽ നിന്നുണ്ടായില്ല. സത്യത്തിൽ, ജലം നനച്ചെടുത്ത കേരളത്തിലെ വേദനയിൽ, വേദനിച്ചുനിൽക്കുന്ന മനുഷ്യർക്കുവേണ്ടി, കേരളത്തെ മാത്രമല്ല കേരളത്തിലേയ്ക്ക് ലോകത്തെ യോജിപ്പിക്കാൻ ശ്രദ്ധിച്ച മാതൃകാപരമായ ഒരു പ്രവർത്തനമാണ് കേരളത്തിൽ നടന്നത്. ആ യോജിപ്പിന് ഒരു ഫലമുണ്ടായി. ലോകത്ത് മലയാളി ഉള്ളിടത്തെല്ലാം മലയാളികളെ അറിയുന്നവരെല്ലാം ഈ മഹാദുരന്തത്തിൽപ്പെട്ട കേരളത്തെ സഹായിക്കാനുള്ള മനസ്സുമായി വന്നു. അതിന് മുറിവ് പറ്റിയത്, ഇവിടെ ഞങ്ങൾ, നിങ്ങൾ എന്ന് ഉപയോഗിക്കരുതെന്ന് പറയുന്ന ശ്രീ. റോജി എം. ജോണും ഞങ്ങളെന്ന് അവസാനം ഉപയോഗിച്ചു. ഞാൻ പറയുന്നു, നമുക്ക് ഒരുമിച്ച് നിൽക്കാം. എവിടെയൊക്കെയോ പിഴവ് പറ്റി. കേന്ദ്ര ഗവൺമെന്റ് നമ്മളോട് രാഷ്ട്രീയമായിതന്നെയാണ് പെരുമാറിയത്. എന്നാൽ ഇവിടെ ഭരിക്കുന്നവർ യു.ഡി.എഫ്. ആയിരുന്നാലും എൽ.ഡി.എഫ്. ആയിരുന്നാലും പറവൂറും പന്തളത്തും ചെങ്ങന്നൂരും പ്രളയം വന്നപ്പോൾ അവിടെയുള്ള കോൺഗ്രസും കമ്മ്യൂണിസ്റ്റും ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും ദളിതനുമൊക്കെയാണ് അനുഭവിച്ചത്. ഇവരെയെല്ലാം ശ്രീ. സജി ചെറിയാന്റെ നാട്ടിൽ, ചെങ്ങന്നൂരിൽ ഞാൻ കണ്ടു. രണ്ടാമത്തെ നിലയിൽ, ഒരു ഭാര്യയുടെ ജഡത്തിന് മൂന്ന് ദിവസം കാവലിരുന്ന മനുഷ്യന്റെ വേദന നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. വീടുകളിൽനിന്നും ഇറങ്ങാൻ കഴിയാതെ നിൽക്കുന്ന മനുഷ്യർ. ഗൾഫിൽനിന്നും വിളിച്ച് പറയുന്നത്,

നാട്ടിലെ വീട്ടിൽ എന്റെ അച്ഛനും അമ്മയും ഉണ്ട്, അവരുടെ കയ്യിൽ ഫോൺ ഇല്ല, അവരെ സഹായിക്കണമെന്നാണ്. അവിടെ ആർമി വന്നത് കേരളം പറഞ്ഞിട്ടാണ്. നേവിയും ഫയർ ഫോഴ്സും പോലീസും വന്നു. പക്ഷെ, ജലത്തെ ഭയമില്ലാത്ത ഏറ്റവും വലിയ വിഭാഗം കേരളത്തിലെ മത്സ്യത്തൊഴിലാളികളാണെന്ന് നമുക്കറിയാം. സത്യത്തിൽ ഇവരാണ് ഇതിൽ ഇടപെട്ടതും സഹായിച്ചതും. അവർ കേരളത്തിന്റെ സ്വന്തം സൈന്യമായി. അവർ നമ്മുടെ മുമ്പിൽ മാതൃകാ പുരുഷന്മാരായി. അവർക്ക് കൊടുത്ത പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുമ്പോൾ അവരാണ് ഓണക്കാലത്തെ മാവേലിമാരായത്. ആ മാവേലിമാരുടെ കൂട്ടത്തിൽ കേന്ദ്ര സർക്കാർ വാമനന്മാരായപ്പോൾ തീർച്ചയായും കേരളം ഒരുമിച്ച് നിൽക്കണമായിരുന്നു. പയ്യന്നൂരിലുള്ള രണ്ട് കുട്ടികൾ അവരുടെ ഒന്നര ഏക്കർ ഭൂമിയാണ് ഇതിന് നൽകിയത്. അതിൽ ഒരാളുടെ പേര് 'സ്വാഹ' എന്നാണ്. ആ പേര് തന്നെ മനോഹരമായ ഒന്നാണ്. സഹോദരന്റെ പേര് 'ബ്രഹ്മ' എന്നാണ്. ബ്രഹ്മ എന്നും സ്വാഹയെന്നും പറയുന്ന 16-ഉം 17-ഉം വയസ്സുള്ള രണ്ട് കുട്ടികൾ അവരുടെ ഭൂമി മുഴുവനും നൽകുകയാണ്. കോടിക്കണക്കിന് രൂപ വിലയുള്ള ഭൂമിയാണെന്നാണ് ഞാൻ അന്വേഷിച്ചപ്പോൾ അറിഞ്ഞത്. ഇടുക്കിയിലെ ഒരു കുടുംബം ഒന്നര ഏക്കർ ഭൂമിയാണ് നൽകിയത്. ഇതിൽ നഷ്ടപരിഹാരം കൊടുക്കുന്നത് മാത്രമല്ല, ഒരു നവകേരളം നിർമ്മിക്കണം. ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. നവകേരളത്തിന്റെ രൂപഘടന, രൂപരേഖ എളുപ്പത്തിൽ തയ്യാറാക്കാൻ സാധിക്കുകയില്ല. കേരളത്തിൽ വീട് വയ്ക്കാവുന്ന ഭൂമി ഏതെല്ലാമാണ്. പരിസ്ഥിതി കമ്മിറ്റിയുമായി ബന്ധപ്പെട്ട ഒരു തെളിവെടുപ്പിന് വയനാട് പോയപ്പോൾ യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും എം.എൽ.എ.-മാർ ഉണ്ടായിരുന്നു. അവിടെ വീട് വയ്ക്കാൻ കഴിയുന്ന ഭൂമി മൊത്തം ഭൂമിയുടെ 7 ശതമാനം മാത്രമാണ്. അതിനപ്പുറം നിരപ്പില്ലാത്തതും വീടിന് പാകതയില്ലാത്തതുമൊക്കെയായ പ്രദേശങ്ങളുണ്ട്. കേരളത്തിൽ വീട് വയ്ക്കാൻ കഴിയുന്ന ഭൂമി എത്രയാണ്; അങ്ങനെയാണെങ്കിൽ ഓരോരുത്തർക്കും കൊടുക്കാൻ കഴിയുന്നത് എത്രയാണ്; മാക്സിമം ഒരു വീടിന്റെ വലിപ്പം എത്രയായിരിക്കണം; അതിനപ്പുറം വലിപ്പമുള്ള കെട്ടിടം വയ്ക്കാൻ കഴിയുമോ; അതിന് അനുവാദം നൽകാമോ; അത് ക്രിമിനൽ കുറ്റമാകണ്ടേ; ഇങ്ങനെയുള്ള ഒരുപാട് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. അതിനുശേഷം മുഖ്യമന്ത്രി എല്ലാ പ്രസ്താവനയിലും എപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്, ഇനി നമ്മുടെ വികസനം പരിസ്ഥിതി സൗഹൃദപരമായിരിക്കണമെന്ന്. നദിയെയും ജലത്തേയും കേരളത്തിന്റെ പൊതു സംവിധാനത്തെയും മനസ്സിലാക്കിക്കൊണ്ടേ നമ്മുടെ വികസനം മുന്നോട്ട്

കൊണ്ടുപോകാൻ സാധിക്കൂ. നമുക്ക് അതിനെക്കുറിച്ച് ചർച്ച ചെയ്യണം. വിദഗ്ദ്ധരുടെ അഭിപ്രായം തേടണം. ചിലപ്പോൾ ഇന്ത്യയ്ക്ക് പുറത്തുള്ള ആളുകളുടെ അഭിപ്രായം തേടേണ്ടി വരും. അങ്ങനെ വേണം നവകേരളം നിർമ്മിക്കേണ്ടത്. ഇവിടെ എത്ര കിട്ടി എന്നതല്ല, ലോകത്തിന്റെ മൊത്തം സഹായം വേണം. നമുക്ക് ചിലപ്പോൾ ഇനിയും സഹായിക്കേണ്ടിവരും. സഹായിക്കാൻ കഴിയുന്നവർ പരമാവധി സഹായിക്കണം. ഒപ്പം അത് കൃത്യവും ശാസ്ത്രീയവുമായ രീതിയിൽ പരമാവധി വേഗത്തിൽ വേണ്ടപ്പെട്ടവർക്ക് എത്തിക്കുകയും വേണം. കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ വന്നത് ഇതായിരിക്കാം, ഇനി അങ്ങനെ ഒരു കാലം കാത്തിരിക്കണമെന്നില്ല. കാരണം, കാലാവസ്ഥ മാറുകയാണ്. ചൂട് കൂടുകയാണ്. നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ഇവിടെ ശ്രീമതി യു. പ്രതിഭ പറഞ്ഞു. ഒരു വാഴ നശിച്ചുപോയാൽ കേന്ദ്ര സർക്കാർ തരുന്നത് രണ്ട് രൂപയാണ്. സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്നത് നൂറ് രൂപയാണ്. ബാക്കി മൊത്തം സംസ്ഥാന സർക്കാർ കൊടുക്കുകയാണ്. അതുകൊണ്ട് അവർ തരുന്നത് വേണ്ടെന്ന് വയ്ക്കുകയല്ല. പക്ഷെ, അവരോട് നമുക്കെല്ലാം ആവശ്യപ്പെടേണ്ട ഒരു കാര്യമുണ്ട്. ഒരു സമൂഹത്തിലെ ഏറ്റവും സാധാരണക്കാരായ, കൃഷിക്കാരായ മനുഷ്യർ ചിലപ്പോൾ ഒരു വാഴക്കുലകൊണ്ടായിരിക്കും ഒരു വർഷത്തെ ജീവിതത്തിന്റെ ചെറിയൊരു മോഹം നടപ്പാക്കുന്നത്. ഒരു തെങ്ങുകൊണ്ടായിരിക്കും അവരുടെ ജീവിതത്തിന്റെ ചെറിയ ചില സ്വപ്നങ്ങൾ അവർ നടപ്പാക്കുന്നത്. അതുകൊണ്ട് ഇത് തിരുത്തണമെന്ന് ഒരുമിച്ച് പറയണം. നിങ്ങൾ ചെയ്യുന്നത് തെറ്റാണെന്ന് പറയണം. അതൊരു ഏറ്റുമുട്ടലല്ല. അവർ നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം അവരെ ഓർമ്മപ്പെടുത്തുകയാണ്. അത്തരം ഉത്തരവാദിത്വം ഓർമ്മപ്പെടുത്തുന്നത് തെങ്ങിന്റെയും വാഴയുടെയും കാര്യത്തിൽ മാത്രമല്ല, വീട് നഷ്ടപ്പെടുമ്പോഴും മറ്റ് നഷ്ടങ്ങൾ വരുമ്പോഴും ഇങ്ങനെയാണ്. എന്നോ നടപ്പിലാക്കിയ, ഇന്ത്യയ്ക്ക് മുഴുവൻ ബാധകമായ ഒരു നഷ്ടപരിഹാരത്തിന് ബഹു വിലകളുള്ള, മറ്റ് സംവിധാനങ്ങളുള്ള, കൂലിക്കൂടുതലുള്ള ചെലവ് വളരെയേറെയുള്ള കേരളത്തിനും ബീഹാറിനും ഒന്നാണെന്ന് പറയുന്നതുതന്നെ വലിയ തെറ്റാണ്. ചെറിയ ദുരന്തങ്ങളെയും ഈ മഹാദുരന്തത്തെയും ഒരു ഗണത്തിൽപ്പെടുത്തുന്നത് അതിലും വലിയ തെറ്റാണ്. ഇതൊരു മഹാദുരന്തമാണ്. ഇവിടെ എല്ലാ വകുപ്പുകളും സാധാരണ സമാഹരിക്കുന്നതിനേക്കാൾ കൂടുതൽ പണം സമാഹരിച്ചാണ് സഹായിക്കാൻ മെനക്കെടുന്നത്. സഹകരണ വകുപ്പ് വീട് വച്ചുകൊടുക്കുന്നത് എങ്ങനെയാണ്; സഹകരണ വകുപ്പിന്റെ പണം എടുക്കുകയല്ല. ബാങ്കുകൾക്ക് വരുന്ന ലാഭവിഹിതത്തിൽനിന്ന് പണം ശേഖരിച്ച് വീട് വച്ചുകൊടുക്കുകയാണ്.

അങ്ങനെയേ പറ്റൂ. ദുരിതാശ്വാസ ക്യാമ്പിൽനിന്നും പോയവർക്ക് സിവിൽ സപ്ലൈസ് വകുപ്പ് 500 രൂപയുടെ കിറ്റ് കൊടുത്തു. നദീ തീരത്തുള്ള വീടുകൾ അവിടെത്തന്നെ വച്ചുകൊടുക്കണമെന്ന് പറഞ്ഞാൽ അവിടെത്തന്നെ വയ്ക്കാൻ പ്രയാസമുണ്ട്. അവിടെത്തന്നെ വച്ചാലും മനുഷ്യർക്ക് അവിടെ താമസിക്കാൻ പേടിയുണ്ട്. ഇപ്പോൾ കണക്കാക്കിയിരിക്കുന്ന മുപ്പത്തിഒന്നായിരം കോടി രൂപ ഇനിയും കൂടുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണം, മണ്ണ് മിക്കവാറും മലയിൽ നിന്ന് ഒലിച്ച് എങ്ങോട്ടോ പോയി. ആ മണ്ണിന്റെ വില ആര് നിശ്ചയിക്കും. മണ്ണിന്റെ മുകളിലെ മൂന്ന് ഇഞ്ച് മണ്ണാണ് വിലപ്പെട്ട എല്ലാ ഉൽപ്പന്നത്തിന്റെയും അടിസ്ഥാനം. ആ മണ്ണിന്റെ വലിയൊരു പങ്കും നദീതീരത്ത് പോയി. അപ്പോൾ ആ മണ്ണിന്റെ വില നിശ്ചയിക്കണം. അതിനേക്കാൾ വലിയ വിലയാണ്, ചെങ്ങന്നൂർ ആണെങ്കിലും കോഴഞ്ചേരിയാണെങ്കിലും പെരിയാറാണെങ്കിലും അവിടെ താമസിക്കുന്ന സ്ത്രീകൾക്ക് മാനസികമായി ഡിപ്രഷൻ ഉണ്ടായി. അവർക്ക് എല്ലാത്തിനെയും ഭയമാണ്. ഇപ്പോൾ ഒരു മഴത്തുള്ളി വീഴുമ്പോൾ ഭയമാണ്. ബാത്ത്റൂമിൽ കയറുമ്പോൾ ഒരു കയർ കണ്ടാൽ ഭയമാണ്. ഇതെല്ലാം നമുക്ക് ഒരുമിച്ചുനിന്നേ നേരിടാൻ പറ്റൂ. കഴിഞ്ഞ ദിവസം സെക്രട്ടേറിയേറ്റിന് മുമ്പിൽ നടക്കുന്ന ഒരു സമരത്തിൽ കേരളത്തിലെ ബി.ജെ.പി.യുടെ സിനിമാനടനായ എം.പി.പറയുന്നത് കേട്ടു, 'ഒന്നാം തീയതി ശബരിമലയിൽ പോകുമ്പോൾ ഇനി കാണിക്കയിടാൻ പാടില്ല'. ഇതൊരു പൊതു പ്രഖ്യാപനമാകുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഈ പണം കിട്ടുമെന്നുള്ള മട്ടിലാണ് ഇത് പറയുന്നത്. ഇവിടെയും സാലറി ചലഞ്ച് വന്നപ്പോൾ പ്രശ്നമായി. സാലറി ചലഞ്ച് സംബന്ധിച്ച് എനിക്ക് ഒറ്റ കാര്യമേ പറയാനുള്ളൂ. കേരളത്തിലെ നല്ല സമൂഹത്തെ വാർത്തെടുക്കേണ്ടതും സമൂഹത്തിന്റെ മൊത്തം നന്മയെ പ്രതിനിധീകരിക്കേണ്ടതും അദ്ധ്യാപകരാണ്. ഞാൻ മനസ്സിലാക്കുന്നത് ഏറ്റവും കുറച്ച് പൈസ ഗവൺമെന്റിലേയ്ക്ക് കൊടുത്തിരിക്കുന്നത് അവരാണ്. അക്കാര്യം പരിശോധിക്കണം. കോളേജദ്ധ്യാപകരുൾപ്പെടെയാണ് ഞാൻ പറഞ്ഞത്. ഈ പണം കേരളത്തിലെ മുഖ്യമന്ത്രിക്കോ റവന്യൂ മന്ത്രിക്കോ വീട്ടിൽ കൊണ്ടുപോകാൻ സാധിക്കില്ല. ഇത് കേരളത്തിനുവേണ്ടി ചെലവഴിക്കുകയാണ്. അങ്ങനെയാണെങ്കിൽ അവിടേയ്ക്ക് പണം പോകേണ്ടതും അധികം ചെല്ലേണ്ടതും കൊടുക്കേണ്ടതും നമ്മുടെയെല്ലാം ബാധ്യതയാണ്. അതിന്റെ ഒരു മാനസികാവസ്ഥ സൃഷ്ടിക്കുന്നതിൽ കേരളത്തിലെ യു.ഡി.എഫ്.-ന്റെ ചില നേതാക്കൻമാരെങ്കിലും മനസ്സുകൊണ്ട് എതിരായിരുന്നു എന്നത് നിങ്ങൾ ആലോചിക്കണം. കാരണം ഇതെല്ലാം കേരളത്തിന്റെ പൊതുബോധത്തിൽ വളർന്നുവരേണ്ട കാര്യമാണ്. നവകേരളം എന്ന് പറയുന്നത്

നിർമ്മിക്കുന്ന കെട്ടിടമല്ല, റോഡല്ല അതൊരു നവമനസ്സാണ്, ഒരു മാവേലി മനസ്സാണ്, ഒരു മാതൃമനസ്സാണ്. ആ മാതൃമനസ്സ് കേരളത്തിലുണ്ടാകണമെന്ന സന്ദേശമാണ് ഈ പെരുവെള്ളം നമുക്കുതന്നത്. ആ സന്ദേശമുണ്ടാക്കിയെടുക്കാൻ തീർച്ചയായിട്ടും കേരളത്തിലെ മുഖ്യമന്ത്രി ആ കാലത്ത് പ്രവർത്തിച്ചു. ആ പ്രവർത്തനങ്ങൾക്ക് ലോകത്താകെയുണ്ടായ ഒരു പൊതുമനസ്സുണ്ട് അത് വർദ്ധിപ്പിച്ചുകൊണ്ടുവരേണ്ടതിന്, ഇടയ്ക്ക് ചിലത് പിന്നോട്ടടിക്കലുണ്ടായി അതിൽ യു.ഡി.എഫിനും ഒരു പങ്കുണ്ടായി. ആ പങ്ക് നിങ്ങൾ തിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുന്നു. അപ്പുറത്തുനിന്നും സംസാരിച്ച എന്റെ പ്രിയസുഹൃത്തുക്കളായ എം.എൽ.എ.-മാർ ഇവിടെ യു.ഡി.എഫ്.-നെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള ചർച്ചകളാണ് നടത്തിയിട്ടുള്ളത്. പ്രളയക്കെടുതി ഉണ്ടായപ്പോൾ ഏറ്റവും ആദ്യം മുഖ്യമന്ത്രി സന്ദർശിച്ചത് വയനാട്ടിലാണ്. അന്ന് മുഖ്യമന്ത്രിയുടെ കൂടെ പ്രതിപക്ഷനേതാവുമുണ്ടായിരുന്നു. മാത്രമല്ല പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും അവിടെ എത്തിയപ്പോൾ പ്രളയമുണ്ടായ മേഖലകളും ക്യാമ്പുകളും സന്ദർശിക്കുന്നതിനുവേണ്ടി അവരെ കൊണ്ടുപോയത് ഞങ്ങൾ മൂന്ന് എം.എൽ.എ.-മാരാണ്. ഒരു രാഷ്ട്രീയവത്കരണവും അവിടെ ഉണ്ടായിട്ടില്ല. യു.ഡി.എഫ് ഒരിക്കലും അതിന് എതിരായി നിന്നിട്ടില്ല. ഇന്ന് വയനാട് ജില്ലയിൽ വലിയ പ്രതിസന്ധിയാണ് നിലനിൽക്കുന്നത്. ഏതാണ്ട് രണ്ടായിരത്തി ഇരുന്നൂറ് കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഏതാണ്ട് തൊള്ളായിരത്തോളം വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടു. ഇന്ന് ആ വീടുകൾ പുനർനിർമ്മിച്ചുകൊടുക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഏതാണ്ട് പതിനായിരം കുടുംബങ്ങളാണ് ക്യാമ്പിലു ണ്ടായിരുന്നത്. അവർക്കൊക്കെ പതിനായിരം രൂപവച്ച് കൊടുക്കാമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചെങ്കിൽപ്പോലും ഇന്നത് പൂർണ്ണമാക്കാൻ കഴിഞ്ഞിട്ടില്ല. ഒറ്റപ്പെട്ട പരാതികളൊക്കെ വന്നു കൊണ്ടിരിക്കുകയാണ്. ഈ വിഷയങ്ങൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ ഒരു അവലോകന യോഗം വിളിച്ചുചേർത്ത് അർഹതപ്പെട്ട കുടുംബങ്ങൾക്ക് ഈ ധനസഹായം കൊടുക്കുന്നതിനുള്ള സാഹചര്യങ്ങളുണ്ടാകണം. മാത്രമല്ല, റോഡുകളും പാലങ്ങളും തകർന്ന് നിരവധി പ്രതിസന്ധികളുണ്ടായിട്ടുണ്ട്. ഇന്ന് വയനാട് ഒറ്റപ്പെട്ടിരിക്കുകയാണ്. വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപയാണ്

ഗവൺമെന്റ് കൊടുക്കുന്നതെങ്കിൽപ്പോലും അവർക്കാവശ്യമായ മെറ്റീരിയൽസ് വയനാട് ജില്ലയിൽ ലഭിക്കാത്തതുകൊണ്ട് ഈ തുകകൊണ്ട് അവർക്ക് വീട് നിർമ്മിക്കാൻ കഴിയില്ല. ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ സൂചിപ്പിച്ചതുപോലെ ഒരു വീടു നിർമ്മിക്കാൻ പറ്റിയ അന്തരീക്ഷത്തിലല്ല ഇന്ന് അവിടത്തെ ഭൂമിയുടെ കിടപ്പ്. അപ്പോൾ സ്വാഭാവികമായും ഇത്തരം കുടുംബങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. മറ്റൊന്ന്, ഈ പ്രളയമുണ്ടായപ്പോൾ കൂടുതൽ നാശനഷ്ടങ്ങളുണ്ടായത് പുഴയുടെയും തോടിന്റെയും പുറമ്പോക്ക് സ്ഥലത്ത് താമസിച്ച കുടുംബങ്ങൾക്കാണ്. കാരണം അവർക്ക് ഭൂമിയില്ല. കാലാകാലങ്ങളായി താമസിച്ച കുടുംബങ്ങൾ ഇന്ന് വാടക വീടുകളിൽ കഴിയുന്ന സാഹചര്യം നിലനിൽക്കുകയാണ്. അതുപോലെ പാലങ്ങൾ, റോഡുകൾ, കാർഷികമേഖലയിൽ തന്നെ ഏതാണ്ട് ആയിരം കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. സ്വാഭാവികമായും വയനാട് ജില്ലയിലുള്ള ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്, ചുമതലയുള്ള മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പലവട്ടം അവിടെ വന്നിരുന്നു. യു.ഡി.എഫ്.-ന്റെ ആളുകൾ ദുരിതാശ്വാസ ഫണ്ടുകൾ പിരിക്കുന്നതിൽ സഹകരിച്ചിട്ടില്ലെന്ന് ഇവിടെ സൂചിപ്പിച്ചു. പക്ഷേ ഞങ്ങൾ സഹകരിച്ചു. മൂന്ന് നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ ഗ്രാമപഞ്ചായത്തുകളുടെ യോഗം വിളിച്ചുകൊണ്ട് സമയബന്ധിതമായി ഫണ്ട് പിരിക്കുകയും ആ ഫണ്ട് ഏറ്റുവാങ്ങുന്നതിന് മൂന്ന് നിയോജകമണ്ഡലങ്ങളുടെ ചുമതലയുള്ള മന്ത്രി വരികയും ചെയ്തിരുന്നു. യഥാർത്ഥത്തിൽ അവിടെ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും നിരവധി ഫണ്ട് ദുരിതാശ്വാസ പദ്ധതികളിൽ കൊടുത്തിട്ടുണ്ട്. ഞങ്ങളുടെ സൊസൈറ്റിയും പഞ്ചായത്തും ഫണ്ടുകൾ കൊടുത്തിട്ടുണ്ട്. ഇതൊന്നും ഇല്ല എന്ന് പറയുന്നത് ശരിയല്ല. യഥാർത്ഥത്തിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വയ്ക്കണം. യു.ഡി.എഫ് എം.എൽ.എ.-മാരാണ് ആദ്യം ഗവൺമെന്റിന് ശമ്പളം കൊടുത്തത്. ഇതൊക്കെ നിലനിൽക്കുമ്പോൾ എന്തിനാണ് ശ്രീ. റോജി എം. ജോൺ സൂചിപ്പിച്ചതുപോലെ 'ഞങ്ങൾ' 'നിങ്ങൾ' എന്നുള്ള ചർച്ച. നല്ലൊരു കാര്യം ചർച്ച ചെയ്യുമ്പോൾ 'ഞങ്ങൾ' 'നിങ്ങൾ' എന്നുള്ള ആശങ്കകൾ ഉണ്ടാക്കുന്ന സമീപനമാണ്. രാഷ്ട്രീയവത്കരണമെന്ന് പറഞ്ഞ് പ്രതിപക്ഷത്തെ കുറ്റപ്പെടുത്തുന്നു. ഈ പ്രളയത്തിൽ ഞാൻ മനസ്സിലാക്കുന്നത് എല്ലാ ജില്ലകളിലും പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ചുനിന്നാണ് മുന്നോട്ട് പോയിട്ടുള്ളത് എന്നാണ്. പാവപ്പെട്ടവരെ സംരക്ഷിക്കുന്ന നിലപാടുകൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. വയനാട്ടിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി വയനാട് ജില്ലയിലൊരു പ്രത്യേക പാക്കേജ് ഗവൺമെന്റ് പ്രഖ്യാപിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട റാന്നി അംഗത്തിനും ചെങ്ങന്നൂർ അംഗത്തിനും സംസാര സ്വാതന്ത്ര്യം നിയമസഭയിൽ തിരിച്ചുകൊടുത്ത മുഖ്യമന്ത്രിക്ക്, അവർക്ക് വേണ്ടിയുള്ള നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട ചെങ്ങന്നൂർ അംഗം ഇവിടെ കുറേ കാര്യങ്ങൾ പറഞ്ഞു അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അങ്ങ് ഈ ആഴ്ച തിരിച്ച് മണ്ഡലത്തിൽ പോകുമ്പോൾ, മൂന്നര മാസമായി അയൽവാസിയുടെ സിറ്റൗട്ടിൽ താമസിക്കുന്ന ചരളശ്ശേരി പടിറ്റതിൽ വീട്ടിൽ രവീന്ദ്രന്റെ കാര്യമെന്തായി എന്ന് അന്വേഷിക്കണം. അതുപോലെ വീടിനടുത്ത് ടെന്റ് കെട്ടി താമസിക്കുന്ന പട്ടത്താനത്തിൽ രാജന് എന്ത് സംഭവിച്ചുവെന്നും അങ്ങ് അന്വേഷിക്കണം. മംഗലത്ത് അയൽക്കാരന്റെ വീടിന്റെ മുറ്റത്ത് സാരി കൊണ്ടു മറച്ചുവച്ച് ടെന്റുണ്ടാക്കി താമസിക്കുന്ന സദാനന്ദന് എന്ത് സംഭവിച്ചുവെന്നും അങ്ങ് അന്വഷിക്കണം. അതുപോലെ പ്രിയപ്പെട്ട ശ്രീ. രാജുഎബ്രഹാമിന്റെ മണ്ഡലത്തിൽ പതിനെട്ട് വയസ്സുള്ള മനോദൗർബ്ബല്യമുള്ള ഒരു കൗമാരക്കാരനും അവന്റെ പിതാവ് എബി സ്റ്റീഫനും അതിജീവനത്തിനായി അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം കിടന്നു. അദ്ദേഹത്തെ അവസാനം പോലീസ് അറസ്റ്റ് ചെയ്തു നീക്കിയതാണ്. എത്രയോ കടകൾ നഷ്ടപ്പെട്ടിട്ട് അത് തിരിച്ച് കിട്ടാൻ സാധിക്കാതെ ദുരിതം അനുഭവിക്കുന്ന ആ പ്രിയപ്പെട്ട എബി സ്റ്റീഫന്റെ അവസ്ഥ എന്തായി എന്ന് അങ്ങന്വേഷിക്കണം. അതുകൊണ്ട് പ്രിയപ്പെട്ട മുഖ്യമന്ത്രിയോടടക്കം പറയാനുള്ളത് നവോത്ഥാനത്തിന്റെ മതിൽ കെട്ടുന്നതിനുവേണ്ടിയുള്ള മേസ്തിരിമാരെ തിരയുന്നതിനുമുമ്പ് ഒലിച്ചുപോയ വീടുകളുടെ ഒരു മതിലെങ്കിലും കെട്ടാൻ സാധിക്കുന്നൊരു സാഹചര്യം നമുക്കിവിടെ ഉണ്ടാക്കണം. ഞങ്ങൾ വിമർശിക്കുന്നതുകൊണ്ട് അതിനർത്ഥം ഞങ്ങൾ നവകേരളത്തിന് എതിരാണെന്നല്ല. ഞങ്ങൾ ഇതെല്ലാം ഈ കാലഘട്ടത്തിൽ ചെയ്തിട്ടുള്ള ആളുകളാണ്. ഞങ്ങൾ വിമർശിക്കും. പക്ഷേ നവകേരളം സൃഷ്ടിക്കുന്നതിനുവേണ്ടി ഞങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന് അങ്ങ് പറയൂ. ഞങ്ങൾ അരയും തലയും മുറുക്കി ഇറങ്ങാൻ തയ്യാറാണ്. പക്ഷേ ഞങ്ങളുടെ മുന്നിൽ ഒന്നും കാണുന്നില്ല. അങ്ങ് ഞങ്ങൾക്ക് ചട്ടം 300 പ്രകാരം ഒരു രേഖ തന്നു. സത്യത്തിൽ അത് ആഗ്രഹങ്ങളുടെ ഒരു സ്വപ്നകാവ്യം മാത്രമാണ്. പ്രളയത്തെക്കുറിച്ചുള്ള കഴിഞ്ഞ ചർച്ചയിൽ അങ്ങ് പറഞ്ഞ മറുപടി പ്രസംഗം

ഒന്നുകൂടി അച്ചടിച്ചുതന്നു എന്നുള്ളതല്ലാതെ ഇതിനകത്ത് ഇനിയും ചെയ്യാം ചെയ്യാം എന്നുള്ള ഒരാഗ്രഹ പ്രകടനം മാത്രമാണുള്ളത്. സത്യത്തിൽ ഇപ്പോഴും നമുക്കൊരു ബ്ലൂ പ്രിന്റില്ല. പ്രളയത്തിൽ തകർന്നുപോയതിനെ എങ്ങനെയാണ് പുനഃസൃഷ്ടിക്കുക എന്ന ബ്ലൂ പ്രിന്റില്ലാതെ ആദ്യം പണം പിരിച്ചുവച്ചിട്ട് എന്താണ് ഇതിൽ ചെയ്യാൻ പോകുന്നത്. പമ്പയിൽ മണ്ണ് വന്നുചേർന്നിട്ട് ഒന്നും ചെയ്യാൻ പറ്റുന്നില്ല എന്നൊരു പരിദേവനം ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പത്രസമ്മേളനത്തിൽ പറയുന്നുണ്ട്. മാത്രമല്ല അതിൽ അദ്ദേഹം അറിയാതെ ഒരു കാര്യംകൂടി പറഞ്ഞുപോയി. കക്കിഡാമിന്റെ സ്ലോറിംഗ് വാൽവ് തുറന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന്. അത് ഞങ്ങളല്ല പറഞ്ഞത്. ഡാമിന്റെ സ്ലോറിംഗ് വാൽവ് തുറന്നതുകാരണം എല്ലാ പൂഴിയും വന്നടിഞ്ഞിട്ടാണ് അവിടത്തെ മണ്ഡപങ്ങളടക്കം ഒലിച്ചുപോയിട്ടുള്ളതെന്ന് നിങ്ങൾ തന്നെ പറഞ്ഞതാണ്. രണ്ട് ജെ.സി.ബി.-യുണ്ടെങ്കിൽ മാറ്റാൻ പറ്റുന്നതാണ് ആ പൂഴി. അത് ഏത് ഡിപ്പാർട്ടുമെന്റാണ് ചെയ്യേണ്ടതെന്നതിനെക്കുറിച്ചുള്ള ചർച്ച നടന്നു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ക്രൗഡ് ഫണ്ടിംഗിനെപ്പറ്റി പറഞ്ഞു. ക്രൗഡ് ഫണ്ടിംഗിൽ എത്ര രൂപ നമുക്ക് ലഭിച്ചുവെന്നുള്ള കൃത്യമായ യാതൊരു കണക്കുമില്ല. അതിനിടയിലാണ് 'ഇല നക്കിയവന്റെ ചിറി നക്കി'-യെന്ന് പറയുന്നതുപോലെ ശ്രീ. നരേന്ദ്ര മോദി, നമുക്കനുവദിച്ച 290 കോടി രൂപയുംകൂടി തിരിച്ച് തരണമെന്ന് ആവശ്യപ്പെട്ടത്. അങ്ങനെയുള്ള ഒരു പ്രധാനമന്ത്രിയാണ് ഇന്ത്യ ഭരിക്കുന്നത്. അവിടെനിന്നും എന്തെങ്കിലും പിടിച്ച് വാങ്ങണമെന്നുണ്ടെങ്കിൽ ഞങ്ങളുംകൂടി ആ സമരത്തിൽ ചേർന്നുനിന്ന് വാങ്ങിയെടുക്കാൻ തയ്യാറാണ്. ഇത്തരം പ്രധാനമന്ത്രിമാർ ഇന്ത്യയ്ക്ക് ഒരു മഹാ അപരാധമായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു സംസ്ഥാനം തകർന്ന് തരിപ്പണമാ യിരിക്കുമ്പോൾ, ഇന്ത്യയിൽ ഒരു പ്രതിമ പണിയുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിക്കുമ്പോൾ, നമുക്ക് 'നക്കാപ്പിച്ച' എന്ന രീതിയിൽ പണം തരുന്ന അത്തരം പ്രധാനമന്ത്രിമാരെ നിലയ്ക്ക് നിർത്താൻ നിങ്ങളുടെ കൂടെ നിൽക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷെ നമ്മുടെ മുന്നിൽ ഒരു രേഖയും കാണുന്നില്ല. ഇതിനിടയിൽ എനിക്ക് വൈദ്യുതി മന്ത്രിയോട് പറയാനുള്ളത്, ഇപ്പോൾ അൻപതിനായിരത്തിന്റെയും അറുപതിനായിരത്തിന്റെയും ബില്ലുകൾ വന്നുകൊണ്ടിരിക്കുകയാണ്. എന്താണ് കാരണമെന്ന് അന്വേഷിച്ചപ്പോൾ പറയുന്നത്, മീറ്ററുകൾ മഴയത്തും പ്രളയ സമയത്തും ഒലിച്ചുപോയതുകൊണ്ട് ഞങ്ങൾ ഒരു കണക്കുണ്ടാക്കി നിങ്ങൾക്ക് തരികയാണെന്നാണ്. നാല് മാസത്തെ ആവറേജായി അൻപതിനായിരം രൂപ തന്നേക്കൂ എന്നാണ് പറയുന്നത്. കാരണം,

മീറ്റർ ഇല്ല. അതുകൊണ്ട് ഞങ്ങൾക്ക് ഇങ്ങനെ കണക്ക് കൂട്ടേണ്ട അവസ്ഥയാണുള്ളതെന്നാണ് പറയുന്നത്. ഇത്തരത്തിൽ കുനിന്മേൽ അങ്ങയുടെ വകയായി ഒരു കുരുകൂടി ഉണ്ടാക്കരുതെന്നാണ് ഞങ്ങൾക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. ഇതുപോലെ ധാരാളം പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്താണ് മാർഗ്ഗമെന്നുള്ളതിനെപ്പറ്റി നമുക്കൊരുമിച്ച് തീരുമാനിക്കാനാണ് ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിനോട് ചോദിക്കാനുള്ളത് കേന്ദ്രത്തിനോട് ചോദിക്കാം. നമുക്ക് ഒരുമിച്ച് പ്രമേയം പാസ്സാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ് വേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. പക്ഷെ അടിയന്തര പ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ച, അതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. കാരണം ഇവിടെ നല്ലൊരു പാർലമെന്റേറിയനായ ശ്രീ. വി. ഡി. സതീശൻ ഒട്ടേറെ തെറ്റിദ്ധാരണാജനകമായ സ്റ്റേറ്റുമെന്റുകളാണ് അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിൽ നടത്തിയത്. നൂറ് ദിവസങ്ങൾക്കുള്ളിൽ ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടിതന്നെ അതിന്റെ ഡാമേജ് അസസ്സ്മെന്റും ഡേറ്റാ കളക്ഷനും നടത്തിയിട്ടുണ്ട്. ഇന്ന് ലോകത്തിലെ ഏറ്റവും ആധികാരികമായ ദുരന്ത ആഘാത പഠന പ്രക്രിയ, ഐക്യരാഷ്ട്രസഭയുടെ സംഘം നടത്തുന്ന Post Disaster Needs Assessment (P.D.N.A), അത് ഇന്ത്യയിൽ ആദ്യമായി നടത്തിയത് കേരളത്തിലാണ്. സമഗ്രമായ ഈ പഠനത്തിലാണ് കേരളത്തിലെ പ്രളയ ദുരന്തത്തിലെ നാശനഷ്ടം 26,720 കോടി രൂപയെന്ന് പുതുതായി വിലയിരുത്തപ്പെട്ടിട്ടുള്ളത്. നേരത്തെ 31,000 കോടി രൂപയാണ് പ്രാഥമിക അസസ്സ്മെന്റായി വിലയിരുത്തലുണ്ടായത്. പക്ഷെ വളരെ ആധികാരികമായ ഒരു പഠന റിപ്പോർട്ടുകൂടി ഇവിടെ വന്നിരിക്കുകയാണ്. അപ്പോൾ ആ പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട വിഷയംതന്നെ ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും ദൗർഭാഗ്യകരവുമായിപ്പോയി എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടാമത്തെ, വിഷയം ഇവിടെ നാശനഷ്ടം വന്ന വീടുകളുടെ അസസ്മെന്റ് കോളേജ് വിദ്യാർത്ഥികളെ കൊണ്ടാണ് എടുപ്പിച്ചിട്ടുള്ളതെന്ന് പറഞ്ഞു; ഒരിക്കലുമല്ല. പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരും ഓവർസീയർമാരുമാണ് 16,000-ത്തിലധികം വീടുകൾ പൂർണ്ണമായും നശിച്ചതെന്ന് കണക്കാക്കിയിട്ടുള്ളത്. അതുപോലെ ഭാഗികമായി നാശംവന്ന ലക്ഷക്കണക്കിന് വീടുകൾ, ഓരോ

വീടുകളിലും പോയി അസസ്സ്മെന്റ് നടത്തിയിട്ടുള്ള കണക്കുകളാണ് ഗവൺമെന്റിന്റെ മുമ്പിൽ വന്നിരിക്കുന്നത്. കേരളത്തിൽ ഇതിനുമുമ്പും പല സന്ദർഭങ്ങളിലും വെള്ളം കയറിയിട്ടുണ്ട്. 2001-ൽ ഇതിന് സമാനമായ വെള്ളം കയറിയിട്ടുണ്ട്. 1991-ലും വലിയ വെള്ളപ്പൊക്കം ഉണ്ടായിട്ടുണ്ട്. ആയിരക്കണക്കിന് വീടുകളിൽ അന്നും അതിനുശേഷവും വെള്ളം കയറിയിട്ടുണ്ട്. ആർക്കെങ്കിലും ഒരു രൂപയുടെ നഷ്ടപരിഹാര പാക്കേജ് കൊടുക്കാൻ ഇതിനുമുമ്പ് കഴിഞ്ഞിട്ടുണ്ടോ? ആദ്യമായിട്ടാണ് കേരളത്തിൽ, ഈ വകയിൽ മാത്രം ഏതാണ്ട് അറുനൂറ്റിയെട്ട് കോടിയിലധികം രൂപ നൽകുന്നത്. അതിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. അതിന് എന്തെങ്കിലും കുറവുണ്ടെങ്കിൽ ജില്ലാ കളക്ടർമാരുമായും ഡിസാസ്റ്റർ മാനേജ്മെന്റുമായും തഹസിൽദാരുമായും ബന്ധപ്പെട്ട് ആ കുറവ് പരിഹരിക്കുകയാണ് വേണ്ടത്. മത്സ്യത്തൊഴിലാളികളുടെ കാര്യം ഇവിടെ നേരത്തെ സൂചിപ്പിച്ചുകൊണ്ട് ഞാൻ അങ്ങോട്ട് കടക്കുന്നില്ല. ഇവിടെ രക്ഷാപ്രവർത്തനത്തിനായി വന്ന നാനൂറ്റി ഇരുപത്തിയഞ്ച് ബോട്ടുകളാണ് കേടായത്. ആ ബോട്ടുകൾ നന്നാക്കുന്നതിനായി മൂന്നേകാൽ കോടി രൂപയാണ് ഗവൺമെന്റ് നൽകിയിരിക്കുന്നത്. നമ്മുടെ ഫിഷറീസ് വകുപ്പുമന്ത്രിതന്നെ അതിന് നേതൃത്വം നൽകി. എഞ്ചിൻ കേടായിട്ടുള്ള ഏഴ് ബോട്ടുകൾക്ക് എഞ്ചിൻതന്നെ വാങ്ങി നൽകി. അറുപത്തി അയ്യായിരത്തോളം ആളുകളെ രക്ഷപ്പെടുത്തിയ, ലോകം മുഴുവൻ അറിഞ്ഞ ഒരു വിഭാഗമാണവർ, അതൊരു ചെറിയ കാര്യമല്ല. ഒലിച്ചുപോയ മൃഗങ്ങൾക്കുവേണ്ടി നാൽപ്പത്തിയൊൻപത് കോടി രൂപയാണ് ആ വകയിൽ മാത്രം ചെലവഴിച്ചത്. അത് കൊടുത്ത് കഴിഞ്ഞിരിക്കുന്നു. ഇനി അത് അർഹരായിട്ടുള്ള ആളുകൾക്ക് ലഭിക്കണമെന്ന് മാത്രമേയുള്ളൂ. 'പുനർജനി' എന്ന ഒരു പദ്ധതി തന്നെ നടപ്പാക്കി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി എന്റെ നിയോജകമണ്ഡലത്തിൽ വന്നു. കേരളത്തിൽ ആദ്യമായി മുഴുവൻ മുങ്ങിപ്പോയ ഒരു പ്രദേശമാണ്. അദ്ദേഹം അതിനുമുമ്പ് ചെങ്ങന്നൂരിലും വന്നിരുന്നു. ഇവിടെ ശ്രീമതി യു. പ്രതിഭ സൂചിപ്പിച്ചു, പ്രളയം മുക്കിയ കുട്ടനാട്ടിൽ കഴിഞ്ഞ വർഷം ഉണ്ടായിരുന്നതിനേക്കാൾ ഏതാണ്ട് അൻപത് ശതമാനത്തിലധികം വർദ്ധനവ് നെൽകൃഷിയിൽ തന്നെ ഉണ്ടാക്കിയിരിക്കുന്നുവെന്ന്. അതാണ് കേരളത്തിലുടനീളമുള്ള ചിത്രം. ഇവിടെ എന്റെ കൃഷിയിടത്തിൽ ആയിരത്തിമുന്നൂറ് ഏത്തവാഴകൾ ഉണ്ടായിരുന്നു. അത് അസംബ്ലിയിൽ പറയണമെന്ന് എന്നോട് കൃഷി വകുപ്പുമന്ത്രി പറഞ്ഞിരുന്നു. ഞാനത് ഇൻഷ്വർ ചെയ്തിരുന്നു. ഒരു വാഴയ്ക്ക് 300 രൂപ വച്ച് ഇൻഷ്വറൻസ്, അതിൽ നൂറ് രൂപ സർക്കാരിന്റെ വകയാണ്. ആയിരത്തിമൂന്നൂറ് വാഴയ്ക്ക് നാല് ലക്ഷം രൂപ കിട്ടി. ആ നിലയിലുള്ള പ്രവർത്തനങ്ങൾ എന്തുകൊണ്ട് കേരളത്തിലുടനീളം നമുക്ക് നടത്തിക്കൂടാ.

കാർഷിക രംഗത്തേയ്ക്ക് ഈ നഷ്ടപരിഹാരം മാത്രമല്ല, ഇൻഷ്വറൻസ് പദ്ധതികൾ കൂടി വ്യാപിപ്പിക്കാൻ കഴിയണം. കുടുംബശ്രീ യൂണിറ്റുകൾക്ക് 308 കോടി രൂപയാണ് ലഭിച്ചത്. കേരളത്തിൽ ഇതിനുമുമ്പ് ഏതെങ്കിലും സന്ദർഭത്തിൽ കുടുംബശ്രീ അംഗങ്ങൾക്ക് ഇത്തരത്തിലുള്ള ഒരു ധനസഹായം ഏതെങ്കിലും ഒരു ദുരന്ത കാലഘട്ടത്തിൽ ലഭിച്ചിട്ടുണ്ടോ? ദുരന്തത്തിനിരയായവർക്ക് ആദ്യമായി പതിനായിരം രൂപ കൊടുത്തതുപോലെതന്നെ, കേരളത്തിൽ കുടുംബശ്രീ യൂണിറ്റുകൾ വഴി ഒരു ലക്ഷം രൂപവരെ വിതരണം ചെയ്തത് ആദ്യമായിട്ടാണ്. അതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ മുഖമുദ്ര. ഇവിടെ ഷോപ്പുകളുടെയും കടകളുടെയും നഷ്ടമുണ്ടായതിന് വ്യവസായ വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്ത് പുതിയൊരു ആപ്ലിക്കേഷൻ തന്നെ രൂപീകരിച്ചു. ഷോപ്പുകൾക്ക് ലോകത്ത് ഒരു സർക്കാരും അത്തരത്തിൽ ഒരു ധനസഹായം കൊടുത്തിട്ടില്ല. ഈ സർക്കാരും ഇതുവരെ കൊടുത്തിട്ടില്ല. കൊടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. പക്ഷെ ഇൻഷ്വറൻസുള്ള ഷോപ്പുകൾക്കാണ് സാധാരണ ഗതിയിൽ ധനസഹായം ലഭിക്കാറുള്ളത്. എന്റെ ടൗണിൽ മുഴുവൻ കടകളും പ്രളയത്തിൽ മുങ്ങിപ്പോയി കോടാനുകോടി രൂപയുടെ നഷ്ടമാണുണ്ടായത്. ബഹുമാനപ്പെട്ട അംഗം എം. കെ. മുനീർ സൂചിപ്പിച്ച എബി സ്റ്റീഫൻ സമരം ചെയ്തത് ബാങ്കുകൾക്ക് എതിരെയായിരുന്നു. അയാളുടെ ആറ് കടകൾ പൂർണ്ണമായും മുങ്ങിപ്പോയി. അദ്ദേഹത്തിനോട് ഇൻഷ്വറൻസ് കമ്പനി വിവേചനം കാണിക്കുകയാണ് ചെയ്തത്. ഞാനും ആ സമരത്തിൽ പങ്കെടുത്ത ആളാണ്. അദ്ദേഹത്തിന് ഇൻഷ്വറൻസ് കമ്പനി നഷ്ടപരിഹാരം കൊടുത്തില്ല. അത് തെറ്റാണ്. ഗവൺമെന്റിനെതിരെ യായിരുന്നില്ല അദ്ദേഹത്തിന്റെ സമരം, ഇൻഷ്വറൻസ് കമ്പനിക്കെതിരെ ആയിരുന്നു...(ബഹളം...)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, അദ്ദേഹത്തിന് ആരും ഒന്നും കൊടുത്തില്ല. ഗവൺമെന്റും ഒന്നും കൊടുത്തില്ല. അയാൾക്ക് ഒരു ലോൺ കൊടുക്കാനോ ഉള്ള ലോൺ റീ ഷെഡ്യൂൾ ചെയ്യുന്നതിനോ എന്തെങ്കിലും സഹായം എത്തിക്കാനോ കഴിയുമോയെന്ന് ചോദിച്ചപ്പോൾ ശ്രീ. പി. എച്ച് കുര്യൻ പറഞ്ഞത് അതിന് കഴിയില്ലെന്നാണ്. ഞാൻ ലോൺ വേണമെങ്കിൽ റീ ഷെഡ്യൂൾ ചെയ്യാമെന്ന് പറഞ്ഞു. നിങ്ങൾ അയാളെ അറസ്റ്റ് ചെയ്തുകൊണ്ട് പോയി. അയാൾ വീണ്ടും വന്നു. ഒരു പരിഹാരവും അയാളുടെ കാര്യത്തിൽ ഉണ്ടായിട്ടില്ല. ശ്രീ. രാജു എബ്രഹാം എന്താണ് പറയുന്നത്?

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. പി. എച്ച്. കുര്യന് എങ്ങനെ ബാങ്കിന്റെ ലോൺ റീ ഷെഡ്യൂൾ ചെയ്തു കൊടുക്കാൻ സാധിക്കും? കോർപ്പറേഷൻ ബാങ്കിന്റെ

ലോണും കോർപ്പറേഷൻ ബാങ്കിന്റെ ഇൻഷ്വറൻസുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവെ, ഇൻഷ്വറൻസ് കമ്പനിയുടെ കാര്യത്തിൽ എങ്ങനെ ഗവൺമെന്റിന് ഇടപെടാൻ സാധിക്കും? എനിക്ക് മനസ്സിലാകുന്നില്ല. ബഹളം.., കേരളത്തിലെ കടകളിൽ ഇതിനുമുമ്പും വെള്ളം കയറിയിട്ടുണ്ടല്ലോ ശ്രീ. പി. ടി. തോമസ്; നിങ്ങൾ നയാപൈസ ഏതെങ്കിലും കടകൾക്ക് നഷ്ടപരിഹാരമായി കൊടുത്തിട്ടുണ്ടോ? വെറുതെ വർത്തമാനം പറയാതിരിക്കൂ.

3.00 P.M.]

രാഷ്ട്രീയം നോക്കിയാണ് ധനസഹായം കൊടുത്തതെന്ന് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ വെള്ളം കയറിയ 7 വാർഡുകൾ ബി.ജെ.പി.-യാണ് ഭരിക്കുന്നത്. ആ വാർഡുകളിലെ ഒരു വീട്ടുകാരെക്കൊണ്ടെങ്കിലും ഞങ്ങൾക്ക് ധനസഹായം കിട്ടിയില്ലെന്ന് പറയിപ്പിക്കാൻ അങ്ങേയ്ക്ക് കഴിയുമോ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ വഴങ്ങിക്കൊണ്ടിരുന്നാൽ അങ്ങയുടെ സമയം പോകും.

ശ്രീ. രാജു എബ്രഹാം: സർ, പറയാൻ കഴിയില്ല. പ്രളയ ദുരിതാശ്വാസ പ്രവർത്തനത്തെ ഗവൺമെന്റ് രാഷ്ട്രീയമായി കണ്ടുവെന്ന് ആക്ഷേപിച്ചിട്ടുള്ള സ്നേഹിതന്മാർ മനസ്സിലാക്കുക, ഇത് നിങ്ങളുടെ സർക്കാരല്ല, സഖാവ് പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ സർക്കാരാണ്. കേരളത്തെ ഇന്ന് ലോകം ബഹുമാനത്തോടെ കാണുകയാണ്. ആഗസ്റ്റ് 14-ാം തീയതി എന്റെ വീടിനടുത്ത് വെള്ളം കയറി ഷോക്കടിച്ച് ഒരാൾ മരിച്ചു. ആ ഡെഡ് ബോഡി എടുക്കാൻ വേണ്ടി ഫയർ ബോട്ടിൽ ഞാനും കയറിയിരുന്നു. രാത്രി ഒന്നര മണിക്ക് ഒന്നാം നിലയുടെ മുകളിൽ നിന്നാണ് ഡെഡ് ബോഡി ലഭിച്ചത്. ഞാനും ബഹുമാനപ്പെട്ട മന്ത്രി തിലോത്തമനും പമ്പയിൽ നിന്നും മടങ്ങുമ്പോഴാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായത്. അതിനുശേഷം 16 മണിക്കൂർ ഞാൻ ആ ഫയർബോട്ടിൽ തന്നെയായിരുന്നു. ഞങ്ങളുടെ ഫയർ ബോട്ട് മാത്രം അന്ന് 200-ഓളം ആളുകളെ രക്ഷപ്പെടുത്തിയിട്ടുണ്ട്. പതിനഞ്ചാം തീയതി പുലർച്ചയായപ്പോഴേക്കും ഞങ്ങളെ സഹായിക്കാൻ കുട്ടവഞ്ചിക്കാരും ഹെലികോപ്റ്ററും നേവിയുടെ ബോട്ട് സംഘവുമെത്തി. എല്ലാ ആളുകളുടെയും സഹായത്തോടെ വലിയ തോതിലുള്ള രക്ഷാപ്രവർത്തനം 15-ാം തീയതി നടത്തി. മുപ്പതിനായിരത്തിലധികം ആളുകളെ ഞങ്ങൾ രക്ഷപ്പെടുത്തി. പക്ഷേ വെള്ളം ഉയർന്നുകൊണ്ടേയിരുന്നു. രാത്രി 8 മണിയായപ്പോൾ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ചു. രണ്ടാം നിലയുടെ മുകളിൽപ്പെട്ട ആളുകളുടെ കഴുത്തുവരെ വെള്ളമെത്തി. ഇനിയും വെള്ളമുയർന്നാൽ

പതിനായിരത്തിലധികം ആളുകൾ ഒലിച്ചുപോകും. അപ്പോൾ ഞങ്ങളെ ധൈര്യപ്പെടുത്തിയത് മുഖ്യമന്ത്രിയാണ്. അദ്ദേഹം പറഞ്ഞു, പേടിക്കേണ്ട, രാത്രി 12 മണി ആകുമ്പോഴേയ്ക്കും കോസ്റ്റ് ഗാർഡിന്റെ 10 ബോട്ടുകളെത്തും. രാത്രി 11.45 ആകുമ്പോഴേയ്ക്കും കോസ്റ്റ് ഗാർഡിനെ നയിച്ച ലീഡർ എന്നെ വിളിച്ചു. പുലർച്ചയാകുമ്പോഴേയ്ക്കും കോസ്റ്റ് ഗാർഡിന്റെ ബോട്ടുകൾ മുഴുവൻ ആളുകളെയും രക്ഷപ്പെടുത്തി. അതുകൊണ്ട് കൊല്ലത്തുനിന്നും ഞങ്ങളുടെ നേതാവ് സുദേവൻ അയച്ച 50 മത്സ്യബോട്ടുകൾ വേണ്ടെന്ന് പറഞ്ഞു. അവ ചെങ്ങന്നൂരിലേയ്ക്കും ആറന്മുളയിലേയ്ക്കും അയയ്ക്കാൻ ഞാനാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ മുൻകയ്യെടുത്തുകൊണ്ട് എത്ര വലിയ രക്ഷാപ്രവർത്തനമാണ് മത്സ്യത്തൊഴിലാളികൾ മറ്റു നിയോജകമണ്ഡലങ്ങളിൽ നടത്തിയിട്ടുള്ളത്? സമാനതകളില്ലാത്ത പ്രവർത്തനമല്ലേ നടത്തിയത്. അതിന് നേതൃത്വം കൊടുത്ത മുഖ്യമന്ത്രി ചെയ്ത കാര്യങ്ങൾ നല്ലതാണെന്ന് നിങ്ങൾ പറഞ്ഞില്ല. പ്രതിപക്ഷനേതാവെങ്കിലും പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ശ്രീ. പി. സി. ജോർജിനോട് ഞാൻ യോജിക്കുകയാണ്. അദ്ദേഹം പറഞ്ഞു. ചികിത്സ പോലും മാറ്റിവച്ച് വേദന കടിച്ചമർത്തി, മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഇരുന്നുകൊണ്ട് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. രാജ്യം കണ്ട ഏറ്റവും വലിയ രക്ഷാപ്രവർത്തനത്തിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം നൽകിയത്. അത് വെറുതെയായില്ല. പതിനായിരക്കണക്കിന് മൃതദേഹങ്ങൾ ഒഴുകി നടക്കുമെന്ന് ആദ്യ ദിവസം ചില മാധ്യമങ്ങൾ പറഞ്ഞു. വെള്ളപ്പൊക്കത്തെത്തുടർന്ന് പത്തിൽ താഴെ ആളുകൾക്ക് മാത്രമേ രക്ഷപ്പെടാൻ കഴിയാതെ മരിച്ചിട്ടുള്ളൂ. ഉരുൾപൊട്ടലിലും ആറ്റിൽ കുളിക്കാനിറങ്ങി വെള്ളത്തിൽ വീണും മറ്റുമാണ് നാനൂറിലധികം ആളുകൾ മരിച്ചത്. അതും ഈ പട്ടികയ്ക്കുള്ളിൽ വരും. അത്ര വലിയ രക്ഷാ പ്രവർത്തനമാണ് നടത്തിയത്. റേഷൻ കടകൾ മുഴുവൻ മുങ്ങിപ്പോയ കാര്യം ഞാൻ രാവിലെ സൂചിപ്പിച്ചു. അവിടെ കൈവിരൽ പതിച്ച് റേഷൻ നൽകണമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി തിലോത്തമൻ ആഗസ്റ്റ് 15-ാം തീയതി തന്നെ ഉത്തരവിറക്കി. റേഷൻ കടകൾ മാറ്റി സ്ഥാപിച്ചു, ഒരു പ്രശ്നവുമുണ്ടായില്ല. ആ അവസരത്തിൽ ഞാൻ മന്ത്രി ശ്രീ. എ. സി. മൊയ്തീനെ വിളിച്ച് ഇവിടെ വലിയ പ്രശ്നമാണെന്ന് പറഞ്ഞു. കണക്കില്ലാതെ പണം ചെലവഴിക്കാൻ ഞാനിന്ന് ഉത്തരവിറക്കാമെന്ന് അദ്ദേഹം പറഞ്ഞു. കിണറുകളും വീടുകളും റോഡുകളും വൃത്തിയാക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് പതിനഞ്ചോ, ഇരുപതോ, മുപ്പതോ ലക്ഷം രൂപ ചെലവഴിക്കാം. 16-ാം തീയതി മുതൽ എല്ലാ പഞ്ചായത്തുകൾക്കും ലിമിറ്റില്ലാതെ പണം ചെലവഴിക്കാൻ ഉത്തരവിറക്കി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അവിടെയിരിക്കുന്നുണ്ട്. ചെളി കയറിയ എല്ലാ റോഡുകളും വൃത്തിയാക്കാനായി ടെൻഡറില്ലാതെ എത്ര

പണം വേണമെങ്കിലും ചെലവഴിക്കാൻ അദ്ദേഹവും ഉത്തരവിറക്കി. ചെളിയുള്ള റോഡുകളിൽ ഫയർഫോഴ്സിന്റെ വാഹനങ്ങൾ ഉപയോഗിച്ച് വൃത്തിയാക്കി. ഫയർഫോഴ്സിന്റെ വാഹനങ്ങൾ മറ്റൊരാവശ്യത്തിനും ഉപയോഗിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി മുൻകയ്യെടുത്ത് ഫയർഫോഴ്സിന്റെ വാഹനങ്ങൾ എന്തുകാര്യത്തിനും ഉപയോഗിക്കാനുള്ള ഉത്തരവിറക്കി. ഓരോ മന്ത്രിമാരും ആ നിലയിലുള്ള പ്രവർത്തനമാണ് ഇവിടെ നടത്തിയത്. അത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ മാതൃകയാണെന്ന കാര്യത്തിൽ സംശയമില്ല. പത്തനംതിട്ട ജില്ലയിലെ പ്രവർത്തനങ്ങളുടെ ചുമതലയുണ്ടായിരുന്ന മന്ത്രി ശ്രീ. മാത്യു ടി. തോമസ് അവിടത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനായി മൂന്നുദിവസം കളക്ടറേറ്റിലെ മേശപ്പുറത്താണ് അന്തിയുറങ്ങിയത്. ഓരോ ജില്ലയിലും ചുമതലയുള്ള മന്ത്രിമാർ ആ പ്രവർത്തനങ്ങൾക്കാകെ നേതൃത്വം കൊടുക്കുന്ന സമീപനം സ്വീകരിച്ചു. പക്ഷെ നിങ്ങൾ സ്വീകരിച്ച സമീപനത്തിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പശ്ചാത്തപിക്കണം. നിങ്ങളുടെ എം.എൽ.എ.-മാർ ഫണ്ട് തന്നു, അത് ഞങ്ങൾ അംഗീകരിച്ചു. പക്ഷെ നിങ്ങൾ ആ ഫണ്ട് തന്നതിനുശേഷമെടുത്ത സമീപനമെന്താണ്? നിങ്ങൾ ഈ ഫണ്ട് അട്ടിമറിക്കാൻവേണ്ടി മുഖ്യമന്ത്രിയുടെ സി.എം.ഡി.ആർ.എഫ്. സുതാര്യമല്ലെന്ന വാർത്തകൾ ലോകം മുഴുവൻ പ്രചരിപ്പിച്ചു. സഹായം നൽകാമെന്നുപറഞ്ഞ് ലോകത്തിലെ എല്ലാ രാജ്യങ്ങളിൽനിന്നും ഞങ്ങളെ വിളിച്ചിരുന്നു. എന്റെ ഫോണിൽ അയ്യായിരത്തോളം കോളുകൾ വന്നു. അതൊന്നും ഞാൻ ഡിലീറ്റ് ചെയ്തിട്ടില്ല. പക്ഷെ പിന്നീടവർ ഞങ്ങൾക്ക് എങ്ങനെ വിശ്വസിച്ച് പണം നൽകാൻ കഴിയും എന്ന ആശങ്ക പറഞ്ഞു. .....(ബഹളം)..... മൂന്നുതവണ യോഗം വിളിച്ചില്ലേ; അങ്ങ് യോഗത്തിന് വരാത്തതിന് ഞാൻ ഉത്തരവാദിയാണോ? ഒരു ലക്ഷത്തിലധികം ഇലക്ട്രിക് പോസ്റ്റുകൾ തകരാറിലായി, എത്ര സബ്സ്റ്റേഷനുകൾ നശിച്ചു, 25 ലക്ഷത്തിലധികം കണക്ഷനുകൾ പോയി. എന്നിട്ടും പത്തുദിവസത്തിനുള്ളിൽ കേരളത്തിലെ ഓരോ വീടുകളിലും വൈദ്യുതി എത്തിയെന്നുപറഞ്ഞാൽ ഇതൊരു ചരിത്ര സംഭവമാണ്. യുദ്ധം നടന്നിട്ടുള്ള പ്രദേശങ്ങളിൽപ്പോലും അങ്ങനെ ഉണ്ടായിട്ടില്ല. പക്ഷെ നിങ്ങൾ ചെയ്ത പാതകം കേരളം ഒരിക്കലും മറക്കില്ല. നിങ്ങൾ സാലറി ചലഞ്ചിനെ അട്ടിമറിക്കാൻ ശ്രമിച്ചു. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ നിങ്ങളുടെ അനുഭാവ സംഘടനയിലെ ആളുകളോട് സാലറി ചലഞ്ചിൽ പങ്കെടുക്കാൻ അല്ലെങ്കിൽ ഈ ദുരിതാശ്വാസത്തിൽ പങ്കെടുക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അഭ്യർത്ഥിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പ്രധാനമന്ത്രിയും കേന്ദ്ര മന്ത്രിയും നിഷേധാത്മകമായ നിലപാട് സ്വീകരിച്ചപ്പോൾ ഒരു വാക്കു

കൊണ്ടെങ്കിലും നിങ്ങൾ പ്രതിഷേധിച്ചോ? 29 ലക്ഷംപേരുള്ള മംഗോളിയയ്ക്ക് ശ്രീ. നരേന്ദ്ര മോദി 30,000 കോടി രൂപ കൊടുത്തു. ആറ് കോടിപോലുമില്ലാത്ത നേപ്പാളിൽ പത്തിരുപതിനായിരം കോടി രൂപ കൊടുത്തു. മൂന്നരക്കോടി ജനങ്ങളുള്ള കേരളത്തിന് 600 കോടി രൂപമാത്രം തന്നപ്പോൾ അതിൽ പ്രതിഷേധിക്കാൻ നിങ്ങൾ തയ്യാറായില്ല. 2500 കോടി രൂപ വാഗ്ദാനം നൽകി. അത് നൽകിയാൽ നല്ല കാര്യം. നല്ല കാര്യം ചെയ്താൽ അതിനെ ഞങ്ങൾ അഭിനന്ദിക്കും. പ്രതിമയ്ക്ക് 3000 കോടി രൂപ കൊടുത്തു. അടുത്ത പ്രതിമയ്ക്ക് 3500 കോടി രൂപ. 5000 കോടി രൂപ മുടക്കി അയോദ്ധ്യയിൽ അടുത്ത പ്രതിമ സ്ഥാപിക്കാൻ പോവുകയാണ്. ഈ കേരളത്തിൽ ജനങ്ങളില്ലേ; ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരെയും കോൺഗ്രസ്സുകാരെയും ബി.ജെ.പി.-ക്കാരെയും രാഷ്ട്രീയ മായിട്ടാണോ നോക്കേണ്ടത്? ഇന്ത്യാരാജ്യം ഒരു ഫെഡറൽ രാജ്യമെന്ന നിലയിൽ ഈ സ്റ്റേറ്റിനെ നോക്കണ്ടേ? ഈ സ്റ്റേറ്റിനെ നോക്കുവാനുള്ള ഒരു ഭരണനൈപുണ്യം ഈ രാജ്യത്തിലെ ഭരണകൂടങ്ങൾക്ക് നഷ്ടപ്പെടുമ്പോൾ നമ്മൾ എന്താണ് ചെയ്യേണ്ടത്? നമ്മൾ ഒരുമിച്ച് ഡൽഹിയിലേയ്ക്ക് പോകണം. ഡൽഹിയിൽ കേരളത്തിലെ എം.എൽ.എ.-മാരും എം.പി.-മാരും പ്രതിഷേധം ഉയർത്തണം. ഇവിടെ നമ്മളെ തിരിഞ്ഞുനോക്കാത്ത ബാങ്കുകളെ ബഹിഷ്കരിക്കാൻ തയ്യാറാകേണ്ടിവരും. ആ നിലയിൽ ബാങ്കുകൾ കേരളത്തോട് നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. ആ ബാങ്കുകൾ സ്വീകരിച്ച നിലപാടുപോലെ തന്നെയായി ദൗർഭാഗ്യവശാൽ നിങ്ങളുടെ നിലപാടും. ഒരു വീടെങ്കിലും കെ.പി.സി.സി.-ക്ക് നിർമ്മിച്ചുനൽകാൻ കഴിഞ്ഞില്ലല്ലോ. ഒറ്റവീട് എങ്കിലും നിർമ്മിച്ചുനൽകാൻ കഴിഞ്ഞോ? ........(ബഹളം).........നിങ്ങൾ നൽകുകയാണെങ്കിൽ ഞങ്ങൾ അതിനെ അംഗീകരിക്കും.

<u>മി. സ്പീക്കർ</u> : പ്ലീസ്.. കൺക്ലൂഡ്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, വെള്ളമിറങ്ങി ഒരാഴ്ചകഴിഞ്ഞപ്പോൾ നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് തറ ക്ലീൻ ചെയ്യുന്ന ഒരു ഫോട്ടോ പത്രത്തിൽ കണ്ടു. എന്താണ് നിങ്ങൾ കാണിച്ചത്? പത്രത്തിൽ ഫോട്ടോ വരാൻവേണ്ടി ചെളിവാരുന്ന ഒരു ഫോട്ടോ എടുത്തതല്ലാതെ ഈ കേരളത്തിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് എന്ത് പ്രവർത്തനമാണ് നടത്തിയത്? ഞങ്ങൾ കുറ്റപ്പെടുത്തുന്നതല്ല, ഇനിയും നിങ്ങൾക്ക് സമയമുണ്ട്. ചെയ്തുപോയ തെറ്റുകൾക്ക് പശ്ചാത്താപമുണ്ടാകുമെന്ന് പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ കേരളത്തെ ഒരുമിച്ച് കാണണം. ഇതിനുവേണ്ടി പരിശ്രമിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കരങ്ങൾക്ക് ശക്തിപകരാൻ നിങ്ങൾ തയ്യാറാകണം എന്നുമാത്രമാണ് ഈ അവസരത്തിൽ എനിക്ക്

പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കർ സർ, ശ്രീ. വി. ഡി. സതീശൻ ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ശ്രീ. സജി ചെറിയാന്റെയും അതോടൊപ്പം ശ്രീ. രാജു എബ്രഹാമിന്റെയും വിശ്വാസ പ്രഖ്യാപനം ആവർത്തിച്ച് പറയുന്നത് ഇവിടെ കേൾക്കുകയുണ്ടായി. അത് മുഖ്യമന്ത്രിയെ സന്തോഷിപ്പിക്കും. റാന്നിയിലെയും ചെങ്ങന്നൂരിലെയും ജനങ്ങളെ സന്തോഷിപ്പിക്കില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കേരളം നേരിട്ട ഏറ്റവും വലിയ പ്രളയത്തിൽ കേരളീയ ജനതയെ രക്ഷിക്കാൻ വേണ്ടി ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മളെല്ലാവരും ഒരുമിച്ച് നിന്നതാണ്. പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങളിലും നമ്മൾ ഒരുമിച്ചുതന്നെനിൽക്കണമെന്നാണ് എന്റേയും അഭിപ്രായം. തടസ്സം ആരാണെന്ന വച്ചാൽ, പറയുന്ന വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നില്ല, അപാകതകളുണ്ട് എന്ന് ചൂണ്ടിക്കാണിക്കേണ്ടത് പ്രതിപക്ഷത്തിന്റെ ധർമ്മമാണ്. ആ ധർമ്മം ഞങ്ങൾ നിറവേറ്റുകയാണ്. കേന്ദ്രം കാണിക്കുന്ന ചിറ്റമ്മനയവും കേരളം കാണിക്കുന്ന അനാസ്ഥയും ചൂണ്ടിക്കാണിക്കേണ്ട ബാധ്യത ഞങ്ങൾക്കില്ലേ; ലോകത്തിൽ ഉണ്ടായിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ പ്രളയദുരന്തമായി യു.എൻ. സംഘം നടത്തിയ Post Disaster Needs Assessment (PDNA) റിപ്പോർട്ട് സർക്കാർ പുറത്തുവിടണമെന്ന് മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. ആ റിപ്പോർട്ടിൽ ഗവൺമെന്റിന്റെ അനാസ്ഥയുടെ നേർചിത്രമുണ്ട്. ഇന്റർ-ഡിപ്പാർട്ട്മെന്റൽ കോ-ഓർഡിനേഷൻ സംബന്ധിച്ചുള്ള വീഴ്ച ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഉയർന്ന സാക്ഷരത, അധികാരവികേന്ദ്രീകരണം എന്നിവ നല്ല നിലയിൽ നടപ്പാക്കിയ കേരളത്തിന് ഹൈറേറ്റിംഗാണ് നൽകിയിരിക്കുന്നത്. ഇങ്ങനെ റേറ്റിംഗുള്ള സംസ്ഥാനത്തിന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ട പരിഹാര നടപടികൾ കേരളത്തിൽ ഉണ്ടായിട്ടില്ലായെന്ന് പി.ഡി.എൻ.എ.-റിപ്പോർട്ടിൽ പറയുന്നു. ഒരു നദിയിൽ 3 അതോറിറ്റികൾ വരെയാണ് പ്രവർത്തിക്കുന്നത്. കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവ തമ്മിൽ കോ-ഓർഡിനേഷൻ ഇല്ലാത്തതിനാൽ ഫലപ്രദമായി ഇടപെടുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വെള്ളത്തിന്റെ നിലവാരം സംബന്ധിച്ച ഹൈഡ്രോളജിക്കൽ സർവ്വേ നടന്നിട്ടില്ല. സർവ്വേ നടത്താനുള്ള അടിയന്തരനടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നത്, യു.എൻ. സംഘം നടത്തിയ പഠനത്തിന്റെ പി.ഡി.എൻ.എ. റിപ്പോർട്ട് ദയവായി പുറത്തുവിടണം. കേരളത്തിൽ പ്രളയമുണ്ടായപ്പോൾ, ആ പ്രളയത്തിൽ നമ്മളെല്ലാവരും ജനങ്ങളെ

രക്ഷിക്കാൻവേണ്ടി ഒരുമിച്ച് മുന്നോട്ടുപോയി. പ്രളയാനന്തരകാലത്ത് കേരളത്തിലെ മുഖ്യമന്ത്രി നൽകിയ വാഗ്ദാനങ്ങളെവിടെ? പതിരാകുന്ന വാഗ്ദാനങ്ങളാണ് അവയെന്ന് ശ്രീ. വി. ഡി. സതീശൻ ഇവിടെ അക്കമിട്ട് സൂചിപ്പിച്ചതുകൊണ്ട് ഞാൻ കടക്കുന്നില്ല. വാഗ്ദാനങ്ങൾ നൽകുമ്പോൾ അത് പാലിക്കപ്പെടാൻ കഴിയുമോ എന്നുകൂടി ആലോചിക്കണ്ടേ? ഒരു ഉദാഹരണം മാത്രം പറയാം. ബാക്കിയെല്ലാം ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞു. വ്യാപാരികൾക്കും ചെറുകിട കച്ചവടക്കാർക്കും പലിശരഹിതമായി 10 ലക്ഷം രൂപ കൊടുക്കുമെന്ന് മുഖ്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചു. ഒരു രൂപപോലും ഇതുവരെയും ആർക്കും കിട്ടിയിട്ടില്ല. ഒരുദാഹരണമാണ് ഞാൻ ഇവിടെ പറഞ്ഞത്. പതിനായിരം രൂപയുടെ കാര്യം ഇവിടെ പറഞ്ഞു, പതിനായിരം രൂപ കൊടുത്തത് മഹാകാര്യമൊന്നുമല്ല. കേരളം കണ്ട ഏറ്റവും വലിയ ദുരന്തത്തിന് പതിനായിരം രൂപ കൊടുത്താൽ പോരാ, ഇരുപത്തയ്യായിരം രൂപ കൊടുക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. എന്റെ കയ്യിലൊരു റിപ്പോർട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സഹോദരഭാര്യ പതിനായിരം രൂപയ്ക്കുവേണ്ടി അഞ്ച് വട്ടമാണ് വില്ലേജ് ഓഫീസും ബാങ്കും കയറിയിറങ്ങിയത്. പുന്നപ്ര പറവൂർ അശോക് ഭവനിൽ സരോജിനി ഇന്നലേയും പറവൂർ വില്ലേജ് ഓഫീസിലും കാനറാബാങ്ക് ശാഖയിലും പടി കയറിയ ചിത്രമാണിത്. ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സഹോദരിയുടെ ചിത്രം മാത്രമല്ല. ഞാൻ ആലപ്പുഴ ജില്ലയെ പ്രതിനിധീകരിക്കുന്ന ഒരു എം.എൽ.എ. കൂടിയാണ്. ആലപ്പുഴ ജില്ലയിൽ നൂറുകണക്കിന് അർഹരായ ആളുകൾക്ക് ഇപ്പോഴും പതിനായിരം രൂപ കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു,വീട്ടിൽ വെള്ളം കയറിയവർക്കെല്ലാം പതിനായിരം രൂപ കൊടുക്കുമെന്ന്. അദ്ദേഹം പ്രതിദിനം നടത്തിയ പത്ര സമ്മേളനത്തിൽ വാർത്തയായിരുന്നു. ഈ തുക കിട്ടാത്ത എത്രയോ ആളുകളാണ് പരിതാപകരവുമായി ഞങ്ങളുടെ അടുത്തേക്ക് വരുന്നത്. ഇതിൽ എല്ലാ പാർട്ടിക്കാരുമുണ്ട്. കുട്ടനാടാണ് ഈ പ്രളയത്തിൽ ഏറ്റവും വലിയ പ്രതിസന്ധി നേരിട്ട പ്രദേശം. അവിടെ ഇപ്പോഴും നൂറുകണക്കിനാളുകൾ പതിനായിരം രൂപ കിട്ടാതെ പ്രയാസപ്പെടുന്നു. അപ്പർകുട്ടനാട് പ്രദേശമേഖലയിലെ ജനങ്ങൾ പ്രയാസപ്പെടുന്നു. ഈ കാര്യങ്ങളെന്തുകൊണ്ട് ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല? എന്റെ കയ്യിൽ ഗവൺമെന്റിന്റെ രണ്ട് സർക്കുലറുകളാണുള്ളത്. 12-10-2018-ൽ റവന്യൂ(എച്ച്) വകുപ്പ് ഇറക്കിയതാണ്. സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾ, മോറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ്. ആ ഉത്തരവ് നിലവിൽ വന്ന ശേഷം

15-10-2018-ൽ സഹകരണ സംഘം രജിസ്ട്രാർ ഓഫീസ് തിരുവനന്തപുരത്ത് നിന്നുള്ള മറ്റൊരു സർക്കുലറാണിത്. എല്ലാ ജപ്തിനടപടികളും നിർത്തിവയ്ക്കുമെന്ന് പറഞ്ഞുകൊണ്ട് കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയവും ബാക്കി ഒന്നിനും മോറട്ടോറിയം ഇല്ലെയന്നാണ് സഹകരണ വകുപ്പ് പ്രഖ്യാപിക്കുന്നത്. ഞാൻ റവന്യൂ വകുപ്പ് സെക്രട്ടറിയോട് സംസാരിച്ചു. അദ്ദേഹം സഹകരണ വകുപ്പ് സെക്രട്ടറിയോട് സംസാരിക്കാമെന്ന് പറഞ്ഞു. സഹകരണ ബാങ്കുകളിൽ ജപ്തി നടപടികളുണ്ടാകുന്നു. സർഫാസി നിയമപ്രകാരമുള്ള ജപ്തി നടപടികൾ ഷെഡ്യൂൾഡ് ബാങ്കിലും നാഷണലൈസ്ഡ് ബാങ്കിലുമുണ്ടാകുന്നു. ഈ ഗവൺമെന്റ് പുറപ്പെടുവിച്ച വാറോലയ്ക്ക് എന്തെങ്കിലും അർത്ഥമുണ്ടോ? ഗവൺമെന്റ് പറയുന്ന കാര്യങ്ങൾ ചെയ്യാൻ തയ്യാറാകണം. ചെയ്യാൻ കഴിയുന്നതേ പറയാവൂ എന്നുള്ള ചിന്തയൊന്നും ഈ സർക്കാരിനില്ല. കാര്യശേഷിയില്ലാത്ത സർക്കാർ അധികാരത്തിൽ കയറിയാൽ നാട്ടിൽ എന്തൊക്കെ ആപത്തുകളുണ്ടാകുമെന്നുള്ളതിന് തെളിവാണ് ഈ പ്രളയം ഉൾപ്പെടെയുള്ള സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇതിനൊക്കെ കണക്കുണ്ടോ? അദ്യത്തെ കണക്ക് 21,000 കോടി രൂപ, അതുകഴിഞ്ഞ് 31,000 കോടി രൂപ. ഇപ്പോൾ എത്തി നിൽക്കുന്നത് നാൽപതിനായിരം കോടി രൂപയിലാണ്. കൃത്യമായ കണക്കുപോലും നമുക്കുണ്ടായിട്ടില്ല എന്നതാണ് സത്യം. 41,000 കോടി രൂപയുടെ നഷ്ടമുണ്ടായത് എങ്ങനെ നേരിടും? ഇവിടെ പ്രളയാനന്തരം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെക്കണ്ടു. 'ഒപ്പമുണ്ട് മോദിയുടെ ഉറപ്പ് '. മോദിയുടെ ഉറപ്പ് കുറുപ്പിന്റെ ഉറപ്പ് പോലെ ആയില്ലേ? ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്ന കേരളത്തെ തിരിഞ്ഞുനോക്കാൻ തയ്യാറാകാത്ത പ്രധാനമന്ത്രിയല്ലേ ശ്രീ. നരേന്ദ്ര മോദി. ഇതുസംബന്ധിച്ച് എനിക്ക് രണ്ടുമൂന്ന് കാര്യങ്ങൾ പറയാനുണ്ട്. ഒന്ന്, കേരളത്തെ സഹായിക്കാൻ ദേശീയ സെസ് നൽകും, ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രസ്താവനയാണ്. 'ശ്രീ. അരുൺ ജെയ്റ്റ്ലിയുമായി ഡോ. ടി. എം. തോമസ് ഐസക് കൂടിക്കാഴ്ച നടത്തി', 'പ്രളയ നഷ്ടമുണ്ടാകുന്ന മറ്റ് സംസ്ഥാനങ്ങൾക്കും സഹായം' എന്നൊക്കെ വാർത്തകളുണ്ടായിരുന്നു. ജി.എസ്.ടി.യിൽ 10 ശതമാനം സ്പെഷ്യലായി ചുമത്തി കേരളത്തിന് സഹായം നൽകുമെന്ന് പറഞ്ഞു. അത്തരത്തിൽ ഒരു രൂപപോലും കിട്ടിയില്ല. രണ്ട്, ജി.ഡി.പി.-യുടെ 3.5 ശതമാനമാണ് കടമെടുക്കാനുള്ള നമ്മുടെ ലിമിറ്റ് എന്നും അത് 4.5 ശതമാനം ആക്കുമെന്നും നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഇതുവരെ അതിനുള്ള തീരുമാനമുണ്ടായിട്ടില്ല. മൂന്ന്, ഒരു സ്പെഷ്യൽ പാക്കേജ് മുഖ്യമന്ത്രി ആവശ്യപ്പെട്ടു, ഇതുവരെ കേന്ദ്ര ഗവൺമെന്റ് തന്നിട്ടില്ല. നമ്മൾ കൊടുക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിവിധ സഹായങ്ങൾ, കേന്ദ്രാവിഷ്കൃത

പദ്ധതികളുടെ സഹായങ്ങൾ ഉൾപ്പെടെ തരുമെന്ന് പറഞ്ഞു, ഒന്നും കിട്ടിയില്ല. ഇപ്പോൾ പത്രങ്ങളിൽ വരുന്ന വാർത്ത ശരിയാണോയെന്ന് അറിയില്ല. അതുസംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറയണം. ആഭ്യന്തര വകുപ്പ് 2,500 കോടി രൂപയുടെ ശിപാർശ നൽകിയെന്ന് പറയുന്നു. ഞാൻ പറഞ്ഞുവന്നത്, കേരളം പോലുള്ള ഒരു സംസ്ഥാനത്തെ 3.5 കോടി ജനങ്ങളെ പ്രധാനമന്ത്രിയും കേന്ദ്ര ഗവൺമെന്റും കബളിപ്പിക്കുകയാണ്. നമുക്ക് ന്യായമായി കിട്ടേണ്ട സഹായം എന്തുകൊണ്ട് നൽകാൻ തയ്യാറാകുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ചിറ്റമ്മനയം ഇക്കാര്യത്തിൽ പ്രകടമാണ്. കേന്ദ്ര ഗവൺമെന്റ് കേരളത്തെ അവഗണിക്കുകയാണ്. അങ്ങനെ അവഗണിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ ആറന്മുള കണ്ണാടിയുമായല്ല പോകേണ്ടത്, ശക്തമായ ഭാഷയിൽ കാര്യങ്ങൾ പറഞ്ഞ് നേടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. കേരളം പുനർനിർമ്മിക്കുന്നതിന് നമ്മുടെ കയ്യിൽ എത്ര കോടി രൂപയാണുള്ളത്?

മി. സ്പീക്കർ: സമയം കുറച്ചധികമായി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ കാര്യങ്ങൾ മാത്രമാണ് പറയുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ഇന്നുവരെയുള്ളത് 2,797.94 കോടി രൂപയും ദുരന്തനിവാരണ അതോറിറ്റിയുടെ കയ്യിലുള്ളത് 988 കോടി രൂപയുമാണ്. ആകെയുള്ള 3,785.94 കോടി രൂപ വച്ചുകൊണ്ടാണ് 41,000 കോടി രൂപയുടെ പുതിയ കേരളം നിർമ്മിക്കാൻ പോകുന്നത്. 4,000 കോടി രൂപ കയ്യിൽ വച്ചുകൊണ്ട് 50,000 കോടി രൂപയുടെ കിഫ്ബി നടത്തിയതുപോലെ നടത്താമെന്നാണോ ഗവൺമെന്റ് കരുതുന്നത്? അങ്ങനെ ചെയ്യാൻ കഴിയില്ലല്ലോ. ഇവിടത്തെ പ്രധാന പ്രശ്നം, ധനസമാഹരണം ഉണ്ടാകണമെന്നുള്ളതാണ്. കേന്ദ്രം നമുക്ക് ഒരു പൈസയും സഹായമായി നൽകുന്നില്ല. കേന്ദ്രത്തിലെ ബി. ജെ. പി. ഗവൺമെന്റ് കേരളത്തിലെ ജനങ്ങളെ ശിക്ഷിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്നു. എ.ഡി.ബി.-യുടെയും ലോക ബാങ്കിന്റെയും വായ്പ എന്തായി? സാലറി ചലഞ്ച് ഒരു പിടിച്ചുപറിയാക്കി മാറ്റിയത് ഈ ഗവൺമെന്റല്ലേ? ജീവനക്കാരോട് സർക്കാർ മര്യാദയ്ക്ക് ആവശ്യപ്പെട്ടിരുന്നെങ്കിൽ അവർ പണം കൊടുക്കുമായിരുന്നു. ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധികളുണ്ടായി. ഹൈക്കോടതി പറഞ്ഞത് സാലറി ചലഞ്ച് പിടിച്ചുപറിയാണെന്നാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ജീവനക്കാരെ വിശ്വാസത്തിലെടുത്തില്ല. ആ സമയം മുഖ്യമന്ത്രി ഇവിടെ ഇല്ലായിരുന്നു. മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് രണ്ടുദിവസത്തെ ശമ്പളം കൊടുത്തു. ഓണം ഫെസ്റ്റിവൽ അലവൻസ് ഗവൺമെന്റ് ചോദിക്കാതെ എടുത്തു.

ദുരിതാശ്വാസ നിധിയിലേയ്ക്ക് 15,000 രൂപ വരെ ഒരു ജീവനക്കാരൻ കൊടുത്തു. ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് പണം കൊടുക്കാത്ത ജീവനക്കാർക്ക് ചമ്മലുണ്ടാകുമെന്നാണ്. അങ്ങനെ പറഞ്ഞ് ജീവനക്കാരെ അപമാനിക്കുകയാണ് ചെയ്തത്. അതായിരുന്നില്ല ചെയ്യേണ്ടത്. മുഖ്യമന്ത്രി സ്വീകരിച്ച സമീപനം ധനകാര്യ വകുപ്പുമന്ത്രി എടുത്തില്ല. കേരളത്തിലെ ജീവനക്കാരെ രണ്ട് തട്ടിലാക്കി. വിസമ്മതപത്രം ആവശ്യപ്പെട്ട് ജീവനക്കാരെ അപമാനിച്ചു. അങ്ങനെയാണോ ആളുകളിൽ നിന്നും സംഭാവന പിരിക്കുന്നത്. അത് സി.പി.എം. ലോക്കൽ കമ്മിറ്റിയുടെ ഫണ്ട് സംഭരണം പോലെ കൊണ്ടുപോകാമെന്നാണ് ഡോ. ടി. എം. തോമസ് ഐസക് ധരിച്ചത്. അതാണ് സുപ്രീംകോടതിയും ഹൈക്കോടതിയും തള്ളിയത്. സാലറി ചലഞ്ചിലൂടെ വലിയ തോതിലുള്ള ധനസമാഹരണം ഉണ്ടാക്കാമായിരുന്നു. ഈ ഗവൺമെന്റ് അതിന് തയ്യാറായില്ല. ഇക്കാര്യങ്ങളിൽ നിങ്ങൾക്ക് ഒരു ഹോം വർക്കും ഇല്ലായിരുന്നു. മന്ത്രിമാരുടെ വിദേശ സന്ദർശനത്തിനെ തടസ്സപ്പെടുത്തിയ കേന്ദ്ര ഗവൺമെന്റ് നടപടിയെ ഞാൻ അപലപിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ,അങ്ങേയ്ക്ക് വഴങ്ങാൻ ധൈര്യമുണ്ടോ? ..... (ബഹളം)......

മി. സ്പീക്കർ: സർ, അങ്ങ് വഴങ്ങുന്നുണ്ടോ? പ്രതിപക്ഷനേതാവ് പറഞ്ഞവസാനിപ്പിക്കു. അങ്ങേയ്ക്ക് അനുവദിച്ച സമയത്തിന്റെ നാലിരട്ടിയായി...... (ബഹളം)... ശ്രീ. എ. പ്രദീപ്കുമാർ ഇരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അവസാനം വഴങ്ങാം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞവസാനിപ്പിച്ചാൽ മതി.

ശ്രീ. രമേശ് ചെന്നിത്തല: സർ, എനിക്ക് ശ്രീ. എ. പ്രദീപ്കുമാറുമായി യാതൊരു തർക്കവുമില്ല. അദ്ദേഹം എന്റെ അടുത്ത സുഹൃത്താണ്.

മി. സ്പീക്കർ: നിശ്ചയിച്ച സമയത്തിന്റെ നാലിരട്ടിയായി. അങ്ങ് പറഞ്ഞവസാനിപ്പിക്കൂ......(ബഹളം).... പ്രതിപക്ഷനേതാവ് സംസാരിക്കു മ്പോഴാണോ പ്രതിപക്ഷം ബഹളമുണ്ടാക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: നമ്മുടെ സംസ്ഥാനത്ത് നിന്ന് മന്ത്രിമാർ വിദേശത്തേയ്ക്കുപോയി ഫണ്ട് പിരിക്കുമെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അദ്ദേഹത്തിന് ശ്രീ. നരേന്ദ്ര മോദിയുടെ വാക്കിൽ വലിയ വിശ്വാസമായിരുന്നു. മന്ത്രിമാർ വിദേശത്ത് പോയി പണം പിരിക്കുന്നതിന്

സമ്മതിക്കാമെന്ന് പ്രധാനമന്ത്രി മുഖ്യമന്ത്രിയോട് പറഞ്ഞുവെന്നും ആ വാക്ക് ശ്രീ. നരേന്ദ്ര മോദി ലംഘിച്ചുവെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. പ്രധാനമന്ത്രിയെ മുഖ്യമന്ത്രി വിശ്വാസത്തിലെടുക്കാനുള്ള കാരണമെന്താണ്? പ്രധാനമന്ത്രി ആയതുകൊണ്ടല്ല. മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ് ഈ രാജ്യത്തുണ്ട്. ഇവിടത്തെ ചീഫ് സെക്രട്ടറിക്ക് അവിടെ പോകാമായിരുന്നില്ലേ? മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും തമ്മിൽ സംസാരിക്കുന്നതാണോ ഇവിടത്തെ പ്രശ്നം. അത്തരത്തിൽ വിദേശത്ത് പോകുന്നതിന് എക്സ്റ്റേണൽ അഫയേഴ്സ് മിനിസ്റ്ററുടെ ക്ലിയറൻസ് ആവശ്യമില്ലേ? നമ്മുടെ രാജ്യത്തിന്റെയും പോകുന്ന രാജ്യത്തെ ഗവൺമെന്റുകളുടെയും ക്ലിയറൻസും ആവശ്യമാണ്. മന്ത്രിമാർ അവിടെ പോയി പണം പിരിക്കുന്നതിന്ആ രാജ്യങ്ങളുടെ അനുമതി വേണം. ഒരു കാര്യത്തിലും ഹോംവർക്ക് ചെയ്യാതെ ശ്രീ. നരേന്ദ്ര മോദിയിൽ ഇത്രയും വലിയ വിശ്വാസം മുഖ്യമന്ത്രിക്ക് ഉണ്ടായതാണ് ഈ പ്രശ്നങ്ങൾക്ക് കാരണം. മുഖ്യമന്ത്രി വിദേശത്ത് പോയിട്ട് എന്തായി? 300 കോടി രൂപ കിട്ടുമെന്ന് പറഞ്ഞതിൽ എത്ര രൂപ കിട്ടി; യു.എ.ഇ.-യിൽ നിന്നും എത്ര രൂപ കിട്ടി?

മി. സ്പീക്കർ: അങ്ങ് ദീർഘമായി സംസാരിക്കുന്ന പ്രകൃതത്തിലേയ്ക്കാണ് പോകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല:സർ, മുഖ്യമന്ത്രിയും ദീർഘമായി പ്രസംഗിക്കും.

മി. സ്പീക്കർ: ഇല്ല, അദ്ദേഹത്തിന് 30 മിനിട്ട് സമയമേയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. നേരേന്ദ്ര മോദിയും ബി.ജെ.പി.-യും കേരളത്തോട് കടുത്ത അനീതിയാണ് കാട്ടുന്നത്. ശ്രീ. നരേന്ദ്ര മോദിയുടെ വാക്ക് വിശ്വസിച്ച മുഖ്യമന്ത്രി കേരളത്തോട് അനീതിയാണ് ചെയ്തത്. 700 കോടി രൂപയുടെ സഹായം യു.എ.ഇ.-യിൽ നിന്ന് കിട്ടുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അങ്ങയോട് ആരാണ് അങ്ങനെ സഹായം കിട്ടുമെന്ന് പറഞ്ഞത്? 70 നയാപൈസ കിട്ടിയോ? പത്രസമ്മേളനത്തിൽ അങ്ങനെ അനൗൺസ് ചെയ്യാൻ കഴിയുമോ? മുഖ്യമന്ത്രി യു.എ.ഇ.-യിൽ പോയി 300 കോടി രൂപ പിരിക്കുമെന്ന് പറഞ്ഞു.

മി. സ്പീക്കർ: പ്രമേയത്തിന് ഒരു സമയമുണ്ട്. അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ 5 മിനിട്ട് സമയം കൂടിയെടുത്ത് അവസാനിപ്പിക്കാം.

മി. സ്പീക്കർ: ഇത് ശരിയല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദുബായിൽ പോയി. 300 കോടി രൂപ കിട്ടുമെന്ന് പറഞ്ഞതിൽ എത്ര രൂപ കിട്ടി? ഞാൻ അവസാനിപ്പിക്കുകയാണ്. ഞങ്ങൾ നാലഞ്ച് കാര്യങ്ങൾ പറഞ്ഞു. കെ.പി.എം.ജി. അപകടമാണെന്ന് പറഞ്ഞു. ലോകത്തെ വിവിധ രാജ്യങ്ങൾ ബ്ലാക്ക് ലിസ്റ്റ് ചെയ്ത കമ്പനിയാണെന്നും ഈ കമ്പനിയുമായി മുന്നോട്ട് പോകരുതെന്നും പറഞ്ഞു. അവരുടെ പ്രൊപ്പോസൽ ഒന്നും നടന്നില്ല. ക്രൗഡ് ഫണ്ടിംഗിന്റെ സ്ഥിതി എന്തായി? 10, 15, 35 രൂപയാണ് ക്രൗഡ് ഫണ്ടിംഗിലുള്ളത്. കെ.പി.എം.ജി.-യെ എന്തിനാണ് മാറ്റി ഗ്ലോബൽ ടെണ്ടർ വിളിച്ചത്, നടപടികൾ പൂർത്തീകരിക്കാൻ ഇനിയും എത്ര മാസമെടുക്കും.? ഏജൻസിയെ തീരുമാനിക്കുമ്പോൾ നിങ്ങൾക്ക് ഒരു ഹോം വർക്ക് ഇല്ലായിരുന്നു. ഉപദേശക സമിതിയിൽ ഞാനുമുണ്ട്. രണ്ട് യോഗങ്ങൾ കഴിഞ്ഞു. ആ കാര്യങ്ങൾ ഞാനിവിടെ പറയുന്നില്ല. അവിടെ ഞാൻ പറഞ്ഞ കാര്യങ്ങൾ ഇവിടെ പറയുന്നത് ശരിയല്ല. പ്രശസ്തരായ ആളുകളും സാമ്പത്തിക വിദഗ്ദ്ധരും ഉൾപ്പെടെയുള്ള ആ സമിതിയിൽ ഞാനും എന്റെ ആൾട്ടർനേറ്റീവായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഞാൻ ഇവിടെ പറയുന്നില്ല. ആ കമ്മിറ്റി കൂടട്ടെ, കേരളത്തിന് ഒരു പ്രത്യേക രൂപരേഖയുണ്ടാകണം. ഭാവി തലമുറയ്ക്കുവേണ്ടി കേരളം എങ്ങനെയായിരിക്കണമെന്ന കാര്യത്തിൽ നമുക്കൊരു കാഴ്ചപ്പാടുണ്ടാകണം. അതിനകത്ത് ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ല. ഞങ്ങളൊരുമിച്ച് ആ കാര്യത്തിൽ പ്രവർത്തിക്കുകയാണ്. പ്രളയാനന്തര കേരളം സൃഷ്ടിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിനുണ്ടായ ഗുരുതരമായ വീഴ്ചകൾ തിരുത്തിപ്പോകണമെന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന അനാസ്ഥയ്ക്കെതിരെ ഒരുമിച്ചു നിൽക്കണം ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി. ഗവൺമെന്റും കേരളത്തിലെ മൂന്നര കോടി ജനങ്ങൾക്കെതിരെ ചെയ്യുന്ന തെറ്റായ നടപടികൾക്കെതിരെ ഒറ്റക്കെട്ടായി പോരാടണമെന്നാണ് എന്റെ അഭിപ്രായം. പാർലമെന്റ് സമ്മേളനം നടക്കുകയാണ്. എനിക്കൊരു സജഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുന്നിൽ വയ്ക്കാനുണ്ട്, പാർലമെന്റ് സമ്മേളനം നടക്കുമ്പോൾ ഇവിടത്തെ പ്രധാനപ്പെട്ട രാഷ്ട്രീയ കക്ഷികൾ ഡൽഹിയിൽ പോകണം. സർവ്വകക്ഷിയോഗം പോയി അവിടത്തെ എം.പി.-മാരുമായി ചേർന്നുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയോട് ഈ കാര്യം പറയണം. 3,600 കോടി രൂപകൊണ്ട് 41,000 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ കഴിയില്ല. കേന്ദ്രം പണം തന്ന് സഹായിക്കണം. നമ്മൾ പറഞ്ഞ ഒരു കാര്യവും കേന്ദ്രം കേട്ടില്ല. നമ്മളാവശ്യപ്പെട്ട ഒരു സഹായവും കേന്ദ്രം തരുന്നില്ല. നമ്മൾ ഉന്നയിച്ച ഒരാവശ്യത്തിനും അവർ

അനുകൂലമായി പ്രതികരിക്കുന്നില്ലെങ്കിൽ അതിശക്തമായ പോരാട്ടത്തിന് യു.ഡി.എഫ്. തയ്യാറാണെന്ന് ഇവിടെ പ്രഖ്യാപിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പ്രളയാനന്തര കേരളത്തെ വിഭജിച്ചത് ഞങ്ങളല്ല, പ്രളയാനന്തര കേരളത്തിൽ ഈ പ്രശ്നങ്ങൾ ഉന്നയിച്ച് ഓരോ സന്ദർഭത്തിലും തിരുത്താനാണ് ഞങ്ങൾ ശ്രമിച്ചത്. 450 പേർ മരിച്ചു. നിങ്ങൾക്ക് വ്യക്തമായ കണക്കുണ്ടാകണം. എന്തുകൊണ്ട് മരിച്ചുവെന്ന് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കണമെന്ന് പറഞ്ഞിട്ട് നിങ്ങൾ ചെയ്തില്ല. പ്രത്യേക അക്കൗണ്ട് വേണമെന്ന് പറഞ്ഞു, നിങ്ങൾ സമ്മതിച്ചില്ല. ജുഡീഷ്യറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മീഷനെ വയ്ക്കണം, റീഹാബിലിറ്റേഷനുവേണ്ടി ട്രിബ്യൂണൽ വേണം ഈ കാര്യങ്ങളൊക്കെ ഞങ്ങൾ പറഞ്ഞിട്ടും നിങ്ങൾ കേട്ടില്ല. ശ്രീ. ഹൈബി ഈഡൻ എം.എൽ.എ.-യുടെ നിയോജകമണ്ഡലമായ എറണാകുളത്ത് ചേരാനല്ലൂരിൽ കണക്കെടുപ്പിന്റെ കാര്യത്തിൽ ഒരു പഞ്ചായത്തിൽ ഒരു നഷ്ടവും വന്നില്ലെന്നാണ് പഞ്ചായത്ത് സെക്രട്ടറിയുടെ കണക്ക്. ഇവിടെ റവന്യൂ വകുപ്പുമന്ത്രി നഷ്ടപ്പെട്ട വീടുകളുടെ കണക്ക് പറയുന്നു. ഒരു കണക്കെടുപ്പുപോലും കൃത്യമായി നടത്താൻ കഴിയാത്ത നിലയിലേയ്ക്ക് പ്രളയാനന്തര കേരളത്തിൽ നമ്മുടെ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം പോകുന്നു. സംസ്ഥാന ഗവൺമെന്റിനുണ്ടായ വീഴ്ചകളും അപാകതകളും പരിഹരിക്കണം. ഇവിടെ എം.എൽ.എ.-മാരുടെ നിർദ്ദേശങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിഗണിക്കണം. കേന്ദ്ര ഗവൺമെന്റ് തരാത്ത ആനുകൂല്യങ്ങളും സഹായങ്ങളും വാങ്ങിയെടുക്കാൻ കൂട്ടായി പരിശ്രമിക്കണം. അതാണ് ഈ അടിയന്തരപ്രമേയത്തിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, തൊഴിലാളികൾ, സാധാരണക്കാർ എന്നിവർക്കുണ്ടായ നഷ്ടം നികത്തണം. വീട് നഷ്ടപ്പെട്ടവർക്ക് വീട് നൽകണം. ഇൻഷ്വറൻസ് എടുത്തവർക്ക് അതിന്റെ ആനുകൂല്യം ലഭ്യമാക്കണം. കടമുള്ളവരുടെ കടം എഴുതിത്തള്ളണം. അനുകൂല്യം ലഭിക്കാത്ത പാവങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകണം. അതിനുവേണ്ടിയാണ് ഞങ്ങൾ അടിയന്തരപ്രമേയം ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടത്. അതിൽത്തന്നെ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. ഗവൺമെന്റുമായി സഹകരിച്ച് കേന്ദ്രത്തിൽനിന്ന് കൂടുതൽ സഹായം നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ നിങ്ങളേക്കാൾ ഒരു പടി മുന്നിൽ ഞങ്ങളുണ്ടാകുമെന്ന് ഞാൻ നേരത്തെയുള്ള ചർച്ചകളിൽ പറഞ്ഞത് ആവർത്തിച്ചു കൊണ്ട് നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത്തരമൊരു വീണ്ടുവിചാരം പ്രതിപക്ഷനേതാവിനും പ്രതിപക്ഷത്തിനും വന്നുവെങ്കിൽ സ്വാഗതാർഹമായ കാര്യമാണ്. കേന്ദ്രം കാണിക്കുന്ന അവഗണനയ്ക്കെതിരെ കേരളത്തിന്റെ ശബ്ദം

ഒന്നിച്ചുയരുക എന്നത് ആവശ്യമായിട്ടുള്ള കാര്യംതന്നെയാണ്. അതിന് തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അത് നല്ല കാര്യമാണ്. പക്ഷെ നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യവുമായി ബന്ധപ്പെട്ടുണ്ടായ അനുഭവം, യോജിച്ച അന്തരീക്ഷം വരേണ്ട ഘട്ടത്തിൽ അതിൽനിന്ന് അൽപ്പം തെറ്റിനടക്കുന്ന സ്ഥിതിയാണ് സമൂഹം കണ്ടത്. പ്രളയത്തെ ഒരുമയോടെ അതിജീവിക്കാൻ ശ്രമിച്ചതിനെയാണ് ലോകമാകെ നമ്മളെ അംഗീകരിച്ചതും പ്രശംസിച്ചതും. നമ്മുടെ അതിജീവന ശ്രമത്തിൽ കേരളമാകെ കാണിച്ച ഐക്യം ജാതിഭേദമോ മതദ്വേഷമോ മറ്റേതെങ്കിലും തരത്തിലുള്ള വിഭാഗീയ ചിന്തകളോ ഇല്ലാതെ എല്ലാവരും ഒറ്റക്കെട്ടായി നീങ്ങിയത് ലോകം ശ്രദ്ധിച്ച കാര്യമാണ്. ആ ഘട്ടത്തിൽ ചില ആരാധനാലയങ്ങൾപോലും പൊതുവായി ആളുകളെ താമസിപ്പിക്കുന്ന ക്യാമ്പുകളായി മാറി. അതൊക്കെ കേരളത്തിനുമാത്രം കഴിയുന്ന ഒന്നായിരുന്നു. നമ്മുടെ മതനിരപേക്ഷതയുടെ പ്രതീകം കൂടിയായിരുന്നു. നമ്മുടെ 435 സഹോദരങ്ങളുടെ ജീവനാണ് പ്രളയത്തിൽ നഷ്ടമായത്. അതോടൊപ്പം ആ ഭാഗത്തുള്ളതെല്ലാം പ്രളയം കവർന്നെടുക്കുകയായിരുന്നു. അതുവരെ ജീവിതത്തിൽ സമ്പാദിച്ചതെല്ലാം നഷ്ടമാകുന്ന നിലയാണുണ്ടായത്. ഇപ്പോൾ ഐക്യരാഷ്ട്രസഭയുടെ കണക്കുപ്രകാരം നഷ്ടം 26,720 കോടി രൂപയാണ്. പക്ഷെ അതുമാത്രമല്ല നമ്മുടെ നഷ്ടമെന്നുള്ളത് നമുക്കറിയാം. ഇതിന്റെ പുനർനിർമ്മാണത്തിന് 31,000 കോടി രൂപ വേണ്ടിവരുമെന്നാണ് അവർ വിലയിരുത്തിയിരിക്കുന്നത്. പുനർനിർമ്മാണ കാര്യത്തിൽ ലോകത്താകെയുള്ള അറിവുകളെ നമ്മുടെ ഈ ചെറിയ നാടിനുവേണ്ടി എങ്ങനെ ഒന്നിച്ച് ഉപയോഗപ്പെടുത്താൻ കഴിയുമെന്നാണ് നാം ശ്രമിച്ചത്. അതോടൊപ്പം ലോക ബാങ്കിന്റെയും ഐക്യരാഷ്ട്ര സഭയുടെയും മറ്റും സഹായങ്ങൾ ഇക്കാര്യത്തിൽ നമുക്ക് ലഭ്യമായിട്ടുണ്ട്. വീടുകളുടെ നഷ്ടം വിവിധ തരത്തിലാണുണ്ടായിട്ടുള്ളത്. പൂർണ്ണമായും തകർന്ന വീടുകളുണ്ട്, ഭാഗികമായി തകർന്ന വീടുകളുമുണ്ട്. നമ്മുടെ സംസ്ഥാനത്തെ 15,845 വീടുകൾ പൂർണ്ണമായും തകർന്നിരിക്കുകയാണ്. 244588 വീടുകളാണ് ഭാഗികമായി തകർന്നത്. 10,358 കോടി രൂപ ജീവനോപാധിയുടെ കാര്യത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. 2019 ജനുവരി വരെ പ്രളയബാധിതമായ പ്രദേശങ്ങളിലുള്ള എല്ലാ കുടുംബങ്ങളുടെയും വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവയ്ക്കെല്ലാം മോറട്ടോറിയം നൽകുന്ന നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വെള്ളം സർവ്വത്ര വന്നപ്പോൾ എല്ലാ വീടുകളിലെയും കിണറുകളിൽ വലിയ തോതിൽ മാലിന്യം നിറയുന്ന അവസ്ഥയുണ്ടായി. നമ്മൾ ചെയ്തത് 693287 വീടുകളും 300956 കിണറുകളും വൃത്തിയാക്കലായിരുന്നു. അത് നല്ല നിലയ്ക്ക് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ പകർച്ചവ്യാധി വ്യാപിക്കാനിടയാകുമെന്ന ആശങ്ക പൊതുവേയുണ്ടായിരുന്നുവെങ്കിലും നല്ല രീതിയിൽതന്നെ നമുക്കത് തടയാൻ കഴിഞ്ഞു.

ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും താൽപ്പര്യപൂർവ്വം മുൻകയ്യെടുത്ത് പ്രവർത്തിക്കുകയുണ്ടായി. ഇതിലെല്ലാം നമ്മുടെ നാടും നാട്ടുകാരും വഹിച്ച പങ്ക് വളരെ വലുതായിരുന്നു. ഇതോടൊപ്പം പ്രളയാഘാതം ചിലരിലെങ്കിലും മാനസികാഘാതമായി മാറിയിരുന്നു. അത്തരം ആളുകളെ കണ്ടെത്തി ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് കഴിഞ്ഞു; 83,028 വ്യക്തികളെ ഇത്തരത്തിൽ കണ്ടെത്താനിടയായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് വീടുകൾ പുനർനിർമ്മിക്കുന്ന കാര്യത്തിൽ രാജ്യത്ത് ഏറ്റവും ഉയർന്ന അളവിലുള്ള ദുരിതാശ്വാസ സഹായമാണ് നാം നൽകിവരുന്നത്. 75 ശതമാനത്തിലധികം തകർച്ച നേരിടുകയോ തീർത്തും തകർന്നുപോകുകയോ വാസയോഗ്യ മല്ലാതാകുകയോ ചെയ്ത വീടുകൾക്ക് നാല് ലക്ഷം രൂപയാണ് നാം നൽകുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ടൊരു കാര്യം, നമ്മുടെ രാജ്യത്തിന്റെ ദുരിതാശ്വാസ മാനദണ്ഡങ്ങൾ പ്രകാരം ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്ന് മലയോര മേഖലയിൽ 1,01,900 രൂപയും സമതലത്തിൽ 95,100 രൂപയുമാണ് വീട് നഷ്ടപ്പെട്ടാൽ ലഭിക്കുക. ഇവിടെയാണ് നാല് ലക്ഷം രൂപ നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഇവിടെ ലഭിച്ച കണക്കനുസരിച്ച് 75 ശതമാനത്തിലധികം തകർച്ച നേരിട്ട 5636 വീടുകൾക്ക് ഒന്നാംഘട്ട ധനസഹായമെന്ന നിലയ്ക്ക് ഒരു ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഭാഗികമായി തകർന്ന വീടുകളിലെ 1956 കുടുംബങ്ങൾക്കാണ് ഇപ്പോൾ ധനസഹായം നൽകിയിട്ടുള്ളത്. പൂർണ്ണമായി സ്ഥലവും വീടും ഒഴുകിപ്പോയവർക്ക് സ്വന്തമായി സ്ഥലമില്ലെങ്കിലും നിലവിലുള്ള സ്ഥലം വീടുനിർമ്മാണത്തിന് അനുയോജ്യമല്ലെങ്കിലും സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് ആ തുക അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. 'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്ക് തലത്തിലും നഗരസഭാ തലത്തിലും ഭവനനിർമ്മാണ സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. 685184 പേർക്ക് ഇങ്ങനെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പ്രളയകാലത്ത് ക്യാമ്പിൽ കഴിഞ്ഞവർക്ക് ക്യാമ്പിൽനിന്ന് വീട്ടിലേയ്ക്ക് പോകുന്ന അവസരത്തിൽ അവശ്യസാധനങ്ങളടങ്ങുന്ന കിറ്റ് നൽകാനും കഴിഞ്ഞിട്ടുണ്ട്. മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ഈ ഘട്ടത്തിൽ നൽകി. 500 രൂപ വിലയുള്ള 326048 കിറ്റുകൾ വിതരണം ചെയ്യാൻ കഴിഞ്ഞു. സംസ്ഥാനത്തെ മുൻഗണനേതര കാർഡുകാർക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചുകിലോ അരി വീതം നൽകിവരികയാണ്. അതുപോലെതന്നെ

പ്രളയത്തിൽ ഒട്ടേറെ രേഖകൾ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. അവ തിരിച്ചുനൽകാൻ ഉണ്ടാക്കിയ ക്രമീകരണം ഫലപ്രദമായിരുന്നു. അത്തരം രേഖകൾ തിരിച്ചുനൽകാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം കുടുംബശ്രീ മുഖേന 43388 കുടുംബങ്ങൾക്ക് 374 കോടി രൂപ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ വെബ്സൈറ്റിൽത്തന്നെ ഇത് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. അതിൽ സുതാര്യമായി അർഹതനേടിയ വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങളാണുള്ളത്. ഇക്കാര്യത്തിൽ നല്ല ഇടപെടലാണ് സഹകരണ മേഖല നടത്തിയത്. സഹകരണ സ്ഥാപനങ്ങൾ മുൻകയ്യെടുക്കുകയും കുടുംബശ്രീ മുഖേന വായ്പ കൊടുക്കുന്നത് നല്ല നിലയ്ക്ക് നടത്തുകയും ചെയ്തിട്ടുണ്ട്. റിസർവ് ബാങ്ക് മാനദണ്ഡപ്രകാരം കേരള സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ച പ്രദേശത്തെ ദുരന്തബാധിതരുടെ കടങ്ങൾക്ക് ബാങ്കുകൾ മോറട്ടോറിയവും പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുവിൽ തിരസ്കരിക്കപ്പെടുന്ന മേഖലയാണ് മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ.). കേരള സർക്കാർ കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയോട് ദുരന്തനിവാരണ നിയമം സെക്ഷൻ 13 അനുസരിച്ച് ബാങ്കുകളോട് എം.എസ്.എം.ഇ. മേഖലയിലുണ്ടായിട്ടുള്ള ആഘാതം ലഘൂകരിക്കുന്നതിനായി വായ്പകൾ പുനഃക്രമീകരിച്ച് നൽകുവാനും ചെറുകിട വ്യവസായം പുനരാരംഭിക്കുവാൻ പുതുതായി വായ്പ നൽകുവാനും അഭ്യർത്ഥിച്ചിരുന്നു. അക്കാര്യത്തിൽ 16-10-2018-ന് എല്ലാ ബാങ്കുകളോടും ദുരന്തബാധിത പ്രദേശത്തെ എല്ലാത്തരം കാർഷിക വാണിജ്യ ലോണുകളും പുനഃക്രമീകരിക്കാനും അർഹരായവർക്ക് പുതിയ ലോണുകൾ നൽകുവാനും കേന്ദ്ര ധനകാര്യ വകുപ്പ് നമ്മുടെ അപേക്ഷ അനുസരിച്ച് നിർദ്ദേശിച്ചിരുന്നു. കേരള സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് ഈ പുനഃക്രമീകരണ പ്രക്രിയയുടെ അവസാന തീയതി 31-12-2018 വരെ ദീർഘിപ്പിച്ചുകൊണ്ട് റിസർവ് ബാങ്ക് നവംബർ 30-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 5-1-.2018-ൽ ലഭിച്ച കണക്കനുസരിച്ച് 17224 കടകൾക്കും 4859 ചെറുകിട-ഇടത്തരം വാണിജ്യ സ്ഥാപനങ്ങൾക്കും നഷ്ടമുണ്ടായിട്ടുള്ളതായി വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്. ചെറുകിട-ഇടത്തരം വാണിജ്യ സ്ഥാപനങ്ങൾക്ക് 1102 കോടി രൂപയുടെയും കടകൾക്ക് 361 കോടി രൂപയുടെയും നഷ്ടമുള്ളതായാണ് വിലയിരുത്തുന്നത്. ഇവയ്ക്ക് പുനഃപ്രവർത്തന മൂലധനം ഉറപ്പാക്കുന്നതിന് ആശ്വാസ സഹായം നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതോടൊപ്പം കാർഷിക മേഖലയ്ക്ക് 201.17 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. കൃഷിനാശം നേരിട്ട 238376 കർഷകർക്ക് സംസ്ഥാന ദുരന്തനിവാരണ നിധിയിൽനിന്നും 60.78 കോടി രൂപയുടെ ദുരിതാശ്വാസം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ കൃഷിനാശം നേരിട്ട കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ 110 കോടി രൂപ ചെലവഴിച്ചു ക്കഴിഞ്ഞിട്ടുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മാറ്റുവാൻ

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 7.10 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തുവരികയാണ്. തകർന്ന ബണ്ടുകൾ നന്നാക്കുവാനും പാടശേഖരത്തിൽ കയറിയ വെള്ളം വറ്റിക്കുവാനും കർഷക സംഘങ്ങൾക്ക് ചെലവായ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നൽകിയിട്ടുണ്ട്. ഉരുൾപൊട്ടലിൽ കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് 5 കോടി 25 ലക്ഷം രൂപ കേന്ദ്ര മാനദണ്ഡമനുസരിച്ച് വിതരണം ചെയ്തു. വിള ഇൻഷ്വറൻസ് 11867 പേർക്ക് 18.88 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ടത് പുനർനിർമ്മാണ പദ്ധതിയുടെ കാര്യമാണ്. ദീർഘകാല കാഴ്ചപ്പാടോടെ കേരളത്തിന്റെ പാരിസ്ഥിതിക സവിശേഷതകളും ജനങ്ങളുടെ ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള പുനർനിർമ്മാണ പ്രവർത്തനത്തിനാണ് നാം തയ്യാറായത്. ആ കാര്യത്തിലേക്ക് പോകുന്നതിനുമുമ്പ് പ്രളയവുമായി ബന്ധപ്പെട്ട് മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളുണ്ട്. പ്രളയരക്ഷാ പ്രവർത്തനം നടത്തിയ മത്സ്യബന്ധന യാനങ്ങളിൽ ചിലതിന് കേടുപറ്റിയിരുന്നു. അവയുടെ റിപ്പയറിംഗ് സംസ്ഥാന സർക്കാർ തന്നെ നടത്തുമെന്ന് നേരത്തേ പ്രഖ്യാപിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ അതിന് 325 ലക്ഷം രൂപ അനുവദിച്ചു. റിപ്പയറിംഗിനായി കൊണ്ടുവന്ന 544 ഔട്ട്ബോർഡ് മോട്ടോറുകളിൽ 530 എണ്ണം ഇതിനകം റിപ്പയർ ചെയ്തുകഴിഞ്ഞു. മറ്റുള്ളവ വർക്ക്ഷോപ്പുകളിലാണ്. റിപ്പയർ ചെയ്യേണ്ടിയിരുന്ന 662 മത്സ്യബന്ധന യാനങ്ങളിൽ 587 എണ്ണം റിപ്പയർ ചെയ്തുകഴിഞ്ഞു; ബാക്കിയുള്ളവ വർക്ക്ഷോപ്പിലാണ്. മത്സ്യബന്ധനത്തിനാവശ്യമായ മുഴുവൻ ഇന്ധനവും സർക്കാരാണ് നൽകിയത്. രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്ത മുഴുവൻ മത്സ്യത്തൊഴിലാളികളെയും സർക്കാർ ആദരിക്കാൻ തയ്യാറായി. അവർക്ക് ഓരോരുത്തർക്കും സർക്കാർ 3000 രൂപ വാഗ്ദാനം ചെയ്തെങ്കിലും അവരത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുകയാണുണ്ടായത്. മത്സ്യത്തൊഴിലാളികൾ നമ്മുടെ സ്വന്തം സേന എന്ന വിശേഷണത്തെ അന്വർത്ഥമാക്കുന്ന ഇടപെടലാണ് എല്ലാതരത്തിലും നടത്തിയിട്ടുള്ളത്. നമുക്കവരെ ഒന്നുകൂടി ഈ ഘട്ടത്തിൽ ആദരിക്കാം. ലോകത്താകെയുള്ള ജനങ്ങളുടെ നിർദ്ദേശങ്ങളും നമ്മുടെ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള പുനർനിർമ്മാണമാണ് നാം ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി നമ്മുടെ നാടിന് ചേർന്ന ഒരു സാങ്കേതിക വിദ്യ രൂപപ്പെടുത്താനുള്ള പദ്ധതിയാണ് സർക്കാർ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ ആശയ സമാഹരണം എല്ലാ തലത്തിലും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കും വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്കും ട്രഷറി അക്കൗണ്ടിലേക്കുമായി 23-11-2018 വരെ

2733.70 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. 28-11-2018 വരെ ജീവനക്കാരിൽ നിന്നുള്ള സംഭാവന 488.60 കോടി രൂപയാണ്. സർക്കാർ-എയ്ഡഡ് മേഖലകളിലെ 59.54% പേർ ഇതിൽ പങ്കാളികളായിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ സാലറി ചലഞ്ച് മുഖേന 1400-1500 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം സമ്മതപത്രം വാങ്ങി മാത്രമാണ് ഇതിലേയ്ക്കുള്ള തുക ഈടാക്കുന്നത്. ദേശീയ ദുരന്ത നിവാരണ നിയമപ്രകാരം രൂപീകരിച്ച സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 987.73 കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. വീടുകളുടെ നാശനഷ്ടത്തിന് സി.എം.ഡി.ആർ.എഫ്.-ൽനിന്നും 1357.78 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ട മേഖലകളിലേയ്ക്ക് മറ്റ് മേഖലകളിൽനിന്നും 20 ശതമാനം പദ്ധതി വിഹിതം മാറ്റിവയ്ക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പണസമാഹരണത്തിനായി നവകേരള ലോട്ടറിയും നടത്തിയതോടൊപ്പം ബിവറേജസിന് 10% അഡീഷണൽ സെസ് ഏർപ്പെടുത്തുന്ന നടപടിയും സ്വീകരിച്ചിരുന്നു. ഇതിനുപുറമെയാണ് ക്രൗഡ് ഫണ്ടിംഗിന്റെ പ്രശ്നം വരുന്നത്. ക്രൗഡ് ഫണ്ടിംഗിലൂടെ വിഭവ സമാഹരണത്തിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇത്തരത്തിൽ നൽകുന്ന സംഭാവനകൾക്ക് 80 ജി വകുപ്പ് പ്രകാരമുള്ള ആദായനികുതി ഇളവ് ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ നമ്മുടെ സംസ്ഥാനത്തിന് 600 കോടി രൂപയാണ് കേന്ദ്രത്തിൽനിന്നും സഹായമായി ലഭിച്ചിട്ടുള്ളത്. അതേ അവസരത്തിൽ രക്ഷാപ്രവർത്തനത്തിന് സഹായം നൽകിയ വകയിൽ 33.90 കോടി രൂപ തിരിച്ചടയ്ക്കണമെന്നും ഭക്ഷ്യധാന്യങ്ങളും മറ്റും നൽകിയ വകയിൽ 265 കോടി രൂപ വേറെയും നൽകണമെന്ന അറിയിപ്പും ലഭിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് ദുരിതാശ്വാസ സഹായ നിർണ്ണയത്തിനുള്ള സംഘം ഇവിടെ സന്ദർശിച്ചിരുന്നതാണ്. അവരുടെ മുന്നിൽ നാം രണ്ട് ഘട്ടത്തിലായി നേരിട്ട ദുരന്തത്തിന്റെ ഭാഗമായി 5616 കോടി രൂപയുടെ സഹായാഭ്യർത്ഥനയാണ് മുന്നോട്ട് വച്ചിരുന്നത്. മാനദണ്ഡപ്രകാരം അത്രയേ ചോദിക്കാൻ പറ്റുകയുള്ളൂ. ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. മാധ്യമങ്ങളിൽ വന്ന വാർത്ത നമ്മളും കണ്ടതാണ്. ഇങ്ങനെയൊരു പത്രവാർത്ത കാണുന്നുണ്ടെന്നും പെട്ടെന്നുതന്നെ യോഗം ചേർന്ന് തീരുമാനമെടുക്കണമെന്നും പറഞ്ഞ് കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കാലവർഷക്കെടുതി പരിഹരിക്കുന്നതിനുള്ള വിഭവസമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള പരിധി 4.5% ഉയർത്തണമെന്ന നിർദ്ദേശം നമ്മൾ മുന്നോട്ടുവച്ചിരുന്നുവെങ്കിലും അത് ഇതുവരെ അംഗീകരിക്കപ്പെട്ടില്ല. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 10%-ത്തിന്റെ വർദ്ധനവുണ്ടാകണമെന്ന ആവശ്യം

നാം അവതരിപ്പിച്ചു. അക്കാര്യത്തിലും തീരുമാനമുണ്ടായിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വാർത്തകൾ കണ്ടുവെന്ന് അങ്ങ് പറഞ്ഞു. ഒഫിഷ്യലായി നമുക്ക് എന്തെങ്കിലും കമ്മ്യൂണിക്കേഷൻ ലഭിച്ചിട്ടുണ്ടോ; ആഭ്യന്തര മന്ത്രാലയം ഇത് പരിഗണിക്കുകയാണ്, 2500 കോടി രൂപയുടെ പാക്കേജ് കേന്ദ്രം അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം പത്രത്തിലൂടെയല്ലാതെ സംസ്ഥാന ഗവൺമെന്റിന് ഒഫിഷ്യലായി കമ്മ്യൂണിക്കേഷൻ ലഭിച്ചിട്ടുണ്ടോ; ഇവിടെ നിന്നും ആരെങ്കിലും അവിടെ ബന്ധപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ബന്ധപ്പെടലുകൾ സ്ഥിരമായി നടക്കുന്നുണ്ട്. പക്ഷെ, ഒഫിഷ്യലായി അങ്ങോട്ട് കൊടുത്ത ഓഫർ ഇങ്ങോട്ട് അറിയിക്കില്ല. കാരണം, അവർ ശിപാർശ സമർപ്പിക്കേണ്ടതല്ലേ. ശിപാർശ സമർപ്പിച്ച് കമ്മിറ്റിയുടെ യോഗം ചേർന്ന് കമ്മിറ്റിയുടേതായിട്ടുള്ള തീരുമാനമല്ലേ നമ്മളെ അറിയിക്കുന്നത്. അതുകൊണ്ടാണ് ആ കമ്മിറ്റിയുടെ യോഗം പെട്ടെന്നുതന്നെ ചേരണമെന്ന് പറഞ്ഞുകൊണ്ട് കേന്ദ്ര അഭ്യന്തര വകുപ്പുമന്ത്രിക്ക് കത്തയയ്ക്കാൻ തയ്യാറായത്. യു.എ.ഇ.-യിൽനിന്നും 700 കോടി രൂപ കിട്ടുമെന്ന് പറഞ്ഞു, പൈസ കിട്ടിയില്ലല്ലോ എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. അത് വസ്തുതയാണ്, തുക കിട്ടിയില്ല. എവിടെ നിന്നാണ് ആ വിവരം കിട്ടയതെന്നും ചോദിച്ചിരുന്നു. അത് ആ ഘട്ടത്തിൽത്തന്നെ ഞാൻ പറഞ്ഞിരുന്നു. 700 കോടി രൂപ - 100 മില്യൺ ഡോളർ, അന്ന് അങ്ങനെയാണ് പറഞ്ഞത്. 100 മില്യൺ ഡോളർ പ്രധാനമന്ത്രിയെ വിളിച്ച് വാഗ്ദാനം ചെയ്തുവെന്ന് യു.എ.ഇ.-യുടെ ഭരണത്തലവൻ മലയാളി വ്യവസായി ശ്രീ. യൂസഫലിയോട് പറഞ്ഞ വിവരമാണതെന്ന് ഞാൻ അന്നുതന്നെ പറഞ്ഞിരുന്നു. ശ്രീ. യൂസഫലിയാണ് എന്നോട് സംസാരിക്കുന്നത്. ഞാനൊരു പത്രസമ്മേളനത്തിന് കയറാൻ പോകുകയാണ്, പത്രക്കാരോട് ഇത് പറയാമോയെന്ന് ചോദിച്ചപ്പോൾ പറയാമെന്ന് പറയുകയും ചെയ്തു. ഇതിൽ നാം ചിന്തിക്കേണ്ട കാര്യം, ഞാൻ മറ്റൊരു വശമാണ് പറയുന്നത്. യു.എ.ഇ. പോലൊരു രാജ്യത്ത് ജീവിക്കുന്ന ഒരാൾ, അത് ശ്രീ. യൂസഫലി ആയാലും അല്ലെങ്കിൽ ആരായാലും യു.എ.ഇ.-യുടെ പ്രസിഡന്റ് പറയാത്ത ഒരു കാര്യം പറഞ്ഞുവെന്ന് നമ്മളോട് പറയുകയും നമ്മൾ അത് പരസ്യപ്പെടുത്തുകയും ചെയ്താൽ അങ്ങനെ പറയുന്ന ആൾക്ക് പിന്നെ യു.എ.ഇ.-യിൽ ജീവിക്കാൻ സാധിക്കുമോ? എന്തായിരിക്കും സ്ഥിതി? അത്ര വലിയ തെറ്റായ കാര്യമല്ലേ? രാജ്യങ്ങളുമായുള്ള ബന്ധത്തിന്റെ കാര്യമല്ലേ? അക്കാര്യത്തിൽ സംശയിക്കേണ്ടതില്ല. വലിയ സഹായം വാഗ്ദാനം ചെയ്തതിന് നന്ദി പറഞ്ഞുകൊണ്ട്

ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ പിറ്റേദിവസം രാവിലെ ട്വീറ്റ് ചെയ്തില്ലേ? പിന്നീട് അതിൽ നിന്നും മാറുകയാണുണ്ടായത്. അത് നമുക്ക് മനസ്സിലാക്കാൻ സാധിക്കാത്ത കാര്യമാണ്. യഥാർത്ഥത്തിൽ ആ 700 കോടി രൂപയല്ല നമുക്ക് നഷ്ടമായത്. യു.എ.ഇ. ഇത്രയും തുക തന്നാൽ നമ്മളുമായി ബന്ധമുള്ള സൗദി അറേബ്യ പോലുള്ള മറ്റനേകം രാഷ്ട്രങ്ങൾ തങ്ങൾ ഇത്ര തുക കൊടുത്താൽ മതിയോ എന്ന് ചിന്തിക്കും. മറ്റ് രാഷ്ട്രങ്ങളുടെ പേര് ഞാൻ പറയുന്നില്ല. അവരെല്ലാവരും നമുക്ക് വലിയ സഹായമായിരിക്കും തരിക. ആയിരക്കണക്കിന് കോടി രൂപയായിരുന്നു നമുക്ക് ലഭിക്കുമായിരുന്നത്. അതാണ് നഷ്ടപ്പെട്ടു പോയത്. അതുപോലെതന്നെ മലയാളികളെ കാണാനുള്ള അനുമതിയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വിദേശകാര്യ വകുപ്പുമന്ത്രിയെ ബന്ധപ്പെടാത്തതു കൊണ്ടാണെന്നാണ്. വിദേശകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെടാതിരുന്നിട്ടില്ല. വിദേശകാര്യ വകുപ്പുമന്ത്രിയെ കാണുന്നതിനുവേണ്ടി സമയം ചോദിച്ചപ്പോൾ അന്ന് സൗകര്യമില്ലെന്ന് അവർ പറഞ്ഞു. ഡൽഹിയിൽ പോയാണ് ശ്രമിച്ചത്. അതോടൊപ്പം വിദേശകാര്യ വകുപ്പ് സെക്രട്ടറിയെ നേരിൽക്കണ്ട് ഞാനടക്കം സംസാരിച്ചു. സാധാരണഗതിയിൽ അതിന് ഒരു തടസ്സവുമില്ലല്ലോ? അതേ നിലയിൽ തന്നെ പ്രതികരണം വന്നു. ചീഫ് സെക്രട്ടറിയും ഞാനും കൂടിയാണ് സംസാരിച്ചത്. പിന്നെ നിരന്തരം ചീഫ് സെക്രട്ടറി അവരെ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, ഫലം വേറെയാണുണ്ടായത്. അത് അങ്ങനെയൊരു യാത്ര വേണ്ടായെന്ന് നിശ്ചയിച്ചതിന്റെ ഭാഗമായി തന്നെയാകണം. മുഖ്യമന്ത്രിക്ക് അനുമതി തന്നു. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ദുരന്തമുണ്ടായപ്പോൾ ഇത്തരത്തിലുള്ള സഹായം ലഭിച്ചിട്ടുണ്ടെന്നുള്ളതാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ആ സഹായങ്ങൾ ലഭിക്കാതിരുന്നിട്ടില്ല. ഇപ്പോഴത്തെ പ്രധാനമന്ത്രി ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്ന സമയത്ത് അവിടെ ദുരന്തമുണ്ടായപ്പോൾ മറ്റ് രാജ്യങ്ങളിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ട്. അദ്ദേഹം തന്നെ അതിനെക്കുറിച്ച് വാചാലമായി സംസാരിക്കുന്നുമുണ്ട്. നമുക്ക് മാത്രമായി നിഷേധിക്കുന്ന നിലയാണുണ്ടായത്. ഇത്തരമൊരു ഘട്ടം വരുമ്പോൾ ആകാവുന്ന സ്രോതസ്സിലൂടെയൊക്കെ നമുക്കാവശ്യമായ പണം സമാഹരിക്കേണ്ട ശ്രമമാണല്ലോ നമ്മൾ നടത്തേണ്ടത്. അതിൽ ഒരു നല്ല ശ്രമമായിരുന്നു സാലറി ചലഞ്ചിലൂടെ പണം ലഭിക്കുകയെന്നത്. അതിൽ നമ്മൾ വച്ച നിർദ്ദേശം ഒരു മാസം മൂന്നുദിവസത്തെ ശമ്പളം തന്നാൽ പത്ത് മാസംകൊണ്ട് ഒരു മാസത്തെ ശമ്പളമാകും. കഴിഞ്ഞ ദിവസം ഒരു ബാങ്കിലെ ഉദ്യോഗസ്ഥർ, ബറോഡ ബാങ്ക് ആണെന്നാണ് എന്റെ ഓർമ്മ, എന്റെ ഓഫീസിൽ വന്നിരുന്നു. എല്ലാ ജീവനക്കാരും ഒരു മാസത്തെ ശമ്പളം തരുന്നുവെന്ന് പറഞ്ഞാണ് അവർ വന്നത്. ഇങ്ങനെയൊരു നില നമ്മുടെ ജീവനക്കാർ പൊതുവിൽ എടുത്തിട്ടുണ്ട്.

ചിലർക്കെപ്പോഴും പൈസ കൊടുക്കുന്നതിന് അൽപ്പം പിശുക്കുണ്ടാകുമല്ലോ? അത് സ്വാഭാവികമായും ചിലർക്കുണ്ടാകുന്ന കാര്യമാണ്, ഇതെങ്ങനെയാണ് ഒരുമിച്ച് കൊടുക്കുന്നതെന്ന്? ഒരുമിച്ച് കൊടുക്കുന്നതിനുള്ള വിഷമംകൊണ്ടാണ് മൂന്ന് ദിവസത്തെ ശമ്പളം ഒരു മാസം കൊടുത്ത് അങ്ങനെ പത്ത് മാസംകൊണ്ട് ഒരു മാസത്തെ ശമ്പളം നൽകാൻ പറഞ്ഞത്. അക്കാര്യത്തിൽ നമ്മൾ നേരിട്ട ദുരന്തത്തിനനുസരിച്ചുള്ള പ്രതികരണമാണോ സഹായിക്കുമെന്ന് നമ്മൾ കണക്കാക്കിയ കേന്ദ്രങ്ങളിൽ നിന്ന് ഉണ്ടായതെന്നു മാത്രമേയുള്ളൂ. അതാണ് പ്രതിപക്ഷം ചിന്തിക്കേണ്ട കാര്യം. അതൊരു ശരിയായ, നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള സമീപനമായിരുന്നില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കേരളത്തിലെ ജീവനക്കാർ അങ്ങ് ആവശ്യപ്പെട്ടതനുസരിച്ച് രണ്ട് ദിവസത്തെ ശമ്പളം ആദ്യം നൽകി. ഫെസ്റ്റിവൽ അഡ്വാൻസ് അവരോട് ചോദിക്കാതെതന്നെ എടുത്തു. ഒരു പ്രശ്നവുമുണ്ടായില്ല. പക്ഷേ, വിസമ്മതപത്രമുണ്ടാകണമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരികയും പ്രതികാര നടപടിയോടുകൂടി ജീവനക്കാരെ സമീപിക്കാനുള്ള ശ്രമമുണ്ടാവുകയും ചെയ്തപ്പോഴാണ് റെസിസ്റ്റൻസ് ഉണ്ടായത്. അല്ലെങ്കിൽ ആ സമയത്ത് എല്ലാവരും തരാൻ തയ്യാറായിരുന്നതാണ്. ഞങ്ങൾ എല്ലാവരോടും സംസാരിച്ചപ്പോൾ അവർ തയ്യാറായിരുന്നു. അന്ന് ധനകാര്യ വകുപ്പുമന്ത്രി, സാലറി കൊടുക്കാത്തവർക്ക് ഒരു ചമ്മലുണ്ടാകുമെന്നുൾപ്പെടെയുള്ള കാര്യങ്ങൾ പറയുകയും ജീവനക്കാരെ ശത്രുപക്ഷത്ത് നിർത്തുകയും ചെയ്ത സമീപനത്തിന്റെ ഭാഗമായാണ് ഈ പ്രശ്നങ്ങളുണ്ടായത്. അല്ലായിരുന്നെങ്കിൽ ആ സമയത്ത് എല്ലാവരും സഹകരിച്ചുകൊണ്ടിരിക്കുകയല്ലായിരുന്നോ? അങ്ങേയ്ക്ക് അങ്ങയുടെ മന്ത്രിയെ തള്ളിപ്പറയാൻ കഴിയില്ല, പക്ഷേ, അങ്ങും മന്ത്രിയും സ്വീകരിച്ച സമീപനം തെറ്റായിപ്പോയി.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതല്ല. അങ്ങനെയല്ല കാര്യം. ഈ പണം നമുക്ക് ഓരോ മാസമായിട്ടാണ് കിട്ടേണ്ടത്. ഗവൺമെന്റിന് അതെടുക്കാനുള്ള സൗകര്യത്തിന് സമ്മതപത്രമുണ്ടായാൽ നേരിട്ടെടുക്കാൻ സാധിക്കും. അല്ലെങ്കിൽ ഓരോരുത്തരായി തരണം. അപ്പോൾ ആ ബുദ്ധിമുട്ടില്ലല്ലോ, ശമ്പളം കൊടുക്കുമ്പോൾ തന്നെ എടുക്കാമല്ലോ. ആ സൗകര്യത്തിനുവേണ്ടിയാണ് സമ്മതപത്രത്തിന്റെ പ്രശ്നം വരുന്നത്. സമ്മതപത്രമെന്ന് പറഞ്ഞാൽ സമ്മതമില്ലാത്തവർ പറഞ്ഞാൽ മതിയെന്നാണ് അവർ ഉദ്ദേശിച്ചത്. ഏതായാലും നല്ല ഒരു കാര്യം നടപ്പാക്കാൻ പോകുന്നു, ഭൂരിഭാഗം ആളുകളും അത് അംഗീകരിക്കുന്നു, ഭൂരിഭാഗം ആളുകളും ആ

കാശ് തരാൻ തയ്യാറാണ്, അങ്ങനെവരുമ്പോൾ വളരെ ചുരുക്കംപേർ മാത്രമാണ് തരാൻ തയ്യാറല്ലാത്തത്. അതിനെ പ്രോത്സാഹിപ്പിക്കണമായിരുന്നോ എന്നതാണ് വിഷയം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഭീഷണി ഉണ്ടായതാണ് പ്രശ്നം.

ശ്രീ. പിണറായി വിജയൻ: സർ, ആരെയും ഭീഷണിപ്പെടുത്താൻ പോയില്ല. ആർക്കും ഒരു ഭീഷണിയുമുണ്ടായില്ല. ആ ഘട്ടത്തിലും ആർക്കെതിരെയും ഒരു നടപടിക്കും പുറപ്പെട്ടില്ല. അതൊന്നും സർക്കാരിന്റെ നയമല്ല. സർക്കാരിന് ഇക്കാര്യത്തിൽ സംഭാവന നൽകിയില്ലെങ്കിൽ അവരുടെ പേരിൽ ഒരു തരത്തിലുള്ള പ്രതികാര നടപടിയുമുണ്ടാകുമായിരുന്നില്ല, ഇപ്പോഴും ഇല്ല, സർക്കാർ അത് ഉദ്ദേശിച്ചതേയില്ല. അതാണ് മനസ്സിലാക്കേണ്ട കാര്യം. അതാണെങ്കിൽ നമ്മൾ തമ്മിൽ ആശയവിനിമയം നടത്തിയാൽ പ്രശ്നം പരിഹരിക്കപ്പെടും. എന്താണ് സർക്കാരിന്റെ ഉദ്ദേശ്യമെന്ന് മനസ്സിലാകും. ആർക്കെങ്കിലുമെതിരെ എന്തെങ്കിലും നടപടിക്ക് സർക്കാർ പുറപ്പെട്ടിട്ടുണ്ടെന്ന് ആർക്കും പറയാനും കഴിയില്ല. ഏതായാലും ആ അദ്ധ്യായം കഴിഞ്ഞു. ആ അദ്ധ്യായത്തിൽ നിങ്ങൾ സ്വീകരിച്ച സമീപനം പൊതു ആവശ്യവുമായി പൊരുത്തപ്പെടുന്നതായില്ല. അതാണ് ഞാൻ പറഞ്ഞു വരുന്നത്.

വീട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചില ഓഫറുകൾ വന്നു, അതിൽ വേണ്ടത്ര പ്രതികരിച്ചില്ല എന്ന രീതിയിലുള്ള പ്രതികരണങ്ങൾ വന്നതുകൊണ്ട് അത് മനസ്സിലാക്കുന്നത് നല്ലതാണ്. വീടുകൾ സ്പോൺസർ ചെയ്യാൻ ഒട്ടേറെ സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. ചിലർ അതിനാവശ്യമായ തുക മുഴുവൻ തരാൻ തയ്യാറാണ്. അത്തരം ആളുകൾക്ക് നമ്മൾ ഒരു അംഗീകൃത പ്ലാൻ ലഭ്യമാക്കിയിട്ടുണ്ട്. ആ പ്ലാനാണ് കൊടുക്കുന്നത്. ചിലർ അവരുടെ പ്ലാൻ അനുസരിച്ച് പണി പൂർത്തിയാക്കുന്നതിനാണ് സന്നദ്ധമാകുന്നത്. അത് അവരുടെ പ്ലാനാകുമ്പോൾ നമ്മൾ ഉദ്ദേശിക്കുന്ന പ്ലാനിന് അനുസൃതമാണോയെന്ന് നോക്കേണ്ടതായിട്ടുണ്ട്. അത് പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം. മറ്റു ചിലർക്ക് തുകയുണ്ട്, നിർമ്മാണം ഏറ്റെടുക്കാനാകില്ല. അവർക്ക് സർക്കാർ അംഗീകൃത നിർവ്വഹണ ഏജൻസികളെ നൽകണം. ഇതിനൊന്നും വേറെ പ്രശ്നങ്ങളൊന്നുമില്ല. ഇതൊക്കെ ആ തരത്തിൽ തന്നെ മുന്നോട്ടുപോകാൻ കഴിയുമെന്നതന്നെയാണ് കണക്കാക്കുന്നത്. മറ്റൊരു കൂട്ടർ ആവശ്യപ്പെടുന്നത്, സർക്കാർ സഹായം എത്രയാണ് നൽകുന്നതെന്നാണ്. ആ സഹായം നൽകിയാൽ ആ തുകയ്ക്ക് പുറമേയുള്ള ഫണ്ട് സമാഹരിച്ച് വീടുകൾ നിർമ്മിച്ച് നൽകുമെന്നതാണ്.

4.00 P.M.]

സർക്കാർ നൽകേണ്ട ഒരു ലക്ഷം രൂപ നൽകിയാൽ അവർ ബാക്കി ലഭ്യമാക്കുമ്പോൾ അത് നമുക്ക് പരിഹരിക്കാവുന്നതാണ്. അക്കാര്യത്തിൽ ഒരു പ്രശ്നവുമില്ല. പക്ഷേ, സർക്കാർ ഒരു ലക്ഷം രൂപ ലഭ്യമാക്കും എന്ന കത്ത് ആദ്യം കൊടുക്കുക, അതിന്റെ അടിസ്ഥാനത്തിൽ ധനസമാഹരണം നടത്താൻ സ്പോൺസർമാരെ കണ്ടെത്തുക, അങ്ങനെയൊരു പ്രോത്സാഹനം നമുക്ക് ചെയ്യാൻ സാധിക്കുമോ എന്നുള്ളതാണ് പ്രശ്നം. അത് ചില പ്രശ്നങ്ങളുണ്ടാക്കും. അത് ചെയ്യാൻ സാധിക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അതങ്ങനെയല്ല. ഇതൊരു ഇന്റർനാഷണൽ എൻ.ജി.ഒ. ആണ്. ഗവൺമെന്റിന്റെ പാർട്ടിസിപ്പേഷൻ വേണമെന്ന് അവരുടെ നോംസിലുള്ളതാണ്. അതുകൊണ്ടാണ് അവർ ഗവൺമെന്റിന്റെ പാർട്ടിസിപേഷൻ വേണമെന്നാവശ്യപ്പെട്ടത്. അവർ അഞ്ച് ലക്ഷം രൂപയുടെ വീടാണ് വയ്ക്കുന്നത്. ഒരു ലക്ഷം രൂപ ഗവൺമെന്റ് കോൺട്രിബ്യൂട്ട് ചെയ്യുമെന്ന് സമ്മതിച്ചാൽ മതി. അവർക്ക് ഇപ്പോൾ പൈസ വേണമെന്നില്ല. അവർ അതിന്റെ വർക്ക് തുടങ്ങും. അവരുടെ നോംസിൽ ഗവൺമെന്റിന്റെ പാർട്ടിസിപ്പേഷൻ വേണമെന്നുണ്ട്. അതുകൊണ്ടാണ് അഞ്ച് ലക്ഷം രൂപയിൽ നിന്ന് ഒരു ലക്ഷം രൂപ ചോദിക്കുന്നത്. ഗവൺമെന്റിന്റെ ലിസ്റ്റിൽ നിന്നുതന്നെയാണ് 500 വീട് വയ്ക്കുന്നത്. ഇതൊക്കെ പ്രോസെസ്സ് ചെയ്ത് സ്പീഡിലാക്കണമെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളു.

ശ്രീ. പിണറായി വിജയൻ: സർ, ഈ മാനദണ്ഡപ്രകാരം ഇത്തരം വീട് എടുക്കുന്നവർക്ക് ഒരു ലക്ഷം രൂപ നാൽകാൻ സാധിക്കും. അതിന് പ്രശ്നമില്ല. അത് നമ്മൾ കൊടുക്കുന്നതുതന്നെയാണ്. പക്ഷേ, അതനുസരിച്ചുള്ള നടപടികൾ അവർ സ്വീകരിക്കണം. ഏകദേശം 15000 വീടുകളാണ് നഷ്ടപ്പെട്ടതായി കണക്കാക്കുന്നത്. ഇതിൽ 10000-ത്തോളം പേർ സ്വന്തമായി വീട് വയ്ക്കാൻ തയ്യാറാണ്. അവർക്ക് കാശ് ലഭിച്ചാൽ മതി, അവർ വീട് വച്ചോളും. അവർക്ക് കുറച്ചുകൂടി കാശെല്ലാം കൂട്ടി വീട് വയ്ക്കാൻ കഴിയുന്നവരാണെങ്കിൽ അവർ എടുത്തോട്ടെ. നമ്മൾ നാലുലക്ഷം രൂപ അവർക്ക് കൊടുത്താൽ മതിയല്ലോ. അങ്ങനെ 10,000-ത്തോളം പേർ സന്നദ്ധമാകുന്ന നില വന്നിട്ടുണ്ട്. ബാക്കി 5,000 വീടുകളാണുള്ളത്. അതിൽ 2,000 വീടുകൾ സഹകരണ പ്രസ്ഥാനം ഏറ്റെടുക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ പ്രസ്ഥാനത്തെ നമ്മൾ ഭീഷണിപ്പെടുത്തി സമ്മതിപ്പിച്ചതാണെന്നും അല്ലെങ്കിൽ അവരുടെ ലാഭവിഹിതം തട്ടിയെടുത്തതാണെന്നുമുള്ള തെറ്റിദ്ധാരണ ആർക്കോ വന്നു. അത് യഥാർത്ഥത്തിൽ ശരിയല്ല. നമ്മൾ ഒരു സമ്മർദ്ദവും ചെലുത്തിയിട്ടില്ല. സഹകരണ

പ്രസ്ഥാനം ജനങ്ങളുടെ ഭാഗമായി നിൽക്കുന്ന ഒന്നാണ്. അതിന്റെ ഭാഗമായി അവർക്കുള്ള ലാഭത്തിന്റെ ഒരു പങ്ക് ഇവിടെ വന്ന ദുരന്തത്തിന് കൊടുക്കാൻ തയ്യാറാവുകയാണ്. അങ്ങനെയാണ് അവർ 2000 വീടുകൾ നിർമ്മിക്കാൻ തയ്യാറാകുന്നത്. പൊതുവിൽ കാണേണ്ട കാര്യം, സഹകരണ മേഖലയിൽ ലാഭവിഹിതം വന്നിട്ട് കുറച്ചുനാളേയായിട്ടുള്ളൂ. പൊതുവെ സഹകരണ മേഖല കമ്പനികൾ പോലെ ലാഭവിഹിതം ആഗ്രഹിക്കുന്ന നിലയല്ല. കമ്പനികളിൽ നമ്മൾ ഷെയർ എടുക്കുമ്പോൾ തന്നെ ലാഭവിഹിതം പ്രതീക്ഷിക്കുന്നുണ്ട്. ഇപ്പോൾ ചില സഹകരണ സ്ഥാപനങ്ങൾ മറ്റു തരത്തിൽ വന്നപ്പോഴാണ് ലാഭവിഹിതത്തിന്റെ പ്രശ്നം വന്നത്. സഹകരണ പ്രസ്ഥാനങ്ങളിലെ ചില മേഖലയിൽ ഇപ്പോൾ ലാഭവിഹിതമുണ്ട്. പക്ഷേ, അതിനല്ല അവർ ഊന്നൽ കൊടുക്കുന്നത്; ഇത്തരം കാര്യങ്ങൾക്കാണ്. പൊതുനന്മ ഫണ്ടെല്ലാം നല്ല രീതിയിൽ ചെലവഴിക്കുന്നതാണ്. അതിന്റെ ഭാഗമായാണ് 2000 വീടുകൾ നിർമ്മിക്കുന്നതിന് അവർ തയ്യാറായിട്ടുള്ളത്. നമുക്കിനി സ്പോൺസർമാരെയും മറ്റും കണ്ടെത്താനുള്ളത് 3000 വീടുകൾക്കാണ്. കുറേ സ്ഥാപനങ്ങളും സ്പോൺസർമാരുമൊക്കെ മുന്നോട്ട് വന്നിട്ടുണ്ട്. അങ്ങനെ വന്നാൽ ഇതെല്ലാം നമുക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അതിന് വലിയ പ്രയാസം വരില്ലെന്ന് തന്നെയാണ് കണക്കാക്കുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വീടുകളുടെ പുനർനിർമ്മാണത്തിൽ 30-8-2018-ന് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് " പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് സർക്കാർ ശാസ്ത്രീയമായ പഠനം നടത്താൻ ഉദ്ദേശിക്കുന്നു. ആയതിനാൽ പ്രസ്തുത പഠനം പൂർത്തിയാകുന്നതുവരെയും സംസ്ഥാനത്ത് ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പരിസ്ഥിതി ലോലപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല. എല്ലാ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാരും സർക്കാർ തീരുമാനം കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്" എന്നാണ്. ഇത് അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി ഇറക്കിയ ഉത്തരവാണ്. ഇതിൽ ചീഫ് സെക്രട്ടറിയുടെ ഒരു കത്ത് പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും വീട് നഷ്ടപ്പെട്ടവർക്ക് ആരെങ്കിലും സൗജന്യമായി വീട് നൽകാമെന്ന് വച്ചാൽപോലും അവർക്ക് പഞ്ചായത്തുകളിൽ നിന്നും പെർമിഷൻ കിട്ടുന്നില്ല. ഇക്കാര്യത്തിൽ ഞാൻ മുഖ്യമന്ത്രിക്ക് കത്ത് തരികയും ചീഫ് സെക്രട്ടറിയെ കണ്ട് സംസാരിക്കുകയും ചെയ്തിരുന്നു. ലോക്കൽ ബോഡി സെക്രട്ടറിയുമായി രണ്ട് തവണ ഫോണിൽ

സംസാരിച്ചു. ഇത് 30-8-2018-ന് ഇറക്കിയ ഉത്തരവാണ്. ഇപ്പോഴും ഭേദഗതി വരുത്തിയിട്ടില്ല. ഇന്നും ഒരു വീട്ടമ്മ എന്നെ വിളിച്ചു. അവർക്ക് വിദേശത്ത് നിന്ന് ഒരു സംഘടന സഹായം നൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. പക്ഷേ പെർമിറ്റ് കിട്ടാത്തതുകൊണ്ട് നിർമ്മാണം നടക്കുന്നില്ല. 'Blanket Ban' എന്ന പൂർണ്ണമായും നിരോധിക്കുന്ന ഈ നടപടി പിൻവലിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ലാൻഡ് സ്ലൈഡിംഗ്മൂലം വീട് തകർന്നുപോയി. അവർക്ക് ആ സ്ഥലമേയുള്ളൂ. അവിടെ വീട് നിർമ്മിക്കണം. അപ്പോൾ വീട് നിർമ്മിക്കാൻ സാധിക്കുന്ന സ്ഥലമാണോ അതെന്ന് പരിശോധന നടത്തി ഉറപ്പുവരുത്തിയില്ലെങ്കിൽ അടുത്ത വർഷം മറ്റൊരു തരത്തിൽ നഷ്ടപ്പെട്ടുപോകും. അതിനൊരു ഉറപ്പുവരുത്തുക എന്നുള്ളതുമാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. ആ പ്രദേശമാകെ പറ്റില്ലയെന്ന് അതുകൊണ്ട് അർത്ഥമാക്കുന്നില്ല. വീട് നിർമ്മിക്കുമ്പോൾ അതിനുള്ള ഉറപ്പുവരുത്തണം. അക്കാര്യം പരിശോധിക്കാം. ഏതായാലും ആളുകളെ ബുദ്ധിമുട്ടിക്കുക എന്ന ഉദ്ദേശമില്ല. നിർമ്മിക്കുന്ന വീട് അവിടെ നിൽക്കുമെന്നതിന് ഉറപ്പുവേണം. അതിന്റെ ഭാഗമായുള്ള പരിശോധനയാണ് ഉദ്ദേശിക്കുന്നത്. ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിന് മുഴുവൻ മറുപടി പറയാൻ ഈയവസരം ഉപയോഗിക്കുന്നില്ല. ഇപ്പോൾ നമുക്കാവശ്യം ഇത്തരം കാര്യങ്ങളിൽ ഒന്നിച്ചുനീങ്ങുക എന്നുള്ളതാണ്. അതാണ് ഏറ്റവും പ്രധാനമായി കാണേണ്ടത്.

കന്നുകാലികളുടെ നഷ്ടവുമായി ബന്ധപ്പെട്ടുള്ള കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നുള്ളതുതന്നെയാണ് ഉദ്ദേശിക്കുന്നത്. അതിന് നഷ്ടപരിഹാരം നൽകുക എന്നതുതന്നെയാണ് കാണുന്നത്. തകർന്നു കിടക്കുന്ന പൊതുസ്ഥാപനങ്ങൾ വീണ്ടും നമുക്ക് നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ നടപടി ഇക്കൂട്ടത്തിൽ എടുത്തുവരുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, മത്സ്യത്തൊഴിലാളികളുടെ കാര്യം...,

ശ്രീ. പിണറായി വിജയൻ: സർ, മത്സ്യത്തൊഴിലാളികളുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. നഷ്ടപരിഹാരത്തിനുള്ള എല്ലാ നടപടികളും ചെയ്തിട്ടുണ്ട്. തുകയും ഞാൻ പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞത് രക്ഷാപ്രവർത്തനത്തിന് വന്ന വഞ്ചികൾക്കും തോണികൾക്കും അപകടം പറ്റിയതിന് നഷ്ടപരിഹാരം നൽകുമെന്നാണ്. പ്രളയത്തിൽ ഫിഷിംഗ് ഇംപ്ലിമെന്റ്സ് നഷ്ടപ്പെട്ടവർക്കുള്ള ലിസ്റ്റ് വന്നിട്ടില്ലേ?

ശ്രീ. പിണറായി വിജയൻ: സർ, നഷ്ടം ആർക്കൊക്കെ സംഭവിച്ചിട്ടുണ്ടോ അക്കാര്യങ്ങളിൽ നഷ്ടപരിഹാരമെന്നതു തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിൽ വേറെ പ്രശ്നങ്ങളില്ല. അത് ക്രമത്തിൽ നടന്നോളും.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു രൂപ പോലും കൊടുത്തിട്ടില്ല.

ശ്രീ. പിണറായി വിജയൻ: സർ, കൊടുത്തില്ല എന്നുപറയുന്നതിന് കൊടുക്കില്ല എന്നല്ല അർത്ഥം. കൊടുക്കാനുള്ള നടപടികളിലായിരിക്കും. അത് കിട്ടുമെന്നുള്ളത് ഉറപ്പാണ്. അതിനെപ്പറ്റി ശങ്കിക്കേണ്ട കാര്യമില്ല. ഇതിനകത്ത് കാണേണ്ട കാര്യം, ചില കാര്യങ്ങൾ ഹൈക്കോടതിതന്നെ ചോദ്യം ചെയ്യുന്ന അവസ്ഥ വന്നല്ലോ. ഹൈക്കോടതിയും സർക്കാരിന്റെ പൊതുവായ നിലപാടിനെ അംഗീകരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. അതിൽ അവർ പറഞ്ഞ ഭാഗം, "We are reasonably convinced that earnest efforts are being made by the State Government in ensuring timely and equitable distribution of relief material to the flood victims across the State." ഇത് പ്രതിപക്ഷനേതാവുതന്നെ സമർപ്പിച്ച പൊതുതാല്പര്യ ഹർജിയിലുണ്ടായ വിധിയാണ്. അങ്ങനെ ഒരു വിധി കോടതിയിൽ നിന്നും വന്നിട്ടുണ്ട്.

കേരള സർക്കാർ നൽകുന്ന ദുരിതാശ്വാസ സഹായം സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ട് എന്നത് പരിഗണിച്ച് ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ ഭാരവാഹികളോട് സംസ്ഥാന സർക്കാർ തയ്യാറാക്കിയ ദുരിതാശ്വാസ സഹായം സംബന്ധിച്ച വിശദമായ പട്ടിക പ്രസിദ്ധീകരിക്കണമെന്നും ഡിവിഷൻ ബഞ്ച് നിർദ്ദേശിച്ചിരുന്നു. ഈ പട്ടിക പൂർണ്ണമായും പ്രസ്തുത വിധിയുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. പല കാര്യത്തിലും നാം ലോകത്തിന് മാതൃക സൃഷ്ടിച്ചവരാണ്. പുനർനിർമ്മാണ പ്രവർത്തനത്തിനും അത്തരമൊരു മാതൃക ലോകത്തിനുമുമ്പാകെ അവതരിപ്പിക്കാൻ നമുക്ക് കഴിയണം. പുനർനിർമ്മാണ പ്രവർത്തനത്തിന്റെ കാര്യത്തിൽ വിപുലമായ ഒരുക്കങ്ങളാണ് നാം നടത്തുന്നത്. അതിന്റെ ഭാഗമായി എല്ലാവരെയും സഹകരിപ്പിക്കുകയാണ്. Re-building Kerala initiative-ന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അഡ്വൈസറി കൗൺസിലിന്റെ കാര്യമാണ് നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. അഡ്വൈസറി കൗൺസിലുണ്ടെങ്കിലും ക്യാബിനറ്റാണ് എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത്. വിവിധ അഭിപ്രായങ്ങൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. മാധ്യമങ്ങളുടെയടക്കം പങ്കാളിത്തത്തോടെ സെമിനാറുകളും മറ്റ് അഭിപ്രായങ്ങളും സ്വീകരിക്കുന്നുണ്ട്. കേന്ദ്ര മന്ത്രിയും അഡ്വൈസറി ബോർഡിലുണ്ട്. എല്ലാവരും കൂടിയിരുന്ന് കാര്യങ്ങൾ ആലോചിച്ച് റീ-

ബിൽഡിംഗ് എങ്ങനെ വേണമെന്നുള്ളതാണ് ആലോചിക്കേണ്ടത്. ഇക്കാര്യത്തിൽ സംഭവിച്ച അബദ്ധങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ ഇപ്പോൾ പ്രകടിപ്പിച്ച വികാരത്തിന്റെ ഭാഗമായി അണിനിരക്കുന്നതായിരിക്കും നല്ലത്. നമുക്കൊരുമിച്ച് നീങ്ങാം, കേരളത്തെ പുനർനിർമ്മിക്കാം. ആവശ്യമായ എല്ലാ സഹായങ്ങളും എല്ലാ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കർഷകർ, വ്യാപാരികൾ, വ്യവസായികൾ, മത്സ്യത്തൊഴിലാളികൾ, ക്ഷീരകർഷകർ എന്നിവർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം എന്നുകൊടുക്കുമെന്നോ എത്ര നാളുകൾക്കുള്ളിൽ ലഭ്യമാക്കുമെന്നോ പറയുന്നില്ല. അത്തരത്തിലുള്ള യാതൊരുറപ്പും ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നില്ല. അക്കാര്യത്തിൽ ഒരു വ്യക്തത വേണ്ടേ?

ശ്രീ. പിണറായി വിജയൻ: സർ, ഒരു വ്യക്തതക്കുറവുമില്ല. ചെറുകിട കച്ചവടക്കാരുടെ കാര്യത്തിൽ ദേശീയദുരന്ത നിവാരണ നിധിയിൽ അത്തരമൊരു പ്രത്യേക സഹായം പറഞ്ഞിട്ടില്ല. അക്കാര്യത്തിൽ നമുക്ക് എന്ത് സഹായം ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഞാൻ പറഞ്ഞു. അക്കാര്യം പ്രത്യേകമായി പരിശോധിച്ചുവരികയാണ്. അത് നമ്മുടെ വിഭവത്തെക്കൂടി ആശ്രയിച്ചുനിൽക്കുന്ന കാര്യമാണ്. എന്നാൽ അവരെ കയ്യൊഴിയാനല്ല സർക്കാർ ഉദ്ദേശിക്കുന്നത്. അവർക്കാവശ്യമായ സഹായം ചെയ്യും. മറ്റെല്ലാവരുടെയും കാര്യത്തിൽ ഉറപ്പായും സഹായം ഉണ്ടാകും; പുനരധിവാസമുണ്ടാകും; ഒരാശങ്കയും അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുഖ്യമന്ത്രി നേരത്തെയും ചെറുകിട കച്ചവടക്കാർക്ക് കൊടുക്കുമെന്നാണ് പറഞ്ഞത്. അക്കാര്യത്തിൽ ഒരു വ്യക്തതയുമില്ല. മൂന്ന് മാസം കഴിഞ്ഞ കാര്യമാണ്. ഇനി എന്നാണ് കൊടുക്കുന്നത്. ഇതുവരെയും ഒരാൾക്കും കൊടുത്തിട്ടില്ല.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച ചോദ്യങ്ങൾക്കും പ്രതിപക്ഷ അംഗങ്ങളുടെ ആവശ്യങ്ങൾക്കും പോസിറ്റീവായാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം പറഞ്ഞതെന്നാണ് എനിക്ക് മനസ്സിലായത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുഖ്യമന്ത്രി പോസിറ്റീവായി മറുപടി പറഞ്ഞു എന്നേയുള്ളൂ. ഇവർക്ക് തുക എന്ന് ലഭ്യമാകുമെന്ന കാര്യത്തിൽ ഒരുറപ്പുമില്ല. മൂന്ന് മാസം കഴിഞ്ഞു. ഈ ആളുകൾക്ക് സഹായം എന്ന് ലഭിക്കുമെന്ന് എങ്ങനെ അറിയാൻ സാധിക്കും.

<u>മി. സ്പീക്കർ</u>: ഈ പ്രമേയത്തിന്റെ നടപടികളിലേയ്ക്ക് കടക്കേണ്ടി വരും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞങ്ങൾ ഇവിടെ ഉന്നയിച്ച കാര്യങ്ങളോടല്ല മുഖ്യമന്ത്രി സംസാരിച്ചത്. അത് ശരിയാണോ; തൃപ്തികരമായ ഉത്തരമെങ്കിലും വേണ്ടേ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പ്രതിപക്ഷനേതാവ് ഉദ്ദേശിക്കുന്നത് എന്താണെന്നുള്ളത് മനസ്സിലാകുന്നില്ല. ഞാൻ എല്ലാ കാര്യങ്ങളും വ്യക്തമായി പറഞ്ഞു എന്നാണ് എന്റെ ധാരണ. ചെറുകിട കച്ചവടക്കാരുടെ കാര്യത്തിൽ മാത്രമാണ് ദേശീയദുരന്ത നിവാരണ നിധിയിൽ ഒരു ഭാഗവുമില്ലാത്തത്. അത് നമ്മൾ പ്രത്യേകമായി ചെയ്യേണ്ട കാര്യമാണ്. നമ്മുടെ വിഭവശേഷിയെ ആസ്പദമാക്കി ചില കാര്യങ്ങൾ ചെയ്യണമെന്ന് തന്നെയാണ് നമ്മൾ ആലോചിക്കുന്നത്. അത് കൂടുതൽ താമസമില്ലാതെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് ഉറപ്പായും സഹായമുണ്ടാകും. അത് പലർക്കും കിട്ടിക്കഴിഞ്ഞിട്ടുണ്ടാകും. ഇപ്പോൾ ഓരോ ആളുകളുടെയും പേര് സംബന്ധിച്ചുള്ള വിവരം എന്റെ കയ്യിലില്ലായെന്നുള്ളത് ശരിയാണ്. സർക്കാരിന്റെ സമീപനം നഷ്ടപരിഹാരവും വീടുകളും നിർമ്മിച്ച് കൊടുക്കുക എന്നുള്ളതാണ്; മറ്റ് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകുക എന്നുള്ളതാണ്. കാർഷിക മേഖലയിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. ഇങ്ങനെ ഓരോ മേഖലയിലും നഷ്ടപരിഹാരം നൽകുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അത് കിട്ടില്ലായെന്ന ആശങ്കയുടെ ഭാഗമായിട്ടാണ് ഉന്നയിക്കുന്നതെങ്കിൽ ഒരു സംശയവും വേണ്ട, അത് കിട്ടുകതന്നെ ചെയ്യും. അതിനുള്ള നടപടികളുണ്ടാകും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, 3-12-2018-ൽ ഈ സഭയിൽ ശ്രീ. പി. ടി. തോമസിന്റെ ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും അവർക്കുണ്ടായ നാശ നഷ്ടങ്ങളുടെയും കണക്ക് റവന്യൂ വകുപ്പ് ശേഖരിച്ചിട്ടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഇവിടെ കന്നുകാലികൾ നഷ്ടപ്പെട്ടുപോയതിന് 29 കോടി രൂപ ഇപ്പോൾ തന്നെ അനുവദിച്ചുകഴിഞ്ഞിരിക്കുകയാണ്. കൃഷി നാശം സംഭവിച്ചതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന് കൈമാറിയിരിക്കുകയാണ്. ഓരോന്നിന്റെയും നാശനഷ്ടം സംബന്ധിച്ച്..... (....ബഹളം...)

മി. സ്പീക്കർ: എന്തിനാണ് ബഹളം വയ്ക്കുന്നത്. സമാധാനത്തോടുകൂടി പറയൂ. ഇക്കാര്യത്തിൽ ഒരു തർക്കമില്ലാതെ തീർക്കാൻ കഴിയുമോയെന്നാണ് നോക്കുന്നത്. നിയമസഭയിൽ ഗവൺമെന്റിനുവേണ്ടി പറയുന്ന ഉറപ്പിൽ, ഗവൺമെന്റ് നൽകുന്ന പ്രഖ്യാപനങ്ങളിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അത് അറിയാനുള്ള സംവിധാനങ്ങളുണ്ട്. തെറ്റായ കാര്യങ്ങൾ നിയമസഭയിൽ പറഞ്ഞാൽ അത് മനസ്സിലാക്കാനുള്ള സംവിധാനമുണ്ട്, വിവരാവകാശനിയമം ഉണ്ട്. അക്കാര്യം അന്വേഷിക്കാം. 29 കോടി രൂപ അനുവദിച്ചുവെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉത്തരവാദിത്വത്തോടുകൂടി സഭയിൽ പറഞ്ഞിരിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, റവന്യൂ വകുപ്പുമന്ത്രിയാണ് പ്രഖ്യാപിച്ചതെങ്കിലും ബന്ധപ്പെട്ട വകുപ്പുമന്ത്രി തന്നെ പറയാൻ ശ്രമിക്കുകയായിരുന്നു. 29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് രണ്ടാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട എല്ലാവരുടെയും കൈകളിലെത്തും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. പി. ടി. തോമസിന്റെ 105-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവർക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് റവന്യൂ വകുപ്പ് ശേഖരിച്ചിട്ടില്ലായെന്നാണ്. ഇനി എന്നാണ് ശേഖരിക്കുന്നത്?

മി. സ്പീക്കർ : പ്രസ്തുത ഉത്തരത്തിൽ എന്തെങ്കിലും പിശകുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, റവന്യൂ വകുപ്പല്ല. കൃഷി വകുപ്പ് അതുമായി ബന്ധപ്പെട്ട കണക്കുകൾ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ.കെ. രാജു): സർ, ഓരോ ജില്ലയിലും നഷ്ടപ്പെട്ട കന്നുകാലികളുടെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. (.....ബഹളം....)

മി. സ്പീക്കർ: ഇക്കാര്യത്തിൽ ദയവായി ബഹളം ഉണ്ടാക്കരുത്. ഈയൊരു കാര്യത്തിലെങ്കിലും തർക്കമില്ലാതെ അവസാനിപ്പിക്കാൻ ദയവായി സഹകരിക്കുക.

(പ്രളയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയില്ലെന്നാരോപിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു: സർ, പ്രളയവുമായി ബന്ധപ്പെട്ട് കന്നുകാലികൾക്കുണ്ടായ നഷ്ടം സംബന്ധിച്ച കണക്കുകൾ സമ്പൂർണ്ണമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് പശുക്കൾ-5163, എരുമ- 541, കന്നുകുട്ടി- 5166, കിടാരി- 1128, മാടുകൾ- 6380, കോഴികൾ- 11 ലക്ഷം, താറാവ്- 4.64 ലക്ഷം, പന്നി -1053, കാട- 20,000 അങ്ങനെ സംസ്ഥാനത്താകെ ഒറ്റപ്പെട്ട......

മി.സ്പീക്കർ: നിങ്ങൾ ദയവായി ഇരിക്കൂ. അവർ ബഹിഷ്കരിച്ച് പോവുകയാണെങ്കിൽ പോകട്ടെ; നിങ്ങൾക്ക് എന്താണ്? വളരെ പ്രധാനപ്പെട്ട വിഷയം അടിയന്തരപ്രമേയമായി ഈ സഭ ചർച്ച ചെയ്തു. ആ ചർച്ചയുടെ ഭാഗമായി ഉയർന്നുവന്ന പ്രശ്നങ്ങളോടെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പോസിറ്റീവായി മറുപടി പറഞ്ഞു. എല്ലാ കാര്യങ്ങൾക്കും പരിഹാരം ഉണ്ടാക്കുമെന്ന് അദ്ദേഹം സഭയെ അറിയിച്ചു. നിർഭാഗ്യവശാൽ എല്ലാവരും ഈ സഭയിൽ ഇല്ലാതെയാണ് പ്രമേയത്തിന്റെ അവസാനഘട്ടത്തിൽ എത്തിയിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ അങ്ങ് അവതരിപ്പിച്ച പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ലാത്തതിനാൽ പ്രസ്സ് ചെയ്തില്ല)

പ്രമേയം സഭ നിരാകരിച്ചു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബില്ലിന്മേലുള്ള നടപടികൾ തുടരുകയാണ്. ശ്രീ. ടി. എ. അഹമ്മദ് കബീറിന് 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, രണ്ട് ബില്ലിന്റേയും ഉള്ളടക്കത്തോട് പൊതുവെ യോജിച്ചുകൊണ്ടാണ് എല്ലാ ബഹുമാന്യരായ അംഗങ്ങളും ഇവിടെ സംസാരിച്ചത്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കേരളം നേരിടുന്ന ഗൗരവമായ പ്രശ്നം പരിഹരിക്കണമെന്നുള്ള പൊതുയോജിപ്പ് ഇതിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. ഇത്തരം കാര്യത്തിൽ ഉന്നയിക്കപ്പെട്ട സംശയങ്ങളിൽ പ്രധാനപ്പെട്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവരുക എന്നുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവരാതെ അവയെ സഹായിക്കുന്നതിനുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് ഇന്ന് രാവിലെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ നിലവിലുള്ള വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനത്തെ ഇല്ലാതാക്കിക്കൊണ്ടല്ല ഭേദഗതി വരുത്തുന്നത്. ഹരിതകേരള മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി വികേന്ദ്രീകൃത ആസൂത്രണ സംവിധാനവും അതുമായി ബന്ധപ്പെട്ട് ഇവിടെപ്പറഞ്ഞ തുമ്പൂർമുഴി മോഡൽ ഉൾപ്പെടെയുള്ള നിരവധി മേഖലകളിലെ വികേന്ദ്രീകൃത മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ അത്തരമൊരു നിലപാടുതന്നെയാണ് സ്വീകരിക്കുന്നത്. ഖരമാലിന്യ സംസ്കരണത്തിൽ നമ്മുടെ നാട് നേരിടുന്ന ഗൗരവമായ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനാണ് ഇങ്ങനെയൊരു നിയമഭേദഗതി ആവശ്യമായി

വന്നത്. ബാക്കി മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു: *

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

2-ാം വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ

* അനുബന്ധമായി വച്ചിട്ടുണ്ട്.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

194. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(4)-ൽ "മുനിസിപ്പാലിറ്റികളിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല).

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 194-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല).

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

2-ാം വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

187. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (4)-ൽ "പഞ്ചായത്തുകളിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല).

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 187-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികളില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല).

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

മി. സ്പീക്കർ: തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു, അങ്ങേയ്ക്ക് 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ)നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2018-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ സംബന്ധിച്ച് വളരെ ചുരുക്കം കാര്യങ്ങൾ മാത്രമേ പറയാൻ ഉദ്ദേശിക്കുന്നുള്ളൂ. യഥാർത്ഥത്തിൽ മൂലനിയമത്തിന് ഉള്ളടക്കവുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ വളരെ ചരിത്രപ്രാധാന്യമുള്ള ഒരു ഭേദഗതിയാണിത്.

മി. സ്പീക്കർ: വളരെ ഗൗരവത്തോടുകൂടി സഭയിൽ വരേണ്ട കാര്യമായിരുന്നു. ചരിത്രപ്രസിദ്ധമായ ഒരു ബില്ലാണ്. കടകളിലും അതുപോലുള്ള സ്ഥലങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെയും പുരുഷന്മാരുടെയും പ്രശ്നങ്ങൾ ഉൾപ്പെടുന്ന ഗൗരവമായ ഒരു ബില്ലാണ്. ഇവിടെ പ്രതിപക്ഷാംഗങ്ങളും കൂടി വേണ്ടതായിരുന്നു. ശ്രീമതി സാറാ ജോസഫിന്റെ പ്രസിദ്ധമായ ഒരു കഥയുണ്ട്;

ഞാനത് ഓർമ്മപ്പെടുത്തിയതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതിനോട് കൂട്ടിച്ചേർത്ത് പറയാൻ ഉദ്ദേശിക്കുന്നത്, പ്രതിപക്ഷം ഒരു പ്രമേയം കൊണ്ടുവന്നുകഴിഞ്ഞാൽ സാമാന്യ മര്യാദ അനുസരിച്ച് അത് പ്രസ്സ് ചെയ്യാനുള്ള ബാദ്ധ്യതയെങ്കിലും ഉണ്ടായിരിക്കണം. അതുപോലും അവർ കാണിച്ചില്ല. ബഹുമാനപ്പെട്ട സ്പീക്കർ പ്രസ്സ് ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചാൽ ഞങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടെന്ന് പറയേണ്ടത് പ്രമേയം കൊണ്ടുവന്നവരുടെ ബാദ്ധ്യതയാണ്. ഇത് അതിൽനിന്നുള്ള ഒളിച്ചോട്ടമാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങ് പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് മൂലനിയമത്തിൽ നിർദ്ദേശിക്കപ്പെടുന്നത്. സംസ്ഥാനത്ത് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ബാധകമാകുന്ന സുപ്രധാനമായൊരു നിയമനടപടിയാണ്. കേരളത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി വ്യവസായ മേഖലയിൽ, പ്രത്യേകിച്ച് വാണിജ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രയാസമേറിയ ഒരു പ്രശ്നം ജനങ്ങളുടെ ശ്രദ്ധയിൽ വരുന്നതുതന്നെ 2015-ൽ ആലപ്പുഴ ജില്ലയിലെ ഒരു തൊഴിൽ സ്ഥാപനത്തിലുണ്ടായ സമരത്തെ തുടർന്നാണ്. അവിടെ തൊഴിലെടുത്തുകൊണ്ടിരുന്ന സ്ത്രീകൾ വലിയൊരു പ്രതിഷേധത്തിന് മുന്നോട്ടു വന്ന സന്ദർഭത്തിലാണ് ഈ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളും പുരുഷന്മാരും അനുഭവിക്കുന്ന പ്രയാസം ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നത്. മണിക്കൂറുകളോളം ഇരിക്കാൻ സാധിക്കാതെ തൊഴിലെടുക്കേണ്ടിവരുന്ന ദുരവസ്ഥ ഒരുപക്ഷെ, മറ്റൊരിടത്തും സംഭവിക്കാത്തതാണ്. തൊഴിൽ സ്ഥാപനത്തിൽ യാതൊരുവിധ വ്യാപാരവും നടക്കാത്ത സമയത്തുപോലും ഇരിക്കാൻ അവകാശമില്ലാത്ത പാവപ്പെട്ട തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരുന്ന അവസ്ഥ മനുഷ്യാവകാശ ലംഘനമാണ്. അവിടെ സാധനങ്ങൾ വാങ്ങാൻ പോകുന്ന നമ്മളെപ്പോലുള്ള ആളുകൾക്ക് വില്ക്കാൻ വച്ചിരിക്കുന്ന സാധനങ്ങൾ ചിരിച്ചുകൊണ്ട് എടുത്തുകാണിക്കുമ്പോൾ അവർ പറയുന്ന നല്ല വാക്കുകളും അതിനെ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങളുമെല്ലാം കേൾക്കുകയല്ലാതെ അവർ അനുഭവിക്കുന്ന പ്രയാസത്തെക്കുറിച്ച് പൊതുസമൂഹം മനസ്സിലാക്കിയിരുന്നില്ലെന്നതാണ് യാഥാർത്ഥ്യം. അത് പുറത്തുവരുമ്പോഴാകട്ടെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. മണിക്കൂറുകളോളം നിൽക്കുന്ന സ്ത്രീകളും

പുരുഷന്മാരും ഒരു വേള ഇരിക്കാൻവേണ്ടി ടോയ്‌ലെറ്റിൽ പോകുക, ടോയ്‌ലെറ്റിൽ യൂറോപ്യൻ ക്ലോസെറ്റുകളിൽ ഇരുന്ന് മയങ്ങിപ്പോകുന്ന അനുഭവമുണ്ടായപ്പോൾ, അവസാനം മാനേജ്മെന്റ് അവിടെ പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുകയും 3 മിനിറ്റോ 5 മിനിറ്റോ അതിൽ കൂടുതൽ സമയം ടോയ്‌ലെറ്റിൽ പോകാൻ പാടില്ലെന്നുള്ള നിബന്ധന വയ്ക്കുകയുംചെയ്യുന്നു. യഥാർത്ഥത്തിൽ ചിന്തിക്കാൻപോലും പറ്റാത്ത ഒരവസ്ഥയാണ് കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് ഈയൊരു നിയമം ബാധകമാക്കുന്നതിന് മുമ്പും ഇപ്പോഴും നിലനില്ക്കുന്നത്. യഥാർത്ഥത്തിൽ 2015-ലെ സമരത്തിന്റെ ഘട്ടത്തിൽ അന്ന് അധികാരത്തിലിരുന്ന ഗവൺമെന്റ് അവധാനതയോടുകൂടി ഈ പ്രശ്നത്തെ കാണാനും പരിഹരിക്കാനും ആവശ്യമായ നിയമഭേദഗതി കൊണ്ടുവരാൻ തയ്യാറാകുന്നതിനു പകരം ആ സമരത്തെ പോലീസിനെ ഉപയോഗിച്ച് നേരിടുന്ന അവസ്ഥയാണുണ്ടായത്. എന്നാൽ മാറിവന്ന സർക്കാർ വളരെ വേഗത്തിൽ തന്നെ ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇടപെടാൻ തയ്യാറായതിൽ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. യഥാർത്ഥത്തിൽ സാധാരണ മനുഷ്യർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചെറുതെന്ന് മറ്റുള്ളവരുടെ മുമ്പിൽ തോന്നിയേക്കാവുന്ന കാര്യം അത് ഒരിക്കലും ചെറുതല്ലെന്നും അനുഭവിക്കുന്നവരുടെ ജീവിതത്തെ അടിസ്ഥാനപ്പെടുത്തി ചിന്തിക്കുമ്പോൾ അത് ഏറ്റവും വലുതാണെന്നും നമുക്ക് തിരിച്ചറിയാൻ ഇതിലൂടെ സാധിക്കുകയാണ്. അത്തരമൊരു ഗൗരവമായ ഭേദഗതി തീർച്ചയായും കൊണ്ടുവരാൻ തയ്യാറായ ബഹുമാന്യനായ മന്ത്രിയെ അഭിനന്ദിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിയമങ്ങളുടെ കുറവല്ല ഉള്ളത്. എല്ലാ മേഖലയിലും നിയമങ്ങളുണ്ട്; ഈ നിയമങ്ങളൊന്നും ഫലപ്രദമായി നടപ്പാക്കപ്പെടുന്നില്ല. എന്നാൽ തൊഴിൽ മേഖലയിൽ കുറച്ചുകൂടി വ്യത്യസ്തമായ നിലയുണ്ട്. അതിനെ എക്സിക്യൂട്ട് ചെയ്യാനാവശ്യമായ എൻഫോഴ്സ്മെന്റ് പവർ ഉണ്ടാകണം. അതുകൂടി ഈ നിയമ ഭേദഗതിയോടൊപ്പം അതിന്റെ ചട്ടങ്ങളും മറ്റു കാര്യങ്ങളും വരുമ്പോഴു ണ്ടാകണമെന്നുള്ള നിർദ്ദേശത്തോടുകൂടി പൂർണ്ണമായും ഈ ഭേദഗതിയെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>മി. ചെയർമാൻ:</u> ശ്രീ. ആർ. രാമചന്ദ്രൻ അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വീണ്ടും

അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ, കേരളത്തിലെ നിയമനിർമ്മാണ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ ഒരു ബില്ലാണ് ബഹുമാനപ്പെട്ട മന്ത്രി, സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിച്ചത്. കേരളത്തിലെ ഏതാണ്ട് മൂന്നുലക്ഷത്തിലധികം വരുന്ന അസംഘടിതരായ തൊഴിലാളികൾ, പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾ അവരുടെ മാഗ്നാകാർട്ട എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന നിയമ ഭേദഗതിക്കാണ് ഈ സഭ ഇപ്പോൾ സാക്ഷ്യം വഹിക്കുന്നത്. ഇത്രയും സുപ്രധാനമായ ഒരു ഭേദഗതിയുടെ ചർച്ച സഭയിൽ നടക്കുമ്പോൾ പ്രതിപക്ഷാംഗങ്ങൾ അതിനെ എത്ര ലാഘവത്തോടെയാണ് കാണുന്നതെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. ഈ സഭാസമ്മേളനം തുടങ്ങിയ സമയം മുതൽ ഈ സഭയോട് വളരെ നിരുത്തരവാദപരമായ നിലപാടും സമീപനവുമാണ് പ്രതിപക്ഷം സ്വീകരിച്ചുവരുന്നത്. അവരുടെ അസാന്നിദ്ധ്യത്തിൽ ഞാൻ അതിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിലും വ്യവസായശാലകളിലും പണിയെടുത്തുകൊണ്ടിരിക്കുന്ന സ്ത്രീ തൊഴിലാളികളുടെ വേതനം പരിമിതമാണ്; ജോലിഭാരം വളരെ കൂടുതലുമാണ്. അവർക്ക് അവശ്യംവേണ്ട സൗകര്യങ്ങൾ ആ സ്ഥാപനങ്ങളിൽ ലഭ്യമായിരുന്നില്ല. പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ പോലും പലസ്ഥാപനങ്ങളിലും ക്രമീകരിച്ചിരുന്നില്ലെന്ന യാഥാർത്ഥ്യം സമൂഹം മനസ്സിലാക്കുന്നത് വളരെ വൈകിയാണ്. തൊഴിൽ സ്ഥിരതയില്ലെന്ന കാരണം കൊണ്ട് ഏതുസമയവും പിരിച്ചുവിടലിന് വിധേയമാകുമെന്ന ഭീഷണി അവരുടെ തലയ്ക്കുമേൽ ഉയർന്നുനിൽക്കുന്നുവെന്നുള്ളതുകൊണ്ട് ജീവിതഭാരം പേറുന്ന ആ വിഭാഗം തൊഴിലാളികൾ എന്തും സഹിക്കാൻ വിധിക്കപ്പെട്ടവരായി മാറുകയാണ്. ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരായാലും പുറത്തുപറയാൻ കഴിയാത്ത സ്ഥിതി അവരുടെ ജീവിതസാഹചര്യങ്ങൾ അവർക്ക് സമ്മാനിച്ചിരിക്കുന്ന അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. ഇതിനൊരു മാറ്റമുണ്ടാക്കാൻ, അവരെ മനുഷ്യരായി കാണാൻ, അവർക്ക് അവശ്യംവേണ്ട നിയമ സംവിധാനങ്ങളുടെ ഉറപ്പുനൽകാൻ സഹായകരമാകുന്ന ഒരു നിയമ ഭേദഗതിയാണ് ഇന്ന് സഭയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്. ഞാൻ ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ജെയിംസ് മാത്യു, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി

പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ചെയർമാൻ:</u> ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ചെയർമാൻ:</u> ശ്രീ. ആർ. രാമചന്ദ്രൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ാം വകുപ്പ്</u>

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>Shri. K. J. Maxy</u> : Sir, I move the following amendment:

122. In section 2(6) proposed to be substituted in the principal Act by Clause 2, after the word " apprentice" the words " aged not less than seventeen years" shall be inserted.

<u>Shri. John Fernandez</u>: Sir, I move the following amendment:

125. In section 2 (6) proposed to be substituted in the principal Act by

Clause 2, for the words " apprentice or" the words " any person employed for a period not less than one month whatever nomenclature assigned to them, including Casual Labours, Daily Wagers and" shall be substituted.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. .

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 187-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

187. In the proviso proposed to be added to section 20 of the principal Act by Clause 4 (ii), the words " women employee" shall be substituted with the words " women employees" .

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 187-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 211-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

211. In section 21 B proposed to be inserted in the principal Act by Clause 5, for the word " workers" the word " employees" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 211-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

283. In the proviso proposed to be inserted to section 29 (1A) in the principal Act by Clause 6 (2), for the word " worker" the word " employee" shall be substituted.

284. In the proviso proposed to be substituted to section 29 (2) of the principal Act by Clause 6 (3), for the word " worker" the word " employee" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 283, 284 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ശ്രീ. ടി. എ. അഹമ്മദ് കബീറിന്റെ 280-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

280. In the second proviso proposed to be added to section 30 of the principal Act by Clause 7, after the words " a hardcopy of such" insert

the words " registers and" .

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 280-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ 6-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.56-ന് പിരിഞ്ഞു.)

# അനുബന്ധം I

## 5-12-2018-ലെ നക്ഷത്രചിഹ്നമിട്ട 171-ാം നമ്പർ ചോദ്യത്തിന്റെ 'എ' പിരിവിന്റെ അനുബന്ധം

### 1. വനിതാ ശിശുവികസന വകുപ്പ്

സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

1. സ്വാധാർഗ്രഹ്
2. ഉജ്ജ്വല
3. മഹിളാ ശക്തി കേന്ദ്ര (MSK)
4. ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെട്ടവർക്കുള്ള ആശ്വാസ നിധി
5. സഹായ ഹസ്തം.

കുട്ടികൾക്ക് വേണ്ടിയുള്ള നൂതന പദ്ധതികൾ

1. നാഷണൽ ക്രഷ് സ്കീം
2. അംഗപരിമിതരായ കുട്ടികളുടെ കലോത്സവം
3. ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ
4. നാഷണൽ ന്യൂട്രീഷ്യൻ മിഷൻ
5. ശിശു സൗഹൃദ ടോയ്‌ലറ്റുകളുടെ നിർമ്മാണം
6. അംഗൻവാടികളിൽ കുടിവെള്ള സൗകര്യം
7. അംഗൻവാടികളുടെ നവീകരണം.
8. നിർഭയ അന്തേവാസികൾക്കുള്ള എസ്.ഒ.എസ്. മാതൃകാ ഭവനം
9. ആധാർ എൻറോൾമെന്റ് കിറ്റ്
10. തേജോമയ പദ്ധതി
11. ഇന്റഗ്രേറ്റഡ് കെയർ സെന്റർ
12. ഹോം ഫോർ മെന്റൽ ഹെൽത്ത്

## II. വനിതാ വികസന കോർപ്പറേഷൻ

- 24 x7 മണിക്കൂറും പ്രവർത്തിക്കുന്ന വിമൻ ഹെൽപ്പ് ലൈൻ മിത്ര '181'
- സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം വിവിധ ജില്ലകളിൽ വനിതാ മിത്ര കേന്ദ്രം (വനിതാ ഹോസ്റ്റലുകൾ)
- യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനായി ഷീ ലോഡ്ജ് പദ്ധതി
- വനിതകൾക്കുവേണ്ടിയുള്ള സംരംഭകത്വ പരിശീലന പരിപാടി.
- അഭ്യസ്തവിദ്യരായ സ്ത്രീകളെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്ന 'റീച്ച്' എന്ന ഫിനിഷിംഗ് സ്കൂൾ
- സ്വയംതൊഴിൽ വായ്പാ പദ്ധതികൾ
- ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ്
- വിമൻസ് കോളേജുകളിൽ വിമൻസ് സെൽ
- സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ, നാപ്കിൻ ഡിസ്ട്രോയർ വിതരണം
- ഷീ ടോയ്‌ലെറ്റ്
- വിധവകൾക്കുള്ള സംരംഭകത്വ വികസന പരിപാടി
- ഷീ ടാക്സി പദ്ധതി
- ആദിവാസി വനിതാ ക്ഷേമം മുൻനിർത്തി 'വനമിത്ര' പദ്ധതി.

## III. വിമൻസ് കമ്മീഷൻ

1. കമ്മീഷനിൽ ലഭിക്കുന്ന സ്ത്രീകളുടെ പരാതികൾ കാലതാമസം കൂടാതെയും അപേക്ഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാതെയും തീർപ്പാക്കുന്നതിന് ജില്ലകൾ തോറും അദാലത്തുകൾ നടത്തുന്നു.
2. സ്ത്രീകളുടെ ബോധവൽക്കരണം ലക്ഷ്യമാക്കി സെമിനാർ/ വർക്ക്ഷോപ്പ്/നിയമബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംസ്ഥാന/ജില്ലാ, സബ് ജില്ലാതലങ്ങളിൽ നടത്തുന്നു.

3. സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാവശ്യമായ നിയമപരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് ശിപാർശ സമർപ്പിക്കുകയും സ്ത്രീകളെ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളുടെ നടപ്പാക്കൽ അവലോകനം ചെയ്ത ഭേദഗതികൾ/ ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുന്നു.

4. സ്ത്രീകളെ സംബന്ധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ സംബന്ധിച്ച് ഗവേഷണ പഠനങ്ങൾ നടത്തുകയും സർക്കാരിന് ശിപാർശ സമർപ്പിക്കുകയും ചെയ്യുന്നു.

5. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതിയിലെ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.

6. സ്ത്രീകളുടെ അവകാശങ്ങളും നിയമങ്ങളും പ്രതിപാദിക്കുന്ന സ്ത്രീശക്തി പ്രസിദ്ധീകരണം എല്ലാ 4 മാസത്തിലൊരിക്കലും പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. പിതൃത്വം തർക്കവിഷയമാകുന്ന കേസ്സുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നു.

8. കുടുംബപ്രശ്നങ്ങൾ/വേർപിരിയൽ ഒഴിവാക്കുന്നതിലേക്കായി ഫാമിലി കൗൺസിലിംഗ് നൽകിവരുന്നു.

9. ഹൈസ്കൂൾ/കോളേജ് തലത്തിൽ ലിംഗബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും, ലഹരി മരുന്നിന്റെ ദൂഷ്യഫലങ്ങൾ, വിവാഹധൂർത്ത്, സ്ത്രീധന വ്യവസ്ഥ, മൊബൈൽ ഫോൺ ദുരുപയോഗം തുടങ്ങി അവരെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഉപദേശവും മാർഗ്ഗദർശനവും നൽകുന്നു.

10. പത്ര-ദൃശ്യമാധ്യമങ്ങളിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന തിനെതിരെ നടപടിയെടുക്കുന്നു.

11. സ്ത്രീകളുടെ അവകാശങ്ങൾ സംബന്ധിക്കുന്ന വിവിധങ്ങളായ നിയമങ്ങളിൽ അറിവു നൽകുന്നതിനായി ബുക്ക് ലെറ്റ്/ബ്രോഷർ എന്നിവ പ്രസിദ്ധീകരിച്ച് സൗജന്യമായി വിതരണം ചെയ്യുക,

സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൗൺസിലിംഗും നിയമോപദേശവും ഫോൺ മുഖാന്തരവും നൽകുക, വനിതാ സന്നദ്ധ സംഘടനകൾക്ക് അംഗീകാരം നൽകി അവരുടെ പ്രവർത്തനം വിപുലീകരിക്കുക എന്നിവയും ചെയ്തുവരുന്നു.

12. വിവാഹത്തിന് തയ്യാറെടുക്കുന്നവർക്കായി വിവാഹപൂർവ്വ കൗൺസിലിംഗ് നൽകുന്നു.

13. വയനാട്ടിൽ അവിവാഹിതരായ ആദിവാസി അമ്മമാർക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും/സംരക്ഷിക്കുന്നതിനും വേണ്ട നിയമസഹായം സൗജന്യമായി നൽകുകയും, പിതൃത്വം നിർണ്ണയിക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിയമസഹായം നൽകുകയും ചെയ്യുന്നു.

14. കേരള വനിതാ കമ്മീഷൻ സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുമായും/വനിതാ സംഘടനകളുമായും മുഖാമുഖം പരിപാടികൾ സംഘടിപ്പിക്കുന്നു.

15. സെമിനാർ, ശില്പശാല, മത്സരം, ഘോഷയാത്ര, തെരുവുനാടകം, എക്സിബിഷൻ എന്നിവ ഉൾക്കൊള്ളിച്ച് Special Awareness Campaign വനിതാ ദിനം പോലെയുള്ള പ്രത്യേക ദിനങ്ങളിൽ സംഘടിപ്പിക്കുന്നു.

## അനുബന്ധം II

## നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം പിടിച്ചെടുക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമമാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219 (എ) വകുപ്പിൽ വരുത്തുന്ന ഭേദഗതിയും മുനിസിപ്പാലിറ്റി ആക്ടിലെ 326 (എ) വകുപ്പിൽ വരുന്ന ഭേദഗതിയുമെന്ന് സ്ഥാപിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഇത് വസ്തുതകൾക്കോ യാഥാർത്ഥ്യങ്ങൾക്കോ നിരക്കുന്നതല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണത്തിനുള്ള അവകാശങ്ങളും അധികാരങ്ങളും നിലനിർത്തിക്കൊണ്ടും ശക്തിപ്പെടുത്തിക്കൊണ്ടും അവർക്ക് നിർവ്വഹിക്കാൻ പരിമിതികളുള്ള മേഖലകളിൽ അവരെ സഹായിക്കാനാണ് ഈ ഭേദഗതിയിലൂടെ സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

കേരളത്തിന്റെ ഇന്നേവരെയുള്ള ചരിത്രത്തിൽ മാലിന്യ സംസ്കരണത്തിന് ഇത്രമാത്രം ഊന്നൽ നൽകിയ മറ്റൊരു കാലഘട്ടം ഉണ്ടായിട്ടില്ല. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നാല് മിഷനുകളിൽ ഹരിതകേരള മിഷന്റെ ഉപമിഷനായ ശുചിത്വമാലിന്യ മിഷൻ ഈ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ ഏവരാലും പ്രശംസിക്കപ്പെട്ടിട്ടുള്ളതാണ്.

ഖരമാലിന്യ സംസ്കരണ രംഗത്ത് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ മുന്നേറ്റമാണ് ഈ കാലയളവിൽ ഉണ്ടാക്കിയിട്ടുള്ളത്. കണക്കുകൾ പ്രകാരം കേരളത്തിൽ 3.7 ദശലക്ഷം ടൺ മാലിന്യമാണ് പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്നത്. 6 കോർപ്പറേഷനുകളിൽ 1415 ടൺ മാലിന്യവും 87 നഗരസഭകളിൽ 4523 ടൺ മാലിന്യവും 941 പഞ്ചായത്തുകളിൽ 4106 ടൺ മാലിന്യവുമാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. തരംതിരിച്ച് ഉറവിടത്തിൽ മാലിന്യം സംസ്കരിക്കുന്നവർ വെറും 22% പേർ മാത്രമാണ്. പ്ലാസ്റ്റിക് പോലുള്ള പാഴ്വസ്തുക്കൾ ബഹുഭൂരിപക്ഷം പേരും കത്തിക്കുകയാണ് ചെയ്യുന്നത്. ഇത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുന്നുണ്ട്.

കേരളത്തിലെ 20 നഗരങ്ങളിലും 7 പഞ്ചായത്തുകളിലും ചെറുതെങ്കിലും പ്രവർത്തനനിരതമായ കേന്ദ്രീകൃത കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ നിലവിലുണ്ട്. അവയിൽ കോഴിക്കോട്, എറണാകുളം (ബ്രഹ്മപുരം) എന്നിവിടങ്ങളിലെ പ്ലാന്റുകൾ 100-200 ടൺ പ്രതിദിനശേഷിയുള്ള കാലപ്പഴക്കംചെന്ന പ്ലാന്റുകളാണ്. ഈ പ്ലാന്റുകളിലായി 321 ടൺ മാലിന്യം പ്രതിദിനം സംസ്കരിക്കപ്പെടുന്നുണ്ട്. കേരളത്തിലെ ചന്തകളിലും മറ്റ് പൊതുയിടങ്ങളിലുമായി 1976 കമ്പോസ്റ്റിംഗ് പ്ലാന്റുകളും 97 ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം ചേർത്ത് പ്രതിദിനം 325 ടൺ മാലിന്യം സംസ്കരിക്കുന്നതിന് സംവിധാനമുണ്ട്. കേരളത്തിലെ 30740 സ്ഥാപനങ്ങളിൽ കമ്പോസ്റ്റിംഗ് സംവിധാനങ്ങളോ ബയോഗ്യാസ് പ്ലാന്റുകളോ സ്ഥാപിക്കാനായിട്ടുണ്ട്. ഇതിലൂടെ 94 ടൺ ജൈവമാലിന്യം സംസ്കരിക്കാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഓരോ വീട്ടിൽനിന്നും ശേഖരിക്കുന്നതിന് ഹരിതകർമ്മസേന എന്ന പേരിൽ 916 ഗ്രാമപഞ്ചായത്തുകളിലും 89 നഗരസഭകളിലും സംരംഭക ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സമീപത്തുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (എം.സി.എഫ്.) സംഭരിക്കുകയും അവിടെനിന്നും റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ (ആർ.ആർ.എഫ്.) എത്തിക്കുകയും ചെയ്യുന്നതിനാണ്

ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ 195 ഗ്രാമപഞ്ചായത്തുകളിലും 66 നഗരസഭകളിലുമായി 261 എം.സി.എഫ്.-കളും പ്രവർത്തനക്ഷമമാണ്. 2018-19 വർഷം ഗ്രാമപഞ്ചായത്തുകളിൽ 547-ഉം നഗരസഭകളിൽ 51-ഉം ഉൾപ്പെടെ 598 എം.സി.എഫ്.-കൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആർ.ആർ.എഫ്.-ൽ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് പ്ലാസ്റ്റിക് ക്യാരീബാഗുകൾ പൊടിച്ച് ടാറിൽ ചേർക്കുന്നതിനും മറ്റ് പ്ലാസ്റ്റിക് വസ്തുക്കൾ, കുപ്പികൾ തുടങ്ങിയവ റീസൈക്ലിംഗ് ഫാക്ടറികളിലേയ്ക്ക് അയയ്ക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തുകൾ 45-ഉം നഗരസഭകളിൽ 31-ഉം ഉൾപ്പെടെ 76 ആർ.ആർ.എഫ്.-കൾ പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. 2018-19 വർഷം ബ്ലോക്ക് പഞ്ചായത്തുകളിൽ 89-ഉം നഗരസഭകളിൽ 44-ഉം ഉൾപ്പെടെ 133 ആർ.ആർ.എഫ്.-കൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ മാലിന്യ സംസ്കരണ രംഗത്ത് ഫലപ്രദമായി ഇടപെടുന്നുണ്ടെന്ന് കാണിക്കുന്നതിലേയ്ക്കാണ് ഈ വസ്തുതകൾ ഇവിടെ ചൂണ്ടിക്കാട്ടിയത്.

മഹാപ്രളയമുണ്ടായ ഘട്ടത്തിൽ പ്രളയാനന്തര പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കലവറയില്ലാത്ത പിന്തുണയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. പ്രളയത്തെത്തുടർന്ന് രൂപംകൊണ്ട 4315 ടൺ ജൈവമാലിന്യങ്ങളും 5544 ടൺ അജൈവ മാലിന്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശേഖരിക്കുകയും വെല്ലുവിളിയായി ഏറ്റെടുത്ത് അവ സംസ്കരിക്കുകയും ചെയ്തുവെന്നത് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

ഇന്ത്യാ ടുഡേയുടെ ഈ വർഷത്തെ State of the States അവാർഡ് കേരളത്തിനാണ് ലഭിച്ചത്. പരിസ്ഥിതി സംരക്ഷണത്തിനും ശുചീകരണത്തിനും വലിയ സംസ്ഥാനങ്ങൾക്ക് നൽകപ്പെടുന്ന അവാർഡിനാണ് കേരളം ഇതിലൂടെ അർഹത നേടിയത്. പ്രളയാനന്തര മാലിന്യസംസ്കരണം ഉൾപ്പെടെ നാം നടത്തിയിട്ടുള്ള ശ്രമങ്ങൾക്കാകെയുള്ള ദേശീയ അംഗീകാരമായി ഇതിനെ കണക്കാക്കാം.

മാലിന്യ സംസ്കരണത്തിൽ മാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആകെ ശക്തിപ്പെടുത്തുന്ന നിലപാട് മാത്രമേ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭാഗത്തുനിന്നും എക്കാലവും ഉണ്ടായിട്ടുള്ളൂവെന്ന് നാളിതുവരെയുള്ള കേരളത്തിന്റെ ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും വ്യക്തമാകും.

1957-ലെ ഒന്നാം ഇ.എം.എസ്. സർക്കാരിന്റെ കാലഘട്ടം മുതൽതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിയമസഭയിൽ അവതരിപ്പിച്ച ആദ്യത്തെ പഞ്ചായത്ത് ബില്ലിലൂടെ വിവിധ വികസന വിഷയങ്ങൾ പഞ്ചായത്തുകൾക്ക് നൽകാൻ നിശ്ചയിച്ചു. 1989-ൽ ജില്ലാ കൗൺസിൽ രൂപീകരിച്ചുകൊണ്ട് ജില്ലാഭരണകൂടത്തെ സൃഷ്ടിക്കുന്ന നടപടിക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നേതൃത്വം നൽകി. 1996-ൽ ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചു. കൂടാതെ 73, 74 ഭരണഘടനാ ഭേദഗതിയുടെ അന്തഃസത്ത ഉൾക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരവും വിഭവശേഷിയും കൈമാറുന്നതിന് ഇടതുമുന്നണി സർക്കാർ സ്വീകരിച്ച നടപടികൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

ജനകീയാസൂത്രണത്തിലൂടെ 9-ാം പദ്ധതി രാജ്യത്തിന് മാതൃകയാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. 20 വർഷങ്ങൾക്കുശേഷം ഈ ജനകീയ മാതൃക ഇപ്പോൾ ജി.പി.ഡി.പി.-യിലൂടെ രാജ്യവ്യാപകമാക്കാൻ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുകയാണ്. 2001-ൽ ഡി.ആർ.ഡി.എ.-കൾ പിരിച്ചുവിട്ടുകൊണ്ട് ആ അധികാരങ്ങൾ ജില്ലാ പഞ്ചായത്തിന് നൽകിയതും ഇടതുസർക്കാരാണ്. 1999-ൽ സെൻ കമ്മീഷൻ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമങ്ങളിൽ സമഗ്രമായ ഭേദഗതി ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരങ്ങളും വിഭവശേഷിയും നൽകി ശക്തിപ്പെടുത്തുന്നതിന് നിയമനിർമ്മാണം നടത്തി.

ഭരണഘടനയിലെ 12, 13 പട്ടികകളിലെ പ്രസക്തമായ എല്ലാ അധികാരങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഏക സംസ്ഥാനം കേരളമാണ്. ഈ ഘട്ടത്തിൽ തന്നെയാണ് അറിയാനുള്ള അവകാശം ഉൾപ്പെടുത്തി രാജ്യത്തെ ആദ്യത്തെ അവകാശ നിയമം കൊണ്ടുവന്നത്. തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവ കൊണ്ടുവന്നതും ഈ അവസരത്തിലാണ്. ഇതിനെല്ലാം നേതൃത്വം നൽകിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ കാര്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരികയാണ്. ചരിത്രത്തിലാദ്യമായി ജില്ലാ പ്ലാൻ തയ്യാറാക്കി സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പദ്ധതി ആസൂത്രണം ചെയ്യാൻ 9 മാസവും നിർവ്വഹണത്തിന് 3 മാസവും എന്ന പഴയ രീതി മാറ്റി വർഷം മുഴുവൻ പദ്ധതി നിർവ്വഹണത്തിന് അവസരം ലഭിക്കത്ത്ക്ക വിധത്തിൽ

ക്രമീകരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞു. ഇതുമൂലം കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 90% വിനിയോഗം എന്ന അഭൂതപൂർവ്വമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. നടപ്പ് സാമ്പത്തികവർഷം ഇതിനകം 47% പദ്ധതി വിഹിതം ചെലവഴിക്കാൻ കഴിഞ്ഞു. ദോഷൈകദൃക്കുകൾക്കുപോലും ഇടതുമുന്നണി സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം പിടിച്ചെടുത്തുവെന്ന് കണ്ടെത്താൻ കഴിയില്ലെന്നതാണ് വസ്തുത.

വിളപ്പിൽശാലയിൽ പരാജയപ്പെട്ട കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനമാണ് ഇപ്പോൾ കേരളത്തിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതെന്ന വിമർശനം ചില കേന്ദ്രങ്ങൾ ഉയർത്തുന്നുണ്ട്. വിളപ്പിൽശാലയിൽ പ്ലാന്റ് സ്ഥാപിച്ചത് എങ്ങനെയെന്നും അടച്ചുപൂട്ടേണ്ട സ്ഥിതിവിശേഷമുണ്ടായത് എങ്ങനെയാണെന്നും എന്തുകൊണ്ടാണ് തുടർന്ന് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാതിരുന്നതെന്നും നമുക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. വിളപ്പിൽ ശാലയിലെ പ്ലാന്റ് വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിൽ ജൈവാവശിഷ്ടങ്ങൾ തുറന്ന അന്തരീക്ഷത്തിൽ ഉണക്കി വളമാക്കുന്ന രീതിയിൽ പ്രവർത്തിച്ചിരുന്ന ഒന്നാണ്. കൃത്യമായ മാനേജ്മെന്റ് സംവിധാനത്തിന്റെ സഹായത്താൽ മാത്രം പ്രവർത്തിക്കാൻ കഴിയുന്നവയാണ് ഇത്തരം പ്ലാന്റുകൾ. പ്ലാന്റ് നടത്തിപ്പ് മാനേജ്മെന്റിൽ വന്ന വീഴ്ചയാണ് വിളപ്പിൽശാലയിൽ സംഭവിച്ചത്.

വിളപ്പിൽശാലയിൽ സ്വീകരിച്ച സാങ്കേതികവിദ്യയല്ല ഇപ്പോൾ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കൂടുതൽ മെച്ചപ്പെട്ടതും സാങ്കേതിക മേന്മയുള്ളതുമായ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഏജൻസികൾ മുഖേന ഇത് നടപ്പാക്കുമ്പോൾ സർക്കാരിന് നിയന്ത്രണം നഷ്ടപ്പെടുമെന്നും അവയുടെ പ്രവർത്തനത്തെ നിയന്ത്രിക്കാൻ കഴിയുകയില്ലെന്നും ആയത് പുതിയ മാലിന്യ പ്രശ്നമാകുമെന്നും ചിലരെങ്കിലും ആശങ്കപ്പെടുന്നു. ഈ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. കാരണം ചട്ടങ്ങളിലും കരാർ വ്യവസ്ഥകളിലും കൃത്യമായ നിലപാട് സ്വീകരിച്ച് ഇത്തരം സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാ ജാഗ്രതയുമുണ്ടാകും.

ഡിസൈൻ - ബിൽറ്റ് - ഫിനാൻസ് - ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (DBFOT) മാതൃകയിലാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ വ്യവസ്ഥകൾ പൂർണ്ണമായി ഉറപ്പുവരുത്തിക്കൊണ്ടായിരിക്കും ഈ പ്ലാന്റുകൾ പ്രവർത്തിപ്പിക്കുക. പരിസ്ഥിതിക്കോ പൊതുജനങ്ങൾക്കോ യാതൊരുവിധ ദോഷവുമുണ്ടാക്കാത്ത തരത്തിലുള്ള പ്ലാന്റുകളാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. മരങ്ങളും പൂന്തോട്ടങ്ങളും ഉൾപ്പെടെ വച്ചുപിടിപ്പിച്ച് മികച്ച പരിസ്ഥിതി സംരക്ഷണ സമ്പ്രദായങ്ങളെപ്പറ്റി

മനസ്സിലാക്കാനുള്ള കേന്ദ്രം എന്ന നിലയ്ക്കും പ്രയോജനപ്പെടുത്താവുന്ന തരത്തിലാണ് ഇത്തരം പ്ലാന്റുകൾ സജ്ജമാക്കുന്നത്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന ഏജൻസികളെ ഉൾപ്പെടുത്തി പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്ലാന്റുകൾ സ്ഥാപിക്കുക. പ്ലാന്റിന്റെ പ്രവർത്തനം സർക്കാരിന്റെ കർശനമായ നിരീക്ഷണത്തിന് വിധേയമായി പ്രവർത്തിക്കുവാൻ സംവിധാനമുണ്ടാക്കും. കെ.എസ്.ഐ.ഡി.സി. ചുമതലപ്പെടുത്തുന്ന എഞ്ചിനീയറുടെ നേതൃത്വത്തിൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് കൃത്യമായി പാലിക്കണമെന്ന് ഉറപ്പുവരുത്താനും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ വ്യവസ്ഥകൾ വിട്ടുവീഴ്ചയില്ലാതെ ഉറപ്പുവരുത്താനും സംവിധാനമൊരുക്കും.

ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെ ജനങ്ങളുടെ മേൽ യൂസർ ഫീ ഇനത്തിൽ അധികഭാരം അടിച്ചേൽപ്പിക്കപ്പെടുമെന്ന് ചില കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നു. എന്നാൽ ഇതിനും യാതൊരു അടിസ്ഥാനവുമില്ല. ഇപ്പോൾത്തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്ന പദ്ധതികളുടെ നടത്തിപ്പിന് തനത് ഫണ്ടിനോടൊപ്പം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത നിലയിലുള്ള ഫീസുകൂടി ഈടാക്കിവരുന്നുണ്ട്. പുതിയ പദ്ധതിയുടെ നടത്തിപ്പിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചന നടത്തും.

പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശങ്ങളിൽനിന്നും ഉയർന്നു വരാനിടയുള്ള ജനങ്ങളുടെ പ്രതിഷേധവും ആശങ്കയുമകറ്റി ഈ പദ്ധതി നാടിന്റെ കൂടി ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുത്തി നടപ്പിലാക്കാൻ കഴിയുമെന്നാണ് സർക്കാരിന്റെ വിശ്വാസം. ഇതോടൊപ്പം പ്ലാന്റിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ അവബോധമുണ്ടാക്കാനും സർക്കാർ മുൻകയ്യെടുക്കണം.

വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനത്തോടൊപ്പം കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾകൂടി ഉണ്ടായാൽമാത്രമേ ശാശ്വത പരിഹാരമുണ്ടാകുവെന്ന് ഇന്ന് ലോകം തിരിച്ചറിഞ്ഞിരിക്കുന്നു.

2016 ഏപ്രിലിൽ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറത്തിറക്കിയ നോട്ടിഫിക്കേഷൻ ഖരമാലിന്യ സംസ്കരണത്തിന് അനുയോജ്യമായ സാങ്കേതിക സഹായത്തോടുകൂടി പ്ലാന്റുകൾ സ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പ്രോജക്ടുകൾ മാലിന്യനിർമ്മാർജ്ജനത്തിന് ഉപയോഗപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഈ നോട്ടിഫിക്കേഷൻ വ്യക്തമാക്കുന്നു. വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിച്ച് മാലിന്യങ്ങൾ സംസ്കരിക്കണമെന്ന് പ്രസ്തുത ചട്ടങ്ങളിൽ നിഷ്കർഷിക്കുന്നു.

കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെ അനുകൂലിച്ച് യു.ഡി.എഫ്.-ന്റെ കാലത്തും തീരുമാനിച്ചിട്ടുള്ളതാണ്. കൊച്ചി ബ്രഹ്മപുരത്ത് കേന്ദ്രീകൃത മാലിന്യ പ്ലാന്റ് പി.പി.പി. അടിസ്ഥാനത്തിൽ GJ Ecopower കമ്പനിയുമായി സഹകരിച്ച് സ്ഥാപിക്കാൻ യു.ഡി.എഫ്. 2015-16-ലാണ് തീരുമാനമെടുത്തിട്ടുള്ളത്. കരാർ പ്രകാരം കമ്പനിക്ക് ഒരു ദിവസം 300 ടൺ മാലിന്യം നൽകണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ ഇത് പാലിക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടായത്. ഇത്തരത്തിലുള്ള പ്ലാന്റുകൾ പ്രവർത്തിക്കുന്നതിന് നമ്മുടെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നുമാത്രം ആവശ്യത്തിനുള്ള മാലിന്യം ലഭ്യമാക്കാൻ സാധിക്കുകയില്ലെന്നും കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മാലിന്യം ശേഖരിച്ച് പ്ലാന്റുകളിലേയ്ക്ക് എത്തിക്കേണ്ടിവരുമെന്നുമാണ് ഇതുസംബന്ധിച്ച പഠന റിപ്പോർട്ടുകൾ വിരൽചൂണ്ടുന്നത്. അതുകൊണ്ടാണ് വലിയ മുതൽമുടക്ക് ആവശ്യമുള്ളതും ആധുനികവും ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യം സംസ്കരിക്കാവുന്നതുമായ വലിയ പദ്ധതികളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിലനിർത്തേണ്ട സാഹചര്യം സംജാതമാകുന്നത്. മാത്രമല്ല, ഖരമാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കാത്തതിനാൽ ദേശീയ ഹരിത ട്രൈബ്യൂണൽ കേരളത്തിലെ ചില നഗരസഭകൾക്ക് വൻ തുക പിഴ ചുമത്തിയ സാഹചര്യവും നിലവിലുണ്ട്.

ഭരണഘടനാപരമായിത്തന്നെ ഈ ബില്ലിന് നിലനിൽപില്ലെന്നും നിയമപരമായി ചോദ്യം ചെയ്യപ്പെടുമെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഇത് വസ്തുതാപരമായി ശരിയല്ല. ഭരണഘടന 243 (W) അനുഛേദപ്രകാരം സംസ്ഥാന നിയമസഭയ്ക്ക് മുനിസിപ്പാലിറ്റികൾ സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന അധികാരം നൽകാവുന്നതും നിയമംവഴി വികസനത്തിനും സാമൂഹ്യനീതിക്കും പദ്ധതികൾ തയ്യാറാക്കുന്നതിനും ഭരണഘടനയുടെ 12-ാം പട്ടികയിൽ വ്യക്തമാകുന്ന സംഗതികളിൽ ചുമതലകളുടെ നിർവ്വഹണവും പദ്ധതി നടപ്പാക്കലും അധികാരങ്ങളും ഉത്തരവാദിത്വവും വിട്ടുകൊടുക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ വ്യവസ്ഥകൾ പ്രകാരം മുനിസിപ്പാലിറ്റികൾക്ക് 12-ാം പട്ടികയിൽ വ്യക്തമാക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് അധികാരം നൽകിക്കൊണ്ട് നിയമമുണ്ടാക്കാനും സംസ്ഥാന സർക്കാരിന് കഴിയും.

1991-ലെ മുനിസിപ്പാലിറ്റി ആക്ടിലെ 326-ാം വകുപ്പ് ചവറും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റികൾക്ക് അധികാരം നൽകുന്നു. 323-ാം വകുപ്പ് ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

326-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് മുനിസിപ്പാലിറ്റിക്ക് കരാർ അടിസ്ഥാനത്തിൽ പൊതുസ്ഥലത്തുനിന്നോ സ്വകാര്യ സ്ഥലത്തുനിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കയ്യൊഴിയുന്നതിനും ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്. ഈ അധികാരങ്ങളൊന്നും റദ്ദാക്കിക്കൊണ്ടല്ല മുനിസിപ്പൽ ആക്ടിലെ 326-ാം വകുപ്പിൽ 4-ാം ഉപവകുപ്പ് ചേർക്കുന്നത്. മുനിസിപ്പാലിറ്റിക്ക് നൽകിയ ഒരു അധികാരവും എടുത്തുമാറ്റുന്നില്ല. മറിച്ച് മുനിസിപ്പാലിറ്റിക്ക് അപ്രകാരമുള്ള ചുമതല നിർവ്വഹിക്കാൻ സാധിക്കാതെവരുന്ന സന്ദർഭങ്ങളിൽ പൊതുജന താല്പര്യാർത്ഥം ഗണ്യമായ ചെലവുവരുന്ന പദ്ധതികൾ രണ്ടോ അതിലധികമോ മുനിസിപ്പാലിറ്റികളിൽനിന്ന് നേരിട്ടോ സർക്കാർ അധികാരപ്പെടുത്തുന്ന ഏജൻസി മുഖേനയോ ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയും ചെയ്യുന്നതിനും കരാർ വ്യവസ്ഥയിലോ മറ്റ് വിധത്തിലോ ക്രമീകരണം ചെയ്യുന്നതിനാണ് 4-ാം ഉപവകുപ്പ് ചേർക്കുന്നത്. ഇക്കാര്യത്തിൽ നിയമപരമായി യാതൊരു തടസ്സവും നിലനിൽക്കുന്നില്ല. കൂടാതെ ശാന്തി ജി പട്ടേൽ ആന്റ് അദേഴ്സ് വേഴ്സസ് സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര (AIR 2006 SC 1104) എന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി മുനിസിപ്പാലിറ്റിക്ക് 12-ാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള അധികാരങ്ങളും ചുമതലകളും നൽകിക്കൊണ്ട് ഒരു സംസ്ഥാനത്തിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള ഭരണഘടനയിലെ 243 (W) അനുച്ഛേദം ഒരു എനേബ്ലിംഗ് പ്രൊവിഷൻ (അപ്രകാരം ചെയ്യുന്നതിന് അധികാരം നൽകുന്ന വ്യവസ്ഥ) മാത്രമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന് നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ മാലിന്യ സംസ്കരണരംഗത്ത് ഫലപ്രദവും ദീർഘവീക്ഷണവും നിയമാനുസൃതവുമായ നടപടിയാണ് ഈ ബിൽ.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്